# സാഹിത്യകേദാരം

മലയാളം അർദ്ധവാർഷിക റിസേർച്ച് ജേണൽ
ഫെബ്രുവരി 2024 - ജൂലൈ 2024
വാല്യം 1 ലക്കം 4
മലയാളവിഭാഗം
ഗവണ്മെന്റ് കോളേജ് നെടുമങ്ങാട്
തിരുവനന്തപുരം
കേരളം 695 541

ISSN: 2584-1181

Registered with The Registrar of
Newspapers for India
No. KERMAL/2022/85177

creative commons

*Printed, published and edited by*
**Dr. Alex L**, on behalf of
THE HEAD OF THE POST GRADUATE DEPARTMENT OF MALAYALAM, GOVERNMENT COLLEGE NEDUMANGAD, THIRUVANANTHAPURAM, KERALA and printed at ab Communication & Color Systems Pvt. Ltd., T.C.25/3230 (2), Vanchiyoor, Thiruvananthapuram- 695035, Kerala and Published at the Post Graduate Department of Malayalam, Government College Nedumangad, Thiruvananthapuram-695541, Kerala.

**Editor : Dr. Alex L**
Ph. 9447961070, email: gcnmalayalam@gmail.com

ISSN: 2584-1181

# സാഹിത്യകേദാരം

## SAHITHYA KEDARAM

MALAYALAM HALF YEARLY
A Peer Reviewed Research Journal
Vol. No. 01 Isssue No. 04, February 2024 to July 2024



## മലയാളം റിസേർച്ച് ജേണൽ

മലയാളവിഭാഗം
ഗവൺമെന്റ് കോളെജ് നെടുമങ്ങാട്
ഫെബ്രുവരി 2024 – ജൂലൈ 2024 വാല്യം 1 ലക്കം 4

# സാഹിത്യകേദാരം

മലയാളം റിസേർച്ച് ജേണൽ

ഫെബ്രുവരി 2024 - ജൂലായ് 2024

വാല്യം 1 ലക്കം 4

മലയാളവിഭാഗം
ഗവണ്മെന്റ് കോളേജ് നെടുമങ്ങാട്
തിരുവനന്തപുരം, കേരളം - 695 541

**Sahithya Kedaram**
A peer reviewed research journal of language, literature and culture
Malayalam Half Yearly

*Published in India by*
The Head of the Post Graduate Department of Malayalam,
Government College Nedumangad
Nedumangad P.O.
Thiruvananthapuram District
Kerala, India. PIN 695541
Email: gcnmalayalam@gmail.com
https://gcn.ac.in/sahithya-kedaram/

*Volume No.1, Issue No.4*
February, 2024 to July, 2024

Registered with The Registrar of Newspapers for India
No.KERMAL/2022/85177

ISSN: 2584-1181

*Type setting, Cover Design and printing at:*
ab Communication & Color Systems Private Ltd,
Vanchiyoor, Thiruvananthapuram
Ph: 0471 -2471174

*Typeset using* ISM fonts

Annual Subscription ₹ 500/-

Printed and published by Dr.Alex L, on behalf of The Head of the Post Graduate Department of Malayalam, Government College, Nedumangad, Thiruvananthapuram, and printed at ab Communications & Color Systems Pvt. Ltd.,T.C.25/3230 (2), Vanchiyoor, Thiruvananthapuram-695035, Kerala and Published at the Post Graduate Department of Malayalam, Government College Nedumangad, Thiruvananthapuram, Kerala-695541.
Editor Dr. Alex L

*Chief Editor:*

Dr. Alex L
Professor & Head
Post Graduate Department of Malayalam, Govt. College Nedumangad
Email:alexl@gcn.ac.in

*Issue Editor:*

Dr. Beenakrishnan SK
Associate Professor
PG & Research Department of Malayalam
Government College Nedumangad
Email: beenakrishnan@gcn.ac.in

*Editorial Board:*

Dr. Dharmarajan S S
Associate Professor
PG & Research Department of Malayalam
Government College Nedumangad
Email: dharmarajanss@gcn.ac.in

Dr. Beena Krishnan S K
Asst. Professor,PG & Research Dept. of Malayalam
Government College Nedumangad
Email: beenakrishnan@gcn.ac.in

Dr. M Ramachandran Pillai
Asst. Professor, PG & Research Dept. of Malayalam
Government College Nedumangad
Email: ramachandranpillai@gcn.ac.in

Dr. Susanna P Das
Asst. Professor, PG & Research Dept. of Malayalam
Government College Nedumangad
Email: susannapdas@gcn.ac.in

Dr. Lekshmi S
Asst. Professor, PG & Research Dept. of Malayalam
Government College Nedumangad
Email: lekshmis@gcn.ac.in

*Advisory Board:*

Dr. P K Rajasekharan
Literary Critic and Cultural Historian

Dr. C R Prasad
Professor
Dept. of Malayalam
University of Kerala

Sri. V J James
Writer

Dr. K M Venugopal
Asst. Editor
Bhashaposhini
Malayala Manorama

Sri. S R Lal
Editorial Assistant
Grandhalokam

Dr. R B Sreekala
Professor & Head
Oriental Research Institute & Manuscript Library
University of Kerala

*Reviewed by:*

Dr. Dominic J Kattoor
Professor
Department of Malayalam
University College
Thiruvananthapuram.

Dr. Shooba K S
Associate Professor
Department of Malayalam
Government Women's College
Thiruvananthapuram.

Dr. Ajayakumar G
Associate Professor, Department of Malayalam
University College
Thiruvananthapuram.

Dr.Pramodkumar D N
Associate Professor, Department of Malayalam
SNGS College, Pattambi.

You are free to:

Share — copy and redistribute the material in any medium or format

Adapt — remix, transform, and build upon the ma-terial for any purpose, even commercially.

The licensor cannot revoke these freedoms as long as you follow the license terms.

Under the following terms:

Attribution — You must give appropriate credit, pro-vide a link to the license, and indicate if changes were made. You may do so in any reasonable manner, butnot in any way that suggests the licensor endorses you or your use.

No additional restrictions — You may not apply legal terms or technological measures that legally restrictothers from doing anything the license permits.

Notices:

You do not have to comply with the license for elements of the material in the public domain or where your use is permitted by an applicable exception orlimitation.

No warranties are given. The license may not give you all of the permissions necessary for your intended use.For example, other rights such as publicity, privacy, ormoral rights may limit how you use the material.

## സാഹിത്യകേദാരം

**മലയാളം റിസർച്ച് ജേണൽ**

നെടുമങ്ങാട് ഗവണ്മെന്റ് കോളെജ്
മലയാള ബിരുദാനന്തര ബിരുദ ഗവേഷണ വിഭാഗം
2022 ആഗസ്റ്റ് മുതൽ പ്രസിദ്ധീകരിക്കുന്ന
അർദ്ധവാർഷിക റിസേർച്ച് ജേണലാണ് സാഹിത്യകേദാരം.

ഭാഷ, സാഹിത്യം, സംസ്കാരം എന്നീ മേഖലകളിലെ നൂതനാശയങ്ങൾ പരിചയപ്പെടുത്തുന്നതും വിശകലനം ചെയ്യുന്നതുമായ മൗലികരചനകളും അക്കാദമികമായി മികവു പുലർത്തുന്ന പ്രബന്ധങ്ങളും പ്രസിദ്ധീകരിക്കുക എന്ന ലക്ഷ്യത്തോടെ രൂപകല്പന ചെയ്തിട്ടുള്ളതും ആഗസ്റ്റ്-ഫെബ്രുവരി മാസങ്ങളിൽ പ്രസിദ്ധീകരിക്കുന്നതുമായ ഈ ജേണലിന്റെ പകർപ്പവകാശം സ്വതന്ത്രമാണ്. ഗവേഷകർക്കും കോളെജ് അദ്ധ്യാപകർക്കും ഗവേഷണാത്മകമായ ലേഖനങ്ങളും പ്രബന്ധങ്ങളും പ്രസിദ്ധപ്പെടുത്തുവാൻ സാഹിത്യകേദാരം അവസരമൊരുക്കുന്നു.

സാഹിത്യകേദാരത്തിൽ പ്രസിദ്ധീകരിക്കാനാഗ്രഹിക്കുന്നവർ പ്രബന്ധങ്ങൾ Word formatൽ പത്തുപുറത്തിൽ കവിയാതെ തയ്യാറാക്കി, സോഫ്റ്റ്കോപ്പി അയക്കുക. പ്രബന്ധങ്ങൾ MLA, APA തുടങ്ങിയ അംഗീകൃത രീതിശാസ്ത്ര പദ്ധതികൾ പ്രകാരം തയ്യാറാക്കേണ്ടതാണ്.

**അയക്കേണ്ട വിലാസം:**

gcnmalayalam@gmail.com
thadathilalex@gmail.com

**എഡിറ്റർ**
സാഹിത്യകേദാരം
മലയാളബിരുദാനന്തരബിരുദ ഗവേഷണവിഭാഗം
ഗവണ്മെന്റ്കോളെജ് നെടുമങ്ങാട്
തിരുവനന്തപുരം 695 541
ഫോൺ - 9447961070

# ആമുഖം

മനുഷ്യജീവിതവും സാമൂഹിക അധികാരഘടകങ്ങളും ഏറെ സങ്കീർണ്ണമായി ക്കൊണ്ടിരിക്കുന്ന, പൗരേച്ഛകളെ മന്ദീഭവിപ്പിച്ച് സാമ്രാജ്യത്വേച്ഛകളെ വികസിപ്പിക്കുന്ന ഭരണകൂടരാഷ്ട്രതന്ത്രങ്ങളാൽ അടയാളപ്പെടുന്ന, യാഥാർത്ഥ്യങ്ങൾ തമസ്കരിക്കപ്പെടു കയും വൈകാരികവും അവാസ്തവികവുമായ വസ്തുതകൾ യാഥാർത്ഥ്യങ്ങളായി ചിത്രീകരിക്കപ്പെടുകയും ചെയ്യുന്ന ഇക്കാലത്ത് മഹാഭൂരിപക്ഷം വരുന്ന നിസ്വരും നിരാലംബരുമായ ജനതയുടെ ജീവിതത്തിനും പ്രജ്ഞക്കും വഴിവിളക്കാവുക എന്ന കർത്തവ്യം നിർവഹിക്കപ്പെടുന്ന ഒന്നായി സമകാലിക സാഹിത്യം മാറേണ്ടതുണ്ട്. ഈ പ്രതിബദ്ധത പ്രശ്നവത്കരിച്ചു കൊണ്ട് സമീപിക്കുമ്പോൾ മാത്രമേ സമകാലിക സാഹിത്യം എത്രത്തോളം ജീവിത പ്രസക്തമാണെന്ന് മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ. വ്യത്യസ്ത വിജ്ഞാനശാഖകളെ ഉപയുക്തമാക്കിക്കൊണ്ട് പഠിക്കുക വഴി നമുക്ക് സമകാലിക സാംസ്കാരികജീവിതത്തെ കൂടുതൽ കെട്ടുറപ്പോടെ ബോധ്യപ്പെടാൻ സാധിക്കുമെന്നുറപ്പുണ്ട്.

അധികാരനിർമ്മാണത്തിന്റെയും സാമൂഹിക നിർമ്മാണത്തിന്റെയും സമൂഹം ചലിക്കേണ്ട സാംസ്കാരിക ഘടനയുടെയും പ്രായോജകരായി സാമ്പത്തികസ്രോതസ്സ് അരങ്ങുവാഴുന്ന കാലമാണിത്. മനുഷ്യജീവിതവും സാമൂഹിക സാംസ്കാരിക ജീവിതവും ഇന്ന് എങ്ങനെ രൂപപ്പെടണമെന്നും ഭാവി എങ്ങനെയായിരിക്കണമെന്നും സുനിശ്ചിതമായ ഒരു വ്യവസ്ഥാരൂപകൽപ്പന സാമ്പത്തികശക്തികൾ തീരുമാനിക്കുന്നുണ്ട്. കലയ്ക്ക് ജീവിതത്തിന്റെ യാഥാർത്ഥ്യം കാണിച്ചു കൊടുക്കുക എന്ന അപകടകരമായ ഉത്തരവാദിത്തമാണുള്ളത്. സങ്കീർണ്ണതകളാൽ ചുരുളപ്പെട്ട സാമൂഹികവ്യവസ്ഥയെ അതിന്റെ അതേ സങ്കീർണ്ണതകളോടെ അവതരിപ്പിച്ച് പ്രതിജീവിതം നയിക്കുവാൻ പ്രാപ്തമാക്കുക എന്ന സാംസ്കാരിക ദൗത്യമാണ് വാസ്തവത്തിൽ അതിനുള്ളത്. മനുഷ്യനെ അതിസുഖത്തിന്റെ ശയ്യയിലേയ്ക്ക് നയിക്കുന്ന അധികാരം, പണം, ഭരണകൂട മേൽക്കോയ്മാബോധം, പ്രാദേശികത, ജാതി, വർഗ്ഗം, വർണ്ണം എന്നിങ്ങനെയുള്ള മാനവികതാവിരുദ്ധ പ്രലോഭനങ്ങളിൽ നിന്ന് പിടഞ്ഞുമാറി മനുഷ്യനായിത്തീരുവാനുള്ള മാർഗ്ഗമാവേണ്ടതാണ് കലാപ്രവർത്തനം. ചരിത്രത്തെയും സമകാലികജീവിതത്തെയും സംഘർഷാത്മകമായി ഉയർത്തിക്കൊണ്ടു വന്ന്, ജീവിതത്തിൽ നാം എവിടെ നിൽക്കുന്നു എന്ന് കാട്ടിത്തരുന്ന വിചാരങ്ങൾ മറ്റൊരു ബാഹ്യസ്വാധീനതയുമില്ലാതെ സത്യസന്ധമായി നിർണ്ണയിക്കപ്പെടുന്നത് ഇന്ന് മുഖ്യധാരാ ചിന്തകളേക്കാൾ സമാന്തര എഴുത്തുകളി ലാണെന്നു കാണാം.

വെർച്വൽ റിയാലിറ്റികളുടെ മേൽക്കോയ്മ കൊണ്ട് സത്യവും യാഥാർത്ഥ്യവും പ്രതീതി വൽക്കരിക്കപ്പെടുന്ന ഒരു നെറ്റ്വർക്ക് അധികാരലോകം നമ്മെ ചുറ്റപ്പെടുന്നുണ്ട്. ശരി ഏത് എന്ന് തിരിച്ചറിയുവാനുള്ള സമയ ദൈർഘ്യം വർദ്ധിപ്പിക്കുന്നിടത്താണ് അതിന്റെ

പ്രായോജകരുടെ വിജയം. ഇത് നമ്മുടെ ജീവിതത്തിന്റെ എല്ലാ വ്യവഹാരമേഖലകളി ലേയ്ക്കും കടന്നു വന്നിട്ടുണ്ട്. കലയിലും ഇത് സംഭവിച്ചു കൊണ്ടിരിക്കുന്നു. ഒരു കവിത നിർമ്മിക്കുന്നതിനോ ഒരു നോവലെഴുതുന്നതിനോ എന്നു മാത്രമല്ല, അതിന്റെ വ്യത്യസ്തങ്ങളായ നിർമ്മിതികളുണ്ടാക്കുവാൻ ഇന്ന് ടെക്നോളജിക്ക് സാധിക്കും. അതുകൊണ്ട് എഴുത്ത് എന്നത് യന്ത്രകേന്ദ്രിത (Techno centerd) മായിട്ടുള്ള പ്രവർത്തിയായി മാറുകയും നമ്മുടെ വിദ്യാഭ്യാസത്തിൽപ്പോലും ഇതിന്റെ സാധ്യതയുമായി ബന്ധപ്പെട്ട പഠനക്ലാസുകൾ ഒരു മാനവിക വിഭവം എന്നുള്ള നിലയിൽ സ്വാധീനം ചെലുത്തുകയും ചെയ്യുന്ന കാലം കൂടിയാണിത്. ഇത്തരത്തിൽ പണമൂലധനശക്തികളും അതിയാന്ത്രിക വിഭവശേഷിയും നമ്മുടെ പൊതു ജീവിതത്തിനുമേൽ സമ്മർദ്ദം ചെലുത്തുകയും അത് മാനവശേഷിയെയും മനുഷ്യൻ ചരിത്രപരമായി നിർമ്മിച്ചെടുത്ത സാമൂഹിക ജീവിതത്തെയും പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നു എന്നതു കൊണ്ടുതന്നെ അത് മനുഷ്യകേന്ദ്രിത (Human centered)മല്ല എന്ന് മനസ്സിലാക്കാവു ന്നതാണ്. ഇത്തരത്തിൽ സങ്കീർണ്ണമായിക്കൊണ്ടിരിക്കുന്ന ജീവിതത്തെ പ്രത്യക്ഷവൽ ക്കരിച്ച് അതിന്റെ യാഥാർത്ഥ്യം കാട്ടിക്കൊടുക്കുവാൻ നമ്മുടെ കലാസാഹിത്യ പ്രവർത്തനത്തിന് സാധിക്കുന്നുണ്ടോ എന്നത് ചിന്തിക്കേണ്ടതാണ്. സമകാലിക ജീവിതത്തെ വൈജ്ഞാനികമായി പ്രശ്നവൽക്കരിച്ച് അതിന്റെ നിൽപ്പിനെ നിർമ്മിക്കുന്ന ശക്തികളെ മനസ്സിലാക്കുവാനുള്ള ചിന്താശ്രമമാണ് ഈ ലക്കം സാഹിത്യകേദാരം.

സാഹിത്യകേദാരത്തിന്റെ ഈ ലക്കത്തിനു പിന്നിൽ നിരവധി പേരുടെ സംവാദാത്മ കമായ ഇടപെടലുകളുണ്ട്. ലേഖനങ്ങൾ നൽകിയവരോട് സ്നേഹം നിറഞ്ഞ നന്ദി. പ്രബന്ധം പിയർ റിവ്യൂ നടത്തിയ ഡോ. ഡൊമിനിക് ജെ. കാട്ടൂർ, ഡോ. ഷൂബ കെ. എസ്, ഡോ. അജയകുമാർ. ജി, ഡോ. പ്രമോദ് കുമാർ ഡി. എൻ, എന്നിവർക്കും നന്ദി. ഗൗരവപൂർവ്വമായ വായനക്കും സംവാദത്തിനുമായി ഗവേഷണലോകത്തിനു മുന്നിൽ ഈ ലക്കം സമർപ്പിക്കുന്നു.

**ഡോ. അലക്സ് എൽ.**
എഡിറ്റർ

## ഉള്ളടക്കം


1. **ഭൂമിയുടെ രാഷ്ട്രീയവും ദലിത് അദൃശ്യതയും** 11
ഡോ.കെ.പി.രവിചന്ദ്രൻ

2. **വഴിയരികിൽ അനാഥമെന്നപോൽ കിടക്കുന്ന ഒച്ച (പി. എസ്. ഉണ്ണികൃഷ്ണന്റെ കവിതകളെക്കുറിച്ചുള്ള പഠനം)** 22
ഡോ.കെ.റഹീം

3. **ബലിപീഠവും ഉടൽജീവിതവും : സ്വത്വാവിഷ്കാരത്തിന്റെ രാഷ്ട്രീയലോകം (സാറാജോസഫിന്റെ നോവലുകളുടെ വായന)** 35
ഡോ. സ്മിതാ ഡാനിയേൽ എസ്.എൽ.

4. **ഭക്തിയും യുക്തിയും മലയാളകവിതയിൽ** 44
ഡോ. ശ്രീജ ജെ.എസ്.

5. **മരണത്തിന്റെ സാക്ഷികൾ (എം.ടി.യുടെ നോവലുകളിലെ കഥാപാത്രാപഗ്രഥനം)** 57
ഡോ. മേഴ്സി കെ.വി.

6. **പുരുഷാന്തരങ്ങളിലൂടെ കാവ്യപ്രതിഭയുടെ ആത്മായനം** 67
ശ്രീരാജ് സി.എൽ.

7. **വാസ്തുവിദ്യയും കേരളീയ ഗൃഹനിർമ്മാണവും: ഉണ്ണുനീലിസന്ദേശകാവ്യത്തെ ആസ്പദമാക്കി ഒരു പഠനം** 76
ഡോ. ബിജികുമാരി പി.

8. **ഹിരണ്യകശിപു : അലിഗറിയുടെ കലാതന്ത്രം** 85
ഡോ. കാവ്യ എം.വി.

9. **ചരിത്രത്തിന്റെ പുനർനിർമ്മിതിയും ചരിത്രനിർമ്മിതിയിലെ തമസ്കരണങ്ങളും 'ഇരു'വിനെ ആസ്പദമാക്കിയുള്ള പഠനം** 92
ഡോ. ബീന കെ.

10. **പുതുകവിതയിലെ പരിസ്ഥിതിബോധം** 100
ഡോ. വീണാഗോപാൽ വി.പി.

11. **പാരിസ്ഥിതിക നാടോടിവിജ്ഞാനീയവും സാഹിത്യപഠനവും** 109
അഞ്ജു ഗോപാൽ വി. എസ്.

12. **ദേശീയതയുടെ വ്യവഹാരങ്ങൾ ബംഗാളികലാപം എന്ന നോവലിൽ** 116
സലീന എസ്.

13. **സർഗ്ഗാത്മകവ്യവഹാരവും സ്ത്രീയുടെ സ്ഥാനപ്പെടുത്തലും എം.ടിയുടെ 'വൈശാലി' തിരക്കഥയെ മുൻനിർത്തിയുള്ള പഠനം** 123
ഡോ. ദീപ എസ്.എസ്.

14. **പ്രതീകവൽക്കരണങ്ങളിലെ അപരനിർമിതിയും 'വല'യിലെ വ്യവഹാരസൂചിതങ്ങളും** 135
കൃഷ്ണൻ പി.സി.

15. **ആക്ഷേപഹാസ്യം എൻ. പ്രഭാകരന്റെ കഥകളിൽ** 141
ഡോ. പ്രിയ വി.

16. **അന്യഗ്രഹഭാവനകൾ പി.എൻ.കൃഷ്ണൻകുട്ടിയുടെ ശാസ്ത്രനോവലുകളിൽ** 149
രേണു വി. ആർ.

17. **കേരളീയ സംഘനൃത്തപാരമ്പര്യവും സുറിയാനി ക്രിസ്ത്യാനികളുടെ വട്ടക്കളിയും പാട്ടുകളും** 154
ഡോ. ആർ. ഗീതാദേവി

18. **ആത്മസ്ഥലിയുടെ അറിവും പൊരുളും: പഞ്ചകോശസങ്കല്പത്തിൽ** 162
ഡോ. ആശാ നജീബ്

19. **സ്വത്വപ്രതിനിധാനം രമേശൻ ബ്ലാത്തൂരിന്റെ 'പെരും ആളി'ൽ** 174
വിഷ്ണു പി. എസ്

20. **അരികുജീവിതത്തിന്റെ അടയാളങ്ങൾ: സമകാലിക കഥകളിലെ നവോത്ഥാന നേതാക്കന്മാരെ മുൻനിർത്തിയുള്ള പഠനം** 185
ഡോ. രഞ്ജു രവി

21. **ഫോക്‌ലോറിന്റെ നവനിർമ്മിതി: പാചക വ്‌ളോഗുകളെ അടിസ്ഥാനമാക്കിയുള്ള പഠനം** 194
ഹരിത സി. എച്ച്.

22. **ചാവൊലി: ദലിത് ഭാഷാസ്വത്വവും പ്രതിരോധവും** 199
നീതു എസ്.

23. **മലയാളസാഹിത്യചരിത്രങ്ങൾ ചരിത്രവും വർത്തമാനവും** 208
ഡോ. പ്രിൻസ് മോൻ ജോസ്

24. **ക്രിസ്ത്യാനികളുടെ കലാപാരമ്പര്യങ്ങൾ വഴക്കവും പൊരുളും** 214
ഹർഷ സിറിയക്ക്

*സാഹിത്യകേദാരത്തിൽ പ്രസിദ്ധീകരിക്കുന്ന പ്രബന്ധങ്ങളുടെ*
*പൂർണ്ണ ഉത്തരവാദിത്തം അതതു ലേഖകരിൽ മാത്രം നിക്ഷിപ്തമാണ്*

# ഭൂമിയുടെ രാഷ്ട്രീയവും ദലിത് അദൃശ്യതയും

**ഡോ.കെ.പി.രവിചന്ദ്രൻ**
അസോസിയേറ്റ് പ്രൊഫസർ,ഗവ.വിക്ടോറിയ കോളെജ്, പാലക്കാട്

**പ്രബന്ധസംഗ്രഹം**

അറിവ്, അധികാരം, ഭൂമി എന്നിങ്ങനെ വിവിധ തരം മൂലധനങ്ങൾ പങ്കുവയ്ക്കപ്പെടാനുള്ള ഇച്ഛയുടെ ഊർജ്ജമാണ് നവോത്ഥാനത്തെ ചലിപ്പിച്ചത്. നവോത്ഥാനത്തിന്റെയും ആധുനികീകരണത്തിന്റെയും ആദ്യഘട്ടത്തിൽ ഉണ്ടായിരുന്ന ശക്തമായ ദലിത് ധാര പിൽക്കാലത്തു ശിഥിലമാക്കപ്പെട്ടു. അതിനനുസരിച്ച് സാമൂഹ്യ രാഷ്ട്രീയ രംഗങ്ങളിലും സാഹിത്യ സാംസ്കാരിക വ്യവഹാരങ്ങളിലും ദലിത് അദൃശ്യത വർധിച്ചു വന്നു. സമ്പത്തും അധികാരവും ഉടമസ്ഥതയും ഇച്ഛിക്കുന്ന മനുഷ്യരായി അവരെ ഭാവനചെയ്യാൻ എഴുത്തുകാർ ധൈര്യപ്പെട്ടില്ല. ഉടമസ്ഥത എന്ന കർതൃത്വം ദളിതന് അനുവദിച്ചു കൊടുക്കാനോ അതു സങ്കല്പിക്കാൻ പോലുമോ കഴിയാത്തത്രയും ശക്ത മാണ് കേരളത്തിൽ സവർണ്ണ പൊതുബോധം. കേരളത്തിൽ ഭൂവുടമസ്ഥത യുമായി ബന്ധപ്പെട്ട വ്യവഹാരങ്ങളിൽ (നിയമം, സാഹിത്യം)ഒന്നും ദളിതനെ പരിഗണിക്കുന്നില്ല. കേരളീയ പൊതുമണ്ഡലത്തെ നിയന്ത്രിക്കുന്ന അസ്പൃശ്യത എന്ന പാരമ്പര്യ ജാതിബോധമാണ് ഇതിനു കാരണം. ഭൂവുടമസ്ഥതയുമായി ബന്ധപ്പെട്ട സാഹിത്യവ്യവഹാരങ്ങളിൽ നിന്ന് ദലിതർ ഒഴിവാക്കപ്പെടുന്നതിന്റെ സാംസ്കാരിക രാഷ്ട്രീയം വിശകലനം ചെയ്യാനാണ് ഈ പ്രബന്ധത്തിൽ ശ്രമിക്കുന്നത്.

***താക്കോൽവാക്കുകൾ:*** അസ്പൃശ്യത, ബഹിഷ്കൃത ജനസമൂഹം, നവോത്ഥാനം, ഉപജാതീയത, സവർണ്ണ പൊതുബോധം, വ്യവഹാരം, കർതൃത്വം

## ആമുഖം

ബഹിഷ്കൃതജനസമൂഹം ഉടമസ്ഥതയെ ഭാവന ചെയ്യുന്ന പ്രക്രിയയും പ്രവൃത്തി യുമായിരുന്നു നവോത്ഥാനത്തിന്റെ പ്രധാന ഉള്ളടക്കങ്ങളിലൊന്ന്. ഉടമസ്ഥതയുടെ

കേന്ദ്രീകരണത്തെ ചെറുക്കുകയും വികേന്ദ്രീകരണത്തെ പ്രയോഗവൽക്കരിക്കുകയും ചെയ്യുന്നതായിരുന്നു അത്. അറിവ്, അധികാരം, ഭൂമി എന്നിങ്ങനെ വിവിധ തരം മൂലധനങ്ങൾ പങ്കുവയ്ക്കപ്പെടാനുള്ള ഇച്ഛയുടെ ഊർജ്ജമാണ് നവോത്ഥാനത്തെ ചലിപ്പിച്ചത്. ഭൗതികവും ആത്മീയവുമായ വിഭവങ്ങളുടെ കുത്തകയ്ക്കെതിരായിരുന്നു നവോത്ഥാന സമരങ്ങൾ. ജാതീയവും മതപരവുമായ മേൽക്കോയ്മകളെ അതു വെല്ലുവിളിച്ചിട്ടുണ്ട്. കീഴാളസമൂഹങ്ങളും മേലാളസമൂഹങ്ങളും സാമുദായികമായി പരിഷ്കരിക്കപ്പെടാൻ സ്വയംസന്നദ്ധമായി. സാമുദായിക പരിഷ്കരണ പ്രസ്ഥാനങ്ങൾ ഉപജാതീയതയേയും വിഭജനങ്ങളേയും പുറന്തള്ളി മുന്നോട്ടു വരുന്നത് ആ പശ്ചാത്തലത്തിലാണ്.

കൊളോണിയൽ കാലത്തു നടന്ന കേരളത്തിന്റെ നവോത്ഥാന പരിശ്രമങ്ങൾ കീഴാളരിൽ നിന്നാണാരംഭിക്കുന്നത്. നവോത്ഥാനത്തിന്റെയും ആധുനികീകരണത്തിന്റെയും ആദ്യഘട്ടത്തിൽ ശക്തമായ ദലിത് ഇടപെടലുകൾ ഉണ്ടായിരുന്നു. പിൽക്കാലത്തു സാമൂഹിക മുന്നേറ്റത്തിന്റെ പ്രബലമായ ഈ ദലിത് ധാര ശിഥിലമാക്കപ്പെട്ടു. ദലിത് സാമുദായികതയെ ശിഥിലമാക്കുന്ന രാഷ്ട്രീയ സാംസ്കാരികപരിവർത്തനങ്ങളിലൂടെയാണ് പിൽക്കാല കേരളീയ സമൂഹം കടന്നു പോയത്. അതിനനുസരിച്ചായിരുന്നു സാമൂഹ്യ രാഷ്ട്രീയ രംഗങ്ങളിലും സാഹിത്യ സാംസ്കാരിക വ്യവഹാരങ്ങളിലും ദലിത് അദൃശ്യത വർധിച്ചു വന്നത്. ആശ്രിത ജനതയായി ദലിത വിഭാഗം വീണ്ടും അധ:പതിക്കുന്ന സന്ദർഭമായിരുന്നു അത്. സാഹിത്യകൃതികളിൽ അവർ നിശ്ശബ്ദരും മൂകരുമായി കർമ്മസ്ഥാനത്തൊതുങ്ങി. ദൈന്യതയുൽപ്പാദിപ്പിക്കുന്ന കാറ്റലിസ്റ്റുകൾ മാത്രമായി. സമ്പത്തും അധികാരവും ഉടമസ്ഥതയും ഇച്ഛിക്കുന്ന മനുഷ്യരായി അവരെ ഭാവന ചെയ്യാൻ എഴുത്തുകാർ ധൈര്യപ്പെട്ടില്ല.

ഉടമസ്ഥത എന്ന കർതൃത്വം ദളിതന് അനുവദിച്ചുകൊടുക്കാനോ അതു സങ്കല്പിക്കാൻ പോലുമോ കഴിയാത്തത്രയും ശക്തമാണ് കേരളത്തിൽ സവർണ പൊതുബോധം. ദളിത് ആദിവാസിവിഭാഗങ്ങൾക്ക് കൃഷിഭൂമി നല്കുന്നതിനെക്കുറിച്ചോ രണ്ടാം ഭൂപരിഷ്കരണത്തെക്കുറിച്ചോ കേരളത്തിൽ ചർച്ചയുണ്ടാകാത്തത് അതുകൊണ്ടാണ്. ഭൂമിക്കുവേണ്ടി ദളിത് ആദിവാസി വിഭാഗങ്ങൾ നടത്തിയ/നടത്തുന്ന ഭൂസമരങ്ങൾ പോലും കേരളത്തിൽ അവഗണിക്കപ്പെടുന്നു. രാഷ്ട്രീയപ്രസ്ഥാനങ്ങളും സാമൂഹിക സാംസ്കാരിക പ്രസ്ഥാനങ്ങളും ഇത്തരം കാര്യങ്ങളിൽ അലംഭാവം കാണിക്കുന്നു. കേരളത്തിൽ ഭൂവുടമസ്ഥതയുമായി ബന്ധപ്പെട്ട വ്യവഹാരങ്ങളിൽ (നിയമം, സാഹിത്യം) ഒന്നും ദളിതനെ പരിഗണിക്കുന്നില്ല. കേരളീയ പൊതുമണ്ഡലത്തെ നിയന്ത്രിക്കുന്ന അസ്പൃശ്യത എന്ന പാരമ്പര്യ ജാതിബോധമാണ് ഇതിനുകാരണം. മലയാളിയുടെ രാഷ്ട്രീയസാമൂഹികജീവിതത്തിൽ ജാതിബോധം പ്രതിഫലിക്കുന്നത് ഇങ്ങനെയാണെങ്കിൽ സമാന്തരമായി സാഹിത്യത്തിലും ഇതു കാണാം.

മലയാളത്തിലെ ഏറ്റവും പ്രശസ്തമായ നാലു നവോത്ഥാനകൃതികൾ ഇതിനു തെളിവാണ്. ദലിത് സ്വത്വബോധത്തിൽ നിന്നും സാമുദായികതയിൽ നിന്നും അന്യവൽക്കരിക്കപ്പെട്ട നിലയിൽ ദലിത് കഥാപാത്രങ്ങൾ പ്രത്യക്ഷപ്പെടുന്ന കൃതികളാണ് ചങ്ങമ്പുഴയുടെ വാഴക്കുല, ഇടശ്ശേരിയുടെ പുത്തൻകലവും അരിവാളും തകഴിയുടെ

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

രണ്ടിടങ്ങഴി, ചെറുകാടിന്റെ മണ്ണിന്റെ മാറിൽ എന്നിവ. ഭൂമിയുടെ അവകാശത്തിനായുള്ള സമരങ്ങളിൽ ദളിതരെ കൂടെ നിർത്തുന്നതിന്റെ ധാരാളം തെളിവുകൾ സാഹിത്യവ്യവഹാരങ്ങളിലുണ്ട്. മലയാളത്തിലെ പ്രസിദ്ധമായ ജന്മിത്തവിരുദ്ധ വിപ്ളവസാഹിത്യകൃതികളിൽ ഭൂമി ദളിതന്റെ ആവശ്യമോ അവകാശമോ അല്ലെന്ന് പറയാതെ പറയുകയാണ് ചെയ്യുന്നത്. ചങ്ങമ്പുഴയുടെ 'വാഴക്കുല' ഇടശ്ശേരിയുടെ 'പുത്തൻ കലവും അരിവാളും തകഴിയുടെ 'രണ്ടിടങ്ങഴി', ചെറുകാടിന്റെ 'മണ്ണിന്റെ മാറിൽ' എന്നീ കൃതികളാണവ. ഈ നാലു കൃതികളിലും എങ്ങനെയാണ് ഭൂവുടമസ്ഥതയുമായി ബന്ധപ്പെട്ട ദളിത് വിരുദ്ധമായ ജാത്യധികാരത്തിന്റെ വ്യവഹാരങ്ങൾ പ്രവർത്തിക്കുന്നതെന്നാണ് ഈ പ്രബന്ധം പരിശോധിക്കുന്നത്.

## നവോത്ഥാനത്തിലെ ദളിത് കർതൃത്വം

ആധുനിക സമൂഹനിർമ്മിതിയ്ക്കാവശ്യമായ സാമൂഹികവും വൈജ്ഞാനികവുമായ അടിസ്ഥാനങ്ങൾ നിർമ്മിക്കപ്പെടുന്നത് 19-ാം നൂറ്റാണ്ടിന്റെ രണ്ടാം പകുതി മുതലാണ്. ദേശീയ സ്വാതന്ത്ര്യത്തിനുമുമ്പുവരെയുള്ള ഒരു നൂറ്റാണ്ടു കാലം അതു തുടരുന്നുണ്ട്. അച്ചടി വ്യാപകമാകുന്നതും വിവിധങ്ങളായ സാഹിത്യരൂപങ്ങളും വൈജ്ഞാനിക സാഹിത്യവും മലയാളത്തിലുണ്ടാകുന്നതും അക്കാലയളവിലാണ്. പൗരാവകാശ പ്രസ്ഥാനങ്ങളും സാമുദായികപരിഷ്കരണ പ്രസ്ഥാനങ്ങളും വലിയ ചലനങ്ങളുണ്ടാക്കിയ അക്കാലത്തെയാണ് നവോത്ഥാനകാലമായി വ്യവഹരിക്കുന്നത്.

## ജാതിവ്യവസ്ഥയും അസ്പൃശ്യതയും

ഇന്ത്യയുടെ വ്യത്യസ്ത പ്രദേശങ്ങളിലേക്കും മതങ്ങളിലേക്കും ഭാഷകളിലേക്കും അന്യവല്ക്കരിക്കപ്പെട്ടുപോയ ദേശീയജനവിഭാഗമാണ് ദലിതർ. എറ്റവും കൂടുതൽ അസ്പൃശ്യതയ്ക്കും അടിച്ചമർത്തലിനും ചൂഷണത്തിനും വിധേയമായ ഈ ജനത വിവിധ ലേബലുകളിൽ അറിയപ്പെട്ടു. അതിശൂദ്രർ, അന്ത്യജർ, പഞ്ചമർ, വിജാതി ഹിന്ദുക്കൾ, അധഃകൃതർ, പുറംജാതിക്കാർ, ഹരിജനങ്ങൾ, പട്ടികജാതിക്കാർ എന്നിങ്ങനെ. ദളിതർ ഹിന്ദുക്കളല്ല. ദളിതരും മറ്റു ഗോത്രസമുദായങ്ങളും ഹിന്ദുമതത്തിന്റെ പൊതുഘടനയിലേക്ക് സ്വാംശീകരിക്കപ്പെടുകയായിരുന്നു. 'തൊട്ടുകൂടാത്തവർ ജാതിവ്യവസ്ഥക്കു പുറത്താണ്. അവർണർ, പഞ്ചമർ എന്ന് അവരെ വിളിക്കുകയും ചെയ്യുന്നു. അവർ ഹിന്ദു സാമൂഹ്യക്രമത്തിനുള്ളിൽ വരുന്നുമില്ല. ഈ സമുദായങ്ങൾ ഹിന്ദു സമുദായസങ്കല്പത്തിന്റെ അതിരുകൾക്കു പുറത്തായിരുന്നു' (പണിക്കർ കെ.എം.സർദാർ,(2019:36) ഇന്ത്യയെന്ന ദേശരാഷ്ട്രത്തിനകത്ത് അവകാശാധികാരങ്ങളുള്ള ജനതയായി ദലിതരെ മാറ്റാനാണ് അംബേദ്കർ ശ്രമിച്ചത്. അതിനുള്ള താത്വികവും പ്രായോഗികവുമായ പദ്ധതികൾ അംബേദ്കറിനുണ്ടായിരുന്നു.

## ജാതിഅടിമത്തം കേരളത്തിൽ

ജാതിവ്യവസ്ഥയുമായി ബന്ധപ്പെട്ടുകൊണ്ട് ജാതിഅടിമത്തം നിലനിന്നിരുന്ന നാടാണ് കേരളം. ചാതുർവർണ്യവ്യവസ്ഥയ്ക്കു പുറത്തുള്ളവരെല്ലാം തന്നെ അടിമകളായിരുന്നു. കേരളത്തിലെ അടിമകളിൽ 90 ശതമാനത്തിലധികവും പുലയർ, പറയർ, ചെറുമർ, കുറവർ

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

എന്നീ ജാതികളായിരുന്നു. ഇവർ ജന്മനാ അടിമകളാക്കപ്പെട്ടവരുമായിരുന്നു. ദളിതർ എന്ന് ഇന്നറിയപ്പെടുന്ന സമൂഹങ്ങളുടെ പൂർവികർ മുഴുവനും അടിമകളായിരുന്നു. അടിമസന്തതികൾ എന്ന് സ്വന്തംവംശത്തെ അഭിസംബോധന ചെയ്യുന്നുണ്ട് പൊയ്കയിൽ അപ്പച്ചൻ തന്റെ പാട്ടുകളിൽ. 'ഫ്യൂഡൽ കാലഘട്ടത്തിൽ രാജാക്കന്മാരുടെ പ്രത്യേക വരവിനം തന്നെ അടിമകളെ വച്ചു കൊണ്ടിരുന്നവരിൽ നിന്ന് ഈടാക്കിയിരുന്ന അടിമ ക്കാശ് അഥവാ ആൾക്കാശ് ആയിരുന്നു' (കുഞ്ഞാമൻ എം.ഡോ.,1998:37)

നവോത്ഥാനത്തിന്റെ ആദ്യഘട്ടങ്ങളിൽ ജാതിയെ പുറന്തള്ളുന്ന സാമുദായിക വല്ക്കരണത്തിലേക്ക് ദലിതർ പ്രവേശിച്ചിരുന്നു. സാമുദായികവല്ക്കരണത്തിന് ഇന്ത്യൻ സന്ദർഭത്തിൽ സവിശേഷമായ പ്രാധാന്യമുണ്ട്. 'കേരളത്തിലെ എല്ലാ സമുദായങ്ങളും മുന്നോട്ടു പോയിരിക്കുന്നത് അതിനകത്തെ വിനിമയത്തിലാണ്. വിദ്യാഭ്യാസം കിട്ടിയ ഒരു തലമുറ, സമ്പത്തുള്ള ഒരു തലമുറ സമുദായത്തിന്റെ പ്രശ്നം ഏറ്റെടുത്തപ്പോഴാണ് അതു സംഭവിച്ചത്' (സണ്ണി കപിക്കാട്, 2017: 137)

വിദ്യാഭ്യാസത്തിന്റെ ആവശ്യകത ബോധ്യപ്പെട്ട സമൂഹമായിരുന്നു അക്കാലത്ത് ദലിതർ. അയ്യങ്കാളി നടത്തിയ സമാനതകളില്ലാത്ത പണിമുടക്കുസമരം ദലിതർക്ക് വിദ്യാഭ്യാസാ വകാശം നേടിയെടുക്കാനുള്ളതായിരുന്നു. 'വിദ്യാഭ്യാസത്തിനും ഭൂമിക്കും അവകാശ പങ്കാളിത്തത്തിനും വേണ്ടിയുള്ള വ്യക്തമായ അവകാശവാദങ്ങൾ അയ്യൻകാളി ഉന്നയി ച്ചിരുന്നു. സ്വന്തം സ്കൂൾ നിർമ്മിച്ചു കൊണ്ടും കൃഷി ഭൂമിനേടിക്കൊണ്ടും അദ്ദേഹം ജനതയെ സ്വത്തുടമസ്ഥതയിലേക്കും ജ്ഞാനത്തിലേക്കും പദവിയിലേക്കും നയിക്കാനാഗ്രഹിച്ചു.' (സണ്ണി കപിക്കാട്, 2017 : 108)

ദളിതനെ ആധുനിക മനുഷ്യനാക്കാനാണ് അംബേദ്കറെപ്പോലെ അയ്യങ്കാളിയും ശ്രമിച്ചത്. വിദ്യാഭ്യാസത്തിലൂടെ അതു സാധ്യമാകുമെന്ന് കരുതിയതുകൊണ്ടാണ് പത്തു ബി.എക്കാർ തന്റെ സമുദായത്തിലുണ്ടാകണമെന്ന് അദ്ദേഹം ആഗ്രഹിച്ചത്. അദ്ദേഹ ത്തിന്റെ വസ്ത്രധാരണവും തലപ്പാവും നിവർന്നുനില്പും വില്ലുവണ്ടി സഞ്ചാരവും പൂർവ മാതൃകകളില്ലാത്ത ധീരതയുടേയും ആത്മബോധത്തിന്റേയും ആവിഷ്കാരങ്ങളായിരുന്നു. വിപുലമായ വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ അയ്യൻകാളി ഏർപ്പെട്ടു. ആത്മാഭിമാന ത്തോടെ ജീവിക്കാനും സഞ്ചരിക്കാനുമുള്ള സ്വാതന്ത്ര്യത്തിനായി പൊരുതി. ശ്രീമൂലം പ്രജാസഭാ മെംബറെന്ന നിലയിൽ അധികാര പങ്കാളിത്തം നേടി ഭൂമിക്കുവേണ്ടി വാദിച്ചു. സാധുജന പരിപാലിനി എന്ന മാസിക നടത്തി. അയ്യങ്കാളിയെത്തുടർന്ന് പൊയ്കയിൽ അപ്പച്ചൻ, പാമ്പാടി ജോൺജോസഫ്, വെള്ളിക്കരചോതി, കാവാരിക്കുളം കണ്ടൻകുമാരൻ, കെ.പി. വള്ളോൻ എന്നീ ദലിത് നേതാക്കളും ശ്രീമൂലം പ്രജാസഭയിൽ അംഗങ്ങളായിട്ടുണ്ട്.

ചരിത്രത്തിൽ നിന്ന് ബഹിഷ്കരിക്കപ്പെട്ട ആദിമജനതയെന്ന നിലയിൽ പൊയ്കയിൽ അപ്പച്ചൻ അടിമഅയിത്തജാതിക്കാരായ തന്റെ ജനതയെ തിരിച്ചറിഞ്ഞു. അക്കാലത്ത് പ്രബലമായി നിന്ന ക്രൈസ്തവവും ഹൈന്ദവവുമായ ദൈവശാസ്ത്രത്തെ നിരാകരിച്ച് അടിമ ജനതയ്ക്കായി പുതിയൊരാത്മീയ ദർശനം രൂപപ്പെടുത്തി. സ്വാതന്ത്ര്യബോധവും സ്വാശ്രയത്വവുമുള്ള സമൂഹനിർമ്മിതിക്ക് പലതരം മൂലധനങ്ങളാർജ്ജിക്കേണ്ടതുണ്ടെന്ന് മനസ്സിലാക്കി. ഭൂമിയും വിദ്യാഭ്യാസവും രാഷ്ട്രീയാവകാശങ്ങളും നേടിയെടുക്കാനുള്ള

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

പ്രക്ഷോഭങ്ങളിൽ പൊയ്കയിൽ അപ്പച്ചൻ ഏർപ്പെട്ടു. അപ്പച്ചന്റേത് മതേതര ആത്മീയ ദർശനമായിരുന്നു. അദ്ദേഹം അടിമ ജനതയെ സംഘടനയിലൂടെ ഒന്നിപ്പിക്കുകയും അവരെ ആത്മാഭിമാനമുള്ളവരാക്കുകയും ചെയ്തു. സ്വത്തുടമസ്ഥതയ്ക്കും വിദ്യാഭ്യാസത്തിനും വേണ്ടിയുള്ള പ്രവർത്തനങ്ങളാണ് പൊയ്കയിൽ അപ്പച്ചൻ മുഖ്യമായും നടത്തിയത്. സമുദായങ്ങളുടെ സ്വത്വനിർമ്മാണവുമായി ബന്ധപ്പെട്ടതാണ് വിഭവാർജ്ജനം. അപ്പച്ചന്റെ പാട്ടുകളിൽ സ്വത്വബോധവും കർതൃത്വവുമുള്ള ദലിത് പ്രതിനിധാനം കാണാം.

## പില്ക്കാലപരിണാമം

പ്രബല സമുദായങ്ങൾക്ക് കേരളത്തിലുള്ള മേൽക്കൈ സാമൂഹികവും സാംസ്കാരികവും രാഷ്ട്രീയവുമായ വ്യവഹാരങ്ങളിൽ അടയാളപ്പെട്ടു. സാമുദായിക ചിഹ്നങ്ങൾ ദേശീയതയായി പരിഗണിയ്ക്കപ്പെട്ടത് അങ്ങനെയാണ്. ഇത് കീഴാള ദലിത് സമൂഹങ്ങളുടെ സ്ഥാനത്തെ മായ്ക്കുന്നതും മറയ്ക്കുന്നതുമായിരുന്നു എന്ന് സണ്ണി കപിക്കാട് നിരീക്ഷിയ്ക്കുന്നുണ്ട്(2017:173).കേരളത്തിന്റെ ദേശീയ സ്വത്വത്തിന്റെ ചിഹ്നങ്ങൾ ശൂദ്രജാതികളുടേതായിരുന്നു എന്ന നിരീക്ഷണം പ്രധാനമാണ്. പരിഷ്കരിയ്ക്കപ്പെട്ട ജാതിയുടെ നവീനരൂപത്തിലേക്ക് ആധുനികതയെ സ്വാംശീകരിക്കാൻ സവർണസമുദായങ്ങൾക്കു കഴിഞ്ഞതാണ് ഇതിനുകാരണമെന്ന് വിലയിരുത്തപ്പെട്ടിട്ടുണ്ട്.

രാഷ്ട്രീയ പ്രക്ഷോഭങ്ങളുടെ വേദിയായി കേരളം മാറുന്നത് 1930കളിലാണ്. കേരള ദേശീയതയെക്കുറിച്ചുള്ള സങ്കല്പങ്ങൾ അക്കാലത്ത് ശക്തിപ്പെടുന്നുണ്ട്. ആധുനിക കേരളീയ പൗരൻ എന്ന പ്രതിനിധാനത്തിലേക്ക് ഭരണാധികാര പങ്കാളിത്തത്തിലൂടെ ചേർന്നുനില്ക്കാൻ പിന്നാക്ക സമുദായങ്ങൾക്കും ന്യൂനപക്ഷങ്ങൾക്കും എളുപ്പമായി. ദേശരാഷ്ട്ര രൂപീകരണത്തിൽ പങ്കാളിയാകുന്നതിൽ ദലിത് സമൂഹം മാത്രം പരാജയപ്പെട്ടു. ആധുനിക പൗരസമൂഹമായും രാഷ്ട്രീയസമൂഹമായും സവർണമധ്യമജാതിവിഭാഗങ്ങൾ പരിവർത്തിക്കപ്പെട്ടത് വിശാലമായ ജാതിതാല്പര്യങ്ങളെ സംരക്ഷിച്ചുകൊണ്ടുതന്നെയായിരുന്നു. വർഗരാഷ്ട്രീയവും മതേതരത്വവും ദേശീയതയും ജനാധിപത്യവും സാമുദായിക താല്പര്യങ്ങൾക്കു പോറലേല്പിക്കാതെ പ്രയോഗിക്കപ്പെട്ടു.

സാമൂഹിക പരിഷ്കരണധാരകളെ ദേശീയപ്രസ്ഥാനം തന്നെ പുറന്തള്ളിക്കഴിഞ്ഞിരുന്നു. രാഷ്ട്രീയാധികാരലബ്ധിയെ തടസ്സപ്പെടുത്തുന്ന ഒന്നായി സാമൂഹികപരിഷ്കരണ പ്രവർത്തനം വ്യാഖ്യാനിക്കപ്പെട്ടു. ആഭ്യന്തര ജനാധിപത്യത്തിനായുള്ള കീഴാള മുന്നേറ്റങ്ങളാണ് അതോടെ അപ്രസക്തമാക്കപ്പെട്ടത്. അയിത്തനിർമ്മാർജ്ജനം ദേശീയ പ്രസ്ഥാനത്തിന്റെ അജണ്ടയാക്കാൻ മുതിർന്ന ഗാന്ധിജി നേരിട്ടത് കടുത്ത എതിർപ്പുകളായിരുന്നു എന്നതാണ് ചരിത്രം. ദേശീയതയുടേയും സാർവദേശീയതയുടേയും പ്രബലമായ വ്യവഹാരങ്ങൾക്കകത്താണ് ജാതിവിരുദ്ധമായ മാനവികതയുടെ രാഷ്ട്രീയം പരാജയമടഞ്ഞത്. ദേശീയവും സാർവദേശീയവുമായ ബൃഹദാഖ്യാനങ്ങളിലൂടെ സമത്വത്തിന്റേയും മാനവികതയുടേയും കാല്പനിക സ്വപ്നങ്ങളിലേക്ക് ദലിതർ ഹൈജാക്ക് ചെയ്യപ്പെട്ടു. ദലിത് സാമുദായികതയും സ്വത്വബോധവും ബൃഹദാഖ്യാനങ്ങളാൽ പരിഹസിക്കപ്പെട്ടു. ദേശീയപ്രസ്ഥാനത്തിന്റെയും ഇടതുപക്ഷ പ്രസ്ഥാനത്തിന്റെയും

---

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

ഭാഗമായി അവർ മാറുകയും ദലിത് സംഘടനകൾ കൊഴിഞ്ഞു പോകുകയും ചെയ്തു. ദലിത് സ്വത്വത്തെയും കർതൃത്വത്തെയും ശിഥിലമാക്കിയ കാലഘട്ടമായിരുന്നു ഇത്.

മലയാളി മെമ്മോറിയലിലൂടെയും നിവർത്തന പ്രക്ഷോഭത്തിലൂടെയും കേരളത്തിലെ പ്രബല സമുദായങ്ങൾ പ്രാതിനിധ്യവും ഭരണപങ്കാളിത്തവും ഉറപ്പിച്ചെടുത്തു. മലയാളി മെമ്മോറിയൽ പരദേശീ ബ്രാഹ്മണരുടെ അധികാരകുത്തകക്കെതിരെ നായർ വിഭാഗം സമർപ്പിച്ച നിവേദനമാണ്. നിവർത്തനപ്രക്ഷോഭമാകട്ടെ ഈഴവക്രിസ്ത്യൻമുസ്ലീം സമുദായങ്ങളുടെ ഒന്നിച്ചുള്ള അവകാശസമരമായിരുന്നു. ജാതി അതിന്റെ പ്രത്യക്ഷമായ അക്രമരൂപം വെടിഞ്ഞു പുതിയ രൂപഭാവങ്ങളോടെ വിഹരിക്കുന്ന സ്ഥലമായി കേരളം മാറിയത് ദേശരാഷ്ട്രരൂപീകരണഘട്ടത്തിലാണ്. സാഹിത്യമടക്കമുള്ള വിവിധ വ്യവഹാരങ്ങളിൽ ദളിതൻ കർമ്മസ്ഥാനത്തായി.

## പുരോഗമനസാഹിത്യവും ദളിത് പ്രതിനിധാനവും

ഇരുപതാം നൂറ്റാണ്ടിലെ മലയാളസാഹിത്യം ഭാവുകത്വപരമായി മാറ്റത്തിനു വിധേയമായി. ജനാധിപത്യമൂല്യങ്ങൾ ജീവിതത്തിലും സാഹിത്യത്തിലും വലിയ സ്വാധീനശക്തിയായി. അടിത്തട്ടുമനുഷ്യരുടെ ജീവിതം സാഹിത്യത്തിന് പ്രമേയമാകുന്നു. ദരിദ്രകർഷകർ, തോട്ടികൾ, തെണ്ടികൾ, ചുമട്ടുകാർ, ദളിതർ ഇവരെല്ലാം കഥാപാത്രങ്ങളാകുന്നു. നായകർ പോലുമാകുന്നു. നോവലിലും ചെറുകഥയിലും നാടകത്തിലും കമ്മ്യൂണിസ്റ്റാശയങ്ങളും സമത്വസങ്കല്പങ്ങളും രാഷ്ട്രീയാദർശങ്ങളും നിറയുന്നു. ജന്മിത്തവിരുദ്ധ സാഹിത്യമുണ്ടാകുന്നു. കർഷകന് കൃഷിഭൂമി എന്ന മുദ്രാവാക്യത്തെ സാഹിത്യം ഏറ്റെടുക്കുന്നു. ചങ്ങമ്പുഴയുടെ വാഴക്കുല 1937ൽ പുറത്തുവരുന്നു. പാട്ടബാക്കി എന്ന നാടകം 1937ൽ അവതരിപ്പിക്കപ്പെടുന്നു. 1938ൽ പ്രസിദ്ധികരിക്കപ്പെടുന്നു. രണ്ടിടങ്ങഴി, നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി, മണ്ണിന്റെ മാറിൽ(1954) എന്നീ കൃതികളും ജന്മിവിരുദ്ധമെന്നുമാത്രമല്ല ഭൂവുടമസ്ഥത കർഷകന് അവകാശപ്പെടുന്നതുമായിരുന്നു.

മലയാളസാഹിത്യത്തിൽ 1930നും 1950നുമിടയിൽ എഴുതപ്പെട്ട പ്രസിദ്ധമായ ജന്മിത്തവിരുദ്ധ സാഹിത്യകൃതികളാണ് ചങ്ങമ്പുഴയുടെ വാഴക്കുല, ഇടശ്ശേരിയുടെ പുത്തൻ കലവും അരിവാളും എന്നിവ. 1930കൾ മുതലുള്ള കാലഘട്ടങ്ങളിൽ മലയാളസാഹിത്യത്തെ ഊർജ്ജസ്വലമാക്കിയതിൽ പുരോഗമനസാഹിത്യപ്രസ്ഥാനത്തിനു വലിയ പങ്കുണ്ട്. 'കർഷകപ്രശ്നങ്ങൾ വിശകലനം ചെയ്യുന്നതിലും കർഷകപ്രസ്ഥാനത്തിന്റെ ആശയങ്ങൾ ജനങ്ങളിലെത്തിക്കുന്നതിനും കർഷകസമരങ്ങൾ ശക്തമാക്കുന്നതിനും ഈ കാലഘട്ടത്തിൽ മലയാളസാഹിത്യത്തിന്റെ വിവിധശാഖകൾ ശ്രദ്ധേയമായ പങ്കുവഹിക്കുന്നതായും കാണാം' (കുറുപ്പ് കെ.കെ.എൻ,(2000:133).കർഷകരുടെയും തൊഴിലാളികളുടെയും പ്രശ്നങ്ങൾ അവതരിപ്പിക്കുന്നത് എഴുത്തുകാരന്റെ കർത്തവ്യങ്ങളിലൊന്നായി.

## വാഴക്കുല(1937)

ജന്മികുടിയാൻ ബന്ധത്തിലെ സംഘർഷത്തെ പ്രമേയമാക്കുന്ന കൃതിയായാണ് വാഴക്കുല കേരളത്തിൽ വായിക്കപ്പെട്ടത്. മലയപ്പുലയന്റെ ജീവിതമാണ് വാഴക്കുലയിൽ അതിദയനീയമാം വിധം ആവിഷ്കരിക്കപ്പെടുന്നത്.യഥാർത്ഥത്തിൽ മലയപ്പുലയൻ

ഗവൺമെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

കുടിയാനോ കർഷകനോ അല്ല. പില്ക്കാലത്ത് കർഷകത്തൊഴിലാളി എന്നു വിളിക്കപ്പെട്ട ജാതിക്കീഴാളനാണ്. പുലയന്റെ ദൈന്യം വർഗ്ഗപരം മാത്രമല്ല ജാതീയം കൂടിയാണ്. ജന്മി കുടിയാൻ സംഘർഷത്തിലൂന്നുന്ന വ്യാഖ്യാനത്തിലൂടെ മലയപ്പുലയന്റെ ഇരട്ട കീഴാളത്തം തമസ്കരിക്കപ്പെടുകയാണ് ചെയ്യുന്നത്.

ദലിതൻ കഥാപാത്രമായി വരുന്ന കൃതിയാണ് വാഴക്കുല. ഉടമസ്ഥാവകാശവുമായി ബന്ധപ്പെട്ട പ്രമേയമാണ് വാഴക്കുലയിലുള്ളത്. വാഴക്കുലയുടെ ഉടമസ്ഥതയാണ് പ്രശ്നവൽക്കരിക്കപ്പെടുന്നത്. പുറമ്പോക്കിലെ കുടിലിനു മുന്നിൽ മലയപ്പുലയൻ നട്ട വാഴ പോലും അവനവകാശപ്പെട്ടതല്ല. ജന്മിത്തത്തിന്റെ സർവ്വാധികാരം അതും തട്ടിയെടുക്കുന്നു. എന്നാൽ വാഴ വയ്ക്കുന്നതിലും പരിചരിക്കുന്നതിലുമല്ല മലയപ്പുലയന്റെ അധ്വാനത്തിന്റെ വലിയ മുതൽ മുടക്കുള്ളത്. മലയപ്പുലയന്റെയും കുടുംബത്തിന്റെയും അധ്വാനത്തിന്റെ സിംഹഭാഗവും പാടത്താണ് ചെലവഴിച്ചിട്ടുള്ളത്. നെൽകൃഷിയുമായി ബന്ധപ്പെട്ടാണത്. എന്നാൽ നെൽകൃഷിയുമായും ഭൂമിയുമായും ബന്ധപ്പെട്ടല്ല മലയപ്പുലയന്റെ ഉൽക്കണ്ഠകൾ ചിത്രീകരിച്ചിട്ടുള്ളത്. പുറമ്പോക്കിലെ കുടിലിനു മുന്നിൽ നട്ട വാഴയെ/വാഴക്കുലയെ കേന്ദ്രീകരിച്ചാണ്. ഇത് നിഷ്കളങ്കമായ ഒരു പ്രതിനിധാനമല്ല. അക്കാലത്തെ ജാതി ബോധത്തിനകത്ത് പുലയൻ സ്വന്തം അധ്വാനത്തിന്റെ ഉടമയല്ല. അതുപോലെയോ അതിലേറെയോ ഭൂമിയവകാശപ്പെടാൻ അർഹനുമല്ല എന്നതാണു കാരണം.പുലയനെ ഭൂമിയുമായി ബന്ധപ്പെടുത്താൻ ചങ്ങമ്പുഴക്ക് കഴിയാത്തത് ഈ പൊതുബോധം സ്വാംശീകരിച്ചതിനാലാണ്.

പുലയനെന്ന ജാതിനാമം തന്നെ ഉപയോഗിച്ചുകൊണ്ടാണ് വാഴക്കുലയിലെ കഥാപാത്രാവിഷ്കാരം. വർഗ്ഗമെന്ന ഗണത്തിലുൾപ്പെടാൻ പാകപ്പെടാത്ത പുലയനെയാണ് വാഴക്കുലയിൽ കഥാപാത്രമാക്കുന്നത്. കൃതിയിൽ മലയപ്പുലയനും അഴകിപ്പുലക്കള്ളിയുമാണുള്ളത്. സ്വന്തം പേരിൽ നില്ക്കാൻ കഴിയാത്തവർ/അറിയപ്പെടാൻ അവകാശമില്ലാത്തവർ. ജാതിപ്പേരിൽ മാത്രം അടയാളപ്പെടേണ്ടിവരുന്ന വ്യക്തിത്വമില്ലാത്ത ശരീരങ്ങൾ മാത്രമാണവർ.

ജാതിപ്രശ്നത്തെ അപ്രധാനമായിക്കരുതുന്ന വർഗ്ഗവീക്ഷണം മേല്ക്കൈ നേടിയ കേരളീയ ഭാവുകത്വത്തിലേക്കാണ് ഈ കൃതി പിറന്നു വീണത്. മലയപ്പുലയന്റെ ദൈന്യം വർഗ്ഗപരമാണെന്നാണ് ആഖ്യാനം വാചാലമാകുന്നത്. മലയപ്പുലയന്റെ ദൈന്യമാവിഷ്കരിക്കാൻ ചങ്ങമ്പുഴ ഉപയോഗിക്കുന്ന വിശേഷണ പദങ്ങളുടേയും ബിംബങ്ങളുടേയും ആകെത്തുക സാമ്പത്തികമാത്രവാദപരമാണ്.അതിന്റെ പര്യായങ്ങളോ നാനാർത്ഥങ്ങളോ മാത്രമാണ്. ഉള്ളവനും ഇല്ലാത്തവനുമെന്ന വർഗ്ഗീകരണത്തിൽ ഇല്ലായ്മയുടെ പരമാവധിയിലാണ് മലയപ്പുലയന്റെ ചിത്രീകരണം. ഇല്ലായ്മക്ക് ഇതിനപ്പുറം ഇല്ലാതാവാൻ കഴിയില്ലെന്നർത്ഥം. ഇത് മലയപ്പുലയൻ അനുഭവിക്കുന്ന ഇരട്ടച്ചൂഷണത്തെ ആഖ്യാനതലത്തിൽ തമസ്കരിക്കുന്നതിന്റെ തെളിവാണ്.

ഇതിൽനിന്ന് ഒരുകാര്യം വ്യക്തമാകുന്നു. ദലിതൻ മുഖ്യകഥാപാത്രമാകുന്ന കൃതിയിൽ ഭൂമിയുടെ ഉടമസ്ഥതയുമായി ബന്ധപ്പെട്ട ഉൽക്കണ്ഠ കടന്നുവരുന്നില്ല. ഭൂമിയുടെ ഉടമസ്ഥത ദളിതൻ അർഹിക്കുന്നില്ല എന്ന അബോധം കൂടി ഇതിൽ പ്രവർത്തിക്കുന്നുണ്ട്.

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

ഈ അബോധം കേരളത്തിൽ നിലനിന്ന ജാതിബോധവുമായി ബന്ധപ്പെട്ടതാണ്. ഭൂമിയുടെ ഉടമസ്ഥതയുമായി ബന്ധപ്പെട്ട പ്രമേയം കൈകാര്യം ചെയ്യുന്ന കൃതികളിൽ നായക സ്ഥാനത്തുനിന്ന് ദലിതൻ അപ്രത്യക്ഷനാകുകയും ചെയ്യുന്നുണ്ട്.

## പുത്തൻ കലവും അരിവാളും(1948)

ഇടശ്ശേരിയുടെ പുത്തൻ കലവും അരിവാളും എന്ന കൃതി 1948ലാണ് പുറത്തുവരുന്നത്. ജന്മിത്തത്തിനും ചൂഷണത്തിനുമെതിരെ നിലപാടെടുക്കുന്ന കർഷകന്റെ ആത്മബോധ മുണരുന്നതാണ് ഈ കൃതി കാണിച്ചു തരുന്നത്. കൃഷിഭൂമി കർഷകന്റേതാകണമെന്നാണ് 'അധികാരം കൊയ്യണമാദ്യം നാം അതിനു മേലാകട്ടെ പൊന്നാര്യൻ' എന്ന വരികളുടെ ആന്തരാർത്ഥം. ജന്മികുടിയാൻ സംഘർഷത്തെ ഈ കൃതി പ്രത്യക്ഷമായിത്തന്നെ പ്രമേയമാക്കുന്നു.

കൃഷിയുടെയും ഭൂമിയുടെയും ഉടമസ്ഥതയുമായി ബന്ധപ്പെട്ട പ്രമേയം ഭാവന ചെയ്യുന്ന ഈ കൃതിയിൽ കോമനാണ് മുഖ്യകഥാപാത്രം. കോമനെ കൃഷിക്കാരനായി കവി അവതരിപ്പിക്കുന്നുണ്ട്. പാട്ടകുടിയാനായ കൃഷിക്കാരനാണ് കോമൻ. കോമന്റെ പേരി നോടൊപ്പം ജാതിപ്പേരില്ലെന്നത് ശ്രദ്ധേയമാണ്. കേരളത്തിലെ മധ്യമ അവർണജാതിയിൽ പെടുന്നയാളാണ് കോമനെന്നത് പേരിലെ ജാതിയില്ലായ്മതന്നെ തെളിവാണ്. ജാതി പ്പേരിലല്ലാതെ തന്നെ നിലനില്ക്കാവുന്ന ഒരവസ്ഥ കേരളത്തിലെ മധ്യമജാതികൾക്കുണ്ട്. മധ്യമ ജാതികൾക്കല്ലാതെ ഭൂമി പാട്ടത്തിനെടുത്ത് കൃഷി ചെയ്യാൻ പഴയ കാലത്ത് അവകാശമില്ലായിരുന്നു.

കർതൃത്വമുള്ള കഥാപാത്രമായിട്ടാണ് ഇതിലെ കുടിയാൻ പ്രത്യക്ഷപ്പെടുന്നത്.വാഴക്കുല പുറത്തിറങ്ങി പത്തുവർഷം കഴിഞ്ഞ് രചിക്കപ്പെട്ട കൃതിയാണിത്. എന്നാൽ കോമ നോടൊപ്പം പണിയുന്ന മറ്റു രണ്ടുപേരെക്കുറിച്ചു ജാതിചേർത്തുള്ള സൂചനയുണ്ട് കൃതിയിൽ. നീലിച്ചെറുമിയും ചാത്തനുമാണത്. വയലുകൊയ്യാൻ കോടതിയാമീനും കൂട്ടരും വന്നപ്പോൾ ഈറ്റപ്പുലിപോലെ ചാടിവീഴാൻ തുടങ്ങിയവർ. കാർഷിക അടിമകളായ ദളിതരാണവർ. അധഃകൃതജാതിയായതിനാൽ ഭൂമി പാട്ടത്തിനെടുക്കാൻ കഴിയാതെ മധ്യമജാതികളായ കുടിയാന്മാരുടെ അടിമപ്പണിചെയ്തവർ. ദലിത് കീഴാളനല്ലാത്ത നായക നുമായി ബന്ധപ്പെടുത്തിയാണ് ഭൂമി ഉടമസ്ഥതയുടെ രാഷ്ട്രീയം ഈ കൃതി പറയുന്നത്. ഭൂവുടമസ്ഥതയുമായി ബന്ധപ്പെട്ട ഒരു വ്യവഹാരം പ്രമേയമാകുമ്പോൾ സാഹിത്യകൃതി കളിലെ മുഖ്യകഥാപാത്രസ്ഥാനത്തുനിന്ന് ദളിതർ അപ്രത്യക്ഷമാകുന്നതാണ് ഇവിടെയും ശ്രദ്ധിക്കേണ്ട കാര്യം.

## രണ്ടിടങ്ങഴി(1948)

തിരുവിതാംകൂറിലെ രാഷ്ട്രീയസംഭവവികാസങ്ങൾ ജന്മിത്തത്തെ ഇല്ലാതാക്കി പാട്ടക്കാരെ ശക്തിപ്പെടുത്തുന്നതായിരുന്നു. 1865 ലെ ഭൂപരിഷ്കരണം പാട്ടക്കാർക്ക് കൃഷിഭൂമി ലഭ്യമാക്കി. അവർ പുതിയ ജന്മിമുതലാളിമാരായിത്തീർന്നു. കാർഷിക തൊഴിൽ ചെയ്ത അടിമവിഭാഗങ്ങൾക്ക് തരിശുഭൂമി പോലും ലഭ്യമായില്ല. കുട്ടനാട്ടിലെ പറയരുടെയും പുലയരുടെയും ജീവിതത്തെ വർഗരാഷ്ട്രീയവുമായി ബന്ധപ്പെടുത്തി ആവിഷ്കരിച്ച

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

നോവലാണ് തകഴിയുടെ രണ്ടിടങ്ങഴി. വർഗബോധം വന്ന പറയരുടേയും പുലയരുടേയും കഥയെന്നാണ് നോവലിന്റെ ഖ്യാതി. കർഷകതൊഴിലാളിയെന്ന സ്ഥാനമാണ് നോവലിൽ അവർക്കുള്ളത്. കമ്യൂണിസ്റ്റാശയങ്ങളുടെ സ്വാധീനം അടിസ്ഥാനജനവിഭാഗങ്ങളെ മാറ്റിത്തീർത്തവിധമാണ് നോവൽ ചിത്രീകരിക്കുന്നത്.

പത്തൊമ്പതാം നൂറ്റാണ്ടിൽ തോട്ടങ്ങളുടെ ആവിർഭാവത്തോടെ കേരളത്തിൽ ആധുനികമായ ഉൽപ്പാദന സംഘാടനം അനിവാര്യമായി. നെൽകൃഷിയെ കേന്ദ്രീകരിച്ചുള്ള സാമ്പ്രദായിക ഉൽപ്പാദനവും ഇതോടൊപ്പം നിലനിന്നു. അധസ്ഥിതർക്ക് കൂലി പണമായി നൽകുന്ന സമ്പ്രദായം വന്നപ്പോഴാണ് തൊഴിലാളിവൽക്കരണ പ്രക്രിയ നടക്കുന്നത്. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ ഇത് ശക്തിപ്പെട്ടു.പുതിയ ജന്മിമുതലാളിമാരുടെ ഉദയവും തൊഴിലാളിവല്ക്കരണത്തിന്റെ മാറിയ സന്ദർഭവുമാണ് രണ്ടിടങ്ങഴിയുടെ പശ്ചാത്തലം.

ദലിത് സ്വത്വാഭിമാനത്തിന്റെയോ സാമുദായികതയുടെയോ അകത്തല്ല നോവലിലെ പറയരും പുലയരുമുള്ളത്. സ്വാഭാവികമായും നോവലിൽ അടിയാള സമൂഹത്തിന്റെ ദലിത് സ്വത്വത്തേയും പാരമ്പര്യത്തേയും തമസ്കരിക്കുന്നുണ്ട്. കൂലിക്കൂടുതലിനായി സമരം ചെയ്യുന്ന കർഷക തൊഴിലാളിയിലേക്ക് വർഗബോധം ഉണരുന്നതാണ് ദലിതരുടെ വിമോചന വഴിയെന്ന് നിശ്ചയിക്കപ്പെട്ടിരിക്കുന്നു നോവലിൽ. പാടത്ത് പണിചെയ്യുന്ന ഈ അടിസ്ഥാനജനവിഭാഗങ്ങൾ നേരിടുന്ന ജാതിയുടെയും അടിമത്തത്തിന്റെയും അനുഭവങ്ങളെ രണ്ടിടങ്ങഴി അഭിസംബോധന ചെയ്യുന്നില്ലെന്ന് ഡോ. പ്രദീപൻ പാമ്പിരി കുന്ന് നിരീക്ഷിച്ചിട്ടുണ്ട്.

കൃഷിഭൂമി കർഷകന് എന്ന മുദ്രാവാക്യം കർഷകത്തൊഴിലാളിയെക്കൊണ്ട് വിളിപ്പിച്ചാണ് നോവൽ അവസാനിപ്പിക്കുന്നത്. കർഷകത്തൊഴിലാളി കൂടി ഉൾപ്പെട്ട ഏകകമാണ് കർഷകൻ എന്ന സൂചനയായോ ഭൂവുടമസ്ഥതയ്ക്ക് കർഷകത്തൊഴിലാളി അർഹനല്ലെന്ന സൂചനയായോ ഈ മുദ്രാവാക്യം മാറുന്നുണ്ട്. കർഷക തൊഴിലാളിയുടെ പ്രശ്നം കൂലിക്കുടുതലിന്റേയും തൊഴിൽ സമയത്തിന്റേതും മാത്രമായി ചുരുക്കുന്നതിലൂടെ ദലിത് സ്വത്വനിരാകരണമാണ് സംഭവിക്കുന്നത്. കാർഷിക അടിയാളത്തവും അയിത്തവും പോലുള്ള അതിസങ്കീർണമായ ജീവിതാനുഭവങ്ങളെ ആഖ്യാനം റദ്ദാക്കുന്നു.

## മണ്ണിന്റെ മാറിൽ(1954)

മലബാറാണ് ചെറുകാടിന്റെ നോവലുകളുടെ തട്ടകം. വള്ളുവനാടൻ കർഷകരുടെ ജീവിതം ആവിഷ്കരിച്ച നോവലെന്ന നിലയിൽ പ്രശസ്തമായ മണ്ണിന്റെ മാറിൽ 1954 ലാണ് പുറത്തിറങ്ങുന്നത്. ജന്മിത്തത്തിന്റെ തകർച്ചയും കർഷക മുന്നേറ്റവും ഭൂവുടമസ്ഥതയും നോവലിൽ വിഷയമാക്കുന്നു. മലബാറിൽ ടിപ്പുവിന്റെ പരിഷ്കാരങ്ങൾ സവർണ ജന്മിമാരെ ദുർബലപ്പെടുത്തി പാട്ടക്കാർക്ക് ഉടമസ്ഥാവകാശം ലഭ്യമാക്കുന്നതായിരുന്നു. പിന്നാക്ക സമുദായങ്ങൾ ഭൂവുടമകളായിത്തീർന്നത് അക്കാലത്താണ്. എന്നാൽ ദലിത് സമൂഹത്തിലേക്ക് ആ മാറ്റം എത്തപ്പെട്ടില്ല. ബ്രിട്ടീഷുകാരുടെ ആധിപത്യം മലബാറിൽ പഴയ ജന്മിത്തത്തെ പുന:സ്ഥാപിച്ചു.

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

മേലേപ്പുറത്തുനായരു വീട്ടുകാരാണ് നോവലിലെ ജന്മിമാർ. ആദിവാസികളെ തുരത്തി വടക്കുമ്പാട്ട് എന്ന പ്രദേശം മുഴുവനും വെട്ടിപ്പിടിച്ചാണ് ഇവർ ജന്മിമാരായത് എന്ന് പറയുന്നുണ്ട്. അടിമകളായ ചെറുമക്കളെ പണിയെടുപ്പിച്ചാണ് ജന്മിമാർ പുലർന്നത്. നായർ ജന്മിമാരിൽ നിന്ന് അത്തിക്കോട് എന്ന സ്ഥലം പാട്ടത്തിനെടുത്ത് കൃഷി ചെയ്യാൻ തുടങ്ങിയ കൊമ്പൻ കൊണ്ടേരനും അയാളുടെ അനന്തര തലമുറയുമാണ് കൃഷിക്കാരായി നോവലിലുള്ളത്. പനചെത്തി ചക്കരയുണ്ടാക്കി വിറ്റിരുന്ന തീയ്യകുടുംബമാണ് കൊണ്ടേരന്റേത്. പാട്ടം വർധിപ്പിക്കുകയും ദ്രോഹിക്കുകയും ചെയ്തെങ്കിലും ജന്മിയോട് ആദ്യതലമുറയ്ക്ക് വിധേയത്വവും ഭക്തിയുമാണുള്ളത്. ഭൂമി ഒഴിപ്പിക്കൽ പ്രശ്നം നേരിട്ടത് കൊണ്ടേരന്റെ മൂന്നാം തലമുറയാണ്. കൊണ്ടേരന്റെ മകന്റെ മകനായ കൊച്ചുകൊണ്ടേരനാണ് ഒഴിപ്പിക്കലിനെതിരെ പൊരുതിയത്. അതിനയാൾക്ക് ധൈര്യം നൽകിയത് കമ്മ്യൂണിസ്റ്റാശയങ്ങളും കർഷകപ്രസ്ഥാനവുമാണ്. ജന്മിയുടെയും അധികാരികളുടെയും പീഡനങ്ങളെ അതിജീവിച്ച് ഭൂമി സ്വന്തമാക്കുന്നതോടെയാണ് നോവൽ അവസാനിക്കുന്നത്.

വാഴക്കുലയിൽ മലയപ്പുലയൻ കർതൃത്വമില്ലാത്ത മുഖ്യകഥാപാത്രമാണ്. മലയന്റെ ദൈന്യം ആവിഷ്കരിക്കുന്നതിലൂടെയാണ് കൃതി ജന്മിവിരുദ്ധവികാരം അനുവാചകരിൽ സൃഷ്ടിക്കുന്നത്. ഉടമസ്ഥത എന്ന വിഷയത്തിൽ കൃതി ഊന്നുന്നുണ്ടെങ്കിലും അത് ഭൂമിയുടെ ഉടമസ്ഥതയല്ല. ദലിത് മനുഷ്യരുമായി ബന്ധപ്പെട്ട് ഭൂഉടമസ്ഥത സങ്കല്പിക്കാനാവുന്നില്ല എന്നത് കേരളത്തിൽ നിലനില്ക്കുന്ന ജാതിബോധത്തിന്റെ തെളിവാണ്. ഭൂമിയുടെ രാഷ്ട്രീയം തന്നെയാണ് ഇടശ്ശേരിയുടെ പുത്തൻ കലവും അരിവാളും പറയുന്നത്. ജന്മികുടിയാൻ സംഘർഷം നേരിട്ട് അവതരിപ്പിക്കുകയും കൃഷിഭൂമി കർഷകന് എന്ന മുദ്രാവാക്യത്തെ ശക്തിപ്പെടുത്തുകയും ചെയ്യുന്ന രചനയാണിത്. ഇവിടെ മധ്യമജാതിയിൽ നിന്നു തന്നെ കഥാപാത്രത്തെ സൃഷ്ടിച്ചിരിക്കുന്നതും നിഷ്കളങ്കമായ പ്രതിനിധാനമല്ല. പാട്ടക്കുടിയാനായ കോമനുവേണ്ടി പണിയെടുക്കുന്ന കർഷകത്തൊഴിലാളികളായാണ് ഇതിൽ ജാതിക്കീഴാളരുടെ സ്ഥാനം. തകഴിയുടെ രണ്ടിടങ്ങഴിയിൽ വർഗ്ഗബോധം വന്ന ജാതിക്കീഴാളർ ഭൂമിയെപ്പറ്റി ഉല്ക്കണ്ഠപ്പെടുന്നില്ല. കർഷകത്തൊഴിലാളിയെന്ന നിലയ്ക്കുള്ള വർഗ്ഗബോധം സ്വാംശീകരിക്കുന്നതിലൂടെ സമ്പത്തിന്റെയോ ഭൂമിയുടെയോ ഉടമസ്ഥതയെന്ന സങ്കല്പം തന്നെ അവർ കൈയൊഴിയുന്നു. കൃഷിഭൂമി കർഷകന് എന്ന മുദ്രാവാക്യത്തിൽ തങ്ങളില്ലെന്ന് അവർ തിരിച്ചറിയുന്നില്ല. ദലിത് കഥാപാത്രങ്ങൾ അദൃശ്യതയിലോ ഓരങ്ങളിലോ നില്ക്കുന്ന അനുഭവമാണ് മണ്ണിന്റെ മാറിൽ എന്ന കൃതിയിലുമുള്ളത്.

## ഉപസംഹാരം

ഭൂവുടമസ്ഥതക്കു ദളിതർ  അർഹരല്ലെന്ന അവബോധം ഇവിടെ നിലനില്ക്കുന്നുണ്ട്. അതിനു കാരണം കേരളത്തിൽ നിലനിന്ന ജാതിവ്യവസ്ഥയാണ്. നൂറ്റാണ്ടുകളായി നിലനിന്നുപോരുകയും ദളിതൻ അനുഭവിച്ചുപോരുകയും ചെയ്ത അസ്പൃശ്യത ആധുനികകാലത്തും തുടരുന്നുണ്ട്.  അത് പരോക്ഷമായും അദൃശ്യമായുമാണ് പ്രവർത്തിക്കുന്നത്.'അയിത്താചാരം ജാതികൾ പാലിക്കേണ്ട അകലത്തിന്റെ നിയമം മാത്രമല്ല. ദേശീയരാഷ്ട്രീയസാമ്പത്തികഘടനയിലെ അവകാശനിഷേധം കൂടിയാണ്'(ദാസ് കെ.കെ.എസ്, 2011:163). ദേശബന്ധങ്ങളിലെ അന്യവല്ക്കരണവും രാഷ്ട്രീയ സാമ്പത്തിക

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

ബന്ധങ്ങളുടെ നിഷേധവും പൊതുസമൂഹത്തിന്റെ ബഹിഷ്കരണവും ഉൾച്ചേരുന്നതാണ് അയിത്താചാരം (ദാസ് കെ.കെ.എസ്. 2011:163).

കേരളത്തിൽ സാമൂഹ്യവിഷയങ്ങളിലെ അധികാരബലതന്ത്രങ്ങളെ അപഗ്രഥിക്കുന്നതിന് മേലാളൻ/കീഴാളൻ, സവർണൻ/അവർണൻ, ജന്മി/കുടിയാൻ, മുതലാളി/തൊഴിലാളി ദ്വന്ദ്വങ്ങളാണ് വളരെക്കാലം പ്രയോഗത്തിലിരുന്നത്. സങ്കീർണമായ സാമൂഹ്യബന്ധങ്ങളേയും ശ്രേണീകൃത ഉച്ചനീചത്വങ്ങളേയും വിശകലനം ചെയ്യുന്നതിന് ഈ ലളിതവൽകൃത കാറ്റഗറികൾ അപര്യാപ്തമാണ്. നവോത്ഥാനത്തിന്റെ ആദ്യഘട്ടങ്ങളിൽ ജാതി ഉപജാതി ബോധങ്ങളെ പുറന്തള്ളി സാമുദായികവല്ക്കരണത്തിലേക്കും സ്വത്വബോധത്തിലേക്കും ആധുനികതയിലേക്കും സഞ്ചരിക്കാൻ തുടങ്ങിയ ദളിത് മുന്നേറ്റങ്ങൾ പില്ക്കാല രാഷ്ട്രീയപരിണാമങ്ങളുടെ ഫലമായി തമസ്കരിക്കപ്പെട്ടു. സാംസ്കാരികരാഷ്ട്രീയ പ്രതിനിധാനങ്ങൾ ദുർബ്ബലമാവുകയും അത് സാഹിത്യത്തിൽ പ്രതിഫലിക്കുകയും ചെയ്തു. ദേശീയതയുടെയും സാർവദേശീയതയുടെയും ആധുനികതയുടെയും വ്യവഹാരങ്ങൾ ദലിത് സ്വത്വത്തെയാണ് ശിഥിലമാക്കിയത്. ജാതിവ്യവസ്ഥയുടെ ഭാഗമായി കേരളത്തിൽ നിലനിന്ന കാർഷികാടിമത്തവും അടിയാളത്തവും സവിശേഷമായി വിശകലനം ചെയ്യാതിരുന്ന വരേണ്യനിലപാടുകളിലൂടെ ദലിത് ജനത ചരിത്രത്തിൽ തമസ്കരിക്കപ്പെട്ടു. ഇതു നിയമനിർമ്മാണത്തിലും സാഹിത്യവ്യവഹാരങ്ങളിലും പ്രതിഫലിച്ചു. ഉടമസ്ഥതയിൽ നിന്നും വിഭവങ്ങളിൽ നിന്നുമുള്ള പുറന്തള്ളൽ കൂടിയാണ് അസ്പൃശ്യത.

## സഹായകഗ്രന്ഥങ്ങൾ

1. *കുഞ്ഞാമൻ എം,ഡോ., 1998, കേരളത്തിന്റെ സാമ്പത്തികരംഗം, നവോത്ഥാന സംസ്കാരം കേരളത്തിൽ (എഡി. പി.വി. വേലായുധൻ പിള്ള), കേരള സർവകലാശാല*
2. *കൊച്ച് കെ.കെ, 2019, ദലിതൻ, ഡിസി ബുക്സ്,കോട്ടയം.*
3. *ദാസ് കെ.കെ.എസ്, 2011, ദലിത് പ്രത്യയശാസ്ത്രം, ചരിത്രം, സാഹിത്യം, സൗന്ദര്യശാസ്ത്രം, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.*
4. *പണിക്കർ കെ.എം.സർദാർ, 2019, ഹിന്ദുസമൂഹം വഴിത്തിരിവിലേക്ക്, പൂർണപബ്ളിക്കേഷൻസ്, കോഴിക്കോട്.*
5. *വിനിൽ പോൾ, ഡോ., 2021, അടിമ കേരളത്തിന്റെ അദൃശ്യ ചരിത്രം, ഡിസി ബുക്സ്, കോട്ടയം*
6. *സണ്ണികപിക്കാട്, 2017, ജനതയും ജനാധിപത്യവും, വിദ്യാർത്ഥിപബ്ളിക്കേഷൻസ്, കോഴിക്കോട്*

ഗവൺമെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

# വഴിയരികിൽ അനാഥമെന്നപോൽ കിടക്കുന്ന ഒച്ച
## (പി.എസ്. ഉണ്ണികൃഷ്ണന്റെ കവിതകളെക്കുറിച്ചുള്ള പഠനം)

**ഡോ.കെ.റഹീം**
അസോസിയേറ്റ് പ്രൊഫസർ, മലയാള വിഭാഗം, സർക്കാർ വനിതാകോളെജ്,
തിരുവനന്തപുരം

**പ്രബന്ധസംഗ്രഹം**

സമകാലമലയാളകവിതയുടെ സംവേദനപരിസരം പുതുമകളാൽ നിറഞ്ഞിരിക്കുകയാണ്. കവികളുടെയും കവിതകളുടെയും ഒഴുകിപ്പരക്കലിൽ ജീവിതത്തിന്റെ വ്യത്യസ്തമായ എല്ലാ തലങ്ങളെയും പരിലാളിക്കുന്ന തിരമാലകളായി പുതുകവിതകൾ മാറുന്നു. കവിതാപാരമ്പര്യത്തിന്റെ ഭാരച്ചുമടുകൾ ഇറക്കിവച്ച് ആയാസരഹിതമായി ജീവിതം ആവിഷ്കരിക്കുന്ന രീതിശാസ്ത്രമാണ് പുതുകവികൾ സ്വീകരിക്കുന്നത്. പി. എസ്. ഉണ്ണികൃഷ്ണന്റെ കവിതകളും ഈ വഴിയിലൂടെയാണ് സഞ്ചരിക്കുന്നത്. സ്വകാര്യമായ അനുഭവങ്ങളെ പ്രത്യേകമായ രസപാകത്തിൽ ചേർത്ത് പൊതുകാര്യമാക്കി മാറ്റുന്ന ആഖ്യാനപാടവം ഉണ്ണികൃഷ്ണന്റെ കവിതകളിലുണ്ട്. ഉത്തരാധുനികതയുടെ സൂക്ഷ്മരാഷ്ട്രീയസ്വഭാവം ഈ കവിതകളിൽ കടന്നുവരുന്നു. പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ജീവിതപ്രശ്നങ്ങൾ, പട്ടിണി, ദാരിദ്ര്യം, വർത്തമാനകാല ഇന്ത്യൻ രാഷ്ട്രീയം, സ്ത്രീ സ്വത്വാവിഷ്കാരം, മത സ്വത്വബോധത്തിലെ അപകടങ്ങൾ, പരിസ്ഥിതിയെക്കുറിച്ചുള്ള ഉത്കണ്ഠകൾ, അപമാനവീകരിക്കപ്പെട്ട മനുഷ്യാവസ്ഥ എന്നിങ്ങനെ വൈവിധ്യമാർന്ന പ്രമേയങ്ങൾ ഉണ്ണികൃഷ്ണന്റെ കവിതകളെ ശ്രദ്ധേയമാക്കുന്നു.

***താക്കോൽവാക്കുകൾ:*** ഉത്തരാധുനികത, സൂക്ഷ്മ രാഷ്ട്രീയം, രാഷ്ട്രീയബോധം, മതരാഷ്ട്രം, അപമാനവീകരണം, ആഗോളതാപനം

ലോകത്താകമാനം സംഭവിച്ചുകൊണ്ടിരിക്കുന്ന പരിവർത്തനങ്ങൾക്കും ശാസ്ത്രസാങ്കേതികവിദ്യയുടെ വികാസഫലമായി രൂപപ്പെട്ട അവബോധത്തിനുമസരിച്ച് കലാ

സാഹിത്യസങ്കല്പങ്ങളിലും വലിയ മാറ്റങ്ങൾ കടന്നു വന്നിട്ടുണ്ട്. ആഗോളവൽക്കരണം സൃഷ്ടിച്ച പുതിയ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ നിലവിലിരുന്ന എല്ലാ അഭിരുചികളും നവീകരണത്തിന് വിധേയമായി. ഉത്തരാധുനികതയുടെ വ്യാപനത്തെ തുടർന്ന് മലയാളകവിതയുടെ സംവേദന പരിസരവും പുതുമകളാൽ നിറഞ്ഞു. മലയാളത്തിലെ പുതുകവിതയുടെ വർത്തമാനം നിരവധി കവികളുടെ പരിലാളനകളാലും തത്ഫലമായ ഭാവദീപ്തിയാലും ആകർഷണീയമാണ്. കവിത ഇന്ന് ആരുടെയെങ്കിലും ഏകാന്തധ്യാനത്തിൽ നിന്ന് രൂപംകൊണ്ടു വരുന്നതായല്ല അനുഭവപ്പെടുന്നത്. മറിച്ച് ചലനാത്മകമായ ജീവിതത്തിനൊപ്പം സഞ്ചരിക്കുന്ന ചെറിയ ചെറിയ അവബോധങ്ങളുടെ വാങ്മയമായി അത് മാറുകയാണ്. ചുറ്റും കാണുന്ന വേറിട്ട കാഴ്ചകളെ അകക്കണ്ണു കൊണ്ടൊന്നുഴിഞ്ഞ് പുറം ലോകത്തിന്റെ ഹൃദയത്തിന് മുന്നിലേക്ക് ഇറക്കി നിർത്തി വിചാരണയ്ക്ക് വിധേയമാക്കുന്ന പ്രവർത്തനമായാണ് കവിത പ്രത്യക്ഷമാവുന്നത്. ജീവിതത്തിന്റെ വിഭിന്നവും വിചിത്രവുമായ അനുഭവപാഠങ്ങളെ പാരമ്പര്യത്തിന്റെ ഭാരക്കെട്ടുകൾ ഒന്നുമില്ലാതെ സ്വതന്ത്രമായ രൂപഭാവങ്ങളിൽ ആവിഷ്കരിക്കുകയാണ് ഇന്നത്തെ കവി ചെയ്യുന്നത്.

മൈഗ്രേൻ, മതിയാകുന്നേയില്ല എന്നീ കവിതാ സമാഹാരങ്ങളിലൂടെ ശ്രദ്ധേയനായ പി.എസ്.ഉണ്ണികൃഷ്ണന്റെ കവിതകളിലൂടെ കടന്നുപോകുമ്പോൾ സമകാല മലയാള കവിതയുടെ വേറിട്ട ഒരൊച്ചയുടെ സാന്ദ്രമായ ധ്വനി അനുവാചകരെ ആകർഷിക്കും. വലിയ മോടികളൊന്നുമില്ലാതെ കടന്നുവരുന്ന ആ കവിതകൾ നമ്മുടെ സംവേദനത്തെ നവീകരിക്കുകയും ഒപ്പം കവിത അതിന്റെ ദൗത്യം നിർവഹിച്ച് നിശബ്ദമായി കടന്നു പോവുകയും ചെയ്യുന്നു. വ്യക്തിഗതമായതെന്തും രാഷ്ട്രീയമാണെന്ന ബോധ്യപ്പെടലിൽ വൈയക്തികാനുഭവങ്ങൾ ആവിഷ്കരിക്കുമ്പോൾ ഓരോ വാക്കിന് പിന്നിലും ഒളിച്ചു വച്ചിരിക്കുന്ന രാഷ്ട്രീയബോധത്തിന്റെ സ്ഫോടനശേഷി ഈ കവിതകളെ സൂക്ഷ്മത യോടെ കൈകാര്യം ചെയ്യാൻ പ്രേരിപ്പിക്കുന്നുണ്ട്. നിലവിലിരിക്കുന്ന കുടുംബ സാമൂഹിക ഘടനകളിലുള്ള പോരായ്മകളും ആഗ്രഹിക്കുന്ന വിധത്തിൽ മുന്നോട്ടുപോകാൻ കഴിയാത്ത സാഹചര്യങ്ങളുമൊക്കെയാണ് ഒരാളുടെ രാഷ്ട്രീയബോധത്തെ നിർണയി ക്കുന്നത്. തികച്ചും സ്വകാര്യമായ അനുഭവങ്ങളെ ഒരു പ്രത്യേക രസക്കൂട്ടിൽ പരുവപ്പെ ടുത്തി പൊതുകാര്യമാക്കി മാറ്റുന്ന ആഖ്യാനപാടവം ഉണ്ണികൃഷ്ണന്റെ കവിതകളിൽ കാണാം. സ്നേഹം, പ്രതീക്ഷ, സ്വപ്നം, നിസ്സഹായത, പ്രതിഷേധം, ദുരന്തബോധം തുടങ്ങിയ ഭാവങ്ങളൊക്കെ മാറിമാറി കടന്നുവരുമ്പോഴും നേരിയ ഒരു നർമ്മഭാവം മേമ്പൊടിയായി തൂകിപ്പോകുന്ന കൗശലം ഈ കവിതകളിൽ തെളിയുന്നുണ്ട്. നാട്ടു മൊഴികളും ഗ്രാമീണ ശൈലികളുമൊക്കെ ഭാവാത്മകമായി കവിതയിൽ കടന്നുവരുമ്പോൾ കവി ഉൾപ്പെടുന്ന ജീവിതത്തിന്റെ ചലനാത്മകമായ ഒരു ചിത്രം ഭാഷയുടെ പ്രകാശ ക്കാഴ്ചയായി നമ്മുടെ ഉള്ളുണർത്തുന്നു.

വഴിയരികിൽ അനാഥമെന്നപോലെ വീണു കിടക്കുന്ന ഒരു ഒച്ചയെക്കുറിച്ച് 'ഒച്ച' എന്ന കവിതയിൽ അന്വേഷിക്കുന്നു. വിശന്നു പറന്നുപോയ ഒരു പക്ഷിയുടെയോ അരിക് ചേർന്നു പോയ പെൺകുട്ടിയുടെയോ തെരുവിൽ പാടിനടക്കുന്ന ഒരുവന്റെയോ പഥികന്റെയോ ഇങ്ങനെ ആരുടെയോ ഒച്ചയാകാം അനാഥമായി വഴിയിൽ ഉപേക്ഷിക്കപ്പെട്ടതായി

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

കാണുന്നത്. ഈ ഒച്ചയിങ്ങനെ വഴിയിൽ ഉപേക്ഷിച്ചത് ആരാണെന്ന് ഉറക്കെ ചോദിക്കുമ്പോൾ പുറത്തേക്ക് വരുന്നത് ഒച്ചയുണ്ടെന്ന തോന്നൽ മാത്രം. മറ്റാരും കേൾക്കാതെ പോകുന്ന ഒച്ച തിരിച്ചറിയുന്നവനാണ് കവി. കവിയുടെ ഒച്ചയായ കവിതയും ശരിയായ വിധം പലർക്കും തിരിച്ചറിയാനാകുന്നില്ല.

'വെയിൽ കൊത്തിയ വിഷം' എന്ന കവിതയിലെ ധ്വനി ബിംബങ്ങൾ ശ്രദ്ധേയമാണ്.
'വെയിൽ കൊത്തിയ വിഷത്തെ
പൂവെന്ന് പര്യായപ്പെടുത്തുന്നു' വെയിൽകൊത്തുമ്പോൾ ശിരസ്സിലേക്ക് പാഞ്ഞുകയറുന്ന വിഷമാണ് പിന്നീട് പൂവായിത്തീരുന്നതെന്ന് കവി പറയുമ്പോൾ കവിതയുടെ പൂവിരിയിക്കാൻ കവികൾ ശിരസ്സിൽ ഏറ്റുവാങ്ങേണ്ടിവരുന്ന കൊടിയ വിഷാനുഭവങ്ങളുടെ തീക്ഷ്ണത ഇവിടെ ദർശിക്കാവുന്നതാണ്.

'ചിത്രംവര' എന്ന കവിതയിൽ, ഒറ്റ ചിത്രത്തിൽ പലതിനെ ധ്വനിപ്പിക്കാൻ ഒരു ടീച്ചറിന്റെ ചിത്രം വരയ്ക്കുന്നതാണ് എളുപ്പമെന്ന യുക്തിയെ സമർത്ഥിക്കാൻ ചില രൂപകങ്ങളിലൂടെ ടീച്ചറിന്റെ ചിത്രം വരയ്ക്കുന്നു. ഉപ്പിലുറഞ്ഞ ഒരു സമുദ്രവും ഉറവ വറ്റിയ ഒരു പുഴയും വരണ്ടൊരു നെൽപ്പാടവും അടിക്കാട് കത്തിയെരിഞ്ഞ വനവും ഒറ്റ ചിത്രത്തിൽ പ്രതിഫലിപ്പിക്കാനാണ് ടീച്ചറിന്റെ ചിത്രം വരയ്ക്കുന്നത്. പള്ളിക്കൂടം അടച്ചതിനാൽ കുട്ടികളെ കാണാതിരിക്കുന്ന ടീച്ചറിന്റെ വീർപ്പുമുട്ടലുകളിൽ ഇതെല്ലാമുണ്ട്. മകൾ അമ്മയോട് പരിഭവിക്കുമ്പോൾ സ്കൂളിൽ എത്തിയാൽ കുട്ടികളോടൊത്ത് പെയ്തു നനയാൻ വേണ്ടി

'ഒരു ചാറ്റൽ മഴയായി
അവൾ വീട് ഒരു അകലത്തിൽ സൂക്ഷിക്കും' എന്നാണ് ടീച്ചറിന്റെ സ്കൂൾ ഓർമ്മകളെ കവി ഗൃഹാതുരമായി അവതരിപ്പിക്കുന്നത്.

'മതിയാകുന്നേയില്ല' എന്ന ചെറിയ കവിതയിൽ ഗാന്ധി എന്ന ആശയത്തിന്റെ ചരിത്രവും വർത്തമാനവും വിശകലനവിധേയമാക്കുന്നു. ഒരുകാലത്ത് ഗാന്ധിയെ തൊട്ടുമ്മ വച്ചയാളെ കൈവിരലാൽ തൊട്ടു നോക്കിയതിന്റെ ആത്മഹർഷത്തിൽ ജീവിതം തന്നെ അർത്ഥപൂർണ്ണമാക്കിയ മനുഷ്യർ ജീവിച്ച നാടാണിത്. 'ഉമ്മാ ഞാൻ കാന്തീനെ തൊട്ടു' എന്നു പറഞ്ഞ് പുളകിതനായ ബഷീർ നമ്മുടെ ഓർമ്മയിലുണ്ട്. മനുഷ്യന് ഏത് പ്രതിസന്ധികളെയും തരണം ചെയ്ത് മുന്നോട്ടുപോകാനുള്ള ഊർജമായി ഇതുവരെ ഗാന്ധിയുടെ ഓർമ്മ മതിയായിരുന്നു. എന്നാൽ വർത്തമാനകാല ഇന്ത്യൻ സാഹചര്യത്തിൽ ഗാന്ധി നിരാലംബനായ മനുഷ്യപ്രതീകമായി മാറിയിരിക്കുന്നു. ഗാന്ധിയെ കൊന്നയാളിനെ തൊട്ടുമ്മ വച്ച ഒരാളിന്റെ അടുത്ത ബന്ധുക്കൾ ഇപ്പോൾ വീടിനു ചുറ്റും നിറയെ ഉള്ളതായി കാണുമ്പോൾ തങ്ങൾക്ക് അത് മതിയാകുന്നേയില്ല എന്നാണ് കവി സങ്കടപ്പെടുന്നത്. നെഞ്ചിൽ കുത്തുന്ന അനുഭവം നൽകുന്ന രാഷ്ട്രീയ കവിതയാണിത്. ഗാന്ധിയുടെ ഓർമ്മകളെ പോലും ഭയപ്പെടുന്നവർ ഗാന്ധിയെ പുറന്തള്ളി ഗാന്ധിഘാതകരെ വാഴിക്കാൻ നടത്തുന്ന ശ്രമങ്ങൾക്കെതിരെയുള്ള പ്രതിഷേധവും പ്രതിരോധവും ആണ് ഈ കവിത.

ഗവൺമെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

ഭാഷ മറന്നുപോകുന്ന മനുഷ്യന്റെ ദയനീയതയുടെ ആവിഷ്ക്കാരമാണ് 'ഭാഷ' എന്ന കവിത. സത്യത്തിൽ മനുഷ്യന് അർത്ഥം ലഭിച്ചത് ഭാഷ ഉള്ളതുകൊണ്ടാണ്. മനുഷ്യൻ എന്നാൽ ഭാഷ തന്നെയാണ്. ഭാഷ മറന്നുപോകുന്ന മനുഷ്യൻ ജീവിതത്തിൽ നിന്ന് പുറത്തു പോവുകയാണ് മനുഷ്യൻ അല്ലാതായിത്തീരുകയാണ്. ഭാഷയാണ് ചിന്തയ്ക്ക് അടിസ്ഥാനം. ഭാഷ മറന്നുപോകുന്ന മനുഷ്യൻ ചിന്താലോകത്ത് നിന്ന് പുറത്താകുന്നു. ഭൂമിയിൽ ഏറ്റവും ക്രൂരനായിത്തീർന്ന ഒരു മനുഷ്യൻ തലേദിവസം ഉണർന്നെണീറ്റപ്പോൾ ഭാഷ മറന്നു പോയതാണെന്ന് ഇവിടെ അവതരിപ്പിക്കുന്നു. 'ഭരണഘടന' എന്ന കുഞ്ഞു കവിതയ്ക്കുള്ളിൽ ആഴത്തിലുള്ള രാഷ്ട്രീയദർശനം പ്രതിഫലിക്കുന്നുണ്ട്. മുങ്ങിമരിക്കാൻ പോകുന്ന ഉറുമ്പുകൾക്ക് കയറി രക്ഷപ്പെടാൻ ഉടലാകെ ഇലകൾ പടർന്ന ഒരു മരമായി ഒഴുകിയെത്തുന്നതാണ് ഭരണഘടന. അവകാശനിഷേധങ്ങളുടെ ഒഴുക്കിൽ മനുഷ്യൻ മുങ്ങിച്ചാവാൻ പോകുന്ന വർത്തമാനകാലത്ത് സഹായഹസ്തവുമായി ഭരണഘടനയുടെ വൻവൃക്ഷം പുഴയിൽ ഒഴുകിയെത്തും എന്നത് പ്രത്യാശയാണ്. ഭരണഘടന തന്നെ വെല്ലുവിളി നേരിടുന്ന കാലത്തെ ഈ പ്രത്യാശ പോലും ഒരു ആശ്വാസമാണ്. അസ്തമി ക്കാൻ തുടങ്ങുന്ന ജീവന്റെ വേഗവും മുന്നോട്ടുപോകുവാനുള്ള ജീവിതത്തിന്റെ വേഗതയും ഒന്നുതന്നെയാണെന്ന് 'അദ്വൈതം' എന്ന കവിതയിൽ അവതരിപ്പിക്കുന്നു. ജീവിതത്തിനും മരണത്തിനും ഒരേ വേഗത.

'ഒരു വേഗതയ്ക്കുള്ളിൽ കുരുങ്ങിയ
മറ്റൊരു വേഗത തന്നെ ജീവിതം' എന്ന് സമർത്ഥിക്കുന്നു. 'പ്രതീകം' എന്ന കവിതയിൽ പ്രണയത്തിന്റെ പ്രതീകമാകേണ്ട പക്ഷി കാക്കയാണെന്ന് ചൂണ്ടിക്കാട്ടുന്നു. പരസ്പരം പിണങ്ങി നിൽക്കുന്ന ഇലക്ട്രിക് ലൈനുകളെ കൂട്ടിയോജിപ്പിക്കാൻ ശ്രമിക്കുന്നതിനിടയിൽ ഷോക്കേറ്റ് മരിക്കുന്ന കാക്കയാണ് പ്രണയത്തിന്റെ പ്രതീകമാകേണ്ടത്. പ്രണയസാഫ ല്യത്തിന് മരണം സ്വയം ഏറ്റുവാങ്ങുന്ന കാക്കയെ ആ നിലയ്ക്ക് പരിഗണിക്കില്ലെന്ന പരിഭവം ഈ കവിതയിലുണ്ട്.

സ്ത്രീപക്ഷരാഷ്ട്രീയത്തോട് ചേർന്നുനിൽക്കുന്ന നിരവധി കവിതകൾ ഈ സമാഹാര ത്തിലുണ്ട്. നിലവിലിരിക്കുന്ന പുരുഷാധികാര പൊതുബോധത്തിന്റെ സ്വാധീനവലയ ത്തിൽ വീർപ്പുമുട്ടുകയും സങ്കടപ്പെടുകയും ചെയ്യുന്ന സ്ത്രീയവസ്ഥയുടെ ചിത്രങ്ങൾ പല കവിതകളിലും സൂക്ഷ്മതയോടെ ഉണ്ണികൃഷ്ണൻ അവതരിപ്പിക്കുന്നുണ്ട്. 'വളർത്തു മൃഗങ്ങൾ' എന്ന കവിതയിൽ സ്ത്രീ, പുരുഷൻ, വീട് എന്നീ മൂന്ന് ഘടകങ്ങളെയും സ്ത്രീപക്ഷത്തു നിന്നുകൊണ്ട് നിർവചിക്കുകയാണ്.

'പുരുഷനെ പുറം കാലുകൊണ്ട്
തൊഴിക്കാൻ ആഗ്രഹിക്കുന്നുണ്ട്
ഓരോ വീടും' എന്ന ആമുഖവചനങ്ങളിലൂടെ വീട്ടിനുള്ളിലെ സ്ത്രീയെയും പുരുഷ നെയും സൂക്ഷ്മമായി നിരീക്ഷിച്ചുകൊണ്ടുള്ള ഒരു നിഗമനത്തിൽ എത്തിച്ചേരുകയാണ്. പുരുഷൻ അലർച്ചകളും അട്ടഹാസങ്ങളുമായി തന്റെ ആധിപത്യം ഉറപ്പിക്കുമ്പോൾ വീട്ടിലെ പണികളെല്ലാം ഒറ്റയ്ക്ക് ചെയ്ത് വീടിനെ ഒരു വളർത്തുമൃഗമായാണ് അവൾ പരിചരി ക്കുന്നത്. അവളുടെ പരിപാലനത്തിലാണ് വീട് വീടാകുന്നത്. അവൾ പോയിക്കഴിഞ്ഞാൽ

വീട് വെറും കെട്ടിടം മാത്രമായിത്തീരും. എങ്ങനെയൊക്കെ പരിപാലിച്ചിട്ടും ഒടുവിൽ അവളോട് ഇറങ്ങിപ്പൊയ്ക്കോളൂ എന്ന് ആക്രോശിക്കുന്ന പുരുഷന് വീടിന്റെ ഹൃദയം സ്ത്രീയാണെന്ന് തിരിച്ചറിയാൻ കഴിയുന്നില്ല. 'അവൾ' എന്ന കവിതയിലും ഈ ആശയത്തിന്റെ തുടർച്ച കാണാം. അങ്ങനെയിരിക്കുമ്പോൾ ചില സമയം മരിച്ചുപോകുമെങ്കിലും കുട്ടികളെ പരിപാലിക്കുന്നതിനെക്കുറിച്ചോർത്ത് വീണ്ടും ജനിക്കുമെന്ന് സ്ത്രീയവസ്ഥയെ ആഖ്യാനം ചെയ്യുന്നു. കുട്ടികൾക്ക് ഭക്ഷണം നൽകൽ, വസ്ത്രം, പഠനം തുടങ്ങിയവയെല്ലാം സ്ത്രീയുടെ മാത്രം ഉത്തരവാദിത്തമാകുന്ന കുടുംബഘടനയുടെ പൊള്ളത്തരവും സ്ത്രീയെ വീട്ടുജോലിക്കാരിയായി മാത്രം കാണുന്ന മനോഭാവവും നേർത്ത ഒരു നർമ്മത്തിൽ ഇവിടെ ആവിഷ്കരിക്കുന്നു. പ്രണയപ്പക കൊലപാതകമായി മാറുന്ന വർത്തമാനകാലത്ത് സ്ത്രീയെ മോശക്കാരിയായി മുദ്രകുത്തുന്ന ആൺകോയ്മയെ കുറിച്ചുള്ള കവിതയാണ് 'തേപ്പുകാരി'. പെൺകുട്ടിയുടെ പിന്നാലെ നടന്ന്, ചങ്ങാത്തം കൂടി, ഒടുവിൽ അവളെ തന്റെ സ്വാർത്ഥതാൽപര്യങ്ങളുടെ വിഷത്തേറ്റകൊണ്ട് കുത്താൻ ഒരുങ്ങുമ്പോൾ എങ്ങനെയെങ്കിലും ഓടിരക്ഷപ്പെടാനാണ് ശ്രമിക്കുക. അപ്പോൾ,

'നീട്ടി മുഴക്കി മുനവച്ച് കുത്തി
തേപ്പുകാരി എന്ന് പച്ചകുത്തും
ഫണങ്ങൾ വിടർത്തുമൊരാൺകൂട്ടം' എന്ന സ്ഥിതിയാണ്. ജീവിതത്തിലും പ്രണയത്തിലും സ്ത്രീയുടെ സ്വാതന്ത്ര്യവും തെരഞ്ഞെടുക്കാനുള്ള അവകാശവും നിഷേധിച്ച് പുരുഷന്റെ വെറുമൊരു ഉപകരണം മാത്രമായി അവളെ കാണുന്ന ആൺ ബോധത്തിനെതിരെയാണ് ഈ കവിത സംസാരിക്കുന്നത്. സ്ത്രീ പുരുഷനുവേണ്ടി നിർമ്മിക്കപ്പെട്ടതാണെന്ന വികലമായ യാഥാസ്ഥിതിക മതാനുശാസനങ്ങളുടെ സ്വാധീനം കുടുംബത്തിലും സമൂഹത്തിലും ശക്തമായി ഇരിക്കുന്നതുകൊണ്ടാണ് ഈ അവസ്ഥ തുടരുന്നതെന്ന് ധ്വനിക്കുന്നുണ്ട്. ഈ മനോഭാവത്തിൽ നിന്നാണ് പ്രണയപ്പകയിലൂടെ കൊലപാതകത്തിൽ വരെ എത്തിച്ചേരാനുള്ള ഊർജ്ജം ആണിന് ലഭിക്കുന്നത്. ഇതിന് പശ്ചാത്തലം ഒരുക്കുന്ന ഒരു ആൺപ്രയോഗമാണ് 'തേപ്പുകാരി' എന്ന് വ്യക്തമാകുന്നുണ്ട്. 'ചിലങ്ക' എന്ന കവിതയും സ്ത്രീ അനുഭവത്തിന്റെ മറ്റൊരാവിഷ്കാരമാണ്. നൃത്തത്തിൽ ആരുമരങ്ങേറാത്ത പുതുമകൾ ഒരു കൗമാരക്കാരിയുടെ വീട്ടിനുള്ളിലെ ജീവിതത്തിൽ കാണാൻ കഴിയും. അവളുടെ അച്ഛനായി നിരീക്ഷിക്കുമ്പോൾ ഇത് കാണാം. ഉണങ്ങാനിട്ട തുണിയുമായി വീട്ടിനുള്ളിലേക്ക് ഓടിക്കയറുന്നത്, തുണി മടക്കുകയും നിലം തുടയ്ക്കുകയും ചെയ്യുന്നത്, ഒരു കൈയിൽ പ്ലേറ്റും പിടിച്ച് നിന്ന് കഴിക്കുന്നത്, പൂച്ചയെ എടുത്തമ്മാനമാടുന്നത് ഇതിലെല്ലാം അടിമുടി നൃത്തമാണെന്ന് കാണാം. വിവാഹം വന്ന് ചിലങ്ക അഴിക്കുന്നതോടെ ഇതെല്ലാം അവസാനിക്കുന്നു. പരിമിതമെങ്കിലും നൃത്തസമാനമായ സന്തോഷം പ്രദാനംചെയ്യുന്ന വീടിന്റെ സ്വാതന്ത്ര്യത്തിൽ നിന്ന് വിവാഹമെന്ന ബന്ധനത്തിലേക്ക് പോകാൻ വിധിക്കപ്പെടുന്ന നമ്മുടെ പെൺകുട്ടികളുടെ ദുർവിധിയെ ധ്വനിപ്പിക്കുന്നതാണ് ഈ കവിത. കാലങ്ങളായി ഇവിടെ നിലനിൽക്കുന്ന വിവാഹ സങ്കല്പം, പുരുഷനാൽ സ്ത്രീയെ ബന്ധിക്കുക എന്നതാണ്. വിവാഹം അവളുടെ സ്വാതന്ത്ര്യത്തിന്റെ ചിലങ്ക അഴിക്കുകയാണെന്ന പ്രസ്താവത്തിലൂടെ ഇവിടത്തെ സ്ത്രീയവസ്ഥയുടെ കൃത്യമായ ചിത്രം അനാവരണം ചെയ്യുന്നു.

ഗവൺമെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

'ഗാന്ധി രണ്ടാമൻ' എന്ന കവിത പുതിയകാലത്തെ ഗാന്ധിയെ അവതരിപ്പിക്കുന്നു. മടിയനായ മനുഷ്യൻ, കുടുംബം നോക്കാൻ വേണ്ടി മാത്രം ജോലിക്ക് പോയി വൈകുന്നേരം വീട്ടിലെത്തി കുടുംബകാര്യങ്ങൾ മാത്രംനോക്കുകയും ചെയ്യുന്ന ഗാന്ധി. അവധി ദിവസം തുണിയലക്കിയും പകലുറങ്ങിയും കഴിച്ചുകൂട്ടുന്ന അയാൾ ചിലപ്പോൾ അമ്പലത്തിലോ കരയോഗ മീറ്റിങ്ങിലോ പോയാലായി. എന്നാൽ

'ആൾക്കൂട്ട സമരങ്ങളോ
രാഷ്ട്രീയ യോഗങ്ങളോ അലർജിയാണ്'

അന്നന്നത്തെ അന്നത്തിനു വേണ്ടി മാത്രം പണിയെടുക്കുന്ന രാഷ്ട്രീയബോധവും സാമൂഹികബോധവും ഇല്ലാത്ത വർത്തമാനമനുഷ്യന്റെ പ്രതീകമാണ് രണ്ടാമത്തെ ഗാന്ധി. അവനിലേക്ക് ചുരുങ്ങിയ ഇത്തരം അരാഷ്ട്രീയമനുഷ്യർ ഗാന്ധി എന്ന ആശയത്തെ അലർജിയായി കാണുന്നു. ഇന്ത്യയിലെ ദരിദ്രനാരായണന്മാരുടെ മോചനത്തിനായി ഉള്ള ഒരു രാഷ്ട്രീയ പോരാട്ടത്തിന്റെ പ്രതിനിധാനമായിരുന്നു യഥാർത്ഥ ഗാന്ധി. എന്നാൽ ഇന്ന് ഗാന്ധി എന്ന ആശയം രാഷ്ട്രീയം മറന്ന് സ്വന്തം വിധിയുടെ വൃത്തത്തിനുള്ളിൽ കുടുങ്ങിക്കിടക്കുന്ന ഇന്ത്യക്കാരന്റെ അവസ്ഥയിലാണെന്ന് കവിതയിലൂടെ ധ്വനിപ്പിക്കുന്നു. സ്വന്തം ശക്തി തിരിച്ചറിഞ്ഞ് പോരാട്ടസന്നദ്ധരാകുന്ന ഗാന്ധിമാരിലൂടെ മാത്രമേ ഇന്ത്യയുടെ അവസ്ഥ മാറ്റിയെടുക്കാനാകൂ എന്ന് കവി നിരീക്ഷിക്കുന്നു. 'സംസ്കാരം' എന്ന കവിത ആഴത്തിലുള്ള രാഷ്ട്രീയദർശനം അവതരിപ്പിക്കുന്ന ഒന്നാണ്. സ്വന്തം രാജ്യം പുരോഗതിയിലേക്ക് ഉയരണമെന്നു സ്വപ്നം കാണുന്ന ഒരു കവിക്ക് ഇങ്ങനെ ഒരു കവിത എഴുതാതിരിക്കാനാവില്ല. അകാലത്തിൽ മരിച്ചുപോയ രാജ്യത്തിന് ആചാരമനുസരിച്ച് പിണ്ഡമൊരുക്കി വയ്ക്കുന്നതായി ആഖ്യാനം ചെയ്യുന്നു. ബന്ധുക്കൾ എല്ലാം ജീവിച്ചി രിക്കുമ്പോൾ ആർക്കാണ് പിണ്ഡമൊരുക്കി വച്ചിരിക്കുന്നത് എന്ന ചോദ്യത്തിന്

'ഇത് അകാലത്തിൽ മരിച്ച പോയ
നിങ്ങളുടെ രാജ്യത്തിന്റേതാണ്' എന്നു പറയുമ്പോൾ പ്രകടമാകുന്ന രാജ്യത്തിന്റെ അവസ്ഥ കൊള്ളിയാൻ പോലെ മനസ്സിനെ ഉലയ്ക്കുന്നു. എങ്ങനെയാണ് ഈ രാജ്യം അകാലത്തിൽ മരിച്ചതെന്ന ചോദ്യത്തെ ഇവിടെ പ്രശ്നവൽക്കരിക്കുകയാണ്. ലോകം പുരോഗതിയുടെ പാതയിൽ സഞ്ചരിക്കുമ്പോഴും പ്രാകൃതമായ ആചാരവും സംസ്കാരവും മുറുകെപ്പിടിച്ച് മുന്നോട്ടുള്ള വഴി തടസ്സപ്പെടുത്തുന്നവർ യഥാർത്ഥത്തിൽ രാജ്യത്തെ കൊന്നിരിക്കുകയാണെന്ന തിരിച്ചറിവ് ഈ കവിതയിലൂടെ അനാവരണം ചെയ്യുന്നു. മാറാൻ കൂട്ടാക്കാത്ത പ്രാകൃതമനസ്സുകളാണ് ഒരു രാജ്യത്തിന്റെ കൊലയാളികൾ എന്ന് കവി വിളിച്ചുപറയുന്നു.

'മതരാഷ്ട്രം' എന്ന കവിത ഈ ആശയത്തിന്റെ മറ്റൊരാവിഷ്ക്കാരമാണ്. സാന്റേയുടെ വരവിനും നൽകുന്ന സമ്മാനപ്പൊതിക്കും കാത്തിരുന്ന തെരുവുകുട്ടികൾക്ക് മുന്നിലേക്ക്, സാന്റേയ്ക്ക് മുന്നേ മരണത്തിന്റെ ദൂതനെപ്പോലെ മാന്ത്രികവാളുമായി മറ്റൊരാളാണ് കടന്നുവന്നത്. അവന്റെ സമ്മാനങ്ങൾ കാതുകൾക്ക് ഇമ്പമായിരുന്നെങ്കിലും കാഴ്ചയിൽ ഇല്ലാത്തതായിരുന്നു. നാവുകൊണ്ട് പൊതിഞ്ഞതും നോവിനെ തൊടാത്തതുമായ അവന്റെ മിനുത്ത മുഖംമൂടിക്ക് താഴെ ചോരവായ് കണ്ട് കുട്ടികൾ നിലവിളിക്കുന്നു.

ഗവൺമെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

'ഒരേ മാധുര്യത്താൽ
ഒറ്റ ക്രിസ്മസ് കേക്ക് പോൽ
ഒന്നായി ചേർന്ന ഒരു രാജ്യത്തെ
മതം കൊണ്ട് മുറിച്ചവൻ
വീഞ്ഞ് കുടിക്കുന്നു' വർത്തമാനകാല രാഷ്ട്രീയത്തെ, സൂക്ഷ്മതയോടെ കലാപരമായി അവതരിപ്പിക്കുകയാണ് ഈ കവിത. യാഥാർത്ഥ്യമാക്കാനാകാത്ത സമ്മാനങ്ങൾ വാഗ്ദാനം ചെയ്ത് അധികാരം പിടിച്ചടക്കുകയും മനുഷ്യന്റെ അടിസ്ഥാന പ്രശ്നങ്ങളും സങ്കടങ്ങളും തൊടാതെ മതരാഷ്ട്രം സ്ഥാപിക്കാൻ ആവേശം കാട്ടുകയും ചെയ്യുന്നവരുടെ ചിത്രം ധ്വനിപ്പിച്ച് അതിന്റെ അപകടം ചൂണ്ടിക്കാട്ടുകയാണ്. ഒന്നായി ചേർന്നിരുന്ന രാജ്യത്തെ മതം കൊണ്ട് മുറിച്ച് വീഞ്ഞും കുടിച്ച് രസിക്കുന്ന മതരാഷ്ട്രവാദിയുടെ ചോര നിറഞ്ഞ വായകണ്ട് നിലവിളിക്കുന്ന കുഞ്ഞുങ്ങൾ ഭയപ്പെടുത്തുന്ന ഇമേജായി കവിതയിൽ പ്രത്യക്ഷമാകുന്നു.

പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ജീവിതചിത്രങ്ങൾ അവതരിപ്പിക്കുന്നതും വിശപ്പ്, ദാരിദ്ര്യം, നിസ്സഹായത, പ്രണയം, സങ്കടം തുടങ്ങി പല അവസ്ഥകളിലൂടെ കടന്നു പോകുന്നതുമായ കവിതകൾ ഉണ്ണികൃഷ്ണൻ രചിച്ചിട്ടുണ്ട്. ഉപമകളുടെയും രൂപകങ്ങളുടെയും ലാളിത്യവും നൂതനത്വവും ഈ കവിതകളിലൂടെ കടന്നു പോകുന്നവരുടെ മനസ്സിനെ കുളിർപ്പിക്കുന്നു. അലിഞ്ഞിറങ്ങിപ്പോകുന്ന കവിതയെന്ന് ചില കവിതകളെ വിശേഷിപ്പിക്കാവുന്നതാണ്. ശ്വാസം നിലയ്ക്കുന്നതിന് മുമ്പ് ജീവനെ തിരിച്ചുപിടിക്കാൻ ശരീരം പിടയ്ക്കുന്നതുപോലെ പ്രിയപ്പെട്ടത് നഷ്ടപ്പെടുമെന്ന് തോന്നുമ്പോൾ അതിനെ തിരിച്ചു പിടിക്കാനുള്ള മനസ്സിന്റെ പിടച്ചിലാണ് ഉണ്ണിയുടെ കവിത എന്ന് പറയാം.

ചിത്രം വരയ്ക്കുന്ന വിധത്തിൽ ചില കാഴ്ചകളുടെ വൈവിധ്യങ്ങൾ കോറിയിട്ടിരിക്കുന്ന കവിതയാണ് 'അരികു പൊട്ടിയ വൃത്തം പോലൊരു കുട്ടി'. വയൽ പരപ്പിനപ്പുറം പൈക്കൾ മേയുന്ന പുൽമേടും അവിടെ നിൽക്കുന്ന മനുഷ്യന് ഒരുപിടി ചോറുമായി പോകുന്ന അരികുപൊട്ടിയ വൃത്തം പോലെയുള്ള കുട്ടിയും ഈ കവിതയിൽ പ്രത്യക്ഷമാകുന്നു.

'കുന്നുകയറിത്തിമിർക്കുന്ന പശുക്കൾ അയവെട്ടുമ്പോൾ
പശുവായിരുന്നെങ്കിൽ പതിവായി പുല്ലെങ്കിലും...' കഴിക്കാമായിരുന്നുവെന്ന ഉൾച്ചിന്തയിൽ ദാരിദ്ര്യത്തിന്റെ ബാല്യസ്വപ്നങ്ങൾ പ്രതിഫലിക്കുന്നു.

'ഒരു പശുവിൻ കവിൾ പിടിച്ച് മലകയറി
അതിനെ മേയ്ക്കലാണവന്റെ
ഞരമ്പുകൾ ഉണർന്ന് ത്രസിക്കും സ്വപ്നം' അതുപോലും യാഥാർത്ഥ്യമാകാതെ ഒടുവിൽ വഴിത്തോടിനരികിൽ വിതുമ്പി നിൽക്കുന്ന ഒരു തെരുവുപട്ടിയെ അരുമയായി സ്നേഹിച്ച് അതിന്റെ കവിൾ പിടിച്ച് അവൻ മല കയറുന്നു. എന്നാൽ അതൊരു തെരുവുപട്ടിയുമല്ല, ഒരു സ്വപ്നം മാത്രമായിരുന്നുവെന്ന് ഒടുവിൽ തിരിച്ചറിയുന്നു. അരികുപൊട്ടിയ വൃത്തമായി മാറുന്ന ബാല്യത്തിന്റെ നിരാശ്രയത്വവും നിസ്സഹായതയും ഈ കവിതയിൽ വെളിപ്പെടുന്നുണ്ട്. കോളനികളിൽ ജീവിക്കുന്ന മനുഷ്യരുടെ ദാരിദ്ര്യത്തിന്റെയും

വിശപ്പിന്റെയും ഞെട്ടിക്കുന്ന ആഖ്യാനമാണ് 'എസ്തപ്പാനോസ്'എന്ന കവിത. എസ്തപ്പാനോസ് മാത്രം ഭക്ഷണം കഴിച്ച് ഏമ്പക്കം വിടുന്ന കാഴ്ച കോളനിയിലെ കുട്ടികൾ കാണാറുണ്ട്. അവരാകട്ടെ കഴിക്കാൻ ഒന്നുമില്ലാതെ,

'അടുപ്പിലും തുടുപ്പിലും തൊട്ടുനോക്കി
പള്ള തടവി പ്നാറ്റും' മറ്റൊന്നും കിട്ടാതാകുമ്പോൾ പള്ളീലച്ചൻ കൊണ്ടു തരാറുള്ള തേമലിന്റെ വെള്ളപ്പൊടി പഞ്ചാരയാണെന്ന് സങ്കൽപ്പിച്ചു തിന്നുകയും വായും നാക്കും ചൊറിയുകയും ചെയ്യും. ചന്തികീറിയ നിക്കറുമിട്ട് പൊള്ളുന്ന മണലിലിരുന്ന് അപ്പം തരേണമേ എന്ന് കർത്താവിനോട് പ്രാർത്ഥിക്കുമ്പോൾ കഞ്ഞിവെള്ളമായാലും മതിയെന്ന് ശബ്ദം താഴ്ത്തി പറയും. തിരിച്ചുപോരുമ്പോൾ ഇറച്ചിയുടെ മണം വരുന്നതറിഞ്ഞ് എസ്തപ്പാനോസിന്റെ കുടിലിലൊളിച്ചു നിന്ന് മറപൊക്കി നോക്കുമ്പോൾ കറിച്ചട്ടിയിൽ കാഞ്ഞ് കാഞ്ഞ് കിടക്കുന്ന പെരുച്ചാഴിയെയാണ് കാണുന്നത്.

ഒരു ദിവസവും വിശന്നിരുന്നിട്ടില്ല എന്ന് കുട്ടികൾ കരുതുന്ന എസ്തപ്പാനോസ് വിശപ്പടക്കുന്നതെങ്ങനെയെന്ന് അവർ കണ്ടെത്തുമ്പോൾ ദാരിദ്ര്യവും പട്ടിണിയും മനുഷ്യനെ ഏത് അവസ്ഥയിലാണ് എത്തിക്കുന്നതെന്ന ചിത്രം പൂർണ്ണമാകുന്നു. വിശപ്പ് മൂത്ത് അരണയെ ചുട്ടു തിന്ന് മരിച്ചുപോകുന്ന കുട്ടികളെക്കുറിച്ച് എം. ആർ. രേണുകുമാർ 'ഐസ് ബ്രേക്കിംഗ്' എന്ന കവിതയിൽ ആവിഷ്ക്കരിക്കുന്നുണ്ട്. പാർശ്വവൽകൃതജീവിതങ്ങളുടെ വറുതിയും കെടുതിയും പൊള്ളുന്ന അനുഭവങ്ങളായി പുതുകവിതയിൽ കടന്നുവരുന്നത് പൊതുവായി കാണാവുന്ന ഒരു സവിശേഷതയാണ്.

സ്വന്തമായ ഒരു കുടിൽ സ്വപ്നം കാണുന്ന കുയിലിനെക്കുറിച്ചാണ് 'ദളിതം' എന്ന കവിത. അടവിരിഞ്ഞ അരുമയെ കാണാനാവാതെ മരങ്ങൾതോറും പറന്ന് ഹൃദയം പൊട്ടി നിലവിളിക്കുമ്പോൾ മറിച്ചുള്ള കൂക്കലിലൂടെ ഉപരിവർഗ്ഗം അതിനെ മുക്കിക്കളഞ്ഞ് രസിക്കുന്നവരാണ്.

'ഒരിക്കലും നിറവേറ്റാനാവാത്ത
ഒറ്റമുറിപ്രതീക്ഷകൾ
തലമുറയായ് കൊണ്ടുനടക്കുന്നവരെ
നിങ്ങൾക്ക് മനസ്സിലാകില്ല' എന്ന് തലചായ്ക്കാൻ സ്വന്തമായൊരിടമില്ലാത്തവരുടെ ആത്മരോദനം പ്രതിധ്വനിക്കുന്നു. കാലങ്ങളായി ഓരങ്ങളിലേക്ക് മാറ്റിനിർത്തപ്പെട്ട അധഃസ്ഥിതരുടെ പ്രതിനിധിയാണ് ഈ കുയിൽ. സ്വന്തമായി കൂരയില്ലാത്ത ഇവരുടെ മണ്ണിന്റെ ഗന്ധമുള്ള പാട്ടുകളെ അഭിജാതവർഗ്ഗം എക്കാലത്തും തങ്ങളുടെ വ്യവസ്ഥാപിത ശബ്ദത്തിന്റെ അപ്രമാദിത്വം കൊണ്ട് മുക്കിക്കളയുന്നു. ക്ലാസിക്കിനെ മഹത്വവൽക്കരിക്കുകയും നാടൻപാട്ടുകളെ തൃണവൽഗണിക്കുകയും ചെയ്യുന്ന അഭിജാതകലാധിനിവേശത്തിന്റെ ചരിത്രം കൂടി ഇവിടെ വെളിപ്പെടുന്നുണ്ട്.

സമകാലസാമൂഹികജീവിതത്തിന്റെ അടരുകളെ നിരീക്ഷിക്കുകയും അതിന്റെ സൂക്ഷ്മചലനങ്ങളെപ്പോലും സ്വാംശീകരിച്ച് നേരിയൊരു നർമ്മബോധത്തോടെ ആവിഷ്ക്കരിക്കുകയും ചെയ്യുന്ന കുറേയേറെ കവിതകൾ ഉണ്ണികൃഷ്ണന്റേതായിട്ടുണ്ട്. 'തോണി

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

മനുഷ്യർ' എന്ന കവിത കേരളീയർ കടന്നുപോയ പഴയ കാലത്തിന്റെ തത്വചിന്താപരമായ വിശകലനമാണ്. പ്രളയകാലാനുഭവത്തെ മുൻനിർത്തി മനുഷ്യന്റെ ദൈവസങ്കൽപത്തെ വിമർശനവിധേയമാക്കുകയാണ്. പ്രളയക്കെടുതിയിൽ ഒറ്റപ്പെട്ട് ആരാധനാലയങ്ങളിൽ കുടുങ്ങിപ്പോയ മനുഷ്യരെ രക്ഷപ്പെടുത്താൻ ഒരു ദൈവവും ഉണ്ടായിരുന്നില്ല. ഒടുവിൽ കടലിന്റെ മക്കളായ മനുഷ്യർ തോണിയുമായെത്തി ആളുകളെയും ആടുമാടുകളെയും രക്ഷപ്പെടുത്തി. അവസാനം ദൈവമെന്നാൽ പ്രതീക്ഷയെന്ന് വിശ്വസിച്ച ഒരു ജനത അവരെ ദൈവങ്ങളായി പ്രതിഷ്ഠിച്ചു എന്നാണ് ബോധ്യപ്പെടുന്നത്. ആരാധനാലയങ്ങളും അവയ്ക്കുള്ളിൽ ഉണ്ടെന്ന് പറയപ്പെടുന്നവരുമായ ദൈവങ്ങളൊന്നുമല്ല, മനുഷ്യരാണ് പ്രളയത്തിൽ അകപ്പെട്ടവർക്ക് രക്ഷകരായി മാറിയത്. ദൈവം എന്നത് മിഥ്യാസങ്കല്പമാണെന്നും ദൈവത്തിന്റെ പേരിൽ നടക്കുന്ന കിടമത്സരങ്ങളും ഏറ്റുമുട്ടലുകളും അർത്ഥശൂന്യവും പ്രാകൃതവും ആണെന്നു വളരെ ഭംഗിയായി ഈ കവിതയിൽ ധ്വനിപ്പിക്കുന്നുണ്ട്.

'ദൈവം പറയുന്നത്' എന്ന കവിത വർത്തമാനകാല ഇന്ത്യയുടെ രാഷ്ട്രീയസ്വഭാവഘടനയെയും ജനാധിപത്യവിരുദ്ധതയെയും ആഴമുള്ള നർമ്മത്തിലൂടെ അവതരിപ്പിക്കുന്നു. ദൈവമായി ജനിക്കുന്നെങ്കിൽ ജനാധിപത്യരാജ്യത്തു തന്നെ ജനിക്കണമെന്ന പ്രസ്താവത്തിലൂടെ നിലവിലുള്ള രാഷ്ട്രീയ അവസ്ഥയെ രൂക്ഷമായി പരിഹസിക്കുന്നു.

'അവതാരം പോലെ
ദൈവത്തെ തന്നെ
രക്ഷിച്ചെടുക്കാൻ
ഒരു കോടതി കൂട്ടുണ്ടാകും
ഭരണഘടനയും' എന്ന സാധൂകരണത്തിലെത്തുമ്പോൾ ജനാധിപത്യം പടിയിറങ്ങിപോകുന്നതിന്റെ ശബ്ദം നേർത്തുനേർത്ത് വരുന്നതായി അനുഭവപ്പെടും. ജനാധിപത്യരാജ്യമായിരിക്കുമ്പോൾ തന്നെ ദൈവത്തിന്റെ പേരിലുള്ള എന്താണെങ്കിലും നീതിയും നിയമവും ഒക്കെ നിഷ്പ്രഭമായി പോകുന്നതിന്റെ പരിഹാസ്യത ധ്വനിപ്പിക്കുന്നു. നിയമവിരുദ്ധമായി ഒരു വിഭാഗത്തിന്റെ ആരാധനാലയം തകർത്തു കളയുക; അതിന്റെ സ്ഥാനത്ത് നിയമത്തിന്റെ സഹായത്തോടെ മറ്റൊരു വിഭാഗത്തിന്റെ ദൈവത്തെ പ്രതിഷ്ഠിക്കുക. ജനാധിപത്യരാജ്യത്തെ നീതിന്യായ സംവിധാനങ്ങൾ പോലും തല തിരിഞ്ഞിരിക്കുന്ന അവസ്ഥയെ കരയണോ ചിരിക്കണോ എന്നറിയാൻ കഴിയാത്ത ഭാവത്തിലൂടെയേ അവതരിപ്പിക്കാനാകൂ. 'തൂപ്പുകാരി' എന്ന കവിത പരിതാപകരമായ സാഹചര്യങ്ങളിൽ മനുഷ്യർ അനുഭവിക്കുന്ന ജീവിതദുരിതങ്ങളുടെ ആഖ്യാനമാണ്. തൂപ്പുകാരിയായ അമ്മയുടെ ഈർക്കിൽപ്പിടിയിൽ നിന്ന് ഇടയ്ക്കിടയ്ക്ക് ഊർന്ന് വീണുപോകുന്ന മക്കളും മാൻഹോളിലെ കുഴിയിൽനിന്ന് മലം കോരി പൊന്തിവരുന്ന അപ്പനും അവർക്ക് മുന്നിലെ പ്രാരാബ്ധങ്ങളും ഇവിടെ ആവിഷ്ക്കരിക്കുന്നു. അമ്മ തൂത്ത് നടുനിവർത്തുമ്പോൾ ഒരില പിന്നെയും പാറി വീഴുന്നതാണ് കുട്ടികൾ ഉറക്കത്തിൽ കണ്ട് നിലവിളിച്ചു പോകുന്ന ഏക സ്വപ്നം. ഭാവിയെക്കുറിച്ച് നല്ല സ്വപ്നങ്ങൾ പോലും കാണാനാകാതെ ജീവിക്കേണ്ടി വരുന്ന അധഃസ്ഥിതരായ മനുഷ്യരുടെ ദയനീയതയാണ് ഇവിടെ തെളിയുന്നത്. 'കരച്ചിൽമല' എന്ന കവിതയിലും അമ്മ നഷ്ടപ്പെട്ട കുട്ടിയുടെ സങ്കടവും അനാഥത്വവും ആവിഷ്ക്കരിക്കുന്നു.

ഗവൺമെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

'അമ്മയെന്നാൽ അവനു മരിച്ചുപോയ
കരച്ചിലെന്നായിരുന്നു ഓർമ്മ'

മാജിക്കൽ റിയലിസത്തിന്റെ മാതൃകയിൽ യാഥാർത്ഥ്യവും ഫാന്റസിയും ഇടകലർത്തി പെരുകുന്ന കരച്ചിലുകളെല്ലാം ചേർന്ന് ഒരു വലിയ മലയായി തീരുന്നതിന്റെ ചിത്രം കാണിച്ചുതരുന്നു. അമ്മയുടെ കരച്ചിലുകൾ പെറുക്കിയെടുത്ത് മലയിലേക്ക് ഓടിക്കയറുന്ന വികൃതിക്കുട്ടിയുടെ താഴെക്കുള്ള വീഴ്ചയിൽ അവന്റെ കരച്ചിലിനെ ആർക്കെങ്കിലും പ്രതി ധ്വനിപ്പിക്കാമോ എന്ന കുസൃതി ചോദ്യത്തോടെ ഒരു കടങ്കഥയുടെ അന്തരീക്ഷം സൃഷ്ടി ക്കുന്നു.

പാരിസ്ഥിതികമായ വീക്ഷണം ഉൾക്കൊള്ളുന്ന കവിതയാണ് 'ഭൂഗോളതാപനം'. ഭൂമിയിൽ സ്വാഭാവികമായി സംഭവിച്ചുകൊണ്ടിരിക്കുന്ന ജീവിതചക്രത്തിന്റെ പ്രയാണവും പരിണാമ വും അവതരിപ്പിക്കുന്നു. സന്തുലിതമായ ഒരു താളത്തിലൂടെയും താനത്തിലൂടെയും ആണ് ഭൂമി മുന്നോട്ടുപോകുന്നത്. 'കാക്ക ചിക്കി ഭൂമി ഒരു വിത്തായി മുളയ്ക്കുന്ന'തും 'ഋതുക്കൾ മാറുമ്പോൾ പല ഫലങ്ങളായി അവ വളർന്ന് മുഴുക്കു'ന്നതും കാണാം. എല്ലാം അതിന്റെ ക്രമത്തിൽ മുന്നോട്ട് പോകുമ്പോഴാണ് മനുഷ്യന്റെ ആർത്തി ഒക്കെയും നശിപ്പിക്കുന്നത്.

'അരണമാണിക്യമെടുക്കാനായി
നമ്മളാർത്തി കൂട്ടുന്നു
തല്ലിയില്ലാണ്ടാക്കുന്നു
ഭൂവുരുകി മറയുന്നു' എന്നിങ്ങനെ മനുഷ്യന്റെ ദുരപൂണ്ട ഇടപെടലുകൾ പ്രകൃതിയുടെ നിസർഗ്ഗതാളത്തെ നശിപ്പിക്കുകയും ആഗോളതാപനം പോലെയുള്ള പ്രതിസന്ധികളി ലേക്ക് മനുഷ്യരാശിയെ കൊണ്ടെത്തിക്കുകയും ചെയ്യുന്നു. 'സാഹസിക ജീവിതങ്ങൾ' എന്ന കവിതയിലും മനുഷ്യനും പ്രകൃതിയുമാണ് പ്രമേയം. ലോകമാകുന്ന വൃക്ഷത്തിന്റെ ശിഖരത്തിൽ വീടുകൾ ഉണ്ടാക്കി സാഹസിക ജീവിതം നയിക്കുന്ന മനുഷ്യരാണ് ഇവിടെ ഉള്ളത്. വീട്ടിനുള്ളിൽ എല്ലാവരും ചേർന്നൊരുക്കുന്ന പ്രകൃതിയുടെ ദൃശ്യം ബിംബപ്രതീതി യിൽ അന്വയിക്കുന്നു. ഈ വീട്ടിലുള്ള ജീവിതം സാഹസികനായ ഒരു സഞ്ചാരിയുടേതു പോലെയാണ്. നക്ഷത്രങ്ങളും മലയും മഴയും കടലുമെല്ലാം ഉൾക്കൊള്ളുന്ന ലോകം എന്ന വീട്ടിലെ മനുഷ്യന്റെ ആവാസം ശരിക്കും ഒരു സാഹസികയാത്ര തന്നെയാണെന്ന് ധ്വനിപ്പിക്കുന്നു. 'വേവലാതി' എന്ന കവിതയിൽ,

'അപ്പനമ്മമാർ നൊന്ത് പ്രസവിച്ചതാണ്
ഓരോ വീടും' എന്ന പ്രസ്താവത്തിലൂടെ വീടെന്ന അഭയത്തെ മറ്റൊരു വിധത്തിൽ നോക്കിക്കാണുന്നു. ഉപഭോക്തൃസംസ്കാരത്തിന്റെ വ്യാപനഫലമായി രൂപപ്പെട്ട ഉപയോഗി തത്വത്തിലധിഷ്ഠിതമായ മനുഷ്യചിന്ത, വൃദ്ധരായ അപ്പനമ്മമാരെ വൃദ്ധസദനത്തിലേക്ക് മാറ്റുന്നതിന്റെ വേവലാതിയാണ് ഇവിടെ തെളിയുന്നത്. അപ്പനമ്മമാർ കഷ്ടപ്പെട്ടുണ്ടാക്കിയ വീട്ടിൽനിന്ന് അവരുടെ മക്കൾ തന്നെ അവരെ പുറത്താക്കുന്നതിന്റെ മൂല്യച്യുതി ദൃശ്യമാ കുന്നു. ലാഭനഷ്ടങ്ങളുടെ അടിസ്ഥാനത്തിൽ മാത്രം ജീവിതവീക്ഷണം രൂപപ്പെടുത്തുന്ന അപമാനവീകരണം സംഭവിച്ച മനുഷ്യാവസ്ഥയുടെ സങ്കടക്കാഴ്ചയാണ് ഈ കവിത.

ഗവണ്മെന്റ് കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

'ബുദ്ധൻ ഒരു പൊങ്ങച്ച ചിഹ്നം' എന്ന കവിത നീതിബോധത്തോടെ ജീവിക്കുന്ന മനുഷ്യനെക്കുറിച്ചുള്ള അന്വേഷണമാണ്. കോടതി പൂട്ടി എല്ലാവരും പോകുമ്പോൾ കോടതിയിൽ തനിച്ചാകുന്ന നീതിദേവത ബോറടി മാറ്റാൻ പുറത്തിറങ്ങി നടക്കുന്നു. വാദികൾ, പ്രതികൾ, വക്കീലന്മാർ എന്നിങ്ങനെ ലോകത്താകെ മൂന്നുതരം മനുഷ്യർ മാത്രമേയുള്ളൂ എന്ന് ദേവത ചിന്തിക്കുന്നു. അതിനിടയിൽ ഉരുണ്ടുവരുന്ന കാളവണ്ടിയുടെ ചക്രത്തിൽ ഒളിച്ചിരുന്ന അശോകചക്രത്തെ തിരിച്ചറിഞ്ഞ് അതിനെയും കൂട്ടി ദേവത കിന്നാരം പറഞ്ഞു നടന്നു. ഈ മൂന്ന് വിഭാഗത്തിലല്ലാത്ത മനുഷ്യരെ കാണാൻ, നദീതീരത്തുള്ള രണ്ട് വീടുകളിൽ ഒന്നിൽ അങ്ങനെ ഒരാൾ ഉണ്ടാകുമെന്ന് ചക്രം പറയുന്നു. ഒന്നാമത്തെ വീടിന്റെ ചുമരിൽ ഒരു ബുദ്ധന്റെ ചിത്രം കാണുകയും രണ്ടാം വീടിന്റെ അടുക്കളജനലിലൂടെ മീൻവലവിരിച്ചിട്ട മണം അനുഭവപ്പെടുകയും ചെയ്യുന്നു. ഒടുവിൽ ബുദ്ധനെ പലരും ഒരു പൊങ്ങച്ച ചിഹ്നമായാണ് ഉപയോഗിക്കുന്നത് എന്ന് വ്യക്തമാക്കിയ ദേവത 'മീൻവലമണത്തിന് മൂക്കു കൊടുത്തു'. ധ്യാനത്തിലല്ല, കർമ്മത്തിലാണ് യഥാർത്ഥ മനുഷ്യൻ രൂപപ്പെടുന്നതെന്നും അവിടെയാണ് നീതിബോധമുള്ള മനുഷ്യർ ഉണ്ടാകുന്ന തെന്നും സ്പഷ്ടമാക്കുകയാണ് ഇവിടെ. നിയമവും കോടതിയും ഒക്കെ കർമ്മനിരതമായ മനുഷ്യരോടൊപ്പം ആണ് നിലകൊള്ളേണ്ടതെന്നും പുറംമോടിയുടെ പൊങ്ങച്ചങ്ങളെ അവഗണിക്കണമെന്നും വ്യക്തമാക്കുന്നു.

'പരാദസസ്യങ്ങൾ' എന്ന കവിത തികച്ചും ആത്മനിഷ്ഠമായ ഒരാഖ്യാനമാണ്. ദോഷൈകദൃക്കുകൾ മറ്റുള്ളവരുടെ ജീവിതത്തെ താറടിച്ചു കാട്ടുന്നതിന്റെ ആത്മരോഷം ഇവിടെ പ്രകടമാകുന്നു. ഒപ്പം നിൽക്കുകയും തന്ത്രപരമായി മെല്ലെ മെല്ലെ പലവിധത്തിൽ ഇല്ലാതാക്കാൻ ശ്രമിക്കുകയും ചെയ്യുന്ന ചില മനുഷ്യരെ കുറിച്ചാണ് ഇവിടെ പരാമർ ശിക്കുന്നത്. ഈ പരാദസസ്യങ്ങളായ സുഹൃത്തുക്കൾ മനുഷ്യനിലെ അധമത്വമാണ് വെളിപ്പെടുത്തുന്നത്. അദൃശ്യനായ ശത്രുവായി ഒപ്പം നിൽക്കുന്ന ഇത്തരം സുഹൃത്തു ക്കളുടെ ശല്യം എല്ലാവരുടെയും ജീവിതത്തിൽ സംഭവിക്കുന്നതാണ്. നിസ്വാർത്ഥമായി സ്നേഹിക്കാൻ തയ്യാറാകാത്ത മനുഷ്യരോടുള്ള പ്രതിഷേധമാണ് ഇവിടെ പ്രകടമാകുന്നത്. നിത്യസങ്കടങ്ങളിൽ ജീവിക്കുന്ന മനുഷ്യൻ സത്യത്തിൽ താൻ ജീവിക്കുക തന്നെയാണോ എന്നുപോലും മറന്നുപോകുന്ന അവസ്ഥയിലെത്തിച്ചേരാമെന്ന് 'സങ്കടമണം' എന്ന കവിതയിലൂടെ ആവിഷ്കരിക്കുന്നു. ഓരോരോ പ്രവർത്തികളിലൂടെ സങ്കടങ്ങളുടെ ഭാരത്തെ ലഘൂകരിക്കാനുള്ള നിരന്തരശ്രമമായിരിക്കും അവൻ നടത്തുന്നത്.

'ദീർഘനിശ്വാസമെടുത്ത്
കാലുകൾ
ജനൽ കമ്പികൾക്കിടയിലേക്ക് തിരുകി
നടുവൂന്നിക്കിടക്കും
ഓരോ ഓർമ്മകൾ എന്നപോലെ
മുടികൾ എണ്ണിയെണ്ണി പിഴുതെടുക്കും
ഓർത്തോർത്ത് കിടക്കുമ്പോൾ
മയങ്ങിപ്പോകും.' ഇങ്ങനെ ഒരു സർക്കസ് മാതൃകയിൽ അതിജീവനത്തിന്റെ ബഹുപാഠങ്ങളിലൂടെ മുന്നോട്ടു പോകും. 'ദഹനം' എന്ന കവിത സ്വന്തം മരണത്തെ ഭാവനാത്മകമായി

ഗവൺമെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

അവതരിപ്പിക്കുന്നതാണ്. സ്വന്തം മരണവും അതിനെ തുടർന്നുണ്ടാകുന്ന കുടുംബാന്തരീക്ഷവും ഒക്കെ ഭാവന ചെയ്യുന്നത് കവികൾക്ക് ഒരു ലഹരിയാണ്. മരണത്തിന്റെ ദുരന്താനുഭവത്തെ ലഘൂകരിക്കാനുള്ള കാവ്യചികിത്സയാണിത്.

'അധ്യാപകൻ' എന്ന കവിത നിലവിലിരിക്കുന്ന അധ്യാപക സങ്കൽപത്തെയും അതുമായി ബന്ധപ്പെട്ട പൊതുബോധത്തെയും പരിഹസിച്ച് പരിക്കേൽപ്പിക്കുന്ന ഒന്നാണ്. അധ്യാപകൻ എന്ന ബിംബത്തെ കീഴ്മേൽമറിച്ച് വിശകലനം ചെയ്യുന്നു. ക്ലാസ് മുറികളിലെ പരമാധികാരിയും ജനാധിപത്യവിരുദ്ധനുമായ അധ്യാപകൻ സത്യത്തിൽ എത്ര താഴെത്തട്ടിലാണ് നിൽക്കുന്നതെന്ന് ഇവിടെ തെളിയുന്നുണ്ട്. പരമ്പരാഗത വിദ്യാഭ്യാസസമ്പ്രദായത്തിലെ അധ്യാപകകേന്ദ്രീകൃത നിലപാടുകളും സ്നേഹശൂന്യവും ജനാധിപത്യവിരുദ്ധവുമായ പഠന രീതികളും പലർക്കും പൊള്ളലുണ്ടാക്കുന്ന വിധത്തിൽ ഇവിടെ ആവിഷ്ക്കരിക്കുന്നു. പലതരം ശിക്ഷാവിധികളിലൂടെയാണ് അധ്യാപകൻ കുട്ടികളെ തന്റെ അധീനതയിലാക്കാൻ ശ്രമിച്ചിരുന്നത്. ചെവിക്കു പിടിച്ച് കിഴുക്ക്, കക്ഷത്തിൽ നഖം ചേർത്തു നുള്ളൽ, ചൂരൽ പ്രയോഗം, സ്റ്റാഫ് റൂമിൽ കൊണ്ടുപോയി കോടതി കളിക്കൽ, വീട്ടുകാരെ വിളിപ്പിക്കൽ, പ്രണയത്തെ കശക്കിയെറിയൽ, നോട്ടുബുക്ക് വലിച്ചെറിയൽ തുടങ്ങിയ കലാപരിപാടികളൊക്കെ അവർ ആവർത്തിക്കുമ്പോഴും കുട്ടികൾ നിറച്ചുണ്ട സമൃദ്ധിയോടെ ചിരിക്കുകയാണ് ചെയ്യുന്നത്.

'എന്നെങ്കിലും നിങ്ങൾ
നന്നാകുമെന്ന് വിചാരത്തിൽ
ഞങ്ങളിൽ നിന്ന്
നന്മ പഠിക്കുമെന്ന പ്രതീക്ഷയിൽ'

യഥാർത്ഥത്തിൽ കുട്ടികളോട് കാരുണ്യരഹിതമായി പെരുമാറുന്ന ക്ലാസ് മുറിയിലെ അധ്യാപകർ, തങ്ങളുടെ അധികാരപ്രയോഗങ്ങളിലൂടെ അധ്യാപകനാവുകയാണെന്ന് ആക്ഷേപഹാസ്യത്തിൽ ഇവിടെ ആവിഷ്ക്കരിക്കുന്നു. കുട്ടികളുടെ ക്ഷമയും സഹനവുമൊക്കെ അധ്യാപകർക്ക് പഠിക്കാനുള്ള ചില പാഠങ്ങളെ ഓർമ്മപ്പെടുത്തുകയാണ് ചെയ്യുന്നത്. 'സംശയം' എന്ന കവിത നമ്മുടെ സമൂഹത്തിൽ ഇപ്പോഴും നിലനിൽക്കുന്ന സദാചാര നിരീക്ഷണത്തിനെതിരായ പരിഹാസമാണ്. അടുത്തിരിക്കരുതെന്നും പരസ്പരം കൈകോർക്കരുതെന്നും ചുണ്ടുകൾ തമ്മിൽ തൊട്ടേ പോകരുതെന്നും ശഠിക്കുന്ന കൊറോണ, സദാചാരം തലയ്ക്കുപിടിച്ച അമ്മാവന്റെ പുനർജന്മമാണോയെന്ന് പരിഹാസഭാവത്തിൽ കവി ചോദിക്കുന്നു. ആണും പെണ്ണും തമ്മിൽ പരസ്പരം നോക്കിയാലോ സംസാരിച്ചാലോ ഉടൻ സദാചാര നിരീക്ഷണം നടത്തി തീർപ്പുകൽപ്പിക്കുന്ന മനോഭാവത്തിൽ നിന്ന് നമ്മുടെ സമൂഹം ഇതുവരെ മാറിയിട്ടില്ല. 'തിരക്ക്' എന്ന കവിതയിൽ ആത്മഹത്യാപ്രലോഭനത്തെ അതിജീവിക്കുന്ന മനുഷ്യന്റെ തിരക്കുകളെക്കുറിച്ച് പറയുന്നു. പ്രലോഭനങ്ങളുടെ കടലായ വീട്, അതിലെ ഓരോ ഉപകരണങ്ങളെക്കൊണ്ടും മനുഷ്യനെ പ്രലോഭിപ്പിക്കുന്നു. മച്ചിലെ ഫാൻ, വേനലിലെ കിണർ, അടുക്കളയിലെ കറിക്കത്തി, ഗ്യാസ് സിലിണ്ടർ, പപ്പടം കുത്തി, ഇലക്ട്രിക്ക് സ്വിച്ചുകൾ തുടങ്ങിയവയൊക്കെ ആത്മഹത്യയ്ക്കുള്ള പ്രലോഭനങ്ങളുമായി നിൽക്കുമ്പോൾ, തിരക്ക് കാരണം അതൊന്നും ശ്രദ്ധിക്കാൻ

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

കഴിയാതെ പോകുന്നതുകൊണ്ടാണ് ഇപ്പോഴും ജീവിച്ചിരിക്കുന്നത്. എപ്പോഴും കർമ്മോത്സുകരായിരിക്കുന്നതിലൂടെ ഇത്തരം നെഗറ്റീവ് ചിന്തകളിൽ നിന്ന് മനുഷ്യന് രക്ഷപ്പെടാനാവുമെന്ന് കവി നിരീക്ഷിക്കുന്നു. 'മടിചൂടാമന്നൻ' എന്ന കവിതയിൽ മടി ആർഭാടമാണെന്നും ഓരോന്നും മാറ്റിവെച്ച്, മാറ്റിവെച്ച് സ്വയം ഒരു മടിചൂടാമന്നനായെന്നും ഒരുവൻ ധരിക്കുന്നു. തണൽച്ചുവടുകളിലെല്ലാം ഉറങ്ങാമെന്ന ആലസ്യത്തിന്റെ പാഠം പഠിച്ച അവനോട് ആർഭാടം കാട്ടി ജീവിച്ചവരൊന്നും അതിജീവിച്ചവരുടെ ചരിത്രത്തിൽ ഇടം നേടിയിട്ടില്ലെന്ന വാക്യം പറഞ്ഞുകൊടുക്കുന്നു. മടിപിടിച്ച മനുഷ്യന്റെ കർമരാഹിത്യം വിജയം വരിക്കാനുള്ള അഭിവാഞ്ഛയെ തടയുന്നതാണെന്ന് ധ്വനിപ്പിക്കുന്നു. 'തൊട്ടു തൊട്ടാറ്റൽ' എന്ന കവിതയിൽ പ്രണയത്തിന്റെ ഇണക്കവും പിണക്കവും ശരീരത്തെയും മനസ്സിനെയും തപിപ്പിക്കുകയും തണുപ്പിക്കുകയും ചെയ്യുന്നതിന്റെ സാന്ദ്രമായ ആവിഷ്ക്കാരമാണ്. അഭയമാകാൻ ഒരാൾ എന്ന ആഗ്രഹത്തിന്റെ പുറത്തു തുടങ്ങിയ പ്രണയം അതിന്റെ കൊടുമുടിയിൽ എത്തുന്നു. പ്രണയകാലത്തിനൊടുവിൽ ശരീരങ്ങൾ തമ്മിലുള്ള ചേർച്ചയിൽ അവർ ഒന്നായി. പ്രണയത്തിൽ നിന്ന് രതിയിലേക്കും, അനന്തരം പ്രണയത്തിന്റെ ഭാവാന്തരങ്ങളിലേക്കും എത്തിപ്പെടുന്നു. ഒടുവിൽ,

'ഇരുവിരലുകൾ ചേർത്ത്
മനസ്സ് മീട്ടിയൊരു
തൊടൽ തൊടുന്നു
തൊട്ട് തൊട്ടാറ്റുന്നു' എന്ന അനുഭവത്തോടെ പ്രണയവും രതിയും പരസ്പരം വേർപെടുത്താനാവാത്ത വിധം മനുഷ്യരെ ബാധിക്കുന്നതിന്റെ സാക്ഷ്യം വിളിച്ചുപറയുന്നു.

ദൈനംദിന ജീവിതത്തിലെ ചെറുതും വലുതുമായ അനുഭവപ്പൊടിപ്പുകളെ തന്റെ നിരീക്ഷണത്തിന്റെ കാവ്യനിലമൊരുക്കിവച്ച് നട്ടുനനച്ചെടുക്കുന്ന കലാവിദ്യ പി. എസ്. ഉണ്ണികൃഷ്ണന്റെ കവിതകളെ ശ്രദ്ധേയമാക്കുന്നു. തലക്കെട്ട് നോക്കി ഇതൊക്കെ കവിതയ്ക്ക് വിഷയമായി തീരുമോയെന്ന് സന്ദേഹത്തോടെ വായിച്ച് പോകുമ്പോഴാണ് കവിതയുടെ നടനലാവണ്യം നമ്മളെ ആകർഷിക്കുന്നത്. ആശയങ്ങൾക്കും ഭാവങ്ങൾക്കും അനുയോജ്യമായ കാവ്യഭാഷ സൃഷ്ടിച്ച് ലാവണ്യാനുഭവത്തെയും രാഷ്ട്രീയ അനുഭവത്തെയും സമീപിക്കുവാൻ ഉണ്ണികൃഷ്ണൻ പുലർത്തുന്ന കയ്യടക്കം എടുത്തു പറയേണ്ടതാണ്. വാക്കുകളെയും പ്രയോഗങ്ങളെയും ചില സന്ദർഭങ്ങളിൽ അപനിർമ്മിച്ച് അപ്രതീക്ഷിതമായ ഭാവപരിസരങ്ങളിലേക്ക് അനുവാചകരെ കൊണ്ടെത്തിക്കുന്നത് കാണാം. പ്രാദേശികതയുടെയും നാട്ടുവഴക്കത്തിന്റെയും കുസൃതി നിറഞ്ഞ ചില പദപ്രയോഗങ്ങൾ ഉണ്ണിയുടെ കവിതകളിലുണ്ട്. സമകാല മലയാളകാവ്യലോകത്ത് കവികളുടെയും കവിതകളുടെയും കവിഞ്ഞൊഴുകലിന്റെ ആരവം മുഴങ്ങുമ്പോൾ മിതവും സാരവുമായ വചനങ്ങളാൽ ചെറിയ ഒച്ചയുണ്ടാക്കി ഒഴുകുന്ന ഉണ്ണിയുടെ കവിതകൾ ശ്രദ്ധയർഹിക്കുന്നുണ്ട്.

സംഭാഷണപരതയും ആത്മഭാഷണപരതയും രൂപ മാതൃകയായി സ്വീകരിക്കുമ്പോൾ ത്തന്നെ സംവാദാത്മകമായ ഒരു അനുഭവതലം കൂടി ദൃശ്യമാകുന്നു. ഒറ്റ വായനയിൽ ഹൃദയത്തിലേക്ക് കിനിഞ്ഞിറങ്ങുന്ന കാവ്യഭാഷയുടെ സാന്ദ്രത വേറിട്ട കാവ്യാനുഭവമായി നമ്മെ ഉണർത്തുന്നു.

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

# ബലിപീഠവും ഉടൽജീവിതവും : സ്വത്വാവിഷ്കാരത്തിന്റെ രാഷ്ട്രീയലോകം
## (സാറാജോസഫിന്റെ നോവലുകളുടെ വായന)

**ഡോ. സ്മിതാ ഡാനിയേൽ എസ്.എൽ**
അസി. പ്രൊഫസർ, മലയാള വിഭാഗം, സി.എം.എസ്. കോളെജ്, കോട്ടയം

**പ്രബന്ധസംഗ്രഹം**

ഉത്തരാധുനിക സാഹിത്യസിദ്ധാന്തങ്ങളിൽ ശ്രദ്ധേയമായ ചിന്താധാരയാണ് സ്വത്വവാദം. സംസ്കാരപഠനമേഖലയിൽ നിന്നുയിർകൊണ്ട സ്വത്വവാദ നിരീക്ഷണങ്ങൾക്ക് ഫ്രോയിഡിന്റെ മനോവിജ്ഞാനീയവുമായും യുങിന്റെ മനഃശാസ്ത്രതത്വങ്ങളുമായും ഏറെ ബന്ധമുണ്ട്. സ്വത്വരൂപീകരണത്തിന്റെ ഭൗതിക സാഹചര്യങ്ങളായ ജാതി, മതം, രാഷ്ട്രീയം തുടങ്ങിയ ഘടകങ്ങളിലൂടെ വ്യാപരിക്കുന്ന ലക്കാന്റെ ദർശനത്തിൽ സ്വത്വത്തെ ഒരു പ്രക്രിയയായി വില യിരുത്തുന്നു. സ്വത്വവും അപരവും (Self and other) എന്ന ഏകീഭാവ വിവക്ഷ യിൽ അപരം മാഞ്ഞുപോകുകയും സ്വത്വം തെളിഞ്ഞു വരികയുമാണെന്ന് ലക്കാൻ അഭിപ്രായപ്പെടുന്നു. സംവാദനിഷ്ഠമാണ് (dialogic) സ്വത്വം എന്ന ബക്തിന്റെ കണ്ടെത്തലും സ്വത്വത്തെക്കുറിച്ചുള്ള സൈദ്ധാന്തിക പഠനങ്ങളിൽ വെളിപ്പെടുന്നു. സ്വത്വത്തിന്റെ സൈദ്ധാന്തികമാനങ്ങളും സ്വത്വനിർമ്മിതി ഘടകങ്ങളും മുൻനിർത്തി സാറാജോസഫിന്റെ നോവലുകളെ പഠനവിധേയമാക്കുന്നതാണ് ഈ പ്രബന്ധം. സ്വത്വത്തിലെ ബഹുസ്വരത ഈ നോവലുകളിൽ എങ്ങനെയെല്ലാം കടന്നു വരുന്നുവെന്ന അന്വേഷണമാണിതിൽ പ്രധാനം. സാറാജോസഫിന്റെ നോവലുകളെ സമഗ്രമായി അപഗ്രഥിച്ച് ഓരോ ഘടക ങ്ങളെയും വിചിന്തന വിധേയമാക്കാൻ പ്രബന്ധം ലക്ഷ്യമിടുന്നു. പുതുവായന യുടെ സാധ്യതകളിലേക്ക് കടന്നുചെല്ലാനുള്ള സൂചകങ്ങളും പഠനമേഖലകളും ഇതിൽ ഉൾപ്പെടുന്നു.

***താക്കോൽവാക്കുകൾ:*** സ്വത്വം (self), സ്വത്വരാഷ്ട്രീയം, സ്വത്വവാദം, അപരത്വം (otherness), സംവേദനം (communication), സംവാദനിഷ്ഠം (dialogic).

## സ്വത്വരാഷ്ട്രീയം : സൈദ്ധാന്തികഭൂമിക

ആധുനികോത്തര സിദ്ധാന്തങ്ങളുമായി ബന്ധപ്പെട്ട ഒരു ചിന്താപദ്ധതിയാണ് സ്വത്വബോധപഠനം. ജീവിതത്തിന്റെ സമസ്ത വ്യവഹാരമണ്ഡലങ്ങളെയും സ്പർശിക്കുന്ന മേഖലയാണത്. സാംസ്കാരികവും സാമൂഹികവുമായ മാനങ്ങളുള്ള സ്വത്വാവബോധം കുറെയൊക്കെ പാരമ്പര്യബദ്ധമാണ്. കൂടാതെ കാലദേശാനുഭവങ്ങളും സ്വത്വവാദത്തിൽ ഉൾച്ചേർന്നിട്ടുണ്ട്. മനുഷ്യന്റെ സങ്കീർണവും വിശാലവുമായ അനുഭവപാഠങ്ങൾ, അവ സൃഷ്ടിക്കുന്ന കാഴ്ചപ്പാടുകൾ കാലദേശാവസ്ഥാഭേദങ്ങൾ ഒക്കെ സ്വത്വബോധത്തിൽ പ്രകടമാകുന്നു. വ്യക്തിയുടെ നിരീക്ഷണങ്ങളെയും വിചാരങ്ങളെയും വിശ്വാസങ്ങളെയും ഏകോപിപ്പിക്കുന്ന സ്വത്വത്തിന് സാംസ്കാരിക പഠനമേഖലയിലും ആധുനികാനന്തര സാഹിത്യസിദ്ധാന്തതലത്തിലും ശ്രദ്ധേയമായ അർഥവ്യാപ്തി കൈവന്നിട്ടുണ്ട്.

മനുഷ്യനിലെ വ്യത്യസ്തതയെ കുറിക്കുന്ന ഒരു ഉൾക്കാഴ്ചയാണ് സ്വത്വം. "വ്യക്തി മനഃസത്തയുടെയും സമൂഹമനഃസത്തയുടെയും സംയുക്തമാണ്"[1] അതെന്ന് വിലയിരുത്തപ്പെട്ടിട്ടുണ്ട്. ഒരു വ്യക്തിയുടെ ആന്തരികമനോനിലയെ സൂചിപ്പിക്കുന്ന പദമായും സ്വത്വത്തെ നിർവചിക്കാം. ഓരോ വ്യക്തിയിലും സ്ഥിരമായി നില്ക്കുന്ന അംശങ്ങളുടെ തലമെന്നും അതിനെ വ്യാഖ്യാനിക്കാവുന്നതാണ്. വ്യക്തിക്കു തന്നെക്കുറിച്ചുള്ള അവബോധമാണ് സ്വത്വത്തിനടിസ്ഥാനം. 'ഉദ്ദീപ്തമായ അനന്യതയെക്കുറിച്ചുള്ള കർത്തൃബോധം"[2] എന്ന് എറിക്സൺ സ്വത്വത്തെ നിർവചിക്കുന്നു. ഇത് അനന്തമായി തുടരുന്ന പ്രക്രിയയാണ്. പ്രതിനിധാനമാണ്, തിരിച്ചറിവാണ്.

സ്വത്വബോധത്തെക്കുറിച്ചുള്ള ദാർശനികചിന്ത ഉരുത്തിരിഞ്ഞത് ഉത്തരാധുനിക കാലഘട്ടത്തിലാണ്. സ്വയം തിരിച്ചറിയുന്നതോടൊപ്പം താൻ ജീവിക്കുന്ന സമൂഹത്തിലെ അസമത്വങ്ങൾ തിരിച്ചറിയാനും തുടങ്ങുന്ന അവസ്ഥയാണിത്. വ്യക്തിയുടെ ബോധാത്മകത, തങ്ങളുടെ യഥാർത്ഥ സ്വത്വത്തെപ്പറ്റി യാതൊരു ബോധവുമില്ലാത്ത സ്ഥിതിയിൽ നിന്നു ക്രമേണ മുന്നോട്ട് പ്രയാണം ചെയ്യുന്നു. തിരിച്ചറിവുകളിലൂടെയുള്ള ഈ യാത്രയിൽ ഓരോ ജനവിഭാഗവും തങ്ങളുടെ ആന്തരികചേതനയിൽ വൈയക്തികവും സാംസ്കാരികവുമായ സ്വത്വത്തിന്റെ തലമുണ്ടെന്ന് കണ്ടെത്തുന്നു. ദേശ-വർഗ-വംശ-ജാതി, സ്വത്വങ്ങൾ രൂപപ്പെടുന്നതിന്റെ സാംസ്കാരിക പരിസരമിതാണ്. ഭിന്നമാനങ്ങളിൽ നിലകൊള്ളുന്ന സ്വത്വരാഷ്ട്രീയസങ്കല്പനത്തിന് പാരമ്പര്യബദ്ധമായ വ്യത്യസ്ത സാംസ്കാരികാവസ്ഥകളുമായി സമന്വയമുണ്ട്. വൈവിധ്യമാർന്ന സാംസ്കാരികത്തനിമകളെ തനതു സ്വത്വത്തോടു ലയിപ്പിക്കാനുള്ള യത്നവും സ്വത്വനിർമ്മിതിയിൽ അന്തർലീനമാണ്.

സ്വത്വരാഷ്ട്രീയത്തിന്റെ അർത്ഥവിവക്ഷകളിൽ ഇടംനേടിയ ഒരു സംജ്ഞയാണ് സ്വത്വപ്രതിരോധം. സാംസ്കാരികമായ സ്വത്വാന്വേഷണത്തിൽ സ്വന്തം സ്ഥാനം കണ്ടെ

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

ത്താൻ നടത്തുന്ന ശ്രമമാണിതിന് നിദാനം. സ്വത്വനിഷേധത്തിനും അടിച്ചമർത്തലിനും വിധേയമാക്കപ്പെട്ട സമൂഹത്തിന്റെ തിരിച്ചറിവുകളാണ് പ്രതിരോധ നിലപാടായി ഉയരുന്നത്. വർഗബോധത്തിന്റെ തനിമകളെ തിരിച്ചറിയുന്നതിലൂടെയും സ്വത്വപ്രതിരോധം ശക്തമാകാറുണ്ട്. പൊതുസ്വത്വബോധത്തിന്റെ സാധ്യതകളും ഇതിന്റെ ഭാഗമായി വിലയിരുത്തപ്പെടണം. ഒരു പ്രത്യേക സ്വത്വത്തിന്റെ അടിസ്ഥാനത്തിൽ ജനങ്ങൾ അനുഭവിക്കേണ്ടിവരുന്ന പ്രശ്നങ്ങളും അടിച്ചമർത്തലുകളുമാണ് പൊതുസ്വത്വബോധത്തിൽ വരുന്നത്. സമൂഹത്തിലെ ചൂഷിതജനവിഭാഗത്തിന്റെ പ്രതിരോധത്തിൽ നിന്നുയിർക്കൊള്ളുന്ന പൊതുസ്വത്വബോധത്തിൽ പ്രാന്തവത്ക്കരിക്കപ്പെടുന്ന ജനതയുടെ അവബോധങ്ങളും പരിസ്ഥിതിവിചിന്തനങ്ങളും ഉൾപ്പെടുന്നു. സ്ത്രീകൾ അനുഭവിക്കേണ്ടിവരുന്ന ലിംഗവിവേചനവും ദളിതർ അനുഭവിക്കേണ്ടിവരുന്ന ജാതിവിവേചനവും ഗോത്രജനതയ്ക്കു നേരെയുള്ള അടിച്ചമർത്തലും സ്വത്വരാഷ്ട്രീയ പരിസരത്തിൽ പ്രശ്നവൽക്കരിക്കപ്പെടുന്നത് ഈ ബോധ്യത്തിൽ നിന്നാണ്.

ഭിന്നതട്ടുകളിൽ നിലകൊള്ളുന്ന പൊതുസ്വത്വമേഖലയിൽ സ്ത്രീസ്വത്വാവിഷ്കാരത്തിന് ഏറെ പ്രാധാന്യം കൈവന്നിട്ടുണ്ട്. ആൺകോയ്മയുടെ വ്യവഹാരമണ്ഡലത്തിനകത്ത് ബലിപീഠമാക്കപ്പെടുന്ന ഉടൽജീവിതങ്ങളുടെ നേർക്കാഴ്ചകൾ തേടുന്നിടത്താണ് സ്ത്രീസ്വത്വനിർമ്മിതി യാഥാർത്ഥ്യമാകുന്നത്. ലിംഗപരമായും ഭാഷാപരമായും ദേശപരമായും ചൂഷണവും അടിച്ചമർത്തലും അനുഭവിക്കേണ്ടിവരുന്ന സ്ത്രീ, പുരുഷാധിപത്യവ്യവസ്ഥാക്രമത്തെ പ്രതിരോധിക്കുകയും തന്റെ അനുഭവകേന്ദ്രത്തിൽ നിന്നുകൊണ്ട് അതിനെ പുനർനിർവചിക്കുകയും ചെയ്യുന്നു. സ്വത്വാവിഷ്കാരത്തിന്റെ ഈ രാഷ്ട്രീയപരിസരത്തെ യാഥാർത്ഥ്യബോധത്തോടെ അന്വേഷിക്കാനുള്ള ശ്രമമാണ് സ്ത്രീസ്വത്വനിർമ്മിതിയിലും സ്ത്രീവാദചിന്താഗതിയിലും ഉൾച്ചേർന്നിരിക്കുന്നത്.

അപരത്വ(otherness)ത്തിനു മുന്നിൽ വെളിപ്പെടാൻ മനുഷ്യനെ നിർബന്ധിക്കുന്ന കാലമാണ് ആധുനികോത്തരതയുടേത്. 'സ്ത്രീ സ്വത്വബോധത്തിലെ അപരത (otherness) യുടെ പ്രതിനിധാനം അവളുടെ ശരീരമാണെന്ന്'[3] ലൂസി ഇറിഗാറെ അഭിപ്രായപ്പെടുന്നു. സ്ത്രീ സ്വത്വാവിഷ്കാരത്തിൽ ഭാഷയ്ക്കുള്ള പ്രാധാന്യം ഉറപ്പിച്ചുകൊണ്ട് സ്ത്രീ സർഗ്ഗശക്തിയുടെ ഔന്നത്യം ബോധ്യപ്പെടുത്തിയത് ജൂലിയ ക്രിസ്തേവയാണ്. സ്ത്രീയനുഭവങ്ങളുടെ തീക്ഷ്ണത വെളിപ്പെടുത്താൻ അവൾ ഉപയുക്തമാക്കേണ്ട ഭാഷയും സ്വത്വരാഷ്ട്രീയലോകത്തിൽ വെല്ലുവിളി ഉയർത്തുന്നു. സ്ത്രീയിൽ രണ്ടുതരം സ്വത്വബോധം പ്രകടമാണ്. ഒന്ന് യാഥാസ്ഥിതിക സ്വത്വം. മറ്റൊന്ന് തനിമയാർന്ന സ്വത്വം. ഇവ തമ്മിലുള്ള തീവ്രസംഘർഷം സ്വത്വാവിഷ്കാരമണ്ഡലത്തിൽ സവിശേഷമായി വെളിപ്പെടാറുമുണ്ട്. ദേശപരമായും സ്ത്രീ സ്വത്വസംഘർഷമനുഭവിക്കുന്നു. ജനിച്ചു വളർന്ന നാടും പ്രകൃതിയും വിട്ട് അന്യദേശത്ത് പോകേണ്ടിവരുന്ന സ്ത്രീ നേരിടുന്ന ദേശസ്വത്വ പ്രശ്നങ്ങളും ഇതിൽ പ്രധാനമാണ്. ഇങ്ങനെ സ്വത്വാവിഷ്കാരത്തിന്റെ രാഷ്ട്രീയ പരിസരത്തിൽ നിലകൊള്ളുന്ന ലിംഗ ഭാഷ ദേശ സ്വത്വനിർമ്മിതികളെ സാറാജോസഫിന്റെ നോവലുകളെ മുൻനിർത്തി വിശകലനം ചെയ്യുന്നതിന് സാംഗത്യം ഏറെയുണ്ട്.

ഗവൺമെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

## ലിംഗസ്വത്വവിചിന്തനങ്ങൾ

സ്വത്വരാഷ്ട്രീയത്തിന്റെ ഭിന്നതലങ്ങളെ സ്ത്രീവീക്ഷണത്തിലൂടെ പരിശോധിക്കുന്ന വയാണ് സാറാജോസഫിന്റെ നോവലുകൾ. ലിംഗപരമായ വ്യവസ്ഥിതികളും അവ വെളിപ്പെടുത്തുന്നതിനുപയുക്തമായ ഭാഷാപദങ്ങളും ചിഹ്നങ്ങളും പ്രതീകങ്ങളും സാറാജോസഫ് എഴുത്തിൽ പ്രയോഗിച്ചിട്ടുണ്ട്. സ്ഥലകാലചിത്രീകരണത്തിലും ദേശസംസ്കാരത്തിന്റെ തുറന്നെഴുത്തിലും തന്റേതായ നിലപാട് വ്യക്തമാക്കാൻ സാറാജോസഫ് ശ്രമിക്കുന്നു. 'ആലാഹയുടെ പെൺമക്കൾ' മുതൽ 'ബുധിനി' വരെയുള്ള നോവലുകളിൽ സ്വത്വാവബോധത്തിന്റെയും പ്രത്യയശാസ്ത്രത്തിന്റെയും ശക്തമായ സ്വാധീനം പ്രകടമാണ്.

സ്ത്രീവാദത്തിലെ കാതലായ ഒരു വിഷയം ലിംഗപരമായ സ്വത്വാന്വേഷണമാണ്. സ്ത്രീയുടേതായ വൈകാരികതയെ എഴുത്തിൽ പ്രശ്നവത്ക്കരിക്കാൻ പുരുഷനു കഴിയുന്നില്ലെന്ന വസ്തുതയാണ് ലിംഗപ്രതിനിധാനത്തിന്റെ അനിവാര്യതയിലേയ്ക്കവരെ എത്തിക്കുന്നത്. ഒരു വ്യക്തി തന്റെ ജൈവശാസ്ത്രപരമായ ലിംഗഭേദ (ആൺ / പെൺ) പശ്ചാത്തലത്തിൽ വളർച്ചയുടെ വിവിധ ഘട്ടങ്ങൾ പിന്നിടുമ്പോൾ ചില സാമൂഹ്യക്രമങ്ങൾ അവരുടെ സ്വത്വാവബോധത്തെ വല്ലാതെ സ്വാധീനിക്കുന്നു. അതിലൊന്ന് കുടുംബത്തിലെ ശിക്ഷണരീതികളിൽ പ്രകടമാകുന്ന ലിംഗഭേദമാണ്. 'ആലാഹയുടെ പെൺമക്കളി'ൽ ആനിയിലുയരുന്ന ലിംഗാവബോധം അമ്മാമ്മ മറിയഞ്ചേടത്തിയിൽ നിന്നും അമ്മ കൊച്ചുറോതുവിൽ നിന്നും പകർന്നു കിട്ടിയതാണ്. പെണ്ണിന്റെ ശരീരശാസ്ത്രം സംബന്ധിച്ച വസ്തുത അമ്മാമ്മയിൽ നിന്നു കേൾക്കുന്ന ആനിയിൽ പല സംശയങ്ങളും ഉയരുന്നു. 'പെണ്ണായാ തലേം മൊലേം വേണം അറിയോ?' (പുറം: 19). തലേം മൊലേം പെണ്ണായാൽ വേണം ആണുങ്ങൾക്കു മൊല വേണ്ടന്നു തന്നെ വയ്ക്കുക പക്ഷേ തല വേണ്ടേ? ഇതു ചോദിക്കാമെന്നു വച്ചാൽ മൊല എന്ന വാക്ക് പറയാൻ പാടില്ലല്ലോ എന്നാണ് ആനി ചിന്തിക്കുന്നത്. ചിന്നമ്മയും ചിയ്യമ്മയും ചിരിക്കുന്നത് പ്രായത്തിന്റെതാണെന്നു പറയുന്ന കൊച്ചുറോതു അവരുടെ പ്രായം തൊട്ടാൽ പൊള്ളുന്നതാണെന്നു എടുത്ത് വിവക്ഷിക്കുന്നു. "പെൺകുട്ടികൾ അന്തംവിട്ടുറങ്ങാൻ പാടില്ല. എവിടെ ഒരിലയനങ്ങി യാലും പെൺകുട്ടികൾ അറിയണം. ഉടുപ്പ് മേൽ നിന്ന് ഒരിഞ്ചു നീങ്ങിപ്പോയാൽ ആ നിമിഷത്തിൽ അറിഞ്ഞിരിക്കണം" (പുറം 37). ഇതെല്ലാം അമ്മയുടെ ശിക്ഷണത്തിലുൾ പ്പെടുന്ന കാര്യങ്ങളായി ആനി ചിന്തിക്കുന്നു. 'കട്ട്മ്മണ് എണീക്കാത്തോനാണെങ്കിലും ഒരാണന്യാ, ആ കെടക്കണേ ഈ വിചാരത്തോടെ വസ്ത്രം ഒതുക്കി കിടക്കാനുള്ള ആഹ്വാനം കൊച്ചുറോതുവിൽ നിന്നുയരുമ്പോൾ ലിംഗഭേദത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ കുടുംബത്തിൽ നിന്നു തന്നെ ഉയരുന്ന സ്ഥിതിയാണ് വെളിപ്പെടുന്നത്. കല്യാണം നടന്നില്ലെങ്കിൽ പെൺകുട്ടികൾക്കാണ് കുഴപ്പം എന്ന അമ്മാമ്മയുടെ വാക്കുകളെപ്പറ്റി ആലോചിക്കുന്ന ആനിക്ക് ആ കുഴപ്പം എന്താണെന്നതിനെപ്പറ്റി ജീവിതകാലം മുഴുവൻ ആലോചിച്ചിട്ടും മനസ്സിലായില്ല. 'മാറ്റാത്തി'യിലെത്തുമ്പോൾ ലിംഗാവബോധത്തിന്റെ ഇടങ്ങൾ ലൂസിയിലേക്ക് പകർന്നുനല്കുന്നത് ഇളയമ്മ ബ്രിജിത്തയാണ്. ആണുങ്ങ ളോടുള്ള സമീപനത്തിൽ പുലർത്തേണ്ട അകൽച്ചയും ചാരിത്ര്യം കാത്തുസൂക്ഷിക്കേ

ഗവൺമെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

ണ്ടതിന്റെ ആവശ്യകതയും ലൂസിയെ ബോധ്യപ്പെടുത്തുന്നത് ബ്രിജിത്തയാണ്. ബലിപീഠത്തിലേക്ക് ആനയിക്കപ്പെടുന്ന ഉടലിന്റെ രാഷ്ട്രീയം കുടുംബത്തിനകത്തുനിന്ന് രൂപപ്പെടുന്നതിന്റെ വ്യക്തമായ ചിത്രീകരണം സാറാജോസഫിന്റെ നോവലുകളിലുണ്ട്.

സമൂഹം ഓർമ്മിപ്പിക്കുന്ന ലിംഗഭേദത്തിൽ അടയാളങ്ങളും സാറാജോസഫിന്റെ നോവലുകളിൽ പ്രകടമാണ്. മതവും വിശ്വാസവും രൂപപ്പെടുത്തിയ സ്ത്രീയാവിഷ്കാരത്തിന്റെ തുറന്നെഴുത്ത് പുരുഷാധിപത്യത്തെയും അധികാരത്തെയും വെല്ലുവിളിക്കുന്നു. 'ഒതപ്പി'ൽ സാറാജോസഫ് ഈയൊരവസ്ഥയെ വ്യക്തമായവതരിപ്പിച്ചിട്ടുണ്ട്. ഗർഭവും പ്രസവവും നേടുന്നതോടെ സ്ത്രീജന്മം സഫലമാകുന്നുവെന്ന വസ്തുതയെ പൊതുബോധത്തിൽ നിന്നുകൊണ്ട് സാധൂകരിക്കുകയാണ് 'ഒതപ്പി'ലെ പല സന്ദർഭങ്ങളും. റിബേക്കയെക്കുറിച്ച് ചണ്ണേരെ ജോൺ വിശദമാക്കുന്നതിങ്ങനെയാണ്. "നല്ലൊന്നാന്തരം തറവാട്ടിലേക്ക് മാനം മര്യാദക്കു കെട്ടിച്ചുവിട്ടതാണ്. വീട്ടില് കഷ്ടപ്പാടും ദാരിദ്ര്യവും ഉണ്ടാവും. പെണ്ണുങ്ങളായാ അതൊക്കെ സഹിക്കണം. തറവാട്ടിൽ പിറന്ന പെണ്ണുങ്ങൾ ഇല്ലായിം വല്ലായിം കൊട്ടിഘോഷിച്ച് നടക്കില്ല. അത്താഴപ്പഷ്ണിയായിരുന്നൂന്ന് മൊഖത്ത് നോക്യാ അറിയരുത്." പെൺ അവബോധത്തിന്റെ സാമൂഹികമാനത്തിലുപരി ലിംഗ രാഷ്ട്രീയത്തിന്റെ മറ്റൊരു നിദർശനവും 'ഒതപ്പി'ൽ പ്രകടമാണ്. മഠം ചാടിയ മാർഗലീത്തയെ ആങ്ങളമാർ കൊല്ലാനായി നിലവറക്കുള്ളിൽ തള്ളുന്നു. മറുഭാഗത്ത് മകൻ ളോഹയൂരി കന്യാസ്ത്രീയെ വിവാഹം ചെയ്തതറിഞ്ഞ കരീക്കന്റെ പിതാവ് കുഞ്ഞുവറീത് ആത്മഹത്യ ചെയ്യുന്നു. സാമൂഹിക വ്യവസ്ഥിതിക്കുള്ളിൽ മതം ചിട്ടപ്പെടുത്തിയിട്ടുള്ള ലിംഗഭേദാവിഷ്കാരത്തിന്റെ സൂക്ഷ്മതലങ്ങളെ ശക്തമായി ഉയർത്തിക്കാട്ടാൻ സാറാജോസഫിന് കഴിഞ്ഞിട്ടുണ്ട്. ലിംഗാധിപത്യത്തിലൂന്നിയ രാഷ്ട്രീയാധികാരങ്ങളോടും യുദ്ധങ്ങളോടും പരിസ്ഥിതി ഹിംസയോടും പെൺഭാവന വിഘടിക്കുന്നതെങ്ങനെയെന്ന് വെളിപ്പെടുന്ന ദൃശ്യങ്ങളാണ് 'ഊര്കാവലി'ലുള്ളത്. മതവും കുടുംബവും പോലുള്ള സാമൂഹിക സ്ഥാപനവത്കൃത മേഖലകൾ മുന്നോട്ടു വയ്ക്കുന്ന ലിംഗരാഷ്ട്രീയ നിലപാടുകൾ 'ആളോഹരി ആനന്ദം' തുടങ്ങിയ നോവലുകൾ ചർച്ച ചെയ്യുന്നു. വംശീയതയും ലിംഗ സമത്വവും സമന്വയിക്കുന്ന ആശയങ്ങളാണ് 'ബുധിനി'യുടെ കാതൽ. സ്വത്വാവിഷ്കാരത്തിലെ ലിംഗവിവേചനതലങ്ങൾ കുടുംബത്തിലും സമൂഹത്തിലും വിശ്വാസസംഹിതകളിലും എങ്ങനെയെല്ലാം സ്വാധീനിക്കുന്നുവെന്ന വസ്തുതകളെ വിചിന്തനവിധേയമാക്കുന്ന സന്ദർഭങ്ങളാണ് സാറാജോസഫിന്റെ നോവലുകളിലുടനീളം അവതീർണമാകുന്നത്.

### ഭാഷാസ്വത്വനിർമ്മിതി

ലിംഗപരമായ പദവി, സ്വത്വം എന്നിവയുടെ അവതരണം ശക്തമാകുന്നത് ഭാഷയിലൂടെയാണ്. ലിംഗവൈജാത്യത്തെ മുൻവിധി കൂടാതെ ഉൾക്കൊള്ളുന്ന അവസ്ഥ സമൂഹത്തിൽ സംജാതമാകണമെന്ന ഉദ്ദേശ്യം സാറാജോസഫിന്റെ നോവലുകൾക്കുണ്ട്. ഭാഷയ്ക്കുള്ളിലെ പ്രത്യയശാസ്ത്രത്തിന്റെയും അധികാരത്തിന്റെയും തലം കണ്ടെത്തുന്നതിലൂടെ സ്വത്വത്തിന്റെ സൂക്ഷ്മാംശം വിലയിരുത്താനാകുമെന്ന് അൽത്തൂസറും ഫൂക്കോയും ഗ്രാംഷിയും അഭിപ്രായപ്പെടുന്നു. ഇതിനെ സാധൂകരിക്കുന്ന വിവരണങ്ങൾ സാറാ

ഗവൺമെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

ജോസഫിന്റെ നോവലുകളിലുണ്ട്. 'ആലാഹയുടെ പെൺമക്കളി'ലെ ഭാഷ പ്രത്യയ ശാസ്ത്രപരമായ പ്രതിനിധാനമാണ്. വ്യവസ്ഥാപിതമായ ഭാഷാബോധത്തോടുള്ള പ്രതിരോധം അവ്യവസ്ഥിതവും പ്രാകൃതവുമായ പ്രാദേശിക ഭാഷാസ്വത്വത്തിലൂടെയാണ് നിർവഹിച്ചിരിക്കുന്നത്. വാമൊഴി വരമൊഴി ഭാഷാസംഘർഷം പ്രകടമാകുന്ന സ്വത്വരാഷ്ട്രീയത്തിന്റെ ബഹുസ്വരത കൊക്കാഞ്ചറയുടെ ഭാഷാനിർമ്മിതിയിൽ നിബന്ധിച്ചിട്ടുണ്ട്. ആനിയുടെ ഭാഷയും കുട്ടിപ്പാപ്പന്റെ ഭാഷയും തമ്മിലുള്ള വിനിമയം ഇതിനുപോത്ബലകമാണ്. പ്രാന്തീകൃത ഭാഷക്കു മുഖ്യധാരയിൽ ഇടം നേടിക്കൊടുക്കാൻ ശ്രമിക്കുമ്പോൾ തന്നെ പെണ്മയുടെ സാന്നിധ്യം ഭാഷാസ്വത്വമണ്ഡലത്തിൽ നിന്ന് ചോർന്നു പോകാതിരിക്കാൻ സാറാജോസഫ് അതീവ ശ്രദ്ധ പുലർത്തുന്നു. ദേശ്യഭാഷാസ്വാധീനത്തിന്റെ സംവേദനവും ആഖ്യാനത്തിൽ ഇടംനേടിയിട്ടുണ്ട്. തൃശൂരിന്റെ പ്രാന്തത്തിലെ ദേശ്യഭാഷാസാധ്യതകൾ മറിയഞ്ചേടത്തിയുടെയും കൊക്കാഞ്ചറക്കാരുടെയും സംഭാഷണത്തിലൂടെ അവതരിപ്പിക്കുന്നു. ശബ്ദം കൊണ്ട് ജീവിതപ്രതിരോധം സൃഷ്ടിക്കുന്ന ഒരു കൂട്ടം പെൺ ഉടലുകളുടെ ചിത്രമാണ് 'ആലാഹയുടെ പെൺമക്കളി'ൽ കാണുന്നത്. മറിയപുരത്തിന്റെ ഭാഷാവിഷ്കാരമാണ് 'മാറ്റാത്തി'യിൽ വെളിപ്പെടുന്നത്. ലൂസിയുടെ വിചാരങ്ങളും ബ്രിജിത്തയുടെ വാമൊഴികളും ഈ പ്രാദേശിക ഭാഷാസ്വത്വത്തെ സാധൂകരിക്കുന്നവയാണ്. നിരവധി നാടൻ ചൊല്ലുകളും നാട്ടുഭാഷാവഴക്കങ്ങളും ഇതിൽ ശ്രദ്ധാപൂർവ്വം ഉൾച്ചേർത്തിരിക്കുന്നു. മനോഹരമായ ആഖ്യാനവും ഒതുക്കമുള്ള ഭാഷയും കാവ്യസ്പർശമുള്ള പദാവലികളും 'ഒതപ്പി'ന്റെ സവിശേഷതകളാണ്. സ്ത്രീപക്ഷ ആലോചനകളും മതാത്മക നിലപാടുകളും ഇടകലർന്നു പോകുന്ന ഭാഷാസ്വത്വനിർമ്മിതിയാണിതിലുള്ളത്. 'ആതി'യും 'ആളോഹരി ആനന്ദ'വും കഥകളും ഉപകഥകളും കൊണ്ട് സമ്പന്നമാണ്. 'ഊര് കാവലി'ലും നിരവധി കഥകൾ ഉൾച്ചേർന്നിട്ടുണ്ട്. ഇതിഹാസകഥയാണ് പശ്ചാത്തലമെങ്കിലും നോവൽഭാഷയിൽ ചരിത്രാതീതകാലം പുതുക്കപ്പെടുന്നതായി കാണാം. രാമന്റെ ഭാഷയിലും ചിന്തയിലും പ്രകൃതിയെ പിടിച്ചടക്കാനുള്ള ആവേശം ധ്വനിക്കുന്നുണ്ട്. ആര്യന്റെ ആധിപത്യത്തിൽ പ്രകൃതിയും സ്ത്രീയും കീഴാളനും ഒരുപോലെ ചവിട്ടിമെതിക്കപ്പെട്ടു എന്ന അംഗദന്റെ തിരിച്ചറിവുകൾ ശ്രദ്ധേയമാണ്. അധിനിവേശഭാഷയുടെ ബലതന്ത്രങ്ങൾ, ആദിമവാസികളുടെ സ്വത്വത്തെയും സംസ്കാരത്തെയും കവർന്നെടുക്കുന്നു എന്ന യാഥാർഥ്യവും 'ഊര്കാവലി'ലെ ഭാഷാസ്വത്വനിർമ്മിതിയിൽ ഉയർന്നു നില്ക്കുന്നു. സാന്താൾ ജനതയുടെ ഭാഷയും സംസ്കാരവും ജീവചരിത്രവും അവതീർണമാകുന്ന 'ബുധിനി'യിലും പ്രാന്തവത്കൃതസമൂഹത്തിന്റെ നേർചിത്രമാണുള്ളത്. അത് ബുധിനി മെജാൻ എന്ന പതിനഞ്ചുവയസ്സുകാരിയിലൂടെ അവളുടെ ദുരന്തങ്ങളിലൂടെ ചിത്രീകരിച്ചിരിക്കുന്നു.

## ദേശസ്വത്വാഖ്യാനം

ലിംഗസമത്വവും ഭാഷാസമത്വവും മാത്രമല്ല ദേശസ്വത്വാഖ്യാനവും സാറാജോസഫിന്റെ നോവൽ പരിസരത്തിൽ പ്രാധാന്യത്തോടെ വെളിപ്പെടുന്നു. ദേശത്തിലൂടെ അടയാളപ്പെടുത്തപ്പെടുന്ന ജീവിതവും സംസ്കാരവും ഭാഷയും സ്ത്രീയവസ്ഥയും മികവോടെ എഴുത്തുകാരി അവതരിപ്പിച്ചിട്ടുണ്ട്. 'ആലാഹയുടെ പെൺമക്കൾ' മുതൽ 'ബുധിനി' വരെയുള്ള നോവലുകളിൽ സ്വത്വരാഷ്ട്രീയത്തിലെ 'ഇട'ത്തെ സംബന്ധിച്ചുള്ള വ്യാകുലതകൾ

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

പ്രതിപാദിതമാകുന്നു. ദേശവും ചരിത്രാഖ്യാനവും സ്വത്വാവബോധത്തിന്റെ അർത്ഥ നിർമ്മിതിയിലേക്കാണ് വിരൽ ചൂണ്ടുന്നത്. ദേശസംസ്കൃതിയിലൂടെ ആവിഷ്കൃതമാകുന്ന സ്വത്വാംശങ്ങൾ പെണ്മയെയും കീഴാളതയെയും സ്വാധീനിക്കുന്നതെങ്ങനെയെന്നുള്ള വ്യക്തമായ അന്വേഷണം സാറാജോസഫിന്റെ നോവലുകളിലുണ്ട്. കൊക്കാഞ്ചറയുടെ പേരിൽ സ്വത്വധ്വംസനം അനുഭവിക്കേണ്ടിവരുന്ന ആനി, 'ആരാണീ നാടുണ്ടാക്കിയത്?' എന്നു ചിന്തിക്കുന്നു. കൊക്കാഞ്ചറയുടെ പേര് മാറ്റുന്നതിലൂടെ അവിടെയുള്ളവർ പിശാചുക്കളല്ല, മനുഷ്യരാണെന്നുറപ്പിക്കാമെന്ന് ആനി നിശ്ചയിച്ചു. കൊടിച്ചിയങ്ങാടിയെപ്പറ്റി കുട്ടിപ്പാപ്പൻ പറയുമ്പോൾ അതിൽ നിഴലിക്കുന്ന ലിംഗാവബോധവും ശ്രദ്ധേയമാകുന്നു. കൊക്കാഞ്ചറയെപ്പറ്റിയുള്ള വീരചരിത്രം അറിയുന്ന ആനിയുടെ സ്വത്വതലം ആകെ മാറിമറിയുന്നു. "കൊക്കാഞ്ചറയുടെ പേരു മാറ്റുക എന്ന ആശയമേ ശരിയല്ലെന്ന്" അവൾ ഉറപ്പിക്കുന്നു. മറിയപുരം കേന്ദ്രീകരിച്ചാണ് 'മാറ്റാത്തി'യിലെ ആഖ്യാനം. അധിനിവേശ ചരിതത്തിന്റെ അകക്കാഴ്ചകൾ മറിയപുരത്തെ അഞ്ചേരിപ്പാടം നികത്തി ശാന്തിഗ്രാമം സ്ഥാപിക്കുന്നതിലൂടെയാണ് വെളിപ്പെടുന്നത്. മൺമറഞ്ഞ കാർഷിക സംസ്കൃതിയും നിലനിൽക്കുന്ന സംസ്കാരത്തിന്റെ ജീവതാളവും ലയിക്കുന്ന രചനയാണ് 'ആതി'. "പച്ചവളയെന്ന പേരുകേട്ട കണ്ടൽക്കാടിനും ആതി എന്ന തുരുത്തിനും ഉണ്ടാകുന്ന മാറ്റങ്ങൾ ഒരു ജനതയുടെ സ്വത്വാവബോധത്തെ തകർക്കുന്ന കാഴ്ച നോവലിൽ ദൃശ്യമാകുന്നു. സ്ത്രീത്വം കനത്തു കിടക്കുന്ന ഇഴകളിലൂടെ 'എന്റെ ദേശം, എന്റെ മണ്ണ്' എന്ന ദർശനത്തെ ഉയർത്തിപ്പിടിക്കുന്ന നോവലാണ് 'ഊര്കാവൽ'. ദേശരാഷ്ട്രങ്ങളെ അയോധ്യയുടെ വരുതിയിൽ കൊണ്ടുവരാനുള്ള യത്നവും ഇതിനു ബദലായി നിൽക്കുന്ന കിഷ്കിന്ധാദേശത്തിന്റെ വംശീയസ്വത്വത്തിന് ലഭ്യമാകുന്ന പ്രാമുഖ്യവും അംഗദന്റെ വീക്ഷണത്തിലൂടെ തെളിഞ്ഞു വരുന്നു. ദേശം, വംശം, വർഗം, ലിംഗം, ഭാഷ എന്നിവയാൽ രൂപപ്പെടുന്ന സ്വത്വരാഷ്ട്രീയലോകമാണ് 'ഊര്കാവലി'ലുള്ളത്. സ്ത്രീപുരുഷ വിഭജിതമല്ലാത്ത പൊതുമണ്ഡലമാണിതിലൂടെ അവതരിപ്പിക്കാൻ സാറാജോസഫ് ശ്രമിച്ചിരിക്കുന്നത്. 'കിഷ്കിന്ധ'യെന്ന ദേശത്തിന്റെ ഭരണനയങ്ങൾക്കുള്ളിലാണ് സ്ത്രീ പുരുഷ സ്വത്വബോധങ്ങൾ നിർണയിക്കുന്നത്. അവിടെയും അധിനിവേശാനന്തര സമൂഹത്തിലെ ലിംഗാധിഷ്ഠിത സങ്കല്പങ്ങളാണ് പങ്കുവയ്ക്കപ്പെടുന്നത്. ഝാർഖണ്ഡിലെ കർബോനാ ഗ്രാമപശ്ചാത്തലമാണ് 'ബുധിനി'യിലുള്ളത്. സാന്താൾവംശത്തിന്റെ ഗോത്രാചാരങ്ങൾ പൊതുജീവിതത്തിലുണ്ടാകുന്ന സങ്കീർണതകളും സംഘർഷങ്ങളുമാണീ നോവൽ വിഷയമാക്കുന്നത്. പ്രകൃതിയെ ധ്വംസിച്ചുകൊണ്ടുള്ള വികസനം ഒരു ജനതയെ ദുരന്തത്തിലാഴ്ത്തുന്ന അനുഭവം നോവലിൽ കാണാം. പാഞ്ചേത് എന്ന ആദിവാസി മേഖലയും സ്വന്തം മണ്ണിൽനിന്നു പുറന്തള്ളപ്പെടുന്നവരുടെ ചരിത്രവും അടയാളപ്പെടുത്തപ്പെട്ട നോവലാണ് 'ബുധിനി'.

ലിംഗം, ജാതി, മതം, വംശം, ഭാഷ, ദേശം തുടങ്ങിയവയെ അടിസ്ഥാനപ്പെടുത്തി പ്രത്യേക സ്വത്വത്തിൽപ്പെടുന്ന ജനത രാഷ്ട്രീയമായും പ്രത്യയശാസ്ത്രപരമായും സംഘടിച്ച് പ്രവർത്തിക്കുന്ന സ്ഥിതിവിശേഷമാണ് സ്വത്വരാഷ്ട്രീയവാദത്തിലുള്ളത്. ബന്ധസങ്കല്പങ്ങളിലും കർത്തൃത്വനിർമ്മിതിയിലും പുരുഷാധികാരനിലപാടുകളെ വിമർശനവിധേയമാക്കുന്നെങ്കിലും അവയെ തകർത്ത് പുറത്തുവരാൻ സാറാജോസഫിന്റെ

രചനകൾക്കാകുന്നില്ല. പലപ്പോഴും സാറാജോസഫിന്റെ സ്ത്രീ കഥാപാത്രങ്ങൾ പരമ്പരാഗത പെൺകർത്തൃത്വങ്ങളുടെ പിന്തുടർച്ചക്കാരായി മാറുന്നു. ഉടൽകാമനകൾക്കുപരിയായ സ്ത്രൈണ സ്വത്വാവിഷ്കാരത്തിന് വെമ്പൽകൊള്ളുന്ന സ്ത്രീത്വം സാമൂഹിക വിശ്വാസ സംഹിതകൾക്കു മുന്നിൽ വിറങ്ങലിച്ചു നില്ക്കുന്നു.

പ്രതിരോധമുയർത്തുന്ന ഭാഷാനിർമ്മിതി സാറാജോസഫിന്റെ നോവലുകളിൽ സാധ്യമായിട്ടുണ്ട്. അവ നല്കുന്ന കരുത്തുറ്റ നിലപാടുകൾ അപരത്വ(otherness)ത്തെ വെളിപ്പെടുത്താൻ ശ്രമിക്കുന്നു. ആനി, ലൂസി, മർഗലീത്ത, താര, ബുധിനി ഇവരിലൂടെ ഉയിർക്കൊള്ളുന്ന ഭാഷാസ്വത്വത്തിന് സ്ത്രീയവസ്ഥകളെ പ്രതിഫലിപ്പിക്കാനായിട്ടുണ്ട്. ആത്യന്തികമായ വീക്ഷണത്തിൽ സാറാജോസഫിന്റെ രചനകൾ സ്ത്രീ പ്രതിരോധമുയർത്തുന്നെങ്കിലും സ്വത്വാവിഷ്ക്കാരതലത്തിൽ ഒരു ബദൽനിർമ്മിതി സാധ്യമാകുന്നുണ്ടോ എന്നത് സംശയമാണ്. ദുർബലമായ പുരുഷശബ്ദത്തിനു മേൽ പ്രതിധ്വനിക്കുന്ന സ്ത്രീശബ്ദത്തിന്റെ പെരുമ്പറയാണ് സാറാജോസഫിന്റെ ഭാഷാസ്വത്വത്തിൽ മുഴങ്ങുന്നത്. ദേശാഖ്യാനങ്ങളുടെ സംവേദനം സാറാജോസഫിന്റെ നോവലുകളുടെ കേന്ദ്രമായി നിലനിൽക്കുന്നു. ദേശലിംഗസംവാദത്തിലൂടെ സ്വത്വരാഷ്ട്രീയത്തിന്റെ പ്രശ്നമേഖലകളെ അവതീർണമാക്കാനാണ് സാറാജോസഫ് ശ്രമിച്ചിട്ടുള്ളത്. സ്ത്രീസ്വത്വത്തിന്റെ നേർക്കാഴ്ചകൾ അടയാളപ്പെടുത്താൻ പ്രാദേശിക ചരിത്രാഖ്യാനവും ഉപയുക്തമാക്കിയിട്ടുണ്ട്.

സാമൂഹ്യശാസ്ത്രനിലപാടിൽ സ്വത്വം സാമൂഹിക സാഹചര്യങ്ങളുടെ നിർമ്മിതിയാണ്. അൽത്തൂസറിന്റെ പ്രത്യയശാസ്ത്രചിന്തയും ഫ്രോയിഡിയൻ ലക്കാൻ മനഃശാസ്ത്രതത്ത്വങ്ങളും സ്വത്വാവിഷ്ക്കാരത്തിന്റെ നിർണായക ഘടകമായി സമൂഹത്തെ കാണുന്നു. ലിംഗം, ഭാഷ, ദേശം തുടങ്ങിയ സ്വത്വനിർമ്മിതി ഘടകങ്ങൾ സമൂഹബദ്ധമാണ്. സമൂഹം അടയാളപ്പെടുത്തുന്ന വ്യവസ്ഥാപിത ലിംഗപ്രതിനിധാനത്തെ ഭാഷാനിലപാടുകളിലൂടെ പുനർനിർമ്മിക്കുന്ന നോവലുകളാണ് സാറാജോസഫിന്റേത്. ഈ സ്വത്വാവബോധത്തെ പ്രതിഫലിപ്പിക്കുന്നത് ദേശത്തെയും അവിടുത്തെ വ്യത്യസ്ത അനുഭവങ്ങളെയും എഴുത്തിൽ സമന്വയിപ്പിച്ചുകൊണ്ടാണ്. ലിംഗഭാഷാദേശ പൊരുത്തത്തിലൂടെയുള്ള ആഖ്യാനമാണ് സാറാജോസഫിന്റെ നോവലുകളെ ഉദാത്തമാക്കുന്നത്.

## കുറിപ്പുകൾ

1. *എം.ലീലാവതി, സാഹിത്യനിരൂപണത്തിലെ ദിശാബോധം, പുറം. 122*
2. *Erik Erikson H, Identtiy Youth and Crisis, P.19*
3. *പ്രൊഫ. വി. സുകുമാരൻ, സ്ത്രീ എഴുത്തും വിമോചനവും, പുറം. 51*

## സഹായകഗ്രന്ഥങ്ങൾ

1. *ഗോവിന്ദൻമാസ്റ്റർ എം. വി, സ്വത്വരാഷ്ട്രീയത്തെപ്പറ്റി, ചിന്താ പബ്ലിക്കേഷൻസ്, തിരുവനന്തപുരം,2010.*
2. *ജയകൃഷ്ണൻ എൻ. (എഡി.), പെണ്ണെഴുത്ത്, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം,2011*

ഗവൺമെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

3. *ജയകൃഷ്ണൻ എൻ. (പഠനസമാഹരണം) ഫെമിനിസം, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം,2011.*
4. *പോക്കർ പി. കെ, സ്വത്വരാഷ്ട്രീയം, പ്രോഗ്രസ് പബ്ലിക്കേഷൻ, കോഴിക്കോട്, 2007*
5. *ബാലറാം എം. പി, സ്വത്വം സംസ്കാരം സങ്കല്പനം വിമർശനപാഠങ്ങൾ, കോറസ്, കണ്ണൂർ,2016.*
6. *മുരളീധരൻ നെല്ലിക്കൽ, വിശ്വസാഹിത്യദർശനങ്ങൾ, ഡി. സി ബുക്സ്, കോട്ടയം, 2008.*
7. *ലീലാവതി, എം, സാഹിത്യനിരൂപണത്തിലെ ദിശാബോധം, സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം, 2000.*
8. *സുകുമാരൻ വി, സ്ത്രീ എഴുത്തും വിമോചനവും, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം, 2011*
9. *Erik Erikson H, Identity Youth and Crisis, Faber and Faber, London, 1983*
10. *Linda Thomas and others (Eds), Thomborroe Joania, Language and Identity in Language Socitey and Power, Routledge, London, 2003.*
11. *Marchbunk Jennifer and Gayle Lethetry, Intoduction to gender social science perspectives, second Edition, Routledge, 2014.*
12. *Sedikides C. Spencer S. J (Eds) The Self, sPychology Press, New York, 2007.*
13. *Swain S. P, Self and Identity in Indian Fiction, Prestige Books, New Delhi, 2005.*

# ഭക്തിയും യുക്തിയും മലയാളകവിതയിൽ

**ഡോ. ശ്രീജ ജെ.എസ്.**
അസി. പ്രൊഫസർ, മലയാളവിഭാഗം, ഗവ. കോളെജ്, നെടുമങ്ങാട്, തിരുവനന്തപുരം

**പ്രബന്ധസംഗ്രഹം**

ഭക്തി, യുക്തി എന്നീ ആശയപരിസരങ്ങളെ മുൻനിർത്തി മലയാളകവിതാസാഹിത്യത്തെ വിശകലനം ചെയ്യുന്ന ഈ പഠനത്തിൽ, ഭക്തി-യുക്തി സംഘർഷത്തിൽ മലയാളകവിത ഇടപെടുന്നതെങ്ങനെയെന്നും പ്രസ്തുത വിഷയത്തിൽ കവികളുടെ സമീപനമെന്തെന്നും മുഖ്യമായി അന്വേഷിക്കുന്നു. 'ഈശ്വരനോടുള്ള സവിശേഷസ്നേഹം' എന്ന അർത്ഥത്തിലുള്ള ഭക്തിയോടും അനുബന്ധവിശ്വാസങ്ങളോടും കർമ്മങ്ങളോടും യുക്തിവിചാരത്തിന്റെ കൂട്ടുപിടിച്ച് മലയാളകവിത പ്രതികരിക്കുന്നുണ്ട്. ആ പ്രതികരണത്തിന്റെ സ്വഭാവം വിലയിരുത്തുന്നതോടൊപ്പം യഥാർത്ഥത്തിൽ എന്തിനോടാണ് മലയാളകവിതയും കവികളും ഭക്തി (സവിശേഷസ്നേഹം) പ്രകടിപ്പിക്കുന്നത് എന്നും ഇവിടെ പരിശോധിക്കുന്നു.

***താക്കോൽവാക്കുകൾ:*** ഭക്തിയിലെയുക്തി, അന്ധവിശ്വാസവിരുദ്ധത, കച്ചവടരാഷ്ട്രീയം, ഭക്തിയുടെ ജൈവയുക്തി, മാനവികതയും സർഗാത്മകതയും, ഭക്തിയുടെ സമകാലയുക്തി

## ആമുഖം

പരസ്പരവിരുദ്ധങ്ങളോ വിപരീതാർത്ഥ സൂചകങ്ങളോ അല്ലെങ്കിൽപ്പോലും മിക്കപ്പോഴും വ്യത്യസ്ത ധ്രുവങ്ങളിൽ നിന്ന് സംവാദത്തിൽ ഏർപ്പെടുന്ന രണ്ട് ആശയസംഹിതകളാണ് ഭക്തി(Devotion)യും യുക്തി(Logic)യും. 'എന്തിനോടും സംഭവിക്കുന്ന സവിശേഷസ്നേഹ'ത്തെ ഭക്തി എന്നു പറയാമെങ്കിലും ഈശ്വരനോടുള്ള സ്നേഹം എന്ന അർത്ഥത്തിൽ ആ വാക്ക് കൂടുതൽ ബലപ്പെട്ടിരിക്കുന്നു. അടിസ്ഥാന ഏകകം 'സ്നേഹം' ആയിരിക്കെത്തന്നെ സേവനം, അർച്ചനം, വന്ദനം, സഖ്യം, ദാസ്യം, ആത്മനിവേദനം തുടങ്ങിയ ആശയതലങ്ങളും ആ വാക്ക് ഉൾവഹിക്കുന്നു. ചിന്തയ്ക്ക് വഴങ്ങാത്ത വിധേയത്വം അതിന്റെ സ്വഭാവമാണ്. അതേസമയം യുക്തിയാകട്ടെ ഔചിത്യത്തോടെയുള്ള

ചിന്തയുടെ സൃഷ്ടിയാണ്. എന്തിനും തെളിവ് ആവശ്യപ്പെടലും കാര്യകാരണബന്ധം തേടലും അതിന്റെ അടിസ്ഥാനസ്വഭാവമാണ്. ശാസ്ത്രീയതയിലും വസ്തുനിഷ്ഠത യിലുമാണ് അതിന്റെ വേരുകൾ. പരീക്ഷണനിരീക്ഷണങ്ങളിലൂടെ തെളിയിക്കാൻ കഴി യാത്ത, അയഥാർത്ഥമോ അമൂർത്തമോ ആയ ഒന്നിനെയും യുക്തി അംഗീകരിക്കുന്നില്ല. ഇക്കാരണങ്ങളാൽ തന്നെ ജീവിതത്തിൽ, ചിന്തയിൽ, വ്യവഹാരങ്ങളിൽ ഒക്കെ ഭക്തിയും യുക്തിയും സമാന്തരരേഖകളായി തുടരുന്നു. മാത്രമല്ല, പലപ്പോഴും പരസ്പരം സംഘർഷത്തിൽ ഏർപ്പെടുകയും ചെയ്യുന്നു. ജീവിതത്തിന്റെ മറുമുഖമായ എഴുത്തിലും ഈ ആശയസംഘർഷം പ്രതിഫലിക്കുന്നുണ്ട്. മലയാളകവിതയിലും ഭക്തിയും യുക്തിയും മുഖാമുഖം വന്ന് സംവദിക്കുന്ന സന്ദർഭങ്ങൾ നിരവധിയാണ്. അത്തരം കാവ്യമുഹൂർത്ത ങ്ങളെ മുൻനിർത്തി മലയാളകവിതാസാഹിത്യത്തിൽ ഉരുവംകൊണ്ടിട്ടുള്ള ഭക്തിയുക്തി സംവാദഭൂമികയെ ക്രോഡീകരിക്കുകയും അപഗ്രഥനവിധേയമാക്കുകയുമാണിവിടെ ചെയ്യുന്നത്.

## ഭക്തിയിലെ യുക്തി

*'യുക്തിയൊരു സ്വപ്നം കണ്ടു*
*ഭക്തിയെന്ന സുന്ദരിയാണാ*
*സ്വപ്നത്തിലെ നായിക'* (കാവാലം കവിതകൾ; പുറം:288)

എന്ന് 'അർത്ഥത്തിനർത്ഥം' എന്ന കവിതയിൽ കാവാലം നാരായണപ്പണിക്കർ പറഞ്ഞു വയ്ക്കുന്നു. യുക്തി കാണുന്ന സ്വപ്നത്തിലെ സുന്ദരിയായ നായികയാണിവിടെ ഭക്തി. യുക്തി എന്നത് യഥാർത്ഥവും ശാസ്ത്രീയവും വസ്തുനിഷ്ഠവും കാര്യകാരണബദ്ധവും ആണ്. എന്നാൽ സ്വപ്നം അത് യുക്തിയുടേതാണെങ്കിൽപ്പോലും - അയഥാർത്ഥമാണ്. ഉണർവിൽ അതിന് അസ്തിത്വമില്ല.

ഈശ്വരൻ എന്ന സങ്കല്പവും ആ സങ്കല്പത്തോടുള്ള ഭക്തിയും അതിനെ പിൻപറ്റി യുള്ള വിശ്വാസങ്ങളും കർമ്മങ്ങളും യുക്തിയാൽ ചോദ്യം ചെയ്യപ്പെടുന്ന സന്ദർഭങ്ങൾ മലയാളകവിതയിൽ നിരവധിയാണ്.

*'ഉണ്ണാനില്ലൊരുനേരമുടുക്കാനില്ലിപ്രാണ*
*ദണ്ഡത്തിൽ കരളെരിയും വറുതിയിലും*
*സന്യാസിപ്പേച്ചും വേദാന്തക്കൂത്തും! എ*
*ന്തന്യായം! ചുടുകൊന്നീയാർഷതത്ത്വം'*
(ഒ.എൻ.വി. തിരഞ്ഞെടുത്ത ചങ്ങമ്പുഴക്കവിതകൾ; പുറം: 191)

എന്ന് പറയുന്ന 'ചുട്ടെരിക്കിൻ' എന്ന ചങ്ങമ്പുഴക്കവിതയിൽ ആർഷതത്ത്വത്തെ തള്ളിപ്പറയാൻ കവിയെ പ്രേരിപ്പിക്കുന്നത് യുക്തിവിചാരം തന്നെയാണ്.

എൻ.വി.കൃഷ്ണവാര്യരുടെ 'ഒരു പഴയ പാട്ട്' എന്ന കവിതയിൽ ഭക്തിയും യുക്തിയും തമ്മിലുള്ള സംഘർഷം കാണാം. ഏഴ് മലമുകളിൽ ആൽമരത്തണലിൽ വാഴുന്ന, കാട്ടാനകളും സിംഹങ്ങളും കാവൽ നിൽക്കുന്ന ഭദ്രകാളിക്ക് വേണ്ടി കറുത്ത വാവ് ദിവസം

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

നടക്കുന്ന മലവേടൻമാരുടെ പതിവ് പൂജയ്ക്ക് ബലിയായി നിശ്ചയിക്കപ്പെട്ടത് അരചന്റെ പതിനാറ് തികയാത്ത പെൺകിടാവിനെയാണ്:

*'മകളേക്കാളരചന്നു വലിയതല്ലോ*
*മലവേടവംശത്തിൻ നൻമയോർത്താൽ,*
*വിറയാർന്ന കൈയിനാലിന്നൊടുവിൽ*
*ബലിയിതുനൽകാം, നീയേൽക്കുതായേ'*

(എൻ.വി.യുടെ കവിതകൾ; പുറം: 62)

എന്ന് തീർപ്പുകൽപ്പിച്ച് അരചൻ ബലിനിർവ്വഹണത്തിനൊരുങ്ങവേ, പൂശാരിത്തലവന്റെ ഇരുപത് തികയാത്ത മകൻ അരചന്റെ വെൺമഴു തടഞ്ഞ്, ചോരയിൽ മുങ്ങിയ ദേവീ ബിംബം ചവിട്ടിമറിച്ച് ആ വേടകന്യകയെ മാറോടണയ്ക്കുന്നു. ഇവിടെ പ്രവർത്തിക്കുന്നതും കവിയുടെ യുക്തിബോധം തന്നെ. പക്ഷേ കവിതയിൽ തുടർന്ന് കാണുന്നത് ഒരു പ്രകൃതിക്ഷോഭത്തിന്റെ ദൃശ്യമാണ്. ആ ദുരന്തത്തിൽ മലയും സിംഹവും കിടാത്തനും കിടാത്തിയും ഭഗവതിയും അടക്കം എല്ലാം നശിച്ചു. പിറ്റേന്ന് മയിലും കലമാനും; മലമുടി തകർന്ന് ഭഗവതി പാതാളമാർന്ന് അവിടെയൊരു കൊച്ച് കാട്ടാറൊഴുകുന്നത് കാണുന്നത് ചിത്രീകരിച്ച് കവിത അവസാനിക്കുമ്പോൾ ഭക്തിയുക്തി ബലപരീക്ഷണത്തിൽ അന്തിമവിജയം ഏതിന് എന്ന ചോദ്യം അവശേഷിക്കും.

ആദ്യകാലമലയാളകവിത യുക്തിയാൽ ചികഞ്ഞത് ഭക്തിയുടെ ഭൗതിക യാഥാർത്ഥ്യങ്ങളായിരുന്നുവെങ്കിൽ, ആധുനികകവിത ഭക്തിയിലെ സൂക്ഷ്മരാഷ്ട്രീയത്തെ വിചാരണ ചെയ്യുന്നു. പഴയ ഇല്ലം പൊളിച്ചുവിറ്റ് പുതിയ ഓട്ടോറിക്ഷ വാങ്ങിയ പുളിമനയ്ക്കൽ കുഞ്ഞിക്കുട്ടന്റെ കഥ പ്രമേയമാക്കുന്ന കവിതയാണ് ആറ്റൂർ രവിവർമ്മയുടെ 'ഓട്ടോവിൻ പാട്ട്'. 'ഗണപതി' എന്നാണ് ആദ്യം കുഞ്ഞിക്കുട്ടൻ ഓട്ടോക്ക് പേരിട്ടത്. പക്ഷേ, നഷ്ടമായിരുന്നു ഫലം. പിന്നെ കുഞ്ഞിക്കുട്ടൻ ഗുരുവായൂരപ്പന് വഴിപാട് നേർന്നു. അപ്പോഴും ഫലം പ്രതികൂലം തന്നെ. ഒടുവിൽ കുഞ്ഞിക്കുട്ടൻ ശുദ്ധിസങ്കല്പങ്ങളൊക്കെ മാറ്റിവച്ച് ആശുപത്രിനടയിൽ 'പാർക്കാ'നും വണ്ടിയിൽ ശവം കേറ്റാനും തുടങ്ങി. തുടർന്ന് സംഭവിച്ചതിപ്രകാരമായിരുന്നു:

*'പുളിമനയ്ക്കൽ/കുഞ്ഞിക്കുട്ടൻ/കുടിവച്ചു./*
*കുടിയിരുന്നു,/പുതിയൊരോട്ടോ/റിക്ഷവാങ്ങി/*
*പുളിമനയ്ക്കൽ/കുഞ്ഞിക്കുട്ടൻ'*

(ആറ്റൂർ കവിതകൾ; പുറം: 63)

ഇവിടെ ഗണപതിക്കും ഗുരുവായൂരപ്പനും പകരം ഭദ്രകാളി എന്ന ദ്രാവിഡ മാതൃ ബിംബമാണ് തൊഴിലാളിയായ സാധാരണ മനുഷ്യന് ജീവിതത്തിൽ ഉപകരിച്ചത്. സവർണ്ണ ഭക്തിസങ്കല്പങ്ങൾക്കും സൗന്ദര്യസങ്കല്പങ്ങൾക്കും ബദലായി അധ്വാന സാക്ഷരതയിൽ അധിഷ്ഠിതമായ ദ്രാവിഡ പ്രതിരോധയുക്തി മുന്നോട്ടുവയ്ക്കുകയാണ് കവിയിവിടെ.

സച്ചിദാനന്ദന്റെ ശ്രീനാരായണദർശനങ്ങളുമായി ബന്ധപ്പെട്ട കവിതകളിലൊന്നാണ് 'ധ്യാനം'. പ്രസ്തുത കവിതയിൽ;

*'തട്ടാന്റെ ഉമിയിൽ ശിവൻ താണ്ഡവമാടി*
*കുറവന്റെ അടുപ്പിൽ പാർവ്വതി തപസ്സിരുന്നു*
*കുശവന്റെ ചക്രത്തിൽ വിഷ്ണുവിന്റെ*
*ശിരസ്സുയർന്നുവന്നു*
*ആശാരിയുടെ വാതിൽപ്പടിയിൽ*
*ലക്ഷ്മിയുടെ താമര പ്രത്യക്ഷപ്പെട്ടു'*

(എന്റെ കവിത; പുറം: 178)

എന്ന വരികളിൽ ആര്യഭക്തിയെയും ദ്രാവിഡയുക്തിയെയും നേർക്കുനേർ നിർത്തി ചോദ്യം ചെയ്യുകയാണ് കവി. മറവന്റെ കുരുമുളകു കുട്ടയിൽ പിറവി കാത്തിരിക്കുന്ന ആ പച്ചദൈവം സാധാരണക്കാരന്റെ ദൈവമാണ്.

തന്റെ കാവ്യലോകത്തുനിന്ന് ഈശ്വരനെയും ഭക്തിയെയും നിഷ്കരുണം പുറത്താക്കി, ആ സ്ഥാനത്ത് യുക്തിയെ പ്രതിഷ്ഠിക്കുന്ന കുരീപ്പുഴ ശ്രീകുമാർ,

*'അന്ധകാരത്തോടേറ്റുമുട്ടുന്നവർ*
*ക്കിന്ധനം മനഃസ്പന്ദനം നാസ്തികം*
*വജ്രനക്ഷത്രമാർഗ്ഗം സുധായനം*
*ലക്ഷ്യനേത്രം തെളിക്കുന്ന വാസ്തവം'*

(കുരീപ്പുഴ ശ്രീകുമാറിന്റെ കവിതകൾ; പുറം: 201)

എന്ന് 'നാസ്തികം' എന്ന കവിതയിൽ അഭിപ്രായപ്പെടുന്നു. അദ്ദേഹത്തിന്റെ 'നഗ്ന കവിതകൾ' മിക്കതും യുക്തിബോധത്തിന്റെ അടിസ്ഥാനത്തിൽ ഭക്തിയെ വിമർശന വിധേയമാക്കുന്നവയാണ്. വിശ്വാസിക്ക് ഒരു പിന്തുണ ആവശ്യമുള്ള സമയങ്ങളിലെല്ലാം,

*'ശത്രുപക്ഷത്ത് നിൽക്കുകയോ / മുങ്ങുകയോ ചെയ്യുന്ന /*
*ദൈവങ്ങളെക്കൊണ്ട് / എന്താണ് പ്രയോജനം?'*

(കുരീപ്പുഴ ശ്രീകുമാറിന്റെ കവിതകൾ; പുറം: 255)

എന്ന് 'ദൈവങ്ങൾ' എന്ന കവിതയിൽ ചോദ്യം ഉന്നയിക്കുന്ന കുരീപ്പുഴ, 'ചാർവ്വാകൻ' എന്ന കവിതയിൽ, ദൈവവും ദേവശാപങ്ങളും ജാതിമതങ്ങളും സ്വർഗ്ഗവും നരകവും പരമാത്മാവും മോക്ഷവും പുനർജ്ജന്മവും ഒക്കെ മിഥ്യയാണ് എന്ന് അർത്ഥശങ്ക യ്ക്കിടയില്ലാത്തവിധം തന്റെ നിലപാട് വ്യക്തമാക്കുന്നു. 'ഒറ്റജന്മം നമുക്കീയൊറ്റ ജീവിതം' എന്നതാണ് കവിയുടെ പക്ഷം. സത്യം പറഞ്ഞതിന് പുരോഹിതകോടതി ചുട്ടുകൊന്ന 'ചാർവ്വാകൻ' എന്ന നാസ്തികബിംബം ഉപയോഗിച്ച് ഈശ്വരഭക്തിക്കും അന്ധവിശ്വാസ ങ്ങൾക്കും പകരം യുക്തിക്ക് നിരക്കുന്ന യാഥാർത്ഥ്യബോധത്തിൽ അധിഷ്ഠിതമാകണം ജീവിതം എന്ന ആശയമാണ് അദ്ദേഹം പങ്കുവയ്ക്കുന്നത്.

## അന്ധവിശ്വാസവിരുദ്ധത

*'ഇന്നലെ ചെയ്തോരബദ്ധം-മൂഢർ-*
*ക്കിന്നത്തെയാചാരമാവാം.*

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

*നാളത്തെശ്ശാസ്ത്രമതാവാം-അതിൽ*
*മൂളായ്ക സമ്മതം രാജൻ!'*

(കുമാരനാശാന്റെ മൗലിക കൃതികൾ; പു:554)

എന്ന് 'ചണ്ഡാലഭിക്ഷുകി'യിൽ കുമാരനാശാൻ. ഭക്തിയുടെയും വിശ്വാസത്തിന്റെയും ആചാരത്തിന്റെയും പേരിൽ അനുഷ്ഠിച്ചുവന്നിരുന്ന പല കർമ്മങ്ങളും സംസ്കാര സമ്പന്നരായ മനുഷ്യർ അനാചാരങ്ങളായിക്കണ്ട് തിരുത്തിയിട്ടുണ്ട്. അനാചാരമാണെന്ന് ഉത്തമ ബോധ്യമുണ്ടെങ്കിലും വിശ്വാസത്തിന്റെ പേരിൽ തുടർന്നുപോരുന്നവയുമുണ്ട്. അത്തരം ചെയ്തികൾ പലതും മലയാളകവിതയിൽ യുക്തിയാൽ ചോദ്യം ചെയ്യപ്പെടുന്നുണ്ട്.

മരണശേഷം അറുകൊലയായി മാറിയ കിട്ടുശ്ശാരെന്ന ദുർമന്ത്രവാദിയുടെ കഥയാണ് വയലാർ രാമവർമ്മ 'അറുകൊലയമ്മാവൻ വന്നില്ല' എന്ന കവിതയിലൂടെ അവതരിപ്പിക്കുന്നത്. വാസ്തവത്തിൽ അമ്പലത്തിലെ തൂപ്പുകാരിയെ ശല്യം ചെയ്തതിന് ആങ്ങളമാർ കെട്ടിത്തൂക്കിക്കൊന്നതാണ് ഈ കിട്ടുശ്ശാരെ. പക്ഷെ വിശ്വാസികൾ വിശ്വസിച്ചത് ദേവി കൊന്നു എന്നാണ്. അയാൾ ദുർമ്മരണപ്പെട്ടതോടെ അറുകൊലയായി സങ്കല്പിച്ച് തറവാട്ടുമൂപ്പിൽ ഐശ്വര്യം കാംക്ഷിച്ച് പതിവായി സർപ്പം തുള്ളലും പാട്ടും നടത്താൻ തുടങ്ങി.

*'പാടീ പുള്ളുവർ: അറുകൊലത്തമ്പുരാൻ*
*പതിവായിത്തറവാടുകാക്കേണം!'* (വയലാർ കൃതികൾ; പുറം: 259)

അങ്ങനെ സർപ്പം തുള്ളൽ നടത്തി നടത്തി കടം കുറേ ആയപ്പോൾ തറവാട് ജപ്തി ചെയ്യാൻ ആളുവന്നു. മൂപ്പിൽ തെരുവിലുമായി. അപ്പോൾ രക്ഷിക്കാൻ അറുകൊലതമ്പുരാനും വന്നില്ല. കടുത്ത ദാരിദ്ര്യത്തിലും വിശ്വാസങ്ങളുടെ പേരിൽ ധൂർത്തടിച്ച് പാപ്പരായ നിരവധി തറവാടുകൾ പണ്ടുണ്ടായിരുന്നു. അങ്ങനെ ഗതികെടുമ്പോൾ അവർ ആരാധിച്ച ഈശ്വരന്മാരൊന്നും തന്നെ രക്ഷയ്ക്കെത്തില്ല എന്ന വസ്തുതയാണ് വയലാർ ഈ കവിതയിലൂടെ മുന്നോട്ടുവയ്ക്കുന്നത്.

എല്ലാ ദൈവങ്ങളെയും തൃപ്തിപ്പെടുത്തി, ജാതകമൊക്കെ നോക്കി വിവാഹിതയായിട്ടും തിരിച്ചുവന്ന പെണ്ണിനെ അവതരിപ്പിക്കുന്ന കുരീപ്പുഴ ശ്രീകുമാറിന്റെ കവിതയാണ് 'തിരിച്ചുവന്നവൾ'. പ്രസ്തുത കൃതിയിൽ,

*'അവൾ തിരിച്ചുവരുന്നു / ദൈവങ്ങളേ /*
*ചതിവിതച്ചതെന്തിങ്ങനെ?'*

(കുരീപ്പുഴ ശ്രീകുമാറിന്റെ കവിതകൾ; പുറം :146)

എന്ന് വിശ്വാസത്തെ ചോദ്യം ചെയ്യുകയാണ് കവി. പ്രതിരോധ കുത്തിവയ്പിന്റെ കാലത്ത് ഭഗവതി പഴയതുപോലെ വിത്തുവാരി എറിയാറില്ല എന്ന് 'കലികാലം' എന്ന കവിതയിൽ വസൂരിയുമായി ബന്ധപ്പെട്ടുള്ള കാളീസങ്കല്പത്തെ ഹാസ്യരൂപേണ വിമർശിക്കുന്നുമുണ്ട് കുരീപ്പുഴ.

---

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

ഈശ്വരഭക്തിയെ പിൻപറ്റിയുള്ള ആചാരങ്ങളുടെ പേരിൽ കാട്ടുമൃഗമായ ആന അനുഭവിക്കേണ്ടിവരുന്ന യാതന പല കവികളും വിഷയമാക്കിയിട്ടുണ്ട്. സുഗതകുമാരിയുടെ 'ആന', വിജയലക്ഷ്മിയുടെ 'ആർദ്രത', പുതുശ്ശേരി രാമചന്ദ്രന്റെ 'ഉൽസവബലി' തുടങ്ങിയവ അക്കൂട്ടത്തിൽപ്പെടുന്നു. ഈ വിഷയത്തിൽ മലയാളത്തിലുണ്ടായ ഏറ്റവും വൈകാരികമായ കവിത വൈലോപ്പിള്ളി ശ്രീധരമേനോന്റെ 'സഹ്യന്റെ മകൻ' ആണ്. ഉൽസവ വേളയിൽ അമ്പലമുറ്റത്ത് ദേവന്റെ സ്വർണ്ണത്തിടമ്പേറ്റി നിന്ന, ഏറ്റവും തലപ്പൊക്കമുള്ള കൊമ്പനാന ഇടയുകയും അമ്പലപ്പറമ്പ് കൊലക്കളമായി മാറുകയും ചെയ്യുന്നതാണ് കവിതയുടെ പശ്ചാത്തലം. പക്ഷേ, ആനയുടെ മനസപ്പോൾ സഹ്യന്റെ താഴ്‌വരയിൽ വസന്തകാലത്ത് കൂട്ടുകാരിയോടൊത്ത് വിഹരിക്കുകയായിരുന്നു. ഒടുവിൽ ആ കാട്ടുമൃഗം തോക്കിനിരയാകുമ്പോൾ,

*'ദ്യോവിനെ വിറപ്പിക്കു / മാവിളി കേട്ടോ, മണി*
*ക്കോവിലിൽ മയങ്ങുന്ന / മാനവരുടെ ദൈവം?*
*എങ്കിലുമതു ചെന്നു / മാറ്റൊലിക്കൊണ്ടു, പുത്ര /*
*സങ്കടം സഹിയാത്ത / സഹ്യന്റെ ഹൃദയത്തിൽ' /*

(വൈലോപ്പിള്ളി സമ്പൂർണ്ണകൃതികൾ, വാല്യം 1; പുറം: 78)

എന്ന് രേഖപ്പെടുത്തിയാണ് 'സഹ്യന്റെ മകൻ' അവസാനിക്കുന്നത്.

## കച്ചവടരാഷ്ട്രീയം

കപടഭക്തിയെയും ആചാരാനുഷ്ഠാനങ്ങളുടെ പേരിൽ ആരാധനാലയങ്ങളിൽ നടക്കുന്ന വിപണിവൽക്കരണത്തെയും ഭക്തിയും രാഷ്ട്രീയവും തമ്മിലുള്ള അവിശുദ്ധ ബന്ധത്തെയും നിരവധി കവികൾ യുക്തിയുടെ കൂട്ടുപിടിച്ചുകൊണ്ട് വിമർശന വിധേയമാക്കുന്നുണ്ട്. ഭക്തിയുടെ മറവിലെ കാപട്യത്തെ തുറന്നുകാട്ടുന്ന അയ്യപ്പപ്പണിക്കരുടെ കവിതയാണ് 'ദൈവമേ കൈതൊഴാം'. പ്രസ്തുത കവിതയിൽ,

*'ദൈവമേ കൈതൊഴാം കേൾക്കുമാറാകണം*
*ബോറനാമെന്നെ നീ കാക്കുമാറാകണം*
*കള്ളം പറയുവാൻ ത്രാണിയുണ്ടാകണം*
*കള്ളപ്പണത്തിന് മാർഗമുണ്ടാകണം'*

(അയ്യപ്പപ്പണിക്കരുടെ കൃതികൾ,ഭാഗം3, പുറം: 101)

എന്ന് പരിഹസിക്കുന്ന കവി സ്വാർത്ഥതാൽപ്പര്യങ്ങൾക്കുവേണ്ടിയുള്ള ഭക്തിയുടെ യുക്തിയെ ചോദ്യം ചെയ്യുന്നു.

'പാണി പിഴച്ചാൽ കോണി' എന്ന കാവാലം നാരായണപ്പണിക്കരുടെ കവിത തന്ത്രിമാരുടെ തന്ത്രങ്ങൾ ഭക്തിയെ കച്ചവടവത്ക്കരിക്കുന്നതെങ്ങനെയെന്ന് വെളിവാക്കുന്നു. ബിംബങ്ങളെല്ലാം കേടുവന്നവയാണെന്ന് തന്ത്രിമാർ പറയുന്നു. മാത്രമല്ല, ശ്രീകോവിലിനകത്ത് വിളക്കിൽ ദുഃശ്ശകുനവും കാണുന്നുണ്ട്. ബിംബശുദ്ധി വേണമെന്ന് തന്ത്രിമുഖ്യർക്ക് നിർബന്ധമാണ്. എന്തിനേറെ, കേടുവന്ന വിഗ്രഹം തങ്ങൾക്ക് വേണ്ടെന്ന് ഗണവും ഏറ്റുപറഞ്ഞു. അതോടെ;

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

*'സംഹാരപ്പാണി കഴിഞ്ഞാൽ / പിറവിപ്പാണി /*
*ഇപ്പാണിയിതനുഭവസുന്ദര / മനന്തപാണി....'*

(കാവാലം കവിതകൾ; പുറം: 346)

എന്ന് സംഹാരത്തിനും പുനഃസൃഷ്ടിക്കും തീരുമാനമാകുമ്പോൾ എപ്രകാരമാണ് ആരാധനാലയങ്ങളിൽ ഭാരിച്ച ചെലവ് വരുന്ന പുനഃപ്രതിഷ്ഠാകർമ്മങ്ങൾക്കുള്ള കളമൊരുങ്ങുന്നതെന്ന് വെളിവാകുന്നു.

പുതുശ്ശേരി രാമചന്ദ്രന്റെ 'ഉൽസവബലി' എന്ന കവിതയിലും; പുതിയ എമ്പ്രാന്തിരി പൂജാരിയായി വരുമ്പോൾ അമ്പലവും നടവഴികളും ഉണരുന്നതെങ്ങനെയെന്നും നടവഴിയിൽ കടകൾ പെരുകുന്നതെങ്ങനെയെന്നും അങ്ങനെ ഭക്തിയുടെ വിപണി വൽക്കരണം സാദ്ധ്യമാകുന്നതെങ്ങനെയെന്നും പരാമൃഷ്ടമാകുന്നു.

## ഭക്തിയുടെ ജൈവയുക്തി

'ഈശ്വരനോടുള്ള സ്നേഹം' എന്ന രൂഢാർത്ഥത്തിൽ 'ഭക്തി' എന്നതിനോട് മിക്കപ്പോഴും വിയോജിക്കുകയും യുക്തികൊണ്ട് പ്രതിരോധിക്കുകയും ചെയ്യുന്നുവെങ്കിലും മറ്റു പലതിനോടും ഭക്തി/സ്നേഹം/അർച്ചനം/വന്ദനം/സഖ്യം/ആത്മനിവേദനം പ്രകടിപ്പിക്കുന്നുണ്ട് മലയാളകവിതയും കവികളും. മാത്രമല്ല, അതിനെ ഈശ്വരഭക്തിക്ക് ബദലായി വയ്ക്കുകയോ ഈശ്വരഭക്തിയിലേക്കും അനുബന്ധ പരിസരങ്ങളിലേക്കും അദ്ധ്യാരോപിക്കുകയോ ചെയ്യുന്നുമുണ്ട്.

സ്ഥിരമായി നാട്ടിൽ പൂതനും തിറയും കോമരവും ഒക്കെയായി അമ്മദൈവത്തിന്റെ ഉത്സവം അരങ്ങേറിയിരുന്ന ഒരാൽമരത്തിന്റെ ചിത്രീകരണമാണ് ഒളപ്പമണ്ണയുടെ 'താലപ്പൊലിയാല്' എന്ന കവിത.

*'ചന്തയിലേക്കൊരു ലോറിയിലാൽമരം*
*കൊണ്ടുപോകുന്നതു കണ്ടു ഞങ്ങൾ*
*വിൽക്കപ്പെടുന്നതെന്തായിരുന്നു?*
*ഞങ്ങൾതന്നമ്മവീടായിരുന്നു'*

(നിത്യകല്യാണി; പുറം: 977)

എന്ന് കവിത അവസാനിക്കുമ്പോൾ ആ ആൽമരവും അമ്മദൈവവും ആചാര പരിസരവും ആത്മീയബോധം എന്നതിലേറെ ദേശത്തിന്റെ/ജന്മഭൂമിയുടെ/പ്രകൃതിയുടെ പ്രതീകമായിരുന്നു കവിക്ക് എന്ന് വ്യക്തമാകുന്നു.

തറവാട്ടിലെ പഴയ സർപ്പക്കാവിനെ ചിത്രീകരിക്കുന്ന എൻ.വി.കൃഷ്ണവാര്യരുടെ 'മരങ്ങളും വള്ളികളും' എന്ന കവിതയിൽ ഭക്തിപരിസരം പാരിസ്ഥിതിക സമൃദ്ധിയുടെയും നാട്ടുകൂട്ടായ്മയുടെയും ബിംബങ്ങളായി പുനർജ്ജനിക്കുന്നു. ദുർഗന്ധം പരത്തുന്ന കാവള, നാട്ടിലെ പിള്ളേർക്ക് മുഴുവൻ തിന്നാൻ ചുളകളുമായി ചക്കകൾ, തൊട്ടാൽ തിണർക്കുന്ന ചേര്, അതിന് പ്രത്യൗഷധമായ താന്നി, പൊന്നിൽ കുളിച്ച കൊന്ന, മാണിക്യം ചൊരിയും മഞ്ചാടി, പിന്നെയും പേരറിയാത്ത എത്രയോ മരങ്ങൾ, വള്ളികൾ, കിളികൾ,

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

ഊഞ്ഞാൽ, തിരുവാതിരക്കാലം, ചിരികൾ, സുഗന്ധങ്ങൾ, വേനൽക്കാലത്ത് ഓടപ്പഴം തിന്നാനെത്തുന്ന മരപ്പട്ടികൾ, ഓടപ്പഴത്തിന്റെ നിറമുള്ള അവിട്ടത്തൂർക്കാരിയമ്മായി എന്നിവയിലൂടെയാണ് കവിമനസ് പാമ്പിൻകാവിനെ അനുസ്മരിക്കുന്നത്. ആ പാമ്പിൻ കാവ് ഇല്ലാതായപ്പോൾ കവിക്ക് നഷ്ടപ്പെട്ടത് ആരാധനാകേന്ദ്രമോ അവിടെ വസിച്ചിരുന്ന ദൈവങ്ങളോ അല്ല, മറിച്ച് അയിനിച്ചുളയുടെ മാധുര്യവും കൊന്നമരത്തിന്റെ പൊൻ ഭണ്ഡാരവും മഞ്ചാടിയുടെ മാണിക്യധാരാളിത്തവുമാണ്.

*'ഓടപ്പഴവും ഊഞ്ഞാൽവള്ളികളും മരപ്പട്ടികളും*
*നാട്ടിൻപുറവും കുണ്ടൻകിണറും ഒന്നുമില്ല'*

(എൻ.വി.യുടെ കവിതകൾ; പുറം: 365)

എന്ന് വിഷാദിക്കുന്ന എൻ.വി.കൃഷ്ണവാര്യർക്ക് കാവ് എന്നത് ഒരു ഹരിതാനുഭവമാണ്.

'നിങ്ങളീ ഇന്ത്യയെ ഇപ്പോഴും സ്നേഹിക്കുന്നുവോ' എന്ന കവിതയിൽ പൂതങ്ങൾ പെറ്റുകിടക്കുന്ന ഉറ്റവീട് വിറ്റുകളയുന്നതെങ്ങനെ എന്ന് വേവലാതിപ്പെടുകയാണ് സുഗത കുമാരി. പഴയ വീട് വിറ്റാൽ പണമുള്ളവർ വന്ന് ഇടിച്ച് നിരത്തി മാളിക പണിയും. അവിടെ ശീമമദ്യം ഒഴുകും. കുഴൽപ്പണത്തിന്റെ കേന്ദ്രമാകും. തൂണിലെ പാമ്പുകൾ തല തല്ലിച്ചാകും. കലവറകളിലെ ഇരുട്ടിൽ പെറ്റുകിടക്കുന്ന പൂതങ്ങൾ പ്രാകിക്കരയും,

*'ഇവരെക്കാളെത്ര / വിഷം കുറഞ്ഞോരെന്റെ*
*കടവാതിൽ, പാമ്പ് / പൂതങ്ങൾ, ഞാനും!'*

(സുഗതകുമാരിയുടെ കവിതകൾ സമ്പൂർണ്ണം; പുറം: 346)

എന്ന തിരിച്ചറിവിലെത്തുന്ന കവി വിശ്വാസത്തിന്റെ നിഷ്കളങ്കതയിലേക്ക് തകരുന്ന തറവാടുകളെയും പാരമ്പര്യസ്മൃതികളെയും തലമുറകളുടെ ആത്മബന്ധങ്ങളെയും പ്രകൃതിയെയും ജീവജാലങ്ങളെയും ചേർത്ത് പിടിക്കുന്നു. യുക്തിക്ക് വിധേയമല്ലാത്ത വിശ്വാസത്തിന് അടിയറവുവച്ച ഈശ്വരഭക്തിയിൽ നിന്ന് വ്യത്യസ്തമാണ് ഈ ഹരിതഭക്തി.

മുറ്റത്ത് പട്ടി മൂന്ന് സുന്ദരിക്കുട്ടികളെ പ്രസവിക്കുമ്പോഴും ശ്രീകോവിലിന് ചുറ്റും വളർന്ന ഇളം പുല്ലിൽ പതിവ്രതയായൊരു പാമ്പ് ഉറയൂരിയിടുമ്പോഴും വേനലിലെ ആദ്യത്തെ മഴത്തുള്ളിയിൽ മുറ്റത്തെ മണൽത്തരി കോരിത്തരിക്കുമ്പോഴും 'ക്ഷേത്രം പുണ്യസ്ഥലമായി മാറുന്നു' എന്നാണ് 'ക്ഷേത്രം' എന്ന കവിതയിൽ സച്ചിദാനന്ദൻ ആവിഷ്കരിക്കുന്നത്.

*'അവിടെപ്പിന്നെ വേണ്ടാ*
*വേദവും വിഗ്രഹവും*
*ഇവയെക്കാൾ വലുതല്ല*
*പ്രാർത്ഥനയും പൂരവും'*

(എന്റെ കവിത; പുറം: 189)

എന്നഭിപ്രായപ്പെടുന്ന ഈ കവിതയിൽ ആത്മീയത എന്നത് സഹജീവിസ്നേഹത്തിലും പരിസ്ഥിതിസ്നേഹത്തിലും ഊന്നിയ ജൈവബോധമായാണ് പ്രവർത്തിക്കുന്നത്. തന്നെ

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

ദൈവമാക്കി മാറ്റിയതിന് പൂജാരിയോട് കയർക്കുന്ന കല്ലിനെ ആവിഷ്കരിക്കുന്ന സച്ചിദാനന്ദന്റെ 'കല്ല്' എന്ന കവിതയിലും ഇതേ 'ജൈവികത' തന്നെയാണ് കാണാനാവുക. പൂവും ചന്ദനവും ചാർത്തി മന്ത്രവും നിവേദ്യവുമായി കഴിയുന്നതിന് പകരം മഴയും മഞ്ഞും വെയിലുമേറ്റ് കിടക്കുന്ന വെറും കല്ലായിരിക്കാനാണ് സച്ചിദാനന്ദന്റെ 'കല്ല്' ഇഷ്ടപ്പെടുന്നത്.

## മാനവികതയും സർഗ്ഗാത്മകതയും

ഈശ്വരഭക്തിക്കും ആചാരങ്ങൾക്കും നേരെയുള്ള അവിശ്വാസത്തിന് ബദലായി മാനവികതയും സർഗ്ഗാത്മകതയും പകരം വയ്ക്കുന്ന സന്ദർഭങ്ങൾ മലയാളകവിതയിൽ സുലഭമാണ്. ആയിരമായിരം വർഷങ്ങൾക്ക് മുമ്പ് ആരോ നിർമ്മിച്ച മുഗ്ദ്ധസങ്കൽപ്പമായി ദൈവത്തെ കാണുന്ന 'ദൈവം യുഗങ്ങളിലൂടെ' എന്ന കവിതയിൽ, മനുഷ്യനും ജീവിതവും മുമ്പോട്ടു കുതിക്കുമ്പോൾ തടസം സൃഷ്ടിക്കാൻ ശ്രമിക്കുന്ന ഉപാധികളായിട്ടാണ് ദൈവികതയെയും ആചാരങ്ങളെയും വയലാർ രാമവർമ്മ വിലയിരുത്തുന്നത്.

*'ഞങ്ങളെപ്പിന്നാം കൊളുത്തിട്ടുനിർത്തുവാ,*
*നങ്ങനെ നാളെ പ്രപഞ്ചം ഭരിക്കുവാൻ*
*ആരനുവാദം കൊടുത്തു നിൻപേരി,ലീ*
*ചോരകുടിയർക്കു സംസ്കാരമോതുവാൻ?'*

(വയലാർ കൃതികൾ, പുറം: 163)

എന്ന കവിയുടെ ചോദ്യം, അയുക്തികത ബോദ്ധ്യപ്പെട്ടാലും ആചാരം എന്ന പേരിൽ തിരുത്താൻ തയ്യാറാകാത്ത പല പ്രശ്നങ്ങളും ചർച്ചയാകുന്ന സമകാലിക സാംസ്കാരിക പരിസരത്തിൽ ഏറെ പ്രസക്തമാണ്. സർഗ്ഗലയസ്ഥിതികാരകനായ മനുഷ്യനുമായുള്ള വാദപ്രതിവാദത്തിൽ തോറ്റ്, കോപിച്ച് മടങ്ങിപ്പോകുന്ന 'ദൈവം വീട്ടിൽ വന്നിരുന്നു' എന്ന കവിതയിലും വയലാർ ദൈവികതയ്ക്ക് മേലേ മാനവികതയെ വാഴ്ത്തുന്നു.

ചിതൽതിന്ന ജടയുടെ പനയോലക്കെട്ടെല്ലാം ചിതയിലേക്ക് എറിഞ്ഞ് ചുട്ടെരിക്കാൻ ആവശ്യപ്പെട്ട് പകരം അരിവാളിന്റെ തത്ത്വശാസ്ത്രം പഠിപ്പിക്കാൻ ശ്രമിക്കുന്ന 'ചുട്ടെ രിക്കിൻ' എന്ന ചങ്ങമ്പുഴക്കവിതയിലൂടെ വെളിപ്പെടുന്നതും രാഷ്ട്രീയ പ്രത്യയശാസ്ത്രം എന്നതിലുപരി കവിയുടെ മതേതരമാനവിക നിലപാടുകൾ തന്നെ. വിശന്നുവലഞ്ഞ കുട്ടികളോട് ഗണപതി ഹോമത്തിന്റെ പുകമണം ഭുജിക്കാൻ പറഞ്ഞ് ഭാരതത്തിന്റെ വിശ്വാസസംസ്കാരത്തെ പരിഹസിക്കുന്ന വൈലോപ്പിള്ളി ശ്രീധരമേനോന്റെ 'ഗണപതി ഹോമം' എന്ന കവിതയുടെ ദർശനവും ഇതുതന്നെയാണ്.

*'പ്രാർത്ഥിച്ചു പ്രാർത്ഥിച്ചു പാഴാക്കിടാതൊറ്റ*
*മാത്രയുമത്രയ്ക്കു ധന്യമീ ജീവിതം*
*വേദനമുറ്റിത്തഴച്ചൊരീ വിസ്മയം*
*സ്നേഹിച്ചു സ്നേഹിച്ചു സാർത്ഥകമാക്കണം'*

(കുരീപ്പുഴ ശ്രീകുമാറിന്റെ കവിതകൾ ; പുറം: 175)

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

എന്ന് 'ചാർവ്വാകൻ' എന്ന കവിതയിൽ നിർദ്ദേശിക്കുന്ന കുരീപ്പുഴ ശ്രീകുമാറും ദൈവികതയ്ക്കുമേൽ മാനവികതയെ വാഴ്ത്തുന്നു.

ഭക്തിയെ സർഗ്ഗാത്മകതയുമായി തട്ടിച്ചുനോക്കി വിചിന്തനം ചെയ്യുന്ന സന്ദർഭങ്ങളും മലയാളകവിതയിലുണ്ട്. ചിലപ്പോൾ സർഗ്ഗാത്മകതയോട് ഭക്തി പ്രകടിപ്പിക്കുകയോ മറ്റു ചിലപ്പോൾ ഈശ്വരഭക്തിക്ക് മുകളിൽ സർഗ്ഗാത്മകതയെ പ്രതിഷ്ഠിക്കുകയോ ചെയ്യുന്നു.

നാട്ടിലെ സർപ്പക്കാവിൽ നിന്ന് ഒരു ദിവസം യാദൃച്ഛികമായി ഒരു ദേവീവിഗ്രഹം കണ്ടുകിട്ടുന്നതും തുടർന്നുള്ള സംഭവങ്ങളും അവതരിപ്പിക്കുന്ന കവിതയാണ് വയലാർ രാമവർമ്മയുടെ 'ദേവീവിഗ്രഹം'. സംഭവമറിഞ്ഞയുടനെ നാട്ടുകാർ കൂടി. ഒരു വെളിച്ചപ്പാട് തുള്ളി വന്ന് ദേവിയുടെ കൽപ്പനകൾ പുറപ്പെടുവിച്ചു. അതുപ്രകാരം അമ്പലം പണിഞ്ഞ്, ആ വിഗ്രഹം പ്രതിഷ്ഠിച്ച് ആചാരാനുഷ്ഠാനങ്ങളും ആരംഭിച്ചു. അങ്ങനെയിരിക്കെ ദേശസഞ്ചാരം കഴിഞ്ഞ് നാട്ടിൽ തിരിച്ചെത്തിയ ഒരു വൃദ്ധൻ ഇതുകണ്ടമ്പരന്നു. ആ വൃദ്ധൻ നിർമ്മിച്ച, ദൈവികതയൊന്നും കൽപ്പിക്കാത്ത ഒരു സാധാരണ ശിൽപ്പമായിരുന്നു അത്.

*'ആ വൃദ്ധൻ ചോദിക്കയാ*
*ണാരറിയിച്ചൂതന്നെ?*
*ദൈവമായ് താഴ്ത്തിക്കെട്ടാ*
*നെൻ കലാശിൽപ്പത്തിനെ...?'*

(വയലാർ കൃതികൾ; പുറം: 86)

എന്ന് ചോദിച്ച ശിൽപ്പിയെ വിശ്വാസത്താൽ അന്ധരായ ഭക്തർ ഭ്രാന്താണെന്നുപറഞ്ഞ് അടിച്ചോടിക്കുകയാണ് ചെയ്യുന്നത്. ഇവിടെ ദൈവികതയ്ക്ക് മേൽ കലർപ്പില്ലാത്തകലയെ ഉയർത്തിക്കാട്ടുന്ന കവി, വിഗ്രഹങ്ങൾ സൃഷ്ടിക്കപ്പെടുന്നതെങ്ങനെയാണ് എന്നുകൂടി കാട്ടിത്തരുന്നു.

'പദ്മനാഭസ്വാമി ക്ഷേത്രത്തിൽ' എന്ന കവിതയിൽ സച്ചിദാനന്ദൻ ആവിഷ്കരിക്കുന്നതും അനന്തപദ്മനാഭന്റെ ആത്മീയചൈതന്യമല്ല; പുരാണകഥകളുടെ ലാവണ്യം ശിൽപ്പചാരുതയിൽ ആവാഹിച്ച സർഗ്ഗചൈതന്യത്തിലാണ് കവി ആകൃഷ്ടനാകുന്നത്.

*'വനാന്തരത്തിലുറങ്ങിയ കരിമ്പാറകളിൽ നിന്ന്*
*ഇതിഹാസമല്ലാത്ത ഓരോ പൊടിയും*
*കൊത്തിയെടുത്തുകളഞ്ഞ*
*മുഴക്കോലിന്റെ വേദവ്യാസന്മാർക്കുമുമ്പിൽ*
*ഞാനിതാ സാഷ്ടാംഗം പ്രണമിക്കുന്നു'*

(തെരഞ്ഞെടുത്ത കവിതകൾ 1965–1998; പുറം: 88)

ഉളികളിടുന്ന സഞ്ചിയിൽ ഒരു മഹാസ്വപ്നവുമായി രാജാവിനെ കാണാനെത്തിയ പെരുന്തച്ചന്റെ പ്രതിഭയ്ക്കും ആ സ്വപ്നം യാഥാർത്ഥ്യമാക്കാൻ കഠിനാധ്വാനം ചെയ്ത ചേരചോളപാണ്ഡ്യ രാജ്യങ്ങളിലെ ജനതയുടെ ത്യാഗത്തിനും മുന്നിലാണ് സച്ചിദാനന്ദൻ എന്ന കവി സാഷ്ടാംഗം പ്രണമിക്കുന്നത്.

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

'മധുര' എന്ന കവിതയിൽ,

*'കേവലയുക്തിവാദിയോടൊപ്പം / മധുര കാണാൻ പോകരുത് /*
*ചന്ത, തെരുവ് / ഗ്രന്ഥശാല / സർവ്വകലാശാല /*
*എല്ലാം അയാൾ കാട്ടിത്തരും / എനിക്കു കാണേണ്ടതോ /*
*മീനാക്ഷിക്ഷേത്രം / മനുഷ്യനിർമ്മിത ശില്പങ്ങളുടെ /*
*ഉത്സവപ്പറമ്പ്'*

(കുരീപ്പുഴ ശ്രീകുമാറിന്റെ കവിതകൾ; പുറം: 275)

എന്ന് കുരീപ്പുഴ പറഞ്ഞുവയ്ക്കുമ്പോഴും ഭക്തിക്കും യുക്തിക്കും നടുവിലായി ഇടം പിടിക്കുന്നത് സർഗാത്മകത തന്നെ.

സന്ധ്യയ്ക്ക് എല്ലാവരും വിഗ്രഹത്തെ വണങ്ങുമ്പോൾ, കല്ലിലെഴുതിയ കാവ്യത്തെ മന്ത്രങ്ങൾ ചൊല്ലിയുണർത്തി, വിഗ്രഹത്തിലെ ഈശ്വരന് പകരം കല്ലിലെ സൗന്ദര്യത്തെ ദർശിച്ച്, ആ സൗന്ദര്യത്തിന്റെ സ്രഷ്ടാവായ ശിൽപ്പിയെ വാഴ്ത്തുകയാണ് 'സന്ധ്യാപൂജ' എന്ന കവിതയിൽ കിളിമാനൂർ രമാകാന്തൻ. ഒടുവിൽ,

*'നല്ലൊരു കലാകാരൻ*
*ചോരയെ വിയർപ്പാക്കി*
*കല്ലുളിയാലേ തീർത്ത*
*കാവ്യമാണല്ലോ ദൈവം'*

(കിളിമാനൂർ രമാകാന്തന്റെ തിരഞ്ഞെടുത്ത കവിതകൾ; പുറം: 139)

എന്ന് 'ദൈവം' എന്ന മഹത്തായ സങ്കല്പത്തിന്റെ കർത്തൃത്വാവകാശം കൂടി ഭാവനാസമ്പന്നനായ കലാകാരന് കൽപ്പിച്ചുകൊടുക്കുകയും ചെയ്യുന്നു.

## ഭക്തിയുടെ സമകാലയുക്തി

സമകാലമലയാളകവിതയിലെത്തുമ്പോൾ ഭക്തി – യുക്തി സമീപനങ്ങൾക്ക് കാര്യമായ രൂപാന്തരം സംഭവിക്കുന്നു. പുതുകവികൾ ദൈവത്തെ അതിഭൗതിക പശ്ചാത്തലത്തിൽ നിന്ന്, വിണ്ണിൽ നിന്ന്, മോചിപ്പിച്ച് മണ്ണിലേക്കിറക്കുന്നു.

പവിത്രൻ തീക്കുനിയുടെ 'ഭയം' എന്ന കവിതയിൽ, പുതിയ കാലത്ത് സ്വയ രക്ഷയ്ക്കുള്ള ഉപാധികൾ തേടി മനുഷ്യനെത്തന്നെ സമീപിക്കുന്ന ദൈവത്തെ കാണാം. ഒരു സന്ധ്യയ്ക്ക്, ഊന്നുവടിയുടെ സഹായത്തോടെ ആലയിലെത്തുന്ന ദൈവം കൊല്ല നോട് ആവശ്യപ്പെടുന്നത് ഒരു തോക്ക്, ഒരു വടിവാൾ, ഒരു മലപ്പുറം കത്തി എന്നിവയാണ്. 'പഴയപോലെ/ഭക്തിയുള്ള കാലമല്ലിത്/ആത്മരക്ഷയ്ക്കെങ്കിലും,/എന്തെങ്കിലും കരുതണ്ടേ' (തീക്കുനിക്കവിതകൾ; പുറം: 62) എന്നതാണ് നിസ്സഹായനായ ഈ ദൈവത്തിന്റെ യുക്തി.

അജീഷ്ദാസന്റെ 'കോട്ടയം ക്രിസ്തു' എന്ന കവിതയിൽ നാട്ടുവഴികളിലൂടെ നാട്ടുമനുഷ്യർക്കിടയിലേക്ക് സൈക്കിൾ ചവിട്ടുന്ന ദൈവത്തെ കാണാം. കോട്ടയത്തെ

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

റബ്ബർ കർഷകർക്കിടയിൽ,അവരുടെ സ്വന്തം കഞ്ഞിക്കുഴിക്കാരനാണ് യേശു. അതിഭൗതിക പരിവേഷങ്ങളിൽനിന്ന് പുറത്തിറക്കി നാട്ടിൻപുറത്തിന്റെ ജൈവപരിസരത്തിലേക്ക് ദൈവത്തെ പറിച്ചുനടുമ്പോൾ മാഞ്ഞുപോകുന്നത് ദൈവവും മനുഷ്യനും തമ്മിൽ മാത്രമല്ല ഭക്തിയും യുക്തിയും തമ്മിലുള്ള അകലം കൂടിയാണ്. യുക്തിയുടെ ഭൗതിക പരിസരത്തെ ദൈവത്തെക്കൂടി ഉൾക്കൊള്ളാനാകുംവിധം വികസിപ്പിക്കുന്ന ഈ മാന്ത്രികത ഭക്തിക്ക് സമകാലകവിത നല്കുന്ന പുതിയ വ്യാഖ്യാനമാണ്. ഇവിടെ, ഭക്തി അതിന്റെ നഷ്ടപ്പെട്ട സർഗാത്മകതയെ തിരിച്ചുപിടിക്കുന്നു.

## നിഗമനങ്ങൾ

മലയാളകവിതയിലെ ഭക്തി-യുക്തി സംവാദപരിസരങ്ങൾ വിശകലനം ചെയ്താൽ, 'ഈശ്വരസ്നേഹം' എന്ന അർത്ഥത്തിൽ മലയാളകവികൾ ഭക്തിയോട് താൽപര്യം പ്രകടിപ്പിക്കുന്നില്ല. ഭൂരിപക്ഷം കവികളും യുക്തിയുടെ കൂട്ടുപിടിച്ച് ഭക്തിയോട് വിയോജിക്കുകയോ അതിനെ പ്രതിരോധിക്കുകയോ ചെയ്യുന്നു.

ഭക്തിയും യുക്തിയും ഏറ്റുമുട്ടുന്ന സന്ദർഭങ്ങളിലെല്ലാം യുക്തിയാൽ ഭക്തി ചോദ്യം ചെയ്യപ്പെടുകയോ വിചാരണ ചെയ്യപ്പെടുകയോ പരിഹസിക്കപ്പെടുകയോ ചെയ്യുന്നു.

ഭക്തിയുടെ പേരിൽ നടന്നുവരുന്ന അനാചാരങ്ങളോടും തിന്മകളോടും എല്ലാക്കാലത്തും മലയാളകവിത യുക്തിയുടെ പിൻബലത്തോടെ ശക്തമായി പ്രതികരിക്കുന്നു.

ആത്മീയാനുഭവം എന്ന നിലയിലല്ല, മറിച്ച് മതാതീതമോ മതനിരപേക്ഷമോ ആയ ഹരിതാനുഭവമായോ പോയകാലത്തിന്റെ ഗൃഹാതുര സ്മരണയായോ പാരമ്പര്യത്തിന്റെ നന്മയായോ ഒക്കെയാണ് മലയാളകവികൾ ഈശ്വരഭക്തിയെയും അതിന്റെ പശ്ചാത്തലങ്ങളെയും പ്രകടന രൂപങ്ങളെയും തിരിച്ചറിഞ്ഞത്.

ഭൂരിപക്ഷം മലയാളകവികളും മനുഷ്യപ്രതിഭയെയും മാനവികതയെയും ജൈവികതയെയും ദൈവികതയ്ക്ക് മുകളിൽ പ്രതിഷ്ഠിക്കുന്നു.

നവോത്ഥാനകാല കവിതകൾ വരെ ഭക്തിയുടെ ഭൗതിക യാഥാർത്ഥ്യങ്ങൾ വിചാരണ ചെയ്തുവെങ്കിൽ ആധുനിക ആധുനികാനന്തര കവിതകൾ ഭക്തിയുടെ സൂക്ഷ്മ രാഷ്ട്രീയമാണ് ചികഞ്ഞത്. സമകാലകവിതയിൽ ഭക്തി-യുക്തി സംവാദങ്ങളുടെ സ്വഭാവം മാറുകയും പരസ്പര സംഘർഷത്തിൽ അയവുവരികയും ദൈവം അലൗകിക പരിവേഷങ്ങളിൽ നിന്ന് പുറത്തുകടന്ന് മനുഷ്യരുമായി സമവായത്തിലെത്തുകയും ചെയ്യുന്നു.

## സഹായകഗ്രന്ഥങ്ങൾ

1. *അജീഷ് ദാസൻ, കോട്ടയം ക്രിസ്തുവും മറ്റു കവിതകളും, ഡി.സി.ബുക്സ്, കോട്ടയം, 2016.*
2. *അയ്യപ്പപ്പണിക്കർ കെ., അയ്യപ്പപ്പണിക്കരുടെ കൃതികൾ (മൂന്നാംഭാഗം), ഡി.സി.ബുക്സ്, കോട്ടയം.*

ഗവൺമെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

3. *കുമാരനാശാൻ, കുമാരനാശാന്റെ മൗലിക കൃതികൾ, സാഹിത്യപ്രവർത്തക സഹകരണസംഘം, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം, 2008.*
4. *കൃഷ്ണവാര്യർ എൻ.വി., എൻ.വി.യുടെ കവിതകൾ, സാഹിത്യപ്രവർത്തക സഹകരണസംഘം, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം, 1986.*
5. *ചങ്ങമ്പുഴ കൃഷ്ണപിള്ള, ഒ.എൻ.വി. തിരഞ്ഞെടുത്ത ചങ്ങമ്പുഴക്കവിതകൾ, ചിന്താ പബ്ലിഷേഴ്സ്, 2013.*
6. *നാരായണപ്പണിക്കർ, കാവാലം, കാവാലം കവിതകൾ, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം, 2010.*
7. *പവിത്രൻ തീക്കുനി, തീക്കുനിക്കവിതകൾ, ഡി.സി.ബുക്സ്, കോട്ടയം, 2006.*
8. *രമാകാന്തൻ, കിളിമാനൂർ, കിളിമാനൂർ രമാകാന്തന്റെ തിരഞ്ഞെടുത്ത കവിതകൾ, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 2011.*
9. *രവിവർമ്മ, ആറ്റൂർ, ആറ്റൂർ കവിതകൾ, ഡി.സി.ബുക്സ്, 2012.*
10. *രാമചന്ദ്രൻ, പുതുശ്ശേരി, പുതുശ്ശേരി കവിതകൾ, കറൻറ് ബുക്സ്, 2008.*
11. *രാമവർമ്മ, വയലാർ, വയലാർ കൃതികൾ,ഡി.സി.ബുക്സ്, കോട്ടയം, 2010.*
12. *ശങ്കരൻ കെ.പി. (സംശോ.), നിത്യകല്യാണി (ഒളപ്പമണ്ണയുടെ സമ്പൂർണ്ണ കവിതകൾ), മാതൃഭൂമി ബുക്സ്, 2014.*
13. *ശ്രീകുമാർ, കുരീപ്പുഴ, കുരീപ്പുഴ ശ്രീകുമാറിന്റെ കവിതകൾ, ഡി.സി.ബുക്സ്, കോട്ടയം, 2006.*

# മരണത്തിന്റെ സാക്ഷികൾ

## (എം.ടി.യുടെ നോവലുകളിലെ കഥാപാത്രാപഗ്രഥനം)

**ഡോ. മേഴ്സി കെ.വി.**

അസോ. പ്രൊഫസർ, മലയാളവിഭാഗം, ഗവ. വിക്ടോറിയ കോളെജ്, പാലക്കാട്

**പ്രബന്ധസംഗ്രഹം**

എം. ടി. വാസുദേവൻനായരുടെ നോവലുകളിലെ കഥാപാത്രാപഗ്രഥനം ചെയ്യുന്ന 'മരണത്തിന്റെ സാക്ഷികൾ' എന്ന പ്രബന്ധം മരണത്തോടും മരണാനന്തര സാഹചര്യങ്ങളോടുമുള്ള മനുഷ്യന്റെ സമീപനങ്ങളെ വിശകലനം ചെയ്യുന്നു. പ്രേക്ഷകർ, സ്വയം എരിഞ്ഞടങ്ങുന്നവർ, ആത്മപിണ്ഡകർ, മരണത്തിന്റെ മൊത്തവ്യാപാരികൾ,മരണം ആഘോഷിക്കുന്നവർ, പരഹിംസകർ എന്നീ വിഭാഗങ്ങളെക്കൂടാതെ ജാതീയമരണങ്ങളെയും വിശകലനം ചെയ്യുന്നു. മരണത്തെ ഭയപ്പെടുന്ന മനുഷ്യന്റെ ജീവിതസമീപനങ്ങൾ, മരണസമീപനങ്ങളുമാണെന്ന് പലായനത്തിന്റെയും ആസക്തിയുടെയും സാർത്ഥതയുടെയും പാഠങ്ങൾ തെളിയിക്കുന്നു.

***താക്കോൽവാക്കുകൾ:*** ആത്മപിണ്ഡകർ, പരഹിംസ, അരുതുകൾ, ദ്വൈതം, ഹരാകിരി, ബൂമറാങ്, സക്കറാത്ത്, ഹാല്, അപകർഷം, പുന്നാമനരകം.

ജീവിതത്തിന്റെ നശ്വരതയുടെയും സമ്പത്തിന്റെയും പരസ്പരവൈരുദ്ധ്യങ്ങൾക്ക് നടുവിൽ വിറങ്ങലിച്ചുനിന്ന തത്ത്വാന്വേഷകരിൽ മുമ്പനാണ് എം. ടി. വാസുദേവൻ നായർ. ജീവിതത്തിന്റെ എതിർമുഖമെന്ന നിലയിൽ മരണത്തെ നോക്കിക്കണ്ട എഴുത്തുകാരിൽ നിന്ന് അദ്ദേഹം വ്യത്യസ്തനാകുന്നത് മരണത്തിന്റെ അനുഭവകഥനത്തിൽ നിന്നാണ്. കഠോപനിഷത്തിലെ യമ:നചികേതസ് സംവാദം വാരാണസിയുടെ ആമുഖമെന്ന നിലയിൽ അദ്ദേഹം കൂട്ടിച്ചേർത്തത് ഈയർഥത്തിലാണ് നോക്കിക്കാണേണ്ടത്. മരണത്തിന്റെ ഭീകരത അതിന്റെ സാക്ഷികളെക്കൊണ്ട് വിസ്തരിക്കുകയാണ് എം.ടി. തന്റെ നോവലുകളിൽ ചെയ്തിട്ടുള്ളത്. വ്യർത്ഥതയുടെയും നിരർത്ഥകതയുടെയും ആകെത്തുകയായ

ജീവിതത്തെക്കാൾ മരണത്തെക്കൊണ്ട് വ്യഥിതരാകുന്ന സാക്ഷികളെ എം. ടി. നിരത്തുന്നു. തന്മൂലം മരണത്തിന്റെ സാക്ഷികളുടെ നീണ്ടനിരതന്നെ എം.ടി.യുടെ നോവലുകളിൽ പ്രത്യക്ഷപ്പെടുന്നു. ജീവിതസമീപനത്തെക്കാൾ ഏറെ മരണവ്യാഖ്യാനം നടത്താൻ തുനിയുന്ന സാക്ഷികളുടെ വ്യത്യസ്തതകളാണ് ഈ പ്രബന്ധത്തിൽ ചർച്ചചെയ്യുന്നത്. എം. ടി. വാസുദേവൻ നായരുടെ കാലം, നാലുകെട്ട്, മഞ്ഞ്, രണ്ടാമൂഴം, അസുരവിത്ത്, വാരാണസി, വിലാപയാത്ര, എം. ടി.യും എൻ. പി. മുഹമ്മദും ചേർന്നെഴുതിയ അറബിപ്പൊന്ന് എന്നീ നോവലുകളിൽ നിന്നാണ് മരണത്തിന്റെ വ്യത്യസ്തസമീപനം പുലർത്തുന്ന ഈ സാക്ഷികളെ കണ്ടെത്തിയിരിക്കുന്നത്.

## എന്താണ് മരണം?

മരണത്തിന്റെ രഹസ്യം ചോദിക്കരുതെന്ന് നിർദ്ദേശിക്കുന്ന യമനോട് നചികേതസ്സ് പറയുന്ന മറുപടി മരണത്തെ ഭയപ്പെടുന്ന മനുഷ്യന്റേതാണ്:

'നാളെവരെ മാത്രം നിലനിൽക്കുന്നതാണ് ഈ സുഖഭോഗങ്ങൾ. എത്ര ക്ഷണത്തിൽ കഴിയുന്നു ഈ ജീവിതം.... ഞങ്ങൾ നശ്വരമർത്ത്യർക്ക് സമ്പത്തിലും സുഖത്തിലും എങ്ങനെ ആഗ്രഹം തോന്നും അങ്ങയുടെ ഈ മുഖം മുന്നിൽ കാണുമ്പോൾ'

പ്രൊഫസർ ശ്രീനിവാസൻ സുധാകരനുള്ള കത്തിൽ മരണത്തിന്റെ പ്രഥമസാക്ഷിയായ നചികേതസ്സിനെ പരാമർശിക്കുന്നുണ്ട്:

'മരണത്തെ മുഖാമുഖം കണ്ടു എന്നെഴുതിയത് ശരിയല്ല. മുഖാമുഖം കണ്ടവരാരും അതിനെപ്പറ്റി പറയുവാൻ ജീവിച്ചിരുന്നിട്ടില്ല. ഉപനിഷത്തിലെ നചികേതസ്സിനെ ഞാൻ മറക്കുന്നില്ല... പക്ഷേ നചികേതസ്സിനെ നമ്മൾ വെറും മനുഷ്യരുടെ കൂട്ടത്തിൽ പെടുത്താനാവില്ലല്ലോ.'

മോക്ഷനഗരമായ വാരാണസിയിലെ പ്രശസ്ത ലൈബ്രേറിയൻ ചന്ദ്രമൗലി, ഗവേഷക വിദ്യാർത്ഥികൾക്ക് നൽകുന്ന ഉപദേശത്തിലും മരണത്തെ അനുസ്മരിക്കുന്നുണ്ട്:

'ഉറക്കം ചെറിയതോതിലുള്ള ഒരു മരണമാണ്. ശരിയായ മരണം പിന്നാലെ വരുന്നുണ്ട്. അതുകൊണ്ട് ചെറിയ മരണങ്ങൾ കഴിയുന്നതും ഒഴിവാക്കുക.'

മഞ്ഞുപോലെ തണുത്തതും ഉറച്ചതും കാരുണ്യരഹിതവുമായ മരണത്തെ അഭിമുഖീകരിക്കുന്നവരുടെ തത്വചിന്തമുതൽ മരണത്തെക്കുറിച്ചുള്ള പരാമർശങ്ങൾവരെ പരിശോധിക്കുമ്പോൾ എം.ടി. അവതരിപ്പിക്കുന്ന മരണത്തിന്റെ സാക്ഷികൾക്ക് ജീവിതത്തെക്കാൾ വൈപുല്യവും വൈവിധ്യവും കാണാം. ഈയടിസ്ഥാനത്തിലാണ് മരണത്തിന്റെ സാക്ഷികളെ താഴെപ്പറയുംവിധം വർഗീകരിക്കുന്നത്.

1. പ്രേക്ഷകർ
2. സ്വയം എരിഞ്ഞടങ്ങുന്നവർ
3. ആത്മപിണ്ഡകർ
4. മൊത്തവ്യാപാരികൾ
5. മരണം ആഘോഷിക്കുന്നവർ

ഗവൺമെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

6. പരഹിംസകർ
7. ജാതീയമരണങ്ങൾ

മരണത്തിന്റെ സാക്ഷികളുടെ വ്യത്യസ്തതകൾ പഠിക്കുമ്പോഴാണ് ജീവിതസമീപനത്തെക്കാളേറെ എം.ടി.യുടെ മരണസമീപനം ആഴമേറിയതാണെന്നു തോന്നുന്നത്. അഭ്യസ്തവിദ്യരുടെ തൊഴിൽരാഹിത്യം, ജാതീയത, ജീവിതമൂല്യങ്ങളുടെയും നാഗരിക ഗ്രാമീണസങ്കല്പങ്ങളുടെയും ദ്രുതഗതിയിലുള്ള പരിവർത്തനം, 'അരുതു'കളുടെ നിഷേധം, സ്വാർത്ഥചിന്തകൾ തുടങ്ങിയവയ്ക്ക് സ്വാതന്ത്ര്യാനന്തരഘട്ടത്തിലുണ്ടായ ഭീമമായ വർദ്ധനയാണ് മരണത്തിന്റെ സാക്ഷികളെ ഇത്രകണ്ട് പഠനാർഹമാക്കുന്നത്. മനുഷ്യവൃത്തികളെ വ്യവച്ഛേദിക്കുന്നതിനോ, പുണ്യപാപങ്ങളെ വിലയിരുത്തുന്നതിനോ എം.ടി. ശ്രമിക്കുന്നില്ല. എന്നാൽ, മരണത്തെ ഭയക്കുകയും ജീവിതത്തെ ആസക്തിയോടെ സമീപിക്കുകയും ചെയ്യുന്ന കഥാപാത്രങ്ങളുടെ നീണ്ടനിരതന്നെ എം.ടി.യുടെ നോവലുകളിൽ പ്രത്യക്ഷപ്പെടുന്നു.

**1. പ്രേക്ഷകർ**

സ്വയംനോക്കിക്കാണുന്നവരും മരണത്തെ അഥവാ മരണാനന്തരഭൗതികദേഹത്തെ/ ജഡത്തെ നോക്കിക്കാണുന്നവരുമെന്ന് ഈ വിഭാഗത്തിൽപ്പെട്ട മരണത്തിന്റെ സാക്ഷികളെ വിശദീകരിക്കാം. 'പൊട്ടിയ ഭിക്ഷാപാത്രം പോലെ ശൂന്യമായ മനസ്സാണ്' ആദ്യ വിഭാഗത്തിൽപ്പെട്ടവരുടേത്. വ്യത്യസ്തതരം സ്വയംഹത്യകളുടെയും സ്വാഭാവികമരണങ്ങളുടെയും അവശേഷിപ്പുകളെ നോക്കിക്കാണുന്നവരാണ് രണ്ടാംവിഭാഗം. മരണവർണ്ണനകളും അത് കാണികളിൽ ഏല്പിക്കുന്ന പ്രതികരണങ്ങളും ഏറെ ഹൃദയാവർജ്ജകമായാണ് എം.ടി. അവതരിപ്പിക്കുന്നത്. മരണത്തിന്റെ ഭീഷണതയാണ് സ്വയംഹത്യയുടെ അവശേഷിപ്പുകൾ.കാണികളുടെ ഈ ദ്വൈതത്തിൽ നിരവധി തവണ ആത്മഹത്യയ്ക്ക് ശ്രമിച്ചവരും മരണവും ജഡവും നോക്കിക്കാണുന്നവരും ഭീതിദമായ കാഴ്ചയാണ്.

## സ്വയംനോട്ടങ്ങളുടെ ശൂന്യത

വിലാപയാത്രയിലെ ഉണ്ണിമാധവൻ ജപ്പാനിലെ ഹരാകിരിയെയും ബൂമറാങ്ങിനെയും പറ്റി സുഹൃത്തുക്കളോട് സംസാരിക്കുന്നു. ഇതേ ഉണ്ണി ടർപെന്റയ്ൻ കഴിച്ച് കാഴ്ച നഷ്ടപ്പെട്ട് ഒരാഴ്ചത്തെ ആശുപത്രി വാസത്തിനുശേഷം ജീവിതത്തിലേക്ക് തിരിച്ചുവന്നവനാണ്. കാലത്തിലെ സേതുമാധവനാകട്ടെ, ജോലിക്ക് വേണ്ടിയുള്ള ഊരുതെണ്ടലിന്റെ ഒടുവിൽ തന്റെ ആദർശങ്ങൾക്കും ജീവിതശൈലിക്കും ഒട്ടും നിരക്കാത്ത ഗ്രാമസേവകന്റെ തൊഴിലിൽ പ്രവേശിക്കാനെത്തിയ അന്നുതന്നെ അപമാനിതനായി പുറത്താക്കപ്പെടുന്നു. താൻ ആത്മഹത്യ ചെയ്താൽ പത്രവാർത്ത എന്തായിരിക്കുമെന്ന് ആലോചിക്കുന്ന സേതു പിന്നീട് ആ ചിന്തയെ അതിജീവിക്കുന്നുണ്ട്. വാരാണസിയിലെ സുധാകരനും തന്റെ 'വിഹിതബന്ധ'ത്തിന്റെ ഭാവിഫലങ്ങൾ ഒഴിവാക്കാൻ ആദ്യം ആത്മഹത്യ സ്വപ്നം കാണുന്നെങ്കിലും പിന്നീട് തന്നെ ആരും പ്രതീക്ഷിക്കാത്ത ഇടത്തേക്ക് പലായനം ചെയ്യുന്നു.ജീവിതനശീകരണത്തെ ജീവിതാസക്തി തോല്പിക്കുന്ന നിരവധി സന്ദർഭങ്ങൾക്ക് എം.ടി.യുടെ നോവൽ ഇടമൊരുക്കുന്നു.

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

'അവിഹിതബന്ധ'ങ്ങളുടെ ദുഷ്ഫലങ്ങളെ നേരിടാൻ കഴിയാത്തവരും ദാരിദ്ര്യം മുതലായ നിരവധി ദുരനുഭവങ്ങളിലൂടെ കഴിഞ്ഞുപോകുന്നവരുമായ സ്ത്രീകളുടെ ആത്മഹത്യകളും എം.ടി.യുടെ നോവലുകളിലുണ്ട്. കോവിലകങ്ങളിലെ തമ്പുരാട്ടിമാർ, 'ചെറുമി' പെണ്ണുങ്ങൾ തുടങ്ങിയവർ ഇക്കൂട്ടത്തിൽ ഉണ്ട്. തൊഴിൽരാഹിത്യവും ആഭിജാത്യത്തിന്റെ വേട്ടയാടലും താങ്ങാനാവാതെ ആത്മഹത്യചെയ്ത യുവാക്കളും കുറവല്ല. വസ്ത്രത്തിന്റെയോ കയറിന്റെയോ തുമ്പിൽ തൂങ്ങിനിൽക്കുന്ന സ്ത്രീശരീരങ്ങൾ, വെള്ളംകുടിച്ച് ചീർത്ത് വികൃതരൂപത്തിൽ വെള്ളത്തിൽ പൊന്തിക്കിടക്കുന്ന സ്ത്രീജഡങ്ങൾ, വിഷമോ റെയിൽപ്പാളങ്ങളോ ജീവനൊടുക്കാൻ തിരഞ്ഞെടുത്ത യുവാക്കൾ എന്നിവരും ഈ വിഭാഗത്തിൽപ്പെടുന്നു.

## പരവീക്ഷണങ്ങളിലെ ദൈന്യത

എം.ടി. അവതരിപ്പിക്കുന്ന അന്ത്യച്ചിത്രങ്ങൾ മിക്കവാറും ഭീതിദമാണ്. 'അറബിപ്പൊന്നിൽ' സക്കറാത്തിന്റെ ഹാലെന്ന് (മരണത്തിന്റെ വരവ്) വൃദ്ധസ്ത്രീകൾ വിശേഷിപ്പിക്കുന്ന ലക്ഷണങ്ങൾ ഉമ്മയിൽ കാണുന്ന കോയ മരവിച്ചുനിൽക്കുന്നുണ്ട്.

'അവസാനത്തെ യാത്രപറയലാണത്. അപ്പോഴേക്കും വായപിളർന്നു. ശ്വാസംകിട്ടാതെ ആകെ പുളയുന്നപോലെ.... കണ്ണുകൾ അസ്ഥിക്കുഴികളിൽ നിന്ന് തെറിച്ചുചാടാൻ ഒരുങ്ങുന്നപോലെ ഉരുണ്ടുയർന്നു. വായ തുറന്നു. വിളറിയ തൊണ്ണുകളിൽ പല്ലുകൾ ഉന്തിനിന്നു. അവയ്ക്ക് നീളംകൂടി. സ്വപ്നത്തിൽ, ഓർമ്മയിൽ, അർദ്ധബോധാവസ്ഥയിൽ ഉമ്മ കണ്ണുതുറന്നു. കണ്ണുകൾ പാതിയടഞ്ഞു. ഒരു നിമിഷം മാത്രം.... തലയണയിലേക്ക് ശിരസ്സുചാഞ്ഞു.....'

മരണശേഷം കോയ കാണുന്ന ഉമ്മയുടെ രൂപം ശാന്തമാണ്.

'പേടിപ്പെടുത്തുന്ന യാതൊന്നുമില്ല. കണ്ണുകൾ അടഞ്ഞിരിക്കുന്നു. മുഖമാകെ വിളറിയിരിക്കുന്നു. ഉറങ്ങുകയാണെന്നേ തോന്നൂ. കണ്ണുകൾ തുറക്കില്ലെന്നും വിളിക്കില്ലെന്നും വിശ്വസിക്കാൻ പ്രയാസം തോന്നി'

മരണത്തിന്റെ ഭീതിദമായ ചിത്രം വരയ്ക്കാൻ എം.ടി.യുടെ തൂലികയ്ക്കുള്ള അസാധാരണമികവ് ഇവിടെ ദൃശ്യമാണ്. എന്നാൽ കാണികളുടെ ദൈന്യതയ്ക്ക് തുല്യതയില്ലെന്നതും ശ്രദ്ധേയമാണ്. 'അസുരവിത്തി'ലെ തറവാട്ടമ്മയുടെ അന്ത്യനിമിഷങ്ങൾക്ക് അവിവാഹിതയായ മകൾ കുഞ്ചുക്കുട്ടിയാണ് സാക്ഷി. 'അറബിപ്പൊന്നി'ലെ മാതാവിന്റെ മരണത്തിന്റെ ഭീകരതയും അനുബന്ധമായി മക്കൾക്ക് നേരിടുന്ന അരക്ഷിതത്വവും ഭയപ്പാടുകളും കുഞ്ചുക്കുട്ടിയെ സ്വാധീനിക്കുന്നില്ല:

'അവസാനം അമ്മ മരിച്ചു. മരണം സമീപത്തുനിന്നു കണ്ടപ്പോൾ ഭയം തോന്നിയില്ല. കണ്ണുകൾ വട്ടംവീശുന്നതും തൊണ്ടയിൽ ശ്വാസം കുടുങ്ങി ശബ്ദം ഉണ്ടാകുന്നതും, ശുഷ്കിച്ച നെഞ്ചിൻകൂട് ഉയർന്നുതാഴുന്നതുമെല്ലാം കട്ടിലിനുസമീപം നിന്നുകൊണ്ട് കണ്ടു... തേങ്ങാമുറികളിലെ തിരികളുടെയും നിലവിളക്കിന്റെയും വെളിച്ചത്തിൽ കഴുത്തുവരെ മൂടി ഭസ്മം തൊടുവിച്ചുകിടത്തിയ ആ രൂപം നോക്കിനിന്നപ്പോൾ മനസ്സിൽ ദുഃഖമായി

ഗവൺമെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

രുന്നില്ല. ഒരുതരം നിർവികാരമായ നിസ്സഹായതയായിരുന്നു. ചുളുങ്ങിവരണ്ട മുഖം നോക്കിയാൽ മരിച്ചുകിടക്കുകയാണെന്നു തോന്നില്ല... അമ്മ വളരെ കാലത്തിന് ശേഷം ഉറങ്ങുന്നു... സമാധാനമായി ഉറങ്ങുന്നു.. പുതിയ വേദനകൾ മറക്കാൻ പഴയപദവി അയവിറക്കിക്കൊണ്ട് കഴിഞ്ഞുകൂടിയ അമ്മയുടെ കഷ്ടപ്പാടുകൾ അവസാനിച്ചിരിക്കുന്നു....'

അല്പനേരത്തെ നരകയാതനകൊണ്ട് ഭൂമിയിൽച്ചെയ്ത പാപഫലങ്ങളെല്ലാം അനുഭവിപ്പിച്ച് സ്വതന്ത്രരാക്കുന്ന ഈശ്വരനെക്കുറിച്ചുള്ള 'ഹിന്ദുമതസങ്കല്പമാണ്' ഈ മരണയാതനയുടെ വാങ്മയച്ചിത്രങ്ങളൊരുക്കുമ്പോൾ എം.ടി.യെ നിയന്ത്രിക്കുന്നതെന്ന് പറയാതെ വയ്യ.

**2. സ്വയം എരിഞ്ഞടങ്ങുന്നവർ**

മാതാവിന്റെ വിവാഹേതരബന്ധത്തോട് കലഹിച്ച്, നൈനീദേവിയുടെ മടിയിലെ തടാക തീരത്തെ സ്കൂളിൽ ജോലിനേടിയ വിമല (മഞ്ഞ്), നാട്ടിൻപുറത്ത് വിവാഹം മുടങ്ങിയ ശേഷം തറവാട്ടിനകത്ത് ദാരിദ്ര്യത്തിലും ആത്മപീഡകളിലും മുഴുകി ജീവിക്കേണ്ടിവന്ന കുഞ്ചുക്കുട്ടി (അസുരവിത്ത്), നാട്ടാചാരങ്ങളെയും കാരണവരുടെ കല്പനകളെയും ലംഘിച്ച്, ഇഷ്ടപ്പെട്ട പുരുഷനൊപ്പം ജീവിതയാത്ര തുടർന്നെങ്കിലും പെട്ടെന്ന് തനിച്ചാക്കപ്പെട്ട പാറുക്കുട്ടി (നാലുകെട്ട്), കാമുകന്റെ സ്വാർത്ഥത തിരിച്ചറിഞ്ഞ് ഒടുവിൽ സന്യാസത്തിൽ അഭയംതേടിയ സുമിത്ര (കാലം), തുടങ്ങി ജീവിച്ചിരിക്കെത്തന്നെ മൃത രായി വർത്തിക്കുന്ന നിരവധി സ്ത്രീകൾ എം.ടി. യുടെ നോവലുകളിൽ കാണാം.

'ഗോൾഡൻ ന്യൂക്കിൽ' പാടുന്ന വൃദ്ധനായ സർദാർജിയുടെ ഇക്താരയുടെ ഈണമാണ് വിമലയുടെ ജീവതാളമെന്ന് പറയാം:

'എന്റെയും എന്റെ പിമ്പേയുള്ളവരുടെയും മരണം ഞാൻ മരിക്കുകയാണ്'

ഒറ്റയ്ക്ക് താമസിക്കുന്ന, നാട്ടുകാർ ഭ്രാന്തിയെന്നാരോപിച്ച, സന്യാസവേഷധാരിണി യായ സുമിത്രയാകട്ടെ, ഭഗവാൻ തുണയുണ്ടാകുമെന്ന് പറഞ്ഞ് തനിച്ചു കഴിഞ്ഞുകൂടുന്നു. തികച്ചും നിർമമത്വം നിറഞ്ഞ സന്യാസിഭാവത്തിലാണ് പ്രണയതിരസ്ക്കാരം അവളെ കൊണ്ടെത്തിച്ചത്. ഭർത്താവ് ചതിയിൽ കൊല്ലപ്പെട്ടപ്പോഴും മകനുവേണ്ടി ജീവിച്ച പാറു ക്കുട്ടി അവൻ തന്നെ ഉപേക്ഷിച്ചു പോയശേഷം എങ്ങനെ ജീവച്ഛവമായിത്തീർന്നുവെന്ന് പ്രളയകാലത്തെ അവളുടെ മനോഭാവം വ്യക്തമാക്കിത്തരുന്നു. വീടിനു ചുറ്റും വെള്ളം നിറയുകയും സമീപത്തുള്ളവർ ഒഴിഞ്ഞുപോവുകയും ചെയ്തശേഷവും ഇടിഞ്ഞുവീഴുന്ന ചുമരുകൾക്കിടയിൽ അവസാനം കാത്തിരിക്കുന്ന പാറുക്കുട്ടിയുടെ ചിത്രം, സുധീർകുമാർ മിശ്രയെ കാത്തിരിക്കുന്ന വിമലയുടേതിൽ നിന്നും വ്യത്യസ്തമല്ല.

'ഇതു മരിച്ചവീട്ടിലെ നിശബ്ദതയല്ല, മരണം കാത്തിരിക്കുന്ന ഒരു മുറിക്കകത്തെ വെറുങ്ങലിപ്പാണ്'

**3. ആത്മപിണ്ഡകർ**

വരാനിരിക്കുന്ന മരണത്തെ വരവേല്ക്കാൻ, ശേഷക്രിയകൾ സ്വയമേ അനുഷ്ഠിക്കുന്ന ഏകാകിക്ക് രണ്ട് മുഖങ്ങളുണ്ട്. ഒന്ന്, ഭൂതകാലത്തിന്റെ പങ്കിലമായ വീഴ്ചകളാലുള്ള

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

അപകർഷം രണ്ട്, വീണിടത്തുനിന്നും ഉണർന്നെഴുന്നേൽക്കാനും സ്വന്തം ആത്മവത്തയെ ഉന്മത്തമാക്കാനുമുള്ള കഴിവ്. 'വാരാണസി'യിലെ രണ്ടുകഥാപാത്രങ്ങളെ ഈ അർത്ഥ ത്തിൽ നമുക്ക് നിരീക്ഷിക്കാനാകും. ഒന്നാം ഭാഗം സുധാകരന് അവകാശപ്പെട്ടതാണെങ്കിൽ രണ്ടാം പങ്ക് സഞ്ചരിക്കുന്ന വിജ്ഞാനകോശമായ യൂണിവേഴ്സിറ്റി ലൈബ്രേറിയൻ ചന്ദ്രമൗലിയുടെതാണ്. ജീവിച്ചിരിക്കെത്തന്നെ ഒരാൾക്ക് സ്വന്തം പിണ്ഡംവെയ്ക്കാമെന്ന ശാസ്ത്രം തീർത്ഥപുരോഹിതൻ വെളിപ്പെടുത്തുമ്പോൾ, ഇരിക്കപിണ്ഡം മാത്രമല്ല, എഴുതിപ്പൂർത്തിയാകാത്ത ഗവേഷണപ്രബന്ധം കൂടി സുധാകരൻ ഗംഗയിൽ നിമജ്ജനം ചെയ്യുന്നു. സ്വന്തം പ്രാണനിലെ അപരാധവും ഏകാകിതയും ഗംഗയ്ക്ക് സമർപ്പിക്കുന്ന തോടൊപ്പം തന്റെ അറിവിനെക്കൂടിയാണ് ഉപേക്ഷിക്കുന്നത്. എന്നാൽ അയാളുടെ അപരാധബോധവും ഒറ്റപ്പെടലും അതോടെ അവസാനിക്കുന്നു എന്ന് അർത്ഥമില്ല. തന്നിലെ പുരുഷഭാവവും അധീശത്വവും ഒരിക്കൽ ഉപേക്ഷിച്ചവരെ തേടിച്ചെല്ലാൻ അയാളെ അനുവദിക്കുന്നുമില്ല. സുധാകരൻ ഗീതയെ ത്യജിച്ചു;മേഡെലിനെ പരിഗ്രഹിച്ചു. രണ്ടു പേരും അവരിൽ ജനിച്ച ആൺമക്കളും (പുന്നാമനരകത്തിൽ നിന്നും രക്ഷിക്കാനുള്ള മുതൽക്കൂട്ടുകൾ) മനസ്സിൽ നിന്ന് അയാളെ മായ്ച്ചുകളഞ്ഞു. അയാളാകട്ടെ, അവരെ ക്കുറിച്ചുള്ള ഓർമ്മകളുടെ വേട്ടയാടലിന് വിധേയനായ ദയനീയനായ ഇരയാണ്. ഏത് ആത്മപിണ്ഡത്തിനും അയാളെ സ്വന്തം ഏകാന്തതയിൽനിന്ന് സ്വതന്ത്രനാക്കാനാവില്ലെന്ന യാഥാർഥ്യം വായനക്കാർക്കുമാത്രമാണ് വെളിപ്പെടുന്നത്.

ഉപേക്ഷിച്ചുപോയ ഭാര്യയെ തിരഞ്ഞുപോകാതെ, പുസ്തകക്കൂമ്പാരത്തിനിടയിൽ സ്വയം നഷ്ടപ്പെടുത്തിയ ചന്ദ്രമൗലി ജ്യോതിഷപണ്ഡിതൻ കൂടിയാണ്. 77 വയസ്സുവരെ സ്വന്തം ആയുസ്സ് ഗണിച്ചുവച്ച അയാൾ റിട്ടയർമെന്റിനുശേഷം പല ജോലികൾക്കായി സർവകലാശാലയിലേക്ക് ക്ഷണിക്കപ്പെട്ടിരുന്നു. ശേഷം സംസ്കൃത മഹാവിദ്യാലയ ക്കാരുടെ പ്രാചീനഗ്രന്ഥസൂചിയുണ്ടാക്കുന്ന തിരക്കിലായി. അത് തീർന്നാൽ അഡയാറിലെ തിയോസഫിക്കൽ സൊസൈറ്റിയുടെ ബുള്ളറ്റിൻ ഭേദപ്പെട്ട റിസർച്ച് ജേർണൽ ആക്കുന്ന ജോലിയാണ്.അതിന് മൂന്ന് വർഷമെടുക്കും. തുടർന്നുള്ള മൂന്ന് വർഷംകൊണ്ട് 'കാശിവാസം' സംബന്ധിച്ച് പുസ്തകമെഴുതും. ശേഷം പരമാത്മലയനമാണ് ലക്ഷ്യം. അറിവിലൂടെ പരമപീഠം നേടിയ ചന്ദ്രമൗലിക്ക് ആത്മപിണ്ഡം സമർപ്പിക്കുന്നതിന് ഒരു പുരോഹിതൻ ആവശ്യമില്ല. അയാൾക്ക് സുധാകരനെപ്പോലെ വാർദ്ധക്യമോ, ഏകാന്തതയോ, അനാരോഗ്യമോ അനുഭവപ്പെടുന്നുമില്ല. അയാളുടെ ആത്മപിണ്ഡം സർവ്വജ്ഞതയിലാണ്. സർവ്വജ്ഞനെന്നു വിളിപ്പേരുള്ള പരമശിവന്റെ പര്യായനാമമുള്ള ചന്ദ്രമൗലി, സുധാകരന്റെ എതിർധ്രുവത്തിലാണ് നിലയുറച്ചിരിക്കുന്നത്.

**4. മരണത്തിന്റെ മൊത്തവ്യാപാരികൾ**

കാശി നഗരത്തിലെ മോക്ഷവ്യാപാരത്തിന്റെ മൊത്തക്കച്ചവടക്കാരാണ് രാംലാലിന്റെ കുടുംബം. ഹരിശ്ചന്ദ്രന് ചുടലക്കാവൽക്കാരനായി ജോലികൊടുത്ത ചണ്ഡാളന്റെ പിൻതലമുറക്കാരാണ് ഈ കുടുംബം. മരണാനന്തരകർമ്മങ്ങൾക്കുള്ള വിറക്, പട്ട്,പൂവ് ഏറ്റവും സുപ്രധാനമായി അഗ്നി ഹരിശ്ചന്ദ്രന്റെ കാലം മുതൽ കെടാതെ സൂക്ഷിക്കുന്ന അഗ്നി എന്നിവയുടെ വില്പനക്കാരാണ് രാംലാലിന്റെ കുടുംബം. യൂണിവേഴ്സിറ്റി

വിദ്യാർത്ഥിയായിരുന്ന രാംലാൽ കുടുംബം പുലർത്തുന്ന പല നയങ്ങളിലും വിരുദ്ധ ചിന്തയുള്ളവനായിരുന്നു.ഇലക്ഷന് നിന്ന് കൗൺസിലറായ ശേഷം ഇലക്ട്രിക്കൽ ക്രിമറ്റേറിയം സ്ഥാപിച്ച് മരണാനന്തര ചെലവുകൾ ഇല്ലാതാക്കണമെന്നായിരുന്നു, രാംലാലിന്റെ ആഗ്രഹം. ഒരു പരിധിവരെ അയാൾ അതിൽ വിജയിച്ചു. ജാതി അയാളെ തിരഞ്ഞെടുപ്പിൽ തോൽപ്പിച്ചെങ്കിലും വൈദ്യുതശ്മശാനത്തിനകത്തും ഹരിശ്ചന്ദ്രന്റെ തീക്കനൽ ഇടുന്ന വിശ്വാസിയുടെ ബോധ്യമാണ് രാംലാലിനെ തീർത്തും തകർത്തു കളഞ്ഞത്. തന്മൂലം തന്റെ പൂർവികന്മാരുടെ സുഖലോലുപതയും അധികാരപ്രമത്തതയും നിറഞ്ഞ രീതിയിലേക്ക് അയാൾ സ്വയം പരിവർത്തനായി.

**5. മരണം ആഘോഷിക്കുന്നവർ**

കഥകളിയിലെ ദുശ്ശാസനവധം കാണുന്ന ബാലനായ അപ്പുണ്ണി അതുപോലെ പിതൃഘാതകനായ സെയ്താലിക്കുട്ടിയെ കൊല്ലാൻ തീർച്ചപ്പെടുത്തുന്നുണ്ട്. കൊലയും മരണവും ആണുങ്ങളുടെ ആഘോഷമാണെന്ന് 'രണ്ടാമൂഴ'ത്തിൽ ദ്രൗപദി അപഹസിക്കുന്നു. യുദ്ധരംഗത്തെല്ലാം എതിരാളിയെ കീഴ്പ്പെടുത്തുമ്പോൾ സ്വയം മറന്ന് ആർത്ത് അലറുന്ന ഭീമൻ മരണത്തിന്റെ ആഘോഷമാണ് നടത്തുന്നത്. ഓരോ മരണവും പ്രതിക്രിയ ചെയ്യാനുള്ള ഉത്സാഹം വളർത്തുന്ന സംഭവമാണ് കാട്ടാളർക്ക്.വിരാടരാജധാനിയിലെ മല്ലയുദ്ധം കാണുന്ന നിരതൻ വല്ലവന്റെ എതിരാളിയായ ജീമൂതനെപ്പറ്റി 'കൊല്ലവനെ' എന്നാണലറുന്നത്. ഇതെല്ലാം മരണത്തിന്റെ ലൗകികാഘോഷമാണെങ്കിൽ അതിന്റെ ആത്മീയാഘോഷമാണ് കാശിലാഭ്മുക്തിഭവനിലെ മാനേജരായ ഓംപ്രകാശ് നടത്തുന്നത്. മുക്തിഭവനിലെ വ്യാസൻ എന്ന് നോവലിസ്റ്റ് വിശേഷിപ്പിക്കുന്ന ഓംപ്രകാശ് ഓരോ മരണവും തന്റെ ആത്മാവിലാണ് ആഘോഷിക്കുന്നത്.

ഉന്നതവിദ്യാഭ്യാസം നേടിയ ഓംപ്രകാശിനെ ഔദ്യോഗികമോഹങ്ങളിൽ നിന്ന് അകറ്റി മരണത്തിന്റെ ആഘോഷകനാക്കി മാറ്റിയത് അയാളുടെ പിതാവാണ്. വൃക്കരോഗ ബാധിതനായ അദ്ദേഹം ഉയർന്ന ചികിത്സ വേണ്ടെന്ന് ശഠിച്ച് തന്നെ കാശിയിലെത്തിക്കാൻ ആവശ്യപ്പെടുന്നു. കാശിലാഭ് മുക്തിഭവനിലെ മാനേജരായ വിലാസ് പാണ്ഡെ ആ അച്ഛനെയും ഓംപ്രകാശിനെയും സ്വീകരിച്ചു. അവിടെ എത്തിയ ഏഴാം ദിവസം അച്ഛൻ ശാന്തവും ഉത്തമവുമായ മരണം സ്വീകരിച്ചു. ഓംപ്രകാശിന്റെ ആദ്യമരണസാക്ഷിത്വമായിരുന്നു അത്. അച്ഛന്റെ മരണത്തോടൊപ്പം സാമ്പത്തികമരണവും ഓംപ്രകാശിന് നേരിടേണ്ടിവന്നു. താത്കാലികവ്യവസ്ഥയിൽ നിയമനംനേടിയ അയാൾ 11 ദിവസം ലീവെടുത്തതായിരുന്നു കാരണം. സങ്കടമോചനക്ഷേത്രത്തിലെ ഹനുമാനെത്തൊഴുത് ഒരിടത്തിരുന്നപ്പോൾ ഒരു സ്ത്രീ പൂജാരിയാണെന്നു കരുതി ഓംപ്രകാശിനെ പൂജ നടത്താൻ ക്ഷണിച്ചു. പ്രതിഫലമായി ഒരു രൂപയും പ്രസാദമായ അവിലും മലരും പഴവും ലഭിച്ചു. അന്നയാൾ ഗംഗാതീരത്തെ തോണിപ്പുരയിൽ കിടന്നുറങ്ങി. പിറ്റേന്ന് ഗംഗയുണരുന്നത് കണ്ടതോടെ കാശിവിട്ടുപോകുന്നില്ലെന്ന് നിശ്ചയിച്ചു. അയാൾ ഗംഗയിൽ കുളിച്ചുകഴിയുമ്പോൾ സൂര്യനമസ്കാരം കഴിഞ്ഞുമടങ്ങുന്ന വിലാസ് പാണ്ഡെയെ കണ്ടു. പാണ്ഡെയുടെ ക്ഷണം സ്വീകരിച്ച് ഓംപ്രകാശ് മുക്തിഭവനിൽ എത്തി. കീർത്തനങ്ങൾ നന്നായി അറിയുന്ന ഓംപ്രകാശ് രോഗികൾക്ക് വേണ്ടി കീർത്തനങ്ങൾ

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

ആലപിക്കാൻ തുടങ്ങി. ഭക്ഷണവും താമസവും ഒരു മാസം കഴിഞ്ഞപ്പോൾ ഇരുപത്തിയഞ്ചുറുപ്പികയും ലഭിച്ചു. രോഗികളുടെ മുറികളിൽ ഒട്ടിച്ചുവയ്ക്കാൻ ഓംപ്രകാശ് എഴുതിയുണ്ടാക്കിയ നിബന്ധനകളടങ്ങിയ നോട്ടീസ് നടത്തിപ്പുകാരുടെ ആദരവുനേടി. കീർത്തനകർമ്മാചാര്യനായ ഓംപ്രകാശ് പതിയെ കർമ്മാചാര്യർക്കു ഉപദേശിയും പരിസര ശുചീകരണത്തിന്റെ മേൽനോട്ടക്കാരനും വിലാസ് പാണ്ഡെയുടെ അഭാവത്തിൽ ആരതിക്കും ഭജനയ്ക്കും നേതൃത്വം നല്കുന്നവനുമായി ഉത്തരവാദിത്വങ്ങൾ വിപുലീകരിക്കപ്പെട്ടു. വിലാസ്പാണ്ഡെ മുക്തിഭവൻ നടത്തിപ്പുകാരുടെ കുടുംബക്ഷേത്രത്തിലേക്ക് മാറിയപ്പോൾ ഓംപ്രകാശ് മാനേജരായി. മോക്ഷം ആഗ്രഹിക്കുന്നവരുടെ ജാതിനോക്കേണ്ടെന്ന നിയമഭേദഗതി വരുത്താനും ഓംപ്രകാശിനു കഴിഞ്ഞു.

'ജനിച്ചവർക്കൊക്കെ മരണമുണ്ട്. ദേവപദത്തിലെത്തുമോ എന്ന് എനിക്കറിയില്ല. ഇവർ ഭയപ്പെടാതെ മരണത്തെ നേരിടുന്നു.അതിനുള്ള സൗകര്യം ഞാൻ ചെയ്തുകൊടുക്കുന്നു. ഇവിടെ അവർക്ക് സംഘർഷമില്ല. സ്നേഹത്തോടെ ഭക്ത്യാദരവോടെ കാത്തിരിക്കുന്നു. ഭക്ഷണം ത്യജിച്ച്, മനസ്സിൽ തയ്യാറെടുത്ത് ഓരോ അടിവച്ച് അവർ മരണത്തെ ആശ്ലേഷിക്കുന്നു. ഞാൻ അത് അത്ഭുതത്തോടെ നോക്കിനിൽക്കുന്നു.'

അർത്ഥവും കാമവും തേടി വാരാണസിയിലെത്തി, മോക്ഷാർഥിയായ ഓംപ്രകാശിന്റെ ലക്ഷ്യം, നല്ല ജീവിതം കിട്ടാത്തവർക്ക് കാശിയിലെങ്കിലും നല്ല മരണം ലഭിക്കട്ടെ എന്നതാണ്. സുധാകരന്റെ വാക്കുകളിൽ ഓം പ്രകാശിന്റെ മരണാഭിമുഖ്യത്തെ ഇപ്രകാരം സംഗ്രഹിക്കാം. 'അയാൾക്ക് ഭൂതകാലമില്ല, ഭാവിയെപ്പറ്റി ഉൽക്കണ്ഠകളില്ല മരണവുമായി സംസാരിക്കുന്ന ഓരോ ദിവസവും അയാൾക്ക് പുതിയ ഒരാഘോഷമാകുന്നു.'

**6. പരഹിംസകർ**

നാലുകെട്ടുകൾക്കും തറവാടുകൾക്കും കാരണവന്മാരുടെ ക്രൂരതകളുടെ കഥകൾ പറയാനുണ്ടാകും. നാലുകെട്ടിന്റെ മുകളിലെ കുട്ടിയറയിൽ ആരാധിക്കപ്പെടുന്ന നാരായണമ്മാൻ പിതൃപൂജയ്ക്കർഹനായത് മരുമകളെ ചവിട്ടിക്കൊന്നതിനാണ്. പതിനാറുവയസ്സുള്ള പെൺകിടാവിനെ ചോറിൽ തലമുടികണ്ട കുറ്റത്തിനാണ് ചവിട്ടിക്കൊന്നതത്രേ. അധികാരം, ധനമോഹം എന്നിവമൂലം പരഹിംസ ചെയ്യുന്നവരുടെ പ്രതീകമാണ് യഥാക്രമം മേൽപറഞ്ഞ കാരണവരും മുണ്ടത്താഴത്തെ സെയ്താലിക്കുട്ടിയും. സുഹൃത്തായ കോന്തുണ്ണിനായരെ പങ്കുകൃഷിയുടെ ലാഭം മുഴുവൻ തന്റേതാക്കാൻ വിഷംകൊടുത്തു കൊന്ന സെയ്താലിക്കുട്ടി, പിന്നീട് ശിശുഹത്യയ്ക്കാണ് കൂട്ടുനിൽക്കുന്നത്. ആദ്യത്തെ തെറ്റിന് പരിഹാരമായി, രണ്ടാം തെറ്റിന് കാരണക്കാരനായവനെക്കൊണ്ട് കോന്തുണ്ണിനായരുടെ മകന് ജോലിനേടിക്കൊടുത്ത്, അയാൾ കൃതാർഥനാകുന്നു. തന്റെ കുറ്റം രോഗശയ്യയിൽ വെച്ച് കൊല്ലപ്പെട്ടവന്റെ പുത്രനോട് ഏറ്റുപറയുന്നിടത്ത് അയാൾ മോക്ഷം നേടിയവനായിത്തീരുന്നു.

**7. ജാതീയമരണങ്ങൾ**

മരണപ്പെട്ടവന്റെയും സാക്ഷിയുടെയും ജാതീയത ഭാരതീയ സാഹചര്യത്തിൽ വളരെ പ്രധാനമാണ്. പ്രതികാരദാഹത്താൽ എടുത്തുചാടി, മതംമാറ്റം നടത്തിയ ഗോവിന്ദൻകുട്ടി

നായർക്ക് ഏത് ജാതിയിലുൾപ്പെടുമെന്ന് ഒരു ചിന്തയുമില്ല. ഈ ശങ്കതന്നെയായിരുന്നു നാട്ടുകാർക്കും വീട്ടുകാർക്കും. യഥാർത്ഥത്തിൽ അയാളെ സ്വന്തം വീട്ടിൽനിന്നും നാട്ടിൽനിന്നും പുറത്താക്കിയത് ജാതിയാണ്. എന്നാൽ ഒരു ജാതിയിലും പെടാത്തവന് കള്ളനെന്നോ കയ്യേറ്റക്കാരനെന്നോ ചാർത്തിക്കൊടുക്കാവുന്ന മുഴുവൻ നേട്ടങ്ങളും അയാൾക്ക് കിട്ടി.ഒടുവിൽ ജാതിയുടെ കാപട്യത്തിനപ്പുറമുള്ള മനുഷ്യത്വം അയാൾക്ക് മാത്രമാണെന്ന് നാം മനസ്സിലാക്കുന്നത്, നടപ്പുദീനത്തിന്റെ ഇരകളെ സംസ്കരിക്കാൻ അയാൾ മാത്രമേ ഉണ്ടായിരുന്നുള്ളുവെന്ന് തിരിച്ചറിയുമ്പോഴാണ്.

മഹായോദ്ധാവിന്റെ വിജയകഥ യഥാർത്ഥത്തിൽ പരാജയത്തിന്റേതായിരുന്നു എന്ന് ഘോഷിക്കുന്ന 'രണ്ടാമൂഴം' ജാതിയുടെ സ്പൃഹണീയത വെളിപ്പെടുത്തുന്നുണ്ട്. കൂട്ടത്തിൽ മൂത്തവനായ ഹിഡുംബിപുത്രൻ ഘടോൽക്കചനെ വധിക്കാൻ ആസൂത്രണം ചെയ്യുന്ന കൃഷ്ണൻ, ലക്ഷ്യം നേടിയ മുഹൂർത്തത്തിൽ പറയുന്ന വാക്കുകൾ മനുഷ്യത്വമില്ലാത്തവന്റെ ജാതീയമരണങ്ങളുടെ യാഥാർത്ഥ്യം വെളിപ്പെടുത്തുന്നു. കാട്ടാളനായതിനാൽ അവനെ എന്നെങ്കിലും കൊല്ലേണ്ടിവരുമെന്നും ചത്തത് രണ്ടുനിലയ്ക്കും സൗകര്യമായെന്നും കൃഷ്ണൻ പറയുന്നു. ഘടോൽക്കചനെ സംരക്ഷിക്കാൻ ഭീമനെത്തുമ്പോൾ പാണ്ഡവക്കൂട്ടത്തിലുണ്ടായേക്കാവുന്ന കലാപം ഒഴിവാക്കാനും, കാട്ടാളനെ അടുത്ത ചക്രവർത്തിയാക്കാതിരിക്കാനും ലക്ഷ്യം വയ്ക്കുന്ന ജാതിതന്ത്രത്തിന്റെ നിയമങ്ങളാണ് ഇവിടെ വാഴ്ത്തിപ്പാടുന്നത്. വീരചരിതത്തിൽപ്പോലും ഉൾപ്പെടുത്തപ്പെടാത്ത പുത്രനെയോർത്ത് ഭീമസേനൻ, താനും കാട്ടാളപുത്രനാണെന്ന് തിരിച്ചറിയുമ്പോഴുള്ള തകർച്ചയിലാണ് 'രണ്ടാമൂഴ'ത്തിന്റെ പരിണാമഗുപ്തി കുടികൊള്ളുന്നത്.

## മരണത്തിന്റെ സാക്ഷിത്വം

മരണത്തിന്റെ സാക്ഷികൾക്ക് ജീവികൾക്കുള്ള പലായനസ്വഭാവവും ആസക്തിയും ആരോപിക്കാവുന്നതാണ്.ജീവിതത്തെ നേരിടാൻ ധൈര്യമില്ലാത്തവൻ മരണമുൾപ്പെടെ വ്യത്യസ്തമാർഗ്ഗങ്ങൾ കണ്ടെത്തുന്നുവെങ്കിൽ ഇതേ പലായനസ്വഭാവം മരണത്തിലേക്കെത്തുമ്പോൾ ആത്മഹത്യയോ സ്വയംഎരിഞ്ഞടങ്ങലോ ആയിത്തീരുന്നു. എന്നാൽ മരണത്തെ വില്പനച്ചരക്കാക്കുന്നവർ, ആത്മപിണ്ഡകർ, പരഹിംസകർ, മരണഘോഷകർ എന്നിവരെല്ലാം തങ്ങൾക്കാകും വിധം മരണമുഹൂർത്തത്തിനപ്പുറമുള്ള ലോകത്തിന്റെ ഭാവനകളെ സ്വായത്തമാക്കാൻ ആസക്തിയോടെ ശ്രമിക്കുന്നവരാണ്. സർവ്വപിതൃക്രിയകളുടെയും പിന്നിലുള്ള യാഥാർഥ്യമാണത്. എന്നാൽ ആഘോഷിക്കുന്നവർ ഒന്നുകിൽ ജീവിതത്തിൽ നിലനിൽക്കാനോ, അല്ലെങ്കിൽ പടിവാതിൽകടക്കുന്ന വൈഷമ്യങ്ങൾ ഒഴിവാക്കാനോ ശ്രമിക്കുന്നുവെന്ന യാഥാർത്ഥ്യവും ഉൾക്കൊള്ളുന്നു.

## കുറിപ്പുകൾ

1. *കഠോപനിഷത്തിലെ ഉദ്ധരണി വാരാണസിയുടെ പ്രാരംഭത്തിൽ കൂട്ടിച്ചേർത്തത്.*
2. *വാരാണസി, പുറം 11*
3. *വാരാണസി, പുറം 33*
4. *അറബിപ്പൊന്ന്, പുറം 38*

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

5. അറബിപ്പൊന്ന്, പുറം 41
6. വാരാണസി
7. മഞ്ഞ്, പുറം 54
8. നാലുകെട്ട്, പുറം 120–121
9. നാലുകെട്ട്
10. രണ്ടാമൂഴം, പുറം 47
11. വാരാണസി, പുറം 99
12. വാരാണസി, പുറം 101

## സഹായകഗ്രന്ഥങ്ങൾ

1. വാസുദേവൻനായർ,എം.ടി., അസുരവിത്ത്, കറന്റ്ബുക്സ്, തൃശ്ശൂർ
2. വാസുദേവൻ നായർ എം.ടി, മുഹമ്മദ് എൻ.പി, അറബിപ്പൊന്ന്, ഡി.സി. ബുക്സ്, കോട്ടയം,2023.
3. വാസുദേവൻ നായർ, എം. ടി, കാലം, കറന്റ് ബുക്സ്, തൃശ്ശൂർ, 2023.
4. വാസുദേവൻ നായർ, എം. ടി, നാലുകെട്ട്, കറന്റ് ബുക്സ്, തൃശ്ശൂർ, 2013.
5. വാസുദേവൻ നായർ, എം. ടി, മഞ്ഞ്, കറന്റ് ബുക്സ്, തൃശ്ശൂർ, 2023.
6. വാസുദേവൻ നായർ, എം. ടി, രണ്ടാമൂഴം, കറന്റ് ബുക്സ്, തൃശ്ശൂർ, 2022.
7. വാസുദേവൻ നായർ, എം. ടി, വാരാണസി, കറന്റ് ബുക്സ്, തൃശ്ശൂർ, 2017.
8. വാസുദേവൻ നായർ, എം. ടി, വിലാപയാത്ര, കറന്റ് ബുക്സ്, തൃശ്ശൂർ.

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

# പുരുഷാന്തരങ്ങളിലൂടെ കാവ്യപ്രതിഭയുടെ ആത്മായനം

**ശ്രീരാജ് സി.എൽ.**
അസി. പ്രൊഫസർ, മലയാള വിഭാഗം, യൂണിവേഴ്സിറ്റി കോളെജ്, തിരുവനന്തപുരം

**പ്രബന്ധസംഗ്രഹം**

മലയാളകവിതാചലച്ചിത്രഗാന മേഖലകളിൽ അതുല്യസംഭാവനകൾ നല്കിയ വ്യക്തിയാണ് വയലാർ രാമവർമ്മ. ഈ രണ്ടു മേഖലകളിലും തന്റെ അനന്യ സാധാരണമായ പ്രതിഭാഗുണം പ്രകാശിപ്പിക്കുവാൻ അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്. കാവ്യരംഗത്തു മാത്രമല്ല, ഉപന്യാസം, ചെറുകഥ, യാത്രാവിവരണം എന്നീ മേഖലകളിലും ചെറുതെങ്കിലും ശ്രദ്ധേയമായ സംഭാവനകൾ അദ്ദേഹം നല്കിയിട്ടുണ്ട്. വയലാറിന്റെ കാവ്യതല്ലജങ്ങളുടെ സമൃദ്ധിയിൽ മറ്റു സാഹിത്യരൂപങ്ങൾക്ക് വേണ്ടത്ര അനുവാചകശ്രദ്ധ ലഭിച്ചിട്ടില്ല എന്നതാണ് വസ്തുത. എന്നാൽ പുരുഷാന്തരങ്ങളിലൂടെ എന്ന യാത്രാവിവരണം വയലാറിലെ സർഗധനനായ ഗദ്യകാരനെ കാട്ടിത്തരുന്നു.ഈ ഒരൊറ്റ കൃതികൊണ്ടു തന്നെ മലയാളയാത്രാവിവരണ സാഹിത്യമണ്ഡലത്തിൽ അചഞ്ചലമായ സാന്നിദ്ധ്യമുറപ്പിക്കാൻ വയലാറിന് സാധിച്ചിട്ടുണ്ട്. വയലാറിന്റെ പ്രതിഭാശക്തി അതിന്റെ പൂർണ്ണതയിൽ പ്രകാശിക്കുന്ന ഈ കൃതിയിൽ ഗദ്യകാരനും പദ്യകാരനും ഏകത്ര സമ്മേളിക്കുന്നു. പുരുഷാന്തരങ്ങളിലൂടെ എന്ന യാത്രാവിവരണത്തിൽ തെളിഞ്ഞു നില്ക്കുന്ന വയലാറിന്റെ ആവിഷ്കാരപാടവത്തെ അന്വേഷിക്കലാണ് ഈ പ്രബന്ധം.

***താക്കോൽവാക്കുകൾ:*** പ്രത്യക്ഷവൽകരണം,കാവ്യപ്രതിഭ, ആത്മനിഷ്ഠത, നാടകീയത,

മനുഷ്യജീവിതത്തിന്റെ അവിഭാജ്യഘടകമാണ് യാത്രകൾ.യാത്രകൾക്ക് മനുഷ്യ ചരിത്രത്തോളം തന്നെ പഴക്കമുണ്ട്.ദേശാന്തരയാത്രകളിലൂടെ നേടിയ അറിവുകളാണ് പല സംസ്കാരങ്ങൾക്കും വളർന്നു വികസിക്കാനുള്ള വളക്കൂറുള്ള മണ്ണൊരുക്കിയത്.

ഇംഗ്ലീഷുകാർ നടത്തിയ യാത്രകളും തുടർന്ന് അവർ കെട്ടിപ്പടുത്ത സാമ്രാജ്യങ്ങളും ലോകത്തിന്റെ മുഴുവൻ സാംസ്കാരിക മുന്നേറ്റത്തെ സ്വാധീനിച്ചിട്ടുണ്ട്. ഇന്ത്യയുടെ സാംസ്കാരിക വൈവിദ്ധ്യത്തിന് പിന്നിലും, കച്ചവടത്തിനും മറ്റുമായി ഇവിടെ എത്തി ച്ചേർന്ന വിവിധ സംസ്കാരധാരകളുടെ സ്വാധീനം വ്യക്തമാണ്. പ്രകൃതിയോടു മല്ലിട്ടു ജീവിച്ചുപോന്ന മനുഷ്യൻ പ്രകൃത്യനുകൂല സാഹചര്യങ്ങൾ തേടി യാത്രചെയ്തു കൊണ്ടേയിരുന്നു. ആദ്യകാലത്ത് യാത്രകൾ അതിജീവനത്തിനുവേണ്ടിയായിരുന്നെങ്കിൽ പിന്നീടത് ഒഴിവാക്കാനാവാത്ത വ്യത്യസ്ത ആവശ്യങ്ങൾക്ക് വേണ്ടിയായി. യുദ്ധം, യുദ്ധ ഭീതി, കച്ചവടം തുടങ്ങിയ പലകാര്യങ്ങൾക്കും യാത്ര അനിവാര്യമായി വന്നു. രാജ്യത്തിന്റെ സാംസ്കാരിക പ്രത്യേകതകൾ, രാഷ്ട്രീയ പ്രാദേശിക പ്രത്യേകതകൾ എന്നിവ മനസ്സിലാ ക്കുന്നതിനായി പരിമിത സാഹചര്യങ്ങൾ ഉപയോഗപ്പെടുത്തി യാത്ര ചെയ്ത അനവധി സഞ്ചാരികളുടെ യാത്രാവിവരണങ്ങൾ ഇന്ന് ചരിത്രകാരന്മാരുടെ ഉപാദാനസാമഗ്രികളാണ്. രേഖകളാക്കി സൂക്ഷിക്കുന്ന യാത്രാവിശേഷങ്ങൾ എക്കാലവും ആശ്രയിക്കാവുന്ന പ്രമാണങ്ങളാണ്.

മനുഷ്യന്റെ അനുഭവമണ്ഡലത്തെ വികസിപ്പിക്കുന്നതിന് ഏറ്റവും അനിവാര്യമായ യാത്രകൾ മാനസികമായും സാംസ്കാരികമായും പരിവർത്തിപ്പിക്കാനുതകുന്നു. യാത്രയെ സ്വാത്മനിർവൃതിയായികരുതുന്നവരും തങ്ങളുടെ അനുഭവങ്ങൾ അന്യരുമായി പങ്കു വയ്ക്കണമെന്ന് ആഗ്രഹിക്കുന്നവരും ഉണ്ടാകും.ഒരാളുടെ അനുഭവങ്ങൾ അതേ അനുഭവതീഷ്ണതയോടെ അന്യരിലേക്കെത്തിക്കുവാനുള്ള ആഗ്രഹത്തിൽ നിന്നുമാണ് യാത്രാവിവരണങ്ങൾ ഉണ്ടാകുന്നത്. യാത്രകൾ തങ്ങളിലുളവാക്കിയ വികാരങ്ങളെ അതേപടി വായനക്കാരിലെത്തിക്കാനുള്ള പാടവമാണ് യാത്രാവിവരണങ്ങളെ ശ്രദ്ധേയ മാക്കുന്നത്. എഴുത്തുകാരന്റെ സഞ്ചാരാനുഭവങ്ങൾ അനുവാചകന് പകർന്നു നല്കാനുള്ള കഴിവാണ് സഞ്ചാര സാഹിത്യത്തിനുണ്ടായിരിക്കേണ്ട മുഖ്യ ഗുണം.കാണുന്നത് അതേപടി വിവരിക്കുന്നത് യാത്രാവിവരണമാണെങ്കിലും അതിന് സാഹിത്യപദവി കൈവരിക്കുക സാദ്ധ്യമല്ല. വൈകാരിക വിനിമയമാണ് യാത്രാവിവരണസാഹിത്യത്തിന് ജീവൻ കൊടുക്കുന്നത്.

വെറും കാഴ്ചവിവരണങ്ങളല്ല യാത്രാവിവരണങ്ങൾ. അത് ഒരുപ്രദേശത്തിന്റെ സാംസ്കാരിക ഭൂമിശാസ്ത്ര രാഷ്ട്രീയ വിവരണം കൂടിയാണ്. യാത്രാവിവരണകർത്താവിന് സന്ദർശനസ്ഥലത്തിന്റെ രാഷ്ട്രീയ ഭൂമിശാസ്ത്ര സാംസ്കാരിക പ്രത്യേകതകളെക്കുറിച്ചുള്ള ബോദ്ധ്യം ഏറ്റവും അനിവാര്യമാണ്.അവയെ തങ്ങളുടെ അനുഭവലോകവുമായി ചേർത്തുവച്ച് അവതരിപ്പിക്കുമ്പോഴാണ് അവയ്ക്ക് ആസ്വാദ്യത കൈവരുക. വായനക്കാർക്ക് അത് സ്വന്തം അനുഭവമാണെന്ന തോന്നലുളവാക്കുന്നതാവണം. 'വായനക്കാരനെ ആത്മ സുഹൃത്തായി പരിഗണിച്ച് അയാളോട് ഗ്രന്ഥകാരൻ ഹൃദയം തുറന്ന് സംസാരിക്കണം. നമ്മുടെ തോളിൽ കൈയിട്ട് സഞ്ചരിച്ച സ്ഥലങ്ങളിലെല്ലാം നമ്മെ കൂട്ടിക്കൊണ്ടുപോയി രസകരവും വിജ്ഞാനപ്രദവുമായ കാഴ്ചകളിലെല്ലാം നമ്മെ പങ്കാളിയാക്കുന്ന ഒരു ചങ്ങാതിയെയാണ് യാത്രാവിവരണങ്ങളിൽ കാണേണ്ടത്.'[1] യാത്രാവിവരണങ്ങളിൽ ആത്മനിഷ്ഠാംശങ്ങളും വസ്തുനിഷ്ഠാംശങ്ങളും കൂടിക്കലർന്നിരിക്കും. ഒരു പ്രത്യേക

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

പ്രദേശത്തിന്റെ പ്രത്യക്ഷ വിവരണം വസ്തുനിഷ്ഠമായിരിക്കുമ്പോൾ ആ പ്രദേശം ഒരു വ്യക്തിയിൽ ഉണർത്തുന്ന വികാരം വ്യത്യസ്തമായിരിക്കും. ഒരാൾ എങ്ങനെ ചുറ്റുപാടുകളെ നോക്കിക്കാണുന്നു എന്നതാണ് പരമപ്രധാനം. വസ്തുനിഷ്ഠമായ വിവരങ്ങൾ തങ്ങളുടെ ആത്മനിഷ്ഠാനുഭവങ്ങളിൽ ചാലിച്ച് പങ്കു വയ്ക്കുകയാണ് യാത്രാവിവരണങ്ങളിൽ സാധാരണ കണ്ടുവരുന്നത്. യാത്രാവിവരണങ്ങൾ നമുക്ക് ധാരാളമാണ്. എന്നാൽ കവിത കിനിയുന്ന യാത്രാവിവരണങ്ങൾ വിരളമാണ്. യാത്രാവിവരണങ്ങളുടെ അടിസ്ഥാന പ്രമാണങ്ങൾക്ക് കോട്ടം തട്ടാത്ത രീതിയിൽ കാവ്യഘടകങ്ങളെക്കൂടി വിന്യസിച്ചു കൊണ്ടാണ് വയലാർ ഈ യാത്രാവിവരണം രചിച്ചിരിക്കുന്നത്.

വയലാർ രാമവർമ്മ 1956 ൽ ഡൽഹിയിൽ വച്ചുനടന്ന ഏഷ്യൻ റൈറ്റേഴ്സ് കോൺഫറൻസിൽ പങ്കെടുത്തിരുന്നു. അന്ന് അദ്ദേഹത്തിന് ഡൽഹിയും പരിസര പ്രദേശങ്ങളും ചുറ്റിക്കാണുവാനുള്ള അവസരമുണ്ടായി. അതിന്റെ അനുഭവവിവരണമാണ് പുരുഷാന്തരങ്ങളിലൂടെ. സർഗധനനനായ ഒരു കവിപ്രതിഭയെ ഈ യാത്രാവിവരണം കാട്ടിത്തരുന്നു. വിവരണങ്ങളെല്ലാം തികച്ചും കാവ്യാത്മകമാണ്. കൃഷ്ണന്റെ ജന്മദേശമായ മഥുരയുടെയും ഡൽഹിയിലെ ചരിത്രസ്മാരകങ്ങളായ കുത്തബ്മീനാറിന്റെയും റെഡ്ഫോർട്ടിന്റെയും മഹാത്മാഗാന്ധി അന്ത്യവിശ്രമം കൊള്ളുന്ന രാജ്ഘട്ടിന്റെയും പശ്ചാത്തലത്തിലാണ് മഥുരയുടെയും ഡൽഹിയുടെയും ചരിത്രഭൂമികകൾ അദ്ദേഹം സ്മരിക്കുന്നത്. 'ഇന്ത്യയുടെ ആ തലസ്ഥാനനഗരം മുഴുവൻ ഞാൻ ചുറ്റിനടന്നു കാണുകയുണ്ടായി. ഇടിഞ്ഞു പൊളിഞ്ഞു കിടക്കുന്ന നഗരാവശിഷ്ടങ്ങളും ശതാബ്ദങ്ങളായി തലയുയർത്തിനില്ക്കുന്ന ചരിത്രസ്മാരകങ്ങളും പുതിയ നഗരക്കെട്ടുകളുമെല്ലാം എന്റെയുള്ളിൽ കുറിച്ചിട്ട കുറിമാനങ്ങളെല്ലാം ഞാനൊന്നു വിടർത്തിപ്പകർത്തി നോക്കി. ഒരു ചരിത്രകാരനോ രാഷ്ട്രീയപ്രവർത്തകനോ ആയിനിന്നുകൊണ്ടല്ല, ഒരു സാഹിത്യകാരനായി നിന്നുകൊണ്ടാണ് ഞാനെല്ലാം നോക്കിക്കാണാൻ ശ്രമിച്ചത്' എന്ന് വയലാർ ആമുഖമായി പ്രസ്താവിക്കുന്നു. കവിയെന്ന നിലയിലുള്ള അദ്ദേഹത്തിന്റെ സർഗ്ഗവൈഭവം മുഴുവനും തെളിഞ്ഞുനില്ക്കുന്ന യാത്രാവിവരണമാണ് പുരുഷാന്തരങ്ങളിലൂടെ. തികച്ചും ആത്മനിഷ്ഠമായരീതിയിൽ എന്നാൽ ചരിത്രസത്യങ്ങൾക്ക് യാതൊരു കോട്ടവും സംഭവിക്കാതെയാണ് ഇതിൽ ആഖ്യാനം നടത്തിയിരിക്കുന്നത്. ഇതിഹാസങ്ങളുടെ ജന്മഭൂമി, കുത്തബ്മീനാർ എന്ന ഗോപുരം, റെഡ് ഫോർട്ടിനുള്ളിൽ, ഇവിടെ ഇന്ത്യയുടെ മുത്തച്ഛനുറങ്ങുന്നു എന്നിങ്ങനെ നാല് അദ്ധ്യായങ്ങളിലാണ് ഈ യാത്രാവിവരണഗ്രന്ഥം നിബന്ധിച്ചിരിക്കുന്നത്.

തികച്ചും നാടകീയമായിത്തന്നെയാണ് യാത്രാവിവരണത്തിലേക്ക് അനുവാചകരെ കൊണ്ടു പോകുന്നത്.

'കണ്ണും തിരുമിയുണർന്നപ്പോൾ ഒരു പാത്രം നല്ലചൂടുള്ള പാൽ കിട്ടി. ഒരു ചെറിയ മൺചട്ടി നിറയെ കാച്ചിക്കുറുക്കിയ പാല്. ഇരുന്നയിരുപ്പിൽ തന്നെ ഞാനൊറ്റ വലിക്ക് കുടിച്ചു.എന്നിട്ടാ മൺപാത്രം പുറത്തേക്ക് വലിച്ചെറിയുകയും ചെയ്തു.'

'പാൽപ്പൊടി കലക്കിയതായിരിക്കും' ഒരു സ്നേഹിതൻ പറഞ്ഞു.

'ഏയ്' മറ്റവൻ തിരുത്തി. 'ഇത് മഥുരയാണ്.പശുക്കളുടെ നാട്.'

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

ഞാൻ ആ സ്റ്റേഷനിലേക്കൊന്നു നോക്കി. വലിയ അക്ഷരത്തിൽ മട്ര എന്നെഴുതി വച്ചിരിക്കുന്നു. ഓ, പ്രസിദ്ധമായ ഉത്തര മഥുര'.

വായനക്കാരെ യാത്രാവിവരണത്തിലേക്ക് കൊണ്ടുവരുവാൻ ഇത്തരം ആരംഭം സഹായിക്കുന്നുണ്ട്. വായനക്കാരിൽ ഉദ്വേഗം ജനിപ്പിക്കുന്നതിനുള്ള വയലാറിന്റെ മിടുക്ക് ആയിഷ, ഉമ്മർ തുടങ്ങിയ കവിതകളിലും വ്യക്തമാണല്ലോ. കവി എന്ന നിലയിലുള്ള തന്റെ പാടവം ഈ യാത്രാ വിവരണത്തിലും അദ്ദേഹം പ്രകടമാക്കുന്നുണ്ട്. സാധാരണ യാത്രാവിവരണങ്ങളിലേതുപോലെ ആദ്യവസാനമുള്ള യാത്രാവർണ്ണനയല്ലിത്. ഇന്ത്യയുടെ ചരിത്രപൗരാണികസ്ഥലികൾ തന്റെ മനസിൽ ഉണർത്തിവിട്ട ഓർമ്മകളെ അദ്ദേഹം അനുവാചകരുമായി പങ്കുവയ്ക്കുകയാണ്. മഥുര, കുത്തബ്മീനാർ, റെഡ്ഫോർട്ട്, രാജ്ഘട്ട് എന്നിവയുടെ വർണ്ണന മാത്രമേ ഈ കൃതിയിലുള്ളൂ. സ്ഥലവർണ്ണനകളേക്കാൾ അദ്ദേഹം പ്രാധാന്യം നല്കുന്നത് അവ തന്നിൽ ഉണർത്തിവിട്ട, പൂർവ്വാർജിത ചരിത്രാവബോധത്തിൽ നിന്നുമുയിർക്കൊണ്ട വികാരങ്ങളെ, അനുഭവതീഷ്ണതയോടെ വർണ്ണിക്കുവാനാണ്.

'മനസ്സിൽ തികട്ടിത്തികട്ടി വരുന്ന പഴയ കഥകളുടെ ചെറുപ്പം മുതൽക്കേ ഉരുവിട്ടു പഠിച്ചിട്ടുള്ള ഇതിഹാസപുരാണങ്ങളുടെ കഥകളുടെ ജന്മഭൂമികൾ കാണാൻ പണ്ടു മുതൽക്കേ തുടങ്ങിയതാണീ കമ്പം. ചെന്നുനിന്നാൽ പെട്ടെന്നു മടങ്ങിപ്പോരാൻ തോന്നാത്ത ആ പഴയ യുഗങ്ങളുടെ നെടുവീർപ്പിടുന്ന പട്ടടകളിലേക്ക് വാതിലും തുറന്നങ്ങനെ നോക്കി നില്ക്കാൻ എന്തൊരു രസമാണ്. ഇന്ത്യ മുഴുവൻ മനസ്സിലേക്ക് തിക്കിക്കയറി വരും. ഓരോ മൺതരിയും ഓരോ വികാരസാമ്രാജ്യം ഉള്ളിലൊതുക്കി കിടക്കുകയാണ് 'ഭാരതത്തിന്റെ പൗരാണിക മഹത്വത്തെ ഹൃദയത്തിലാവാഹിച്ച കവിയാണ് വയലാറെന്ന് അദ്ദേഹത്തിന്റെ വാക്കുകൾ വ്യക്തമാക്കുന്നുണ്ട്.

വയലാറിൽ ജന്മസിദ്ധമായ കാവ്യപ്രതിഭാഗുണം യാത്രാവിവരണത്തിലും തെളിഞ്ഞു പ്രകാശിക്കുന്നുണ്ട്. വർണ്ണനകൾക്ക് ധാരാളം സാദ്ധ്യതകൾ നല്കുന്ന സാഹിത്യരൂപമാണ് യാത്രാവിവരണം. ആ സാദ്ധ്യതകളെ അതിന്റെ പൂർണ്ണതയിൽ വിനിയോഗിക്കാൻ വയലാറിനു സാധിച്ചിരിക്കുന്നു.കവിത കിനിയുന്ന ഭാഷയാണ് കൃതിയിൽ ഉടനീളം അദ്ദേഹം പ്രയാഗിച്ചിരിക്കുന്നത്.ഒരേ സമയം വൈകാരികവും കാവ്യാത്മകവുമായ ഭാഷ അനുവാചകരെ ഉദാത്തമായ ഒരു ഭാവമണ്ഡലത്തിലേക്ക് കൂട്ടിക്കൊണ്ടുപോകാൻ പര്യാപ്തമാണ്.

'വളരെയൊന്നും തേയ്മാനം സംഭവിക്കാത്ത കരിങ്കല്ലു കൊണ്ടുള്ള ആ വലിയ നടുക്കുറ്റി കാലത്തിന്റെ നിശ്ചലധ്വജം പോലെ ഒരേ നിലയ്ക്കങ്ങനെ നില്ക്കുകയാണ്.'

'ഇന്ത്യയിലെ ആ പൊക്കം കൂടിയ ഗോപുരത്തിന്റെ മേൽത്തട്ടിൽ നിന്നു ഞാൻ താഴോട്ടു നോക്കി. തൊട്ടു താഴെ മനോഹരമായ ഒരുദ്യാനമാണ്. നിറയെ പൂത്തു നില്ക്കുന്ന ആ ഉപവനം വർണ്ണപ്പുള്ളികളുള്ള ഒരു ചിത്രകമ്പളം നിവർത്തിയിട്ടിരിക്കുന്നതായേ തോന്നൂ.'

തുടങ്ങിയ കുത്തബ് മീനാർ വർണ്ണനകളും

---

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

'കൈയിലൊരു വീണയുമായി തലമുറകളെ മുഴുവൻ സംഗീതമയമാക്കിയ കബീർ അന്നാണു ജീവിച്ചിരുന്നത്. മനുഷ്യഹൃദയങ്ങൾ ആ ഗാനാമൃതത്തിനായി കൈക്കുമ്പിളും കുത്തി കാത്തുനിന്നിരുന്നു.മദ്ധ്യശതങ്ങൾക്കപ്പുറത്തു നിന്ന് മാനവാത്മാവുകളിലേക്ക് ഗാനത്തിന്റെ ചിറകുകളിൽ പറന്നെത്തുന്ന കബീറിന്റെ ജീവിതവേദാന്തങ്ങൾ ശാന്തിയുടെയും സൗഹാർദ്ദത്തിന്റെയും സൗരഭ്യമുൾക്കൊള്ളുന്നവയാണ്.'

എന്ന കബീറിന്റെ വർണ്ണനയും

'മഞ്ഞിൽ കുളിച്ച ഈറൻ ചേലയും ചുറ്റി, പ്രാതസന്ധ്യ കിഴക്കുനിന്ന് പൂജാപുഷ്പങ്ങളു മായി നടന്നു വരികയായിരുന്നു. വെളിച്ചത്തിന്റെ രഥം ചക്രവാളപരിധിയിൽ എത്തിയി ട്ടേയുള്ളൂ. മൂടൽമഞ്ഞിന്റെ മുഖാവരണവുമണിഞ്ഞ് പ്രകൃതി നിഷ്പന്ദമായി നില്ക്കുക യാണ്. അപ്പുറത്ത് ദില്ലിനഗരം ഉണർന്നു കഴിഞ്ഞിട്ടില്ല. യമുനാനദി മലർത്തിയിട്ട ഒരു കണ്ണാടിപ്പലക പോലെ കിടക്കുന്നു.'

'ആ ബലികുടീരത്തിന്റെ രോമഘർഷങ്ങൾ പോലെ ചുറ്റുമുള്ള പുഷ്പവാടിയിലെ സൗഗന്ധികങ്ങൾ വിടർന്നു നിന്നു.'

'കിഴക്ക് വെളിച്ചം വിടർന്നുവിടർന്നു വരികയായിരുന്നു. പ്രഭാതം അതിന്റെ ചർക്കയിൽ നിന്നും കനകനൂലുകൾ നൂൽക്കുകയായിരുന്നു.'

എന്നിങ്ങനെ രാജ്ഘട്ടിന്റെ വർണ്ണനയും അദ്ദേഹത്തിന്റെ കാവ്യാത്മകമായ വർണ്ണനകൾക്ക് ഉദാഹരണങ്ങളാണ്.

ഇങ്ങനെ കൃതിയിൽ പ്രഫുല്ലമായി നില്കുന്ന വർണ്ണനകളെക്കാൾ ശ്രദ്ധേയം യാത്രാ വിവരണത്തിൽ ആദ്യന്തം ലയിച്ചുചേർന്നിരിക്കുന്ന, ഓരോ വാക്കിലും കിനിയുന്ന കാവ്യ ഗുണത്തിന്റെ സമൃദ്ധിയാണ്. അതാസ്വാദ്യമാകണമെങ്കിൽ കൃതിയിലൂടെ ആദ്യന്തം സഞ്ചരിക്കാതെ നിവൃത്തിയില്ല.

നമ്മുടെ പുരാണേതിഹാസങ്ങളും കാവ്യങ്ങളും മനസ്സിൽ ആവാഹിച്ച പ്രതിഭാധന നാണ് വയലാറെന്ന് യാത്രാവിവരണത്തിൽ അടയാളപ്പെട്ടു കിടക്കുന്നു. കൃതികൾക്ക് ഭൂമികയായി വർത്തിക്കുന്ന പ്രദേശങ്ങളിലൂടെ കടന്നു പോകുമ്പോൾ കാവ്യസന്ദർഭങ്ങളും കവിയും വയലാറിന്റെ മനസ്സിലേക്ക് ഓടിയെത്തുന്നു. സഹ്യപർവ്വതത്തിൽ കാറ്റത്ത് അലഞ്ഞുനടക്കുന്ന മേഘത്തെ കാണുമ്പോൾ പഴയ സന്ദേശത്തിനുള്ള മറുപടിയും വഹിച്ചുകൊണ്ട് അവ കാളിദാസന്റെ യക്ഷനെ അന്വേഷിക്കുകയാണെന്ന് അദ്ദേഹം സങ്കല്പിക്കുന്നു. ഉത്തരമഥുരയിലൂടെ സഞ്ചരിക്കുമ്പോൾ ഉത്തരമഥുരാപുരിക്കുത്തരോ പാന്തത്തിലുള്ള വിസ്തൃതരാജവീഥിയും വെൺമനോജ്ഞമാളികയും വാസവദത്തയോട് സമയമായില്ല എന്ന് അർത്ഥഗർഭമായി പറഞ്ഞറിയിക്കുന്ന ഉപഗുപ്തനും അദ്ദേഹത്തിന്റെ മനസ്സിൽ ഓടിയെത്തുന്നു. കൈയിൽ വീണയുമായി തലമുറകളെ സംഗീതമയമാക്കിയ കബീറിനെയും അദ്ദേഹത്തിന്റെ ഗീതങ്ങളെയും കുത്തബ്മീനാറിൽ നില്ക്കുമ്പോൾ വയലാർ ആദരവോടെ ഓർത്തെടുക്കുന്നു.

---

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

മറ്റു സാഹിത്യരൂപങ്ങളെ അപേക്ഷിച്ച് ആവിഷ്കരണത്തിനുള്ള തുറസ് യാത്രാ വിവരണങ്ങൾ രചയിതാവിന് നല്കുന്നു. രൂപം (പദ്യം,ഗദ്യം), വ്യത്യസ്ത വൈജ്ഞാനിക മേഖലകളെ കൂട്ടിയിണക്കൽ (ചരിത്രം, ഭൂമിശാസ്ത്രം, നരവംശശാസ്ത്രം, രാഷ്ട്രതന്ത്രം, പ്രകൃതിശാസ്തം, തത്ത്വശാസ്ത്രം തുടങ്ങിയവ), ആഖ്യാനത്തിലുള്ള സ്വാതന്ത്ര്യം (ആത്മനിഷ്ഠം, വസ്തുനിഷ്ഠം)എന്നിവയെല്ലാം യാത്രാവിവരണകർത്താവിന് ഇഷ്ടമനുസരിച്ച് തെരഞ്ഞെടുക്കാം. ചരിത്രം, ഭൂമിശാസ്ത്രം, നരവംശശാസ്ത്രം, രാഷ്ട്രതന്ത്രം തുടങ്ങിയവയെല്ലാം വയലാർ ഈ കൃതിയിൽ എടുത്തു പ്രയോഗിച്ചിട്ടുണ്ട്. വ്യത്യസ്ത വൈജ്ഞാനിക മേഖലകളെ അതിസമർത്ഥമായി ഔചിത്യപൂർവ്വം നിബന്ധിക്കുവാൻ വയലാർ കാണിച്ചിരിക്കുന്ന സൂഷ്മത ഏറെ ശ്രദ്ധേയമാണ്.

ഭൂപ്രകൃതിയിൽ ലയിച്ചു ചേർന്നിരിക്കുന്ന പ്രാക്തനസംസ്കാരശക്തിയെ വയലാർ കണ്ടറിയുന്നു. രാമായണവും മഹാഭാരതവും ഭാഗവതവും ജന്മംനല്കിയ മനീഷികൾ പശ്ചാത്തലമാക്കിയത് കൂടുതലും ഉത്തരേന്ത്യ ആയിരുന്നല്ലോ.അതിൽനിന്നുയിർക്കൊണ്ട ആത്മീയവിശുദ്ധി അവിടെയെങ്ങും ഇന്നും നിറഞ്ഞുനില്ക്കുന്നതായി വയലാർ അനുഭവിച്ചറിയുന്നു. “ഒരു സഞ്ചാരിക്ക് അയാളുടെ മനസ്സിൽ ചില വസ്തുതകളെക്കുറിച്ചും വീക്ഷണത്തെക്കുറിച്ചും ചില പൂർവ്വധാരണകളുണ്ടാകും. ഇത്തരത്തിലുള്ള അറിവും ഒരു സ്ഥലത്തെ ജീവിതചര്യയെ വേറൊരു ജീവിതചര്യയുമായി താരതമ്യം ചെയ്യാനുള്ള അയാളുടെ കഴിവും ശരിയായ അനുപാതത്തിൽ കൂടിച്ചേരുമ്പോഴാണ് സഞ്ചാരസാഹിത്യം ഉണ്ടാകുന്നത്”[2] എന്ന ആംഗലേയ നിരൂപകനായ സാമുവൽ ജോൺസിന്റെ അഭിപ്രായം ഈ യാത്രാവിവരണത്തിൽ സംഗതമാകുന്നുണ്ട്. വയലാറിൽ ആർജ്ജിതമായിരുന്ന ഭാരതീയ പാരമ്പര്യത്തെക്കുറിച്ചുള്ള പൂർവ്വധാരണകളും അത്തരം പാരമ്പര്യം ബാക്കി വച്ച സാമൂഹിക യാഥാർത്ഥ്യങ്ങളെ വിമർശനബുദ്ധിയോടെ നോക്കിക്കാണാനുള്ള അദ്ദേഹത്തിന്റെ സർഗ്ഗശക്തിയുമാണ് ഈ യാത്രാവിവരണത്തിൽ തെളിഞ്ഞു കാണുന്നത്.

ഈയൊരു കൃതിയെ മറ്റു യാത്രാവിവരണങ്ങളിൽ നിന്നും വ്യത്യസ്തമാക്കുന്നത് അതിൽ സന്നിവേശിപ്പിച്ചിരിക്കുന്ന നാടകീയതയാണ്.ചരിത്രവസ്തുതകൾ പ്രത്യക്ഷ വല്ക്കരിക്കുന്നതിൽ വയലാർ കാണിച്ചിരിക്കുന്ന പ്രതിഭാശക്തി ആരെയും അതിശയം കൊള്ളിക്കുന്നതാണ്. ഓരോ പ്രദേശങ്ങൾ കാണുമ്പോഴും അവിടവുമായി ബന്ധപ്പെട്ട ചരിത്രവസ്തുതകൾ അദ്ദേഹത്തിന്റെ കൺമുന്നിൽ മിന്നിമറയുന്നു. അവയെ അദ്ദേഹം നാടകത്തിലെന്നവണ്ണം നമുക്ക് കാട്ടിത്തരുന്നു.കുത്തബ്മീനാർ കാണുന്ന വയലാറിന്റെ മനസ്സിലേക്ക് അൽത്താമിഷിന്റെ പുത്രിയായ റസിയസുൽത്താനയുമായി ബന്ധപ്പെട്ട ചരിത്രവസ്തുതകൾ തികട്ടി വരുന്നുണ്ട്. സുൽത്താൻ അൽത്താമിഷ് കിടപ്പിലായതിനു ശേഷം പിൻതുടർച്ച ആർക്കാവണം എന്ന കാര്യത്തിൽ ഒരു സന്ദേഹം നിലനിന്നിരുന്നു. എന്നാൽ കാര്യശേഷിയില്ലാത്ത പുത്രന്മാർക്ക് രാജ്യാവകാശം കൊടുക്കാൻ സുൽത്താൻ ഒരുക്കമല്ലായിരുന്നു. തന്റെ മരണശേഷം അധികാരം റസിയയ്ക്ക് എന്ന് അദ്ദേഹം പരസ്യമായി പ്രഖ്യാപിച്ചു. എന്നാൽ ഇത് പ്രഭുക്കന്മാർക്ക് രുചിച്ചില്ല. അവർ അൽത്താമിഷിന്റെ മണ്ടനായ മകനെയാണ് സുൽത്താനാക്കി അവരോധിച്ചത്. തുടർന്ന് വയലാർ അവിടെ നടന്ന സംഭവങ്ങൾ വിവരിക്കുന്നത് നോക്കുക:

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

‘1236 ലെ ഒരു സായാഹ്നം. ദേവാലയത്തിന്റെ മുറ്റത്ത് പൗരാവലി കൂടിയിരിക്കുന്നു. രാജ്യം അപകടത്തിലാകുമ്പോൾ അവിടെ കടന്ന് വിശേഷാൽപ്രാർത്ഥന നടത്തുക ജനങ്ങളുടെ ഒരു പതിവാണ്. എല്ലാവരുടെ മുഖത്തും മ്ലാനതയാണ്. പ്രഭുക്കന്മാർക്ക് അമ്പരപ്പും. പ്രാർത്ഥനയ്ക്കിടയിൽ മട്ടുപ്പാവിൽ നിന്നൊരു സ്തീശബ്ദം കേട്ട് അവർ മുകളിലേക്ക് നോക്കിറസിയ. അവൾ വർണ്ണവസ്ത്രങ്ങളണിഞ്ഞു നില്ക്കുന്നു. സുൽത്താനെ മുഖം കാണിച്ച് പരാതി പറയാനാണ് വർണ്ണവസ്ത്രങ്ങൾ സാധാരണ ഉപയോഗിക്കാറുള്ളത്. ഇവിടെ നേരെ മറിച്ചാണ്. സുൽത്താന്റെ മകൾ റസിയ ജനങ്ങളുടെ അടുത്ത് പരാതി പറയാൻ വന്നു നില്ക്കുന്നു.അവൾ പറഞ്ഞു:

‘ഈ രാജ്യവും രാജവംശവും തകരാൻ പോകുന്നു. വിദേശ ശക്തികൾ കയറിവന്ന് ഇവിടം ഇടിച്ചു തകർത്തേക്കും. ഈ തിരുമുറ്റങ്ങൾ രക്തക്കളങ്ങളാകും. സുൽത്താനേറ്റ് അനാഥമാണ്. നിങ്ങൾകൂടെയുണ്ടെങ്കിൽ ഞാനീ പരിതസ്ഥിതികളെ നേരിടാം. പ്രഭുക്കന്മാർക്കു കാര്യവിവരമില്ല. നിങ്ങളെന്നെ സുൽത്താനാക്കുക.’

പൗരാവലി ചുറ്റും നോക്കി. പ്രഭുക്കന്മാരുടെ മുഖം ചുവന്നു. അവൾ പർദ്ദ ഇട്ടിട്ടില്ല. പ്രഭുക്കന്മാരുടെ മുഖത്തു നോക്കി ധിക്കാരം പറയുന്നു. പ്രഭുക്കന്മാർ അട്ടഹസിച്ചു.

‘നിർത്ത് നിർത്ത്! ഇത് ധിക്കാരമാണ്.’

പൗരാവലി വിളിച്ചു പറഞ്ഞു:

‘റസിയാബീഗം ഞങ്ങളുടെ സുൽത്താൻ! റസിയാബീഗം ഞങ്ങളുടെ സുൽത്താൻ’

റസിയ സുൽത്താനായി അവരോധിക്കപ്പെട്ടു.

ചരിത്രസംഭവങ്ങളെ നാടകീയമായി പ്രത്യക്ഷവല്കരിക്കുന്നതിന്ന് ഇനിയും ധാരാളം ഉദാഹരണങ്ങൾ ഈ യാത്രാവിവരണത്തിലുണ്ട്.

ഇവിടെ എന്റെ മുത്തച്ഛനുറങ്ങുന്നു എന്ന അദ്ധ്യായത്തിൽ ഗാന്ധിജിയുടെ ഓർമ്മകൾക്കു മുന്നിൽ നമ്രശിരസ്കനാകുന്ന വയലാറിനെയാണ് കാണുന്നത്.1946ൽ പാദമുദ്രകളെഴുതിയ വയലാറിൽ തെളിഞ്ഞുകണ്ട ഗാന്ധിഭക്തി അതിനെക്കാൾ ആഴത്തിൽ ഇവിടെ പ്രകാശിക്കുന്നു. അദ്ദേഹമെഴുതുന്നു:

‘ജീവിതത്തിൽ അന്നോളമുണ്ടായിട്ടില്ലാത്ത അനുഭൂതിവിശേഷവുമായി ഞാനാ യമുനാതീരത്തിലൂടെ പതുക്കെപ്പതുക്കെ നടക്കുകയായിരുന്നു. എന്റെ ജീവിതത്തിലെ ഏറ്റവും വലിയ തീർത്ഥാടനമാണത്. മനസ്സിനകത്തും കൈക്കുമ്പിളിനകത്തും വിടർന്നുനിന്ന പൂക്കളുമായി ശബ്ദമുണ്ടാക്കാതെ ഞാൻ നടന്നു.......................’

‘അവിടെ ആരും ഒച്ചയുണ്ടാക്കിക്കൂട. നിശബ്ദതപോലും ശബ്ദമയമായി തോന്നുന്ന ആ മണൽപ്പുറത്ത് എന്റെ മുത്തച്ഛൻ കിടന്നുറങ്ങുകയാണ്. അനന്തവും അവിരാമവുമായ ഉറക്കം. ജീവിക്കുന്ന യുഗത്തിന്റെ ആത്മാവിൽ നിന്ന് ജനിക്കുവാനിരിക്കുന്നൊരു യുഗത്തിന്റെ ജീവശക്തി രൂപപ്പെടുത്തുന്ന ശ്രമകരമായ ജോലിയും കഴിഞ്ഞ് മുത്തച്ഛൻ ഒന്നു വിശ്രമിച്ചു കൊള്ളട്ടെ’.

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

ഗാന്ധിസ്മൃതിയിൽ പൂജാപുഷ്പങ്ങളർപ്പിച്ച് തൊഴുതുനിന്നപ്പോൾ ഒരു ചിരാഭിലാഷം നിറവേറ്റിക്കഴിഞ്ഞ ആത്മസംതൃപ്തിയും നിർവൃതിയുമാണ് തനിക്കുണ്ടായതെന്ന് വയലാർ പറയുന്നു. അനുഭൂതികൾക്ക് മുൻപിൽ വാചാലമാകാറുള്ള തന്റെ ഹൃദയം ഇവിടെ നിശ്ശബ്ദമായി പോകുകയാണ്. താനറിയാതെ കണ്ണുനീർത്തുള്ളികൾ ആ ശിലാതളത്തിൽ അടർന്നുവീണു. മരണത്തെപ്പോലും മന്ദഹസിച്ചെതിരേറ്റ മുത്തച്ഛന് കരയുന്നവരെ പുച്ഛമായിരുന്നു. എങ്കിലും തന്നെ ഒരു കുട്ടിയായിക്കണ്ട് അദ്ദേഹം എല്ലാം പൊറുക്കുമെന്ന് വയലാർ ആശ്വസിക്കുന്നു.

സാധാരണ യാത്രാവിവരണങ്ങളിൽ കാണുന്ന യാത്രയുടെ അനുസ്യൂതി ഈ യാത്ര വിവരണത്തിലില്ല. ഉത്തരേന്ത്യയിലെ സാംസ്കാരിക പ്രസിദ്ധിയുള്ള ഉത്തര മഥുര, ചരിത്ര പ്രാധാന്യമുള്ള കുത്തബ്മീനാർ, റഡ്ഫോർട്ട്, ഗാന്ധി അന്ത്യവിശ്രമം കൊള്ളുന്ന രാജ്ഘട്ട് എന്നീ സ്ഥലങ്ങൾ മനസ്സിലുണർത്തിവിട്ട ചരിത്ര സ്മൃതികളെ വികാരതീഷ്ണതയോടെയാണ് പല സന്ദർഭങ്ങളിലും അദ്ദേഹം ആവിഷ്കരിക്കുന്നത്. ഇന്ത്യയ്ക്ക് പുറത്തേക്ക് വളരെയൊന്നും സഞ്ചരിച്ചിട്ടില്ലാത്ത വയലാറിന് ഈ യാത്ര കേവലം വിനോദോപാധി ആയിരുന്നില്ല. തിരിച്ചറിവിന്റെയും കണ്ടെത്തലിന്റെയും അനുഭൂതിയുടെയും ഒരാത്മായനമായിരുന്നു.

കേവലം സ്ഥലവർണ്ണന എന്നതിനപ്പുറം ചരിത്രമുറങ്ങുന്ന ഭാരതഭൂമിയിലൂടെ ഭാരതത്തിന്റെ സംസ്കാരവും കാവ്യപാരമ്പര്യവും ചരിത്രവും രാഷ്ട്രീയാവബോധവും മനസ്സിലാവാഹിച്ച ഒരു പ്രതിഭാധനൻ നടത്തുന്ന സർഗ്ഗസഞ്ചാരമാണ് പുരുഷാന്തരങ്ങളിലൂടെ. സമ്പന്നവും വൈവിദ്ധ്യവുമായ സാംസ്കാരിക പാരമ്പര്യമുള്ള ഒരു രാജ്യത്തിന്റെ പ്രാക്തനമായ തിരുശേഷിപ്പുകൾ വൈയക്തികമായ അനുഭൂതികളുടെ മൂശയിൽ കരുപ്പിടിപ്പിച്ച് അവതരിപ്പിക്കുമ്പോൾ അത്തരം അവതരണം ആത്മനിഷ്ഠമാകാതെ തരമില്ല. എന്നാൽ ആത്മനിഷ്ഠമായ ആവിഷ്കരണം സത്യസന്ധമായ ചരിത്ര പശ്ചാത്തലത്തിൽ നിർവ്വഹിച്ചിരിക്കുന്നു എന്നതാണ് ഈ യാത്രാവിവരണത്തിന്റെ സവിശേഷത. ചരിത്ര സന്ദർഭങ്ങളെ, ചരിത്ര സത്യങ്ങളായിത്തന്നെ കണ്ടുകൊണ്ട് പുന:സൃഷ്ടിക്കുകയാണ് വയലാർ ചെയ്യുന്നത്. ചരിത്രതിരുശേഷിപ്പുകളെ വർത്തമാനകാല യാഥാർത്ഥ്യത്തിൽ നിന്നുകൊണ്ട് ഭൂതകാല ഭൂമികയിലേക്ക് പറിച്ചു നടാനുള്ള ശ്രമത്തിൽ വയലാർ വിജയം കണ്ടിരിക്കുന്നു.

## കുറിപ്പുകൾ

1. *പോക്കർ പി. കെ., ആധുനികോത്തരതയുടെ കേരളീയപരിസരം, എൻ. ബി. എസ്., കോട്ടയം, 2000.*
2. *രമേഷ് ചന്ദ്രൻ വി, സഞ്ചാരസാഹിത്യംമലയാളത്തിൽ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1989, പുറം 30*
3. *പന്മന രാമചന്ദ്രൻ,സമ്പൂർണ്ണ മലയാള സാഹിത്യ ചരിത്രം,കറന്റ് ബുക്സ്, കോട്ടയം,2008, പുറം 324 (ആംഗലേയ നിരൂപകനായ സാമുവൽ ജോൺസിനെ ഉദ്ധരിക്കുന്നു.)*

ഗവൺമെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

## സഹായക ഗ്രന്ഥങ്ങൾ


1. *രാമചന്ദ്രൻ നായർ പന്മന, സമ്പൂർണ്ണമലയാളസാഹിത്യചരിത്രം,കറന്റ് ബുക്സ്, കോട്ടയം, 2008*
2. *പോൾ മണലിൽ, യാത്രാവിവരണങ്ങൾ പത്തൊൻപതാം നൂറ്റാണ്ടിൽ,കേരള സാഹിത്യ അക്കാദമി, തൃശൂർ, 2015.*
3. *രമേഷ് ചന്ദ്രൻ വി, സഞ്ചാരസാഹിത്യം മലയാളത്തിൽ,കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1989.*
4. *രാമവർമ്മ വയലാർ , പുരുഷാന്തരങ്ങളിലൂടെ,പ്രഭാതം പ്രിന്റിങ് ആന്റ് പബ്ലിഷിങ് പ്രൈവറ്റ് ലിമിറ്റഡ്, തിരുവനന്തപുരം, 1987.*
5. *വയലാർ കൃതികൾ, ഡി.സി. ബുക്സ്,കോട്ടയം, 1976.*

# വാസ്തുവിദ്യയും കേരളീയ ഗൃഹനിർമ്മാണവും: ഉണ്ണുനീലിസന്ദേശകാവ്യത്തെ ആസ്പദമാക്കി ഒരു പഠനം

**ഡോ. ബിജികുമാരി പി.**
അസി. പ്രൊഫസർ, ചരിത്രവിഭാഗം, ഗവ.കോളെജ്, നെടുമങ്ങാട്, തിരുവനന്തപുരം

**പ്രബന്ധസംഗ്രഹം**

മണിപ്രവാളസാഹിത്യശാഖയിൽ ഉന്നതസ്ഥാനം അലങ്കരിക്കുന്ന കൃതിയാണ് ഉണ്ണുനീലിസന്ദേശം. പതിനാലാംനൂറ്റാണ്ടിൽ രചിക്കപ്പെട്ട പ്രസ്തുതകൃതിയെ സാഹിത്യസൃഷ്ടി എന്നതിലുപരി കേരളീയചരിത്രരചനയെ സഹായിക്കുന്ന സ്രോതസ്സ് എന്ന നിലയിൽ വിലയിരുത്തുന്നു. ഈ കൃതിയിലെസന്ദേശവാഹ കനായ ആദിത്യവർമ്മയെക്കുറിച്ച് പുരാരേഖകളിൽ പ്രതിപാദിച്ചിട്ടുണ്ട്. അദ്ദേഹം സഞ്ചരിക്കേണ്ടവഴികളും സൂചകങ്ങളായി സ്വീകരിക്കേണ്ട കൊട്ടാര ങ്ങൾ, ക്ഷേത്രങ്ങൾ, അങ്ങാടികൾ, ചിറകൾ എന്നിവയും കൃത്യമായി രേഖപ്പെടു ത്തിയിരിക്കുന്നു. കേരളീയ ഗൃഹനിർമ്മാണ ശൈലിയെപ്പറ്റി മനസ്സിലാക്കാൻ ഉണ്ണുനീലിയുടെ ഭവനമായ മുണ്ടക്കൽ തറവാടിന്റെ വർണ്ണനകൾ മതിയാകും. വാസ്തുവിദ്യ വിധിപ്രകാരം നിർമ്മിച്ചിരിക്കുന്ന നാലുകെട്ടിന്റെ വിവിധ ഭാഗങ്ങളെപ്പറ്റിയും പടിപ്പുര, കിണർ തുടങ്ങിയവയുടെ സ്ഥാനത്തെക്കുറിച്ചും വിശദമായി വിവരിച്ചിരിക്കുന്നു. കേരളീയ ഗൃഹനിർമ്മാണശൈലിയിൽ സാങ്കേതികപ്രയോഗം കൂടുതൽ ഉൾപ്പെടുത്തിയിരിക്കുന്നു. പുരാതനകാലം മുതൽ നിലനിന്നിരുന്ന ഗൃഹനിർമ്മാണശൈലി വാസ്തുവിദ്യാതത്വങ്ങൾക്ക നുസൃതമായി രൂപപ്പെട്ടതാണെന്നും എന്നാൽ പിൽക്കാലത്ത് സാങ്കേതിക പ്രയോഗങ്ങൾ കൂട്ടിച്ചേർത്ത് സമ്പുഷ്ടമാക്കിയിട്ടുണ്ടെന്നും കണ്ടെത്തുന്നു.

***താക്കോൽവാക്കുകൾ:*** സന്ദേശകാവ്യം, വാസ്തുവിദ്യ, അങ്ങാടികൾ, ദേവദാസി, ഉപശാലകൾ, പടിപ്പുര.

ഭാരതീയ സംസ്കാരത്തിന്റെ അമൂല്യ പൈതൃകമാണ് വാസ്തുവിദ്യ. പാരമ്പര്യ ശില്പികൾ തലമുറകളായി കൈമാറിയ ചാതുര്യം മൂലം വാസ്തുവിദ്യ ഇന്നും ജീവസുറ്റ സാങ്കേതിക രൂപമായി നിലനിൽക്കുന്നു.'വസ്' എന്ന സംസ്കൃതധാതുവിൽ നിന്നും ജന്യമായ പദമാണ് വാസ്തു(ബാലഗോപാൽ, 2012, പു.2). മർത്യരും അമർത്യരും കുടികൊള്ളുന്ന ഇടം വാസ്തു എന്ന് മയമതത്തിൽ സൂചിപ്പിക്കുന്നു. ഗൃഹവാസ്തു വിനെപ്പറ്റി ആധികാരികമായി വിവരിക്കുന്ന നിരവധി ഗ്രന്ഥങ്ങളും അവയുടെ വ്യാഖ്യാന ങ്ങളും വിവർത്തനങ്ങളും ഇന്ന് വ്യാപകമായി പ്രചാരത്തിലുണ്ട്. മനുഷ്യാലയചന്ദ്രിക, ശില്പരത്നം,തന്ത്രസമുച്ചയം തുടങ്ങിയവ പ്രധാനപ്പെട്ട വാസ്തുശാസ്ത്രഗ്രന്ഥങ്ങളാണ്.

## മനുഷ്യാലയചന്ദ്രിക

എ.ഡി. പതിനാറാം നൂറ്റാണ്ടിൽ മലപ്പുറം ജില്ലയിൽ തിരൂരിനടുത്ത് ജീവിച്ചിരുന്ന തിരുമംഗലത്ത് നീലകണ്ഠൻ മൂസ്സാണ് മനുഷ്യാലയചന്ദ്രിക രചിച്ചത്. ഗൃഹനിർമ്മാണ വിധികളിലേക്ക് പ്രകാശം ചൊരിയുന്ന ഈ ഗ്രന്ഥം പ്രസ്തുത വിഷയത്തിൽ കേരള ത്തിലെ ഏറ്റവും പ്രചാരം ലഭിച്ച കൃതിയാണ്. തികച്ചും കേരളീയ പശ്ചാത്തലത്തിൽ തദ്ദേശീയ പരിസ്ഥിതിക്കും കാലാവസ്ഥയ്ക്കുമനുയോജ്യമായി എഴുതപ്പെട്ടിട്ടുള്ളത് കൊണ്ടാകാം ഈ ഗ്രന്ഥത്തിന് സാർവത്രിക അംഗീകാരം ലഭിച്ചത്. ഏഴ് അധ്യായ ങ്ങളിലായി രചിച്ചിട്ടുള്ള പ്രസ്തുത കൃതിയുടെ ഒന്നാം അധ്യായത്തിൽ സ്ഥപതി (വാസ്തു ശില്പികളിൽ പ്രധാനി) ഉൾപ്പെടെയുള്ള ശില്പിലക്ഷണത്തെപ്പറ്റി പ്രതിപാദിച്ചിരിക്കുന്നു. രണ്ടാം അദ്ധ്യായം ശങ്കു സ്ഥാപനം(ഗൃഹനിർമ്മാണാരംഭമായ കുറ്റിനാട്ടൽ ചടങ്ങ്) തുടങ്ങിയ സാങ്കേതിക വിഷയങ്ങളെക്കുറിച്ചുള്ള വിവരണമാണ്. വീഥികൽപ്പനയും അൽപ്പക്ഷേത്ര(പതിനെട്ടു സെന്റിൽ താഴെ വിസ്തീർണ്ണമുള്ള വസ്തു)വിധിയും മർമ്മദോഷങ്ങളും പ്രതിപാദിച്ചിരിക്കുന്നത് മൂന്നാം അധ്യായത്തിലാണ്. മാനപ്രമാണങ്ങൾ അടങ്ങിയ ഭാഗം മുല്ലത്തറ, അധിഷ്ഠാനം, അങ്കണം, പാദമാനം, സ്തംഭം, ഉത്തരം, വാജനം എന്നീ സങ്കീർണ വിഷയങ്ങൾ ഉൾക്കൊള്ളുന്നു. ദാരുമയമായ നിർമ്മാണങ്ങളെപ്പറ്റിയും ഗോശാല, കിണർ, കളപ്പുര, പടിപ്പുര, എന്നീ ഉപശാലാവിധികളെപ്പറ്റിയും വിശദമായി വിവരിച്ചിരിക്കുന്നു.

## ശില്പരത്നം

ചെമ്പകശ്ശേരി രാജാവായിരുന്ന ദേവനാരായണന്റെ സദസ്യനായ ശ്രീകുമാരനാണ് ശിൽപ്പരത്നത്തിന്റെ കർത്താവ് എന്ന് വിശ്വസിക്കുന്നു. ശില്പി ലക്ഷണം മുതൽ ചിത്രകല വിഷയം വരെ അതിബൃഹത്തായ രീതിയിൽ വിവരിച്ചിരിക്കുന്നു.

## തന്ത്രസമുച്ചയം

കോഴിക്കോട് സാമൂതിരി മാനവേദരാജാവിന്റെ സദസ്യനും പതിനെട്ടര കവികളിൽ പ്രസിദ്ധനുമായ ചേന്നാസ് നാരായണൻ നമ്പൂതിരിയാണ് തന്ത്രസമുച്ചയത്തിന്റെ രചയിതാവ്. ക്ഷേത്രനിർമ്മാണത്തിന് സ്വീകാര്യമായ ഭൂമി കണ്ടെത്തുന്നതു മുതൽ ഭൂപരീക്ഷ, ഭൂപരിഗ്രഹം, ക്ഷേത്രധ്വജസ്ഥാപനം, ജീർണ്ണോദ്ധാരണ വീഥികൾ വരെ വിശദ മായി ചർച്ച ചെയ്യുന്ന തന്ത്രസമുച്ചയം മലയാളത്തിൽ എഴുതപ്പെട്ട പ്രധാന വാസ്തുവിദ്യ ഗ്രന്ഥമാണ്.

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

ആദ്യകാല സംസ്കൃതഗ്രന്ഥങ്ങളായ ബൃഹത്സംഹിത, വിശ്വകർമ്മീയം, മാനസാരം മുതലായവ ഭാരതീയ വാസ്തുവിദ്യശാസ്ത്ര മൂലഗ്രന്ഥങ്ങളാണ്. വാത്മീകിമഹർഷി അയോധ്യാപുരിയെ വിശേഷിപ്പിക്കുന്നത് പന്ത്രണ്ട് യോജന നീളവും മൂന്നു യോജന വിസ്താരവുമുള്ള വിശാല പ്രദേശമായിട്ടാണ്(ഒരു യോജന ഇരുപത്തിമൂന്ന് കിലോമീറ്റർ).

സർവ്വലക്ഷണവുമൊത്ത, സാക്ഷാൽ മയൻ നിർമ്മിച്ച ശ്രീലങ്ക ശില്പവിദ്യാ ലോകത്തെ അത്ഭുതമായിരുന്നു. അരയോജന വീതിയും ഒരുയോജന നീളവുമുള്ള രാവണന്റെ കൊട്ടാരം ധാരാളം മേടകളോടുകൂടിയതായിരുന്നു. രാവണ പിതാവായ മയൻ രചിച്ച മയമതത്തിന്റെ മൂലഗ്രന്ഥഭാഷ തമിഴാണെന്നും പിന്നീട് സംസ്കൃതത്തിലേക്ക് വിവർത്തനം ചെയ്തതാണെന്നും കരുതപ്പെടുന്നു. മുപ്പത്തിയാറ് അധ്യായങ്ങളിലായി രചിച്ചിട്ടുള്ള പ്രസ്തുത ഗ്രന്ഥത്തിൽ ഭൂപരീക്ഷ, മാനപ്രമാണം, സ്ഥാനനിർണയം, ഏക ദ്വിത്രിചതുശ്ശാല നിർമ്മാണം, മുഖപ്പുരകൾ, ഗ്രാമവിധാനം തുടങ്ങിയ വിഷയങ്ങൾ വിശദമായി പ്രതിപാദിച്ചിരിക്കുന്നു.

പ്രമേയവ്യാഖ്യാനത്തിൽ ഉണ്ണുനീലിസന്ദേശത്തിന്റെ സ്ഥാനം സാഹിത്യസൃഷ്ടിയെന്ന നിലയിലാണ്. വടമതിരയിലുള്ള കടന്തേരി മുണ്ടക്കൽ തറവാട്ടിലെ സുന്ദരിയായ ഉണ്ണുനീലി ഭർത്താവുമൊത്ത് (നായകൻ) ഉറങ്ങിക്കിടന്നപ്പോൾ രാത്രി ഒരു യക്ഷി നായകനെ എടുത്ത് ആകാശത്തിലൂടെ യാത്രയായി. തിരുവനന്തപുരം പത്മനാഭസ്വാമി ക്ഷേത്രത്തിന് മുകളിൽ എത്തിയപ്പോൾ നായകൻ ഉണരുകയും കാര്യം മനസ്സിലായപ്പോൾ നരസിംഹമന്ത്രം ജപിക്കുകയും ചെയ്തു. യക്ഷി നായകനെ ഉപേക്ഷിക്കുകയും അദ്ദേഹം പരിക്കേൽക്കാതെ ക്ഷേത്രപരിസരത്ത് പതിക്കുകയും ചെയ്തു. പള്ളിയുണർത്തൽ കേട്ടപ്പോഴാണ് പത്മനാഭസ്വാമിക്ഷേത്രമാണെന്നു മനസ്സിലായത്. പരിസരം ശ്രദ്ധിച്ചപ്പോൾ തന്റെ പ്രിയ സുഹൃത്തായ ആദിത്യവർമ്മ ക്ഷേത്രദർശനത്തിന് എത്തിയെന്ന് മനസ്സിലായി. സുഹൃത്തിനെ കാര്യം ധരിപ്പിച്ചു. ആരോഗ്യം വീണ്ടെടുത്ത് പ്രിയസഖിയുടെ സമീപത്തെ ത്താൻ കുറഞ്ഞത് രണ്ടാഴ്ചയെങ്കിലും കഴിയുമെന്നും ദുഃഖകരമായ തന്റെ അവസ്ഥ പരിഹരിക്കാൻ അദ്ദേഹം വടമതിരയിൽ പോയി ഉണ്ണുനീലിയെ കണ്ട് താൻ ജീവിച്ചിരിക്കുന്നുവെന്ന സന്തോഷവാർത്ത അറിയിക്കണമെന്നും ആവശ്യപ്പെട്ടു. ആദിത്യ വർമ്മയ്ക്ക് വടമതിരയിലേക്ക് പോകാനുള്ള വഴി വിവരിച്ചു നൽകി (തേമ്പാട്ട് ശങ്കരൻ നായർ, ഉണ്ണുനീലിസന്ദേശം വ്യാഖ്യാനം).

## ഉണ്ണുനീലിസന്ദേശം ചരിത്രോപാദാന സാമഗ്രി

മലയാളത്തിലെ ആദ്യ സന്ദേശകാവ്യമാണ് ഉണ്ണുനീലിസന്ദേശം. മണിപ്രവാള സാഹിത്യത്തിലെ സംസ്കൃത, തമിഴ്, മലയാള ഭാഷാപ്രയോഗം മൂലം സന്ദേശകാവ്യങ്ങളിൽ അത്യുന്നതസ്ഥാനമാണ് ഉണ്ണുനീലിസന്ദേശത്തിനുള്ളത്. വിരഹാവസ്ഥയിൽ പ്പെട്ടുഴലുന്ന നായകൻ തന്റെ സന്ദേശം ദൂതൻ വഴി നായികയ്ക്ക് കൈമാറുന്നതാണ് സന്ദേശകാവ്യങ്ങളുടെ ഇതിവൃത്തം. മേഘസന്ദേശം, കോകിലസന്ദേശം, ഭ്രമരസന്ദേശം തുടങ്ങിയ സംസ്കൃത കൃതികളോടൊപ്പം മികവ് പുലർത്തുന്നതാണ് ഉണ്ണുനീലി സന്ദേശവും.നായകൻ മാർഗനിർദ്ദേശം നൽകുന്നതിലാണ് സന്ദേശകാവ്യങ്ങളുടെ വിജയം. വിരഹമാണ് മുഖ്യവിഷയമെങ്കിലും ദേശം, ഭാഷ, ആചാരം, സമുദായമര്യാദ, സന്ദേശ

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

വാഹകൻ സഞ്ചരിക്കേണ്ട വഴികൾ, അടയാളരൂപങ്ങളായ ക്ഷേത്രങ്ങൾ, കെട്ടിടങ്ങൾ, കൊട്ടാരങ്ങൾ, അങ്ങാടികൾ എന്നിവ കൃത്യമായും മനോഹരമായും വർണിച്ചിരിക്കുന്നു. തിരുവനന്തപുരം മുതൽ കടുത്തുരുത്തി വരെയുള്ള ഭൂപ്രദേശങ്ങളുടെ വർണ്ണന തന്മയത്വത്തോടെ അവതരിപ്പിച്ചിരിക്കുന്നതിലൂടെ ചരിത്രരചനാസ്രോതസ്സായി മാറാൻ ഉണ്ണുനീലിസന്ദേശം എന്ന കൃതിക്ക് കഴിഞ്ഞു.

ഉണ്ണുനീലിസന്ദേശകാവ്യരചയിതാവ് തന്റെ പേര് ഒരിടത്തും രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ കവിയും നായകനും ഒരാൾ തന്നെയെന്നത് സംശയമായി നിലനിൽക്കുന്നു. സന്ദേശവാഹകനായ വേണാട് രാജാവ് ആദിത്യവർമ്മയുടെ കാലഘട്ടം കൊല്ലവർഷം 528നും 553നും ഇടയിലാണെന്ന് വ്യക്തമാക്കുന്ന രേഖകൾ പുരാവസ്തു വകുപ്പിന്റെ കീഴിലുള്ള സെൻട്രൽ ആർക്കൈവ്സിൽ ലഭ്യമാണ്. കൽക്കുളം ക്ഷേത്രത്തിൽ കൊല്ലവർഷം 548ൽ സ്ഥാപിച്ചിരിക്കുന്ന ശാസനത്തിൽ ആദ്യവർമ്മയുടെ നാമം രേഖപ്പെടുത്തിയിരിക്കുന്നു. (ട്രാവൻകൂർ ആർക്കിയോളജിക്കൽ സീരീസ്, വാല്യം ഒന്ന്). കൂടാതെ കൊല്ലവർഷം 550 ആണ്ട് മീനം 25 ഞായറാഴ്ച ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിന് അല്പശി ഉത്സവത്തിനോടനുബന്ധിച്ച് നിലം,നെല്ല് ഇവ ആദിത്യവർമ്മ ദാനമായി നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ട്(ചുരുണ നം 1720). പ്രസ്തുത കൃതി എഴുതിയ കാലഘട്ടം കൊല്ലവർഷം 549 ആണെന്ന് തേമ്പാട്ട് ശങ്കരൻ നായർ സമർത്ഥിക്കുന്നു.

ഉണ്ണുനീലിസന്ദേശം കേരളചരിത്രരചനയെ സഹായിക്കുന്ന സ്രോതസ്സായി സ്വീകരിക്കാവുന്നതാണ്. സന്ദേശവാഹകന്റെ യാത്രാവേളയിൽ തിരുവനന്തപുരം മുതൽ വടമതിരയിലുള്ള കടന്തേരി മുണ്ടയ്ക്കൽ തറവാട് വരെയുള്ള യാത്രാവഴി വിവരിക്കുമ്പോൾ സ്ഥലനാമങ്ങൾ, രാജധാനികൾ, ക്ഷേത്രങ്ങൾ, അങ്ങാടികൾ തുടങ്ങിയവയെപ്പറ്റിയുള്ള പരാമർശങ്ങൾ ചരിത്ര പ്രാധാന്യമർഹിക്കുന്നതാണ്. ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിൽ നിന്ന് യാത്ര തുടങ്ങി മുതലപ്പൊഴി കടന്ന് പുത്തിടം അങ്ങാടി വഴി വർക്കലയ്ക്ക് പോവുക. ശേഷം കൊല്ലം, മുരുത്തിട്ട, പനങ്ങാവനം, പന്മന, കായംകുളം, പനയനാർക്കാവ് എത്തിയാൽ പിന്നെ ചിറവാസ്വരൂപത്തിന്റെ കൊട്ടാരമായി. അവിടെ നിന്ന് തിരിച്ചാൽ മതിലകത്ത് എത്താം. തിരുവല്ലത്തേവരെ തൊഴുതശേഷം കരിയനാർക്കാവിലെത്താം. ഏറ്റുമാനൂർ, കോതനല്ലൂർ കഴിഞ്ഞാൽ ഉണ്ണുനീലിയുടെ ഭവനമായ കടന്തേരിയിൽ എത്തും. ചരിത്രാംശങ്ങൾ ഉൾക്കൊള്ളുന്ന സന്ദേശകാവ്യങ്ങൾ സ്ഥലനാമങ്ങളുടെ വർണ്ണനയിൽ മികവുപുലർത്തുന്നത് സാഹിത്യസൃഷ്ടിയെന്നതിലുപരി ചരിത്രരചനയിലെ സഹായഗ്രന്ഥങ്ങളുടെ പട്ടികയിൽ സ്ഥാനം പിടിക്കാൻ കാരണമാകുന്നു.

സന്ദേശവാഹകനായ ആദിത്യവർമ്മ സഞ്ചരിക്കേണ്ട വഴികളിൽ കാണപ്പെടുന്ന ക്ഷേത്രങ്ങളെപ്പറ്റി വ്യക്തമായ വിവരണമുണ്ട്. പാൽക്കുളങ്ങരദേവിക്ഷേത്രം, വർക്കല ക്ഷേത്രം, മുരിത്തിട്ടഗണപതിക്ഷേത്രം, പനങ്ങാവിൽ ഭദ്രകാളിക്ഷേത്രം, പന്മനക്ഷേത്രം, കണ്ടിയൂർ മഹാദേവക്ഷേത്രം, തിരുവല്ല,തൃക്കൊടിത്താനം, മണികണ്ഠപുരം മഹാവിഷ്ണു ക്ഷേത്രമുൾപ്പെടെ യാത്രാവേളയിൽ സന്ദർശിക്കേണ്ടതായ പ്രമുഖക്ഷേത്രങ്ങളുടെ കൃത്യതയാർന്ന വിവരണം അക്കാലഘട്ടത്തിൽ ക്ഷേത്രങ്ങൾക്കുള്ള പ്രാധാന്യം സൂചിപ്പിക്കുന്നു. ഒപ്പംതന്നെ ചിറകൾ, കാവുകൾ തുടങ്ങിയവയെപ്പറ്റിയും സൂചനകളുണ്ട്.

വർക്കലക്ഷേത്രം സന്ദർശിച്ചശേഷം യാത്രതുടരുമ്പോൾ കൊളംബപുരിയിൽ എത്തുമെന്ന് പരാമർശിച്ചിരിക്കുന്നു. സമൃദ്ധികൊണ്ട് ദേവലോകത്തെ നാണിപ്പിക്കുമാറ് സമ്പന്നമായ കൊല്ലം പട്ടണത്തെയാണ് വിവരിച്ചിരിക്കുന്നത്. കൊല്ലം പട്ടണത്തിന് തുല്യം കൊല്ലം മാത്രം എന്ന് വിവരിക്കാൻ കാരണം കച്ചവടകേന്ദ്രമെന്ന നിലയിൽ കടൽകടന്ന് പ്രസിദ്ധിയാർജ്ജിച്ചിരിക്കുന്നതാണ്. ചോങ്ക്, ചമ്പ്രാണി, ചോണാടൻ എന്നീ ജലവാഹനങ്ങൾ തുറമുഖത്ത് വരികയും പോകുകയും ചെയ്യുന്നുണ്ട്. രാജാവിന്റെയും പട്ടണത്തിന്റെയും കീർത്തി നാടെങ്ങും വ്യാപിച്ചിരിക്കുന്നതായി സൂചിപ്പിക്കുന്നു.

ആദിത്യവർമ്മയോട് മുച്ചന്തിക്കൽ എന്ന സ്ഥലത്തെ മൂവന്തിവാണിയം അഥവാ അന്തിച്ചന്ത സന്ദർശിക്കാനായി നിർദ്ദേശിക്കുന്നുണ്ട്. അവിടുത്തെ ആൾത്തിരക്കും വിവിധങ്ങളായ വണ്ടികളും സാധനസാമഗ്രികളും പലവ്യഞ്ജനങ്ങളും ഉൾപ്പെടെയുള്ള വസ്തുക്കളുടെ വർണ്ണനയുമുണ്ട്. പല പേരിലുള്ള നെല്ലിനങ്ങൾ വിൽപ്പനയ്ക്കായി വച്ചിരിക്കുന്നു. കൂരൻ ചോരൻ, പഴവരി,കുറക്കൊങ്ങണം, വെണ്ണക്കണ്ണൻ, മോടൻ, കാടൻ, കുറുവ, കൊടിയൻ,പങ്കി,പൊക്കാളി, ചെന്നെൽ, ആനക്കോടൻ, കിളിയിറ, കനങ്ങാരിയൻ, വീരവിത്തൻ എന്നിങ്ങനെ വിവിധങ്ങളായ നെൽശേഖരം കാണാം (തേമ്പാട്ട് ശങ്കരൻ നായർ, പു 66).

കൂടാതെ വിവിധയിനം മത്സ്യങ്ങൾ വില്പനയ്ക്കായി എത്തിച്ചിരിക്കുന്നു. കോലാമൂങ്ങൻ, ചുറകു, കൊഴുമീൻ, കൊഞ്ച്, പാമ്പാട, പൂമീൻ, ചേർമീൻ, നാരൽ, ഞെരിമീൻ, ചൂളകൻ, വാളനന്തൻ എന്നിങ്ങനെ.

രാവിലെ തുടങ്ങുന്ന ചന്തകൾ നാളങ്ങാടി എന്നും വൈകുന്നേരം ഉള്ളവ അന്തിച്ചന്തകൾ എന്നും അറിയപ്പെട്ടു. കായംകുളം അങ്ങാടി, പുത്തനങ്ങാടി തുടങ്ങിയവയെ പറ്റിയും എൺപതോളം നിത്യോപയോഗ വസ്തുക്കളെപ്പറ്റിയും ഗൃഹോപകരണങ്ങൾ, ഭക്ഷ്യ ഔഷധസുഗന്ധദ്രവ്യ വസ്തുക്കളെപ്പറ്റിയും പരാമർശിക്കുന്നുണ്ട്. തട്ടം പരന്ന പാത്രം, ചാട് വണ്ടി എന്നിവയെപ്പറ്റിയും സൂചിപ്പിക്കുന്നു. കാർഷിക സമ്പദ് വ്യവസ്ഥയിൽ നെല്ല് സുഗന്ധദ്രവസ്തുക്കളായ ഏലം, ജാതിക്ക, കുന്തിരിക്കം, മഞ്ചി, മഞ്ചട്ടി എന്നീ വിഭവങ്ങളുടെ പ്രാധാന്യവും അക്കാലത്തെ കാർഷിക സമ്പദ് വ്യവസ്ഥ, ആഹാരരീതി, വാണിജ്യ വ്യാപാര രീതികൾ തുടങ്ങിയവയും മനസ്സിലാക്കാൻ സാധിക്കും (തേമ്പാട്ട്, പു. 66).

വീരശൂരപരാക്രമിയായ ആദിത്യവർമയെ സ്വീകരിക്കാൻ ഞാൻ മുമ്പ് ഞാൻ മുമ്പ് എന്ന മട്ടിൽ സുന്ദരികൾ തിരക്ക് കൂട്ടുമെന്ന് സൂചിപ്പിക്കുന്നു. പതിനാലാം നൂറ്റാണ്ടിൽ കേരളത്തിൽ നിലനിന്നിരുന്ന സാമൂഹ്യവ്യവസ്ഥിതിയിലേക്ക് വെളിച്ചം വീശുന്ന പരാമർശമാണിത്. ഗണികസമ്പ്രദായത്തിന് സാമൂഹിക അംഗീകാരം ഉണ്ടായിരുന്ന കാലഘട്ടമാണ് എന്നും മനസ്സിലാക്കാം. കുട്ടത്തി, ഉമ്മിണി, ചെറുകരയിലെ ഉണ്ണിയാടി, മത്തൂറ്റ് വസിക്കുന്ന ഇളയച്ചി, കുറുങ്ങാട്ടെ ചിരുതേവി, ഇളമങ്ങിക്കരച്ചേരി തുടങ്ങിയവർ അക്കാലത്തെ പ്രമുഖരായ ദേവദാസികളായിരുന്നുവെന്ന സുചന ലഭിക്കുന്നു. കൂടാതെ മീനച്ചിലാർ കടന്ന് കണ്ടാംകുളത്ത് താമസിക്കുന്ന സുന്ദരിയെ സന്ദർശിക്കാൻ സമയം

തികയാതെ വരുമെന്നും ഓർമിപ്പിക്കുന്നു. പെരുമാൾ ഭരണകാലഘട്ടത്തിൽ തുടക്കം കുറിച്ച ദേവദാസി സമ്പ്രദായം ഉന്നതകുലജാതരായ പെൺകുട്ടികളെ ദേവനു സമർപ്പിക്കുന്ന രീതിയിൽ തുടങ്ങി ക്രമേണ കേവലസൗന്ദര്യത്തിന്റെ പേരിലുള്ള ഉപഭോഗവസ്തുവായി മാറിയതായി മനസ്സിലാക്കാം. ഒമ്പതാം നൂറ്റാണ്ടിൽ കേരളം ഭരിച്ചിരുന്ന കുലശേഖര പെരുമാൾ തന്റെ മകളെ ദേവന് സമർപ്പിച്ചിരുന്നതായി രേഖകൾ സൂചിപ്പിക്കുന്നു. സത്ഗുണ സമ്പന്നരായ ദേവദാസികൾ ക്ഷേത്രങ്ങൾക്കും പാഠശാലകൾക്കും ഭൂമിദാനം നൽകിയിരുന്നതായി ചേക്കൂർ, നെടുംപുറം ശാസനങ്ങൾ സൂചിപ്പിക്കുന്നു (നാരായണൻ, എം, ജി, എസ്സ്, പു 351). എന്നാൽ ക്രമേണ വേശ്യാവൃത്തിയായി ഈ സമ്പ്രദായം അധഃപ്പതിച്ചു എന്ന സൂചന ലഭിക്കുന്നു.

## വാസ്തുവിദ്യയുടെസ്വാധീനം

ഉണ്ണുനീലി സന്ദേശകാവ്യത്തിൽ വാസ്തുവിദ്യാനിയമങ്ങൾ കൃത്യമായി പാലിച്ച് നിർമ്മിച്ചിരിക്കുന്ന നാലുകെട്ടിന്റെയും പടിപ്പുരയുടെയും വ്യക്തമായ വർണ്ണന കാണാം. നായികയായ ഉണ്ണനീലിയുടെ ഗൃഹം ചതുശ്ശാലയാണെന്ന് സന്ദേശവാഹകനായ ആദിത്യ വർമ്മയെ മുണ്ടക്കൽ ഭവനത്തിന്റെ പടിപ്പുരവച്ച് സ്വീകരിക്കുന്നതായുള്ള വിവരണത്തിൽ വ്യക്തമാക്കിയിരിക്കുന്നു.

*'മൽപ്രേയസ്യാ ലളിത ഗതയേ കൈവിരൽ കൈവിരൽച്ചെയ്*
*തുത്സേധം കൊണ്ടു പരിരചിതം നീല രത്നങ്ങൾക്കൊണ്ട്*
*ചാണാൽ മുച്ചാണിട പടിയകം പൂമടുത്തഗ്രഭാഗേ*
*കാണാം ചെല്ലുമ്പൊഴുതു നിടത്തുണ്ടു സോപാന മാർഗ്ഗം'* (പുറം. 104)

എന്റെ പ്രിയതമയുടെ ഭംഗിയുള്ള നടത്തത്തിന് പറ്റിയ തരത്തിൽ അയ്യഞ്ചുവിരൽ ഉയരത്തിൽ പണിതിട്ടുള്ളതും മീതെ നീലനിറത്തിലുള്ള രത്നങ്ങൾ പതിച്ചിട്ടുള്ളതും മൂന്നുചാൺ വിസ്താരത്തിലുള്ളതുമായ കൽപ്പടവുകൾ പടിക്കകത്തു പ്രവേശിക്കുമ്പോൾ ഇടത്തായി കാണാം. കൽപ്പടവിലൂടെ നടന്നു ചെന്നാൽ നടവഴിയിൽ മൂന്ന് കോലുയരവും ഒരുകോൽ പതിന്നാല് വിരൽ വിസ്താരവുമുള്ള വാതിലുണ്ട്. വളരിന് മേൽ മകര മൽസ്യത്തിന്റെ രൂപം കൊത്തിവച്ചിട്ടുള്ള പടിപ്പുരയുടെ മകരം രാശിയിൽ നായികയുടെ വീട് കാണാം.

*'ശില്ലാകല്പം പുരപരിമിതം തെക്കിനേതുണ്ടു രമ്യം*
*മുപ്പത്തെൺ കോൽക്കുപരിപുറമങ്ങെൺ വിരൽച്ചുറ്റു കൊണ്ട്*
*രമ്യം തെക്കിനേതുണ്ട്അർദ്ധംതസ്മിൻ തളമപിപടിഞ്ഞായറർദ്ധം*
*കിഴക്കേത്അസ്മൽ കാന്തക്ക് കിടപ്പാൻ ചമച്ചീടിനാന്റ്'* (പുറം. 104).

കൊത്തുപണികൾ കൊണ്ട് ഭംഗിയായിട്ടിട്ടുള്ള വീട് അളവിനൊത്ത് നിർമ്മിച്ചതാകുന്നു. മുപ്പത്തിയെട്ടു കോൽഎട്ടംഗുലം ചുറ്റളവുള്ള ദക്ഷിണശാലയാണ് ശയനമുറി. പടിഞ്ഞാറ്റിനി വടക്കിനി കിഴക്കിനി എന്നിവ കൃത്യതയോടെ നിർമ്മിച്ചിരിക്കുന്നു. കിഴക്ക് ദർശനമുള്ള പടിഞ്ഞാറ്റിനിക്ക് മുപ്പത്തിയൊൻപത് കോലാണ് ചുറ്റളവ്. ഇത് നായികയുടെ കേശഗൃഹം അഥവാ ധനാലയമാണെന്ന് വിവരിക്കുന്നു. മുപ്പത്തിയൊൻപത് കോൽ

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

ചുറ്റളവിനോട് പതിനാറംഗുലം കൂട്ടുന്നതാണ് വടക്കിനി. നാല്പത് കോൽഎട്ടംഗുലമാണ് കിഴക്കിനി. വടക്കിനി ഭക്ഷണശാലയായും കിഴക്കിനി അതിഥികൾക്കായും നീക്കി വച്ചിരിക്കുന്നു.

*'മീനശ്രേണി മുഖരമരികേ ചന്ദ്രകാന്താഭിബദ്ധം*
*മീനത്തിന് മേൽ കിണറു വിമല സ്വച്ഛ പാനീയ പൂർണ്ണം'.* (പുറം. 105).

ധാരാളം മത്സ്യങ്ങൾ നീന്തിക്കളിക്കുന്നതും ചന്ദ്രകാന്തകല്ലുകൊണ്ട് ചുറ്റും കെട്ടിയതും നിറയെ തെളിനീരുള്ളതുമായ കിണർ ഗൃഹത്തിന്റെ വടക്കുകിഴക്ക് ഭാഗത്ത് സ്ഥിതി ചെയ്യുന്നു. ചുറ്റും വിവിധങ്ങളായ ചെടികൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്. മുല്ല, ജമന്തി, ചെമ്പകം എന്നിങ്ങനെയുള്ള ചെടികൾ കൊണ്ട് അലങ്കരിച്ചിരിക്കുന്ന കിണറിന്റെ പരിസരം ഗൃഹ ത്തിന്റെ സൗന്ദര്യം വർദ്ധിപ്പിക്കുന്നു. വിവിധ ഭാഗങ്ങളിലായി പലവിധ ഫലവൃക്ഷങ്ങൾ നട്ടുവളർത്തിയിരിക്കുന്നു. തേന്മാവ്, പ്ലാവ്, തെങ്ങ്, വാഴകൾ, വഴുതിന തുടങ്ങിയവ കൊണ്ട് സമ്പൽസമൃദ്ധമായ മുണ്ടക്കൽ ഭവനം കേരള വാസ്തുശൈലിയുടെ മകുടോദാഹരണ മായി നിലകൊള്ളുന്നു.

ഉത്തമ കേരളീയഭവനത്തിന്റെ ഉദാത്തമായ വർണ്ണനയാണ് ഉണ്ണുനീലിസന്ദേശത്തിൽ വ്യക്തമാകുന്നത്. വാസ്തുവിധിപ്രകാരം കിഴക്കോട്ട് ദർശനമുള്ള ഗൃഹത്തിലേക്ക് ആവശ്യമായ ചൂടും വെളിച്ചവും യഥേഷ്ടം ലഭിക്കുന്നു. കിഴക്കു പടിഞ്ഞാറുവീശുന്ന കാറ്റിന്റെ ഗതി അനുസരിച്ച് ഗൃഹത്തിൽ അടുക്കളയുടെ സ്ഥാനം വടക്കുകിഴക്കാണ്. മീനം രാശിയിൽ നിർമ്മിക്കുന്ന കിണർ വിമല സ്വച്ഛ പാനീയ പൂർണമാകും. അസ്തമയം വരെ യുള്ള സൂര്യതാപത്തിൽ നിന്നും ഗൃഹത്തെ പരിരക്ഷിക്കാനായി ചുറ്റും വിവിധങ്ങളായ വൃക്ഷങ്ങൾക്കുള്ള സ്ഥാനം വാസ്തുവിദ്യയിൽ പ്രതിപാദിച്ചിട്ടുണ്ട്. മതിയായ ശുദ്ധവായു ലഭ്യത ഉറപ്പാക്കാനായി കിഴക്കുദശയിൽ ഇലഞ്ഞിയും പ്ലാവും പേരാലും തെക്ക് അത്തിയും പുളിയും കമുകും പടിഞ്ഞാറ് അരയാലും വടക്ക് ഇത്തിയും മാവും അനുയോജ്യമാണ്. അന്തരീക്ഷ മലിനീകരണം കുറയ്ക്കാനും ശുദ്ധ വായു പ്രദാനം ചെയ്യാനും വൃക്ഷങ്ങൾ അനുയോജ്യമാണ്. നാലുകെട്ടും പരിസരവും വൃക്ഷലതാദികൾകൊണ്ട് അനുഗ്രഹീത മെന്നു ഉണ്ണുനീലിസന്ദേശത്തിൽ പരാമർശിച്ചിരിക്കുന്നു.

ഉപാലയങ്ങളുടെ നിർമ്മിതിയെപ്പറ്റി വാസ്തുവിദ്യാഗ്രന്ഥങ്ങളിൽ വിശദമാക്കിയി രിക്കുന്നു. മുഖ്യശാലകൾക്കുള്ള പ്രാധാന്യം തന്നെയാണ് ഉപശാലകൾക്ക് നൽകിയി രിക്കുന്നത്. പഴയ കാലഘട്ടത്തിലെ ഗൃഹ നിർമ്മിതികളിൽ കിണർ, കുളം, മതിൽ, പടിപ്പുര, മുല്ലത്തറ, ഗോശാല, കളരി, സർപ്പക്കാവ് എന്നീ ഉപശാലാനിർമ്മിതികളുടെ കൃത്യമായ സ്ഥാനങ്ങൾ കാണാം. ഉപനിർമ്മിതികളിൽ ഏറ്റവും പ്രധാനം കിണറാണ്. മയമതം, ബൃഹത്സംഹിത, മനുഷ്യാലയചന്ദ്രിക തുടങ്ങിയ ഗ്രന്ഥങ്ങളിൽ കൂപവിജ്ഞാനീയം എന്നൊരു ശാഖ തന്നെയുണ്ട്. ഗൃഹത്തിന്റെ വടക്ക്, കിഴക്ക്, വടക്ക് കിഴക്ക് ഭാഗങ്ങൾ കിണറിന് ഉചിതമാണ്. രാശിചക്രമനുസരിച്ച് മകരം കുംഭം മീനം മേടം ഇടവം രാശികൾ കിണറിന് ഉചിതസ്ഥാനങ്ങളാണ്. എന്നാൽ മീനം രാശി അത്യുത്തമമാണ് (മോഹനാക്ഷൻ നായർ, 2012, പു126-27). സർവൈശ്വര്യവും ഇതിലൂടെ കൈവരുമെന്ന് ആചാര്യന്മാർ

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

ഓർമ്മിപ്പിക്കുന്നു. ഉണ്ണുനീലിയുടെ ചതുശ്ശാലയിൽ കിണറിന്റെ സാന്നിധ്യം മീനം രാശിയിലാണ്. ശുദ്ധജലസമ്പന്നമായ കിണർ കൊടും വേനലിൽ പോലും ജലദൗർലഭ്യം നേരിടുന്നില്ല എന്ന് വർണ്ണനകളിൽ നിന്നും മനസ്സിലാക്കാം.

## പടിപ്പുര

ഗതകാല കേരളീയഭവനങ്ങളുടെ പ്രൗഢിയും ഗാംഭീര്യവും പടിപ്പുരകളിൽ ദൃശ്യമാകുന്നു. പാരമ്പര്യത്തിന്റെയും പ്രതാപത്തിന്റെയും പ്രതീകം കൂടിയാണ് പടിപ്പുരകൾ. വാസ്തുകൽപ്പന ചെയ്യുമ്പോൾ പുറത്തെ ആവൃത്തിയിലാണ് നിശ്ചയിച്ചിരിക്കുന്നത്.

*'മുക്കോൽച്ചെയ്തുണ്ടിരുപ്പുറ മൊരിക്കോൽപ്പതിന്നാൽ വിരൽ കീഴ്*
*വിസ്താരാഢ്യം നട നടുവിലുണ്ടുല്ലസിക്കും കവാടം*
*മത്താവാരേ മകരവദനാലംകൃതം ദ്വാരഗേഹം*
*തത്രോലക്ഷ്യം തദനുമകരേ മന്ദിരം മൽപ്രിയ:'* (പുറം. 104).

ദ്വാരഗേഹം അഥവാ പടിപ്പുരയെ പറ്റിയുള്ള വിവരണം അക്കാലത്ത് ഉപശാലകൾക്ക് നൽകിയിരുന്ന പ്രാധാന്യം വ്യക്തമാക്കുന്നു.

ഇപ്രകാരം മണിപ്രവാള കൃതിയായ ഉണ്ണുനീലിസന്ദേശം സാമൂഹ്യപരിസ്ഥിതിക്ക് അനുയോജ്യമായ ഉത്തമ കൃതിയായി പരിഗണിക്കാം. വിരഹിയായ നായികയ്ക്ക് സന്ദേശം കൈമാറുക എന്നതിലുപരി അക്കാലഘട്ടത്തിലെ മത, സാമൂഹ്യ, സാമ്പത്തിക, ജീവിത രീതികൾ കൂടി മനസ്സിലാക്കാൻ സാധിക്കും. സന്ദേശവാഹകൻ യാത്ര ചെയ്യേണ്ട പ്രധാന സ്ഥലങ്ങളുടെ വർണ്ണനയും വിശ്രമിക്കേണ്ട രാജധാനിയും പരിചയപ്പെടേണ്ട രാജാവിന്റെ പേരും പരാമർശിക്കുന്നുണ്ട്. കേവല സ്ത്രീ സൗന്ദര്യ വർണ്ണനകൾക്കപ്പുറം ഗൃഹനിർമ്മിതിയെപ്പറ്റിയും അക്കാലത്ത് നിലനിന്നിരുന്ന വാസ്തുശില്പചാതുര്യത്തെപ്പറ്റിയും വർണ്ണിക്കുന്നു. പരിചാരകരുടെയും സാധാരണക്കാരുടെയും സംഭാഷണശൈലിയും ജീവിതരീതിയും മനസ്സിലാക്കാം. മണിപ്രവാളഭാഷാപ്രയോഗത്തിലൂടെ രചിക്കപ്പെട്ട കൃതി സംസ്കൃത തമിഴ് പദങ്ങളുടെ സ്വാധീനം ഉൾക്കൊള്ളുന്നു. കേരള ചരിത്രോപാദാന സാമഗ്രി എന്ന നിലയിൽ പതിന്നാലാം നൂറ്റാണ്ടിൽ രചിക്കപ്പെട്ട ഉണ്ണുനീലിസന്ദേശം പ്രാധാന്യമർഹിക്കുന്നു.

## ഗ്രന്ഥസൂചി

1. *ശിവൻ, എ. ബി, 2017, വാസ്തുവിദ്യാ ഗൃഹസംവിധാനം, മഹാത്മാഗാന്ധി സർവകലാശാല, കോട്ടയം.*
2. *ബാലഗോപാൽ റ്റി.എസ്സ് പ്രഭു, 2012, വാസ്തുവിദ്യാദർശനം, വാസ്തുവിദ്യാ പ്രതിഷ്ഠാനം, കോഴിക്കോട്.*
3. *മോഹനാക്ഷൻ നായർ, 2012, വാസ്തുവിദ്യ തത്വവും ചരിത്രവും, മഹാത്മാഗാന്ധി സർവകലാശാല, കോട്ടയം.*
4. *ശ്രീധരമേനോൻ. എ, 2017, കേരള ചരിത്രം, ഡി സി ബുക്സ്, കോട്ടയം.(reprint)*
5. *ശങ്കരൻ നായർ, തേമ്പാട്ട്,1999, ഉണ്ണുനീലിസന്ദേശം(വ്യാഖ്യാനം), കറന്റ് ബുക്സ്, കോട്ടയം.(reprint)*

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

6. *Narayan, M.G.S,2018, Perumals of Kerala, Cosmos Books, Thrissur. (reprint)*
7. *Travancore Archaeological Series, vol1, pp 140-43*
8. *Churuna No 1720, dated 25-8-550 KE, Cetnral Archives, Trivandrum.*

# ഹിരണ്യകശിപു : അലിഗറിയുടെ കലാതന്ത്രം

**ഡോ. കാവ്യ എം.വി**
ഗവേഷക, മലയാളവിഭാഗം, മഹാത്മാഗാന്ധികോളെജ്, തിരുവനന്തപുരം

**പ്രബന്ധസംഗ്രഹം**

ആധുനികതയോടു കൂടി ദാർശനികമായ ചുവടുമാറ്റം സംഭവിച്ച മലയാള നോവലിൽ രാഷ്ട്രീയം, അധികാരം, സ്വാതന്ത്ര്യം, നിയമം, മനുഷ്യാവകാശം തുടങ്ങിയ ആശയങ്ങളെ വിമർശനാത്മകമായി സമീപിക്കാൻ എഴുത്തുകാർ ശ്രമിച്ചു. അതിനായി പുതിയതും പഴയതുമായ നിരവധി ആഖ്യാനതന്ത്രങ്ങൾ സ്വീകരിക്കുകയുണ്ടായി. പ്രകൃതാർത്ഥസൂചനയ്ക്കു വേണ്ടി അപ്രകൃതമായി മറ്റൊന്നു പറയുന്ന 'അന്യാപദേശം' (അലിഗറി) എന്ന രചനാരീതി സ്വീകരിച്ചെ ഴുതിയ നോവലാണ് എൻ.പി.മുഹമ്മദിന്റെ ഹിരണ്യകശിപു. ഈ കൃതിയുടെ ആഖ്യാനപരമായ സവിശേഷതകളും അതിലൂടെ നോവലിസ്റ്റ് മുന്നോട്ടു വയ്ക്കുന്ന രാഷ്ട്രീയദർശനവുമാണ് ഈ പ്രബന്ധത്തിൽ അന്വേഷിക്കുന്നത്.

***താക്കോൽവാക്കുകൾ:*** അലിഗറി, രാഷ്ട്രീയ അന്യാപദേശം, അന്യാപദേശ വിശകലനം, അധികാരം, ഗോഥിക് സാഹിത്യം, ജൈവാധികാരം, നിഗ്രഹ രാഷ്ട്രീയം, ഹത്യാധികാരം

പരിഷ്കൃതമോ അപരിഷ്കൃതമോ ആയ ഏതൊരു സമൂഹത്തെയും നിയന്ത്രിക്കു ന്നതും നയിക്കുന്നതും അവിടുത്തെ രാഷ്ട്രീയ അധികാരവ്യവസ്ഥിതിയാണ്. അധികാരം സൃഷ്ടിക്കുന്ന ആധിപത്യമനോഭാവം ഒരു സാമൂഹ്യവ്യവസ്ഥിതിയുടെ സംവർഗ്ഗങ്ങളെ എങ്ങനെ ബാധിക്കുന്നുവെന്നത് ചരിത്രവും വർത്തമാനകാലസാഹചര്യങ്ങളും നമ്മെ നിരന്തരം ബോധ്യപ്പെടുത്തിക്കൊണ്ടേയിരിക്കുന്നു. സ്വേച്ഛാധിപത്യത്തിന്റെയും അധികാര ഗർവ്വിന്റെയും ആസുരഭാവത്തെ അടയാളപ്പെടുത്തുന്ന എൻ. പി. മുഹമ്മദിന്റെ നോവലാണ് ഹിരണ്യകശിപു. കേരളത്തിൽ സംഭവിച്ച ഒരു രാഷ്ട്രീയപ്രതിസന്ധി പരിഹരിക്കുവാൻ ദേവലോകത്ത് നിന്നുമെത്തുന്ന ഹിരണ്യകശിപു, ശ്രീഹരി, നാരദൻ തുടങ്ങിയവർ മനുഷ്യരായി മാറുകയും കേരളത്തിന്റെ അധികാരം പിടിച്ചെടുക്കുകയും ചെയ്യുന്നു. ജനാധിപത്യം നടപ്പിലാക്കാൻ പുറപ്പെട്ട ഭരണകർത്താക്കൾ ഏകാധിപതിയായി മാറുന്ന

രാഷ്ട്രീയവൈപരീത്യത്തെ പൗരാണികകഥാപാത്രങ്ങളിലൂടെ അന്യാപദേശരീതിയിൽ ആഖ്യാനം ചെയ്യുന്നു.

സ്വസമുദായ പരിഷ്കരണത്തിലൂടെ സാമൂഹികപരിവർത്തനവും അതുവഴി രൂപം കൊള്ളേണ്ട സമഗ്രമായ വികസനവുമാണ് തന്റെ കൃതികളിലൂടെ എൻ.പി.മുഹമ്മദ് ആവിഷ്കരിച്ചത്. എൻ.പി.മുഹമ്മദിന്റെ സാഹിത്യരചനയെ സ്വാധീനിച്ചതിൽ ഗോഥിക് കഥകളുടെ പ്രാധാന്യത്തെ കുറിച്ച് അദ്ദേഹം തന്നെ സൂചിപ്പിച്ചിട്ടുണ്ട്. 'ഈ കഥനസങ്കേതം മനുഷ്യാനുഭവങ്ങൾക്ക് നിറപ്പകിട്ട് നൽകുന്നു. ഇരുളിലാഴ്ന്ന് മനസ്സിന്റെ ഊടുപാതകളിലും പെരുവഴികളിലും എവിടെനിന്നോ പൊഴിക്കുന്ന അജ്ഞാതപ്രകാശം മനുഷ്യമനസ്സിനെ അസാധാരണമായ പ്രകൃതിദൃശ്യം പോലെയാക്കി മാറ്റുന്നു. അദൃശ്യവും അയുക്തവും നിഗൂഢവുമായ ഈ ലോകം നാടകീയമായ ചടുലതയോടെ എന്റെ മുമ്പിൽ നിവർന്നു വരുമ്പോൾ ഈ വശ്യസുന്ദരിയെ തേടി ഞാൻ അനുഗമിക്കുന്നു. ജീവിതപ്പൊരുൾ തേടുന്ന അന്വേഷണപാതയിലൂടെ അലയുന്നു'[1] നിഗൂഢവും ഭയാനകവുമായ ആഖ്യാനത്തിലൂടെ അനുവാചകരെ ഭീതിദമായ ലോകത്തേക്ക് നയിക്കുന്നവയാണ് ഗോഥിക് സാഹിത്യം. അമാനുഷികവും അസംഭവ്യവുമായ സാഹചര്യങ്ങളിലൂടെ മെനഞ്ഞെടുക്കുന്ന കഥനരീതി യാണത്. പൗരാണികവും മതാത്മകവുമായ ഈ സവിശേഷ കഥാകഥനസ്വഭാവത്തിന്റെ സ്വാധീനമാണ് പുരാവൃത്തകഥാപാത്രങ്ങളെ അന്യാപദേശരീതിയിൽ വിന്യസിക്കുന്ന 'ഹിരണ്യകശിപു'വിന്റെ ആഖ്യാനതന്ത്രത്തിൽ പ്രതിഫലിക്കുന്നത്. കുട്ടിക്കാലത്തെ മതപഠനം എൻ.പി. മുഹമ്മദ് എന്ന എഴുത്തുകാരനിൽ ഭയസംഭ്രമങ്ങൾ നിറഞ്ഞ ഒരു ഭാവനാലോകം രൂപപ്പെടുത്തി. തികഞ്ഞ ദേശീയവാദിയായിരുന്ന പിതാവിന്റെ രാഷ്ട്രീയ പ്രവർത്തനങ്ങൾ മാനവികതയിലൂന്നിയ ഒരു പ്രത്യയശാസ്ത്രത്തെ രൂപപ്പെടുത്തുന്ന തിനും കാരണമായി. ഈ സ്വാധീനങ്ങളിൽ നിന്ന് അകറ്റിനിർത്തിക്കൊണ്ടുള്ള വ്യാഖ്യാനം എൻ.പി.മുഹമ്മദിന്റെ ഒരു രചനകളിലും സാധ്യമല്ല. മതം, ദേശം, രാഷ്ട്രീയം എന്നീ വ്യവഹാരങ്ങളിൽ മാനവികതാബോധത്തെ ലയിപ്പിക്കാനുള്ള ഒരു ഉപാധിയായിട്ടാണ് സാഹിത്യത്തെ എൻ.പി.മുഹമ്മദ് കണക്കാക്കിയിരുന്നത്. അന്നത്തെ രാഷ്ട്രീയചർച്ചകളിൽ നിറഞ്ഞു നിന്നിരുന്ന ദേശസ്വാതന്ത്ര്യം, ഫെഡറേഷൻ, വ്യക്തിസത്യാഗ്രഹം, സാമ്രാജ്യ ത്വയുദ്ധം, ദ്വിരാഷ്ട്രവാദം തുടങ്ങിയ ഇന്ത്യൻ രാഷ്ട്രീയപ്രശ്നങ്ങൾ ഹിരണ്യകശിപുവിന്റെ പ്രമേയതലത്തിൽ വിദഗ്ധമായി കൂട്ടിയിണക്കിയിട്ടുണ്ട്.

1960കളിൽ ഇന്ത്യൻ ജനാധിപത്യവ്യവസ്ഥിതി നേരിട്ട രാഷ്ട്രീയ അപചയങ്ങളാണ് ഹിരണ്യകശിപുവിന്റെ രചനയ്ക്ക് തന്നെ സ്വാധീനിച്ചതെന്ന് എൻ.പി.മുഹമ്മദ് വ്യക്ത മാക്കിയിട്ടുണ്ട്. സമകാലരാഷ്ട്രീയവ്യവസ്ഥയിൽ ഏകാധിപതികൾ ജനിക്കുന്നത് ജനാധിപത്യവ്യവസ്ഥിതിയിലൂടെയാണെന്ന വിശ്വാസമാണ് എൻ.പി.യുടേത്. കാലാനു സൃതമായ മാറ്റം ഏതൊരു വ്യവസ്ഥിതിയിലുമെന്നപോലെ ജനാധിപത്യത്തിലും സംഭവിക്കുന്നു. ഈ സാഹചര്യത്തെ ഹിരണ്യകശിപുവിലൂടെ പൂർവ്വദർശനം ചെയ്യുന്നു. ജാതിമതചിന്തകൾക്കതീതമായി കേരളീയ ജനതയുടെ മനസ്സിൽ ആഴ്ന്നിറങ്ങിയ പല അന്ധവിശ്വാസങ്ങളെയും മിത്തുകളെയും കഥാഘടനയോട് ചേർത്തുനിർത്തി വിശകലനം ചെയ്യുന്ന ആഖ്യാനതന്ത്രമാണ് നോവലിസ്റ്റ് സ്വീകരിച്ചിരിക്കുന്നത്. 'സറ്റയർ പുതിയ

ഗവൺമെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

നോവലിന്റെ മറ്റൊരു മുഖമാണ്... ഫാന്റസിയിൽക്കൂടിയാണ് ചിലർ ആക്ഷേപം നടത്തുക; ചിലർ അലിഗറിയിൽക്കൂടി. ചിലർക്ക് ന്യൂജേർണലിസമാണ് ആക്ഷേപത്തിന്റെ മാദ്ധ്യമം.'[2] നോവൽ രചനയെന്ന സർഗ്ഗാത്മകപ്രക്രിയ വിവിധങ്ങളായ അർത്ഥതലങ്ങളെ പ്രകടിപ്പിക്കുംവിധം അനുയോജ്യമായ രചനാതന്ത്രങ്ങളെ ഉപയോഗപ്പെടുത്തണമെന്നുമുള്ള കാഴ്ചപ്പാട് എൻ.പി. മുഹമ്മദിനുണ്ട്. എൻ.പി.യുടെ സർഗ്ഗാത്മകജീവിതത്തിലെ മികവുറ്റ സൃഷ്ടിയായി ഹിരണ്യകശിപു മാറിയതും നോവൽ നിർമ്മിതിയിൽ പാലിച്ചിരിക്കുന്ന അലിഗറിയുടെ കലാതന്ത്രത്തിലൂടെയാണ്.

ഹിരണ്യകശിപു പ്രസിദ്ധീകരിച്ച് എട്ടു വർഷം പിന്നിടുമ്പോഴാണ് ഭാരതം അടിയന്തരാവസ്ഥ നേരിട്ടതെന്ന വസ്തുതയോടുള്ള എൻ.പി.മുഹമ്മദിന്റെ പ്രതികരണം ഇപ്രകാരമാണ്. 'ഹിരണ്യകശിപു എഴുതിയത് ഇന്ത്യൻ ജനാധിപത്യത്തിന് അപചയം സംഭവിക്കുന്നുണ്ടോയെന്നു തോന്നിയ അവസരത്തിലാണ്. അന്ന് അടിയന്തരാവസ്ഥ വരുമോ എന്ന് എനിക്ക് ഊഹിക്കാൻ കഴിഞ്ഞിരുന്നില്ല. കൃതി വന്നു. ശേഷം അടിയന്തരാവസ്ഥയും വന്നു.'[3] സാധാരണ ജനങ്ങളെ അകാരണമായി പീഡിപ്പിക്കുകയും തടവിലാക്കുകയും ചെയ്യുക, നീതിന്യായവ്യവസ്ഥയെ മർദ്ദനോപാധിയാക്കി മാറ്റുക, മനുഷ്യന്റെ നൈസർഗികമായ ചോദനകൾക്കും ആവിഷ്കാരസ്വാതന്ത്ര്യത്തിനും കൂച്ചുവിലങ്ങിടുക തുടങ്ങിയ ജനാധിപത്യലംഘനങ്ങൾ എൻ.പി.മുഹമ്മദ് എന്ന നോവലിസ്റ്റിന്റെ ഭാവനാത്മകമായ അതിശയോക്തികളായിരുന്നില്ല. സമീപഭാവിയിൽ ജനാധിപത്യഭാരതം നേരിട്ട രാഷ്ട്രീയപ്രതിസന്ധികളുടെ കൃത്യമായ പ്രവചനങ്ങളായിരുന്നു. 'അധികം സംസാരം, അല്പം പ്രവൃത്തി' യെന്ന രീതിക്ക് അറുതി വരുത്തുമെന്ന ഹിരണ്യകശിപുവിന്റെ നയത്തെ അടിയന്തരാവസ്ഥയിലെ 'നാവടക്കൂ പണിയെടുക്കൂ' എന്ന മുദ്രാവാക്യത്തോട് ചേർത്തുനിർത്തി വായിക്കാവുന്നതാണ്. 'പണിമുടക്കമല്ല പണിമുറുക്കമാണ്' വേണ്ടതെന്ന ഹിരണ്യകശിപുവിന്റെ ആഹ്വാനവും എൻ.പി.യിലെ ക്രാന്തദർശനത്തിന്റെ തെളിവുകളാണ്. നോവലിൽ സർവ്വാധികാരിയുടെ പ്രതിരൂപമായി മാറുന്ന പ്രൊഫസ്സർ ജയൻ എന്ന ഹിരണ്യകശിപു അധികാരത്തിലെത്തിയ ശേഷം നടപ്പിലാക്കുന്ന നിയമനിയന്ത്രണങ്ങൾക്ക് ചരിത്രപരമായ സാധുത പിൽക്കാല ഇന്ത്യനവസ്ഥയിൽ നിന്നും കണ്ടെത്താനാകും. കമ്മ്യൂണിസ്റ്റ്കോൺഗ്രസ്സ് കക്ഷിരാഷ്ട്രീയത്തിന്റെ പരാജയങ്ങളിൽ നിന്നാണ് കേരളത്തിൽ പുതിയൊരു രാഷ്ട്രീയപാർട്ടി രൂപീകൃതമാകുന്നതെന്ന വാദം നിലവിലെ രാഷ്ട്രീയവ്യവസ്ഥയോടുള്ള എഴുത്തുകാരന്റെ പ്രതിഷേധത്തെ സൂചിപ്പിക്കുന്നു. ജനാധിപത്യത്തിന്റെ കാവൽക്കാരായവർ തന്നെ മർദ്ദകരുമാകുന്ന വൈപരീത്യം നോവലിലൂടെ കൃത്യമായി അന്യാപദേശം ചെയ്യുന്നു.

അടിയന്തരാവസ്ഥയെ അനുകൂലിക്കുന്ന ഗാർഹികാന്തരീക്ഷത്തിൽ വ്യത്യസ്തവും മൗലികവുമായ തന്റെ രാഷ്ട്രീയനിരീക്ഷണങ്ങൾ സർഗ്ഗാത്മകമായി ആവിഷ്ക്കരിക്കുന്നതിനുള്ള ഉപാധി അവയെ അന്യാപദേശരൂപേണ അവതരിപ്പിക്കുകയെന്നതാണ്. ഹിരണ്യകശിപു എന്ന കഥാപാത്രത്തിന്റെ തിരഞ്ഞെടുപ്പിൽത്തന്നെ ചില അന്യാപദേശസൂചനകളുണ്ട്. സർവ്വാധികാരത്തിന്റെയും പ്രജാവിരുദ്ധതയുടെയും പ്രാഗ്രൂപമാണ് ഹിരണ്യകശിപു. ബ്രഹ്മാവിൽ നിന്നും അമരത്വവരം നേടിയ അയാൾ അധർമ്മത്തിന്റെ

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

മൂർത്തിയായി അവതരിക്കുന്നു. തന്റെ സഹോദരനായ ഹിരണ്യാക്ഷനെ വധിച്ച വിഷ്ണു വിനോടുള്ള പകമൂലം ദേവലോകം കീഴടക്കി ദേവഗണങ്ങളെ സ്ഥാനഭ്രഷ്ടരാക്കുന്നു. വിഷ്ണുപൂജയ്ക്കു പകരം തന്റെ നാമം ജപമാക്കി മാറ്റണമെന്ന ശാഠ്യം ജനതയുടെ അടിസ്ഥാനപരമായ വിശ്വാസങ്ങൾക്കുമേൽ നൽകിയ പ്രഹരമായി മാറി. തന്നെ ഭജിക്കാത്തവരെ വധശിക്ഷയ്ക്ക് വിധേയരാക്കിക്കൊണ്ട് അധികാരത്തെ കൂടുതൽ ഹിംസാത്മകമായി അയാൾ പ്രയോഗിച്ചു. മഹാവിഷ്ണുവിനോടുള്ള വിരോധത്തെ തന്റെ രാഷ്ട്രീയശക്തി ഉപയോഗിച്ച് പ്രതിരോധിച്ചു. ഒടുവിൽ ഈ അസുരചക്രവർത്തിയെ വിഷ്ണു കൊല്ലുന്നു എന്നാണ് പുരാണം. മാനവികതയും നീതിബോധവും തന്റെ രാഷ്ട്രീയമായിക്കരുതിയ ജനാധിപത്യവാദിയുടെ പ്രതിരൂപമാണ് വിഷ്ണുഭക്തനായ പ്രഹ്ളാദൻ. നന്മതിന്മകളുടെ സംഘട്ടനത്തിലൂടെ ധർമ്മം നടപ്പിലാക്കപ്പെടുന്ന സാമൂഹ്യ നീതി ഹിരണ്യകശിപുവിന്റെ മകനായ പ്രഹ്ളാദനിലൂടെയാണ് സാക്ഷാത്കരിക്കപ്പെടു ന്നത്. സാമൂഹികപരിഷ്കരണം ലക്ഷ്യമാക്കി ശക്തമായ രാഷ്ട്രീയനിലപാടുകൾ സർഗ്ഗാത്മകമായി അവതരിപ്പിക്കുന്നതിനുള്ള മാധ്യമമെന്ന നിലയിലാണ് സാഹിത്യ രചനയെ എൻ.പി. മുഹമ്മദ് സമീപിച്ചിരുന്നത്. കുടുംബപരമായി ദേശീയപ്രസ്ഥാനത്തിന്റെ ഭാഗമായിരിക്കെത്തന്നെ അതിനോടുള്ള അനുഭാവവും വിയോജിപ്പുകളും സത്യസന്ധ മായി പ്രകടിപ്പിക്കുന്ന സാഹിത്യരാഷ്ട്രീയ ദർശനമായിരുന്നു അദ്ദേഹത്തിന്റേത്. ഗാർഹിക പശ്ചാത്തലത്തിൽ പിന്തുടർന്നിരുന്ന രാഷ്ട്രീയവാദങ്ങളെ അന്ധമായി പിന്തുടരുകയല്ല താൻ ചെയ്യുന്നതെന്ന് എൻ.പി.യുടെ രാഷ്ട്രീയലേഖനങ്ങളും നോവലുകളും സാക്ഷ്യ പ്പെടുത്തുന്നു. നോവലുമായി ബന്ധപ്പെട്ട ഈ രാഷ്ട്രീയദർശനമാകട്ടെ മതേതരമൂല്യങ്ങളിൽ വേരുറപ്പിച്ചിരിക്കുന്നു. ഏകാധിപത്യത്തോട് സമരസപ്പെടാത്തിടത്ത് അതിന്റെ വിച്ഛേദനം കൃത്യമായി അടയാളപ്പെടുത്തുവാൻ അദ്ദേഹം ബദ്ധശ്രദ്ധനായിരുന്നു. ഹിരണ്യകശിപു എന്ന മിത്തിനെ അന്യാപദേശ രൂപേണ അവതരിപ്പിക്കുക വഴി എഴുത്തുകാരനെന്ന നിലയിലും രാഷ്ട്രീയചിന്തകനെന്ന നിലയിലുമുള്ള ആത്മാവിഷ്കരണം തന്നെയായിരുന്നു അദ്ദേഹത്തിന്റെ രചനാലക്ഷ്യം.

സ്വേച്ഛാധിപത്യത്തിന്റെ ക്രൗര്യത്തെ ഹിരണ്യകശിപു അടയാളപ്പെടുത്തുമ്പോഴും മാനവികതയിലും നീതിയിലുമധിഷ്ഠിതമായ ഭാവിയെക്കുറിച്ചുള്ള ശുഭാപ്തിവിശ്വാസമായി പ്രഹ്ളാദൻ മറുപക്ഷത്ത് നിലനിൽക്കുന്നു. ഒരേസമയം അധികാരവ്യവസ്ഥിതിയുടെ ശാക്തീകരണവും അനിശ്ചിതത്വവും പൗരാണികമായ മിത്തിലൂടെ അവതരിപ്പിക്കപ്പെടുന്നു. അധികാരത്തിന്റെ ഇരുണ്ടവശങ്ങൾ സാമാന്യജനങ്ങളിൽ നിന്നും ഏറെ അകന്നു നിൽക്കുന്നുവെന്നതാണ് അവയ്ക്ക് മിത്തുകളുടെ സ്വഭാവം നൽകാൻ എഴുത്തുകാരനെ പ്രേരിപ്പിക്കുന്നത്. 'സംസ്കാരത്തിന്റെ കേന്ദ്രബിന്ദു ഇതിഹാസ കഥാപാത്രങ്ങളാണ്. ഇവർ ലക്ഷ്യമാക്കിയത് ധർമ്മനീതിയാണ്. ഓരോ മതത്തിന്റെയും ധർമ്മനീതിയുടെ പ്രകാശന ത്തിൽ ഭിന്നതയുണ്ടാകുമെങ്കിലും അത് ഉപരിതലത്തിലുള്ളവയാണ്. സാരാംശത്തിൽ സത്യം, കാരുണ്യം, സ്നേഹം തുടങ്ങിയ മൂല്യങ്ങളാണ്. ഹ്യൂമനിസമാണ് അവയുടെ കാതൽ. സെക്യുലർ സമൂഹസംവിധാനത്തിന് ഈ വികാസം അത്യന്താപേക്ഷിതമാണ്.'[4] സാമൂഹികയാഥാർഥ്യങ്ങളെ മിത്തുകളുടെ പരിവേഷത്തോടെ അവതരിപ്പിക്കുന്ന ഭാരതീയ

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

രചനാപാരമ്പര്യമാണ് എൻ.പി. മുഹമ്മദിൽ കാണാനാകുന്നത്. പുരാണേതിഹാസങ്ങളും മിത്തുകളും എൻ.പി.മുഹമ്മദിന്റെ നോവലെഴുത്തിനെ വളരെയേറെ സ്വാധീനിച്ചിട്ടുണ്ട്. 'ഇളംകാതുകളിൽ കേൾക്കുന്ന നന്മതിന്മകളുടെ സംഘർഷത്തിന്റെ അത്ഭുതകഥകൾ, മിത്തുകൾ നമ്മുടെ മനസ്സിൽ മയങ്ങിക്കിടക്കുന്നു. ഇതാണ് യുങ് വിശദമാക്കുന്ന സംയുക്തമായ അബോധതലം. അബോധതലത്തിലാണെങ്കിലും സംസ്കൃതമനുഷ്യൻ മിത്തുകളിൽനിന്ന് രൂപംകൊണ്ട ചരിത്രാതീതകാലത്തെ വിജ്ഞാനമേഖലകൾ സംരക്ഷിക്കുന്നു.'[5] സ്വാഭാവികമായ ആവിഷ്കാരത്തിന് അഭൗമമായ ഒരു താളം സൃഷ്ടിക്കാൻ മിത്തുകളിലെ കലാപരമായ ഔന്നിത്യത്തിന് കഴിയുന്നു. നന്മതിന്മകളുടെ സംഘട്ടനങ്ങളെ പ്രതീകവൽക്കരിക്കാനും കാലാതീതമായ ആശയങ്ങളെ അവതരിപ്പിക്കുവാനും മിത്തുകളുടെ പ്രതീകാത്മക ഘടനയ്ക്ക് സാധ്യമാകുന്നു. എഴുത്തുകാർ സ്വയം മിത്ത് നിർമ്മാതാക്കളായി മാറുന്നുവെന്നാണ് എൻ.പി.മുഹമ്മദ് നിരീക്ഷിക്കുന്നത്. ഇത്തരത്തിൽ ഹൈന്ദവ പുരാണത്തിൽ നിന്നുള്ള ഒരു മിത്തിനെ മൗലികസുന്ദരമായി പുനഃസൃഷ്ടിച്ചുകൊണ്ട് ആഴമേറിയ രാഷ്ട്രീയപരിഹാസം ഹിരണ്യകശിപുവിലുടനീളം നിലനിർത്തുന്നു.

അടിയന്തരാവസ്ഥയെ പ്രവചനാധിഷ്ഠിതമായി ആവിഷ്ക്കരിച്ചുവെന്നത് മാത്രമല്ല ഹിരണ്യകശിപുവിന്റെ പ്രാധാന്യം. സമീപഭാവിയിൽ സംഭവിക്കാവുന്ന വ്യാവസായിക മേഖലയുടെയും വിവരസാങ്കേതികവിദ്യയുടെയും വളർച്ചയെ പൂർവ്വദർശനം ചെയ്ത എഴുത്തുകാരന്റെ ശാസ്ത്രബോധവും എടുത്തുപറയേണ്ടതുണ്ട്. 'ആഖ്യാനം രൂപപ്പെടുന്ന കാലത്തുള്ള സമൂഹത്തിന്റെ ഉള്ളഴുത്തിനേക്കാൾ ഭാവിയിലെ അസ്ഥിരതയിൽ ഊന്നുന്ന ഫിക്ഷന്റെ വകഭേദമായി ഈ നോവലിനെ കാണാം. ജാതിരാഷ്ട്രീയവും മതവെറിയും തീവ്രദേശീയ വികാരവും ഈ നൂറ്റാണ്ട് ആവുമ്പോഴേക്കും എത്രകണ്ട് വളരുമെന്ന് നോവൽ എഴുതുമ്പോൾ എഴുത്തുകാരൻ കരുതിക്കാണില്ല.'[6] വ്യാവസായികവൽക്കരണവും യന്ത്രവൽക്കരണവും സാമൂഹികജീവിതത്തിന്റെ വൈകാരികതലങ്ങളെ പരിമിതപ്പെടുത്തുന്നുവെന്ന വീക്ഷണം നോവലിസ്റ്റിൽ ശക്തമാണ്. വ്യാവസായികപുരോഗതി ഏകാധിപത്യത്തെ വളർത്തുന്നുവെന്ന സൂചന ഹിരണ്യകശിപുവിലൂടെ നോവലിസ്റ്റ് അവതരിപ്പിക്കുന്നുണ്ട്. മനുഷ്യനെ സംഹരിക്കുന്ന മരുന്നുകൾ നിർമ്മിച്ച് കുട്ടികളെയും വൃദ്ധരെയും കൊല്ലുക, മനുഷ്യവധം നടപ്പിലാക്കുന്നവർക്ക് വധശ്രീ, വധഭൂഷൺ, വധപ്രമുഖ് തുടങ്ങിയ ബഹുമതികൾ നൽകുക, പത്രത്തിലൂടെയും ടെലിവിഷനിലൂടെയും ഭരണവർഗ്ഗത്തെ വെള്ളപൂശി കപടജനാധിപത്യം നടപ്പിലാക്കുക തുടങ്ങിയ ഭാവനാത്മകമായ നോവൽ സന്ദർഭങ്ങൾ ഏകാധിപതികൾ ജനങ്ങൾക്കുമേൽ 'ജൈവാധികാരം' പ്രയോഗിക്കുന്നുവെന്നതിന്റെ കൃത്യമായ സൂചനകളിലേക്ക് വിരൽചൂണ്ടുന്നു. തിരഞ്ഞെടുക്കപ്പെട്ട ഒരു ഭരണാധികാരി രാഷ്ട്രീയമോ സാമൂഹികമോ സാമ്പത്തികമോ ആയ നേട്ടങ്ങൾക്കു വേണ്ടി തന്റെ ജനങ്ങളെ കൊല്ലുന്നതിനുള്ള പരമാധികാരിയാകുന്ന നിഗ്രഹരാഷ്ട്രീയ (Necropolitics) സാഹചര്യത്തെയും ഹത്യാധികാര(Necropower)ത്തെയും ഹിരണ്യകശിപുവിലൂടെ എൻ.പി.മുഹമ്മദ് ദീർഘദർശനം ചെയ്യുന്നു. വാർത്താവിനിമയോപാധികൾ ടെലിവിഷൻ, വാർത്താവിതരണ യന്ത്രങ്ങൾ, സെക്യൂരിറ്റി ചെക്കിങ് തുടങ്ങിയ സാങ്കേതിക വിദ്യകൾ സാമൂഹിക രാഷ്ട്രീയ സാഹചര്യങ്ങളിൽ ചെലുത്തുന്ന സ്വാധീനത്തെ 1960കളിൽ എഴുതപ്പെട്ട നോവലിൽ കൃത്യമായി സൂചിപ്പിച്ചു എന്നത് സ്തുത്യർഹമാണ്. വ്യക്തി

ഗവൺമെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

ജീവിതത്തിന്റെ സ്വകാര്യതയ്ക്ക് സാങ്കേതികവിദ്യകൾ വെല്ലുവിളിയാകുന്നതും അസത്യ പ്രചരണങ്ങളിലൂടെ വ്യക്തിഹത്യ നടത്തുന്നതും സ്വന്തം രാഷ്ട്രീയപ്പാർട്ടിക്കുള്ളിൽ രക്ത സാക്ഷികളെയുണ്ടാക്കി സഹതാപതരംഗങ്ങൾ സൃഷ്ടിക്കുന്നതും കൃത്രിമമായ വ്യക്തി പ്രഭാവം സൃഷ്ടിച്ചുകൊണ്ട് സാമാന്യജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന രാഷ്ട്രീയപ്രവർത്ത കരുമെല്ലാം ഈ നിഗ്രഹാരാഷ്ട്രീയത്തെയാണ് പ്രതിനിധീകരിക്കുന്നത്.

മനുഷ്യന്റെ സ്വതന്ത്രമായ അസ്തിത്വത്തെ സംബന്ധിച്ചും മനുഷ്യരിലെ വ്യത്യസ്തമായ രാഷ്ട്രീയബോധത്തെ സംബന്ധിച്ചും ഇന്ത്യൻ ദേശീയതയുടെ വൈവിദ്ധ്യാത്മകതയെ കുറിച്ചും എൻ.പി.മുഹമ്മദ് ബോധവാനാണ്. ഇതേ സാമൂഹികബോധത്തിനോടൊപ്പം തന്നെ കലാസാഹിത്യാദികൾ കൃത്യമായ സൗന്ദര്യദർശനം പുലർത്തണമെന്നുമുള്ള വീക്ഷണവും എൻ.പി.യിലുണ്ട്. ഒരു മഹത്തായ നോവൽ ധ്വന്യാത്മകസ്വഭാവം കൈ വരിച്ചിരിക്കണമെന്ന തത്ത്വത്തെ മുന്നോട്ടു വയ്ക്കുന്ന എൻ. പി. അലിഗറിയെ തന്റെ നോവലിന്റെ ഒരു പ്രധാനപ്പെട്ട രചനാതന്ത്രമായി തിരഞ്ഞെടുത്തിരിക്കുന്നു. ഹിരണ്യ കശിപുവും പ്രഹ്ളാദനും കേവലം പൗരാണിക കഥാപാത്രങ്ങളല്ല. അവരുടെ ചാക്രികമായ ആവർത്തനമാണ് നമ്മുടെ രാഷ്ട്രീയ സാമൂഹ്യവ്യവസ്ഥിതിയിൽ സംഭവിക്കുന്നത്. ഭരണപക്ഷവും പ്രതിപക്ഷവുമെന്നപോലെ ഹിരണ്യകശിപു തിരഞ്ഞെടുക്കപ്പെടുന്നിടത്ത് പ്രഹ്ളാദനും പിറവിയെടുക്കുന്നു. ആഖ്യാനതലത്തിൽ രാഷ്ട്രീയ അന്യാപദേശവും പുരാവൃത്തസ്വീകരണവും കൊണ്ട് മൗലികമായ ഈ കൃതി ഏകാധിപത്യപ്രവണത കളെയും ജനാധിപത്യലംഘനത്തെയും സംബന്ധിച്ച എഴുത്തുകാരന്റെ പ്രതിജ്ഞാബദ്ധത യുടെ ശക്തമായ വെളിപ്പെടുത്തലാണ്. വായനയിലൂടെയും പുനർവായനയിലൂടെയും അധികാരത്തിന്റെ അദൃശ്യതലങ്ങൾ അന്യാപദേശം ചെയ്യുന്ന ഹിരണ്യകശിപു നിഗ്രഹ രാഷ്ട്രീയത്തിന്റെ സമകാലങ്ങളെ അടയാളപ്പെടുത്തിക്കൊണ്ടേയിരിക്കുന്നു.

## കുറിപ്പുകൾ

1. *എൻ. പി. മുഹമ്മദ് (മുൻകുറിപ്പ്), എൻ. പി.യുടെ തിരഞ്ഞെടുത്ത ലേഖനങ്ങൾ*
2. *തരകൻ കെ.എം.പ്രൊഫ., മലയാള നോവൽ സാഹിത്യ ചരിത്രം, പുറം. 284*
3. *മഹമ്മദലി പി. സഫലമീയാത്ര, എൻ പി മുഹമ്മദുമായുള്ള അഭിമുഖം, സാംസ്കാരിക വികാരം മാസിക, പുറം. 21*
4. *എൻ. പി. മുഹമ്മദ്, എൻ. പി. യുടെ തെരഞ്ഞെടുത്ത ലേഖനങ്ങൾ, ഇന്ത്യയുടെ സെക്യുലറിസം: ഒരു ശാസ്ത്രീയാന്വേഷണം പുറം. 203*
5. *എൻ. പി. മുഹമ്മദ്, എൻ.പി.യുടെ തെരെഞ്ഞെടുത്ത ലേഖനങ്ങൾ, മഹത്തായ നോവൽ പുറം. 38.*
6. *രാഹുൽ രാധാകൃഷ്ണൻ, അധികാരത്തിന്റെ നിഗൂഢമായ കളിയരങ്ങ്, മാധ്യമം ആഴ്ചപ്പതിപ്പ്, 2022 നവംബർ 21-28, പുറം. 71*

ഗവൺമെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

## ഗ്രന്ഥസൂചി


1. കൽപ്പറ്റ ബാലകൃഷ്ണൻ ഡോ., മലയാളസാഹിത്യ ചരിത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2005
2. കുമാരൻ യു.കെ. (എഡി.), എൻ. പി. യുടെ തെരഞ്ഞെടുത്ത ലേഖനങ്ങൾ, കേരള സാഹിത്യ അക്കാദമി, 2006
3. തരകൻ കെ.എം.പ്രൊഫ., മലയാള നോവൽസാഹിത്യചരിത്രം, കേരള സാഹിത്യ അക്കാദമി, തൃശൂർ, 2005
4. മുഹമ്മദ് എൻ. പി. കവിതകൾ വാരിയെല്ലുകൾ, കറന്റ് ബുക്സ്, തൃശൂർ, 1969
5. മുഹമ്മദ് എൻ. പി., ഹിരണ്യകശിപു, ഡി. സി.ബുക്സ്, കോട്ടയം, 2014
6. വാസുദേവൻപിള്ള എ.എം, നോവലും രാഷ്ട്രീയവും, കേരള സാഹിത്യ അക്കാദമി, തൃശൂർ, 2015
7. https://wtplive.in/Special-Stories/tts-reekumar-about-post-human-contexts-3-1665

# ചരിത്രത്തിന്റെ പുനർനിർമ്മിതിയും ചരിത്രനിർമ്മിതിയിലെ തമസ്കരണങ്ങളും 'ഇരു'വിനെ ആസ്പദമാക്കിയുള്ള പഠനം

**ഡോ. ബീന കെ.**
അസി. പ്രൊഫസർ, മലയാളവിഭാഗം, ഗവ. കോളെജ്, നെടുമങ്ങാട്

**പ്രബന്ധസംഗ്രഹം**

ചരിത്രസ്രോതസ്സുകളുപയോഗിച്ചുകൊണ്ട് ഭൂതകാലത്തെക്കുറിച്ച് നടത്തുന്ന അന്വേഷണങ്ങളിൽ നിന്നുരുത്തിരിയുന്ന അറിവുകളുടെ രേഖപ്പെടുത്തലുകളാണ് ചരിത്രം. തെളിവുകൾകൊണ്ട് സാധൂകരിക്കപ്പെടുമ്പോഴും മിക്കചരിത്രങ്ങളും അപൂർണ്ണവും നിഗൂഢാത്മകവുമായിരിക്കും. നിലനിൽക്കുന്ന സാമൂഹ്യരാഷ്ട്രീയ വ്യവസ്ഥിതി ചരിത്രരചനകളിൽ സ്വാധീനം ചെലുത്തുകയും വ്യത്യസ്ത വ്യാഖ്യാനങ്ങൾ ചരിത്രം ഉല്പാദിപ്പിക്കുകയും ചെയ്യാറുണ്ട്. ചിലപ്പോഴൊക്കെ മുഖ്യധാരാചരിത്രങ്ങൾക്ക് സാധ്യമാകാത്ത ചരിത്ര ആഖ്യാനങ്ങളെ പൂരിപ്പിക്കാനും വ്യാഖ്യാനിക്കാനും സാഹിത്യകൃതികളുടെ ചരിത്രപാഠങ്ങൾക്ക് കഴിയുന്നു. ചരിത്രത്തിന്റെ ആഖ്യാനവും ചരിത്രരചനകളുടെ ആഖ്യാനവും സാഹിത്യകൃതികളിലൂടെ പുനർനിർമ്മിക്കപ്പെടുകയും അപനിർമ്മാണം നടത്തപ്പെടുകയും ചെയ്യുന്നുണ്ട്. സാഹിത്യകൃതികളിലോ ഔദ്യോഗിക രേഖകളിലോ മുഖ്യധാരാചരിത്രരചനകളിലോ പ്രതിനിധാനം ചെയ്യപ്പെടാതെ പോയ ചരിത്രത്തെ, ചരിത്രനോവലിന്റെ ആഖ്യാനരീതിശാസ്ത്രം ഉപയോഗിച്ചുകൊണ്ട് വി. ഷിനിലാൽ രചിച്ച നോവലായ 'ഇരു' വിന്റെ ചരിത്രപരവും ആഖ്യാനപരവുമായ സവിശേഷതകൾ വിശദീകരിക്കുന്നു. കൂടാതെ ഇരു എന്ന നോവൽ ചരിത്രത്തിന്റെ പുനർനിർമ്മിതിയായി മാറുന്നതെങ്ങനെയെന്നും പ്രബന്ധം അന്വേഷിക്കുന്നു. നവചരിത്രവാദത്തിന്റെ സിദ്ധാന്തങ്ങളെയും ചരിത്രപഠന രീതിശാസ്ത്രത്തെയും ആശയരൂപീകരണത്തിനും പഠനത്തിനുമായി ഉപയോഗിച്ചിട്ടുണ്ട്.

***താക്കോൽവാക്കുകൾ:*** ചരിത്രപുനർനിർമ്മിതി, തമസ്കരണം, ആഖ്യാനം, നവചരിത്രവാദം, കീഴാളത്തം, വംശീയചരിത്രം, അപനിർമ്മാണം.

ചരിത്രരേഖകളിൽ തമസ്കരിക്കപ്പെട്ടുപോയ ചരിത്രമാണ് 'ഇരു' എന്ന നോവൽ ആഖ്യാനം ചെയ്യുന്നത്. ചരിത്രത്തിൽ നിന്നും പുറത്താക്കപ്പെട്ടവരുടെ ചരിത്രമാണത്. തെക്കൻ തിരുവിതാംകൂറിലെ ആദിമജനതയായ കാണിക്കാരുടെയും, വേടരുടെയും ജീവിതവും സംസ്കാരവും തിരുവിതാംകൂർരാജവംശചരിത്രവുമായി ബന്ധിപ്പിച്ചു കൊണ്ടാണ് നോവലിന്റെ ഇതിവൃത്തം രൂപപ്പെടുത്തിയിട്ടുള്ളത്. ചരിത്രവും ഭാവനയും മിത്തും യാഥാർത്ഥ്യവും സമന്വയിപ്പിച്ച് നിർമ്മിച്ചെടുത്ത ഭാവനാത്മകമായ ആഖ്യാന മാണിത്. സി.വി.യുടെ ചരിത്രാഖ്യായികയായ 'മാർത്താണ്ഡവർമ്മ'യിൽ തനിക്കായി ഒഴിച്ചിട്ടിരുന്ന ഭാഗമാണ് താൻ പൂരിപ്പിക്കാൻ ശ്രമിച്ചതെന്ന് നോവലിസ്റ്റ് ആമുഖത്തിൽ പറയുന്നുണ്ട്. 'ചാരോട്ട് കൊട്ടാരത്തിൽ വിശ്രമിക്കുകയായിരുന്ന അയാളെ തമ്പിമാരുടെ വിശ്വസ്ത അനുചരനായ വേലുക്കുറുപ്പും പടയാളികളും കൂടി ആക്രമിക്കുന്നു. അയാൾ കാടുമേടുകളിലൂടെ ഓടി രക്ഷപ്പെടുന്നു. വഴിയിൽ ഒരു ചാന്നാൻ അയാളെ അമ്മച്ചി പ്ലാവിന്റെ പോടിനകത്ത് കയറി ഒളിക്കാൻ സഹായിക്കുന്നു. അതിനുശേഷമുള്ള ദിവസ ങ്ങളാണ് മഹാനായ സി.വി. എനിക്കായി ഒഴിച്ചിട്ടിരിക്കുന്നത്.[1]

സി.വിയുടെ മാർത്താണ്ഡവർമ്മയിൽ 'അടിയൻ ലച്ചിപ്പോം' എന്ന് പറഞ്ഞ് വഴിതടയുന്ന കഥാപാത്ര (ഭ്രാന്തൻ ചാന്നാൻ)മാണ് 'ഇരു'വിലെ മുത്തൻകാണി എന്ന കാണിക്കാരൻ. മുത്തൻകാണിയുടെ നേതൃത്വത്തിൽ മുപ്പതോളം വരുന്ന കാണിക്കാർ വേലുക്കുറുപ്പിനെയും പടയാളികളെയും പോരാട്ടത്തിൽ തോൽപ്പിച്ചത് മുതൽക്കുള്ള സംഭവങ്ങളാണ് രാജവംശചരിത്രവുമായി ബന്ധപ്പെടുത്തി 'ഇരു' ആഖ്യാനം ചെയ്യുന്നത്. മാർത്താണ്ഡ വർമ്മയെ ഒരു ചാണകവണ്ടിയിൽ കയറ്റി ഒളിപ്പിച്ച് കാണിക്കാരുടെ ഊരിൽ എത്തിക്കുന്നു. മുത്തൻകാണിക്ക് 'പടനായകമുത്തൻ' എന്ന് മാർത്താണ്ഡവർമ്മ പേര് നൽകുന്നു. ഊര്മൂപ്പൻ വേലൻകാണിയുടെ വാക്കുകളിൽ ആ ആദിമജനതയുടെ ജീവിതവീക്ഷണ ങ്ങളും സംസ്കാരവും ഉൾച്ചേർന്നുകിടക്കുന്നു. 'നാട്ടരയനും കാട്ടരയനും ഒരമ്മിടി പെറ്റ മക്കൾ, നാട്ടരയന് കഷ്ടം വന്നാൽ തുണ കൊടുക്കേണ്ടത് കടമ'[2]. മാർത്താണ്ഡവർമ്മയ്ക്ക് ഊര്മൂപ്പൻകൊടുക്കുന്ന വാക്ക് ഒരു വംശത്തിന്റെ ആത്മവിശ്വാസവും വീര്യവും മുഴുവൻ ഉൾക്കൊള്ളുന്നതാണ്. 'എളരാശാവ് തമ്പുരാൻ, ഒന്നിനാലും പേടിക്കണ്ട, നീങ്ക നാങ്കളുക്ക് ഒടേപ്പെറപ്പ് മാതിരി. കടലരയൻ, നാട്ടരയൻ, മലയരയൻ എന്ന് മൂന്നായി പിരിഞ്ചാലും ആപത്ത് കാലത്ത് നാങ്ക തുണ തരും'. കാണിക്കാരെ പെറ്റ അഗത്തിയാര് മുനിയാണെ ചത്തിയം'[3] പൊതിയൻമലയിലെ അപ്പിൽ (ഗുഹ)കൊണ്ടുപോയി സുരക്ഷിതമായി പാർപ്പിച്ചു. അമ്പതുപേർക്ക് വിരിവച്ച് കിടക്കാൻ തക്കവലിപ്പമുള്ള ഒരു ഗുഹയാണത്. വട്ടികളിൽ തിനമാവും മുളങ്കുറ്റികളിൽ തേനും കരുതി വച്ച് ആ ആദിമനിവാസികൾ മാർത്താണ്ഡവർമ്മയെ പരിപാലിച്ച് കാവൽ നിന്നു.

മുഗൾരാജവംശത്തിന്റെ മുദ്രയുള്ള കഠാരിയും കൈവശം വച്ച് യാത്ര ചെയ്തിരുന്ന എറവങ്കോട് എലപ്പ (ഇറവങ്കോട് ലബ്ബ) എന്ന വ്യക്തി മാർത്താണ്ഡവർമ്മയിലെ ഹക്കിം ഖാൻ എന്ന വർത്തകപ്രമാണിയുടെ സഹോദരനായി നോവലിൽ കല്പിക്കപ്പെടുന്ന കഥാപാത്രമാണ്. സൂഫിയായും ജ്ഞാനിയായും ദിവ്യദൃഷ്ടിയുള്ളവനായും പ്രവാചക

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

നായും ഒക്കെ അവതരിപ്പിക്കപ്പെടുന്ന കഥാപാത്രമാണ് ലബ്ബ. പൊതിയൻമലയിലെ അപ്പിൽ വന്ന് ലബ്ബ മാർത്താണ്ഡവർമ്മയെ കാണുകയും രാഷ്ട്രകാര്യങ്ങളെപ്പറ്റി സംസാരിക്കുകയും ചെയ്യുന്നു. രാമവർമ്മ മഹാരാജാവ് അന്തരിച്ചാൽ മക്കളല്ലേ രാജാവാകേണ്ടതെന്നും മുഗൾ വംശത്തിലും പാണ്ഡ്യരിലും അതാണ് വഴക്കമെന്നും ലബ്ബ പറയുന്നു. എന്നാൽ തിരുവിതാംകൂറിൽ മരുമക്കത്തായമനുസരിച്ച് മാർത്താണ്ഡവർമ്മയാണ് അടുത്തരാജാവെന്ന് ലബ്ബ മനസ്സിലാക്കുന്നു. വേണാട്ടിലും ആദിവാസി ഊരിലും 'ചേഴാറ'(അനന്തരവൻ)നാണ് പിൻതുടർച്ച എന്ന് വേലൻകാണിയും പറയുന്നു. നിലനിന്ന ദായക്രമങ്ങൾ രാഷ്ട്രീയഘടനയെയും സാമൂഹ്യഘടനയെയും കൃത്യമായി നിർണ്ണയിച്ചിരുന്നുവെന്ന് നോവൽ വ്യക്തമാക്കുന്നുണ്ട്. പിൻതുടർച്ചാവകാശത്തർക്കങ്ങളാണ് തിരുവിതാംകൂറിൽ രാമവർമ്മയുടെ മക്കളായ തമ്പിമാരുടെ കൊലപാതകത്തിൽ കലാശിക്കുന്നത്. സൈന്യത്താൽ പപ്പുത്തമ്പിയും മാർത്താണ്ഡവർമ്മയാൽ രാമൻതമ്പിയും കൊലചെയ്യപ്പെടുകയും മരുമക്കത്തായത്തിന്റെ തുടർച്ച തിരുവിതാംകൂർ നിലനിർത്തുകയും ചെയ്യുന്നു.

മുഖ്യധാരാചരിത്രവും ഔദ്യോഗികരേഖകളും തമസ്കരിച്ച ചരിത്രമാണ് കാണിക്കാരുടെയും വേടരുടെയും ചരിത്രം. മാർത്താണ്ഡവർമ്മ കാണിക്കാരുടെ ഊരിൽ എത്തിച്ചേർന്ന ചരിത്രം ലബ്ബയോട് വിശദീകരിക്കുന്നു. തുടർന്ന് മുത്തൻകാണി താൻ ഭ്രാന്തനായി അഭിനയിച്ച (ഭ്രാന്തൻ ചാന്നാൻ) കഥ ലബ്ബയ്ക്ക് പറഞ്ഞുകൊടുക്കുന്നു: 'തമ്പിരാൻ പറഞ്ച ആ പ്രാന്തൻ ഏനാരുന്നു. നാൻ ഒറ്റയല്ല. നാങ്ക മുപ്പത്പേരുണ്ടാരുന്നു. കോൽക്കാരിൽ പ്രമാണി ചോദിച്ചു 'എടാ പയലേ, ഈ വഴിയേ രണ്ടുപേർ ഓടുന്നത് കണ്ടോടാ. അയാൾ ഒന്നു ഞെട്ടി എന്നിട്ട് വീണ്ടും കോപത്തോടെ പറഞ്ഞു. എടാ ഭ്രാന്താ ചോദിക്കുന്നതിന് ഉത്തരം പറയാണ്ടു ഭൂതം പോലെ നിന്ന് തുള്ളിയാൽ അനുഭവം ചെള്ളയിലാണ്. മറ്റൊരു പാട്ടായിരുന്നു എന്റെ ഉത്തരം. വേളിമലയിലെ പോവാതുങ്കോ .. 'തീ കോരിച്ചൊരികിറ പൂതമുണ്ടേ' . എന്ന് പാടി ചുവടുകൾ വച്ചു. കുന്തക്കാരുടെ ഉന്നം മാറ്റലായിരുന്നു എന്റെ ഉന്നം'. ഏൻ ഭ്രാന്തനെപ്പോലെ നിന്ന് തത്തിക്കളിച്ചു. ഏൻ പൊട്ടിച്ചിരിച്ച്. അതുകണ്ട് കലി കയറിയ പെരിയോൻ എന്നെ കാലൊയർത്തി ചവുട്ടി. അപ്പത്തന്നെ വെസം പെരട്ടിയ മുപ്പത് അമ്പുകൾ വന്ന് മുപ്പത് കുന്തക്കാര കൂമ്പില് വീണ് പതിച്ച്. മുപ്പതെണ്ണവും ചത്തുവീണ്. ബാക്കിയൊള്ളവര് പേയ് പേയ് എന്ന് നെലവിളിച്ചോണ്ട് ഓടി രച്ചപ്പെട്ട്'[4] അവിടുന്ന് രക്ഷപ്പെടാൻ നോക്കിയ മാർത്താണ്ഡവർമ്മയെ കാട്ടുവള്ളികൊണ്ട് കെട്ടി ചുമന്ന് ഊരിലെത്തിച്ച്, ചാണകവണ്ടിയിൽ ഒളിപ്പിച്ചിരുത്തി അമ്പൂരി ഊരിൽ കൊണ്ടെത്തിച്ചു. അവിടന്ന് കുതിരപ്പുറത്ത് കയറ്റിയും നടത്തിയും ഉരമലക്കുന്നിലും അവിടുന്ന് നാച്ചിയാര് മൊട്ടയിലും എത്തിച്ച കഥ മുത്തൻകാണി വിസ്തരിച്ച് കേൾപ്പിച്ചു. കഥ കേട്ടിരുന്ന ലബ്ബ പറഞ്ഞുതുടങ്ങി: 'നാൻ ഒരു സൂഫി, സൂഫിക്ക് ഹിന്ദുവില്ലൈ, മുസൽമാനില്ലൈ, ജാതിഭേദമില്ലൈ. ധനവാനും ദരിദ്രനും ഒൻറുതാന്.' വരും കാലത്തിൽ തിരുവിതാംകൂറിൽ സിംഹാസനത്തിൽ ഇരുന്നമരുന്ന ഉങ്കളെ കാൺകിറേൻ.[5]' തിരുവിതാംകൂർ ഭരിക്കുന്ന മാർത്താണ്ഡവർമ്മയെയും മുച്ചൂടും മുടിഞ്ഞ എട്ടുവീട്ടിൽ പിള്ളമാരെയും ഉൾക്കണ്ണാൽ കാണുന്ന ലബ്ബയ്ക്ക് ആ കഥയിലെങ്ങും പിന്നീട് മലയരയരെ കാണാനാവുന്നില്ലെന്ന് ലബ്ബ പറയുന്നു.

ചരിത്രരചനകൾ നിലനിൽക്കുന്ന ഭരണകൂടത്തിന്റെയും വ്യവസ്ഥിതികളുടെയും പരിധികൾക്കകത്തായിരിക്കുമ്പോൾ സൃഷ്ടിക്കപ്പെടുന്നവയാണെന്നും അവയിലെ

തമസ്കരണങ്ങൾ ബോധപൂർവ്വമാണെന്നും ലബ്ബയുടെ വാക്കുകൾ സൂചിപ്പിക്കുന്നു. 'ചരിത്രം മെനെവത് നഗരവാസികളാകയാൽ അവർ ഇന്ത കഥയേയും തങ്കളിൽ ഇന്ത ഇരിപ്പെയും താളിയോലക്കെട്ടുകളിൽ ഇരുന്ത് മാറ്റി നിർത്തുവാർകൾ'[6] സി.വി.യുടെ 'ഭ്രാന്തൻ ചാന്നാനായ' മുത്തൻകാണിയെയും അനുചരൻമാരെയും അവരുടെ വംശത്തെയും തിരുവിതാംകൂർ രാജവംശത്തിന്റെ ചരിത്രരചനയിൽ കാണുകയില്ല.

മരണത്തിൽ നിന്ന് രക്ഷപ്പെടുത്തി അപ്പിൽ (ഗുഹ) എത്തിച്ച് കാവലിരുന്ന് തേനും തിനയും കൊടുത്ത് പോറ്റിയെടുത്ത് ചാറ്റുപാട്ട് നടത്തി രാശിദോഷം വെട്ടി മാറ്റി പുതിയ രാശിയിലേക്ക് കടത്തി (ജന്മനക്ഷത്രങ്ങളുടെ രാശി വെട്ടിയറുത്ത് ഭാവിയെപ്പോലും മാറ്റുന്നതെന്ന് കാണിക്കാർ വിശ്വസിക്കുന്ന ചാറ്റുപാട്ട്) കാണിക്കാരുടെ അസ്ത്രവിദ്യയും പഠിപ്പിച്ച് പൂതപ്പാണ്ടിയിൽ സുരക്ഷിതമായി എത്തിച്ച കാണിക്കാർ ഒരു ചരിത്രത്തിലും രേഖപ്പെടുത്തപ്പെട്ടിട്ടില്ല. മുത്തൻകാണിയുടെ വംശചരിത്രം ഭ്രാന്തൻ ചാന്നാനിൽ ഒതുക്കിയ സി.വി.യുടെ ചരിത്രാഖ്യായികയിലോ തിരുവിതാംകൂർ ചരിത്രം പ്രമേയമായ മറ്റു സാഹിത്യകൃതികളിലോ അവരുടെ വംശം പ്രതിനിധാനം ചെയ്യപ്പെട്ടില്ല.

പി.ശങ്കുണ്ണിമേനോന്റെ ചരിത്രാഖ്യാനത്തിൽ മാർത്താണ്ഡവർമ്മയുടെ രക്ഷപ്പെടലിനെ ദൈവപ്രീതി മൂലം അത്ഭുതകരമായി രക്ഷപ്പെട്ടതായി രേഖപ്പെടുത്തുന്നു: 'മാടമ്പിമാരുടെ പ്രതികാരത്തിന് പാത്രമാകാതിരിക്കുന്നതിനായി ഈ രാജകുമാരന് പലപ്പോഴും പല സ്ഥലങ്ങളിലായി മാറി മാറി താമസിക്കേണ്ടതായി വന്നുകൂടി. തിരുവനന്തപുരത്ത് കഴിയുന്നത് സുരക്ഷിതമല്ലെന്ന് ഉറപ്പുള്ളതിനാൽ പലപ്പോഴും വേഷപ്രച്ഛന്നനായി ശ്രീവാഴുങ്കോട്, മാവേലിക്കര, ആറ്റിങ്ങൽ തുടങ്ങിയ സ്ഥലങ്ങളിൽ അദ്ദേഹം കഴിച്ച് കൂട്ടിയിട്ടുണ്ട്. പല സന്ദർഭങ്ങളിലും പല സ്ഥലങ്ങളിലും വച്ച് ഈ രാജകുമാരൻ ലഹളക്കാരായ പ്രഭുക്കൻമാരുടെ കെണിയിൽ കുടുങ്ങിയിട്ടുണ്ടെങ്കിലും ദൈവപ്രീതി മൂലം അപ്പോഴൊക്കെ അത്ഭുതകരമായി രക്ഷപ്പെടുകയാണുണ്ടായിട്ടുള്ളത്'.[7]

മാർത്താണ്ഡവർമ്മയിലെ ഹക്കിംഖാൻ എന്ന കഥാപാത്രത്തിന്റെ സഹോദരനായി 'ഇരു'വിൽ പ്രത്യക്ഷപ്പെടുന്ന എറവങ്കോട് എലപ്പ (ലബ്ബ) നോവലിന്റെ കഥാഗതിയിൽ സുപ്രധാന പങ്ക് വഹിക്കുന്നുണ്ട്. നഗരവാസികൾ മെനയുന്ന ചരിത്രത്തിൽ നിന്ന് മലയരയർ മാറ്റി നിർത്തപ്പെടുമെന്ന് പ്രവചിക്കുന്ന ലബ്ബയോട് മാർത്താണ്ഡവർമ്മ പറയുന്നു: 'ഈ വനഭൂമി കാണിക്കാർക്കായി പതിച്ച് കരമൊഴിവാക്കി കൊടുക്കുന്നതായിരിക്കും. നാം ഇത് നീരോട്ടി വീഴ്ത്തി സത്യം ചെയ്ത് തരും. വേണാട്ടരചനായി നാം അധികാരമേറ്റാൽ നമ്മുടെ ഒന്നാമത്തെ ഉത്തരവ് മലയരയർക്ക് വേണ്ടിയായിരിക്കും'[8]. മലയിറങ്ങുന്നതിന് മുമ്പ് മലയരയരുടെ ജീവിതകഥകളും മല്ലൻകാണി പറഞ്ഞ വീരേതിഹാസവും മാർത്താണ്ഡവർമ്മയും ലബ്ബയും കേൾക്കുന്നു. ആറ്റാൻകപ്പടവീട്ടിലെ ആൺകുഞ്ഞുങ്ങളെ കൊന്നുകളയുന്ന എട്ടുവീട്ടിൽ പിള്ളമാരോടെതിർത്ത് കപ്പടവീട്ടിലെ ഗർഭിണിയായ പെൺകുട്ടിയെ കൊണ്ടുപോയി സംരക്ഷിച്ച് അവളുടെ ആൺകുഞ്ഞിനെ തറവാട്ടിലൊളിപ്പിച്ച് വളർത്തിയ കഥയും പറയുന്നു. ആ കുഞ്ഞ് പെരുച്ചാലി എളരാശാവ് എന്ന് നാമകരണം ചെയ്യപ്പെടുകയും കിരീടധാരിയായിത്തീരുകയും ചെയ്തു. മലയരയർക്ക് ആ നാട്ടരയൻ കരമൊഴിവായ ഭൂമി നീരിറ്റിച്ച് വീഴ്ത്തി സത്യം ചെയ്ത്കൊടുത്തുവെന്നുമുള്ള കഥ രണ്ട് വംശങ്ങളുടെ ചരിത്രബന്ധമായി മല്ലൻ കാണി എന്ന കഥാപാത്രത്തിലൂടെ ആഖ്യാനം ചെയ്യുന്നു.

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

അധികാരികൾക്കും മേലാളൻമാർക്കും മാത്രമുള്ളതല്ല ചരിത്രമെന്ന് മല്ലൻകാണിയുടെ വാക്കുകളിലൂടെ വ്യക്തമാക്കുന്നു. വേണാട് ആണ്ട രാജാക്കളുക്ക് മട്ടുമല്ല, ഓരോ മനുഷ്യ നുക്കും കഥകളും ചരിത്രവും ഉണ്ട് രാസാ. രാശാവിൻ മച്ചുനൻ പപ്പുത്തമ്പി ഇന്നാള് പടു കൊലൈ ചെയ്ത ചാന്നാൻമാരില്ലേ, അവർ നാഞ്ചിനാടിൻ അധിപർകളാക ഇരുത്തവർകൾ[9] അധികാരത്തിൽ മാത്രം ചിന്ത കുടുങ്ങിക്കിടന്ന കാലം നാമും ഇതൊന്നും കണ്ടതില്ല[10] എന്ന് മാർത്താണ്ഡവർമ്മ പറയുന്നുണ്ട്. ജീവിതവും കഥകളും വീരേതിഹാസങ്ങളും അരയൻമാർ അവതരിപ്പിക്കുന്നു. നാട്ടരയന്റെ സമ്മാനങ്ങളെക്കുറിച്ച് അഭിമാനത്തോടെ വിവരിക്കുന്നു. 'ഏഴരക്കര രാജ്യവും വള്ളൂർ ദേശവും വടയാറ് ചന്തയും ഏഴൂരും പാട്ടവും വാറകര മൊഴിവായി കൊടുത്തു. കൂടാതെ തലപ്പാണ്ടി, നടുപ്പാണ്ടി, അടിപ്പാണ്ടി പാണ്ഡ്യൻ മാരുടെ കരം പിരിച്ച് ത്വന്തകയിന കെട്ടി, കാലാട്ടി പണവും വാങ്ങി, കൈയാട്ടി പണവും വാങ്ങി, തലയാട്ടി പണവും, മൊലയാട്ടി പണവും പിരിച്ച് ജീവിച്ച് കൊള്ളുവാൻ അനുവാദവും നൽകി[11]. നാട്ടരയനിൽ നിന്നും വീരചങ്ങലയും വീരാളിപ്പട്ടും വാങ്ങിയ കഥ വീറോടെ പറയുന്നു. ഇനിയും ധാരാളം കഥയുണ്ടെന്ന് പറയുന്ന വേലൻ മാർത്താണ്ഡ വർമ്മയോട് കാട്ടുമക്കൾ അങ്ങത്തേക്ക് തൊണ നിക്കുമെന്നും ചത്ത് തന്ന കാക്കുമെന്നും വാഗ്ദത്തം ചെയ്യുന്നു. ലബ്ബയെ സാക്ഷിയാക്കി, പകരം ഈ കാട് വാറകരം നീക്കി നീരൊഴിച്ച് വീഴ്ത്തി സത്യം ചെയ്ത് തരും[12] എന്ന് മാർത്താണ്ഡവർമ്മയും ഉറപ്പ് നൽകുന്നു. പിറ്റേദിവസം പല്ലക്കിൽ ഇരുന്ന് അമ്പത് മലയരയൻമാരുടെ അകമ്പടിയോടെ മാർത്താണ്ഡ വർമ്മ മലയിറങ്ങി.

ഗോത്രവർഗ്ഗ സംസ്കൃതിയിൽ മുമ്പരെന്ന് സ്വയം വിശ്വസിക്കുന്ന ജനതയാണ് മലയരയർ. മുട്ടുകാണിയുടെ വാക്കുകളിൽ മലയരയന്റെ ആത്മവിശ്വാസവും രാജവീര്യവും തുടിക്കുന്നു. ഉലകമാകെ എമ്പത്താറ് രാസക്കൻമാർ അവരിൽ മുക്കിയൻ മലയരയൻ. നാട്ടരയന്ക്ക് മലയരയനുടെ തുണൈ എപ്പോതും ഉണ്ട്[13]. മാത്രമല്ല ദേശത്തിന് വെളിയിലുള്ളവരെ സ്പർശിച്ചാൽ അയിത്തമുണ്ടെന്ന് പോലും അവർ വിശ്വസിക്കുന്നു. അസ്ത്രവിദ്യയിൽ സമർത്ഥനായ വിട്ടിയാൻ എന്ന കാണിക്കാരൻ മാനിന്റെ ശിരസ്സിൽ അമ്പെയ്യാൻ രാജാവിനെ പരിശീലിപ്പിക്കുന്നു. മാർത്താണ്ഡവർമ്മയുടെ കൈയിൽ സ്പർശിച്ചുപോയ ബാലൻ മിന്നലേറ്റതുപോലെ കൈയ് പിൻവലിക്കുന്നു. തനിക്കാണ് അയിത്തമാകുക എന്ന് ചിന്തിച്ച മാർത്താണ്ഡവർമ്മ വിട്ടിയാന്റെ മറുപടിയിൽ ഞെട്ടി. 'അയ്യോ! വെളിജാതിക്കാരെ തൊട്ടാ എങ്കളുക്ക് തൊടക്കുണ്ട്. അപ്പിടി കുടീ കേറ്റൂല. അട്ടയാറ്റില് ഏഴ് വട്ടം മുങ്ങിക്കുളിക്കണം. പിന്നേം തൊട്ടാ നാങ്ക ഊര്ക്ക് വെളിയിലാവും'. മരപ്പുള്ളി മാത്രം നോക്കി അമ്പെയ്യാൻ അദ്ദേഹത്തെ പരിശീലിപ്പിച്ച് അവൻ മറഞ്ഞു.

വംശ സംസ്കൃതിയിൽ അഭിമാനിക്കുന്നവരും അതിലെ കലർപ്പ് അംഗീകരിക്കാൻ കഴിയാത്തവരുമാണ് ആ ആദിമ ജനത. അധിനിവേശകർ ക്ഷേത്രമതിൽക്കെട്ടിന് പുറത്താക്കിയ മാടനും മറുതയും ബഹിഷ്കൃതരാകേണ്ടവരല്ലെന്ന വിശ്വാസം അവരിലുണ്ട്. തങ്ങളുടെ പൂർവ്വ പിതാക്കളായാണവർ ആ സങ്കല്പങ്ങളെ കാണുന്നത്. മരിച്ചവരുടെ ആത്മാക്കൾ 'ചാവുകളായി' തങ്ങൾക്ക് കാവൽ നിൽക്കുമെന്നവർ വിശ്വസിക്കുന്നു. ആനച്ചാവ്, പുലിച്ചാവ് എന്നിങ്ങനെ ചാവുകൾക്ക് പേരിട്ട് വിളിക്കുന്നു. ചാറ്റുപാട്ട്, വാതപ്പാട്ട് എന്നിവ അനുഷ്ഠാനങ്ങളാണ്. പത്മനാഭസ്വാമി അപ്പിൽ (ഗുഹ) വന്ന് ഒളിച്ചിരിക്കുന്ന കഥയാണ് വാതപ്പാട്ടിലുള്ളത്. മാരിയെയും മഴയെയും കൊടുങ്കാറ്റിനെയും കാട്ടുമൃഗങ്ങ

ളെയും അടക്കി കാണിക്കാരനെ രക്ഷചെയ്യുന്ന ആയിരം വില്ലേന്തിയ വീരസങ്കല്പമാണ് അവർക്ക് ആയിരവില്ലിയെന്ന ആദിദൈവം. ആറ്റുപിലച്ചിയും, തോട്ടുപിലച്ചിയും, മുതിയാവും പവതിയും ചാവും, മാടനും മറുതയും , ചാത്താവും എല്ലാം അവരുടെ കാവലാളായി കല്പിക്കപ്പെട്ടവർ. മാനാമണിക്കോട്ടയുടെ കഥയും കരിമ്പാണ്ടിയുടെ കഥയും കായനദിയുടെ ഉല്പത്തിക്കഥയും കാണിപ്പറ്റുകളുണ്ടായ കഥയും കല്ലണപ്പാട്ടിന്റെ കഥയും പുലിച്ചാവ് മുത്തൻ കഥയും കരിങ്കിഴങ്ങിന്റെ കഥയും കല്ലുമാടൻ മിത്തും തങ്ങൾ ആണ്ടവൻ പിള്ളയും അഗത്തിക്കുട്ടിയുമായ കഥയും അവരുടെ ഗോത്ര സംസ്കൃതിയിൽ ലയിച്ചു കിടക്കുന്നു.

കായനദിയിലെ വെള്ളപ്പൊക്കം കാരണം കാണിക്കാരുടെ മലയിൽ തങ്ങേണ്ടി വന്ന ലബ്ബയുടെ മലയിറങ്ങിയുള്ള യാത്രയിലാണ് വേടൻതൊടിയിലെത്തുന്നത്. വെട്ടേക്കാട് തറവാട്ടിലെ പരമേശ്വരൻ തമ്പിയുടെ വീട്ടിൽ താമസിക്കുന്ന ലബ്ബ വേടരുടെ ജീവിതം അടുത്ത് നിന്ന് കാണുന്നു. നാടോടികളായിരുന്ന അവരുടെ പൂർവ്വികരാണ് ഊഷരമായ ഭൂമിയെ കൃഷിയോഗ്യമാക്കിയത്. കായനദിയുടെ ഇരുകരകളിലായി കാണിക്കാരും വേടരും വസിച്ചു. കയവനും (വേടൻ) കാണിയും സഹോദരിമാരുടെ മക്കളാണെന്നവർ വിശ്വസിക്കുന്നു. അവർ തമ്മിൽ വിവാഹ ബന്ധമില്ല. പരശുരാമൻ വന്നാണ് മനുഷ്യരിൽ ജാതിയും അയിത്തവും ഉണ്ടാക്കിയതെന്നവർ വിശ്വസിക്കുന്നു. വർണവ്യവസ്ഥയിൽ അകറ്റപ്പെട്ടവർ ഉൾക്കാടു തേടിപ്പോയി. കാളയ്ക്ക് പകരം വേടന്റെ മുതുകത്തും നുകം കയറ്റുകയും ചെളിയിൽ ഇട്ട് ജീവനോടെ ചവുട്ടിത്താഴ്ത്തുകയും ചെയ്തു. വയറുവേദനയ്ക്കുള്ള മഞ്ഞക്കറിയുണ്ടാക്കാൻ ലബ്ബ അവരെ പഠിപ്പിച്ചു. മരവാഴയുടെ നീര് ചെവിയിലിറ്റിച്ച് വേദന മാറ്റാമെന്നും വിഷക്കൂണുകൾ തിരിച്ചറിയുന്ന വിധവും വേടൻമാർ ലബ്ബയെ പഠിപ്പിച്ചു. അവരുടെ ഭാഷയും ചിരിയും ലബ്ബയെ അത്ഭുതപ്പെടുത്തുന്നുണ്ട്. പ്രഭുക്കൾക്കും രാജാക്കൻമാർക്കും അടിമകൾക്കും ലോകത്തെങ്ങും ഒരേ ഭാവമെന്ന് ലബ്ബ ചിന്തിക്കുന്നുണ്ട്. തമ്പിയിൽ നിന്ന് കളരിച്ചുവടുകൾ പഠിക്കുന്നു. യുനാനി മരുന്നുകളും അറബി മന്ത്രങ്ങളും പ്രേതങ്ങളോട് സംസാരിക്കാനുള്ള ഗൂഢ ഭാഷയും ലബ്ബ തമ്പിക്ക് പറഞ്ഞ് കൊടുക്കുന്നു. പനയോലയിൽ എഴുതിയ ഖുർആൻ തമ്പിയെ ഏല്പിക്കുന്നു. തമ്പി തന്റെ കുലദേവതയായ വെട്ടേക്കോട്ട് അമ്മയുടെ മുമ്പിൽ താളിയോലയിലെഴുതിയ ഖുർആൻ സമർപ്പിച്ചു. തട്ടുപലകയിൽ വിടർത്തിവച്ച ഖുർആന് വേണ്ടി വർഷം തോറും മറ്റു മൂർത്തികൾക്കൊപ്പം പടുക്കയിടാനും തുടങ്ങി.

ലബ്ബയുടെ കാഴ്ചകളിൽ തുടങ്ങി ഇരുപത്തൊന്നാം നൂറ്റാണ്ട് വരെ നീളുന്ന വംശവിച്ഛേദനത്തിന്റെ ചരിത്രമാണ് പിന്നീട് ഇരു ആഖ്യാനം ചെയ്യുന്നത്. നൂറ്റാണ്ടുകളായി ഒരേ ജീവിതം നയിക്കുന്ന വേടൻ തൊടിയിലെ മനുഷ്യരുടെ കഥ. നെയ്യാറ്റിൻകരയിലെ തറവാട്ടിൽ നിന്ന് പിരിഞ്ഞ് ഇരിഞ്ചയത്തെത്തി നാലുകെട്ടും പണിത് താമസമാക്കിയ മാർത്താണ്ഡൻ തമ്പിയാണ് വെട്ടേക്കാട് തറവാട്ടിന്റെ ആദ്യ കാരണവർ. ചുറ്റും വേടസമുദായം താമസമുണ്ടെന്നറിഞ്ഞ തമ്പി കൂടെ കൊണ്ടു വന്ന പുലയരെ ആറ്റിങ്ങൽ ചന്തയിൽ നാല് ചക്രം വച്ച് വിറ്റു. ആദ്യം മല കയറ്റിവിട്ട വേടരെ തിരിച്ച് വിളിച്ച് കാടറുത്ത് കൃഷി തുടങ്ങി. മാർത്താണ്ഡൻതമ്പിയുടെ വംശ പരമ്പരയായി പരമേശ്വരൻ തമ്പിയും പത്മനാഭൻ തമ്പിയും ഉടയൻ തമ്പിയും നടേശൻ തമ്പിയും കേശവൻ തമ്പിയും മാണിക്കം ഉണ്ണിത്തമ്പിയും ഇമ്മിണിത്തമ്പിയും വിക്രമൻതമ്പിയും ഒടുവിൽ ഇരുവും കടന്നുവരുന്നു.

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

വർണ്ണവ്യവസ്ഥയുടെ ഒരു കരയിൽ സൗഭാഗ്യങ്ങളുടെ അധിപന്മാരായി ഇവർ വാഴുമ്പോൾ മറുകരയിൽ തലവേടൻ, കുറുമാൻ, കുർണി, ചേരൻ, ചേര, ഇങ്ക്ളി, ചിങ്കൻ, പാക്കരൻ, പൂച്ചാണ്ടി, അങ്ക്ളി, കീച്ചാണ്ടി, ഇലങ്കൻ, നട്ടുവൻ, പേട്ടുവൻ, നരയൻ, ചവരീസ് എന്നിവരിലൂടെ വേടർ കുലത്തിന്റെ ഇങ്ങേത്തലയ്ക്കൽ ഇരുവും കടന്നു വരുന്നു. വെട്ടേക്കാട് തമ്പിമാരുടെ കുലത്തിലെ അവസാനത്തെ അനന്തരവളായ ഭദ്രതമ്പിയിൽ വേടർ കുലത്തിലെ കിളിയന് ജനിച്ച മകനാണ് ഇരുവംശജനായ 'ഇരു' എന്ന കഥാപാത്രം. ഇരു വംശങ്ങളുടെ കലർപ്പായി പിറക്കുന്ന 'ഇരു' നോവലിനുള്ളിലെ നോവലിസ്റ്റായി ആഖ്യാനത്തിൽ രംഗപ്രവേശം ചെയ്യുന്നുണ്ട്.

ആഖ്യാനഘടനയിലും ആഖ്യാനരീതിയിലും ഇരട്ടത്തം പുലർത്തുന്നുണ്ട് ഇരു. വർണ്ണവ്യവസ്ഥയുടെ ഇരു പുറങ്ങളെ ആഖ്യാനം ചെയ്യുന്നു. ഇരു നിറങ്ങളുടെയും ഇരു വംശങ്ങളുടെയും സങ്കരമായ ഇരുവിന്റെ ഉല്പത്തികഥയും ലയനരാജ് എന്ന പേരിൽ മലയാളത്തിലും എലീന നിക്കോളാസ് എന്ന പേരിൽ ഇംഗ്ലീഷിലും എഴുതുന്ന കഥാപാത്രവും ഇരു എന്ന പേരിൽ എഴുതുന്ന കിട്ടൻ എന്ന കഥാപാത്രവും ഇരുവിലെ ഇരട്ടത്തത്തെ സാധൂകരിക്കുന്നു. ആഖ്യാനഘടനയിൽ ഇരുവംശങ്ങളുടെ കഥാഖ്യാനമാണുള്ളത്. മരങ്ങളുടെയും കായനദിയുടെയും ഇരുഭാവങ്ങളെയും ആഖ്യാനം ചെയ്യുന്നുണ്ട്. വേടർ, കാണിക്കാർ എന്നീ രണ്ട് ആദിമജനവിഭാഗങ്ങളുടെ കഴിഞ്ഞ മുന്നൂറ് വർഷത്തെ ജീവിത പരിണാമങ്ങളെയാണ് ഇരു ആഖ്യാനം ചെയ്യുന്നത്.

ആദിമജനതകളായ കാണിക്കാർ, വേടർ എന്നീ വംശങ്ങളുടെ കഥയെ തിരുവിതാംകൂർ വംശചരിത്രവുമായി ബന്ധിപ്പിച്ചാണ് ആഖ്യാനം നടത്തിയിരിക്കുന്നത്. കായനദിയുടെ കരയിൽ ജീവിച്ച് മരിച്ച മനുഷ്യരുടെയും അവരുടെ ആസക്തികളുടെയും ഹിംസയുടെയും കഥയാണിത്. മനുഷ്യോല്പത്തിയോളം പഴക്കമുള്ള കഥയായി അത് ആഖ്യാനം ചെയ്യപ്പെടുന്നു. 'എക്കാലവും അധികാരരാഷ്ട്രീയവും ഭരണകൂടത്തിന്റെ ഗൂഢപ്രവർത്തനങ്ങളും സൃഷ്ടിച്ച ആപൽക്കരമായ പ്രശ്നങ്ങളും മഹാവിപത്തുകളും മനുഷ്യജീവിതത്തെ വേട്ടയാടിക്കൊണ്ടിരിക്കുകയാണ് എന്ന് ചരിത്രം വ്യക്തമാക്കിത്തരുന്ന സത്യമാണ്'[14] പുരാവൃത്തങ്ങളും രൂപകങ്ങളും ഐതിഹ്യങ്ങളും ചരിത്രവും ആഖ്യാനത്തിനായി ഉപയോഗിക്കുന്നു. തിരുവിതാംകൂറിന്റെ സാമൂഹ്യ രാഷ്ട്രീയ മണ്ഡലങ്ങളിലെ പരിവർത്തനങ്ങളെയും നോവൽ ആഖ്യാനം ചെയ്യുന്നുണ്ട്. ഭൂപരിഷ്കരണം, സ്വാതന്ത്ര്യസമരം, രണ്ടാംലോക മഹായുദ്ധം, യുദ്ധക്കെടുതികൾ, മക്കത്തായത്തിന്റെ കടന്ന് വരവ്, എന്നിങ്ങനെ ചരിത്രപരമായ നിരവധി വസ്തുതകളെ ആഖ്യാനത്തിലേക്ക് കൊണ്ടുവരുന്നു.

ചരിത്രത്തിലെ മഹത്വപ്പെടുത്തലുകളിൽ ചരിത്രാഖ്യാനങ്ങൾ പരിമിതപ്പെട്ടുപോകുന്നതു കൊണ്ടാണ് ചില വംശങ്ങളുടെ ചരിത്രം തന്നെ ചരിത്രത്തിന് പുറത്തായിപ്പോകുന്നത്. ആരാലും രേഖപ്പെടുത്തപ്പെടാതെ പോയ ചില ചരിത്രങ്ങളെ, മുഖ്യധാരാചരിത്രത്തിലെ തമസ്കരണങ്ങളെ, ചരിത്രനോവലിന്റെ ആഖ്യാനരീതിശാസ്ത്രം ഉപയോഗിച്ചുകൊണ്ട് ചരിത്രത്തിലേക്ക് പ്രവേശിപ്പിക്കുകയാണ് ഇരു. ഇരു എന്ന ആഖ്യാനം ഒരേ സമയം ചരിത്രത്തോടും വർത്തമാനത്തോടും സാമൂഹിക വ്യവസ്ഥയോടും അവ്യവസ്ഥകളോടും സംവദിക്കുന്നു. ചരിത്രനിർമ്മിതിയിലെ തമസ്കരണങ്ങൾ നിരവധി ജ്ഞാനമണ്ഡലങ്ങളെയും സംസ്കാരങ്ങളെയും മുഖ്യധാരയിൽ നിന്നകറ്റാൻ കാരണമാകാം. തിരുവിതാം

ഗവൺമെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

കൂറിലെ കീഴാളജനതയുടെ ചരിത്രംകൂടി ചേരുമ്പോൾ മാത്രമേ നീതീകരിക്കപ്പെടുന്ന ഒരു തിരുവിതാംകൂർ ചരിത്രം രൂപപ്പെടുകയുള്ളൂ. അതുകൊണ്ടു തന്നെ ലിഖിത ചരിത്ര ങ്ങളുടെ പൂരണമായി ഇരു എന്ന നോവലിനെ കണക്കാക്കാം. ചരിത്ര നോവൽ എന്നതിലുപരി ചരിത്രത്തിന്റെയും ചരിത്ര രചനയുടെയും പുനർനിർമ്മിതിയായി 'ഇരു' പരിണമിക്കുന്നു.

## കുറിപ്പുകൾ

1. *വി.ഷിനിലാൽ, ഇരു, ആമുഖം*
2. *അതേ പുസ്തകം, പുറം 92*
3. *അതേ പുസ്തകം, പുറം 95*
4. *അതേ പുസ്തകം, പുറം 105*
5. *അതേ പുസ്തകം, പുറം 106*
6. *അതേ പുസ്തകം, പുറം 106*
7. *പി. ശങ്കുണ്ണിമേനോൻ, തിരുവിതാംകൂർ ചരിത്രം, പുറം. 92-93*
8. *വി. ഷിനിലാൽ, ഇരു, പുറം 107*
9. *അതേ പുസ്തകം, പുറം122*
10. *അതേ പുസ്തകം, പുറം 122*
11. *അതേ പുസ്തകം, പുറം 125*
12. *അതേ പുസ്തകം, പുറം 125*
13. *അതേ പുസ്തകം, പുറം 129*
14. *ഇ.വി. രാമകൃഷ്ണൻ, മലയാളനോവലിന്റെ ദേശകാലങ്ങൾ, പുറം 93*

## ഗ്രന്ഥസൂചി

1. *നാരായണൻ, എം,ജി,എസ്, കേരളം ചരിത്രവഴിയിലെ വെളിച്ചങ്ങൾ, സാഹിത്യ പ്രവർത്തക സഹകരണസംഘം, കോട്ടയം, 2017*
2. *പ്രവീണ, കെ, ദേശം കാലം ആഖ്യാനം ചരിത്രമെഴുത്തിന്റെ പാഠങ്ങൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2023*
3. *പ്രസന്നരാജൻ, മലയാളനോവൽ ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2023*
4. *ബെഞ്ചമിൻ, ഡി, ഡോ., (എഡിറ്റർ), നോവൽ സമീക്ഷ, മാളുബൻ പബ്ലിക്കേഷൻസ്, തിരുവനന്തപുരം, 2021*
5. *രാമകൃഷ്ണൻ, ഇ,വി, മലയാളനോവലിന്റെ ദേശകാലങ്ങൾ, മാതൃഭൂമിബുക്ക്സ്, കോഴിക്കോട്,2017*
6. *ശങ്കുണ്ണിമേനോൻ, പി, തിരുവിതാംകൂർ ചരിത്രം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം,2015*
7. *ഷിനിലാൽ, വി, ഇരു, ഡി.സി.ബുക്ക്സ്, കോട്ടയം, 2023.*

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

# പുതുകവിതയിലെ പരിസ്ഥിതിബോധം

**ഡോ. വീണാഗോപാൽ വി.പി.**
അസി. പ്രൊഫസർ, മലയാളവിഭാഗം, യൂണിവേഴ്സിറ്റി കോളെജ്, തിരുവനന്തപുരം

**പ്രബന്ധസംഗ്രഹം**

മനുഷ്യനും മറ്റു ജൈവികലോകങ്ങൾക്കും തുല്യപ്രാധാന്യമുള്ള ദർശനമാണ് പരിസ്ഥിതിദർശനം. പ്രകൃതിയിലെ ജൈവാവസ്ഥകളെ പൂർണ്ണമായി ഉൾക്കൊള്ളുന്ന ദർശനമാണത്. പ്രകൃതിയിലേക്കുള്ള മനുഷ്യന്റെ കടന്നുകയറ്റം പ്രകൃതിയെ എത്രമാത്രം വിഷലിപ്തമാക്കിയെന്ന് കാലാവസ്ഥാവ്യതിയാനവും മറ്റും തെളിയിക്കുന്നുണ്ട്. ഉപഭോഗസംസ്കാരവും വിപണിയിലെ വാണിജ്യ താല്പര്യങ്ങളും പ്രകൃതിയിൽ നിന്നും മനുഷ്യനെ അന്യനാക്കി. പ്രകൃതി കേന്ദ്രിതമായ വീക്ഷണം ആദിമസമൂഹങ്ങളിലും അവരുടെ സാഹിത്യ സൃഷ്ടികളിലും കാണാവുന്നതാണ്. കാലക്രമേണ മനുഷ്യന് സർവപ്രാധാന്യം ലഭിച്ചപ്പോൾ കൈവന്ന വികസനസങ്കല്പങ്ങൾ പ്രകൃതിയ്ക്കെതിരായി മാറി. എന്നാൽ ഉത്തരാധുനികതയിലെ പാരിസ്ഥിതികബോധം പ്രകൃതിക്ക് വിരുദ്ധമല്ല. ഉത്തരാധുനികകാലത്തെ പുതുകവിത പ്രകൃതിയെയും മനുഷ്യനെയും വേറിട്ടു കണ്ടിട്ടില്ല. ആധുനിക മനുഷ്യന്റെ പ്രകൃതിചൂഷണത്തിനെതിരെയുള്ള പ്രതിരോധസ്വരമായി ഉത്തരാധുനികകവിത മാറുന്നുണ്ട്. പരിസ്ഥിതിചിന്തയുടെ ഉയിർത്തെണീൽപ്പും പുതുകവിതയിൽ കാണാൻ സാധിക്കും. പുതുകവിതയിൽ ആവിഷ്കരിക്കുന്ന പരിസ്ഥിതിബോധത്തെക്കുറിച്ചാണ് ഈ പ്രബന്ധം അന്വേഷിക്കുന്നത്.

***താക്കോൽവാക്കുകൾ:*** ഉത്തരാധുനികത, പരിസ്ഥിതിദർശനം, പ്രകൃതി-നിർമ്മിതി ദ്വന്ദ്വം, പുതുകവിത.

പ്രകൃതിയിലെ സർവജീവജാലത്തിനും തുല്യപ്രാധാന്യം വിഭാവനം ചെയ്യുന്ന പരിസ്ഥിതിബോധമാണ് ഉത്തരാധുനികകാലത്തിന്റേത്. പ്രകൃതിയിലെ ജൈവാവസ്ഥകളെ സമഗ്രമായി ആവിഷ്കരിക്കുന്ന പരിസ്ഥിതിദർശനമാണ് ഉത്തരാധുനികത മുന്നോട്ടുവയ്ക്കുന്നത്. ആധുനികകാലത്തിനുശേഷം രൂപംകൊണ്ട പരിസ്ഥിതി സൗന്ദര്യശാസ്ത്രം

ഈ ദർശനമാണ് പിന്തുടരുന്നത്. മനുഷ്യനാണ് ഇതിന്റെ ആവിഷ്കർത്താവ്. മനുഷ്യ കേന്ദ്രിതമല്ലാത്ത, പ്രകൃതികേന്ദ്രിതമായ ചിന്തയാണിത്. 'നാളിതുവരെ മനുഷ്യർ ചെയ്ത നന്മകൾ ദൈവത്തിനെതിരായിരുന്നു. ദൈവം മരിച്ചു; പാപികളും മരിച്ചു. ഇന്ന് മനുഷ്യന്റെ തിന്മകൾ പ്രകൃതിക്കെതിരെയാണ്'(ഫ്രെഡറിക് നീഷേ). ഇന്ന് ലോകം നേരിടുന്ന ഏറ്റവും വലിയപ്രശ്നം പാരിസ്ഥിതികമാണെന്ന നീഷേയടക്കമുള്ളവരുടെ ഓർമ്മപ്പെടുത്തൽ ശ്രദ്ധേയമാണ്. പ്രകൃതിയെ കീഴടക്കിയുള്ള പാശ്ചാത്യജീവിതദർശനവും അതിലൂന്നിയ പ്രവർത്തനങ്ങളുമാണ് ലോകത്തെ പാരിസ്ഥിതികപ്രതിസന്ധിയിൽ കൊണ്ടു ചെന്നെത്തിച്ചത്. ആധുനികമനുഷ്യന്റെ ആർത്തിക്കും കയ്യേറ്റത്തിനുമെതിരെയുള്ളതാണ് ഉത്തരാധുനികകാലത്തിന്റെ പരിസ്ഥിതിബോധം.

ആദിമസമൂഹങ്ങളിൽ പ്രകൃതികേന്ദ്രിതമായ പരിസ്ഥിതിബോധമാണ് ഉണ്ടായിരുന്നത്. 'ഏത് ആദിമസമൂഹത്തിന്റെ കലകളും പാട്ടുകളും കഥകളും പരിശോധിച്ചാലും പ്രകൃതിയോടുള്ള അവരുടെ സമീപനം സമാനത പുലർത്തുന്നവയാണെന്നു കാണാൻ വിഷമമില്ല' (ഡോ. ആനന്ദ് കാവാലം, മലയാളകവിതയും പരിസ്ഥിതിയും, കറൻറ് ബുക്സ്, തൃശ്ശൂർ, ഒക്ടോബർ 2013, പുറം. 10). സെമറ്റിക് മതങ്ങളുടെ പ്രചാരണം പാരിസ്ഥിതികമായ അഥവാ പ്രകൃതികേന്ദ്രിതമായ വീക്ഷണത്തിന് പകരം മനുഷ്യകേന്ദ്രിതമായ സമീപന ത്തിന് പ്രാധാന്യം നല്കി. സ്വന്തം താല്പര്യങ്ങൾക്കുവേണ്ടി ആധുനികമനുഷ്യൻ പ്രകൃതി യെ ചൂഷണം ചെയ്യുകയും ആധിപത്യം സ്ഥാപിച്ച് അതിനെ നശിപ്പിക്കുകയും ചെയ്തു. കാട്, നദി, വയൽ, കുന്ന് മുതലായവ പേരിനു മാത്രം അവശേഷിച്ചു.

സ്വാതന്ത്ര്യത്തിനുശേഷം ഇത്രയും കാലങ്ങൾ കഴിഞ്ഞിട്ടും നെഹ്രുവിയൻ വികസന മാതൃകകളാണ് ഇന്ത്യ ഇന്നും പിന്തുടരുന്നത്. വലിയ അണക്കെട്ടുകൾ, പാലങ്ങൾ, മെട്രോ, ഫാക്ടറികൾ, രാജപാതകൾ എന്നിപ്രകാരം വികസിക്കുകയാണ് ഭരണകൂടസ്വകാര്യ വികസനപ്രവൃത്തികൾ. ഇത് സൃഷ്ടിക്കുന്നത് നിർമ്മിതികേന്ദ്രിതമാണ് വികസനം എന്ന ബോധമാണ്. ഇതിന് വിപരീതമായാണ് പ്രകൃതി നിലകൊള്ളുന്നത്. പാർശ്വവൽ ക്കരിക്കപ്പെട്ട ഈ പ്രകൃതിയുടെ കവിതയിലെ പ്രതിനിധാനമാണ് പരിസ്ഥിതികവിത എന്ന പരികല്പനയെ സംജ്ഞാതമാക്കുന്നത്.

പ്രായോഗികവാദത്തിന്റെയും വികസനത്തിന്റെയും ലാഭേച്ഛയുടെയും പേരിലാണ് പരമ്പരാഗതമായി നിലനിന്നിരുന്ന ജൈവദർശനം ഇന്ത്യയിൽ നഷ്ടമായത്. കാർഷിക സംസ്കാരം അന്യംനില്ക്കുകയും വനഭൂമി കൈയേറുകയും ആദിവാസികളെ കുടിയൊഴി പ്പിക്കുകയും മതപരിവർത്തനം നടപ്പിലാക്കുകയും ഭക്ഷ്യവിളയ്ക്കു പകരം നാണ്യ വിളയ്ക്കു സ്ഥാനം ലഭിക്കുകയും ചെയ്തത് ആധുനികസമൂഹത്തിലാണ്. വ്യവസായവൽ ക്കരണവും നഗരവൽക്കരണവും ആസൂത്രണത്തിലെ പിഴവുകളും ഉപഭോഗസംസ്കാരവും നവസാങ്കേതികവിദ്യയുമെല്ലാം മനുഷ്യപ്രകൃതിബന്ധത്തിൽ വലിയ വിടവുണ്ടാക്കി. പരിസ്ഥിതിയുടെ സന്തുലിതാവസ്ഥയ്ക്കു കോട്ടം സംഭവിക്കുന്നത് ജീവന്റെ നില നില്പുതന്നെ അപകടത്തിലാക്കുമെന്ന് തെളിഞ്ഞിരിക്കുന്നു. വനനശീകരണം, വായുജല മലിനീകരണം, ഭൂഗർഭജലശോഷണം, മണലൂറ്റ്, പ്ലാസ്റ്റിക് മാലിന്യങ്ങൾ, ഇലക്ട്രോണിക് ഉപകരണങ്ങളുടെ അവശിഷ്ടങ്ങൾ, ഓസോൺപാളിയിലെ വിള്ളലിനു കാരണമായ

സാങ്കേതികതകൾ എന്നിവയ്ക്കെതിരെ പുതിയ പാരിസ്ഥിതികാവബോധം ശക്തമായ മുന്നറിയിപ്പ് നല്കുന്നു. കേവലമായ പ്രകൃതിസ്നേഹത്തിനപ്പുറം പരിസ്ഥിതിയെ സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യത്തിലേക്കാണ് പുതിയകാലത്തെ പരിസ്ഥിതിബോധം വിരൽചൂണ്ടുന്നത്. പ്രതിരോധത്തിന്റെ പ്രത്യയശാസ്ത്രമാണ് വർത്തമാനകാല പരിസ്ഥിതിബോധം മുന്നോട്ടുവയ്ക്കുന്നത്.

നമ്മുടെ നാടൻപാട്ടുകളടക്കമുള്ള കവിതാസാഹിത്യശാഖയിൽ പരിസ്ഥിതി ബോധത്തിന്റെ ആഴമുള്ള ചിന്തകൾ സൂക്ഷ്മമായി കാണുവാൻ സാധിക്കും. ഭാരതീയ സാഹിത്യത്തിലെ പ്രാചീനകവിതയും ശില്പചിത്രകലകളും ഒക്കെ സൂക്ഷ്മമായ പരിസ്ഥിതി ബോധം പ്രകടിപ്പിച്ചിട്ടുണ്ട്. നാടൻപാട്ടുകളും വൈദികസാഹിത്യവും രാമായണമഹാഭാരതങ്ങളും തുടർന്നുവരുന്ന ക്ലാസിക്കൽ സാഹിത്യവും മനുഷ്യപ്രകൃതിബന്ധത്തിന്റെയും ആരണ്യകസംസ്കാരത്തിലധിഷ്ഠിതമായ സാംസ്കാരിക ജീവിതത്തിന്റെയും തെളിവുകൾ നല്കുന്നു. ഇന്ത്യൻ ആഖ്യാനങ്ങളിലും ജാതകകഥകളിലും ഒക്കെ പ്രകൃതി സാന്നിധ്യമായി കടന്നുവരുന്നുണ്ട്. എന്നാൽ അതൊരു പ്രതിരോധമായി മാറുന്നില്ല. 'ലോകത്തെ ഏറ്റവും പ്രാചീനമായ പരിസ്ഥിതികാവ്യപഠനം എന്നു വിശേഷിപ്പിക്കാവുന്ന പൊരുളതികാരം എന്ന ഭാഗം ഉൾക്കൊള്ളുന്ന തൊൽക്കാപ്പിയം' ഭാരതീയരുടെ പരിസ്ഥിതിബോധത്തിന്റെ മികച്ച ഉദാഹരണമാണ്. 'കവിതാ വിഷയങ്ങൾ, രസം, അലങ്കാരം, വൃത്തം, ചില പ്രയോഗങ്ങൾ ഇവയാണ് പൊരുളതികാരത്തിലെ ഉള്ളടക്കം' (ജി. മധുസൂദനൻ (എഡി)., ഹരിത നിരൂപണം മലയാളത്തിൽ, മാർച്ച് 2015, പുറം 154). മലയാളത്തിലെ നാടൻപാട്ടുകൾ ആദിമ ജനസമൂഹത്തിന്റെ പരിസ്ഥിതിബോധം ഗാഢവും പ്രകൃതികേന്ദ്രിതവുമായിരുന്നു എന്നതിന് എത്രയോ ഉദാഹരണങ്ങൾ നൽകുന്നുണ്ട്.

ഉദാ: *'മണ്ണേ നമ്പി മരമിരുക്ക്*
*മരത്തേ നമ്പി ഇലയിരുക്ക്*
*ഇലയേ നമ്പി പൂവിരുക്ക്*
*പൂവേ നമ്പി കായിരുക്ക്'*

(ഡോ. ആനന്ദ് കാവാലം, മലയാളകവിതയും പരിസ്ഥിതിയും, കറൻറ് ബുക്സ്, തൃശ്ശൂർ, 2013, പുറം. 24).

തുടർന്നുവരുന്ന മണിപ്രവാളകവിതയിൽ പ്രകൃതി ചിത്രീകരണം സൗന്ദര്യാത്മകമായ തലത്തിലാണ് നിർവഹിച്ചിരിക്കുന്നത്. പ്രകൃതിയെ പശ്ചാത്തലവർണ്ണനയ്ക്കാണ് മണിപ്രവാളകവികൾ തിരഞ്ഞെടുത്തത്. ചെറുശ്ശേരിയുടെ കൃഷ്ണഗാഥയിൽ പാരിസ്ഥിതിക ഘടകങ്ങൾ പ്രതീകങ്ങളായും കല്പനകളായും കാണുന്നുണ്ട്. ആധ്യാത്മിക പരിസ്ഥിതി ദർശനത്തിന്റെ സവിശേഷതകൾ എഴുത്തച്ഛന്റെ കൃതികളിൽ കാണാനാകും. കുഞ്ചൻ നമ്പ്യാരുടെ രചനകൾ കേരളീയപ്രകൃതിയുടെ ജൈവസമൃദ്ധിക്ക് ഉദാഹരണങ്ങളാണ്. 'മനുഷ്യന്റെ വൈകാരികജീവിതത്തിനു സഹായകമായ ഘടകമെന്ന നിലയിൽ ആദർശവത്ക്കരിക്കപ്പെടുന്ന പ്രകൃതിയെയാണ് ആശാനിലും വള്ളത്തോളിലും നാം കാണുന്നത്.' (പരിസ്ഥിതിയും മലയാളസാഹിത്യവും, പി.കെ.രാജശേഖരൻ (ലേഖനം), പരിസ്ഥിതി

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

പഠനങ്ങൾ, പുറം. 159). പിന്നീടു വരുന്ന കാല്പനികകവികളും മനുഷ്യകേന്ദ്രിതമായ പ്രകൃതിയെയാണ് വർണിക്കുന്നത്. ഇവരിൽ ഗഹനമായ പാരിസ്ഥിതിക അവബോധം പ്രകടിപ്പിച്ച കവിയാണ് പി.കുഞ്ഞിരാമൻനായർ. കേരളീയപ്രകൃതിയുടെ സാന്നിധ്യം പി.യുടെ കവിതകളിൽ ശക്തമാണ്. എന്നാൽ പ്രകൃതിയോടൊപ്പം മനുഷ്യകേന്ദ്രിതമായ സംസ്കൃതിബോധമാണ് പി.യിൽ പ്രവർത്തിച്ചിരുന്നതെന്ന വിമർശനവുമുണ്ട്. ഇടശ്ശേരി യുടെ ആദ്യകാല കവിതകളും (മലമ്പുഴ അണക്കെട്ട്), വൈലോപ്പിള്ളിയുടെ ആദ്യകാല കവിതകളും മനുഷ്യപ്രയത്നത്തിന്റെ ഫലമായുണ്ടാകുന്ന വികസനപദ്ധതികളെ പ്രകീർത്തിക്കുന്നവയായിരുന്നു. എന്നാൽ ഇടശ്ശേരിയുടെ പില്ക്കാലകവിതകളിൽ ഈ സമീപനം മാറുന്നത് കാണാം. ആധുനിക മലയാളകവിതയിൽ പരിസ്ഥിതിബോധം പ്രതിരോധമെന്ന നിലയിൽ കടന്നുവന്നിട്ടുള്ള ഒരു കവിതയാണ് ഇടശ്ശേരിയുടെ കുറ്റിപ്പുറം പാലം. കവിതയിലെ നദി-പാലം എന്ന ദ്വന്ദ്വം പ്രകൃതിനിർമ്മിതി എന്ന ദ്വന്ദ്വം തന്നെയാണ്. റിയലിസ്റ്റിക് കവിത എന്നു വിളിക്കാവുന്ന കുറ്റിപ്പുറം പാലം പ്രകൃതി ചൂഷണത്തിന്റെയും പ്രകൃതിവിരുദ്ധ ചൂഷണത്തിന്റെയും വരാനിരിക്കുന്ന നാളുകളിലേക്കാണ് വിരൽ ചൂണ്ടിയത്. 'പുളിമാവ് വെട്ടി', 'കാശാവ് പൂത്തു', 'പൂതപ്പാട്ട്', 'പള്ളിക്കൂടത്തിലേക്ക്', 'അമ്പാടിയിലേക്ക് വീണ്ടും' എന്നീ കവിതകൾ എല്ലാം പ്രകൃതിയെ ബഹുവർണത്തിൽ അവതരിപ്പിച്ചിട്ടുണ്ട്. വൈലോപ്പിള്ളിയുടെ 'മൃതസഞ്ജീവനി', 'സഹ്യൻ മകൻ', 'ലില്ലി പ്പൂക്കൾ', 'ഊഞ്ഞാലിൽ' എന്നീ കവിതകളും പരിസ്ഥിതിബോധം അടങ്ങിയിട്ടുള്ളതാണ്.

ഒളപ്പമണ്ണ (ഉടകുടം), എൻ.എൻ. കക്കാട് (വെറുതെ, മലയിടിച്ചിൽ, ഇതാ ആശ്രമമൃഗം കൊല്ല്! കൊല്ല്), അയ്യപ്പപ്പണിക്കർ (മരണത്തിനപ്പുറം, ആ മരം ഈ മരം, കാടെവിടെ മക്കളേ, മർത്ത്യപൂജ, ഇരുപത്തിയൊന്ന്, ഒരു മരം വെട്ടുന്നേരം, കണ്ണാടിപ്പുഴയിലെ വെള്ളം), ഒ.എൻ.വി (ആരണ്യകം, കാട്!, കാട്, കാളിന്ദി, കേരളപ്പാന, പൊഖ്റാൻ, നാം പുരാതനർ, ഭൂമിക്ക് ഒരു ചരമഗീതം) എൻ.വി.കൃഷ്ണവാരിയർ (ബാക്കി വല്ലതുമുണ്ടോ, കടൽകാക്കയെ ആരറിയുന്നു, മരങ്ങളും വള്ളികളും), സുഗതകുമാരി (മരത്തിനുസ്തുതി, കുറിഞ്ഞിപ്പൂക്കൾ, സൈലന്റ്‌വാലി, മരങ്ങൾ), കടമ്മനിട്ട, സച്ചിദാനന്ദൻ, ഡി.വിനയചന്ദ്രൻ, ദേശമംഗലം രാമകൃഷ്ണൻ, വിഷ്ണുനാരായണൻ നമ്പൂതിരി എന്നീ കവികളിൽ പ്രകൃതിബോധം ശക്തമാണ്. എന്നാൽ ആധുനികകവികളിൽ ചിലരുടെ വാക്കുകൾ ആവാസവ്യവസ്ഥ കളുടെയും ജൈവവ്യൂഹങ്ങളുടെയും പ്രകൃതിയിലാണ് ഇറങ്ങിച്ചെന്നത്.

പ്രകൃതിയിൽ മനുഷ്യഗുണം ആരോപിച്ചും ദേവരൂപമായി പ്രകൃതിയെ സങ്കല്പിച്ചും മാതൃപുത്ര ദ്വന്ദ്വത കല്പിച്ചും ആധുനികകവിത അവതരിപ്പിച്ച ഹരിതദർശനത്തിൽ നിന്നും വ്യത്യസ്തമായിരുന്നു ഉത്തരാധുനികകവികളുടെ പരിസ്ഥിതിദർശനം. ഉത്തരാധുനിക കവിതകൾ അഥവാ പുതുകവിതകൾ പ്രകൃതിബോധത്താൽ പ്രചോദിതവും ഒതുക്കിവച്ച രൂപത്തിൽ പ്രകൃതിവിരുദ്ധതയ്ക്കെതിരെ കലാപമുണർത്തുന്നതുമാണ്. കാരണം പുതുകവിതയുടെ കാലം അത്രമാത്രം പ്രകൃതിവിരുദ്ധമാണ് എന്നതത്രേ. പുതുകവികളിൽ റഫീക്ക് അഹമ്മദിന്റെ 'മത്സ്യം', 'കടലിൽ എഴുപതുകളിൽ' തുടങ്ങിയ കവിതകൾ പ്രകൃതിയെക്കുറിച്ചുള്ള ശക്തവും വ്യക്തവുമായ തിരിച്ചറിവുകൾ പകർന്നുതരുന്നു. 'നിശ്ശബ്ദലേഖനം' എന്ന കവിതയിൽ പ്രകൃതിയിലെ ചെറിയ ഒച്ചകൾ മനോഹരമായി

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

കവി വർണിക്കുന്നുണ്ട്. 'വഴുക്കൽ' എന്ന കവിത പ്രകൃതിയിലെ വെള്ളത്തിലേക്കുള്ള വഴുക്കൽ കൂടിയാണ്. 'വെയിൽ തണുക്കുന്നത്', 'രണ്ടു വനങ്ങൾ', 'കാറ്റ് അറിയുന്നു' തുടങ്ങിയ കവിതകളിലൊക്കെ പ്രകൃതിയുടെ പല ഭാവങ്ങൾ കാണാം.

ഇടശ്ശേരിയുടെയും വൈലോപ്പിള്ളിയുടെയും കാവ്യപാരമ്പര്യം ഉൾക്കൊണ്ട് കവിതകൾ എഴുതിയ പുതുകവികളിൽ പ്രധാനികളാണ് റഫീക്ക് അഹമ്മദും പി.പി.രാമചന്ദ്രനും. ഇവരിൽ പി.പി.രാമചന്ദ്രൻ പരിസ്ഥിതി വിഷയങ്ങൾ പ്രമേയമാക്കി എഴുതിയ കവിതകളാണ് 'ഇടശ്ശേരിപ്പാലം', 'പട്ടാമ്പിപ്പുഴ മണലിൽ', 'ഇരുപ്പ്', 'ലളിതം', 'മാമ്പഴക്കാലം', 'വനഹൃദയം', 'ഹരിതാഭരണം', 'സഹ്യനും അസഹ്യനും', 'കുഴലുകൾ', 'രണ്ടു ജലഗീതങ്ങൾ', 'കാറ്റേ കടലേ' തുടങ്ങിയവ. പ്രകൃതിയിലെ കിളിനാദം പോലെ ലളിതമായി, ശാന്തമായിട്ടാണ് ഉത്തരാധുനിക കവിതയിൽ കവി തന്റെ സ്ഥാനമുറപ്പിച്ചത്.

*'ഇവിടെയുണ്ടു ഞാ*
*നെന്നറിയുവാൻ*
*മധുരമാമൊരു*
*കൂവൽ മാത്രം മതി'* (ലളിതം)

രൂക്ഷമായ പാരിസ്ഥിതികപ്രശ്നത്തിന്റെ തുറന്ന കാഴ്ചയാണ് അദ്ദേഹത്തിന്റെ ഇടശ്ശേരിപ്പാലം എന്ന കവിത. കുറ്റിപ്പുറം പാലത്തിന്റെ പുതുകാല കാഴ്ചയാണിത്. നിളാനദിയുടെ അത്യാസന്നാവസ്ഥയെക്കുറിച്ചാണ് കവിതയിൽ പറയുന്നത്. ഈ കവിതയുടെ തുടർച്ചയാണ് 'പട്ടാമ്പിപ്പുഴ മണലിൽ' എന്ന കവിതയും. മണലൂറ്റിന്റെയും പുഴയുടെ ജഡാവസ്ഥയുടെയും മലയാളിയുടെ പ്രതികരണമില്ലായ്മയുടെയും അതിൽക്കൂടി പ്രകൃതി സ്ത്രീ ചൂഷണാവസ്ഥയെയും കവി ഈ കവിതയിൽ അവതരിപ്പിക്കുന്നു. 'കാറ്റേ കടലേ' എന്ന കവിതയിൽ നമുക്കുചുറ്റും അപ്രത്യക്ഷമാകുന്ന കുന്നുകളെപ്പറ്റി കവി ആശങ്കാകുലനാകുന്നു. വേഗപ്പാതകൾക്കു വേണ്ടി വഴിമാറിക്കൊടുക്കുന്ന കുന്നുകൾ കുത്തക കമ്പനികളുടെ ആജ്ഞാനുവർത്തികളാണ്. പ്രകൃതിയുടെ തനിമകളായ കാറ്റും കടലും തെങ്ങോലയും കുന്നുകളും ഒക്കെ വികസനത്തിനുവേണ്ടി ആധുനിക മനുഷ്യൻ നഷ്ടപ്പെടുത്തുന്ന കാഴ്ചയാണ് ഈ കവിതയിലും നിറയുന്നത്. 'മാമ്പഴക്കാലം' നഷ്ടമായ വൈവിധ്യം നിറഞ്ഞ മാമ്പഴക്കാലം തന്നെയാണ്. കപടരുചി ആസ്വദിച്ച് പ്രകൃതിയുടെ സ്വാഭാവികരുചിയെ തിരിച്ചറിയാതെ പരിസരമലിനീകരണത്തിന് കാരണക്കാരാകുന്ന, കപടതയെ അംഗീകരിക്കുന്ന മലയാളിയെ കവി ആവിഷ്കരിക്കുന്നു. 'ഹരിതാഭരണം' എന്ന കവിത പ്രകൃതിയെ തിരിച്ചറിയുന്ന കവിതയാണ്. തന്റേതായൊരു പരിസ്ഥിതി ബോധം വലിയ ശബ്ദങ്ങളൊന്നുമില്ലാതെ എന്നാൽ പ്രതിരോധത്തിന്റെ ഭാഷയിൽ തന്നെ പി.പി.രാമചന്ദ്രൻ അവതരിപ്പിക്കുന്നുണ്ട്.

ഉത്തരാധുനിക കവികളിൽ തന്റേതായ ശക്തമായ പരിസ്ഥിതിബോധത്താൽ പ്രകൃതിയുടെ സ്വാഭാവികമായ ഇടങ്ങൾ തിരികെ നല്കണമെന്ന നിലപാടാണ് എസ്.ജോസഫ് സ്വീകരിച്ചത്. കവിയുടെ ജീവിതാനുഭവങ്ങൾ ഒക്കെയും പ്രകൃതിയോട് ചേർന്ന് നിന്നാണ് കവി ആവിഷ്കരിച്ചത്. പാർശ്വവത്കൃതരുടെ ജീവിതം പ്രകൃതിയോട് ചേർത്തുവച്ചാണ് കവി വർണിക്കുന്നത്. ഒട്ടൽ എടുക്കാൻ പോകുന്ന പാടവും തോട്ടുവക്കും കൊട്ടനെയ്യുന്ന

ജീവിതവും കട്ടക്കളവും കാട്ടുമൈനയും മണ്ണുകൊണ്ടുള്ള വീടും ചന്ദ്രനും പച്ചയും മഞ്ഞക്കിളിയും ഞാവൽക്കാടും കുട്ടപ്പനയും ചൂണ്ടപ്പനയും ഉപ്പനും പച്ചിലക്കുടുക്കയും ഒക്കെ എസ്.ജോസഫിന്റെ കവിതയിലെ പ്രകൃതിചിഹ്നങ്ങളാണ്. പ്രകൃതിയുടെ സ്വാതന്ത്ര്യത്തിലേക്ക്, സ്വാഭാവികതയിലേക്ക് മലയാളകവിതയെ വിളിച്ചിറക്കിയ കവിയാണ് എസ്.ജോസഫ്. ജനം കൂടുതൽ അറിവു നേടിയപ്പോൾ മലകളെയും മലദൈവങ്ങളെയും മൃഗങ്ങളെയും പാടത്തെയും പാടത്തെ കിളികളെയും ചെറിയ മനുഷ്യരെയും മായ്ച്ചത് 'ഇരുട്ട്' എന്ന കവിതയിൽ അദ്ദേഹം വർണിക്കുന്നുണ്ട്. ജീവലോകത്തിന്റെ സ്വാഭാവികമായ ജീവിതത്തെ പല കവിതകളിലും അദ്ദേഹം അവതരിപ്പിക്കുന്നുണ്ട് (ഉദാ: അറിയാതെ, കുട) എല്ലാ മനുഷ്യരെയും മനുഷ്യരായി അംഗീകരിക്കാത്ത മനുഷ്യലോകം ഉപേക്ഷിക്കാനാണ് കവിക്ക് ആഗ്രഹം.

'കാരി' എന്ന ചെറുകവിതയിൽ 'കാരി'യെപ്പോലുള്ള മത്സ്യങ്ങളെ ഇല്ലാതാക്കുവാൻ അവ വളരുന്ന വെള്ളക്കെട്ട് ഇല്ലാതാക്കുവാൻ ഒരു ലോറി മണ്ണുമായി പുറപ്പെട്ട ആധുനിക മനുഷ്യനെക്കുറിച്ച് കവി മുന്നറിയിപ്പ് നല്കുന്നു. വംശനാശം വരുന്ന മനഞ്ഞിൽ പോലുള്ള മൃഗങ്ങളുടെയും പക്ഷികളുടെയും ഭാഷയുടെയും മനുഷ്യരുടെയും ഒക്കെ അവസ്ഥ കവി അവതരിപ്പിക്കുന്നുണ്ട്. വർത്തമാനകാല ജീവിതത്തിന്റെ സൂക്ഷ്മരാഷ്ട്രീയം കൂടിയാണിത്. വെള്ളത്തെക്കുറിച്ച്, പാറകളെക്കുറിച്ച്, കുന്നുകളെക്കുറിച്ച്, ഗോത്രമനുഷ്യരെ കുറിച്ച് ഒക്കെ 'ചിലർമാത്രം' ആധിപ്പെടുന്നത് 'ചിലർമാത്രം' എന്ന കവിതയിൽ കാണാം. നശിപ്പിക്കപ്പെടുന്ന പരിസ്ഥിതിയെക്കുറിച്ചുള്ള ആധി ന്യൂനപക്ഷത്തിനു മാത്രമായി ചുരുങ്ങിയതിനെക്കുറിച്ച് കവി വ്യാകുലപ്പെടുന്നുണ്ട്. വെള്ളവും വായുവും പരസ്പരം അക്വേറിയമാകുന്ന കാഴ്ച 'അക്വേറിയം' എന്ന കവിതയിൽ കാണാം. 'പക്ഷികളും മൃഗങ്ങളും' എന്ന കവിതയിൽ പ്രകൃതിയുടെ ജൈവികലോകത്തിന്റെ സുഖം ആസ്വദിക്കുന്ന കവിയെ കാണാം. ലളിതം എന്ന കവിതയുടെ മറുവശമാണ് ഇവിടെ തെളിയുന്നത്. 'ചിത്രശലഭങ്ങൾ' എന്ന കവിതയിലെ ചിത്രശലഭങ്ങൾ പ്രകൃതിയുടെ സൗന്ദര്യബോധത്തിന്റെ ആഴം കാണിച്ചുതരുന്നുണ്ട്. 'പെങ്ങൾ' എന്ന കവിതയിലെ ആങ്ങള കവിയുടെ (ഉത്തരാധുനികകാലത്തിന്റെ) മുഴക്കമുള്ള പ്രതിരോധശബ്ദമായി.

*'കുന്നെടുത്തവൻ ഒരു*
*കുഴിയായി വെന്തുരുകണം*
*മണ്ണുവിറ്റുനേടിയവ*
*ഒരു പിടി മണ്ണാകണം*
*മലയിടിക്കുന്ന മലയാളികൾ*
*മലയാളികളല്ലല്ലോ*
*കുന്നെടുത്തവൻ ഒരു*
*കുഴിയായി വെന്തുരുകണം'* എന്ന് ഉറക്കെപ്പറയുന്നു. പ്രത്യാശനിറഞ്ഞ പ്രകൃതിബോധവും ഈ കവിയുടെ പ്രത്യേകതകളാണ്. 'ആഴങ്ങൾ അടച്ചിട്ട പുഴ'യിലെ 'പുഴ' പ്രകൃതി തന്നെയാണ്. തന്റെ ഹരിതസ്വത്തുക്കൾ മുഴുവനായി മനുഷ്യനു വെളിപ്പെടുത്താത്ത പ്രകൃതി. ഭൂമിയുടെ ഏതെങ്കിലും ഒരു കോണിൽ അവ സുരക്ഷിതമായി

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

വയ്ക്കുന്നത് കാണാം. 'ഒരു പുഴയും മുഴുവൻ മീനുകളെയും വിട്ടുകൊടുക്കില്ല' ഇതാണ് പുതുകവിയുടെ പ്രകൃതിബോധം.

മോഹനകൃഷ്ണൻ കാലടി കുട്ടിത്തത്തിന്റെ കാപട്യമില്ലാത്ത കണ്ണിലൂടെയാണ് പ്രകൃതിയെ അവതരിപ്പിക്കുന്നത്. പ്രകൃതിയിൽനിന്ന് അകന്നുപോകുന്ന പുതുതലമുറയെ 'മഴപ്പൊട്ടൻ' എന്ന കവിതയിൽ കാണാം. 'പന്തുകായ്ക്കുന്ന കുന്ന്', 'പ്രവാഹം', 'കുഴിമീൻ', 'പുഴയുടെ കണ്ണുകൾ', 'ഒന്നാനാംകുന്ന്', 'വറ്റിയഭൂമി', 'വേനൽമരങ്ങൾ' തുടങ്ങിയ കവിതകൾ പ്രകൃതിയുടെ നേർക്കുള്ള കവിയുടെ ഓർമ്മപ്പെടുത്തലുകളാണ്.

പ്രകൃതിയിലേക്കുള്ള മടക്കം സുരക്ഷിതത്വത്തിലേക്കുള്ള മടക്കം കൂടിയാണെന്ന് പുതുകവികൾ തിരിച്ചറിയുന്നുണ്ട്. എം.ആർ.രേണുകുമാറിന്റെ 'വിഭവഭൂപടം' ഇത്തരമൊരു അനുഭവമാണ് പങ്കുവയ്ക്കുന്നത്. പ്രകൃതിയുമായുള്ള ജൈവബന്ധം വീണ്ടെടുക്കണമെന്ന ഓർമ്മപ്പെടുത്തൽ കൂടിയാണ് രേണുകുമാറിന്റെ കവിതകൾ. മണ്ണും മണ്ണിരയും ജലവും മീനുകളും കായൽപ്രദേശവും ഒക്കെ രേണുകുമാറിന്റെ കവിതകളിൽ കാഴ്ചകളാണ്. ദളിത് ദർശനത്തോടൊപ്പം പ്രകൃതിദർശനവും സ്ത്രീദർശനവും ആ കവിതകളിൽ ചേരുന്നുണ്ട്.

പി.രാമൻ 'നിശ്ശബ്ദതയ്ക്കൊരു ചരമക്കുറിപ്പ്' എന്ന കവിതയിൽ പച്ചപ്പാടത്ത് ചെമ്മണ്ണു പാതകൾ പോയലിയുന്ന കാഴ്ച ശല്യപ്പെടും എന്നും മരങ്ങൾ ഇരുന്ന കൊമ്പോടെ മാഞ്ഞുപോകും എന്നുമുള്ള ഭീതികൾ അവതരിപ്പിക്കുന്നുണ്ട്. നിശ്ശബ്ദതയുടെ കാലം കഴിഞ്ഞു എന്നും കാട്ടിലെത്തിയാൽ നിശ്ശബ്ദനാകുന്ന തന്റെ കൂട്ടുകാരൻ മരിച്ചു എന്നും കവി ആകുലപ്പെടുന്നു. ഉള്ളതുകൊണ്ട് തൃപ്തിപ്പെടാൻ ശ്രമിക്കുന്ന കവിയെ 'എന്റെ കുടത്തിൽ നിറയാൻ പുഴയ്ക്കൊരു പുഞ്ചിരി മാത്രം മതി' എന്ന വരിയിൽ നാം കാണുന്നു. 'ആഴമേ നിന്റെ കാതലിൽ മീനുകൾ കൊത്തുവേല ചെയ്യുന്നു' എന്ന കവിതയിൽ കവിയുടെ ഒരു കാഴ്ചയുണ്ട്. ആഴവും മീനുകളും തമ്മിലുള്ള ബന്ധം അതിലുണ്ട്.

സെബാസ്റ്റ്യന്റെ പ്രണയകവിതകളിൽ പ്രകൃതി പല രൂപകങ്ങളിൽ തെളിയുന്നു. 'ഋതുക്കൾ വരച്ചത്', 'ജൈവം', 'മുകളിൽ ചീള്', 'ഒറ്റയ്ക്ക് നിൽക്കുന്ന രാത്രി', 'സസ്യം', 'തുള്ളി', 'കാലവർഷം' തുടങ്ങിയ കവിതകൾ ഉദാഹരണം. പ്രകൃതിയിലെ ഓരോ ഘടകങ്ങളും കവിക്ക് പ്രണയം പങ്കുവയ്ക്കാനുള്ള ഇടങ്ങളാകുന്നു. ഒപ്പം പുതിയ കാലത്തെ പരിസ്ഥിതിപ്രശ്നങ്ങൾ ഭീതിയോടെ ആവിഷ്കരിക്കുന്നുണ്ട്. 'ഇരുട്ടുപിഴിഞ്ഞ്' എന്ന സമാഹാരത്തിലെ പരിസ്ഥിതിക്കവിതകൾ ഇതിനുദാഹരണമാണ്. 'റിയൽ എസ്റ്റേറ്റ്' എന്ന കവിതയിൽ ഇനി വിൽക്കാൻ വാനവും പുഴയും മാത്രമേയുള്ളൂ എന്നും ഭൂമിയിടപാടുകാർ കണ്ണുവയ്ക്കാതെ അത് ഒളിച്ചുവയ്ക്കാൻ പാടുപെടുന്ന കവിയെ ഈ കവിതയിൽ കാണാം. 'ആരണ്യകം' എന്ന കവിതയിൽ കാട് വീണ്ടെടുക്കാനുള്ള ശ്രമമാണുള്ളത്. സംഘർഷങ്ങൾ ഇല്ലാത്ത ജീവിതത്തെക്കുറിച്ച്, അതിന്റെ സൗന്ദര്യത്തെക്കുറിച്ചാണ് 'പുഴുക്കളുടെ ജീവിതം' എന്ന കവിത പങ്കുവയ്ക്കുന്നത്. 'പഴയ', 'നിശ്ശബ്ദം', 'ബസിൽ', 'വേനൽമഴയുടെ പുഴ', 'ജൈവശൃഖല', 'ഒരേട്', 'ജീവച്ഛവം', 'ഉമ്മറം', 'മരുപ്പച്ച', 'എന്നിട്ട്', 'ഭൂമിയിൽ ഋതുക്കൾ വന്നു', 'അല്പായുസ്സുകൾ', 'ഉറുമ്പുകൾ', 'വൃക്ഷമേ' എന്നീ കവിതകൾ പ്രകൃതിബോധത്തിന്റെ വൈവിധ്യം വെളിപ്പെടുത്തുന്നുണ്ട്.

---

ഗവൺമെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

വീരാൻകുട്ടിയുടെ കവിതകളിൽ സ്വയം വെളിപ്പെട്ടുനിൽക്കുന്ന അവസ്ഥയിലാണ് പ്രകൃതിയെ ആവിഷ്കരിച്ചിട്ടുള്ളത്. മഴയും മഞ്ഞും മരവും കാറ്റും വെയിലും എല്ലാം നിറഞ്ഞതാണ് ഈ കവിതകൾ. മനുഷ്യനും പ്രകൃതിയും തമ്മിലുള്ള അഭേദ്യമായ ബന്ധത്തിന്റെ തെളിവുകളാണ് ജലഭൂപടം, മാന്ത്രികൻ, ഭൂമിയോടു ചോദിച്ചാൽ, മൺവീറ്, കുഞ്ഞുവരകൾ, കരുതൽ, അടയാളങ്ങൾ തുടങ്ങിയ കവിതകൾ. 'വിരിയുന്ന പൂവിനെക്കുറിച്ചുള്ള കവിതയിൽ' പ്രകൃതിയുടെ സൂക്ഷ്മശ്രദ്ധ എത്രത്തോളമുണ്ടെന്ന് കവി തിരിച്ചറിയുന്നുണ്ട്. ഭൂമിയുടെ സ്വാഭാവികമായ മാറ്റങ്ങൾ അറിയാൻ പരാജയപ്പെടുന്ന മനുഷ്യകുലത്തെ 'കേൾക്കാൻവേണ്ടി അല്ലാത്തവ' എന്ന കവിതയിൽ കവി അവതരിപ്പിക്കുന്നു. കോളയും മോരും തമ്മിലുള്ള വ്യത്യാസം ആവിഷ്കരിക്കുന്ന 'കുടിവെപ്പുകൾ' എന്ന കവിത അധിനിവേശത്തിന്റെ രുചിഭേദം ആധുനികമനുഷ്യനെ പ്രകൃതിയിൽ നിന്ന് എപ്രകാരം അന്യനാക്കുന്നു എന്ന് തെളിയിക്കുന്നു. വീരാൻകുട്ടിയുടെ പ്രണയകവിതകളിൽ പ്രകൃതി തികഞ്ഞ ജൈവഭാവത്തോടെയാണ് തെളിയുന്നത്.

*'വെയിൽ*
*വെള്ളത്തിൽ എന്ന പോലെ*
*നീ എന്നിൽ പ്രവേശിച്ചു*
*മഞ്ഞ്*
*ഇലയിൽ നിന്ന്*
*എന്ന പോലെ*
*തിരിച്ചുപോവുകയും ചെയ്തു'* (സന്ദർശനം)

മരങ്ങളുടെ ആശുപത്രി, തീരേ ചെറിയ ഇനം ചില ഒച്ചകൾ, പെൺമരങ്ങൾ തുടങ്ങിയ കവിതകളൊക്കെ പ്രതിരോധത്തിന്റെ ശബ്ദമായി മാറുന്നു.

വി.എം.ഗിരിജയുടെ 'പ്രണയം ഒരാൽബം', 'ജീവജാലം' എന്നീ കവിതസമാഹാരങ്ങളിൽ പ്രകൃതിയും സ്ത്രീയും ഒന്നാകുന്ന അനുഭവം കാണാം. പ്രകൃത്യനുഭവങ്ങളെ സ്ത്രീയനുഭവങ്ങളുമായി ചേർത്താണ് കവി വർണിക്കുന്നത്. 'സ്ത്രീകളുടെയും പ്രകൃതിയുടെയും മോചനത്തിലൂടെ മാത്രമേ ജൈവവ്യവസ്ഥയിലും സാമൂഹികവ്യവസ്ഥയിലും അതിലൂടെ മനുഷ്യജീവിതത്തിലും സന്തുലിതാവസ്ഥ നിലനിർത്താൻ കഴിയുകയുള്ളൂ' എന്ന ഇക്കോ ഫെമിനിസത്തിന്റെ കാഴ്ചപ്പാട് വി.എം.ഗിരിജയുടെ കവിതകളുടെ സൂക്ഷ്മസ്വരമാണ്. (ഹരിതനിരൂപണം മലയാളത്തിൽ, പുറം. 97). പ്രകൃതിയെയും സ്ത്രീയെയും കനിവോടെ സമീപിക്കുന്ന പുരുഷബിംബമാണ് ഗിരിജയുടെ കവിതകളിൽ നിറയുന്നത്. 'ജീവജലം', 'നഗരവിഷ്ഠ', 'ഉത്സവങ്ങൾ', 'നിശ്ശബ്ദ ഹരിതവനം', 'മരമായിരുന്നു ഞാൻ' തുടങ്ങിയ കവിതകൾ സ്ത്രീപ്രകൃതി അവസ്ഥകളുടെ ലയനം കാണിച്ചുതരുന്നുണ്ട്. കടലും പച്ചപ്പും ഒക്കെ ഗിരിജയുടെ കവിതകളിലെ സവിശേഷ സാന്നിധ്യമാണ്.

അൻവർ അലിയുടെ 'പച്ച്', 'സദാചാരി', വിഷ്ണുപ്രസാദിന്റെ 'മാവ്', 'നദി', മനോജ് കുറൂരിന്റെ 'കുളംതേകൽ', ടി.പി.രാജീവന്റെ 'വെള്ളം', 'മത്സ്യം', 'ഹൊഗനേക്കൽ' തുടങ്ങിയ കവിതകളൊക്കെ പുതുകവിതയുടെ പരിസ്ഥിതിബോധം വഹിക്കുന്നവയാണ്.

മുൻകാല കവിതകളിൽ നിന്ന് വേറിട്ട് കവിത മൂർത്തമായി തന്നെ പ്രകൃതിവിരുദ്ധതകളോട് കലഹിക്കുന്ന കാഴ്ച കാണാം. ഇത്രമാത്രം കവികൾ പൂർവ്വഘട്ടങ്ങളിലെങ്ങും ഒരുമിച്ച് ഒരു പ്രമേയത്തെ ഏറ്റെടുത്തിട്ടില്ല.

ഇപ്രകാരം പ്രകൃതിയുടെ നിലനിൽപ്പ് ജീവന്റെ നിലനിൽപ്പുതന്നെയാണെന്ന് പുതു കവികൾ തിരിച്ചറിയുന്നുണ്ട്. വികസനവും നാഗരികതയും യന്ത്രവത്ക്കരണവുമെല്ലാം പ്രകൃതിയുടെ സ്വാഭാവികതയെ എത്രവേഗമാണ് മായ്ചുകളയുന്നതെന്ന് പുതുകവിത മുന്നറിയിപ്പുനൽകുന്നു. പ്രളയവും വരൾച്ചയുമുൾപ്പെടെയുള്ള കാലാവസ്ഥാവ്യതിയാനങ്ങൾ പ്രകൃതിയെ സംരക്ഷിക്കേണ്ടതിന്റെ അനിവാര്യതയെയാണ് ചൂണ്ടിക്കാട്ടുന്നത്. നിതാന്തമായ പാരിസ്ഥിതികബോധത്തിന്റെ ചിഹ്നമായി പുതുകവിത മാറുന്നതും അതുകൊണ്ടാണ്.

## സഹായകഗ്രന്ഥങ്ങൾ

1. *ഡോ. ആനന്ദ് കാവാലം, മലയാളകവിതയും പരിസ്ഥിതിയും, കറൻറ് ബുക്സ്, തൃശ്ശൂർ, 2013*
2. *ജി.മധുസൂദനൻ(എഡി),ഹരിതനിരൂപണം മലയാളത്തിൽ, കറൻറ് ബുക്സ്, തൃശ്ശൂർ, 2015*
3. *പ്രൊഫ. പന്മന രാമചന്ദ്രൻനായർ (എഡി.), പരിസ്ഥിതിപഠനങ്ങൾ, കറൻറ് ബുക്സ്, തൃശ്ശൂർ, 2013*
4. *ഡോ.എം.എസ്.പോൾ, ഉത്തരാധുനിക കവിതാപഠനങ്ങൾ, റെയ്ൻബോ ബുക്സ്, ചെങ്ങന്നൂർ, 2010*
5. *എസ്.ജോസഫ്, മീൻകാരൻ, ഡി.സി.ബുക്സ്, കോട്ടയം, 2003*
6. *എസ്.ജോസഫ്, കറുത്തകല്ല്, ഡി.സി.ബുക്സ്, കോട്ടയം, 2007.*
7. *എസ്.ജോസഫ്, ചന്ദ്രനോടൊപ്പം, ഡി.സി.ബുക്സ്, കോട്ടയം, 2013.*
8. *റഫീക്ക് അഹമ്മദ്, റഫീക്ക് അഹമ്മദിന്റെ കവിതകൾ, മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2014*
9. *വീരാൻകുട്ടി, വീരാൻകുട്ടിയുടെ കവിതകൾ, ഡി.സി.ബുക്സ്, കോട്ടയം, 2013*
10. *ദേവേശൻ പേരൂർ, പുതുകാലം, പുതുകവിത, ഇൻസൈറ്റ് ബുക്സ്, കോഴിക്കോട്, 2010*

# പാരിസ്ഥിതിക നാടോടിവിജ്ഞാനീയവും സാഹിത്യപഠനവും

**അഞ്ജു ഗോപാൽ വി. എസ്.**
ഗവേഷക, യൂണിവേഴ്സിറ്റി കോളെജ്, തിരുവനന്തപുരം

**പ്രബന്ധസംഗ്രഹം**

നാടോടിവിജ്ഞാനീയത്തിലെ പുതിയൊരു അന്വേഷണമേഖലയാണ് പാരിസ്ഥിതിക നാടോടിവിജ്ഞാനീയം. അത് എന്താണെന്നും, അതിനെ മുൻനിർത്തി സാംസ്കാരികവും സാഹിതീയവുമായ വിശകലനങ്ങൾ നടത്തുന്നത് എങ്ങനെയെന്നുമുള്ള അന്വേഷണമാണ് ഈ പ്രബന്ധം. സാഹിത്യത്തെ വിശകലനം ചെയ്യാൻ ഈ പുതിയ വൈജ്ഞാനികമേഖല എങ്ങനെ കൂടുതൽ ഉപയുക്തമാകും എന്നും പറയാൻ ശ്രമിച്ചിരിക്കുന്നു.

***താക്കോൽവാക്കുകൾ:*** നാടോടിവിജ്ഞാനീയം, പാരിസ്ഥിതികനാടോടി വിജ്ഞാനീയം, ഫോക്‌ലോർ ധർമ്മങ്ങൾ, ഘടനാവാദാനന്തര ധർമ്മങ്ങൾ, ഉത്തരാധുനികത, പാരിസ്ഥിതികത.

ആധുനികത മാനവികജീവിതത്തിൽ സൃഷ്ടിച്ച അന്യവൽക്കരണത്തിൽ നിന്നും സാംസ്കാരികമായ ഒറ്റപ്പെടലിൽനിന്നും രക്ഷപ്പെടുന്നതിന് നടത്തിയ അന്വേഷണങ്ങളാണ് നാടോടിവിജ്ഞാനീയം (folkloristics) എന്ന വിജ്ഞാനമേഖലയുടെയും പിറവിക്ക് കാരണം. മനുഷ്യമനസ്സുകളെക്കുറിച്ചുള്ള പൂർണ്ണനിരീക്ഷണവും പാരമ്പര്യവഴക്കങ്ങളെക്കുറിച്ചുള്ള അന്വേഷണവും പരിസ്ഥിതിയെക്കുറിച്ചുള്ള പരോക്ഷമായ അവബോധവും ഇതിന്റെ ആന്തരികമായ അന്വേഷണപരിധിയിൽ വരാവുന്ന വിധം, അതുടലെടുത്ത കാലം മുതൽ ഇന്നോളം വലിയ സംഭാവനയാണ് മാനവികവിജ്ഞാനശാഖയിൽ നാടോടി വിജ്ഞാനീയം നൽകിക്കൊണ്ടിരിക്കുന്നത്.

സാധാരണ മനുഷ്യരുടെ ജീവിതസംസ്കാരത്തെക്കുറിച്ചുള്ള വിജ്ഞാനമെന്ന നിലയിൽ വളർന്നു വന്ന സാംസ്കാരികശാസ്ത്രപഠനമായ നാടോടിവിജ്ഞാനീയം, സാമൂഹികവും

വൈകാരികവുമായ സൂക്ഷ്മജീവിതങ്ങളുമായി ബന്ധം പുലർത്തുന്നു. ജനസംസ്കാരത്തിന്റെ വിവിധ മണ്ഡലങ്ങളിൽ സംഭവിക്കുന്ന മാറ്റങ്ങളെ വലിയ പ്രാധാന്യത്തോടെയാണ് നാടോടിവിജ്ഞാനീയം നോക്കിക്കാണുന്നത്. മാറ്റങ്ങൾ സമൂഹത്തിൽ സൃഷ്ടിക്കുന്ന പ്രശ്നങ്ങളെ അവ ശാസ്ത്രീയമായി അപഗ്രഥിക്കുകയും ചെയ്യുന്നു. അബോധമനഃശാസ്ത്രം നാടോടിവിജ്ഞാനീയത്തിൽ വലിയൊരു പ്രയോഗോപാധി (device)യായിത്തീർന്നത് അതുകൊണ്ടാണ്.

ഒരനുഷ്ഠാനമോ ആചാരമോ ജീവിതത്തിന്റെ ഭാഗമാകുമ്പോൾ അതെന്തുകൊണ്ടു സംഭവിക്കുന്നു എന്നന്വേഷിക്കാൻ അതിനെ ചിട്ടപ്പെടുത്തിയിരിക്കുന്ന പ്രക്രിയകളിലും അതിലുപയോഗിച്ചിരിക്കുന്ന വാങ്മയങ്ങളിലുമാണ് ഫോക്‌ലോറിസ്റ്റ് എത്തിച്ചേരുന്നത്. ഇവ ഓരോന്നായി അഴിച്ചെടുക്കുകയും വിശദീകരിക്കുകയും ചെയ്യുന്ന ദൗത്യമാണ് നാടോടിവിജ്ഞാനീയം രൂപപരമായി ചെയ്യുന്നത്. തൽഫലമായി സംഭവിക്കുന്നത് ഇവ ഏതു ജനതയുടേതാണോ ആ ജനതയെ വിശദീകരിക്കുന്ന പ്രവർത്തനമായി അതു മാറുന്നു. ഫോക്‌ലോർ, ഒരു ജനതയുടെ ആത്മകഥാപരമായ വംശഗാഥയാണെന്നും, ആ ജനത അവരെക്കുറിച്ചു പറയുന്ന വിവരങ്ങളാണെന്നും അലൻ ഡെൻറിസ് പറയുന്നത് അതിനാലാണ്[1].

രൂപപരമായ പ്രാധാന്യം ഫോക്‌ലോറിനെ സംബന്ധിച്ച് വളരെ പ്രധാനമെങ്കിലും, രൂപപരതയുടെ പഠനം കൊണ്ടുമാത്രം ഫോക് വിജ്ഞാനങ്ങളുടെ അന്വേഷണം പൂർണ്ണമാവുകയില്ല. അതിനു വേണ്ടത്, കൂടുതൽ സമഗ്രവും കൂടുതൽ സൂക്ഷ്മവുമായ അന്വേഷണരീതികളാണ്. ഈ അന്വേഷണരീതികൾ ഫോക് ലോറുകൾക്കുള്ളിലെ വൈജ്ഞാനികാംശങ്ങളെ നിർദ്ധാരണം ചെയ്യുകയും പുതിയ പഠനസമീപനങ്ങൾ വികസിപ്പിച്ചെടുക്കുകയും ചെയ്യുന്നു. അങ്ങനെ രൂപപ്പെട്ടുവരുന്ന ഒരു അന്തർവൈജ്ഞാനിക പഠനമേഖലയാണ് പാരിസ്ഥിതികനാടോടിവിജ്ഞാനീയം (eco-fokloristics).

## ധർമ്മങ്ങളുടെ പുനർനിർവ്വചനം

ഭൂതകാലത്തിന്റെ ഗൃഹാതുരമായ പാരമ്പര്യബോധത്തിലേക്ക് വിരൽ ചൂണ്ടാൻ നാടോടിവിജ്ഞാനീയം (folkloristics) സഹായിക്കുന്നു എന്നത് പ്രാഥമികമായ ഒരു വസ്തുത മാത്രമാണ്. എന്നാലതിനെ ഭൂതകാലാവസ്ഥകളിലേക്ക് പിൻമടങ്ങാനുള്ള മാർഗ്ഗമായല്ല, വർത്തമാനകാലത്ത് അനിവാര്യമായ പുതിയ സാമൂഹികഘടന സൃഷ്ടിക്കുന്നതിനുള്ള അറിവായി ഉപയോഗപ്പെടുത്താനാണ് ശ്രമിക്കേണ്ടത്. ഗ്രിം സഹോദരൻമാരുടെ കാഴ്ചപ്പാടിൽ നിന്നും മാറിനിന്ന് ഫോക്‌ലോറിന്റെ സാധ്യതകളെ വിശദീകരിക്കാൻ ശ്രമിച്ച അലൻ ഡൻറിസ് ഈ സമീപനമാണ് പുലർത്തിയത്. വർത്തമാനകാലത്തെ വികസിപ്പിക്കുന്നതിൽ ഫോക് ലോറിന്റെ പ്രാധാന്യം ഊന്നിപ്പറഞ്ഞ അദ്ദേഹം, പലരും വിശ്വസിക്കുന്നതുപോലെ ഭൂതകാലത്തിന്റെ തിരുശിഷ്ടമാണ് (relic) നാടോടിഅറിവുകൾ എന്ന നിലയിലല്ല ഫോക്‌ലോറിനെ കണ്ടത്; വർത്തമാന വിഷയങ്ങളെ ആവിഷ്കരിക്കുന്നതിനുള്ള ഒരു ഉപാധി എന്ന നിലയിലാണ്[2].

ഉത്തരാധുനിക കാലഘട്ടത്തിൽ, പുരോഗതിയുടെ അനിയന്ത്രിതമായ ലോക

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

ക്രമത്തെയാണ് മുതലാളിത്തത്തിന്റെ ഉയർന്ന രൂപങ്ങൾ സൃഷ്ടിച്ചത്. അധിനിവേശത്തിന്റെ പുതിയ തരംഗങ്ങളെ അവ വ്യാപകമാക്കി. പരമ്പരാഗത ധാർമ്മികമൂല്യങ്ങൾക്ക് പ്രച്ഛന്നമായ വില കൽപ്പിക്കുന്ന ഒരു സാമൂഹികക്രമവും സംസ്കാരവുമാണ് അതിലൂടെ രൂപപ്പെട്ടു വന്നത്. അവയെക്കുറിച്ച് ഫോക്‌ലോറുകളെ മുൻനിർത്തി മനസ്സിലാക്കണമെങ്കിൽ ഫോക്‌ലോറിന്റെ ഘടനാവാദാനന്തര (post-structural) ധർമ്മങ്ങളെപ്പറ്റി അറിഞ്ഞേ മതിയാവൂ.

ക്ലാസ്സിക്കൽ നാടോടിവിജ്ഞാനീയം വളരെ പ്രാധാന്യത്തോടെ അന്വേഷിച്ചിരുന്ന മേഖലയാണ് ഫോക്‌ലോർ ധർമ്മങ്ങൾ. നിസ്സാരവും സരളവും യുക്തിരഹിതവുമെന്നു തോന്നുന്നതുമായ ഫോക്‌ലോർ പോലും ഏതെങ്കിലും ചില ധർമ്മങ്ങളെ ഉൾക്കൊള്ളുന്നു. ഫോക്‌ലോറിന് സമൂഹത്തിൽ ധർമ്മമില്ലാതെ വരുമ്പോൾ അത് സ്വയം നശിക്കും. മാറി വന്ന പുതിയ സാഹചര്യത്തിൽ പുതിയ സമൂഹത്തിൽ ധർമ്മം നഷ്ടപ്പെട്ടുപോയ ഒരു ഫോക്‌ലോറിന് നിലനിൽപ്പില്ല. എന്നാൽ ഇവിടെ ധമ്മം നശിക്കുന്നില്ല; ഘടകത്തിനു മാത്രമാണ് നാശം സംഭവിക്കുന്നത്. രൂപപ്പെടുത്തിയെടുത്ത ഒരു ഫോക്‌ലോറിന് അതിന്റെ ധർമ്മം നഷ്ടപ്പെടുമ്പോൾ സമൂഹം അബോധമായി അതിനെ തിരോധാനം ചെയ്യിക്കുന്നു എന്ന് ക്ളാസ്സിക്കൽ നാടോടിവിജ്ഞാനീയം കരുതിയിരുന്നു.

ഫോക്‌ലോർ സമൂഹത്തിന് നിറവേറ്റുന്ന ധർമ്മങ്ങളെക്കുറിച്ച് പല പണ്ഡിതന്മാരും ചിന്തിച്ചിട്ടുണ്ട്. വില്യം ആർ ബാസ്കം നിർവ്വചിച്ചിട്ടുള്ള നാലു ധർമ്മൾ ഫോക്‌ലോർ പഠനമേഖലയിൽ വളരെ പ്രസിദ്ധമാണ്. ഇനി പറയപ്പെടുന്നവയാണ് ആ നാല് ധർമ്മങ്ങൾ.

1. ഫോക്‌ലോർ മനുഷ്യന്റെ അടിച്ചമർത്തപ്പെട്ട വികാരങ്ങളുടെയും ആഗ്രഹങ്ങളുടെയും പ്രതിഫലനമാണ്. ഈ അസ്വാസ്ഥ്യത്തിൽ നിന്ന് ഭാവനയുടേതായ ലോകത്തിലേക്ക് രക്ഷ നേടാനുള്ള മാർഗവുമാണത്.

2. ഫോക്‌ലോർ സംസ്കാരത്തിനുള്ള സാധൂകരണമാണ്. ചടങ്ങുകളും ആചാരസംഗതികളും ആചരിക്കുന്നവർക്കും അതിൽ പങ്കെടുക്കുന്നവർക്കും അത് പലതിന്റെയും ന്യായീകരണമാണ്.

3. ഫോക്‌ലോർ അതത് ജനതയുടെ വിദ്യാഭ്യാസത്തിനുള്ള ഉപാധി കൂടിയാണ്; പ്രത്യേകിച്ച് അക്ഷരാഭ്യാസമില്ലാത്ത സമൂഹത്തിൽ.

4. ഫോക്‌ലോർ, സ്വീകരിക്കപ്പെട്ട പെരുമാറ്റച്ചട്ടങ്ങളുടെ നിലനിൽപ്പ് ഉറപ്പുവരുത്തുന്നു.

മുകളിൽ പ്രസ്താവിച്ച നാലു ധർമ്മങ്ങളുടെ വ്യാഖ്യാനപരിസരത്തു നിന്നാണ് ഫോക്‌ലോർ സിദ്ധാന്തം വളർന്നതും വികസിച്ചതും. എന്നാൽ കാലത്തിനനുസരിച്ച് ഫോക്‌ലോർ ധർമ്മങ്ങളും മാറുന്നു. ഫോക്‌ലോർ വ്യത്യസ്ത ധർമ്മങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു എന്ന് ചുരുക്കം. മാറി വന്ന ജീവിത സാഹചര്യത്തിൽ സമൂഹത്തെ ബോധവത്ക്കരിക്കുക എന്നത് ഒരു പ്രധാന ധർമ്മമാണ്. ഉദാഹരണമായി ഭൂമിശാസ്ത്രപരവും ജീവശാസ്ത്രപരവുമായ ഒട്ടേറെ പരിമിതികൾ മനുഷ്യർ അഭിമുഖീകരിക്കുന്നുണ്ട്. ഭൂമി മലിനമാക്കപ്പെടുകയും മനുഷ്യർ വികലമായ ചിന്തകൾക്ക് അടിമപ്പെടുകയും ചെയ്യുന്നു.

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

ഇവിടെ ഇത്തരം പ്രശ്നങ്ങളെ എങ്ങനെ മറികടക്കാം എന്ന അവബോധം രൂപപ്പെട്ടു വരും. ഈ വസ്തുതകളെ തത്വചിന്താപരമായി പുതിയകാലത്ത് ഫോക്‌ലോർ കൈകാര്യം ചെയ്യുന്നു എന്നത് വർത്തമാനകാലത്തിൽ ഫോക്‌ലോർ നിർവഹിക്കുന്ന ധർമ്മത്തിന്റെ സവിശേഷവും വിഷയാധിഷ്ഠിതവുമായ പ്രാധാന്യത്തെയാണ് സൂചിപ്പിക്കുന്നത്.

വില്യം ആർ ബാസ്കം ചൂണ്ടിക്കാണിച്ച ധർമ്മങ്ങളെക്കൂടാതെ പുതിയകാലത്ത് അനേകം ധർമ്മങ്ങൾ ഫോക്‌ലോർ ഉൾവഹിക്കുന്നതായി കാണാം. ഇവയെ സൂക്ഷ്മവിശകലനം നടത്തുന്നതിന്റെ ഭാഗമായാണ് ഘടനാവാദാനന്തരമായ ധർമ്മങ്ങൾ എന്നു വിളിച്ചത്. ബഹുവൈജ്ഞാനികതയുടെ ഭാഗമായി ആദ്യകാലത്തെ ഫോക് ലോറിസ്റ്റിക്സുകൾ പുലർത്തിയിരുന്ന വിജ്ഞാനവീക്ഷണം ഘടനാവാദാത്മകമായിരുന്നു. ലെവിസ്ട്രോസിന്റെ പഠനങ്ങൾ ആ വഴിക്കാണല്ലോ വിരൽ ചൂണ്ടുന്നത്. ഉത്തരഘടനാവാദം അത്തരം സമീപനങ്ങളിൽ വ്യാപകമായ പുതുക്കിപ്പണിയലുകളാണ് നടത്തിയത്. അർത്ഥങ്ങളുടെ വിനിമയശക്തിയെ സാമൂഹ്യശാസ്ത്രവൽക്കരിച്ച ഘടനാവാദം നാടോടിവിജ്ഞാനീയത്തെ വളർത്തിയ ദാർശനികപദ്ധതിയാണ്. പൂർണ്ണമായല്ലെങ്കിലും, ഉത്തരഘടനാവാദം ആ പദ്ധതിയെ അട്ടിമറിച്ചു എന്നു പറയാം. പാരമ്പര്യവിജ്ഞാനത്തിന്റെ സാമൂഹികത എന്ന ആശയം ഘടനാവാദപരമായിരുന്നെങ്കിൽ, വ്യക്തിയിലെ പാരമ്പര്യാംശത്തെ വേർപിരിച്ചു പഠിക്കുന്ന രീതി ഉത്തരഘടനാവാദപരമാണ്. സ്റ്റിത്ത് തോംസനെപ്പോലുള്ളവരാണ് ഇത്തരം മാറ്റത്തിന് തുടക്കമിട്ടവർ. കൃതിയുടെ പാഠ്യപരതയ്ക്കു (textualtiy) സമാനമാണ് വ്യക്തിയുടെ പാരമ്പര്യാംശത്തെ ഒറ്റതിരിഞ്ഞു പഠിച്ചെടുക്കുന്ന രീതി. സമൂഹം, ബഹുസ്വരാത്മകമാണെന്ന ആശയം, നാടോടിവിജ്ഞാനത്തിന്റെ ധർമ്മങ്ങളിൽ പ്രതിഫലിക്കുന്നതെങ്ങനെ എന്ന അന്വേഷണമാണ് പുതിയ ധർമ്മങ്ങളുടെ കണ്ടെത്തലിലേക്ക് നയിക്കുന്നത്.

അവയിൽ ചിലത് ചുവടെ നൽകുന്നു:

1. സാംസ്കാരിക മൂല്യങ്ങളെ വിമർശാത്മകമായി സംരക്ഷിക്കുക.
2. സാമൂഹിക വഴക്കങ്ങളെ പരിഷ്കരിച്ച് നിലനിർത്തുക.
3. വിനോദത്തിലൂടെ വിജ്ഞാനത്തെ വിപണനം (Info-tainment) ചെയ്യുക.
4. രാഷ്ട്രീയമായ പ്രതിരോധതലം സൃഷ്ടിക്കുക.
5. അബോധരാഷ്ട്രീയത്തെ തിരിച്ചറിയുക.
6. മനഃശാസ്ത്രപരമായ കരുത്തും അതിജീവന ശക്തിയും നൽകുക.

ഇങ്ങനെ പുനർനിർമ്മിക്കപ്പെടാവുന്ന ഒരു ഫോക്‌ലോർ ധർമ്മമാണ് പാരിസ്ഥിതികമായ സംരക്ഷണം ഉറപ്പുവരുത്തുക എന്നത്. ഈ ധർമ്മമാണ് പരിസ്ഥിതിക നാടോടിവിജ്ഞാനീയം എന്ന മേഖലയെ രൂപപ്പെടുത്തുന്നത്.

## പരിസ്ഥിതിയും ഭൂതകാലവും

'ഒരുകാര്യം ഞങ്ങൾക്കറിയാം ഭൂമി മനുഷ്യന്റേതല്ല മനുഷ്യൻ ഭൂമിയുടേതാണ്. നമ്മളെയൊക്കെ ഒന്നിപ്പിക്കുന്ന രക്തം പോലെ തന്നെ എല്ലാം പരസ്പരം ബന്ധിക്ക

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

പ്പെട്ടിരിക്കുന്നു. ജൈവശ്രേണി മനുഷ്യർ നെയ്തെടുത്തതല്ല, അവൻ അതിലൊരു നൂൽ മാത്രം. അതിനോടു കാണിക്കുന്ന ഏതു ക്രൂരതയും അവർ സ്വയം ഏറ്റുവാങ്ങും'.

ലോകപ്രസിദ്ധമായ ഈ വരികൾ സിയാറ്റിൻ മൂപ്പൻ അമേരിക്കൻ പ്രസിഡന്റിന് എഴുതിയതാണ്. ആധുനികത അതിനോടകം നിർമ്മിച്ചു കഴിഞ്ഞ നശീകരണാത്മകമായ സാമൂഹിക ഘടനയെ പുനർനിർമ്മിച്ച് ധാർമ്മികവും പാരിസ്ഥിതികവുമായ ഭൂമിബോധത്തിലേക്ക് മടങ്ങിച്ചെല്ലാനുള്ള ഉദ്ബോധനം ആ കത്തിലുണ്ട്. പരിസ്ഥിതിചിന്ത ഏറെ പ്രബലമായിക്കഴിഞ്ഞ ഇന്നത്തെ കാലത്ത് സിയാറ്റിൻ റെഡ് ഇന്ത്യൻ മൂപ്പന്റെ കത്ത് കൂടുതൽ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതുണ്ട്.

ഈ കത്തിനെ ഒരു സൂചകമായെടുത്ത് അതിന്റെ ഉദ്ബോധനശക്തിയെ പാരിസ്ഥിതികമായി വിശദീകരിക്കാനാവും. ആദ്യകാലത്ത്, ഇതിലെ കാൽപ്പനികമായ പ്രതിരോധസ്വഭാവത്തെ മാത്രമാണ് സാംസ്കാരിക ചിന്തകർ ശ്രദ്ധിച്ചിരുന്നതെങ്കിൽ ഇന്ന് അങ്ങനെയല്ല സ്ഥിതി. ലോകമാകെയുള്ള സാമൂഹിക പ്രതിരോധത്തിന്റെ പ്രത്യയശാസ്ത്രരേഖയായിത്തീരാൻ അതിനു കഴിഞ്ഞിരിക്കുന്നു. ഈ രേഖയുടെ ശാസ്ത്രീയതയെയല്ല അത് മുന്നോട്ടു വയ്ക്കുന്ന പ്രതിരോധാത്മകതയുടെ രാഷ്ട്രീയത്തെയാണ് പരിസ്ഥിതിചിന്തകൾ ഇന്ന് വീണ്ടെടുക്കാൻ ശ്രമിക്കുന്നത്. ഇതുപോലെ ഒരു ശ്രമമാണ്, ഫോക് വിജ്ഞാനങ്ങൾക്കകത്തെ പാരിസ്ഥിതിക അറിവുകളെ മുൻനിർത്തി പാരിസ്ഥിതിക നാടോടിവിജ്ഞാനീയത്തെ സൃഷ്ടിച്ചെടുക്കാനുള്ള ശ്രമവും.

പാരിസ്ഥിതികനാടോടിവിജ്ഞാനീയത്തെ ഒരു സാമൂഹികസാങ്കേതികവിജ്ഞാനം എന്നും വിളിക്കാം. സാങ്കേതികവിദ്യ പ്രകൃതിക്ക് ദോഷമായിത്തീരുന്നതിനെതിരെ, മനുഷ്യന്റെ അവബോധം പ്രവർത്തിക്കാനാരംഭിക്കുന്നു. ഈ അവബോധം, സ്വയം ഒരു പ്രതിരോധമായി നിലകൊള്ളുകയോ ബദൽ സാങ്കേതികവിദ്യകൾ വളർത്തിയെടുക്കുകയോ ചെയ്യുന്നതിലേക്ക് മനുഷ്യരെ നയിക്കും. രണ്ടായാലും, പ്രതിരോധത്തിന്റെ സങ്കേതം എന്ന നിലയിൽ അവയെ സാമൂഹിക സാങ്കേതിക വിജ്ഞാനം എന്നു തന്നെ വിളിക്കാവുന്നതാണ്. ജീൻ ഗിയാനോയുടെ 'മരങ്ങൾ നട്ട മനുഷ്യൻ' എന്ന കഥയിലെ എൽസിയാഡ് ബോഫിയർ അങ്ങനെയൊരു പ്രതിരോധത്തിന്റെ പ്രതീകമാണ്. മനുഷ്യർ വെട്ടിനശിപ്പിച്ച കാടുകൾ അനേകവർഷമെടുത്ത് ഏകാന്തനായി അയാൾ പുനർജനിപ്പിക്കുന്നു. അതിന് അയാളുടെ കൈയിൽ ആകെയുണ്ടായിരുന്നത് ഒരു ഇരുമ്പുവടിയാണ്. ഒരിടത്ത്, സാങ്കേതികവിദ്യ പ്രകൃതിയെ നശിപ്പിക്കുമ്പോൾ, പ്രകൃതിസ്നേഹത്തിന്റെ അചഞ്ചലമായ രൂപമായി അയാളും അയാളുടെ ദണ്ഡും, ലക്ഷക്കണക്കിന് വിത്തുകൾ മണ്ണിൽകുഴിച്ചിട്ട് ഒരു വനത്തെ ഭൂമിയിൽ നിന്ന് തിരിച്ചുവിളിക്കുന്നു. ഇതിന്റെ സൗന്ദര്യശാസ്ത്രത്തെ നിർദ്ധാരണം ചെയ്യാൻ പാരിസ്ഥിതിക നാടോടിവിജ്ഞാനീയം സഹായകരമായ പഠനപദ്ധതിയാണ്.

ഫോക്‌ലോറിലെ പരിസ്ഥിതി, കൂടുതൽ മൂർത്തവും കൂടുതൽ പ്രാകൃതവും (natural) കൂടുതൽ ജൈവികവുമായിരിക്കും. ഒരു സാഹിത്യകൃതിയെ, നാടോടിവിജ്ഞാനീയത്തെ മുൻനിർത്തി പഠിക്കുമ്പോൾ ലഭിക്കുന്ന സ്വാഭാവികമായ ഒരു ഗുണം ആ കൃതിയുടെ

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

പാരിസ്ഥിതികതലത്തെ കൂടുതൽ ആഴത്തിൽ കൂടുതൽ സമഗ്രതയോടെ പഠിക്കാമെന്ന താണ്. സിയാറ്റിൽ മൂപ്പന്റെ കത്തിനെ ഒരു കൃതിയായി എടുത്താൽ ആ കത്തിൽ സൂചിപ്പിക്കുന്ന അതിസൂക്ഷ്മമായ പാരിസ്ഥിതികഘടകങ്ങളെ വായിച്ചെടുക്കാൻ അതിന്റെ നാടോടിമേഖലകളെത്തന്നെ പഠിക്കേണ്ടി വരും.

പാരമ്പര്യത്തെ, അറിവുകളുടെ വിനിമയവ്യവസ്ഥയായി നിർവ്വചിക്കുകയാണെങ്കിൽ ആ അറിവുകൾക്ക് കാലോചിതമായ വ്യാഖ്യാനം നൽകിക്കൊണ്ട് അവയോട് ഇടപെടാൻ നമുക്കുകഴിയും. പാരിസ്ഥിതിക നാടോടിവിജ്ഞാനീയത്തിന്റെ ലക്ഷ്യം ഇതാണ്. കാലത്തെ ഒരു സൗന്ദര്യസങ്കല്പമായി കണ്ടുകൊണ്ട് വളർന്നുവന്ന പരമ്പരാഗതമായ അറിവുകളുണ്ട്. അവ എല്ലാ ജീവിതമേഖലകളിലുമുണ്ട്. അവയുടെ പാരിസ്ഥിതികത, പ്രകൃതിയുടെ തുലനാത്മകത എന്ന ബോധ്യത്തിൽ ഉറച്ചതാണ്. അവ മതപരമായിരിക്കെത്തന്നെ മതേതരമായ (spiritually secular) അസ്തിത്വമുള്ളവയാണ്. ഓണപ്പൂക്കളം എന്ന അറിവ് അങ്ങനെയൊരു സൗന്ദര്യബോധവും സമതുലികതഭാവനയും ഉള്ളതാണ്. അതിന്റെ ഘടന അടിസ്ഥാനപരമായിത്തന്നെ മതേതരമാണ്. അതുകൊണ്ടാണ്, അതിനെ മതവൽക്കരിച്ചു കൊണ്ട് ന്യൂനീകരിക്കുക എന്ന പ്രവൃത്തി പാരിസ്ഥികമല്ല എന്നു പറയാനാവുന്നത്. ഓണം, സാർവദേശീയമായ ഒരു വിമോചനസ്മരണയാണ് എന്ന അർത്ഥത്തിൽ കവിതയെഴുതിയ വൈലോപ്പിള്ളി ആ ആശയത്തെയാണ് വിളിച്ചുപറഞ്ഞത്. ആ കവിതയിൽ ഉപയോഗി ച്ചിട്ടുള്ള അബോധമായ പ്രകൃതികല്പനകൾ ഇനിയുമേറെ പഠനങ്ങൾ ആവശ്യപ്പെടുന്ന വയുമാണ്.

മലയാളത്തിലെ ആദ്യത്തെ പാരിസ്ഥിതികസൗന്ദര്യശാസ്ത്രപുസ്തകം എന്നറിയ പ്പെടുന്ന 'പരിസ്ഥിതിസൗന്ദര്യശാസ്ത്രത്തിന് ഒരു മുഖവുര'യിൽ അതിന്റെ സിദ്ധാന്ത ഭാഗം അവതരിപ്പിച്ചിരിക്കുന്നത് ഫോക്‌ലോറിക് ആയിട്ടാണെന്നു പറയാം. പരിസ്ഥിതി സൗന്ദര്യശാസ്ത്രത്തിന്റെ കേന്ദ്രം ജീവശാസ്ത്രം ആയിരുന്നെങ്കിൽ ഇന്നത് സാമൂഹിക ശാസ്ത്രമാണ് എന്ന മാറ്റം അവതരിപ്പിച്ചുകൊണ്ടാണ് ഡോ. ടി.പി. സുകുമാരൻ ആ കൃതിയുടെ ഉപക്രമം ആരംഭിക്കുന്നതുപോലും. "ഒരിരുപത്തഞ്ചു വർഷം മുൻപ് ജീവികളും പരിസരവും തമ്മിലുള്ള ബന്ധത്തിന്റെ പഠനമായിരുന്നു പരിസ്ഥിതിശാസ്ത്രം. ജീവശാസ്ത്രത്തിന്റെ ഒരു ശാഖ എന്ന നിലയ്ക്ക് പച്ചത്തവളയുടെ പച്ചനിറം, കടുവയുടെ വര, ഓന്തിന്റെ നിറം മാറ്റം എന്നിങ്ങനെ ചിലതിന്റെ അർത്ഥം തേടുന്നതിനപ്പുറം അതു പോയില്ല. ഇന്നെന്നാൽ സ്ഥിതി മാറിയിരിക്കുന്നു. മനുഷ്യവംശത്തിന്റെയും പരിസ്ഥിതി യുടെയും സാമവായികത്വമായിരിക്കുന്നു അതിന്നു വിഷയം."[3] 1980കളുടെ മധ്യത്തിൽ അദ്ദേഹം ഇങ്ങനെ പ്രവചിക്കുകയും ചെയ്തു: 'ആസന്നഭാവിയിലെ ആഗോളരാഷ്ട്രീയം പരിസ്ഥിതി രാഷ്ട്രീയമായിരിക്കാനാണ് ന്യായം' എന്ന്. അതോടൊപ്പം ഫുക്കുവോക്ക, ഇവാൻ ഇല്ലിച്ച് എന്നീ വ്യക്തികളെയും ചിപ്കോ പോലുള്ള പ്രസ്ഥാനങ്ങളെയും അദ്ദേഹം ഉദ്ധരിക്കുകയും ചെയ്തു.

സാഹിത്യപഠനത്തിന് മികച്ച സൈദ്ധാന്തികപരിസരം നല്കാൻ പാരിസ്ഥിതിക നാടോടിവിജ്ഞാനീയത്തിനു കഴിയും എന്ന് പറയാൻ കാരണം ടി.പി.സുകുമാരന്റെ ഈ നിരീക്ഷണമാണ്. ഫോക്‌ലോർ പഠനത്തിൽ സാധാരണ പറയാറുള്ള ലോകവീക്ഷണം

എന്ന ആശയത്തെ വിശദീകരിക്കാൻ എളുപ്പത്തിൽ കഴിയുന്ന ഒരു ഭാഷാവസ്തുവാണ് സാഹിത്യം എന്നതുകൊണ്ട് പ്രത്യേകിച്ചും.

## അടിക്കുറിപ്പുകൾ

1. *Dundes, Alan. "Meaning of Folklore". The Analytical Essays of Alan Dundes. Ed.Simon J. Bronner . Universtiy Press of Colorado, 2007. page.53*
2. *ടി. ലേഖനം, പു.54.*
3. സുകുമാരൻ, ടി. പി. പരിസ്ഥിതി സൗന്ദര്യശാസ്ത്രത്തിന് ഒരു മുഖവുര, തായാട്ട് പബ്ലിക്കേഷൻസ്, 2001

## ഗ്രന്ഥസൂചി

1. *അജിത്കുമാർ എൻ., ഫോക്‌ലോർ സാഹിത്യനിരൂപണം: തത്ത്വവും പ്രയോഗവും. കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2005.*
2. *അജു.കെ.നാരായണൻ (ഡോ.), ഫോക്‌ലോർ പാഠങ്ങൾ പഠനങ്ങൾ, സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം, 2011.*
3. *ഫുക്കുവോക്ക, പ്രകൃതിയിലേക്ക് മടങ്ങാൻ. (വിവ.) കെ.എം.ആർ.മോഹൻ, ഡി.സി ബുക്ക്സ്, കോട്ടയം, 2004.*
4. *മധുസൂദനൻ, പി. കഥയും പരിസ്ഥിതിയും. കറൻറ് ബുക്സ്, കോട്ടയം, 2006.*
5. *രാഘവൻ, പയ്യനാട് (ഡോ.) (എഡി.), കേരള ഫോക്‌ലോർ, ഫോക്‌ലോർ ഫെല്ലോസ് ഓഫ് മലബാർ, 1997.*
6. *സോമൻ. പി. (ഡോ.), ഫോക്‌ലോർ സംസ്കാരം, കേരള ഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2004.*
7. *Ben, Amos. Folklore in context, South Asian Publishers, New Delhi, 1982*

# ദേശീയതയുടെ വ്യവഹാരങ്ങൾ ബംഗാളികലാപം എന്ന നോവലിൽ

**സലീന എസ്.**
അസി. പ്രൊഫസർ, ഗവ. വിക്ടോറിയ കോളെജ്, പാലക്കാട്

**പ്രബന്ധസംഗ്രഹം**

ധാരാളം ചർച്ചകൾക്ക് വിധേയമായ പദങ്ങളാണ് ദേശം, ദേശീയത, ദേശരാഷ്ട്രം തുടങ്ങിയ സങ്കല്പനങ്ങൾ. ചരിത്രപരമായും തത്വചിന്താപരമായും മന:ശാസ്ത്രപരമായും ഈ സങ്കല്പനങ്ങൾ പഠിക്കപ്പെടുന്നുണ്ട്. ദേശീയതയുടെ യുക്തി ഉൾക്കൊള്ളലിന്റേതല്ല (inclusion) പ്രവർജനത്തിന്റേതാണ് (exclusion). ജനകേന്ദ്രിതസാമൂഹ്യക്രമമായ ദേശീയതയിൽ നിന്ന് പുറന്തള്ളപ്പെടുന്ന അപരസ്വത്വങ്ങൾ പലപ്പോഴും സ്വത്വത്തിന്റെ മാനകരൂപങ്ങളിൽ നിന്ന് വേർപെട്ടു പോയവർ കൂടിയായി മാറുന്നുണ്ട്. മലയാളിയുടെ ദേശ/സ്വത്വ ബോധത്തിലൂടെ രൂപം കൊള്ളുന്ന അപരത്വ നിർമ്മിതിയും ഇന്ത്യൻ ദേശീയതാസന്ദർഭത്തിൽ അപരങ്ങളായി നിർവചിക്കപ്പെട്ട മുസ്ലിം സ്വത്വങ്ങളുടെ സമകാല രാഷ്ട്രീയപ്രതിസന്ധികളും ഉത്തരാധുനിക സന്ദർഭത്തിൽ സാഹിതീയവൽക്കരിക്കപ്പെടുന്നു. ആ നിലയിൽ കേരളത്തിലെ ഇതര സംസ്ഥാന തൊഴിലാളികളുടെ ജീവിതം പ്രമേയമാക്കി രചിക്കപ്പെട്ട അമലിന്റെ ബംഗാളികലാപം എന്ന നോവലിനെപ്പറ്റിയുള്ള ആലോചനകളാണ് പ്രബന്ധത്തിൽ ഉൾച്ചേർത്തിരിക്കുന്നത്.

**താക്കോൽവാക്കുകൾ:** ദേശം, ദേശീയത, ദേശരാഷ്ട്രം, അപരത്വം, റാഷണലിസം, സത്യാനന്തരത

ദേശം എന്ന വാക്കിന് നാട്, ദിക്ക്, കര, സാമ്രാജ്യം, സ്ഥലം എന്നിങ്ങനെ പല അർഥങ്ങൾ പറയാം. ദേശത്തിന്റെ സ്വാഭാവിക ഉള്ളടക്കമല്ല ദേശീയത. ഏതെങ്കിലും ചരിത്രസന്ദർഭത്തിൽ ഒരു ദേശത്തിന് കൈവരുന്ന സവിശേഷ അവബോധമോ ക്രമപ്പെടുത്തലോ ആണത്. ദേശീയതയുടെ വ്യവഹാരങ്ങൾ സ്വാഭാവികമായി എല്ലാ

വരെയും ഉൾക്കൊള്ളുന്നില്ലെന്നും അതിന് പുറത്തു നിൽക്കുന്ന സ്വത്വങ്ങൾ തമസ്കരിക്കപ്പെടാമെന്നും എം. പി. പോൾ സൂചിപ്പിക്കുന്നുണ്ട്. ലിയ ഗ്രീൻഫെൽഡ് ആധുനികതയുടെ സാംസ്കാരിക ഭൂപ്രദേശമായി ദേശത്തെ നിർവചിക്കുന്നു. ദേശം, ദേശീയത, ദേശരാഷ്ട്രം എന്നിവ പ്രത്യേകതരം സാംസ്കാരിക നിർമ്മിതികളാണെന്ന് ബെനഡിക്ട് ആൻഡേഴ്സണും പറയുന്നുണ്ട്. അച്ചടി മുതലാളിത്തം എന്ന സങ്കല്പമാണ് ഈ ആശയം വിശദീകരിക്കുന്നതിനായി അദ്ദേഹം മുന്നോട്ടുവച്ചത്. ഭാവനാദത്തമായ ദേശം (imagined communtiy) എന്നാണ് ആൻഡേഴ്സൺ ദേശത്തെ അടയാളപ്പെടുത്തുന്നത്. ഉത്തരാധുനികതയ്ക്ക് ശേഷമുള്ള ചരിത്ര സന്ദർഭത്തിൽ ആധുനികകാലത്തെ രാഷ്ട്രദേശീയതായുക്തികൾ പഴയ മട്ടിൽ നിലനിൽക്കുന്നില്ല എന്നും അദ്ദേഹം നിരീക്ഷിക്കുന്നുണ്ട്.

ദേശം എന്നത് ആധുനികതയുടെ രാഷ്ട്രീയ ഭൂപ്രദേശവും പ്രതിനിധാന വ്യവസ്ഥയുമാണ്. ദേശമെന്നോ ദേശരാഷ്ട്രമെന്നോ വിളിക്കപ്പെട്ട രാഷ്ട്രീയ സാമൂഹിക സാംസ്കാരിക സമൂഹങ്ങളിലാണ് ആധുനികത നിർവചിക്കപ്പെട്ടത്. ഗ്രീൻഫെൽഡ് ദേശീയതയെ ഒരു umbrella term എന്ന നിലയിലാണ് വീക്ഷിച്ചത്. ജനം എന്ന സംവർഗത്തിൽ അധിഷ്ഠിതമായ സങ്കല്പനപരമായ സൃഷ്ടിയായാണ് ഗ്രീൻ ഫെൽഡ് ദേശീയതയെ പരിഗണിക്കുന്നത്. ആധുനികതാസന്ദർഭത്തിൽ ദേശം എന്നതിന് സമാനമായി ജനം എന്ന് ഉപയോഗിക്കപ്പെട്ടപ്പോൾ തന്നെ വരേണ്യവർഗം എന്ന മട്ടിലുള്ള അർഥം കൈവന്നു എന്നും ഗ്രീൻഫെൽഡ് സൂചിപ്പിക്കുന്നു.

ഇന്ത്യൻ ദേശീയതയുടെ ചരിത്രസന്ദർഭം അധിനിവേശകാലമാണ്. യൂറോപ്യൻ ദേശീയതാസന്ദർഭത്തിൽ നിന്ന് വ്യത്യസ്തമായി മൂന്നാംലോകരാജ്യങ്ങളിൽ കോളനീകരണത്തോടുള്ള പ്രതികരണവും പ്രതിരോധവുമായാണ് ദേശീയത നിർവചിക്കപ്പെട്ടത്. കോളനിവൽക്കരണത്തെ എതിർക്കുക എന്ന നിഷേധധർമ്മം കൂടി ഇന്ത്യൻ സമൂഹത്തിൽ ദേശീയതയ്ക്കുണ്ടായിരുന്നു. ആദർശവൽക്കരിക്കപ്പെട്ടതും അമൂർത്തവുമായ ഇന്ത്യൻ സംസ്കാരമാണ് ഇന്ത്യൻ ദേശീയത ഉയർത്തിപ്പിടിച്ചത്. ഈ നിലയിൽ ദേശീയത എന്ന സാംസ്കാരിക നിർമ്മിതി അപരങ്ങളെ (other) സൃഷ്ടിക്കുകയുണ്ടായി. ഇതിനെതിരെ പത്തൊമ്പതാം നൂറ്റാണ്ടിൽ തന്നെ ചില പ്രതിരോധസ്വരങ്ങൾ ഉയർന്നു വന്നെങ്കിലും അതിന് വേണ്ടത്ര അംഗീകാരം കിട്ടിയെന്ന് കരുതാനാകില്ല.

## നോവലിലെ ദേശീയതായുക്തികൾ

കൊളോണിയൽ ദേശീയ ആധുനികതയുടെ സാംസ്കാരിക വ്യവഹാരങ്ങൾ പത്തൊമ്പതാം നൂറ്റാണ്ടു മുതൽ സൃഷ്ടിച്ച രാഷ്ട്രീയ സാഹിത്യ പ്രതലങ്ങളുടെ നിർമ്മിതിയാണ് നോവൽ. ആധുനികാനന്തരതയുടെ ഭാവുകത്വപരിസരത്തിൽ നോവൽ എന്ന സാഹിത്യരൂപം ആധുനികതയുടെ സാംസ്കാരിക സമവാക്യങ്ങളോട് പലതരത്തിലും കലഹിക്കുന്നു. യൂറോപ്പിൽ ആധുനിക ദേശരാഷ്ട്രത്തിന്റെ ഉത്ഭവവും വികാസവും സംഭവിച്ച കാലത്താണ് നോവലും പിറവിയെടുക്കുന്നത്. യൂറോപ്യൻ സാഹചര്യങ്ങളിൽ നിന്ന് വ്യത്യസ്തമായി അധിനിവേശത്തിലൂടെയുണ്ടായ സ്വത്വപ്രതിസന്ധികൾക്കിടയിലാണ് ഇന്ത്യയിൽ നോവൽ രൂപം കൊള്ളുന്നത്. മലയാള നോവലിന്റെ തുടക്കമായി

ഗവൺമെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

കാണുന്ന ഇന്ദുലേഖയിലും അധിനിവേശ സന്ദർഭത്തിൽ ദേശീയതയുടെ സ്വഭാവം നിർവചിക്കാനുള്ള ശ്രമം ചന്തുമേനോൻ നടത്തിയിട്ടുണ്ട്. ഇന്ദുലേഖയിൽ മുസ്ലിം അന്യമായുള്ള (other) സങ്കീർണമായ പ്രതിനിധാനം കണ്ടെത്താം. സ്വന്തം ദാമ്പത്യ ത്തിന്റെയും ദേശീയതയുടെയും പൂർത്തീകരണത്തിനുള്ള ഭീഷണിയായി ഇന്ദുലേഖ സ്വപ്നം കാണുന്നത് ഒരു മുസ്ലിമിനെയാണല്ലോ. മാർത്താണ്ഡവർമ്മയിലും വരേണ്യ ദേശീയതയുടെ വ്യവഹാരങ്ങൾ കാണാം. സരസ്വതീവിജയം പോലുള്ള നോവലുകൾ മുന്നോട്ടു വച്ച ദേശസങ്കല്പ രൂപീകരണത്തിന് വരേണ്യപ്രതലത്തിലെ കർത്തൃത്വങ്ങളായി ഉയർന്നു വരാൻ കഴിഞ്ഞതുമില്ല. പുരോഗമനസാഹിത്യപ്രസ്ഥാനത്തിന്റെ സാമൂഹിക പരിസരത്തിൽ തകഴിയും ബഷീറും ഉൾപ്പെടുന്ന തലമുറ മലയാളത്തിൽ അവാങ്ഗാർദ് സംവേദനത്തിന്റെ കൂടി വക്താക്കളായിരുന്നു. അക്കാലത്ത് അതുവരെയുണ്ടായിരുന്നതിൽ നിന്ന് വ്യത്യസ്തമായി ഭൗതികാസ്പദങ്ങളാൽ നിർവചിക്കപ്പെടുന്ന പുതിയൊരു സ്ഥല കാലബോധം രൂപപ്പെടുകയും വരേണ്യദേശീയത പാർശ്വവത്കരിച്ച മർദ്ദിതബഹിഷ്കൃതാ വസ്ഥകൾ നോവലുകളുടെ കേന്ദ്രമായി മാറുകയും ചെയ്തു. മാനവികതയുടെയും സാമൂഹ്യനീതിയുടെയും അടിയുറച്ച വിശ്വാസപ്രമാണങ്ങളിൽ നിന്നുകൊണ്ടാണ് ഇവർ ലോകത്തെ വീക്ഷിച്ചത്. ഈ ചരിത്രബോധമാണ് ദേശീയതയുടെ വ്യവഹാരങ്ങൾക്കു ള്ളിലെ വരേണ്യ സ്വഭാവത്തെ/ മുതലാളിത്തയുക്തിയെ ചോദ്യം ചെയ്യാൻ ഈ എഴുത്തു കാരെ പ്രചോദിപ്പിച്ചത്. ഇക്കാലത്ത് നോവൽ പ്രാദേശികഭാഷാസ്വത്വങ്ങളെക്കൂടി ഉൾ ച്ചേർത്തു കൊണ്ട് പലമയുടെ വ്യവഹാരമായി മാറുന്നു. ദേശരാഷ്ട്ര യുക്തിക്ക് അതീത മായാണ് ഈ രചനകളിൽ ജനം എന്ന സംവർഗം ആവിഷ്കരിക്കപ്പെട്ടത്.

ആധുനികതാവാദ സന്ദർഭത്തിൽ സ്വത്വത്തിന്റെ മാനകരൂപങ്ങളിൽ നിന്ന് വേർപെട്ടു പോയവർ ദേശരാഷ്ട്രത്തിന്റെ വ്യവഹാരങ്ങൾക്കുള്ളിൽ നിന്ന് കൂടി നിഷ്കാസിതരാകുന്നു. അഭയാർഥി, പരദേശി, പ്രവാസി, കുടിയേറ്റക്കാരൻ, തീവ്രവാദി എന്നീ ന്യൂനപക്ഷങ്ങളി ലൂടെ ദേശരാഷ്ട്രങ്ങളുടെ അപരത്വനിർമ്മാണം പ്രശ്നവൽക്കരിക്കപ്പെട്ടു. ആധുനികോത്തര കാലത്ത് ദേശരാഷ്ട്രങ്ങളുമായി ബന്ധപ്പെട്ട മുൻധാരണകൾ മാറുകയും വംശീയത പോലുള്ള വിഷയങ്ങൾ ഏറെ ചർച്ച ചെയ്യപ്പെടുകയും ചെയ്യുന്നുണ്ട്. ഉത്തരാധുനിക നോവൽപരിസരം പോസ്റ്റ് കൊളോണിയൽ ചിന്താധാരകളിൽ നിന്നുകൊണ്ട് ദേശീയതാ സങ്കല്പത്തെ പുനർനിർവചിക്കുന്നു.

രണ്ടായിരത്തിന് ശേഷമാണ് മലയാളസാഹിത്യത്തിൽ പ്രവാസജീവിതം ശ്രദ്ധേയ മാകുന്നത്. മലയാളിയുടെ പ്രവാസജീവിതവും ചരിത്രവും കുടിയേറ്റങ്ങളും നോവലിന് വിഷയമായെങ്കിലും കേരളത്തിലെത്തുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ സ്വത്വ സംഘർഷങ്ങൾ നോവലിന്റെ ആഖ്യാനതലത്തിലേക്ക് അധികം കടന്നുവന്നിട്ടില്ല. ഈ സന്ദർഭത്തിലാണ് അമലിന്റെ ബംഗാളികലാപം കാലത്തിന്റെ എഴുത്തായി മാറുന്നത്. മാറുന്ന കാലത്തിന്റെ സാമൂഹികാവബോധം ഉൾക്കൊള്ളുന്ന എഴുത്തുകാരനാണ് അമൽ. മലയാളിയുടെ സ്വത്വബോധം നിർമ്മിക്കുന്ന അപരസ്വത്വങ്ങളും ഇത്തരം അപരസ്വത്വ ങ്ങളുടെ അന്യവൽക്കരണവും അതിലൂടെ ഉടലെടുക്കുന്ന ഹിംസാത്മകതയും ദേശീയ യുക്തിയിൽ നിന്ന് നിഷ്കാസിതമാക്കുന്ന മതബോധങ്ങളും നോവലിൽ ഉൾച്ചേരുന്നു.

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

അതോടൊപ്പം സത്യാനന്തരകാലത്തെ മാധ്യമനിർമ്മിതികൾ രൂപം കൊടുക്കുന്ന വ്യാജ നിർമ്മിതികൾ സൈബറിടത്തെ മുൻനിർത്തി അവതരിപ്പിക്കുന്നു. ആധുനികതയുടെ കാർട്ടീഷ്യൻ ചിന്താപദ്ധതിയുടെ ആഗോളീകരണമുഖവും ഹാസ്യാത്മകമായി സന്നിവേശിപ്പിക്കുന്നുണ്ട്.

## ബംഗാളികൾകാഴ്ചയുടെ നിർമ്മിതി

ബംഗാളികലാപത്തിൽ ബംഗാളി എന്ന പ്രയോഗം മലയാളി നിർമ്മിക്കുന്ന അപര ബോധമാണ്. ഇതര സംസ്ഥാന തൊഴിലാളികൾ വിവിധ സംസ്ഥാനങ്ങളെ പ്രതിനിധീകരിക്കുന്നുണ്ടെങ്കിലും ബംഗാളികൾ എന്ന് സാമാന്യവൽക്കരിക്കപ്പെടുന്നുണ്ട്. ബംഗാൾ, ഒറീസ, ബീഹാർ, മധ്യപ്രദേശ്, ഉത്തർപ്രദേശ്, മഹാരാഷ്ട്ര, അസാം, ത്രിപുര, രാജസ്ഥാൻ, മേഘാലയ, മണിപ്പൂർ, ജാർഖണ്ഡ്, നേപ്പാൾ, ബംഗ്ലാദേശ് എന്നിവിടങ്ങളിൽ നിന്നെത്തിയ തൊഴിലാളികളെയെല്ലാം ചേർത്താണ് നോവലിൽ ബംഗാളികൾ എന്ന് പ്രയോഗിക്കുന്നത്. ഈ പ്രയോഗം തന്നെ തിരസ്കരിക്കപ്പെടുന്ന ദേശസ്വത്വാവസ്ഥകളുടെ രൂപകമാണ്. വളരെ ചുരുങ്ങിയ കാലത്തിനുള്ളിൽ കേരളത്തിന്റെ തൊഴിലിടങ്ങളിലുണ്ടായ ഇതര സംസ്ഥാന തൊഴിലാളികളുടെ വർദ്ധനവ്, സാമ്പത്തിക സാമൂഹിക മേഖലകളിലുണ്ടായ ശക്തമായ സാന്നിധ്യം, നന്മയും ദൈന്യതയും കുറ്റകൃത്യങ്ങളും അടങ്ങുന്ന അനുഭവ പരിസരങ്ങൾ ഇങ്ങനെ ആന്തര വൈരുധ്യങ്ങളുടെയും സാമൂഹിക സാമ്പത്തിക സാംസ്കാരിക ഘടകങ്ങളുടെയും സമകാലിക ഭൂമികയിലാണ് നോവൽ രൂപപ്പെടുന്നത്.

## അനാറുൾ ഇസ്ലാം-അപരത്വത്തിന്റെ പ്രതിനിധാനം

അസമിലെ ഗുവാഹത്തിയിൽ നിന്നും ഇരുന്നൂറിലധികം കിലോമീറ്റർ അകലെയുള്ള ആങ്ലോങ് ജില്ലയിലെ ബോകാജാൻ ഗ്രാമമാണ് അനാറുൾ ഇസ്ലാമിന്റെ ദേശം. കർബി എന്ന പേരിലറിയപ്പെടുന്ന പല ഗോത്രങ്ങളിൽപ്പെട്ടവരുടെ ഇടമാണത്. ഇന്ത്യാവിഭജനത്തിനു മുമ്പ് കുടിയേറ്റക്കാരായി എത്തിയതാണ് അനാറുൾ ഇസ്ലാമിന്റെ കുടുംബം. കർബി മലകളിലേക്ക് ഇസ്ലാമിക പാരമ്പര്യം എത്തുന്നത് അനാറുളിന്റെ കൂട്ടരിൽ നിന്നാണ്. അതിനു ശേഷം മിഷണറിമാരുടെ ക്രിസ്തുമതപ്രചരണം പല ഗോത്രങ്ങളിലെയും വ്യക്തികളെ മതപരിവർത്തനം ചെയ്യാൻ പേരിപ്പിച്ചു. സ്വത്വപ്രതിസന്ധി നേരിട്ട വംശത്തിൽപ്പെട്ട തന്നെ വേരറ്റ മരം എന്നാണ് അനാറുൾ സ്വയം സംബാധന ചെയ്യുന്നത്. ഭാവിയെക്കുറിച്ചുള്ള സ്വപ്നങ്ങൾക്ക് ബലം തന്ന അധ്യാപികയുടെ കൊലപാതകം മനുഷ്യർ തമ്മിലുള്ള വർഗീയ വിദ്വേഷത്തിന്റെ അടിത്തട്ടിലിറങ്ങി ചോദ്യങ്ങൾ ഉന്നയിക്കാൻ അയാളെ പ്രേരിപ്പിച്ചു. ലോകത്തിന്റെ വൈരൂപ്യവും തിന്മയും അനാറുൾ തിരിച്ചറിഞ്ഞത് അവിടം മുതലാണ്. തന്റെ പ്രതിഷേധ വരികൾ നിറച്ച കടലാസ് വിമാനങ്ങൾ ചുറ്റിലും വ്യാപിപ്പിച്ചുകൊണ്ടാണ് അയാൾ സമകാലബോധത്തോട് പ്രതികരിച്ചത്.

നന്മയും സഹാനുഭൂതിയും സർഗാത്മകതയും നിറഞ്ഞ അനാറുൾ ഇസ്ലാം സമത്വസുന്ദര കേരളം എന്ന സ്വപ്നദേശമായാണ് കേരളത്തെ അറിഞ്ഞത്. എന്നാൽ ദേശപരമായ ഇത്തരം സങ്കല്പനങ്ങൾ അയാളിൽ നിന്ന് പിന്നീട് അടർന്നു പോകുന്നുണ്ട്. മാത്രമല്ല ദാരുണാനുഭവങ്ങളുടെ ഏറ്റുവാങ്ങലിലൂടെ തന്റെ പ്രിയപ്പെട്ട ഇടമായി സ്വദേശത്തെ

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

തിരിച്ചറിയുകയും ചെയ്യുന്നു. എന്നാൽ മുസ്ലിം സ്വത്വത്തിന് മേലുള്ള തീവ്രവാദാരോപണം അയാളുടെ തിരിച്ചുപോക്ക് അസാധ്യമാക്കി. സ്വദേശമെന്ന് താൻ വിശ്വസിച്ച മണ്ണിലും സ്വന്തം വേരുകൾ ഇല്ലെന്ന തിരിച്ചറിവ് നൽകിക്കൊണ്ട് ഭരണകൂടനയം ഇന്ത്യൻ ദേശീയത യ്ക്കുള്ളിൽ നിന്നും അനാറുൾ ഇസ്ലാമിന്റെ പാരമ്പര്യത്തെ പുറത്താക്കുന്നു.

അനാറുൾഇസ്ലാം എന്ന കേന്ദ്രത്തിലൂടെ സഞ്ചരിക്കുമ്പോഴും നിരവധി ജീവിത ചിത്ര ങ്ങൾ കോർത്തിണക്കാൻ അമൽ ശ്രമിക്കുന്നുണ്ട്. കേശവദേവിന്റെ ഭ്രാന്താലയത്തിലെ വർഗീയ കലാപത്തെ അനുസ്മരിപ്പിക്കുന്ന തരത്തിലുള്ള ഹിംസാത്മകതാസന്ദർഭങ്ങൾ നോവലിൽ കാണാൻ കഴിയും. രണ്ട് വ്യത്യസ്ത സാംസ്കാരിക ഇടങ്ങൾ (സാമൂഹ്യപര മായും ജാതിപരമായും മുന്നിൽ നിൽക്കുന്ന BNRA അസോസിയേഷൻ, അധ്വാനിക്കുന്ന പാർശ്വവൽക്കൃത ജനവിഭാഗങ്ങൾ അടങ്ങിയ അംബേദ്കർ കോളനി) ജാതി സ്വത്വ ചിന്തകളെ പ്രതിനിധാനം ചെയ്യുന്ന സാമൂഹ്യസ്ഥാപനങ്ങൾ കൂടിയാണ്. ബംഗാളികളോ ടുള്ള പ്രതിഷേധവും സംശയാത്മകതയും അപരത്വവൽക്കരണത്തിലൂടെ ഹിംസാത്മകത യിലേക്ക് നീങ്ങുന്നതിന്റെ പരിണാമകാഴ്ചയാണ് ബംഗാളികലാപം. 2018ൽ ലോകവ്യാപക പ്രതിഷേധങ്ങൾക്കിടയാക്കിയ ദേശീയ പൗരത്വ രജിസ്റ്റർ വിവാദം (NRC) നോവലിലെ ശ്രദ്ധേയമായ രാഷ്ട്രീയാവസ്ഥയാണ്. 2019 ലാണ് ബംഗാളികലാപം പുറത്തിറങ്ങുന്നത്. സമകാല രാഷ്ട്രീയാവസ്ഥയുടെ ദേശീയബോധത്തിൽ വേരറ്റ മരമായി മാറുന്ന, വംശീയവും സ്വത്വപരവുമായ പ്രതിസന്ധി നേരിട്ട നാൽപത് ലക്ഷത്തോളം പേരുടെ പ്രതിനിധി കൂടിയാണ് അനാറുൾ ഇസ്ലാം.

## ദെക്കാർത്തിയൻ ചിന്താപദ്ധതിയുടെ പ്രയോഗവൽക്കരണം

പതിനേഴാം നൂറ്റാണ്ടിൽ റെനെ ദെക്കാർത്ത് എന്ന ദാർശനികന്റെ ചിന്തകളിൽ നിന്നാണ് ആധുനികതയുടെ തത്വചിന്താപദ്ധതികളുടെ തുടക്കം എന്ന് സാമാന്യമായി പറയാം. യുക്തിചിന്ത കൊണ്ട് പ്രപഞ്ചത്തെ അറിയാൻ കഴിയും എന്ന് വിശ്വസിച്ച ദാർശനികനാണ് ദെക്കാർത്ത്. യുക്തിയുടെ ഏറ്റവും ശുദ്ധരൂപം ഗണിതശാസ്ത്രമായതിനാൽ ഗണിത യുക്തിയാണ് പ്രപഞ്ച നിർദ്ധാരണത്തിനായി ഉപയോഗിക്കേണ്ടതെന്ന് ദെക്കാർത്ത് വാദിച്ചു. ജ്ഞാനരംഗത്ത് വലിയ മാറ്റങ്ങൾ സൃഷ്ടിച്ച അദ്ദേഹത്തിന്റെ ഏറ്റവും പ്രസിദ്ധമായ വാക്യമാണ് Cogito Ergosum I think therefore I am ഞാൻ ചിന്തിക്കുന്നു, അതുകൊണ്ട് ഞാൻ ഉണ്ട്. ചിന്തയാണ് മനുഷ്യാസ്തിത്വത്തിന്റെ സത്തയെന്നും നിലനില്പിന്റെ സാധൂകരണമെന്നും ദെക്കാർത്ത് വാദിച്ചു. ഈ ചിന്താപദ്ധതിയാണ് റാഷണലിസം. ഈ ആധുനികതായുക്തിയെ സോഷ്യൽമീഡിയയിലെ അറിവുകളും അനുഭവങ്ങളുമായും ആഗോളമുതലാളിത്ത ബോധത്തോടും ഇണക്കിച്ചേർത്തുകൊണ്ടുള്ള ഉത്തരാധുനിക പ്രയോഗപരിസരങ്ങൾ നോവലിൽ പലയിടങ്ങളിലും കാണാം.

I Take Selfies, Therefore I am

I Use Facebook, Therefore I am

I Do Flex, Therefore I am

ഗവൺമെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

I Shop therefore I am

I Have T Shirt Images and Logos, Therefore I am

## സത്യാനന്തരകാല മാധ്യമക്കാഴ്ചകൾ

വ്യാജവാർത്ത വിനിമയം ചെയ്യുക, അതിലൂടെ ജനസമ്മിതിയുടെ നിർമ്മിതി സാധ്യമാക്കുക എന്നിവ സത്യാനന്തരകാല മാധ്യമങ്ങളുടെ പൊതുസ്വഭാവമാണ്. ഇവിടെ യുക്തിക്കതീതമായി വിശ്വാസത്തെ ഉറപ്പിച്ചെടുക്കാൻ ശ്രമിക്കുന്നു. ഇമാധ്യമങ്ങളിലൂടെ ലോക പൗരന്മാർ എല്ലാവരും വിനിമയത്തിൽ പങ്കെടുക്കുന്നതിനാൽ സ്ഥലകാലങ്ങൾ അപ്രസക്തമാകുന്നു. ബഹുജനത്തെ നിശബ്ദമാക്കലും വ്യാജസത്യ നിർമ്മിതിയും ചേർത്ത് സൃഷ്ടിക്കുന്ന സവിശേഷകാലമാണ് സത്യാനന്തരകാലം (Post truth Era). വർത്തമാന കാലത്തിൽ യാഥാർഥ്യത്തെക്കുറിച്ചുള്ള അയഥാർത്ഥ വ്യവഹാരങ്ങൾ സൃഷ്ടിക്കപ്പെടുന്നു. വാർത്തകൾ പലപ്പോഴും ട്രോളുകളായി പരിവർത്തിക്കപ്പെടുന്നു. നവമാധ്യമങ്ങൾ രൂപം കൊടുക്കുന്ന പൊതുമണ്ഡലങ്ങളിലൂടെ രാഷ്ട്രീയവും വിപ്ലവപരതയും വികസിക്കുന്നു.

'ഒരു വ്യക്തി വൈകാരികമായ ഒരു ആൾക്കൂട്ടത്തിലേക്ക് എത്തുമ്പോൾ അയാളുടെ അടിസ്ഥാന സ്വഭാവങ്ങൾ, സമൂഹത്തിലെ അയാളുടെ സ്ഥാനം, ജോലി, പക്വത എന്നിവയെല്ലാം വിസ്മരിച്ച് അയാളുടെ സ്വത്വബോധത്തിൽ നിന്ന് മാറി ആൾക്കൂട്ടത്തിന്റെ പൊതുസ്വഭാവത്തിലേക്ക് വിലയം പ്രാപിക്കുന്നു.' ഗുസ്താവ് ലെ ബൻ (Gustave Le Bon, The Crowd- A study of the Popular mind) ആൾക്കൂട്ട മന:ശാസ്ത്രത്തെ ഇപ്രകാരമാണ് നിരീക്ഷിക്കുന്നത്. ഈ ആൾക്കൂട്ട മന:ശാസ്ത്രം സോഷ്യൽ മീഡിയയിലും പ്രവർത്തിക്കുന്നുണ്ട്. ഐഡന്റിറ്റി മറച്ചുവയ്ക്കാൻ കഴിയുന്നു എന്നതും ഇതിന്റെ ഒരു പ്രത്യേകതയാണ്. നോവലിൽ മലയാളികളും ബംഗാളികളും തമ്മിലുള്ള കലാപത്തിന് വളരെ പെട്ടെന്ന് ഹിംസാത്മക ഭാവം കൈവരുന്നതിന് നവമാധ്യമങ്ങളിൽ പ്രവർത്തിക്കുന്ന ആൾക്കൂട്ട മന:ശാസ്ത്രത്തിനും പങ്കുണ്ട്.

ആഖ്യാനങ്ങളെല്ലാം അടിസ്ഥാനപരമായി മനുഷ്യാഖ്യാനങ്ങളാണ്. ആഖ്യാനത്തിലൂടെ നവീന യാഥാർഥ്യത്തെ സൃഷ്ടിക്കുന്ന സാഹിത്യരൂപമാണ് നോവൽ. ഉത്തരാധുനിക സാഹിത്യത്തിൽ എഴുത്തുകാരനെക്കാൾ എഴുത്ത് നിർണായകമാകുന്ന കലാചിന്തയാണുള്ളത്. മൂലധനകേന്ദ്രിതമായ സമകാലികസംസ്കാരം വ്യക്തികളുടെ ഭൗതികസാഹചര്യങ്ങളിലും അഭിരുചികളിലും സർഗാത്മകതയിലും ഇടപെട്ടുകൊണ്ടിരിക്കുന്ന രാഷ്ട്രീയ പ്രതലത്തിൽ നിന്നുകൊണ്ട് അപരവൽക്കരിക്കപ്പെടുകയും പാർശ്വവൽക്കരിക്കപ്പെടുകയും ചെയ്യുന്ന മനുഷ്യാവസ്ഥകളോട് ചേർന്നുനിൽക്കുന്ന രാഷ്ട്രീയബോധ്യത്തിന്റെ സാഹിതീയതയിലൂടെയാണ് ബംഗാളികലാപം എന്ന നോവൽ വ്യത്യസ്തമാകുന്നത്.

## ഗ്രന്ഥസൂചി


1. *അമൽ, ബംഗാളികലാപം, മാതൃഭൂമി ബുക്സ്, 2022*
2. *ദിലീപ് കുമാർ കെ.വി, സാമൂഹിക ശാസ്ത്ര ദർശനം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം., 2019*


ഗവൺമെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

3. *പവിത്രൻ പി., കോളനിയനന്തര വാദം, കൈരളി ബുക്സ്, കണ്ണൂർ, 2019*
4. *മാധവൻ കെ.എസ്, ജാതി വർഗം ഹിന്ദുത്വം, പ്രോഗ്രസ് ബുക്സ്, 2023*
5. *രവീന്ദ്രൻ പി.പി, ആധുനികാനന്തരം വിചാരം വായന, സാഹിത്യ പ്രവർത്തക സഹകരണസംഘം, കോട്ടയം, 2018*
6. *രാജേഷ് കെ. എരുമേലി, സത്യാനന്തര കാലത്തെ മാധ്യമനിർമ്മിതികൾ, മൈത്രി ബുക്സ്, തിരുവനന്തപുരം, 2021*
7. *രാമകൃഷ്ണൻ ഇ.വി, അച്ചടി മുതൽ ആഗോളത വരെ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2023*
8. *ശ്രീകല ആർ.ബി, എഡിറ്റർ, ആധുനികോത്തര നിരൂപണം, പരിധി പബ്ലിക്കേഷൻസ്, തിരുവനന്തപുരം, 2024*
9. *ഷാജി ജേക്കബ്, എഡിറ്റർ, മലയാള നോവൽ ദേശഭാവനയും രാഷ്ട്രീയ ഭൂപടങ്ങളും, സാഹിത്യ അക്കാദമി, ന്യൂഡൽഹി, 2010*

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

# സർഗ്ഗാത്മകവ്യവഹാരവും സ്ത്രീയുടെ സ്ഥാനപ്പെടുത്തലും

## എം.ടിയുടെ 'വൈശാലി' തിരക്കഥയെ മുൻനിർത്തിയുള്ള പഠനം

**ഡോ. ദീപ എസ്.എസ്.**

അസി.പ്രൊഫസർ, മലയാളവിഭാഗം, ഗവൺമെന്റ് കോളെജ്, നെടുമങ്ങാട്

**പ്രബന്ധസംഗ്രഹം**

മറ്റ് സാഹിത്യരൂപങ്ങൾക്ക് കഴിയാത്തവിധത്തിൽ ഒരു സമൂഹത്തിന്റെ അനുഭവവും ദർശനവും പ്രത്യക്ഷമായി വായനക്കാർക്ക് നൽകുന്നവയാണ് തിരക്കഥകൾ. ജീവിതത്തെക്കുറിച്ചുള്ള ധാരണ ആസ്വാദകന് പകർന്നുനൽകുന്ന സാഹിത്യരൂപമാണിത്. മനുഷ്യന്റെ നിലനിൽപ്പിനായുള്ള പോരാട്ടങ്ങൾ ദേശത്തിനും കാലത്തിനും അനുസരിച്ച് വ്യത്യസ്തമായിരിക്കും. ജലത്തിനുവേണ്ടിയുള്ള പോരാട്ടത്തിന്റെ കഥയാണ് എം.ടിയുടെ വൈശാലി. പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ ആശയങ്ങളെ സ്വാംശീകരിച്ചുകൊണ്ടും പ്രകൃതിയെയും സ്ത്രീയെയും കേന്ദ്രസ്ഥാനത്ത് പ്രതിഷ്ഠിച്ചുകൊണ്ടുമുള്ള നിലപാടാണ് വൈശാലി എന്ന തിരക്കഥയുടേത്. ഉർവരതയുടെയും നിലനിൽപ്പിന്റെയും ആധാരമായി വർത്തിക്കുന്ന രണ്ട് ഘടകങ്ങളാണ് സ്ത്രീയും പ്രകൃതിയും. പ്രകൃതിയിലും സ്ത്രീയിലും ഒരുപോലെ കിടക്കുന്ന അനുഭവങ്ങളെയും ഭാവപ്പകർച്ചകളെയും മിത്തിന്റെ പുനരാഖ്യാനത്തിലൂടെ ആവിഷ്കരിക്കുന്നത് എങ്ങനെയെന്നുള്ള അന്വേഷണമാണ് ഈ പ്രബന്ധം.

***താക്കോൽവാക്കുകൾ:*** പരിസ്ഥിതി, മിത്ത്, രംഗപാഠം, പുരുഷാധിപത്യം, ആഖ്യാനം, വിളഭൂമി

സാഹിത്യത്തിൽ മൗലികമായ ഒരിടം സൃഷ്ടിച്ച എഴുത്തുകാരനാണ് എം. ടി. വാസുദേവൻ നായർ. ആഖ്യാനത്തിലെ ബഹുസ്വരതയും കൗശലവും അമ്പരപ്പിക്കുന്ന വിഷയവൈവിധ്യവുമാണ് എം.ടിയെ ഇതര എഴുത്തുകാരിൽനിന്നും വ്യത്യസ്തനാക്കുന്നത്.

തിരക്കഥാരചനയിൽ തന്റേതായ ഒരു സ്ഥലവും കാലവും അദ്ദേഹത്തിനുണ്ട്. മനുഷ്യാവസ്ഥകളുടെ വൈവിധ്യപൂർണ്ണവും സങ്കീർണ്ണവുമായ നിരവധി മേഖലകൾ തിരക്കഥയിലും എം.ടി കാണിച്ചുതന്നു. നാടകത്തിനും സാഹിത്യത്തിനും അപ്പുറം തിരക്കഥയ്ക്ക് ഒരു ശൈലിയും വ്യാകരണവും ഉണ്ടെന്ന് അദ്ദേഹം മനസ്സിലാക്കിയിരുന്നു. ദൃശ്യങ്ങളെ ആധാരമാക്കിയുള്ള ആഖ്യാനരീതി പ്രേക്ഷകന് പുതിയ അനുഭൂതി പകർന്നു നൽകി. അദ്ദേഹത്തിന്റെ ഓരോ തിരക്കഥയും ഓരോ പ്രപഞ്ചമാണ് എന്ന് പറയത്തക്കവിധം വിഭിന്നമായ ആഖ്യാനമാതൃകകളാണവ. സന്ദർഭത്തിനും ഭാവത്തിനും അനുയോജ്യമായി തിരക്കഥയിൽ വലിയ വ്യതിയാനങ്ങൾ സംഭവിക്കുന്നത് അതുകൊണ്ടാണ് സാഹിത്യം പോലെ തിരക്കഥയെ സർഗാത്മക സാഹിത്യസൃഷ്ടിയാക്കിത്തീർത്ത എഴുത്തുകാരനാണ് എം.ടി.വാസുദേവൻ നായർ. സ്വന്തം ചെറുകഥകൾ ആസ്പദമാക്കിയാണ് എം.ടി തിരക്കഥകൾ അധികവും രചിച്ചിട്ടുള്ളത്. മുറപ്പെണ്ണ്, ഇരുട്ടിന്റെ ആത്മാവ്, പകൽക്കിനാവ്, നഗരമേ നന്ദി, ഓളവും തീരവും, മാപ്പ്സാക്ഷി, നിർമ്മാല്യം, ബന്ധനം, ഇടവഴിയിലെ പൂച്ച മിണ്ടാപ്പൂച്ച, നീലത്താമര, ഓപ്പോൾ, വളർത്തുമൃഗങ്ങൾ, വാരിക്കുഴി, ആരൂഢം, ആൾക്കൂട്ടത്തിൽ തനിയെ എന്നീ തിരക്കഥകൾ എം.ടി ചെറുകഥകളെ ആധാരമാക്കി എഴുതിയവയാണ്. അസുരവിത്ത്, പാതിരാവും പകൽ വെളിച്ചവും, മഞ്ഞ് തുടങ്ങിയ തിരക്കഥകൾ എം.ടി നോവലുകൾ ആധാരമാക്കി എഴുതിയവയാണ്. വൈശാലി, പെരുന്തച്ചൻ തുടങ്ങിയ തിരക്കഥകൾ മഹാഭാരതം, ഐതിഹ്യം തുടങ്ങിയവയിൽ നിന്നും ആശയം സ്വീകരിച്ച് എഴുതിയതാണ്. ജനങ്ങളെ ഏറെ ആകർഷിക്കുന്ന ദൃശ്യകലാരൂപമാണ് ചലച്ചിത്രം. ചലച്ചിത്രത്തിന്റെ രംഗപാഠം അഥവാ അടിസ്ഥാനം തിരക്കഥയാണ്. തിരശ്ശീലയ്ക്ക് യോജിക്കുന്ന വിധത്തിൽ കഥയെ മാറ്റിയെടുക്കുന്നതാണ് തിരക്കഥ. സാഹിത്യവുമായുള്ള ബന്ധമാണ് മറ്റ് ഇന്ത്യൻ ഭാഷകളിൽനിന്ന് മലയാളതിരക്കഥയെ വ്യത്യസ്തമാക്കുന്നത്. അയഥാർത്ഥമായ കാര്യങ്ങൾക്ക് യഥാർത്ഥ പ്രതിവിധി നൽകാനും ബിംബങ്ങൾ ധാരാളം ഉപയോഗിക്കാനുമുള്ള കഴിവാണ് മറ്റ് സാഹിത്യരൂപങ്ങളെ അപേക്ഷിച്ച് തിരക്കഥയ്ക്കുള്ള മേന്മ.

മലയാളത്തിൽ തിരക്കഥയ്ക്ക് ഒരു സാഹിത്യകൃതിയുടെ മാന്യതയും അന്തസ്സും ലഭിച്ചത് എം.ടിയുടെ തിരക്കഥകൾ പുസ്തകരൂപത്തിൽ ആയതോടെയാണ്. അറുപതുകളിൽ കുറെയേറെ നല്ല ചിത്രങ്ങൾ മലയാളത്തിൽ പിറന്നത് എം.ടി വാസുദേവൻനായരുടെ തിരക്കഥയിലൂടെയാണ്.

എം.ടി വാസുദേവൻനായരുടെ തിരക്കഥകളിൽ മിത്തുകളുടെ സ്വാധീനം വ്യക്തമായി കാണാനാവും. പച്ചമനുഷ്യരുടെ പച്ചയായ ജീവിതകഥകൾക്കിടയിൽ മൂല്യവത്തായ ദർശനങ്ങൾ കോർത്തുവച്ചുകൊണ്ട് മിത്തിന്റെ സഹായത്തോടെ വിട്ടുപോയ ജന്മസമസ്യകൾ പൂരിപ്പിക്കുന്നതാണ് വൈശാലി എന്ന തിരക്കഥയിൽ ദൃശ്യമാകുന്നത്. ജീവിതത്തിൽ നാം വിലപിടിച്ചതായി കരുതുന്ന പല ദർശനങ്ങളുടെയും പുനർവിചിന്തനവും പ്രകൃതിയെയും സ്ത്രീയെയും സൂക്ഷ്മമായി നിരീക്ഷിക്കുന്നതും വൈശാലി എന്ന തിരക്കഥയിൽ കാണാനാകും.

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

## പരിസ്ഥിതിയും സ്ത്രീയും

പ്രകൃതിയും സ്ത്രീയും ഒരുപോലെ പുരുഷാധിപത്യത്തിന്റെ അടിച്ചമർത്തലുകൾക്ക് വിധേയമാക്കപ്പെടുന്നു എന്ന ചിന്തയാണ് പാരിസ്ഥിതികസ്ത്രീവാദത്തിന്റെ അടിസ്ഥാനം. സ്ത്രീയുടെ ആത്മസത്തയെക്കുറിച്ചുള്ള അന്വേഷണം പ്രകൃതിയിലേക്ക് നയിക്കുന്നു. സ്ത്രീക്കും പ്രകൃതിക്കും മേലുള്ള അധിനിവേശത്തെ പ്രതിരോധിക്കേണ്ടതിന്റെ അനിവാര്യമായ പാഠങ്ങളാണ് പരിസ്ഥിതി സ്ത്രീവാദത്തിന്റേത്. പാരിസ്ഥിതിക സ്ത്രീ വാദം എന്ന പദം ആദ്യമായി ഉപയോഗിച്ചത് 1974ൽ ഫ്രഞ്ച് സാഹിത്യനിരൂപകനായ ഫ്രാൻസ്വാ ദി യൂബോൺ ആണ്. സ്ത്രീവാദപ്രസ്ഥാനങ്ങളുടെ ആശയങ്ങളെ സ്വീകരിച്ചു കൊണ്ടുള്ള, പ്രകൃതിയും സ്ത്രീയും കേന്ദ്രസ്ഥാനത്ത് പ്രതിഷ്ഠിച്ചുകൊണ്ടുള്ള നിലപാടുകൾക്കാണ് പാരിസ്ഥിതിക സ്ത്രീവാദം ഊന്നൽ നൽകുന്നത്. പ്രകൃതിയെ അതിന്റെ സഹഭാവത്തിൽ ഉൾക്കൊള്ളുകയും സ്ത്രീയവസ്ഥകൾ തിരിച്ചറിയുകയും അവളുടെ പ്രശ്നങ്ങൾക്കൊപ്പം നിൽക്കുകയും ചെയ്യുകവഴി മാനവികതയുടെയും പ്രകൃതി യുടെയും നിലനിൽപ്പിന്റെ ഉത്തരവാദിത്തം പാരിസ്ഥിതിക സ്ത്രീവാദം ഏറ്റെടുക്കുന്നു.

സ്ത്രീയുടെ ജൈവികമായ സത്ത പ്രകൃതിയിൽ ലയിച്ചുനിൽക്കുന്നു. പ്രകൃതിയിലും സ്ത്രീയിലും സംഭവിക്കുന്ന ഭൗതികവും ആന്തരികവുമായ പരിണാമപ്പകർച്ചകൾ വേർ തിരിച്ചറിയാൻ കഴിയാത്തവിധം ചേർന്നിരിക്കുന്നു. സ്ത്രീയിലും പ്രകൃതിയിലും ഏൽപ്പിക്ക പ്പെടുന്ന മുറിവുകൾ പ്രതിരോധിക്കപ്പെടേണ്ടതാണ് എന്ന കാഴ്ചപ്പാട് വൈശാലി എന്ന തിരക്കഥ മുന്നോട്ടുവയ്ക്കുന്നു.

## മിത്തുകൾ

പ്രപഞ്ചത്തെയും മനുഷ്യനെയും തമ്മിൽ ബന്ധിപ്പിക്കുന്ന കണ്ണികളാണ് മിത്തുകൾ. മിത്തുകൾ ഇല്ലാത്ത സമൂഹമില്ല. പ്രാകൃതപരിഷ്കൃതഭേദമില്ലാതെ എല്ലാ ജനങ്ങളുടെയും സ്വകാര്യജീവിതവുമായി മിത്തുകൾ ലയിച്ചുകിടക്കുന്നു. സമൂഹത്തെ സംബന്ധിച്ചിട ത്തോളം മിത്തുകൾ കെട്ടുകഥയല്ല, ചരിത്രാതീതചരിത്രം മാത്രമാണ്. ഇന്നത്തെ സാഹചര്യത്തിൽ സംഭവിക്കാത്തത് എന്നാൽ ഒരുകാലത്ത് സംഭവിച്ചത് എന്നും മിത്തിനെ വിശദീകരിക്കാം. മിത്തിന് അനുഷ്ഠാനങ്ങളിൽ നിന്ന് വേറിട്ടൊരു നിലനിൽപ്പില്ലെന്ന് സ്പെൻസ് ലിവ്സ് എന്ന ഗ്രന്ഥകാരൻ നിരീക്ഷിക്കുന്നു. പുരാതനമനുഷ്യരുടെ മതപരവും സാമൂഹികവുമായ ആചാരാനുഷ്ഠാനങ്ങളുടെ വേരുകൾ മിത്തുകളിൽ കാണാൻ കഴിയും എന്നതാണ് ജി.എസ് കിർക്ക് എന്ന ഗ്രന്ഥകാരന്റെ നിരീക്ഷണം. വ്യത്യസ്തമായ വീക്ഷണ കോണിലൂടെ സമീപിക്കാനും വ്യാഖ്യാനിക്കാനും കഴിയുന്ന സജീവമായ ഒരു സാംസ്കാരിക യാഥാർത്ഥ്യമാണ് മിത്ത്. നൈസർഗിക പ്രതിഭാസങ്ങൾ, വിശ്വാസങ്ങൾ തുടങ്ങി പലതിനെ പ്പറ്റിയുമുള്ള പ്രാക്തനമനുഷ്യന്റെ അവിശ്വസനീയമായ പ്രസ്താവനകളാണ് മിത്തുകൾ. ബാഹ്യമായി മിത്ത് യുക്തിരഹിതമായി രൂപം കൊള്ളുന്നുണ്ടെങ്കിലും മനുഷ്യന്റെ ഭൂതകാല പ്രവൃത്തിയുടെ യുക്തിവത്കരണമായാണ് അവ നിലകൊള്ളുന്നത്. സംസ്കാരത്തിന്റെ സജീവസാന്നിധ്യമായ മിത്തുകൾക്ക് സാഹിത്യത്തിൽ സവിശേഷ സ്ഥാനമാണുള്ളത്. പ്രാക്തനമനസ്സിന്റെ മൗലികവെളിപാടുകളായ മിത്തുകളെ എഴുത്തുകാർ അവരുടെ രചനകളുമായി കോർത്തിണക്കിയതിന് വിശ്വസാഹിത്യം തന്നെ തെളിവ് നൽകുന്നുണ്ട്.

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

വർത്തമാനകാലസാഹിത്യവിശകലനത്തിന്റെ സജീവസ്രോതസ്സായും മിത്തുകൾ മാറുന്നുണ്ട്. ജീവിതയാഥാർത്ഥ്യത്തെ കൂടുതൽ തീവ്രവും സാന്ദ്രവുമായി അവതരിപ്പിക്കാൻ മിത്തിക്കൽ രചനാരീതിക്ക് കഴിയുന്നതിലാണ് എഴുത്തുകാർ മിത്തിന്റെ സങ്കേതങ്ങൾ പ്രയോജനപ്പെടുത്തുന്നത്. സൗന്ദര്യാത്മകമായ അനുഭവത്തിന്റെയും ഭാവനയുടെയും ഘടകങ്ങളായ മിത്തുകളാൽ സമ്പന്നമാണ് മലയാളസാഹിത്യം. പൗരാണികമായ ഒരു മിത്തിന്റെ സഹായത്തോടെ എം.ടി തന്റെ തിരക്കഥയായ വൈശാലിയുടെ രചനയ്ക്ക് ദൃഢമായൊരു അടിത്തറ സൃഷ്ടിച്ചിട്ടുണ്ട്.

മിത്തും പരിസ്ഥിതിയും സ്ത്രീയും പുരുഷാധിപത്യവും കെട്ടുപിണഞ്ഞു കിടക്കുന്ന ഈ കൃതിയിൽ പാരിസ്ഥിതിക സ്ത്രീവാദം ഒരു അന്തർധാരയായി വർത്തിക്കുന്നു.

## വൈശാലി മൂലകഥ

മഹാഭാരതം തീർത്ഥയാത്രാപർവ്വത്തിലാണ് ഋഷ്യശൃംഗോപാഖ്യാനമുള്ളത്. ലോമേശ മഹർഷി യുധിഷ്ഠിരനോട് പറഞ്ഞ കഥയാണിത്. അംഗരാജ്യത്തെ രാജാവായ ലോമ പാദൻ ബ്രാഹ്മണരുടെ കാമത്തെ പാഴാക്കിക്കളഞ്ഞതുകൊണ്ട് ആ രാജ്യത്ത് മഴ പെയ്യാ തായി. അതിനു പരിഹാരമായി ഒരു തപസ്വി ഉപദേശിച്ചത് ഋഷ്യശൃംഗനെന്ന മുനി കുമാരനെ നാട്ടിലേക്ക് വരുത്താൻ സാധിച്ചാലുടനെ മഴ പെയ്തുകൊള്ളുമെന്നാണ്. വിഭാണ്ഡകൻ എന്ന കൊടും തപസ്വിക്ക് ഒരിക്കൽ ഉർവശി കുളിക്കുന്നത് കണ്ടപ്പോൾ ഉണ്ടായ ബ്രഹ്മചര്യഭ്രംശം വഴി ഒരു മാൻപേടയിൽ ജനിച്ച പുത്രനാണ് ഋഷ്യശൃംഗൻ. തന്റെ പുത്രനെങ്കിലും ഇത്തരം ഒരു അപകടം പറ്റിപ്പോകരുതെന്ന് കരുതിയാവാം വിഭാണ്ഡകൻ അവനെ മറ്റ് മനുഷ്യരുമായി ഇടപെടാൻ വിടാതെ, ലോകത്തിൽ സ്ത്രീയെന്നൊരു വർഗ്ഗമുള്ളകാര്യംപോലും അറിയിക്കാതെയാണ് ആശ്രമത്തിൽ വളർത്തിയത്. ഈ വിധം ലോകം കാണാതെ ആശ്രമത്തിൽ ഇരിക്കുന്ന ഋഷ്യശൃംഗനെ വിഭാണ്ഡകൻ അറിയാതെ എങ്ങനെ നാട്ടിലെത്തിക്കും എന്ന് രാജാവ് മന്ത്രിമാരുമായി ആലോചിച്ചു. നാട്ടിലെ വേശ്യാ സ്ത്രീകളെ വിളിച്ച് വല്ലപാടും അദ്ദേഹത്തെ കൊണ്ടുവരാൻ ആവശ്യപ്പെട്ടു. എല്ലാവരും ഭയന്നു നിൽക്കെ ഒരു വൃദ്ധവേശ്യ ആ ചുമതലയേറ്റു.

അവർ തോണിയിൽ കൃത്രിമമായ ഒരു ആശ്രമം ചമച്ചു. രൂപസമ്പന്നകളായ ഏതാനും വേശ്യകളെയും കൂട്ടി നദിമാർഗേണ ചെന്ന് ചാരന്മാർ മുഖേന വിഭാണ്ഡകൻ ആശ്രമത്തിൽ ഇല്ലാത്ത തക്കംനോക്കി, തന്റെ ബുദ്ധിമതിയായ മകളെ പ്രയോഗിക്കേണ്ട വിദ്യകളെല്ലാം ഉപദേശിച്ചയച്ചു. അവൾ ആശ്രമത്തിൽ ചെന്നുകയറി താനും ഒരു തപസ്വിയാണെന്ന ഭാവത്തിൽ ഋഷ്യശൃംഗനോട് അടുത്ത് പെരുമാറി. അവൾ ഋഷ്യശൃംഗന് മധുരപലഹാര ങ്ങളും മാദകപാനീയങ്ങളും സുഗന്ധമാല്യങ്ങളും നൽകി. ഋഷ്യശൃംഗൻ അവളിൽ ആകൃഷ്ടനായി എന്നു കണ്ടപ്പോൾ അഗ്നിഹോത്രത്തിന് കാലമായി എന്ന് പറഞ്ഞ് അവൾ തിരികെപ്പോന്നു. അവൾ പോയപ്പോൾ ഋഷ്യശൃംഗൻ അവളെക്കുറിച്ചോർത്തിരിപ്പായി.

വിഭാണ്ഡകൻ ആശ്രമത്തിലെത്തിയപ്പോൾ മനോരാജ്യത്തിൽ ആണ്ടിരിക്കുന്ന പുത്രനെ യാണ് കണ്ടത്. വിവരങ്ങൾ ചോദിച്ചറിഞ്ഞ വിഭാണ്ഡകനോട് ഋഷ്യശൃംഗൻ നടന്ന കാര്യ ങ്ങൾ എല്ലാം വിസ്തരിച്ചു. അവൾ നിന്റെ തപസ്സു മുടക്കാൻ വന്ന രക്ഷസാണ്. പുണ്യലോക

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

ങ്ങളെ കാംക്ഷിക്കുന്ന തപസിമാർ അവരോട് ഒരിക്കലും ഇടപെടരുത് എന്ന് ഉപദേശിച്ച ശേഷം വിഭാണ്ഡകൻ അവളെ അന്വേഷിച്ച് ഇറങ്ങിയെങ്കിലും കണ്ടെത്താനായില്ല. വിഭാണ്ഡകൻ വീണ്ടും കായ്കനികൾ കൊണ്ടു വരാൻ പോയ തക്കത്തിൽ ആ വേശ്യ പ്പെൺകൊടി രണ്ടാമതും അവിടെ ചെന്നു. അവളെ കണ്ട ഉടനെ നമുക്ക് അച്ഛൻ വരുന്ന തിന് മുമ്പേ അങ്ങയുടെ ആശ്രമത്തിലേക്ക് പോകാം എന്ന് ഋഷ്യശൃംഗൻ പറയുകയും അവളോടൊപ്പം അംഗരാജ്യത്ത് പോവുകയും ചെയ്തു. ഋഷ്യശൃംഗനെ അംഗരാജ്യത്ത് കൊണ്ട് ചെന്നപ്പോൾ തന്നെ മഴ പെയ്തു. രാജാവ് തന്റെ മകൾ ശാന്തയെ അദ്ദേഹത്തിന് വിവാഹം ചെയ്തുകൊടുത്തു. മകനെ കാണാഞ്ഞ് കോപിച്ചെത്തിയ വിഭാണ്ഡകൻ കണ്ടത് സ്വർഗത്തിൽ ദേവേന്ദ്രൻ എന്നപോലെ ഇരിക്കുന്ന പുത്രനെയും മിന്നൽക്കൊടി പോലെയുള്ള പുത്രഭാര്യയെയുമാണ്. സന്തുഷ്ടനായ വിഭാണ്ഡകൻ പുത്രനുണ്ടായാൽ വീണ്ടും വരണം എന്ന് പറഞ്ഞേൽപ്പിച്ച് തിരിച്ചുപോയി. ഋഷ്യശൃംഗൻ അങ്ങനെ തന്നെ ചെയ്തു. ശാന്ത മറ്റനേകം ഋഷിപത്നിമാരെപ്പോലെ അദ്ദേഹത്തിന്റെ പരിചാരികയായി കൂടെപ്പോയി. ഇതാണ് മൂലകഥ.

## മൂലകഥ തിരക്കഥയായപ്പോൾ

തന്റെ ശൈലിക്ക് യോജിച്ചവിധം വൈശാലിയെ കേന്ദ്രബിന്ദുവാക്കി ആഖ്യാനത്തിൽ മാറ്റം വരുത്തിയാണ് എം.ടി. വൈശാലി എന്ന തിരക്കഥ രചിച്ചിരിക്കുന്നത്. ഋഷ്യശൃംഗനെ ഒരു നിമിത്തമായി കണ്ടുകൊണ്ട് കഥാന്ത്യത്തിൽ കാര്യപ്രാപ്തിക്ക് ശേഷം അവഗണി ക്കപ്പെടുന്ന വൈശാലിയെ എം.ടി. മുഖ്യകഥാപാത്രമാക്കിയപ്പോൾ കഥ ഋഷ്യശൃംഗന്റേതാ കുന്നതിന് പകരം വൈശാലിയുടെതായി. കാര്യം കഴിയുമ്പോൾ ഉപേക്ഷിക്കപ്പെടുന്ന രാജദാസിയുടെ അനാഥത്വത്തിന്റെ നേർക്കാണ് എം.ടിയുടെ ശ്രദ്ധ പതിഞ്ഞത്.

പന്തീരാണ്ടുകാലമായി അംഗരാജ്യം നേരിടുന്ന കൊടുംചൂടിനെ വർണിച്ചു കൊണ്ടാണ് തിരക്കഥ ആരംഭിക്കുന്നത്. വരൾച്ചയുടെ ഭയാനകത ആസ്വാദകർക്ക് ബോധ്യമാകും വിധം ഏഴു സീനുകളിലായി എം.ടി അവതരിപ്പിച്ചിരിക്കുന്നു. മൂലകഥയിൽ ഋഷ്യശൃംഗന്റെ കഥയി ലേക്ക് എത്താനുള്ള പശ്ചാത്തലമായിട്ടാണ് വരൾച്ച പരാമർശിക്കപ്പെടുന്നത്. മൂലകഥയി ലുള്ളതിനേക്കാൾ കൂടുതൽ വ്യക്തിത്വമുള്ള കഥാപാത്രങ്ങളെ തിരക്കഥയിൽ ഉൾക്കൊ ള്ളിച്ചു എന്നതാണ് മറ്റൊരു പ്രത്യേകത. മൂലകഥയിൽ ലോമപാദൻ, വിഭാണ്ഡകൻ, ഋഷ്യശൃംഗൻ എന്നീ കഥാപാത്രങ്ങൾക്ക് മാത്രമേ വ്യക്തിത്വമുള്ളൂ. തിരക്കഥയിലാകട്ടെ ഇവരെക്കൂടാതെ വൈശാലി, മാലിനി, പുരോഹിതൻ, ചന്ദ്രാംഗതൻ, ശാന്ത, രാജ്ഞി എന്നി ങ്ങനെ വ്യക്തിത്വമുള്ള മറ്റു കഥാപാത്രങ്ങൾ കൂടിയുണ്ട്. മൂലകഥയിൽ ഋഷ്യശൃംഗന്റെ വരവിനും മഴ പെയ്യിക്കലിനുമാണ് പ്രാധാന്യമെങ്കിൽ തിരക്കഥയിൽ ഋഷ്യശൃംഗനെ വശീ കരിച്ചു കൊണ്ടുവരാൻ പോകുന്ന വൈശാലിയുടെ അസ്തിത്വത്തിനും അവൾക്ക് സംഭവി ക്കുന്ന അവഗണനയ്ക്കുമാണ് പ്രാധാന്യം. മൂലകഥയിൽ വേശ്യകൾ ആവശ്യമുള്ളപ്പോൾ മാത്രം ലാളിക്കപ്പെടുന്ന വളർത്തുമൃഗങ്ങൾ ആണെങ്കിൽ തിരക്കഥയിൽ അവർ സ്നേഹ ത്തിനും പരിഗണനയ്ക്കും വേണ്ടി കൊതിക്കുന്നവരാണ്.

രാജപുരോഹിതന്റെ മകൻ ചന്ദ്രാംഗതന് വൈശാലിയോടുള്ള അഭിനിവേശമാണ് തിര ക്കഥയിൽ മാത്രമുള്ള മറ്റൊരു പ്രത്യേകത. ചന്ദ്രാംഗതന്റെ തരത്തിന് ചേരാത്ത ഈ ബന്ധ

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

ത്തെ പുരോഹിതൻ എതിർത്തെങ്കിലും ചന്ദ്രാഗതൻ കൂട്ടാക്കിയില്ല. മകനെ പിന്തിരിപ്പിക്കാൻ കഴിയില്ലെന്ന് പുരോഹിതന് ബോധ്യമായി. അതുകൊണ്ടാണ് വൈശാലിയെയും മാലിനിയെയും നശിപ്പിക്കാൻ ഒരു അവസരം കിട്ടിയപ്പോൾ പുരോഹിതൻ അത് ബുദ്ധിപൂർവ്വം ഉപയോഗിച്ചത്. വൈശാലി എന്ന തിരക്കഥയെ അതിന്റെ ക്ലൈമാക്സിലേക്ക് എത്തിക്കാൻ ഈ സംഭവമാണ് നിമിത്തമായത്.

ഋഷ്യശൃംഗനെ കൊണ്ടുവരുവാൻ ലോമപാദരാജാവ് വേശ്യകളോട് ആവശ്യപ്പെട്ടപ്പോൾ അവരെല്ലാം പേടിച്ച് നിൽക്കെ ഒരു വൃദ്ധവേശ്യ ആ ചുമതല ഏറ്റെടുത്തു എന്നാണ് മൂലകഥയിൽ പറയുന്നത്. എന്നാൽ തിരക്കഥയിൽ ഋഷ്യശൃംഗനെ വശീകരിക്കാൻ തക്കവണ്ണം സൗന്ദര്യമുള്ള ഒരാളെപ്പോലും കാണാതെ രാജാവ് വിഷമിച്ചു നിൽക്കുന്നതു കണ്ടപ്പോൾ രാജപുരോഹിതൻ അതിനുപറ്റിയ ഒരാളെ കാണിച്ചുകൊടുക്കുന്നു. വിവാഹത്തിനു മുൻപ് രാജാവിന് അടുപ്പമുണ്ടായിരുന്ന മാലിനിയുടെ മകൾ വൈശാലി. രാജാവ് തന്റെയും രാജ്യത്തിന്റെയും ദയനീയാവസ്ഥയെപ്പറ്റി പറഞ്ഞു മാലിനിയോട് യാചിക്കുമ്പോഴാണ് അവൾ അതിനു സമ്മതിക്കുന്നത്.

ദൗത്യത്തിന് പ്രതിഫലമായി രാജാവ് ധാരാളം സ്വത്തുക്കൾ വാഗ്ദാനം ചെയ്തെങ്കിലും മാലിനി അതൊന്നും സ്വീകരിച്ചില്ല. അവൾ ആവശ്യപ്പെട്ടത് രാജാവിനെ ധർമ്മസങ്കടത്തിൽ ആക്കുന്ന ഒരു കാര്യമാണ്. മുമ്പ് കൊട്ടാരം നർത്തകിയായിരുന്ന തനിക്ക് രാജാവിൽ ജനിച്ച മകളാണ് വൈശാലി. ഈ വൈശാലിയെ രാജാവ് നാലാൾ കാൺകെ മകളായി അംഗീകരിക്കണം. രാജാവ് ഇത് പാലിക്കും എന്ന് വിശ്വസിച്ചുകൊണ്ടാണ് മാലിനി കാട്ടിലേക്ക് മകളെയും കൂട്ടി പുറപ്പെടുന്നത്. മൂലകഥയിൽ നിന്ന് വ്യത്യസ്തമായി തിരക്കഥയിൽ എം.ടി കൂട്ടിച്ചേർത്ത സംഭവമാണിത്.

ഋഷ്യശൃംഗനും വൈശാലിക്കും പരസ്പരം തോന്നിയ പ്രണയമാണ് തിരക്കഥയിൽ മാത്രമുള്ള മറ്റൊരു പ്രത്യേകത. ഋഷ്യശൃംഗനെ വശീകരിക്കാനുള്ള ശ്രമത്തിനിടയിൽ വൈശാലി തന്റെ ശരീരം മാത്രമല്ല, മനസ്സും ഋഷ്യശൃംഗന് സമർപ്പിച്ചു.

അംഗരാജ്യത്തെ കൊടുംവരൾച്ചയിൽനിന്ന് രക്ഷിച്ച ഋഷ്യശൃംഗന് രാജാവ് തന്റെ മകൾ ശാന്തയെ രാജാവ് വിവാഹം ചെയ്തുകൊടുത്തു എന്നാണ് മൂലകഥയിൽ പറയുന്നത്. ലോമപാദന്റെ ഭാര്യ വന്ധ്യയാണ്. കുട്ടികളില്ലാതിരുന്ന ലോമപാദന് ആത്മസുഹൃത്തായ അയോധ്യാധിപൻ ദശരഥരാജാവ് തന്റെ മകളെ നൽകിയെന്നാണ് തിരക്കഥയിൽ പറയുന്നത്.

ഋഷ്യശൃംഗനെ അന്വേഷിച്ച് വിഭാണ്ഡകൻ അംഗരാജ്യത്തെത്തുകയും അവിടെ രാജകുമാരിയെ വിവാഹം ചെയ്ത് സന്തുഷ്ടനായി ഇരിക്കുന്ന മകനെ കാണുകയും, പുത്രൻ ജനിച്ചു കഴിഞ്ഞാൽ ഋഷ്യശൃംഗൻ ആശ്രമത്തിലേക്ക് തിരികെ പോരണമെന്ന് പറഞ്ഞ് അവരെ അനുഗ്രഹിച്ച് തിരിച്ചു പോരുകയും ചെയ്തു എന്നാണ് മൂലകഥയിൽ പറയുന്നത്. ഒരു പുത്രൻ ജനിച്ചു കഴിഞ്ഞപ്പോൾ ഋഷ്യശൃംഗൻ ആശ്രമത്തിലേക്ക് തിരിച്ചു പോവുകയും ശാന്ത അദ്ദേഹത്തെ പിന്തുടരുകയും ചെയ്തതായി മൂലകഥയിൽ പറയുന്നു. എന്നാൽ തിരക്കഥയിൽ വിഭാണ്ഡകൻ ഋഷ്യശൃംഗനെ അന്വേഷിച്ച് അംഗരാജ്യത്ത് വരുന്നില്ല.

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

തിരക്കഥയിൽ ഋഷ്യശൃംഗന് ഒരു കുഞ്ഞുപിറക്കുന്നതോ അവർ ആശ്രമത്തിലേക്ക് തിരിച്ചു പോകുന്നതോ പറയുന്നില്ല.

കഥാവസാനത്തിൽ എം.ടി വരുത്തിയ മാറ്റമാണ് തിരക്കഥയെ ഏറെ ശ്രദ്ധേയമാക്കുന്നത്. ഋഷ്യശൃംഗൻ അംഗരാജ്യത്ത് എത്തി ഹോമം ചെയ്തതിന്റെ ഫലമായി മഴ പെയ്യുന്നു. മഴമേഘങ്ങൾ ആകാശത്ത് പ്രത്യക്ഷപ്പെട്ടപ്പോൾ തന്നെ ആളുകൾ ആനന്ദനൃത്തം ചെയ്തു. തങ്ങളുടെ പ്രതീക്ഷകൾ പൂവണിയാൻ പോവുകയാണല്ലോ എന്നോർത്ത് മാലിനിയും വൈശാലിയും സന്തോഷിച്ചു.

യജ്ഞവേദിയിൽ വച്ച് തന്നെ രാജാവ് മകളെ ഋഷ്യശൃംഗന് വിവാഹം ചെയ്തു കൊടുക്കാൻ പോവുകയാണ് എന്ന് പ്രഖ്യാപിച്ചപ്പോൾ മാലിനിയും വൈശാലിയും സന്തോഷത്തോടെ രാജാവിന്റെ അടുത്തേക്ക് നീങ്ങുമ്പോൾ പുരോഹിതൻ അവരെ തള്ളിമാറ്റുന്നു. ആൾക്കൂട്ടത്തിൽപ്പെട്ട് ഏറെ പിന്നിലായിപ്പോയ വൈശാലിയും മാലിനിയും കാണുന്നത് ശാന്തയെ ഋഷ്യശൃംഗൻ വിവാഹം കഴിക്കുന്ന രംഗമാണ്. നവദമ്പതികളെ ആശീർവദിക്കാൻ തിക്കിത്തിരക്കുന്നവരുടെ ഇടയിൽപ്പെട്ട് മാലിനി ചെളിയിലേക്ക് തെറിച്ചുവീഴുന്നു. ആൾക്കൂട്ടം അവളെ ചവിട്ടി മെതിച്ചുകൊണ്ട് കടന്നുപോകുന്നു. ഒറ്റപ്പെട്ട് തളർന്നുപോകുന്ന വൈശാലി ചന്ദ്രാംഗദനെ പ്രതീക്ഷയോട് കൂടി നോക്കുമ്പോൾ അയാളും തിരിഞ്ഞു നടക്കുകയാണ്. ആടിപ്പാടി ജനാവലി കടന്നുപോകുമ്പോൾ വൈശാലി തനിച്ചാകുന്നു.

കാര്യം കഴിയുമ്പോൾ നിഷ്കരുണം വലിച്ചെറിയപ്പെട്ട വൈശാലിയുടെ അനാഥത്വം എം.ടി തിരക്കഥയിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്. മൂലകഥയിൽ ഋഷ്യശൃംഗനെ നാട്ടിലെത്തിച്ച വൃദ്ധവേശ്യയെയും കൂട്ടരെയുംപറ്റി ഒന്നും പറയുന്നില്ല. തിരക്കഥയിൽ അവരെ കുറിച്ചാണ് എം.ടി പറയുന്നത്, അവരെ അനാഥരാക്കിയ സാഹചര്യത്തെക്കുറിച്ചും. മൂലകഥയെ മാറ്റിമറിക്കുകയല്ല എം.ടി ചെയ്തത്. മൂലകഥയിൽ നിറം മങ്ങിപ്പോയവരെ വെളിച്ചത്തിലേക്ക് കൊണ്ടു വരികയും അവരുടെ മനോവ്യാപാരങ്ങൾക്ക് പ്രാധാന്യം കിട്ടത്തക്കവിധത്തിൽ കുറച്ച് സംഭവങ്ങളെയും കഥാപാത്രങ്ങളെയും കൂട്ടിച്ചേർക്കുകയുമാണ് ചെയ്തത്.

## പാരിസ്ഥിതികാവബോധവും മിത്തിന്റെ പുനരാഖ്യാനവും

പ്രകൃതിയിലും സ്ത്രീയിലും ഒരുപോലെ കുടികൊള്ളുന്ന പ്രതിഭാസങ്ങളെക്കുറിച്ചുള്ള ആഖ്യാനം കൂടിയാണ് വൈശാലി എന്ന തിരക്കഥ. സ്ത്രീമനസ്സിന്റെ നിഗൂഢതകൾ പോലെ നിഗൂഢവും വന്യവുമായ പ്രകൃതിയെ എം.ടി തിരക്കഥയിൽ ആവിഷ്കരിച്ചിട്ടുണ്ട്. ഋതുക്കൾ സൃഷ്ടിക്കുന്ന മഴയും വെയിലും വൈശാലിയുടെ ജീവിതഭാവങ്ങളും അനുഭവങ്ങളുമായി താദാത്മ്യം പ്രാപിക്കുന്നു. കണ്ണീരായും ചിരിയായും ഘനീഭവിച്ച മനസ്സായും തിളച്ചുപൊങ്ങുന്ന രോഷമായും സ്നേഹസ്പർശമായും ഏകാന്തതയുടെ മഹാസമുദ്രമായും വന്യകാമനകൾ ചേക്കേറുന്ന ഹൃദയമായും വൈശാലി പ്രകൃതിയെപ്പോലെ വ്യത്യസ്തമായ ഭാവപ്പകർച്ചകൾ ഉൾക്കൊള്ളുന്നവളായി നിലകൊള്ളുന്നു.

പ്രകൃതിയുടെ അതിതീവ്രമായ വന്യകാമനകളിൽ തന്റെ സത്തയെ ലയിപ്പിച്ച് ചേർക്കാൻ ആഗ്രഹിക്കുന്ന എം.ടിയുടെ കാമനയാണ് വൈശാലിയിൽ ആവിഷ്കരിക്കുന്നത്.

പ്രകൃതിയിൽ ലയിച്ചുചേരാനും ഒന്നായിത്തീരാനുമുള്ള ആഗ്രഹം തന്റെ സത്തയിലേക്കുള്ള മടക്കം കൂടിയായി മാറുന്നു. കാടിന്റെ ആർദ്രഹൃദയങ്ങളിലേക്കുള്ള യാത്രയിൽ പുരുഷനെ സ്വീകരിക്കാൻ വൈശാലി മടി കാട്ടുന്നില്ല. പ്രകൃതിയും പുരുഷനും ഒന്നാണെന്നുള്ള സങ്കല്പത്തെ തിരിച്ചറിയാനും പരുഷമായ യാഥാർത്ഥ്യങ്ങളിൽ നിന്നകന്ന് കാടിന്റെ വന്യതയിൽ അഭയം പ്രാപിക്കാനും വൈശാലി തയ്യാറാവുന്നു.

കാട് വൈശാലി എന്ന തിരക്കഥയിൽ നിതാന്ത സാന്നിധ്യമാണ്. ജീവിതത്തിൽ നിന്ന് ഒഴിച്ചുകൂടാനാവാത്ത ഘടകമായി കാട് നിലകൊള്ളുന്നു. കാടിന്റെ ക്ഷണം ഏറ്റുവാങ്ങി അതിലേക്ക് ചേരാൻ ആഗ്രഹിക്കുന്ന, കാടിന്റെ മദഗന്ധത്തിൽ വിലയംപ്രാപിക്കുന്നവളായി വൈശാലി മാറുന്നു. കാടിന്റെ സാമീപ്യം സൃഷ്ടിക്കുന്ന ഉന്മാദത്തെ തിരക്കഥയിൽ എം.ടി. മനോഹരമായി ആവിഷ്കരിച്ചിട്ടുണ്ട്.

പ്രകൃതിയുടെയും സ്ത്രീമനസിന്റെയും സൂക്ഷ്മമായ അനാവരണം തിരക്കഥയിൽ ദൃശ്യമാകുന്നുണ്ട്. ഉർവ്വരതയുടെയും സ്ത്രീത്വത്തിന്റെയും സൂക്ഷ്മമായ ആവിഷ്കാരമായി തിരക്കഥ മാറുന്നു. കാടും ജലവും മഴയും തണുപ്പും മരവും എല്ലാം എം.ടിയുടെ തിരക്കഥയിൽ ജീവിത വിശുദ്ധിയുടെയും സംസ്കൃതിയുടെയും ഭാഗമായി നിലകൊള്ളുന്നു. ജീവനും ജീവന്റെ ഉറവിടങ്ങളും ജൈവികതയുടെയും സൃഷ്ട്യുന്മുഖതയുടെയും അഭംഗുരമായ ജീവസംസ്കാരത്തിന്റെയും ഭൗതികവും നൈതികവുമായ സുസ്ഥിതിയുടെയും പ്രതീകങ്ങളാകുന്നു. പ്രകൃതിയുടെ സൗന്ദര്യാത്മകമായ ഭാവലയവിന്യാസങ്ങളെ സൂക്ഷ്മതയോടെ ഇതിൽ ആവിഷ്കരിക്കുന്നു.

പ്രകൃതിയുടെ സൂക്ഷ്മങ്ങളിൽ സ്വയം അലിഞ്ഞുചേരാൻ ആഗ്രഹിക്കുന്ന സ്ത്രീയുടെ പരിച്ഛേദമാണ് വൈശാലി. ചിറകുവിടർത്തി അപരിമേയമായ സ്വാതന്ത്ര്യത്തിലേക്ക് കുതിക്കാൻ കഴിയാതെ പരിമിതപ്പെട്ട ജീവിതം ഏറ്റുവാങ്ങാൻ വിധിക്കപ്പെട്ട പെണ്ണനുഭവമായി തിരക്കഥ മാറുന്നു. വ്യവസ്ഥാപിതമായ പുരുഷലോകം കൽപ്പിച്ചു കൊടുത്ത ഇടങ്ങളിലേക്ക് ചുരുങ്ങേണ്ടിവരുമ്പോഴും തന്റേതായ സംവേദനത്വവും പ്രതികരണവും സൃഷ്ടിക്കാൻ കഴിയാത്തവളായി സ്ത്രീ പരിണമിക്കുന്നത് വൈശാലിയിൽ കാണാം. മനസ്സിൽ പൂത്തുലഞ്ഞു നിൽക്കുന്ന നിറച്ചാർത്തണിഞ്ഞ ലോകം വൈശാലിക്ക് അപ്രാപ്യമാണ്. പ്രകൃതി പ്രദാനം ചെയ്ത മഴയുടെ ഓജസ്സും സൗന്ദര്യവും ഓരോ അണുവിലും നിറയുമ്പോൾ നിറയൗവനത്തിൻ ഉടമയായി മാറും എന്ന് തിരിച്ചറിവാണ് എം.ടി. പങ്കുവയ്ക്കുന്നത്. പ്രകൃതി ജീവഹരിതം ആകുന്നു എന്നും അതിലെ ഊർജ്ജം ജീവിതത്തെ സൗന്ദര്യാത്മകമാക്കുമെന്നും എം.ടി. തിരിച്ചറിയുന്നു. പ്രകൃതിയുടെ അനിർവചനീയമായ അനുഭൂതികൾ മരണത്തെപ്പോലും അതിജീവിക്കാൻ പര്യാപ്തമാവുമെന്ന ബോധവും എം.ടി. പുലർത്തുന്നുണ്ട്. മരണത്തെപോലും അതിജീവിക്കാൻ പര്യാപ്തമാക്കുന്ന പ്രകൃതിയുടെ വിലോഭനീയതയിൽ അഭയം തേടുന്ന വൈശാലിയെയാണ് തിരക്കഥയുടെ അവസാനം കാണുന്നത്. ദുഃഖഭരിതമായ ഹൃദയത്തോടെ പ്രകൃതിയുടെ സ്പന്ദനങ്ങൾ ഏറ്റുവാങ്ങുകയും പ്രപഞ്ചചേതനയുമായി സംവദിക്കുകയും ചെയ്യുന്നു. പ്രകൃത്യനുസരണമായ പരിണാമഭാവങ്ങളെ തിരക്കഥയിലേക്ക് ആവാഹിക്കുന്നു.

---

ഗവൺമെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

സ്നേഹവും കാരുണ്യവും വാത്സല്യവും പ്രതിഷേധവും പ്രണയവും വിരഹവും എല്ലാം പ്രകൃതിയെപ്പോലെ തന്നെ എടുത്തണിയുന്നവളാണ് സ്ത്രീ. സ്ത്രീയുടെ വഴി പ്രകൃതിയുടെ കൂടിയാണെന്ന് തിരിച്ചറിയുന്നു. സ്ത്രീയിലും പ്രകൃതിയിലും കുടികൊള്ളുന്നത് സമാനമായ ചേതനകളാണെന്ന് പരിസ്ഥിതിസ്ത്രീവാദം സിദ്ധാന്തിക്കുന്നു. പ്രണയവും മഴയും ദൃശ്യ പ്രപഞ്ചത്തിന്റെയും പ്രണയലഹരിയുടെയും തീവ്ര സ്പർശങ്ങളായി എം ടി ആവിഷ്കരിക്കുന്നു. ആദ്യത്തെ മഴത്തുള്ളികൾ വൈശാലിയുടെ ശരീരത്തിൽ സ്പർശിക്കുമ്പോൾ മഴ പ്രണയത്തിന്റെ ആനന്ദതാണ്ഡവം സൃഷ്ടിക്കുന്നു. ജലകണങ്ങൾ ഉർവ്വരതയുടെ പ്രതീക്ഷയും പ്രതീകവുമായി നിലകൊള്ളുന്നു. ആസന്നമായ പ്രണയസാഫല്യത്തിന്റെ രൂപകമായി ജലകണങ്ങൾ മാറുന്നു. എന്നാൽ തൊട്ടടുത്ത നിമിഷം തന്നെ പ്രണയത്തെ തന്നിലേക്ക് തന്നെ ചുരുക്കാൻ വിധിക്കപ്പെടുന്നു. സ്വാതന്ത്ര്യവും പ്രണയവും ഒരുപോലെ നഷ്ടപ്പെടുന്ന കീഴ്പ്പെടലിനും വിധേയപ്പെടലിനും വഴങ്ങേണ്ടിവരുന്ന സ്ത്രൈണകാമനകളെ എം.ടി. ആഖ്യാനം ചെയ്യുന്നു. പുരുഷാധിപത്യം സ്ത്രീയുടെ ഇച്ഛകളെയും സ്വത്വത്തെയും അടിച്ചമർത്തുന്നു.

ചൂഷണത്തിന്റെയും ക്രൗര്യത്തിന്റെയും കവർന്നെടുക്കലിന്റെയും പ്രതിനിധിയായി പുരുഷാധിപത്യസമൂഹം നിലകൊള്ളുന്നു. സാന്ത്വനത്തിലും സ്നേഹത്തിലും അധിഷ്ഠിതമായ പരസ്പരാനുരാഗത്തിന്റെ ഹരിതതലം തേടാൻ ആഗ്രഹിക്കുന്ന സ്ത്രീമനസ്സിന്റെ പ്രതിനിധിയായി വൈശാലി മാറുന്നു. അനുഭവപരിസരങ്ങളിൽ നിന്ന് സന്ധി ചെയ്യേണ്ടിവരുന്ന സ്ത്രീയുടെ ഒറ്റപ്പെടലിന്റെ ലോകമാണ് ഇവിടെ അനാവൃതമാകുന്നത്. പ്രണയിക്കാനും പ്രണയിക്കപ്പെടാനുമുള്ള ആന്തരികമായ അഭിനിവേശം എം.ടി. യുടെ തിരക്കഥയിൽ കാണാം. തീവ്രവിരഹത്തിന്റെയും പ്രണയത്തിന്റെയും പലായനത്തിന്റെയും പശ്ചാത്തലമായി പ്രകൃതി വൈശാലി എന്ന തിരക്കഥയിൽ പാരിസ്ഥിതിക സ്ത്രീലോകങ്ങളുടെ വ്യത്യസ്തങ്ങളും വൈവിധ്യങ്ങളുമാർന്ന സ്ത്രൈണാനുഭൂതികളെ സൃഷ്ടിക്കുന്നു.

സ്ത്രീപുരുഷബന്ധങ്ങളിലെ വ്യവസ്ഥാപിതഘടനയ്ക്കുള്ളിൽ മൂകമായിപ്പോകുന്ന സ്ത്രീപക്ഷത്തിന്റെ ഇരുണ്ട ഏടുകളാണ് എം.ടി .തിരക്കഥയിൽ അനാവരണം ചെയ്യുന്നത്. സ്നേഹത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും ആവിഷ്കാരത്തിന്റെയും തലങ്ങൾ മാത്രമല്ല പ്രണയത്തിന്റെ അർത്ഥതലങ്ങൾകൂടി അന്വേഷിക്കുന്ന സ്ത്രീമനസ്സിനെ സർഗ്ഗപ്രക്രിയയുടെ ഭാഗമാക്കുന്നു.

മിത്തുകളെ എഴുത്തുകാരൻ സൃഷ്ടിക്കുകയും ഉപജീവിക്കുകയും ചെയ്യാറുണ്ട്. ഒരു മിത്തിനെത്തന്നെ രണ്ടുപേർ രണ്ടു വിധത്തിലാണ് കൈകാര്യം ചെയ്യുന്നത്. കഥയുടെ അടിസ്ഥാനരൂപം ഒന്നായിരിക്കുമെങ്കിലും കഥപറച്ചിലുകാരന്റെ കഥനരീതിയും ഊന്നലുകളും വ്യത്യാസപ്പെട്ടിരിക്കുന്നതുകൊണ്ട് അവ പുതിയ കഥകളായിത്തീരുന്നു. മിത്തുകളെ സാഹിത്യനിർമ്മിതിക്ക് ഉപയോഗിച്ചിട്ടുള്ള പ്രമുഖനായ എഴുത്തുകാരനാണ് എം.ടി വാസുദേവൻനായർ. സമൂഹത്തിന്റെ സംഘർഷനിവാരണത്തിന് ഉപയോഗിച്ചിട്ടുള്ള മിത്തുകളെ എം. ടി വാസുദേവൻ നായർ തന്റെതന്നെ മാനസികസംഘർഷത്തിനുള്ള പരിഹാരമായി ഉപയോഗിച്ചു. മിത്തുകളുടെ ഉപരിതലഘടനയിൽ പ്രാധാന്യമൊന്നും ഇല്ലാതിരുന്ന ചില ഭാഗങ്ങൾക്ക് എം.ടി. വൈശാലി എന്ന തിരക്കഥയിൽ പ്രാധാന്യം നൽകി അവതരിപ്പിച്ചു.

---

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

അറിവും അധികാരവും തമ്മിലുള്ള ബന്ധം വൈശാലിയിൽ തെളിഞ്ഞു കാണാം. ജ്ഞാനം അധികാരത്തിന്റെ രൂപമാണെന്നത് ചരിത്രത്തിൽ തെളിഞ്ഞു കാണാവുന്ന യാഥാർത്ഥ്യമാണ്. രാജസദസുകളിലെ ബ്രാഹ്മണരും പുരോഹിതരും നേരിട്ട് ഭരിച്ചില്ലെങ്കിലും രാജാവിലൂടെ നാടിനെ ഭരിച്ചതായി ചരിത്രവും പുരാണങ്ങളും വ്യക്തമാക്കുന്നു. നിശ്ചിതമായ ഘടകങ്ങളിൽ ഒതുങ്ങുന്നതല്ല അധികാരമെന്നത്. അധികാരത്തിന്റെ കാരുണ്യമില്ലാത്ത ദുഷിച്ച പ്രവർത്തനങ്ങൾ എവിടെയും തടവ് മുറികൾ സൃഷ്ടിക്കുന്നു. പ്രത്യയശാസ്ത്ര സിദ്ധാന്തങ്ങളും ധാർമികതയും നീതിബോധവുമെല്ലാം അധികാരത്തിന്റെ മുമ്പിൽ നിഷ്പ്രഭമാകുന്നത് ലോകത്തെവിടെയും കാണാം. ഇത് വർത്തമാന കാലത്തെ മാത്രം പ്രശ്നമല്ല. ചരിത്രത്തിലും ഇത് കാണാം. ഇതിഹാസങ്ങളിലും പുരാണങ്ങളിലും ഇമ്മട്ടിലുള്ള പ്രശ്നങ്ങൾ വേറെ വേറെ രൂപങ്ങളിൽ പ്രത്യക്ഷപ്പെടുന്നു.

വൈശാലിയിൽ സ്ത്രീകൾ ഭരണാധികാരികൾക്ക് അധികാരം നിലനിർത്താനുള്ള ഉപകരണം മാത്രമായി ചുരുക്കപ്പെടുന്നു. അധികാരികൾക്ക് ലൈംഗികത ഒരു നേരംപോക്കാണ്. ഇതേ ലൈംഗികത കൊണ്ട് പോരാടി അവർ ഭരണപരാജയങ്ങളെ കീഴടക്കുന്നു. സ്ഥാനമാനങ്ങൾക്കും പ്രതികാരങ്ങൾക്കും ചതിക്കും സുഖഭോഗങ്ങൾക്കുമെല്ലാം സ്ത്രീകളെ ഉപയോഗിക്കുന്നു. മിത്തിന്റെ ഈ അബോധതലത്തിലേക്കും അധികാരത്തിന്റെ ആന്തരികതയിലേക്കുമാണ് എം.ടി. ശ്രദ്ധ പതിപ്പിക്കുന്നത്. മിത്തിനെ പുനരാഖ്യാനം ചെയ്യുന്ന കലാകാരൻ കാലം ആവശ്യപ്പെടുന്ന ശൈലിയിലേക്കും ആഖ്യാനത്തിലേക്കും സാങ്കേതങ്ങളിലേക്കും സ്വയം നടക്കുന്നു എന്നതിന്റെ തെളിവാണ് വൈശാലി എന്ന തിരക്കഥ.

സ്ത്രീപക്ഷരചനയെന്ന് സൗന്ദര്യാത്മകപ്രഭാവത്തോടെ പറയാവുന്ന തിരക്കഥയാണ് വൈശാലി. അന്യന്റെ സ്വാർത്ഥതാല്പര്യത്തിനുവേണ്ടി ജീവിതം ബലിനൽകേണ്ടിവന്ന വൈശാലി സ്ത്രീപക്ഷരചനയായി നിലകൊള്ളുന്നു. നിന്ദിതരും പീഡിതരുമായി പാരമ്പര്യത്തിന്റെ ഇടുങ്ങിയ വലയത്തിനുള്ളിൽ ജീവിക്കുന്ന ഭഗ്നപ്രണയത്തിന്റെ ദുരന്ത പ്രതീകങ്ങളാണ് എം.ടിയുടെ സ്ത്രീകഥാപാത്രങ്ങളെന്ന് ഈ കൃതിയും തെളിയിക്കുന്നു.

നമ്മുടെ സമൂഹാവബോധത്തിൽ ഉറഞ്ഞുകിടക്കുന്ന സ്ത്രീസങ്കല്പങ്ങൾക്ക് വിവിധ മുഖങ്ങളുണ്ട്. സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും പ്രതികാരത്തിന്റെയുമായ പലഭാവങ്ങളും കാണാം. പക്ഷേ മിത്തിക്കൽ സങ്കല്പത്തിൽ സ്ത്രീ വിളഭൂമിയാണ്. ബീജങ്ങൾ ഏറ്റുവാങ്ങുന്ന ഗർഭപാത്രങ്ങൾ, വിത്തുവിതയ്ക്കാൻ മാത്രമായ വയലുകൾ, രേതസ്സ് ഹോമിക്കാൻ വേണ്ടി ജ്വലിപ്പിച്ച അഗ്നി, അതല്ലെങ്കിൽ വില്ലാളിക്ക് വിജയമുഹൂർത്തത്തിൽ എടുത്തുകാട്ടാനുള്ള ആഭരണങ്ങൾ എന്ന നിലയിൽ മാത്രമാണ് സ്ത്രീജീവിതത്തിന് പ്രാമുഖ്യം ഉണ്ടായിരുന്നത്. ഋഷ്യശൃംഗന്റെ കഥയിൽ സ്ത്രീ തപം മുടക്കാൻ മാത്രം സൃഷ്ടിക്കപ്പെട്ടവളാണ്. സ്ത്രീ എന്നൊരു വർഗ്ഗം ഉള്ളതുപോലും അറിയിക്കാതെയാണ് വിഭാണ്ഡകൻ മകനെ വളർത്തിയത്. എം.ടിയുടെ തിരക്കഥയിൽ സ്ത്രീകഥാപാത്രങ്ങൾക്ക് മുഖമുണ്ട് എന്നു മാത്രമല്ല, സ്ത്രീകഥാപാത്രകേന്ദ്രീകൃതമായാണ് കഥ മുന്നോട്ടു പോകുന്നത്. തിരക്കഥയിലെ പ്രത്യക്ഷതലത്തിലുള്ള കഥാപാത്രം എന്ന നിലയിൽനിന്ന് വളർന്ന് കഥാഘടനയിൽ നിറഞ്ഞുനിൽക്കുന്ന സവിശേഷരൂപമായും കേന്ദ്രബിംബമായും ആദിപ്രരൂപമായും വൈശാലി പരിണമിക്കുന്നു.

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

അടിച്ചമർത്തപ്പെട്ട വികാരങ്ങളിൽനിന്നും വിലക്കുകളിൽനിന്നുമുള്ള മോചനമാണ് മിത്തുകളിലൂടെ സാധ്യമാകുന്നത്. മിത്തുകൾ സ്വപ്നങ്ങൾക്ക് തുല്യമാണ്. സ്വപ്നം വ്യക്തിയുടെ മനസ്സിൽ വിരിയുന്ന സ്വാനുഭവത്തിന്റെ പ്രതിഫലനമാണെങ്കിൽ സമൂഹത്തിന്റെ സ്വപ്നമായ മിത്ത് സമൂഹത്തിന്റെ അബോധമനസ്സിലെ പ്രകൃതി പ്രതിഭാസങ്ങളുടെ പൂരണമാണ്. സാഹിത്യത്തിന്റെ ഉപാധിയെന്ന നിലയിലാണ് ഇന്ന് മിത്തുകൾക്ക് പ്രസക്തി. മനുഷ്യമനസ്സിനെ സംസ്കരിക്കാൻ സാഹിത്യത്തിനുള്ള കഴിവ് നിസ്തുലമാണ്. ഇവിടെയാണ് മിത്തുകൾക്ക് സാഹിത്യത്തിലുള്ള പ്രസക്തി. എഴുത്തുകാരന്റെ കഥാസന്ദർഭത്തെ പുഷ്ടിപ്പെടുത്താനും സമകാലികമനുഷ്യാവസ്ഥയെ സൂചിപ്പിക്കാനും മിത്തുകൾ ഉതകുന്നു. നമ്മുടെ മനസ്സിന്റെ അകത്തളത്തിൽ ഉറങ്ങിക്കിടക്കുന്ന നാടോടിസംസ്കാരത്തെ ഉണർത്തി പുതിയ മേഖലകളിലേക്ക് കൈപിടിച്ചു നടത്താനും അവ പ്രയോജനപ്പെടുന്നു.

എം.ടിയെ സംബന്ധിച്ചിടത്തോളം മിത്തുകൾ സമൂഹത്തിന്റെ ആദിമനസ്സിനെ പ്രതിഫലിപ്പിക്കുന്നവയാണ്. മിത്തുകളുടെ അതിശയോക്തികളിലും സ്വപ്നതലങ്ങളിലും എല്ലാം സംസ്കാരത്തിന്റെ തുടർച്ചയാണ് അദ്ദേഹം അന്വേഷിക്കുന്നത്. മിത്തുകളെ ഇതിവൃത്തമാക്കി രചന നടത്തിയ എം.ടി. അവയിലൂടെ വർത്തമാനകാലത്തിന് ചേരും വിധം ഭൂതകാലത്തെ പുനരാവിഷ്കരിക്കുകയാണ് ചെയ്തത്. മിത്തുകൾ എം.ടിക്ക് ചരിത്രപരമായ കണിശതകൾ അല്ല. മറിച്ച് ഭാവനയുടെ സാധ്യതകളെ ആവിഷ്കരിക്കുന്ന ഒരു തലം മാത്രമാണ്. ഇതിഹാസത്തിലെയും ഐതിഹ്യത്തിലെയുമെല്ലാം മിത്തുകളെ പൊളിച്ച് എഴുതിയാണ് യഥാക്രമം എം.ടി. വൈശാലി എന്ന തിരക്കഥ രചിച്ചത്. സമൂഹമനസ്സിൽ ഉറച്ചുപോയ ചില സങ്കല്പങ്ങളെ മാറ്റിമറിച്ചപ്പോൾ ഉണ്ടായ പിടച്ചിൽ ആസ്വാദകമനസ്സിലും ഉണ്ടായി. അങ്ങനെയാണ് വൈശാലി ആസ്വാദക ലോകം കീഴടക്കിയത്.

മിത്തിക്കൽ സങ്കൽപ്പത്തിൽ സ്ത്രീ വിളഭൂമിയാണ്. ജീവിതത്തിൽ ഇന്നേവരെ ഇല്ലാതിരുന്നത് നേടാൻ കൊതിച്ച് അതിനുവേണ്ടി അമ്മയുടെ വാക്ക് അനുസരിച്ച് ഇറങ്ങിത്തിരിച്ച വൈശാലിക്ക് ഒന്നും നേടാൻ ആയില്ലെന്നു മാത്രമല്ല അതുവരെ ഉണ്ടായിരുന്നത് നഷ്ടപ്പെടുകയും ചെയ്തു. മിത്തിന്റെ പുനരാഖ്യാനത്തിലൂടെ എം.ടി. രചിച്ച വൈശാലി എന്ന തിരക്കഥയിൽ വർത്തമാനകാലമനുഷ്യന് പ്രത്യേകിച്ച് സ്ത്രീകൾക്ക് ഒരു വിധേയന്റെ സ്വാതന്ത്ര്യം മാത്രമേയുള്ളൂ എന്ന് ഓർമ്മിപ്പിക്കുക മാത്രമല്ല അതിനെ പൊളിച്ചെഴുതുകയും ചെയ്തിരിക്കുന്നു.

മിത്തുകളെ ഇങ്ങനെ ആവിഷ്കരിക്കുന്നതിലൂടെ എം.ടിയുടെ ഈ തിരക്കഥ മറ്റു തിരക്കഥകളിൽ നിന്ന് വേറിട്ട് നിൽക്കുന്നു. തിരക്കഥാരചനയെക്കുറിച്ച് പുതിയ ധാരണകൾ സൃഷ്ടിക്കുന്നതിനും മിത്തുകളാൽ സമൂഹമനസ്സിൽ രൂഢമൂലമായിരുന്ന അറിവുകളെ നവീകരിക്കുന്നതിനും ഈ തിരക്കഥയ്ക്ക് സാധിച്ചിട്ടുണ്ട്. മിത്തുകളുടെ മൂല്യങ്ങളെ ചോദ്യം ചെയ്യുകയല്ല അവയിലെ നീതിശൂന്യത കണ്ടെത്തുകയും അതിലൂടെ വർത്തമാനകാല കഠിനതകളെ ആവിഷ്കരിക്കുകയും ചെയ്യുകയാണ് എം.ടി. മിത്തിലും സാഹിത്യഭാവനയിലും ഉള്ള സ്ത്രീയുടെ സങ്കടാവസ്ഥ സരളമായരീതിയിൽ ആവിഷ്കരിക്കുന്നതിനോടൊപ്പം അതിനുള്ളിൽ വർത്തമാനകാലത്തിന്റെ മൂലഛായകൾ തിരയുകയും ചെയ്യുന്നു.

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

വ്യാസന്റെ മൗനത്തിന് എം.ടി. നൽകിയ വ്യാഖ്യാനമാണ് വൈശാലി എന്ന തിരക്കഥ. മിത്തിന്റെ യുക്തിഭദ്രവും വ്യാഖ്യാനാത്മകവുമായ പുനഃസൃഷ്ടി എം.ടിയുടെ സാർത്ഥകമായ തിരക്കഥാനിർമ്മിതിക്ക് ഉദാഹരണമാണ്. വളരെ പൗരാണികമായ ഋഷ്യശൃംഗകഥ പറഞ്ഞപ്പോൾ അതിലുയർന്നുവരുന്നത് അധികാരോത്സവങ്ങൾക്ക് കീഴെ അടിച്ചമർത്തപ്പെടുന്ന എക്കാലത്തെയും മനുഷ്യരുടെ പീഡിതസത്തയാണ്. പീഡനമനുഭവിക്കുന്ന സ്ത്രീത്വത്തിന്റെ പ്രാതിനിധ്യപ്രകാശനത്തിലൂടെ വൈശാലി പുതിയൊരു മാനം തേടുകയും ചെയ്യുന്നു. അങ്ങനെ വൈശാലി സമകാലികജീവിതത്തിന്റെ പരിച്ഛേദമായി മാറുന്നു.

## ഗ്രന്ഥസൂചി

1. *രാഘവൻ പയ്യനാട് ഡോ., ഫോക്‌ലോർ, തിരുവനന്തപുരം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം 2006.*
2. *വാസുദേവൻ നായർ എം.ടി., പെരുന്തച്ചൻ, ഇംപ്രിന്റ് ബുക്സ്, കൊല്ലം, 1998.*
3. *വാസുദേവൻ നായർ എം.ടി., വൈശാലി, മലയാളം പബ്ലിക്കേഷൻസ്, കോഴിക്കോട്, 1989.*
4. *ശങ്കുണ്ണി കൊട്ടാരത്തിൽ, ഐതിഹ്യമാല, പറയിപെറ്റ പന്തിരുകുലം, കറന്റ് ബുക്സ്, കോട്ടയം, 1995.*
5. *അരവിന്ദൻ വല്ലച്ചിറ ഡോ., എം.ടി., തിരക്കഥയുടെ സർഗാത്മകത, എം.ടിയുടെ സർഗ പ്രപഞ്ചം, ജനറൽ എഡിറ്റർ, തമ്പാൻ ടോണി മാത്യൂ.*
6. *ബീനാകൃഷ്ണൻ എസ്.കെ., മിത്തുകളുടെ വ്യതിയാനം: പുറപ്പാടിന്റെ പുസ്തകത്തിൽ, ചെങ്ങഴി, ജനുവരി ജൂൺ 2023*
7. *സജിത കിഴിനിപ്പുറത്ത്, ലിംഗപദവി, പ്രകൃതി, പാരിസ്ഥിതിക സ്ത്രീവാദം, മലയാളം റിസർച്ച് ജേണൽ, ഓഗസ്റ്റ് 2012*

# പ്രതീകവൽക്കരണങ്ങളിലെ അപരനിർമിതിയും 'വല'യിലെ വ്യവഹാരസൂചിതങ്ങളും

**കൃഷ്ണൻ പി.സി.**
മലയാളം ഗവേഷകൻ, കെ.കെ.ടി.എം.ഗവ: കോളെജ്, പുല്ലൂറ്റ്, കാലിക്കറ്റ്
സർവകലാശാല, തേഞ്ഞിപ്പാലം

**പ്രബന്ധസംഗ്രഹം**

ജീവിമധ്യത്തിൽ ഏകാന്തതയും ജീവിതമധ്യത്തിൽ മരണവും അനുഭവിക്കുന്ന ഒരു കൊതുകിന്റെ കഥയാണ് 'വല'. അജ്ഞാതനായ ഒരാൾ തന്നോട് പറയുന്ന സംഭവത്തിന്റെ പുനരാഖ്യാനമെന്നോണം എഴുത്തുകാരൻ കൊതുകിന്റെ കഥ അവതരിപ്പിക്കുന്നതിനാൽ അനുഭവവിവരണം കൂടിയാണ് കഥ. പറച്ചിലിന്റെയും എഴുത്തിന്റെയും വായനയുടെയും തലങ്ങളിൽ കൊതുക് ജീവിത മരണങ്ങൾക്കിടയിൽ സംഘർഷങ്ങൾ അനുഭവിക്കുന്ന ഒറ്റപ്പെട്ട ജീവിവർഗ്ഗത്തിന്റെ പ്രതീകമാകുമ്പോൾ അധികാരം കൈയാളുന്ന പ്രതീകമായി മനുഷ്യനും മാറുന്നു. മുറിയിൽ തളംകെട്ടിനിൽക്കുന്ന അന്ധകാരം കൊതുകിൽ മരണത്തിന്റെയും, മനുഷ്യനിൽ ഭയത്തിനുമേൽ തീർത്ത അധികാരത്തിന്റെയും സൂചനയായി മാറുന്നു. രണ്ടുപേർക്കുമിടയിൽ ഒരപരലോകത്തിന്റെ പ്രതീതിയാണ് ഇത് സൃഷ്ടിക്കുന്നത്. പറ്റത്തിൽ നിന്ന് ഒറ്റയിലേക്കുള്ള വേർതിരിവിൽ നിന്നുണ്ടാകുന്ന അസ്തിത്വപ്രശ്നങ്ങളെ അപരവത്ക്കരിച്ച് 'വല' വ്യത്യസ്തങ്ങളായ രാഷ്ട്രീയമാനങ്ങളുടെ കലക്കങ്ങൾ സൃഷ്ടിക്കുന്നു. ഈ കലക്കങ്ങളിലൂടെ സാധ്യമായ/സാധ്യമാവാത്ത അപരബോധത്തെ വേർതിരിച്ചെടുക്കുന്നതാണ് ഈ പ്രബന്ധം.

***താക്കോൽവാക്കുകൾ:*** അപരനിർമിതി, കീഴാളത, ഇടം.

## ആമുഖം

യാദൃച്ഛികമായി കൊതുകുവലയ്ക്കുള്ളിൽ പെട്ടുപോകുന്ന ഒരു കൊതുകിന്റെ രക്തരഹിതമായ ആത്മത്യാഗത്തിന്റെ കഥയാണ് സക്കറിയയുടെ 'വല' എന്ന ചെറുകഥ.

ആൾക്കൂട്ടത്തിലെ ഏകാന്തതയും സമൂഹത്തിലെ ഒറ്റപ്പെടലും ഒരു വ്യക്തിയിൽ സൃഷ്ടിക്കുന്ന അവസ്ഥയുടെ വ്യതിയാനങ്ങളെയും കഥ കുറിക്കുന്നു. അകപ്പെടുന്നവന്റെ അപരമാണ് കൊതുക്. രഹസ്യങ്ങൾ അറിയാൻ പുറപ്പെടുന്ന മനുഷ്യനെ രഹസ്യങ്ങൾ അകപ്പെടുത്തുന്നു. അഴിച്ചെടുക്കാൻ ശ്രമിക്കുംതോറും മുറുകുന്നതും അകപ്പെട്ടുപോകുന്നതുമായ യാഥാർത്ഥ്യബോധത്തെയാണ് മനുഷ്യന്റെ അപരമായ കൊതുക് പ്രശ്നവൽക്കരിക്കുന്നത്. ഒരു ചെറുജീവിയുടെ ശരീരത്തിൽ ആത്മാവ്കൊണ്ടാവേശിച്ച് ആ ജീവിയുടെ അനുഭവം മനുഷ്യഭാഷയിലാവിഷ്ക്കരിക്കുന്നതിന്റെ ലാവണ്യരൂപകമായും 'വല' വായിക്കാൻ കഴിയും' (ഷാജി ജേക്കബ്:2015:12). അകപ്പെട്ടാൽ പുറത്ത് കടക്കാനാവാത്തവിധം തഴയപ്പെടുന്ന ജീവിതാവസ്ഥ, ഒഴിവാക്കപ്പെടുന്നവന്റെ നിർവികാരത എന്നിവ രക്തരഹിതമായ മരണത്തിൽ കലാശിക്കുന്നു. അസ്തിത്വം നഷ്ടപ്പെട്ട അസംബന്ധമനുഷ്യന്റെ തിരസ്കാരം പൂർത്തീകരണത്തിൽ നിശബ്ദമാവുകയും വീണ്ടെടുക്കാനാവാത്തവിധം പരുവപ്പെടുകയും ചെയ്യുന്നു. നിശബ്ദതയിലെ അധികാരമാണ് വീണ്ടെടുപ്പുകളെ മാറ്റി നിർത്തുന്നത്. സക്കറിയയുടെ ഒരിടത്തിലെ തവള അവശേഷിപ്പുകൾ സാധ്യമാവാത്ത ഉത്തരാധുനികതയിലെ തഴയപ്പെടുന്നവന്റെ ചരിത്രത്തെ പ്രശ്നവൽക്കരിക്കുമ്പോൾ വലയിൽ അകപ്പെട്ട കൊതുകും കഥ പറയുന്ന ആളും നിലനിൽപ്പിന്റെ നിഗൂഢതകളിൽ ഇല്ലാതാകുന്നു. ഭൂതകാലം സ്ഥിരതയുടെ അസ്ഥിതിത്വത്തെ നിഗൂഢവത്ക്കരിക്കുമ്പോൾ വർത്തമാനം അസ്ഥിരതയുടെ തിരസ്കാരത്തിൽ സ്വയം ഇല്ലാതാകുന്നു. കുളത്തിൽ നിന്ന് ബാഹ്യലോകത്തിന്റെ രഹസ്യങ്ങൾ അറിയാനായി പുറപ്പെട്ട് പോകുന്ന കൊതുകും (വല), തവളയും (പ്രപഞ്ചത്തിന്റെ അവശിഷ്ടങ്ങൾ) തിരസ്കാരത്തിന്റെ ഭൂതവർത്തമാനങ്ങളെ അടയാളപ്പെടുത്തുന്നു. തനിക്കുള്ളിൽ തുടിച്ച ശൂന്യത അവസാനിപ്പിക്കാൻ യഥാർത്ഥ കാഴ്ചയ്ക്കായി പുറപ്പെട്ട കൊതുകിനെയും തവളയെയും ബാഹ്യലോകത്തിന്റെ അധീശത്വബോധം കീഴ്പ്പെടുത്തുന്നു. ഏതൊരു സാമൂഹ്യവ്യവസ്ഥയിലും നിലനിൽക്കുന്ന അധീശത്വബോധം ആധിപത്യമാകുന്നു.

മൃഗരൂപത്തിൽ വാക്കുകളിലൂടെ മനുഷ്യാത്മാവിനെ നിർമ്മിക്കുന്ന ആളും, കൊതുകിന്റെ ഉത്ഭവവും നിഗൂഢതകളെ പ്രശ്നവത്ക്കരിക്കുന്നു. രണ്ടും അജ്ഞാതമാണ്. ആത്മത്തെ മറച്ച അപരബോധം. യാഥാർത്ഥ്യം വേറെയെങ്ങോ അജ്ഞാതമായി കിടക്കുമ്പോൾ വർത്തമാനത്തിൽ രഹസ്യങ്ങൾ അന്വേഷിക്കുന്നു. മറവിയിൽനിന്ന് വീണ്ടെടുക്കേണ്ട മാറ്റിവയ്ക്കലുകളായി ഓർമകളെ വീണ്ടെടുത്ത് / മാറ്റം വരുത്തി കഥ പറയുന്ന വ്യക്തി ആൾക്കൂട്ടത്തിന്റെ സ്വരത്തിലേക്കും നിറത്തിലേക്കും അപ്രത്യക്ഷനാകുന്നത് അജ്ഞതയുടെ ഓർമ്മപ്പെടുത്തലുകളാണ്. കരിങ്കൽദ്വാരങ്ങൾ കാണിച്ചുതന്ന ഒരപരിചിത ലോകത്തിൽ കൊതുകുകളുടെ ഉത്ഭവസ്ഥാനം രഹസ്യമാക്കി വീടുകളുടെ പിൻപുറത്ത് ഒളിപ്പിച്ചും അജ്ഞത നിലനിർത്തുന്നു. കൊതുകുകളുടെ ഉത്ഭവസ്ഥാനത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ തങ്ങൾ ഒരുപക്ഷേ ചാരിനിൽക്കുന്ന ഭിത്തിക്ക് പിന്നിലുള്ള ചതുപ്പു നിലത്തെക്കുറിച്ചാണ് ചിന്തിക്കുന്നത് (സക്കറിയ:2012:52). രഹസ്യാന്വേഷികൾ എന്നും യഥാർത്ഥ സ്വത്വബോധം മറച്ചുവച്ച് അപരമായ സ്വത്വത്തിന്റെ പ്രതീതി നിലനിർത്തുന്നു. അകപ്പെടലുകളുടെ ഭയം ഈ ഇടപെടലുകളിൽ നിശബ്ദമാണ്. എന്നാൽ യഥാർത്ഥ സ്വത്വം നിലനിൽക്കുകയും ചില തിരിച്ചറിവുകളിൽ അവ രൂഢമാക്കപ്പെടുകയും ചെയ്യുന്നു. അവ

നിഷ്കളങ്കവും കുറ്റരഹിതവുമായിരിക്കും. അതുകൊണ്ടാണ് ഭിത്തിയിലെ വിള്ളലുകളുടെയും അതിനപ്പുറത്തെ രഹസ്യലോകത്തിന്റെയും ഉടമസ്ഥരായി കുട്ടികളെ ചിത്രീകരിച്ച് കരിങ്കൽദ്വാരങ്ങൾ കാട്ടിത്തന്ന അപരിചിതലോകം അവർക്ക് മാത്രം സ്വന്തമാക്കിയത്. രഹസ്യലോകത്തിന് പരോക്ഷമായ ഒരസ്തിത്വം നൽകി മുതിർന്നവരെ അജ്ഞരാക്കുന്നു. കൂടാതെ മുതിർന്നവർ/കുട്ടി എന്ന ദ്വന്ദ്വവും ദീക്ഷിക്കുന്നു.

തുടർന്ന് ജീവിതത്തിന്റെയെന്ന പോലെ കഥയുടെയും അസാധാരണമായൊരു ദൃക്സാക്ഷിത്വമാണ് നടക്കുന്നത്. ഇരമ്പിയാർക്കുന്ന തിരമാലകൾപോലെ അസ്തിത്വത്തിനും അന്ത്യത്തിനുമിടയിൽ കൊതുക് തന്റെ പ്രാണസഞ്ചാരം തുടരുന്നു. രാത്രിയുടെ നെടുയാമങ്ങൾ കഥയിൽ ഇരുണ്ടുനീളുന്നു. പ്രപഞ്ചം ഒരു പിശാചിന്റെ രൂപത്തിൽ അതിനെ വേട്ടയാടുന്നതിന്റെ ബിംബാവലി കൂർത്ത നഖങ്ങൾ പോലെ നീണ്ടുവരികയാണ്; കഥയിലുടനീളം (ഷാജി ജേക്കബ്:2015:15).

വലയും വലയിലകപ്പെട്ട കൊതുകും പ്രതീകവൽക്കരണങ്ങളിലെ വ്യവഹാരസൂചിതങ്ങളാണ്. ഇടപെടലുകൾ അധികാരത്തിന്റെയും കീഴടങ്ങലിന്റെയും സംഘർഷങ്ങളെ പ്രശ്നവത്ക്കരിക്കുന്നു. മനുഷ്യാസ്തിത്വത്തിന്റെ സമസ്ത തലങ്ങളെയും ഉൾക്കൊള്ളുന്ന തരത്തിൽ വിശാലമായ ജീവിതം വലയുടെ നാല് അതിർത്തിക്കുള്ളിൽ കുടുങ്ങുമ്പോൾ വല അധികാരകേന്ദ്രീകരണത്തിന്റെ ബിംബമായി മാറുന്നു. വലയ്ക്കുള്ളിലെ മനുഷ്യൻ സർവ്വാധികാരിയും. വലയ്ക്കകത്തകപ്പെട്ട ഒരാളുടെ ജീവിതം രക്ഷാർഹമല്ലാത്ത വിധത്തിൽ നശിപ്പിക്കപ്പെടാവുന്ന ജീവിതമായി മാറുന്നത് ഇത്തരം അധീശത്വബോധങ്ങളുടെ അധികാരം സ്ഥാപിക്കലിലൂടെയാണ്. ഒഴിവാക്കലിന്റെ സങ്കീർണ്ണമായ യുക്തിയാണ് ഇവിടെ പ്രവർത്തിക്കുന്നത്. വലയ്ക്കുള്ളിൽ പ്രവേശിക്കുന്നവർക്ക് ഒരിക്കലും പുറത്തുവരാനാകാത്തവിധം പ്രവേശിക്കുന്നവനെ പ്രവേശിക്കുന്നിടം വിഴുങ്ങും എന്ന അവസ്ഥയിലേക്ക് അധികാരം തന്റെ ഇടം സ്ഥാപിക്കുന്നു. ഉത്തരാധുനികതയുടെ കാലഘട്ടത്തിലും വിവിധങ്ങളായ ചതിക്കുഴികളുടെ വലകൾ സമൂഹത്തിൽ അങ്ങിങ്ങായി കാണാൻ സാധിക്കും. ആത്മീയത, ലൈംഗികത, വിശ്വാസ്യത തുടങ്ങിയ പ്രവർത്തനങ്ങളിൽ അവയുടെ യാഥാർത്ഥ്യത്തിനുമപ്പുറം കാപട്യത്തിന്റെ വലകൾ സ്വതന്ത്രമായി നിലയുറപ്പിച്ചിരിക്കുന്നു. ഇവ കീഴ്പ്പെടലിന്റെ പ്രത്യയശാസ്ത്രങ്ങൾ അനുശാസിക്കുന്നവയാണ്.

പ്രതീകവത്ക്കരണങ്ങളായ ദ്വന്ദ്വങ്ങളുടെ സൂചകങ്ങൾ സൂചിതങ്ങൾക്കുമപ്പുറം അർത്ഥഭേദങ്ങൾ സൃഷ്ടിക്കുന്നു. ഒരു ചിഹ്നവ്യവസ്ഥ എന്ന നിലയിൽ കഥയുടെ മൂർത്തമായ ഉപരിതലബന്ധങ്ങളെ നിർണയിക്കുന്നത് അടിപ്പടവിൽ സജീവമായി നിൽക്കുന്ന അമൂർത്തഘടനയാണ് (സോമനാഥൻ.പി:2016:201). മൂർത്തമോ അമൂർത്തമോ ആയ പ്രത്യക്ഷയാഥാർത്ഥ്യങ്ങൾക്ക് അർത്ഥം നൽകുന്നത് ഒളിഞ്ഞിരിക്കുന്ന വ്യവസ്ഥയും അതിന്റെ നിയമങ്ങളുമാണ്. പ്രഭാവങ്ങളോടൊപ്പം അഭാവങ്ങളെയും അവ പ്രത്യക്ഷമാക്കുന്നു. യഥാർത്ഥത്തിൽ സത്താപരമായ വിചാരങ്ങളിലാണ് ഈ ദ്വന്ദ്വങ്ങൾ പ്രവർത്തിക്കുന്നത്. അകം-പുറം, അറിവ്-അറിവില്ലായ്മ, ഓർമ-യാഥാർത്ഥ്യം, പ്രകാശം-ഇരുട്ട്, കീഴടക്കൽ-കീഴടങ്ങൽ, അധികാരം-സ്വാതന്ത്ര്യം, വർണം-രഹിതം, മുതിർന്നവരുടെ ലോകം-കുട്ടികളുടെ ലോകം, മനുഷ്യൻ- മൃഗം, കൂട്ടം-ഒറ്റ, വിജയം-പരാജയം,

വെളുപ്പ്-കറുപ്പ്, ശുദ്ധി? അശുദ്ധി എന്നി ദ്വന്ദ്വങ്ങൾ പ്രവർത്തനമേഖലകളിൽ വ്യവഹരിച്ച് അതിരുകൾക്കപ്പുറത്തേക്ക് സ്ഥാനഭ്രംശം സംഭവിക്കുന്നു. അപരമായ പ്രതീതിയിൽ സ്വത്വങ്ങൾ രൂപീകൃതമാകുന്നു. ഇവ ആത്മത്തിൽ നിലയുറപ്പിച്ച സ്വത്വബോധമല്ല, അപരത്തിൽ നിർമിച്ചെടുത്ത സ്വത്വബോധമാണ്. യഥാർത്ഥ ബോധങ്ങൾ ഇവിടെ ദമിതമാക്കപ്പെടുന്നു. ആത്മസ്വത്വത്തെ അപനിർമിച്ച് അപരസ്വത്വം യാഥാർത്ഥ്യത്തിന്റെ പ്രതീതി സൃഷ്ടിച്ച് അപരസ്വത്വത്തിന്റെ സാധ്യതകൾക്ക് വഴിയൊരുക്കുന്നു. മനുഷ്യൻ അവന്റെ സ്വഭാവത്തെ അവയിൽ ആരോപിക്കുമ്പോൾ ദ്വന്ദ്വപരികല്പനകൾ അപരസ്വത്വത്തിന്റെ ഇടം നിലനിർത്തുന്നു.

ഓർമ്മ സവിശേഷാഖ്യാനമാകുന്ന കഥാശരീരത്തിൽ കൊതുകിന്റെ കാഴ്ചയെ അറിഞ്ഞോ അറിയാതെയോ പ്രശ്നവൽക്കരിക്കുന്ന തവള കേൾവിക്കാരന്റെ അറിയാനുള്ള ആഗ്രഹം പ്രകടിപ്പിക്കുന്നവന്റെ സ്വത്വത്തെ പ്രശ്നവൽക്കരിക്കുന്നു.

* രാത്രിയിൽ തവളകൾ കരയുന്നത് കേൾക്കുമ്പോൾ പകൽക്കണ്ണുകൾ സമ്പാദിച്ച ലോകത്തിലേക്ക് അവർ തവളകളെ കുടിയിരുത്തി. (പുറം:52).

* പകൽ തവളകളുടെ തുറിക്കുന്ന കണ്ണുകൾ മാത്രം തകർത്ത ജലപ്പരപ്പിൽ നിന്ന് രാത്രിയിൽ ലക്ഷോപലക്ഷം ഇരുണ്ട ജീവികൾ പറന്നുയർന്നു. (പുറം::53).

* ചുറ്റും ആകെ നിശബ്ദമായിരുന്നു. ഇടയ്ക്കൊരു തവള അടക്കിക്കരഞ്ഞു. (പുറം:54).

രാത്രിയിലെ ഉറക്കമില്ലായ്മ പകൽ കഥ കേട്ടതിന്റെ ആലസ്യമായും, വിവരണത്തിൽ നേരിടുന്ന തടസങ്ങളിൽ നിശബ്ദതകളെ ഭേദിക്കുന്ന ശബ്ദമായും തവളയുടെ ചിത്രീകരണങ്ങൾ പൂർത്തീകരിക്കുന്നു. അകപ്പെടൽ/അകപ്പെടുത്തൽ, കീഴടങ്ങൽ/കീഴടക്കൽ, തഴയുക/ തഴയപ്പെടുക, അധികാരം/അടിമത്തം, അവഗണന/പരിഗണന എന്നി ബോധ്യങ്ങൾ അറിയുവാൻ വേണ്ടി മാത്രമുള്ള മനുഷ്യന്റെ ആഗ്രഹത്തിന്റെ പ്രതീകമാണ് തവള. മനുഷ്യസഹജമായ വെറും ആഗ്രഹം മാത്രം.

പറ്റത്തിൽനിന്ന് ഒറ്റപ്പെടുന്ന അവസ്ഥയിൽ കൊതുക് ഏകാന്തത തിരിച്ചറിയുന്നു. തവള (വല)യെപ്പോലെ വല വെറും രഹസ്യാന്വേഷികൾ മാത്രമാണെന്ന തിരിച്ചറിവ് അകപ്പെടലുകളിലാണ് കൊതുകിന് ബോധ്യപ്പെടുന്നത്. രഹസ്യം മനസിലാക്കാൻ മാത്രമുള്ളതാണെന്നും അനുഭവിച്ചറിയേണ്ടതല്ലെന്നും ഉള്ള ബോധ്യം കൂട്ടത്തിൽനിന്നും ഉരുത്തിരിയുന്നു. ഒരുതരം രക്ഷപെടൽ മാത്രമാണത്. ഞാനെന്ന ബോധം മാത്രമാണ് അവിടെ പ്രവർത്തിക്കുന്നത്. മറ്റുള്ളവയെല്ലാം അപരമായി നിലകൊള്ളുന്നു. ക്രൂരമായ ഒരു ഏകാന്തത പതിനായിരം ജീവികളുടെ മധ്യത്തിൽ നിലകൊള്ളുന്ന ഒരു അദൃശ്യ ജീവിയെപ്പോലെയാണ് താൻ. എല്ലാം കാണുന്നു; എല്ലാം കേൾക്കുന്നു. പക്ഷേ, അവരെ സംബന്ധിച്ചിടത്തോളം താൻ എന്നൊന്നില്ല. തനിക്കാകട്ടെ ഏകാന്തതയുടെ സമാധാനവുമില്ല (സക്കറിയ:2012:59). ചുറ്റും ആരവങ്ങളുയരുമ്പോൾ താൻ മാത്രം ഏകാന്തതയുടെ ദൈന്യതയുടെ തീവ്രത അനുഭവിക്കുന്നു. അധികാരം ആക്രമിച്ച് തുടങ്ങുന്നു. അകം/പുറം എന്ന അവസ്ഥയിൽ 'അകം' അസ്തിത്വം നഷ്ടപ്പെട്ട അവസ്ഥയും/ 'പുറം' അന്വേഷണ അവസ്ഥയും ആയി തുടരുന്നു. അകപ്പെട്ടവന്റെ നിസ്സഹായ അവസ്ഥയിൽ

ഗവൺമെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

'തലയറ്റമൃഗം' എന്ന വിശേഷണം ബോധം, യുക്തി, അറിവ്, ജ്ഞാനം എന്നിവയെ തള്ളിക്കളയുന്നു. വ്യക്തിബോധത്തിനപ്പുറം പൊതുബോധത്തെയാണ് ഇവ പ്രശ്നവൽക്കരിക്കുന്നത്.

വാതിലുണ്ടാക്കി അകത്ത് പ്രവേശിച്ചാൽ പുറത്തുപോവാനും ആ വാതിൽ തന്നെ ഉണ്ടാവും. പക്ഷേ തുറന്നു പിടിക്കപ്പെട്ട വാതിലിൽകൂടി ഉള്ളിൽ പ്രവേശിക്കുന്നവന്റെ പിന്നിൽ വാതിൽ തുറന്ന കൈകൾ തന്നെ അത് അടച്ചേക്കാം. അടയ്ക്കും. അവൻ പിന്നെ നിസ്സഹായനാണ്. തടവുകാരനാണ്. വാതിൽ തുറന്നവന്റെ അധീനനാണ് (സക്കറിയ: 2012:60). ഇത്തരം കാഴ്ചപ്പാടുകൾ പൊതുബോധനിർമിതിയെ ഊട്ടിയുറപ്പിക്കുന്നു.

അധികാരത്തിന്റെ ഞെരിഞ്ഞമരലുകളിൽ ജീവിതം ഇല്ലാതാകുമ്പോൾ അധികാരത്തിന്റെ നഷ്ടബോധചിന്ത പ്രവൃത്തി, ഇടം എന്നിവയെ ഒളിപ്പിച്ചുവയ്ക്കുന്നു. ഈ ഒളിപ്പിച്ചുവയ്ക്കലാണ് അധികാരികൾ ശുദ്ധിയായി കരുതുന്നത്. ഇത് സാനിട്ടൈസേഷൻ അഥവാ വൃത്തിവത്ക്കരണമാണ്. ഈ വിടവുകളിൽ രൂപപ്പെടുന്ന അശുദ്ധി സത്യവും അപരവുമാകുമ്പോൾ ശുദ്ധിയുടെ ഇടം അധികാരവും നുണയും (അക്രമം) ആകുന്നു. കുറെ സമയം കഴിഞ്ഞ് അയാളുടെ പിന്നിൽ കാൽക്കലായി വെള്ളവിരിമേൽ കൊതുകു മയങ്ങിവീണു. അതിന്റെ ചിറകുകളും കാലുകളും വിറച്ചുകൊണ്ടേയിരുന്നു (സക്കറിയ: 2012:62). ഇവിടെ പാദവും വെള്ളവിരിയും കീഴടക്കലിന്റെയും, നിസ്സഹായതയിലെ തനിമയുടെയും പ്രതീകങ്ങളാകുമ്പോൾ മയങ്ങിവീണ് ഞെരിഞ്ഞ്ചാകുന്ന കൊതുക് അസ്തിത്വത്തിന്റെ നിരർത്ഥകതയറിഞ്ഞ അസംബന്ധമനുഷ്യന്റെ പ്രതിരൂപമാകുന്നു. സർവ്വാധികാരിയുടെ പാദങ്ങളിൽ രക്തരഹിതമായ മരണം പരിശുദ്ധമെന്ന് സമൂഹം വിശ്വസിക്കുന്ന അവിശ്വസിക്കുന്ന വെള്ളവിരികളിൽ പിടഞ്ഞുവീഴുന്നു. ഇവിടെ വെള്ളവിരിയും കറുത്ത കൊതുകും ആധുനികലോകബോധ്യങ്ങളിലെ നന്മ തിന്മകളായി സ്വയം പരിണമിക്കുന്നു. ഭക്തി, അധികാരം എന്നിവയുടെ പരമസ്ഥാനങ്ങളിൽ മയങ്ങി വീഴുന്ന സാധാരണ മനുഷ്യന്റെ പ്രതീകമാണ് കൊതുക്.

അപരസ്വത്വത്തിന്റെ അടയാളപ്പെടുത്തലായ 'വല' എന്ന ചെറുകഥ മനുഷ്യേതര ജീവികളിൽ അരികുവൽക്കരിക്കപ്പെടുന്ന മനുഷ്യനെ അടയാളപ്പെടുത്തുന്നു. നിരവധി സാധ്യതകളിലേക്കുള്ള ആശയങ്ങളുടെ സംഘട്ടനങ്ങളിലൂടെ ഉരുത്തിരിഞ്ഞ സാധ്യതകളിലാണ് അരികുവൽക്കരണം അടയാളപ്പെട്ട്കിടക്കുന്നത്. ഇത്തരം മൂർത്തവും അമൂർത്തവുമായ ആശയസംഹിതകളിലാണ് 'വല' അതിന്റെ സാധ്യതകളെ തുറന്ന് തരുന്നത്.

## ഗ്രന്ഥസൂചി

1. *എം.എം.ബഷീർ, 2015, മലയാള ചെറുകഥാസാഹിത്യചരിത്രം (ഭാഗം ഒന്ന്, 18881950), തൃശൂർ: കേരളസാഹിത്യഅക്കാദമി.*
2. *കല്ലട രാമചന്ദ്രൻ, 1998, ആധുനികരുടെ കഥാപ്രപഞ്ചം, കൊല്ലം: ഇംപ്രിന്റ്ബുക്സ്.*
3. *കൃഷ്ണൻ പി.സി, 20162017, ചെറുകഥയിലെ അപരപ്രതീതിസ്വത്വങ്ങൾ സക്കറിയയുടെ തെരഞ്ഞെടുത്ത കഥകളെ അവലംബിച്ചുള്ള പഠനം (എം.ഫിൽ ഗവേഷണ പ്രബന്ധം), വാക്കാട്: തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല.*

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

4. *കെ.പി.അപ്പൻ., 1999, കഥ ആഖ്യാനവും അനുഭവസത്തയും, കോട്ടയം: ഡി.സി.ബുക്സ്.*
5. *താഹ മാടായി, 2006, സക്കറിയ വാതിൽ തുറക്കുന്നു, കണ്ണൂർ:, സമയം പബ്ലിക്കേഷൻസ്.*
6. *പി.പവിത്രൻ, 2013, എം.എൻ വിജയൻ എന്ന കേരളീയ ചിന്തകൾ, കണ്ണൂർ: കൈരളി ബുക്സ്.*
7. *പ്രദീപൻ പാമ്പിരികുന്ന്, 2017, ദലിത് പഠനം സ്വത്വം സംസ്കാരം സാഹിത്യം, തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.*
8. *പി.കെ.രാജശേഖരൻ, 2010, അന്ധനായ ദൈവം, കോട്ടയം: ഡി.സി. ബുക്സ്.*
9. *പി.കെ.രാജശേഖരൻ, 2007, കഥാന്തരങ്ങൾ, കോട്ടയം: മാതൃഭൂമി ബുക്സ്.*
10. *പി.സോമനാഥൻ, 2016, കഥ ആഖ്യാനം ആഖ്യാനശാസ്ത്രം, തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.*
11. *ബാലകൃഷ്ണൻ.എൻ.ഇളയിടം, 2000, ജന്തുശാസ്ത്രപ്രവേശം, തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.*
12. *ഷാജി ജേക്കബ്, 2015, "ആത്മത്തിനും അപരത്തിനുമിടയിൽ ആധുനികതയുടെ കാമനാഭൂപടങ്ങൾ" (അവതാരിക), മൃഗപക്ഷിപ്രാണി കഥകൾ, കണ്ണൂർ: കൈരളി ബുക്സ്.*
13. *സക്കറിയ, 2012, സക്കറിയയുടെ കഥകൾ, കോട്ടയം: ഡി.സി.ബുക്സ്.*
14. *സുനിൽ പി ഇളയിടം, 2013, ദമിതം ആധുനികതയുടെ രാഷ്ട്രീയ അബോധം, തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.*
15. *സുനിൽ പി ഇളയിടം, 2016, ആത്മം അപരം അധിനിവേശം, കേരള: ഐ ബുക്സ്.*

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

# ആക്ഷേപഹാസ്യം എൻ. പ്രഭാകരന്റെ കഥകളിൽ

**ഡോ. പ്രിയ. വി.**
അസോ. പ്രൊഫസർ, മലയാളവിഭാഗം, യൂണിവേഴ്സിറ്റി കോളെജ്, തിരുവനന്തപുരം

**പ്രബന്ധസംഗ്രഹം**

സമൂഹത്തിന്റെയോ വ്യക്തിയുടെയോ സവിശേഷതകളെ അതിശയോക്തി കൊണ്ടോ ന്യൂനോക്തികൊണ്ടോ ആവിഷ്കരിക്കുന്ന വാങ്മയ ഹാസ്യ ചിത്രമാണ് ആക്ഷേപഹാസ്യം. സമൂഹത്തിൽ നിലനിൽക്കുന്ന വൈകൃതങ്ങൾ നിരന്തരപരിചയത്താൽ വായനക്കാരന്റെ ശ്രദ്ധയിൽപ്പെടാതാവുകയോ മനസ്സിലാകാതിരിക്കുകയോ ചെയ്യാം. അതിലേക്ക് വായനക്കാരന്റെ ശ്രദ്ധയാകർഷിക്കുകയാണ് ആക്ഷേപഹാസ്യകാരൻ ചെയ്യുന്നത്. ആക്ഷേപഹാസ്യം നമ്മുടെ ശ്രദ്ധയെ സത്യത്തോടടുപ്പിക്കുന്നു. പരിചിത യാഥാർത്ഥ്യങ്ങളിൽ നിന്നും എഴുത്തുകാരൻ കാണിച്ചുതരുന്ന വക്രീകരിച്ച സാമൂഹികചിത്രങ്ങളിലൂടെയാണ് ഹാസ്യാനുഭവമുണ്ടാകുന്നത്. ആധുനികതയുടെ കാലത്ത് ചെറുകഥയിലൂടെ ശ്രദ്ധേയനായി നാടകം, നോവൽ, കവിത, തിരക്കഥ തുടങ്ങി വിവിധ സാഹിത്യരൂപങ്ങളിലൂടെ തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച എഴുത്തുകാരനാണ് എൻ.പ്രഭാകരൻ. ആഖ്യാനത്തിലും പ്രമേയത്തിലും വൈവിധ്യമുള്ള അനേകം തലങ്ങൾ കഥയിലാവിഷ്കരിച്ച് സമകാലിക മലയാളചെറുകഥയിൽ ഏറ്റവും ശ്രദ്ധേയ സാന്നിധ്യമായി അദ്ദേഹം മാറി. വായനക്കാരന്റെ മുമ്പിൽ സംവേദനത്തിന്റെ പുതിയൊരു ലോകം തുറന്നിടുകയാണ് അദ്ദേഹത്തിന്റെ കഥകൾ. അദ്ദേഹത്തിന്റെ കഥകളിലെ ആക്ഷേപഹാസ്യത്തെക്കുറിച്ചുള്ള പഠനത്തിൽ ആക്ഷേപഹാസ്യവുമായി ബന്ധപ്പെടുത്തി വായിക്കാവുന്ന ചില കഥകളാണ് പഠനഭൂമികയായി സ്വീകരിച്ചിരിക്കുന്നത്.

***താക്കോൽവാക്കുകൾ:*** ഹാസ്യം, നിർവചനം, ഹാസ്യവിഭജനം, പൗരസ്ത്യ പാശ്ചാത്യവീക്ഷണം, എൻ.പ്രഭാകരൻ കഥകളിലെ ഹാസ്യം

എഴുത്തുകാരൻ താനുൾപ്പെട്ട മനുഷ്യസമൂഹത്തെ മാറിനിന്ന് വീക്ഷിക്കുന്നതിന്റെ ഫലമായി രൂപംകൊള്ളുന്നതാണ് ആക്ഷേപഹാസ്യകൃതികൾ. ആധുനിക നഗര

സംസ്കാരം സൃഷ്ടിക്കുന്ന സംഘർഷത്തിന്റെ അലയൊലികൾ ഏതൊരു വായനക്കാരനെയും സ്വാധീനിക്കുന്ന ഒന്നാണ്. ദൈനംദിന ജീവിതത്തിൽ അനുഭൂതമാകുന്ന കാപട്യവും വഞ്ചനയും വീണ്ടുവിചാരമില്ലായ്മയും ബുദ്ധിശൂന്യതയും ഇല്ലായ്മ ചെയ്യുന്നതിന് എൻ.പ്രഭാകരൻ തിരഞ്ഞെടുത്ത ഉപാധിയാണ് ഹാസ്യം.

'പ്രകൃതിയുടെ അതിമനോഹരവും സൂക്ഷ്മവുമായ ഒരു സംവിധാന കൗശലമത്രേ ചിരി.'[1] അത് മനുഷ്യന് മാത്രം അവകാശപ്പെടാവുന്ന സഹജഭാവത്തിന്റെ സ്ഫുരണമാണ്. 'ഒരു വസ്തുവിനെ അതിനോടുള്ള എല്ലാ സ്നേഹപക്ഷപാതങ്ങളും സഹാനുഭൂതികളുമിരിക്കെത്തന്നെ ഒന്നകന്നുനിന്നു കാണുവാനുള്ള കഴിവാണ് നർമ്മബോധം.'[2] അത് മാനവികതയുടെ ശ്രേഷ്ഠമായ സഹജവാസനകളിലൊന്നാണ്. ഓരോ വ്യക്തിയും തന്നെ വരിഞ്ഞുമുറുക്കുന്ന ജീവിതാവസ്ഥകളിൽനിന്ന് കുതറിമാറാനുള്ള ശ്രമം നടത്താറുണ്ട്. അത്തരത്തിലുള്ള അവന്റെ തീവ്രമായ ഇച്ഛയിൽ നിന്നാണ് ഹാസ്യം ജനിക്കുന്നത്. ജീവിതത്തെ കർമ്മോജ്ജ്വലമാക്കി ആകെ മാറ്റിമറിക്കാനുള്ള ശക്തി ഹാസ്യത്തിനുണ്ട്. നർമ്മബോധവും ധർമ്മബോധവും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. നർമ്മബോധത്തിന്റെ അഭാവം ജീവിതത്തെ ധർമ്മബോധത്തിന്റെ മാർഗ്ഗത്തിൽ നിന്ന് അകറ്റുമെന്നത് യാഥാർത്ഥ്യമാണ്.

പ്രകൃതിയെ കീഴടക്കാനുള്ള മനുഷ്യന്റെ ശ്രമത്തിനിടയ്ക്ക് വിശ്രമാവസരം പ്രയോജനപ്പെടുത്താനാവണം ഹാസ്യത്തെ കലയുടെ അവിഭാജ്യഘടകമാക്കിയത്. ഹാസ്യത്തെക്കുറിച്ച് പൗരസ്ത്യവും പാശ്ചാത്യവുമായ നിരവധി വീക്ഷണങ്ങൾ നിലവിലുണ്ട്. ഹാസ്യത്തെ അത് പ്രയോഗിക്കുന്ന കഥാപാത്രത്തിന്റെ സ്വഭാവത്തെ അടിസ്ഥാനമാക്കി സ്മിതം, ഹസിതം, വിഹസിതം, ഉപഹസിതം, അപഹസിതം, അതിഹസിതം എന്നിങ്ങനെ പൗരസ്ത്യസാഹിത്യമീമാംസകർ വിഭജനം നടത്തിയിട്ടുണ്ട്. ഫലിതത്തിന്റെ നർമ്മമധുരമായ ആവിഷ്കാരത്തെ പ്രയോക്താവിന്റെ മനോഭാവം, ലക്ഷ്യം, ആവിഷ്ക്കരണരീതി, ഫലം എന്നിവയെ ആസ്പദമാക്കി ഉക്തിഹാസ്യം (wit), കേവലഹാസ്യം (Humour), ആക്ഷേപഹാസ്യം (satire) എന്നിങ്ങനെ പാശ്ചാത്യസാഹിത്യമീമാംസകരും വിഭജിച്ചു കാണുന്നു. ഹാസ്യത്തെക്കുറിച്ച് ഭൂരിപക്ഷസമ്മതി നേടിയ വിഭജനരീതിയാണിത്. 'ഹാസ്യത്തിന്റെ സ്ഥായിഭാവം ഹാസമാണ്.'[3] സാധാരണ ചിന്തകൾക്ക് കുറച്ചുനേരം അറുതി വരുത്തിക്കൊണ്ട് ഉപബോധമനസ്സിൽ പെട്ടെന്ന് തമാശ പൊങ്ങി ബോധമണ്ഡലത്തിൽ പ്രകാശിതമാകുന്നതാണ് ഹാസ്യത്തെക്കുറിച്ചുള്ള മാനസികാപഗ്രഥനം വ്യക്തമാക്കുന്നത്. 'പ്രതീക്ഷിക്കാത്ത അതിഥിയെപ്പോലെ കടന്നുവന്ന ഫലിതം വക്താവിനെപ്പോലും വിസ്മയിപ്പിക്കും'[4] എന്ന് എസ്.വി.വേണുഗോപൻ നായർ പറയുന്നു.

ചിന്തയെയും പ്രതിപാദനത്തെയും സംയോജിപ്പിച്ച് കേൾവിക്കാരിൽ ആശ്ചര്യവും ആനന്ദവും ജനിപ്പിക്കുന്നതാണ് ഉക്തിഹാസം. ഉത്കൃഷ്ടവും സാത്വികവുമായി ഗണിക്കപ്പെടുന്ന കേവലഹാസ്യം ജീവിതത്തിന്റെ വൈചിത്ര്യത്തിൽ നിന്നാണ് രൂപം കൊള്ളുന്നത്. വ്യക്തി, സമൂഹം, സാഹിത്യരചന ഇവയിലൊക്കെയുള്ള വൈകൃതങ്ങളെയും ദുഷ്പ്രവണതകളെയും ഔചിത്യഭംഗത്തെയും പരിഹാസവിഷയമാക്കിക്കൊണ്ടുള്ളതാണ് ആക്ഷേഹാസ്യം. ശ്രീകണ്ഠേശ്വരം പത്മനാഭപിള്ള ഹാസ്യത്തിന് നല്കിയിരിക്കുന്ന

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

അർത്ഥം 'പരിഹാസപൂർവ്വമായ ചിരി'[5] എന്നാണ്. പരിഹാസത്തിലൂടെ ചിരിയുണ്ടാക്കുകയും ആ ചിരിയെ കൃതിക്കു പുറത്തുള്ള പരിഹാസ്യപാത്രത്തിനെതിരെ ശക്തമായ ഒരായുധമാക്കിത്തീർക്കുകയുമാണ് ചെയ്യുന്നത്. വ്യക്തിപരം സാമുദായികം രാഷ്ട്രീയം സാന്മാർഗികം സാഹിത്യപരം എന്നിങ്ങനെ വ്യത്യസ്ത മേഖലകളിലാണ് ആക്ഷേപ ഹാസ്യം പ്രയോഗിക്കപ്പെടുന്നത്. വ്യക്തിനിഷ്ഠമായ ദൂഷ്യങ്ങളെ പരിഹസിക്കുമ്പോൾ വാച്യമായി അവതരിപ്പിക്കാതെ നർമ്മത്തിന്റെ പരിവേഷം നൽകി വ്യംഗ്യമായിട്ടാണ് അവതരിപ്പിക്കുന്നത്. സാമൂഹികവും രാഷ്ട്രീയകാര്യപരവും ഗുണപരവുമായ മാറ്റം ലക്ഷ്യമാക്കിക്കൊണ്ടുള്ളതാണ് സാമുദായികവും രാഷ്ട്രീയവുമായ അവസ്ഥകളെ പരിഹാസമാക്കുന്ന രചനകൾ. മനുഷ്യസ്വഭാവത്തിലെ ന്യൂനതകളെ വിശകലനം ചെയ്ത് പരിഹസിക്കുന്ന തരത്തിലുള്ളതാണ് സാന്മാർഗ്ഗിക ആക്ഷേപഹാസ്യം. സമൂഹതിന്മകൾക്കെതിരെയുള്ളതാണ് സാമൂഹിക ആക്ഷേപഹാസ്യം. ഓരോ കാലഘട്ടത്തിലും സമൂഹത്തിലുണ്ടാകുന്ന തിന്മനിറഞ്ഞ പ്രവണതകളെ ഉന്മൂലനം ചെയ്ത് സമൂഹത്തെ ശുദ്ധീകരിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. സാഹിത്യത്തിലെ വികലമോ അസുന്ദരമോ ആയ പ്രവണതകളെയും സാഹിത്യകാരന്മാരെയും പ്രസ്ഥാനങ്ങളെയും സമീപനങ്ങളെയുമൊക്കെ പരിഹസിക്കുന്ന തരത്തിലുള്ള ആക്ഷേപഹാസ്യരചനകളാണ് സാഹിത്യപരമായ ആക്ഷേപഹാസ്യത്തിലുള്ളത്.

സാധാരണക്കാരനായിരിക്കുന്ന മനുഷ്യന്റെ ജീവിതത്തിൽ പോലും ആഗോള സംസ്കാരത്തിന്റെ ആധിപത്യം പുലർത്തുന്ന കാലഘട്ടത്തിലാണ് നാമിന്ന് ജീവിക്കുന്നത്. നമ്മെ ഗ്രസിച്ചുകൊണ്ടിരിക്കുന്ന ഉപഭോഗസംസ്കാരത്തെ നിയന്ത്രിക്കേണ്ടതെങ്ങനെ എന്നറിയാതെ കുഴങ്ങുകയാണ് നാമോരുത്തരും. മനുഷ്യരാശി പൊതുവേ നേരിടുന്ന എല്ലാ വെല്ലുവിളികളുടെയും മനുഷ്യഭാഗധേയം തന്നെയാണ് ആധുനികോത്തരത. ലോകം പൊതുവായി അനുഭവിക്കപ്പെടുന്ന ദാർശനിക സന്നിഗ്ദ്ധതയുടെ പശ്ചാത്തലത്തിലാവണം ആധുനികോത്തരകഥകൾ വായിക്കപ്പെടേണ്ടത്. ആത്മാവിൽ തീ കോരിയിടുന്ന അനുഭവങ്ങളെ നെഞ്ചിലേറ്റി ലാളിക്കുവാൻ വിധിക്കപ്പെട്ട മനുഷ്യന്റെ ദീനരോദനങ്ങളും പ്രതിഷേധ പ്രതികരണങ്ങളുമാണ് ആധുനികോത്തരകഥകളിലധികവും. ആക്ഷേപഹാസ്യവുമായി ബന്ധപ്പെടുത്തി വായിക്കാവുന്ന എൻ.പ്രഭാകരന്റെ ചില കഥകളാണ് നാട്ടുവിദ്യ, ആവേദകൻ, കള്ളന്റെ വീതം, വെള്ളരിക്കപ്പട്ടണം എന്നിവ. അവയെക്കുറിച്ചുള്ള പഠനമാണ് പ്രബന്ധത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഫലിതം അത് കാലേക്കൂട്ടി തയ്യാറാക്കി വയ്ക്കുന്ന ഒന്നല്ല. സന്ദർഭത്തിനനുസരിച്ച് സ്വയം ഉരുത്തിരിയേണ്ട ഒന്നാണത്. എങ്കിൽ മാത്രമേ അത് സാർത്ഥകമായിരിക്കുകയുള്ളൂ. ചിരിയെ സാർത്ഥകമാക്കുന്നതും അത്തരം ഫലിതങ്ങൾ തന്നെ. മനഃപൂർവ്വം സൃഷ്ടിക്കുന്ന യാതൊരു ഫലിതവും എൻ.പ്രഭാകരന്റെ കഥകളിലില്ല. രചനാവേളയിൽ സ്വാഭാവികമായുണ്ടാകുന്ന ഒന്നാണ് അദ്ദേഹത്തിന്റെ കഥകളിലെ ഫലിതങ്ങൾ. ഒരു സാധാരണ സംഭവം പോലെ അത് കഥകളിലേക്ക് കടന്നുവരികയാണ് ചെയ്യുന്നത്.

സ്ത്രീജനങ്ങളുടെ ഉടൽ വടിവു കണ്ടു കൺകുളിർപ്പിക്കാനാണ് തണ്ടാന്മാരായ അപ്പുവും അമ്പുവും ദേശീയപാതയ്ക്കരികിൽ സ്ഥാനമുറപ്പിക്കുന്നത്. കുനിയൻ കുന്നുകാവിലെ

സ്ഥാനിജനങ്ങളിൽ മുമ്പന്മാരാണ് അപ്പുത്തണ്ടാനും അമ്പുത്തണ്ടാനും. പാതയോരത്തു കൂടെ നടന്നുനീങ്ങുന്ന സ്ത്രീ പുരുഷന്മാരെയും മിന്നിമറയുന്ന വാഹനങ്ങളെയും കണ്ട് ഹരം പിടിച്ചുനിൽക്കുന്ന അവരിലൂടെയാണ് 'നാട്ടുവിദ്യ' എന്ന കഥ തുടങ്ങുന്നത്. ടൊറൻടോ നഗരത്തിൽ നിന്നും കുനിയൻ കുന്നുകാവിനെക്കുറിച്ച് പഠിക്കാനെത്തിയ താണെന്ന് സ്വയം പരിചയപ്പെടുത്തി തണ്ടാന്മാരെ സമീപിക്കുന്ന ജോൺ ബർക്കും ബുഷ് ആൻഡേഴ്സനും അമ്പുത്തണ്ടാന്റെ ഇംഗ്ലീഷ് കേട്ട് പതറിപ്പോകുന്നിടത്താണ് ഫലിതത്തിന്റെ അമിട്ടുപൊട്ടുന്നത്. 'ഗ്രാൻഡ് ഫ്രം വിച്ച് ഫൗണ്ടേഷൻ? ഫോർഡ്, ഫിലിപ്പ് ഓർ ടൊറൻടോ സെമിയോട്ടിക് സർക്കിൾ?'

'മൈ ഓഫീസ് അപ് സ്റ്റെയേഴ്സ് കുനിയൻ കുന്ന് ടോഡി ഷോപ്പ്' എന്ന അപ്പുത്തണ്ടാന്റെ ഓർമ്മപ്പെടുത്തൽ അനുസരിച്ച് തങ്ങളുടെ ഓഫീസിൽ വന്നാൽ കുനിയൻകുന്നുകാവിലെ ആഘോഷാനുഷ്ഠാനങ്ങളെക്കുറിച്ച് വിശദമായി സംസാരിക്കാം എന്ന വാഗ്ദാനത്തിൽ വിശ്വസിച്ച് കള്ളുഷാപ്പിന്റെ മച്ചും പുറത്തെത്തുന്ന സായിപ്പന്മാർക്കു വന്നുഭവിക്കുന്ന ദുർഗതിയാണ് നാട്ടുവിദ്യയിലെ ചിരിയുടെ രസച്ചരട് പൊട്ടാതെ നിർത്തുന്നത്.

അതിഥികളായെത്തുന്ന അയഞ്ഞുതൂങ്ങിയ ബനിയനും കീറട്രൗസറും ധരിച്ച സായ്പന്മാരെ പീഠങ്ങൾ കൊടുത്ത് തണ്ടാന്മാർ സ്വീകരിക്കുന്നു. തുടർന്ന് സായ്പന്മാരുടെ വരവ് ദുർലക്ഷണമായാണ് പ്രശ്നത്തിൽ കണ്ടതെന്നും കളിയാട്ടം മുടങ്ങിയതിന് പ്രായശ്ചിത്തം ചെയ്തേ മതിയാവൂ എന്നും തണ്ടാന്മാർ സായിപ്പന്മാരോട് പറയുന്നു. 'ഫെസ്റ്റവൽ ക്യാൻസൽഡ്, കോമ്പൻസേറ്റ് ഇൻ ഡോളേഴ്സ്'. പെട്ടുപോയ കുരുക്കിൽ നിന്നും ഓടി രക്ഷപ്പെടാൻ ശ്രമിച്ച സായ്പ്പന്മാർക്കുനേരെ തണ്ടാന്മാരുടെ ആചാരവടി നീണ്ടു ചെല്ലുന്നിടത്താണ് ചിരിയുടെ മേളപ്പെരുക്കം നടക്കുന്നത്.

'ഡീ വാല്യേഷൻ വെരി ഹെൽപ്പ് ഫുൾ, എക്സ്ചേഞ്ച് വാല്യൂ ഇൻക്രീസ്ഡ് വീ ഗെറ്റ് മോർ മണി?'

'മതി എനിക്ക് ററം മതി. ബിസ്ക്കീം ബ്രാണ്ടീം കുടിച്ച്, കൊടല് ബെടക്കാക്കാൻ എന്നെക്കൊണ്ട് കയ്യൂല' എന്ന അപ്പത്തണ്ടാന്റെ പ്രസ്താവന നമ്മെ ഇറക്കിവിടുന്നത് ചിരിയുടെ അനന്തപ്രവാഹത്തിലേക്കാണ്.

ഫലിതത്താൽ സമൃദ്ധമായിരിക്കുന്ന മറ്റൊരു കഥയാണ്. 'കള്ളന്റെ വീതം', പ്രഗത്ഭ വാഗ്മിയും ടെക്സ്റ്റ് ബുക്ക് കമ്മിറ്റി ചെയർമാനും യൂണിവേഴ്സിറ്റി പ്രൊഫസറും ആയ കഥാനായകൻ അസ്വസ്ഥചിത്തനായി വീട്ടിലെ മുറിക്കുള്ളിൽ നടക്കുന്ന രംഗം അവതരിപ്പിച്ചുകൊണ്ടാണ് കഥ ആരംഭിക്കുന്നത്. നായകന്റെ അസ്വസ്ഥതയ്ക്ക് തങ്ങളാൽ ആവും വിധം കാര്യകാരണങ്ങൾ മെനയുന്ന വായനക്കാരുടെ ഉത്കണ്ഠകളുടെ ഇഴമുറിച്ചുകൊണ്ട് കോളിങ്ബെൽ ശബ്ദിക്കുന്നു. വാതിൽ തുറക്കുന്ന പ്രൊഫസർ ആഗതനായ നരച്ചമുടിക്കാരനെ പഠനമുറിയിലേക്ക് ആനയിക്കുന്നു. തുടർന്ന് അവർ കാര്യമാത്ര പ്രസക്തമായ സംഭാഷണത്തിൽ ഏർപ്പെടുന്നു.

'കാവ്യഭാഷ എനിക്ക് വശമില്ല. നേർക്കുനേരെ ഞാൻ സംഗതി പറയാം. നിങ്ങളുടെ മഹാകാവ്യം വെറും കാളമൂത്രമാണെന്നും ചാണകമാണെന്നുമൊക്കെപ്പറയാൻ അവിടെ

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

ആളുണ്ട്. ഞാനത് വായിച്ചിട്ടില്ല. എന്നാലും അവരെ ഞാൻ ഇരുത്തും. പക്ഷേ, വെറും ഇരുപത്തഞ്ചുകൊണ്ട് ഇരുന്നിടത്തു നിന്ന് ഞാൻ ഇളകില്ല' എന്ന പ്രൊഫസറുടെ ഉറച്ച സ്വരത്തിൽ നിന്നും ആഗതൻ ഒരു കവിയാണെന്നും തന്റെ കൃതി ടെക്സ്റ്റ് ബുക്കാക്കാൻ ചെയർമാന് കോഴകൊടുക്കാൻ വന്നതാണെന്നും വ്യക്തമാകുന്നു. ടെക്സ്റ്റ് ബുക്കാക്കാൻ ഉദ്ദേശിക്കുന്ന കാവ്യം താനും വായിച്ചിട്ടില്ല എന്ന പ്രൊഫസറുടെ പ്രസ്താവന തികച്ചും ആക്ഷേപഹാസ്യത്തിന്റെ തലത്തിലാണെത്തിനിൽക്കുന്നത്. ടെക്സ്റ്റ് ബുക്ക് കമ്മിറ്റിയിലെ അംഗങ്ങൾ കൃതികൾ വായിച്ചു നോക്കുക പോലും ചെയ്യാതെ, കിട്ടുന്ന പണക്കിഴിയുടെ വലിപ്പത്തിനനുസരിച്ചാണ് ടെക്സ്റ്റ് ബുക്കുകൾ ശിപാർശ ചെയ്യുന്നത് എന്ന വർത്തമാന കാല സത്യത്തിലേക്ക് വിരൽചൂണ്ടുന്നിടത്താണ് ഫലിതമുണ്ടാകുന്നത്.

ചന്തകളിലെ തനി നാടൻ വിലപേശലുകൾ പോലെ വില പേശി അവസാനം എഴുപത്തയ്യായിരത്തിന് ഇരുവരും ചേർന്ന് ഇടപാട് ഉറപ്പിക്കുന്നു. അനന്തരം അവർ നിരവധി വിഷയങ്ങളിൽ ചർച്ചയിലേർപ്പെടുന്നു. ഒടുവിൽ തെല്ലൊരു വിഷമത്തോടെ പ്രൊഫസർ കവിയെ യാത്രയാക്കുന്നു. തനിക്കു കിട്ടാനുള്ള റോയൽറ്റിയെക്കുറിച്ച് പുസ്തക പ്രസാധകന് ഫോൺ ചെയ്തതനുസരിച്ച് അരമണിക്കൂറിനുള്ളിൽ പുസ്തക കമ്പനിയിലെ ഒരാൾ കവിക്ക് റോയൽറ്റിക്കാശ് നേരിട്ടെത്തിക്കുന്നു. രണ്ടിടപാടു കളിലുമായി ലഭിച്ച വലിയ തുക നെഞ്ചത്തടുക്കിപ്പിടിച്ച് സോഫയിലിരിക്കുകയാണ് പ്രൊഫസർ. ഇവിടെയാണ് ചിരിയുടെ മാലപ്പടക്കം വായനക്കാരിലിളക്കിവിട്ടുകൊണ്ട് കള്ളൻ കടന്നുവരുന്നത്.

കോളിങ് ബെല്ലിന്റെ ശബ്ദം കേട്ട് വീണ്ടും വാതിൽ തുറന്ന പ്രൊഫസറുടെ കഴുത്തിന് പിടിച്ച് 'എനിക്ക് എന്റെ വീതം മതി' എന്നുപറയുന്ന ആഗതന് മറ്റൊരു നിവൃത്തിയു മില്ലായ്കയാൽ കവി കൊണ്ടുവന്ന പൊതി പ്രൊഫസർ കൈമാറുന്നു. കാരണം ആഗതൻ ഒരു കള്ളനാണ്. അതിനുശേഷമാണ് രസകരമായ സംഭവങ്ങൾ അരങ്ങേറുന്നത്. തനിക്ക് തന്റെ വീതം ലഭിച്ചുകഴിഞ്ഞ സന്തോഷത്താൽ കള്ളൻ പ്രൊഫസറോടൊപ്പം ചായ വച്ചു കുടിക്കുകയും പലതരം കളിതമാശകൾ പറഞ്ഞ് ഉല്ലസിക്കുകയും പിരിയാൻ നേരം പ്രേയസിക്കെന്നവണ്ണം പ്രൊഫസറുടെ കവിളിൽ ഒരു ഉമ്മ കൊടുത്ത് വിടവാങ്ങുകയും ചെയ്യുന്നു. പിരിയുമ്പോൾ കള്ളൻ പറയുന്ന വാക്കുകളാണ് ചിരിയുതിർക്കുന്നത്. 'നന്ദി സാർ, വിദ്യാഭ്യാസത്തിന്റെ ഫലം സമമായി വീതിക്കപ്പെടണം. അതാണ് നീതി. താങ്കൾക്കതറിയാം. Thank you Goodnight'.

ആധുനികയുഗത്തിൽ നടക്കുന്ന അല്ലെങ്കിൽ നടക്കാവുന്ന സംഭവവികാസങ്ങളാണീ കഥയുടെ പ്രമേയം. പക്ഷേ അവതരണത്തിൽ സ്വീകരിച്ചിരിക്കുന്നതാകട്ടെ തികച്ചും ഫലിതത്തിന്റെ മാർഗ്ഗവും. യന്ത്രസംസ്കാരം കൊടികുത്തി വാഴുന്ന ഈ യുഗത്തിൽ ഒരു വിരലമർത്തിയാൽ തീ തുപ്പുന്ന തോക്കുകളോ മറ്റ് ആധുനിക ഉപകരണങ്ങളോ ആയാണ് കള്ളൻ വന്നിരുന്നതെങ്കിൽ അതിൽ പുതുമയ്ക്കവകാശമില്ല. ഇവിടെ നിരായുധനായി ശരീരം മുഴുവൻ എണ്ണയിട്ടു മിനുക്കി കരിതേച്ചു പിടിപ്പിച്ച് ഒരു ഗുസ്തിക്കാരന്റെ രൂപത്തിലെത്തുന്ന കള്ളൻ തത്വപ്രസംഗത്തിലൂടെ എഴുപത്തയ്യായിരം രൂപ കൈക്കലാക്കുമ്പോൾ അനുവാചകനിൽ ചിരി ഉണരാതിരിക്കില്ല.

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

ക്ലാസിക്കായ ചിരി ഉതിർക്കുന്ന മറ്റൊരു കഥയാണ് 'ആവേദകൻ'. ഗൗരവപൂർവ്വം, ഒരുപാസനയെന്നവണ്ണം കൈകാര്യം ചെയ്യപ്പെടേണ്ടതാണ് ഗവേഷണപ്രക്രിയ. എന്നാൽ ഗവേഷണത്തിന്റെ നിലവാരവും ഗവേഷകരുടെ പ്രതിസന്ധികളും ചോരണവുമൊക്കെ സരസമായി വെളിപ്പെടുത്തുന്നതാണീ കഥ. കാര്യങ്ങളെ വിലയിരുത്തുന്നത് ഒരു സാഹിത്യകാരന്റെ കാഴ്ചപ്പാടിൽ നിന്നാണ്.

'കാർഷികവൃത്തിയുമായി ബന്ധപ്പെടുന്ന പാട്ടുകൾ അപനിർമ്മാണപരമായ ഒരു പഠനം' എന്ന വിഷയത്തിൽ ഗവേഷണം ചെയ്യുന്നയാൾക്കുണ്ടായ ഒരനുഭവമാണീ കഥ. തട്ടിക്കൂട്ടൽ പരിപാടികളിൽ വിമുഖനായ ഒരാൾ ആത്മാർത്ഥമായി സഗൗരവം ഗവേഷണ ത്തിനിറങ്ങി പുറപ്പെടുന്നു. കണ്ണെത്താദൂരത്തോളം പരന്നുകിടക്കുന്ന നെൽപ്പാടങ്ങളുള്ള കാലിച്ചാൻ കടവിലേക്ക് നായകനായ ഗവേഷകൻ യാത്ര പുറപ്പെടുന്നു.

ശുദ്ധഗ്രാമീണരായ കർഷകജനതയിൽ കൃഷിയെ സംബന്ധിച്ച തനതായ നാട്ടറിവുകൾ തനിക്കു ലഭിക്കും എന്നതാണ് ഗവേഷകന്റെ പ്രതീക്ഷ. കാലിച്ചാൻ കടവിലിറങ്ങിയ ഗവേഷകൻ കാർഷികമേഖലയിലെ വിവരങ്ങൾ അറിയുവാനെത്തിയതാണെന്ന തിരിച്ചറിവിൽ അയാളോടടുത്തുകൂടുന്ന യുവാവിന്റെ സംസാരചാതുരി ചിരി മാത്രമല്ല ചിന്തയുമുണർത്തുന്നതാണ്. 'സാറിന്റെ ടോപ്പിക്കെന്താണ്? സ്ട്രക്ച്ചറിൽ സ്റ്റഡി ആണോ?'

'കാർഷികരംഗത്തെ തൊഴിൽ പ്രശ്നങ്ങളാണെങ്കിൽ ജോസ് മാഷാണ് നല്ലത്. ഇവിടത്തെ ഭാഷയാണെങ്കിൽ കമ്മാരൻ ഗുരിക്കളാണ് ബെസ്റ്റ്. തെയ്യം ആൻറ് അദർ പെർഫോമിങ് ആർട്സ് ആണെങ്കിൽ ചന്തുപ്പണിക്കർ. കൃഷിപ്പാട്ടുകളാണെങ്കിൽ ചക്കര മുക്കിലെ കാട്ടമ്പേട്ടൻ.' എന്നിങ്ങനെ ഒറ്റ ശ്വാസത്തിൽ പറയുന്ന യുവാവ് ഇവരുടെ യൊക്കെ കമ്മീഷൻ പറ്റി ജീവിക്കുന്ന ഏജൻറാണ് എന്ന് വായനക്കാരൻ ചിരിയോടെ ഓർക്കും. ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ വണ്ടിയിറങ്ങുന്ന യാത്രികനെ ചാക്കിട്ടു പിടിക്കുന്ന ഗൈഡുകളുടെ ഓർമ്മയുണർത്തുന്നവനാണ് യുവാവ്.

പേരിന് ഒട്ടും ചേരാത്ത ജീൻസും സ്റ്റോൺ വാഷ് ഷർട്ടും ധരിച്ചിരിക്കുന്ന വൃദ്ധനായ ആവേദകനെ കണ്ട് ഗവേഷകൻ ഞെട്ടുന്നു. കൃഷിപ്പാട്ടുകൾ വേണ്ടവനാണെങ്കിൽ യന്ത്രം കൊണ്ടുവന്നിട്ടുണ്ടോ എന്നന്വേഷിക്കുന്ന ആവേദകൻ 'പാട്ടൊന്നിന് അയിമ്പതു രുപ്യ വെച്ചാണ് നമ്മള് നാട്ട്വാരോട് വാങ്ങ്ന്നത്' എന്ന് ഗവേഷകനെ ഓർമ്മിപ്പിക്കുന്നു. 'സായിപ്പന്മാരാവുമ്പോ അങ്ങനെ കണക്കൊന്നുമില്ല' എന്ന് കൂട്ടിച്ചേർക്കാനും അയാൾ മറക്കുന്നില്ല. ഇവിടെ ആവേദനം ഒരു ബിസിനസ്സായി കൊണ്ടുനടക്കുന്നവനാണ് ആവേദകൻ എന്ന് പറയാതെ പറയുകയാണ് എഴുത്തുകാരൻ.

*'കൊയ്യടി കൊയ്യടി പെണ്ണേ,*
*അങ്ങനെ കൊയ്യടി പെണ്ണേ*
*ഇങ്ങനെ കൊയ്യടി പെണ്ണേ*
*വട്ടത്തിൽ കൊയ്യടി പെണ്ണേ*
*നീളത്തിൽ കൊയ്യടി പെണ്ണേ*
*ഹോയ് ചാഞ്ഞു കൊയ്യടി പെണ്ണേ*
*ഹോയ് ചെരിഞ്ഞു കൊയ്യടി പെണ്ണേ'*

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

എന്നിങ്ങനെയുള്ള കാട്ടമ്പേട്ടന്റെ പാട്ടിൽ സംശയം തോന്നിയ ഗവേഷകൻ ഈ പാട്ടിന്റെ പഴക്കത്തെക്കുറിച്ച് ചോദിക്കുമ്പോഴാണ് വീണ്ടും ചിരിക്ക് വഴിമരുന്നിടുന്നത്. 'ഞാനീ ബിസിനസ്സ് തൊടങ്ങീറ്റ് അഞ്ചാറു കൊല്ലമേ ആയിട്ടുള്ളൂ' എന്നും അതിനാൽ പാട്ടിന് അത്രയൊക്കയെ പഴക്കമുണ്ടാവുകയുള്ളൂവെന്നും കാട്ടമ്പേട്ടൻ തറപ്പിച്ചു പറയുമ്പോൾ ശുദ്ധഗതിക്കാരനായ കാട്ടമ്പേട്ടന്റെ ഫലിതങ്ങളിൽ നമ്മളും രസിച്ചുപോകുന്നു.

കൺസ്യൂമറിസ്റ്റ് സങ്കല്പങ്ങൾക്ക് ഇണങ്ങുന്ന സാർവ്വലൗകിക പ്രമേയത്തെ ഫലിതത്തിലൂടെ അവതരിപ്പിക്കുന്ന മറ്റൊരു കഥയാണ് 'ബി.എം.പി.'. സൈദ്ധാന്തിക നിലപാടുകളിൽ നിന്ന് വേറിട്ട് നാടോടിക്കഥാരൂപത്തിലാണ് ബി.എം.പി.യുടെ രചന. കൺസ്യൂമറിസത്തിന്റെ പിടിയിലകപ്പെട്ട ജനതയെ എങ്ങനെയെല്ലാം പിഴിയാം എന്ന വൻകിടക്കാരുടെ ചിന്തകളുടെ നേർക്കു തൊടുത്തു വിടുന്ന ഒരു ആക്ഷേപശരമാണ് ഈ കഥ.

സെയിൽസ് റെപ്രസന്റേറ്റീവിന്റെ വാചകക്കസർത്തിൽ കുടുങ്ങിപ്പോയ സർക്കാരുദ്യോഗസ്ഥരായ ഭാര്യാഭർത്താക്കന്മാരുടെ കഥയാണ് ബി.എം.പി.  ബെൽമെറ്റൽ പാൻ അഥവാ ബി.എം.പി. എന്ന പാത്രം അയ്യായിരം രൂപയ്ക്ക് വാങ്ങി അമളിപറ്റുന്ന ദമ്പതികളുടെ കഥയാണിത്. തങ്ങളുടെ വീട്ടിൽ നിന്ന് മോഷണം പോയതും ഭാര്യയുടെ അച്ചാച്ചൻ കൊടുത്തതുമായ ഓട്ടുരുളി രൂപം മാറിവന്ന് രൂപ അയ്യായിരം കടത്തിക്കൊണ്ടുപോയതോർത്ത് പരിതപിക്കുന്ന ദമ്പതിമാർ. ബി.എം.പി എന്ന് ബെൽമെറ്റൽ പാനിൽ കൊത്തിയിരിക്കുന്നത് 'ബിച്ചൻറവിട മാധവപ്പണിക്കർ' എന്നതിന്റെ ചുരുക്കരൂപമാണെന്ന തിരിച്ചറിവില്ലാതെപോയി എന്ന പ്രസ്താവന കഥയ്ക്ക് ഫലിതത്തിന്റെ മുഖമാണ് നല്കുന്നത്.

നാടൻ വെള്ളരിക്കയുടെ ഗുണങ്ങളും ഔഷധമൂല്യങ്ങളും ജനങ്ങളെ ബോധ്യപ്പെടുത്തി കച്ചവടംനടത്തുന്ന വിഷ്ണു നമ്പീശന് അതിൽ പിടിച്ചുനിൽക്കാനാവാത്തത് ആഫ്രിക്കൻ ലാറ്റിനമേരിക്കൻ രാഷ്ട്രങ്ങളിൽ നിന്നും വന്ന വെള്ളരിക്ക കച്ചവടമാണ്. സർക്കാർ ഇടപെട്ട് നമ്പീശന്റെ കട പൂട്ടിക്കുമ്പോൾ ഏവരേയും അത്ഭുതപ്പെടുത്തിക്കൊണ്ട് എയർപോർട്ടിൽ Cucumber Taster എന്ന പോസ്റ്റിൽ നിയമിതനാവുന്ന നമ്പീശന്റെ കഥ പറയുന്ന 'വെള്ളരിക്കാപ്പട്ടണ'വും ഫലിതത്തിന്റെ മേമ്പൊടി കലർന്ന കഥ തന്നെ.

## ഉപസംഹാരം

ഹാസ്യത്തിന്റെ ഭിന്നതലങ്ങളിലൂടെ സമകാലിക സമൂഹത്തിന്റെ വിമർശനം നിർവഹിക്കുകയാണ് എൻ.പ്രഭാകരന്റെ കഥകളിൽ. മനഃപൂർവ്വം ഹാസ്യം കുത്തിനിറയ്ക്കുക എന്ന ലക്ഷ്യമല്ല; മറിച്ച് ആവിഷ്കരണത്തിൽ അനായാസമായി കടന്നുവരുന്നതാണ് കഥകളിലെ ഹാസ്യം. ആർജ്ജവമുള്ളതും ലക്ഷ്യവേധിയുമായ ഹാസ്യമാണ് എൻ.പ്രഭാകരൻ പ്രയോഗിച്ചിരിക്കുന്നത്. പ്രത്യക്ഷത്തിൽ ചിരിയുണർത്തുന്നതും പരോക്ഷമായി ചിന്തിപ്പിക്കുന്നവയുമാണത്. ശക്തമായ വിമർശനോപാധി എന്ന നിലയിൽ സമൂഹത്തിലെ വിവിധ രംഗങ്ങളിലുള്ള കൊള്ളരുതായ്മകളെ ധ്വന്യാത്മകമായി അവതരിപ്പിക്കുവാൻ ആക്ഷേപഹാസ്യമാണ് തെരഞ്ഞെടുത്തിരിക്കുന്നത്. ഹാസ്യത്തിന്റെ ഉത്തമഭാവമായ

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

ഹ്യൂമർ ആലോചനാമൃതമായി അവയിൽ അന്തർഭവിച്ചിട്ടുണ്ട്. ആഗോളവൽക്കരണം സൃഷ്ടിക്കുന്ന കച്ചവടസംസ്കാരവും എന്തിനെയും വില്പനച്ചരക്കാക്കുന്ന മനുഷ്യരുടെ സാംസ്കാരിക മൂല്യച്യുതിയും നമ്മുടെ പാരമ്പര്യവും സംസ്കൃതിയും ഭാഷപോലും വിറ്റഴിക്കപ്പെടുന്നതിന്റെ പ്രതിഷേധം ആക്ഷേപഹാസ്യത്തിലൂടെ അവതരിപ്പിക്കുകയാണ് ഈ കഥകളിൽ.

## കുറിപ്പുകൾ

1. *William Mc Dougell, An outline of Psychology', മേക്കൊല്ല പരമേശ്വരൻപിള്ളയുടെ ഹാസ്യദർശനം, പുറം. 52*
2. *കുട്ടിക്കൃഷ്ണമാരാർ, ഹാസ്യസാഹിത്യം, പുറം. 19*
3. *കെ.പി.നാരായണപിഷാരോടി, ഭരതമുനിയുടെ നാട്യശാസ്ത്രം, പുറം. 197*
4. *എസ്.വി.വേണുഗോപൻനായർ, ഹാസ്യം നോവൽ ശില്പത്തിൽ, പുറം. 6*
5. *ശ്രീകണ്ഠേശ്വരം ജി. പത്മനാഭപിള്ള, ശബ്ദതാരാവലി, പുറം. 1762*

## സഹായകഗ്രന്ഥങ്ങൾ

1. *കുട്ടിക്കൃഷ്ണമാരാർ, ഹാസസാഹിത്യം, മാരാർ സാഹിത്യപ്രകാശം, കോഴിക്കോട്, 1977*
2. *പരമേശ്വരൻപിള്ള മേക്കൊല്ല, ഹാസ്യദർശനം, നാഷണൽ ബുക്ക്സ്റ്റാൾ, കോട്ടയം, 1969.*
3. *പ്രഭാകരൻ എൻ., പ്രഭാകരന്റെ കഥകൾ, ഹരിതം ബുക്സ്, 2003.*
4. *പ്രഭാകരൻ എൻ., തിരഞ്ഞെടുത്ത കഥകൾ, ഡി.സി.ബുക്സ്, 2007*
5. *വേണുഗോപൻനായർ എസ്.വി., ഹാസ്യം നോവൽശില്പത്തിൽ, മാളുബെൻ പബ്ലിക്കേഷൻസ്, തിരുവനന്തപുരം, 1997*

# അന്യഗ്രഹഭാവനകൾ പി.എൻ.കൃഷ്ണൻകുട്ടിയുടെ ശാസ്ത്രനോവലുകളിൽ

**രേണു വി. ആർ.**
ഗവേഷക, എം.ജി.കോളെജ്, തിരുവനന്തപുരം

**പ്രബന്ധ സംഗ്രഹം**

ശാസ്ത്രവും സാങ്കേതികവിദ്യയും മാനവരാശിയുടെ പുരോഗതിയുടെ അടയാളങ്ങളാണ്. ശാസ്ത്രസ്വാധീനം മനുഷ്യജീവിതത്തിൽ ശക്തമായതോടെ അത് സാഹിത്യത്തിലും പ്രതിഫലിച്ചുതുടങ്ങി. ശാസ്ത്രസാഹിത്യം എന്ന സാഹിത്യവിഭാഗം രൂപം കൊള്ളുന്നത് ഈ പശ്ചാത്തലത്തിലാണ്. ശാസ്ത്രത്തിന്റെ വിവിധ മേഖലകളായ ഭൗതികശാസ്ത്രം, റോബോട്ടിക്സ്, ജനറ്റിക്സ് മുതലായവ സാഹിത്യത്തിന്റെ ആഖ്യാന ഭൂമികയായി മാറുന്നുണ്ട്. തന്റെ നോവലുകളിലൂടെ ബഹിരാകാശ ശാസ്ത്രത്തിന്റെ വിവിധ സാധ്യതകളും അന്യഗ്രഹ ഭാവനയും ആവിഷ്കരിച്ച നോവലിസ്റ്റാണ് പി.എൻ. കൃഷ്ണൻകുട്ടി. അദ്ദേഹത്തിന്റെ നോവലുകളുടെ പഠനമാണ് പ്രബന്ധം ലക്ഷ്യമാക്കുന്നത്.

***താക്കോൽ വാക്കുകൾ:*** UFO, ഹൈബർനേഷൻ, പ്രോക്സിമ, റോബോട്ടിക്സ്, ജനറ്റിക്സ്

വ്യാവസായികവിപ്ലവത്തോടെ ശാസ്ത്രസ്വാധീനം മനുഷ്യനുമായി ബന്ധപ്പെട്ട എല്ലാ മേഖലകളിലുമുണ്ടായി. ശാസ്ത്രത്തിന്റെ പിൻബലമില്ലാതെ ജീവിതം ഏറെക്കുറെ അസാധ്യവുമായി. ശാസ്ത്രവും സാഹിത്യവും വിരുദ്ധ ദിശകളിൽ നിലകൊള്ളുന്നു എന്ന വാദത്തിന് പ്രസക്തിയില്ലാതായി മാറി. ഇത് ശാസ്ത്രസ്വാധീനം സാഹിത്യത്തിൽ പ്രത്യക്ഷപ്പെടാനും അത് സ്വീകരിക്കപ്പെടാനും കാരണമായി. പാശ്ചാത്യസാഹിത്യത്തിലാണ് ശാസ്ത്രം മുഖ്യപ്രമേയമായി ആദ്യം കടന്നു വന്നത്. ശാസ്ത്രത്തിന്റെയും സാഹിത്യത്തിന്റെയും സമന്വയത്തിലൂടെയുണ്ടായ സാഹിത്യശാഖയാണ് ശാസ്ത്രസാഹിത്യം.

"ഹ്യൂഗോ ഗേൺസ് ബാക്ക് സ്ഥാപിച്ച അമേസിങ് സ്റ്റോറീസ്, സയൻസ് വണ്ടർ സ്റ്റോറീസ്" എന്നീ മാസികകളിലൂടെയാണ് സയൻസ്ഫിക്ഷൻ എന്ന വാക്ക് പ്രചാരത്തിലാക്കിയത്. വാക്കുകളിലൂടെ നവലോകവും പുത്തൻ ഭൗതികസാഹചര്യങ്ങളും സൃഷ്ടിക്കുന്നു എന്നതാണ് സയൻസ് ഫിക്ഷന്റെ ഏറ്റവും വലിയ പ്രത്യേകത.

ജോനാഥൻ സ്വിഫ്റ്റ് രചിച്ച ഗള്ളിവറുടെ യാത്രകളിൽ ശാസ്ത്രാംശം ഉണ്ടെന്ന് നിരവധി ശാസ്ത്രസാഹിത്യ പഠനഗ്രന്ഥങ്ങളിൽ പറയുന്നുണ്ട്. എന്നാലും മേരി ഷെല്ലി രചിച്ച 'ഫ്രാങ്കസ്റ്റീൻ ഓർ ദി മോഡേൺ പ്രോമിത്യുസ്' ആണ് ആദ്യ ശാസ്ത്രസാഹിത്യകൃതിയായി പൊതുവെ അംഗീകരിക്കപ്പെട്ടിട്ടുള്ളത്. ഐസക്ക് അസിമൊവ്, ആർതർ സി. ക്ലാർക്ക്, ഷ്യൂൾ വേൺ തുടങ്ങിയവർ പാശ്ചാത്യ ശാസ്ത്രസാഹിത്യപ്രസ്ഥാനത്തെ പരിപോഷിപ്പിച്ച സാഹിത്യകാരന്മാരാണ്.

മലയാളസാഹിത്യത്തിൽ ശാസ്ത്രസാഹിത്യം എന്ന വിഭാഗത്തിൽ ആദ്യം ഉണ്ടായത് വിവിധ ശാസ്ത്രവുമായി ബന്ധപ്പെട്ട പുസ്തകങ്ങളാണ്. പിന്നീട് ശാസ്ത്രവിജ്ഞാനം പ്രചരിപ്പിക്കുന്നതിനായി വിവിധമാസികകളിൽ ശാസ്ത്രലേഖനങ്ങൾക്കായുള്ള ഭാഗം മാറ്റി വച്ചു. ഇതിനു ശേഷമാണ് ശാസ്ത്രം ജനപ്രിയസാഹിത്യത്തിലേക്ക് കടന്നു വന്നത്. നാഗവള്ളി ആർ.എസ്. കുറുപ്പിന്റെ 'ആണും പെണ്ണും' എന്ന നോവൽ ആദ്യ ശാസ്ത്രസാഹിത്യകൃതി എന്ന അവകാശവാദത്തോടെ പുറത്തിറങ്ങിയ നോവലാണ്. ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയമാകുന്ന സുകുമാരന്റെ കഥയാണിതിൽ പറയുന്നത്. പിന്നീട് കുറച്ചു നോവലുകൾ ഈ വിഭാഗത്തിലുണ്ടായി. നാഗവള്ളി ആർ.എസ്.കുറുപ്പിന്റെ ചൊവ്വയിലെത്തിയപ്പോൾ, എസ്.ശിവദാസിന്റെ രാഗം, താളം, സ്വപ്നം, ഇ.പി.ശ്രീകുമാറിന്റെ മാറാമുദ്ര, ടി.ഡി.രാമകൃഷ്ണന്റെ ആൽഫ, ജി.ആർ.ഇന്ദുഗോപന്റെ ഐസ് 196 ഡിഗ്രി സെല്ഷ്യസ്സ് തുടങ്ങിയവ ശാസ്ത്രം പ്രമേയമാകുന്ന നോവലുകളാണ്.

ശാസ്ത്രസാഹിത്യത്തിൽ ശാസ്ത്രവുമായി ബന്ധപ്പെട്ട നിരവധി മേഖലകൾ ആവിഷ്കരിക്കുന്നുണ്ട്. അതിൽ പ്രധാനമേഖലയാണ് അന്യഗ്രഹഭാവന. അന്യഗ്രഹഭാവനകളെക്കുറിച്ച് പഠിക്കുമ്പോൾ അതുമായി ഏറെ ബന്ധമുള്ള വൈജ്ഞാനിക മേഖലയാണ് UFO (Unidentified flying objects). 1973 ഇൽ ജെ.അലൻ ഹൈനെക്ക് (J.Allen Hynek )ആണ് ചിക്കാഗോ ആസ്ഥാനമാക്കി CENTRE FOR UFO STUDIES ആരംഭിക്കുന്നത്.

മലയാളത്തിലെ പ്രശസ്തശാസ്ത്രസാഹിത്യകാരനാണ് പി.എൻ.കൃഷ്ണൻകുട്ടി. അദ്ദേഹത്തിന്റെ നോവലുകളിൽ അന്യഗ്രഹഭാവനകൾ കാണാൻ സാധിക്കുന്നു. ബഹികാശശാസ്ത്രവുമായി ബന്ധപ്പെട്ടുവരുന്ന വിവിധ ശാസ്ത്രമേഖലകൾ അദ്ദേഹത്തിന്റെ നോവലുകളിലെ കഥാപരിസരമായി കടന്നുവരുന്നു. പറക്കും തളികയിൽ ഗംഗയുടെ യാത്ര, അമാനുഷൻ, അപ്പോളോമിഷൻ, ആൽഫാ മടങ്ങുന്നു, മെർക്കിയോണിൽ നിന്ന് ആറ് മാലാഖമാർ എന്നിവ പി.എൻ.കൃഷ്ണൻകുട്ടിയുടെ അന്യഗ്രഹഭാവനകൾ പങ്കുവയ്ക്കുന്ന നോവലുകളാണ്.

1987ൽ പുറത്തിറങ്ങിയ നോവലാണ് 'പറക്കും തളികയിൽ ഗംഗയുടെ യാത്ര'. പി.എൻ.കൃഷ്ണൻകുട്ടിയുടെ ആദ്യനോവലുകൂടിയാണിത്. അന്യഗ്രഹത്തിൽ നിന്നും

വരുന്ന ആൽഫയും ഭൂമിയിലെ ഗംഗ എന്ന കുട്ടിയുമാണ് ഈ നോവലിലെ പ്രധാന കഥാപാത്രങ്ങൾ. ഗംഗയേയുംകൂട്ടി ആൽഫാ ഒരു പറക്കും തളികയിൽ യാത്ര ചെയ്യുന്നു. ഗ്രീൻലാൻഡ് എന്ന ദ്വീപിൽ ആണ് അവർ എത്തിച്ചേരുന്നത്. മുത്തച്ഛന്റെ സഹായത്താൽ ആൽഫ അവിടെ റോബോട്ടുകളുടെയും കംപ്യൂട്ടറുകളുടെയും ഒരു ലോകം സൃഷ്ടിച്ചിരുന്നു. അന്യഗ്രഹത്തിൽ നിന്നും ഭൂമിയിലെത്തുകയും ഇവിടെയൊരു സമാന്തരലോകം തന്നെ സൃഷ്ടിക്കുകയും ചെയ്യുന്ന ഒരു തലമുറയുടെ പ്രതിനിധിയായിട്ടാണ് ആൽഫയെ നോവലിൽ അവതരിപ്പിച്ചിരിക്കുന്നത്.

ഏകലോകസങ്കല്പം എന്ന ആശയം മുൻ നിർത്തിയെഴുതിയ നോവലാണ് 1989ൽ പുറത്തിറങ്ങിയ അമാനുഷൻ. ഈ നോവലിൽ ഗംഗയുടെയും ആൽഫയുടെയും കൗമാര ഘട്ടം അവതരിപ്പിച്ചിരിക്കുന്നു ഇതിൽ ആൽഫ ഒരു ആഗോള മനുഷ്യനായി രൂപാന്തരണം പ്രാപിച്ചിരിക്കുന്നതായി കാണാം. ലോകത്തെ ഭീകരവാദം, ആയുധക്കമ്പം, രാഷ്ട്രീയ മത്സര ങ്ങൾ തുടങ്ങിയവയിൽ നിന്നെല്ലാം സംരക്ഷിക്കാനായി പ്രവർത്തിക്കുന്ന അമാനുഷനായി ആൽഫ എന്ന കഥാപാത്രത്തെ അവതരിപ്പിച്ചിരിക്കുന്നു. മാരകായുധങ്ങൾ സംഭരിച്ച് അന്യോന്യം പോർവിളികൾ നടത്തുന്ന രാഷ്ട്രങ്ങൾ ഭൂമിയുടെ നിലനിൽപ്പിന് പോലും ഭീഷണിയാകുന്നു എന്ന ആശയം ഈ നോവൽ മുന്നോട്ട് വയ്ക്കുന്നു

ഭൂമിയിലെ ജീവജാലങ്ങളെ എല്ലാം നശിപ്പിച്ച ആണവയുദ്ധത്തിനൊടുവിൽ ബഹിരാ കാശത്തേക്ക് രക്ഷപ്പെടുന്ന ഏഴ് മനുഷ്യരുടെ ജീവിതം ആവിഷ്കരിക്കുന്ന നോവലാണ് അപ്പോളോ മിഷൻ. ബഹിരാകാശ പര്യവേഷണത്തിൽ ഒഴിവാക്കാനാവാത്ത ഹൈബർ നേഷൻ എന്ന പ്രക്രിയ ഈ നോവലിൽ ആവിഷ്കരിക്കുന്നുണ്ട്. ധ്രുവപ്രദേശത്തെ ജീവികൾ ശൈത്യകാലത്തെ ആഹാരപദാർത്ഥങ്ങളുടെ ദൗർലഭ്യതയെയും അതി ശൈത്യത്തെയും അതിജീവിക്കാനായി സ്വീകരിക്കുന്ന വിദ്യയാണ്. വർഷങ്ങൾ യാത്ര ചെയ്തതിനൊടുവിൽ ഭൂമിയിൽ തിരിച്ചെത്തുന്ന ഡെറിക്ക് എന്ന കഥാപാത്രം ഹൈബർനേഷന് വിധേയമായിരിക്കുന്നു എന്ന് നോവലിൽ പറയുന്നുണ്ട്. ശാസ്ത്രത്തിന്റെ വിവിധ സാധ്യതകളെ കുറിച്ചുള്ള ദീർഘ ദർശനം ഈ നോവലിൽ മുന്നോട്ടുവെക്കുന്നു. ശാസ്ത്രത്താൽ നശിപ്പിക്കപ്പെട്ട ഭൂമിയിൽ നിന്നും അതേ ശാസ്ത്രത്തിന്റെ സാധ്യതകൾ ഉപയോഗിച്ച് രക്ഷപ്പെടുന്ന ഒരു കൂട്ടം ശാസ്ത്രജ്ഞരെയാണ് നോവലിൽ അവതരിപ്പി ക്കുന്നത്.

1994ൽ പുറത്തിറങ്ങിയ 'ആൽഫമടങ്ങുന്നു' എന്ന നോവലിലെ പ്രധാന കഥാ പാത്രങ്ങൾ ഡെൽറ്റ, ബീറ്റ എന്നീ കൃത്രിമശിശുക്കളാണ്. ഭൗമേതര സംസ്കാരം തേടിയിറ ങ്ങുന്ന ബഹിരാകാശസഞ്ചാരികളായാണ് ഇവരെ അവതരിപ്പിച്ചിരിക്കുന്നത്. 'പ്രോക്സിമ' എന്ന ഗ്രഹത്തിലേക്കുള്ള ഡെൽറ്റയുടെയും ബീറ്റയുടെയും സഞ്ചാരവും ഇതിനിടയിലെ സംഭവവികാസങ്ങളും ആണ് നോവലിന്റെ പ്രമേയം. കൃത്രിമശിശു ആണെങ്കിലും ഡെൽറ്റയ്ക്ക് ഒരു മാനുഷികഭാവം നൽകിയിരിക്കുന്നു. ഭൂമിക്ക് സമാനമായ പ്രോക്സിമ എന്ന ഗ്രഹത്തെ ബീറ്റയ്ക്ക് യുദ്ധം നടത്താതെ തന്നെ കീഴടക്കാൻ സാധിക്കുന്നത് ശാസ്ത്രവികാസം ഭൂമിയിൽ മുന്നേറിയത് കൊണ്ടാണ്. ഗ്രാവിറ്റിയുടെ പ്രവർത്തനഫലമായി ഗുരുത്വാകർഷണം നഷ്ടപ്പെട്ട അവസ്ഥയിലായിരുന്നു ഭൂമി. ആറ്റംബോംബുകളുടെ

ശക്തമായ പ്രയോഗത്തിലൂടെ ഭൂമിയുടെ ഗുരുത്വാകർഷണം വീണ്ടെടുക്കുന്നതായും പറയുന്നു. മനുഷ്യന്റെ നാശത്തിലേക്ക് മാത്രം വഴിവച്ച കണ്ടുപിടുത്തമായിരുന്നു ആറ്റം ബോംബിന്റെത്. എന്നാൽ അതിനെ ശരിയായ രീതിയിൽ ഉപയോഗിച്ച് ഭൂമിയെ പോലും രക്ഷിക്കുന്ന ആശയമായാണ് നോവലിൽ അവതരിപ്പിക്കുന്നത്. മനുഷ്യനന്മയ്ക്കു തകുന്നതാണ് ഓരോ കണ്ടുപിടിത്തവും എന്നും എന്നാൽ അതിനെ ശരിയായ രീതിയിൽ ഉപയോഗിക്കാൻ അറിയാത്തവരുടെ അടുത്തെത്തുമ്പോഴാണ് അത് തിന്മയ്ക്കായി ഉപയോഗിക്കുന്നത് എന്നുമുള്ള സന്ദേശം നോവൽ മുന്നോട്ട് വയ്ക്കുന്നു.

മെർകിയോൺ എന്ന ഗ്രഹത്തിൽ നിന്നും ഭൂമിയിലേക്ക് കെൻറും കൂട്ടരും നടത്തുന്ന യാത്രയാണ് 2008 ൽ പുറത്തിറങ്ങിയ 'മെർക്കിയോണിൽ നിന്ന് ആറ് മാലാഖമാർ' എന്ന നോവലിന്റെ പ്രതിപാദ്യം. 600 വർഷം മുൻപ് ഒരു ധൂമകേതു ഭൂമിയിലേക്ക് പതിക്കുകയും ഇവിടെ നിന്നും രക്ഷപ്പെട്ടവർ മെർക്കിയോൺ എന്ന ഗ്രഹത്തിലേക്ക് രക്ഷപ്പെടുകയും ചെയ്തു. തങ്ങളുടെ പിൻമുറക്കാർ ആരെങ്കിലും ഭൂമിയിൽ ജീവിച്ചിരിപ്പുണ്ടോ എന്നറിയാനാണ് അവരുടെ യാത്ര. പറ്റുമെങ്കിൽ ഭൂമിയെ വീണ്ടും വാസയോഗ്യമാക്കി മാറ്റുക എന്ന ലക്ഷ്യവും അവർക്കുണ്ട്. ഓസോൺ പാളിയിലെ വിള്ളലുകൾ മാനവരാശിക്ക് തന്നെ ഭീഷണിയായ ഒന്നാണ്. ഭൂമിയിലെ ബാബു എന്ന കൗമാരപ്രായക്കാരനും അന്യഗ്രഹത്തിലെ വിരൽ മനുഷ്യരും ചേർന്ന് ഓസോൺ പാളിയിലെ സുഷിരങ്ങൾ അടയ്ക്കുന്നതാണ് 1998ൽ പുറത്തിറങ്ങിയ 'ഓസോൺ കുടയും വിരൽ മനുഷ്യരും' എന്ന നോവലിന്റെ പ്രമേയം. ഭൂമിയിലെ മൂന്നാം രാജ്യങ്ങൾ പുറംതള്ളുന്ന ആണവ മാലിന്യ ങ്ങളെക്കുറിച്ചും അപകടകരമായ വാതകങ്ങളെക്കുറിച്ചും ഇവ ഭൂമിയിൽ ഉണ്ടാക്കുന്ന തകരാറുകളെക്കുറിച്ചും നോവൽ ചർച്ചചെയ്യുന്നു.

അന്യഗ്രഹജീവികളെയും ബഹിരാകാശശാസ്ത്രത്തെയും തന്റെ നോവലുകളിൽ മുഖ്യപ്രമേയമാക്കി അവതരിപ്പിച്ച ശാസ്ത്രസാഹിത്യകാരൻ ആണ് പി.എൻ.കൃഷ്ണൻകുട്ടി. ബഹിരാകാശശാസ്ത്രം പങ്കുവയ്ക്കുമ്പോൾ തന്നെ അവയുമായി ബന്ധപ്പെടുത്തി ജനറ്റിക്സ്, റോബോട്ടിക്സ് തുടങ്ങിയ ശാസ്ത്രമേഖലകളെ പറ്റിയുള്ള അറിവുകളും അദ്ദേഹത്തിന്റെ നോവലിൽ ഉണ്ട്. ശാസ്ത്രസാഹിത്യത്തിന്റെ ഏറ്റവും വലിയ പ്രത്യേകത അതിന്റെ പ്രവചനാത്മകതയാണ്. അന്യഗ്രഹങ്ങളിലേക്കുള്ള യാത്രയും ആർട്ടിഫിഷ്യൽ ഇൻറലിജൻസിന്റെ വളർച്ചയും സമകാലശാസ്ത്രത്തിൽ വളരെ ഗൗരവത്തോടെ പരീക്ഷണം നടന്നുകൊണ്ടിരിക്കുന്ന മേഖലകളാണ്. എന്നാൽ ഇതിനെ കുറിച്ചുള്ള ചിന്തകൾ കാൽ നൂറ്റാണ്ട് മുമ്പ് പുറത്തിറങ്ങിയ നോവലുകളിൽ തന്നെ പി.എൻ. കൃഷ്ണൻ കുട്ടി അവതരിപ്പിക്കുന്നുണ്ട്. ഭൂമിയിലെ പ്രശ്നങ്ങൾ ഭൂമിയുടെ അവസാനത്തിലേക്ക് കൊണ്ടുപോകുമെന്നും ഇവിടം മനുഷ്യവാസയോഗ്യമല്ലാതായി തീർന്നേക്കാം എന്ന ആശങ്കയും ഈ നോവലുകളിൽ കാണാൻ സാധിക്കും. എന്നാൽ ശാസ്ത്രത്തിലൂടെയുള്ള ശാശ്വത പരിഹാരം കൂടി നോവലുകളിൽ പങ്കുവെക്കുന്നുണ്ട്. ശാസ്ത്രത്തിന്റെ നല്ല വശങ്ങളിലൂടെ ഭൂമിയിലെ ജീവിതം എങ്ങനെയൊക്കെ മനോഹരമാക്കാം തുടങ്ങിയവയെ ക്കുറിച്ചുള്ള പി.എൻ.കൃഷ്ണൻകുട്ടി എന്ന നോവലിസ്റ്റിന്റെ പ്രതീക്ഷകൾ കൂടിയാണ് ഈ നോവലുകൾ.

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

ശാസ്ത്രസാഹിത്യം എന്ന മേഖല ഇനിയും ഏറെ മുന്നേറാൻ ഉണ്ട്. സയൻസ് ഫിക്ഷൻ എന്ന സാഹിത്യശാഖയെ ജനകീയമാക്കാനുള്ള ശ്രമങ്ങൾ നടത്തിയവരിൽ മുൻപന്തിയിലാണ് പി.എൻ.കൃഷ്ണൻ കുട്ടി. ശാസ്ത്രത്തിന്റെ വിവിധ മേഖലകളെ വളരെ ലളിതമാക്കി അദ്ദേഹം തന്റെ നോവലുകളിൽ സന്നിവേശിപ്പിച്ചിരിക്കുന്നു. നോവലുകളിലെ വിവിധ വിഭാഗങ്ങളെ സ്വീകരിച്ച വായനക്കാർ ശാസ്ത്രസാഹിത്യം എന്ന വിഭാഗത്തെ വേണ്ടത്ര പ്രോത്സാഹിപ്പിക്കുന്നില്ല. ഈ മേഖലയിൽ വേണ്ടത്ര നോവലുകൾ ഇപ്പോഴും ഉണ്ടാകുന്നില്ല എന്നത് അതിനെ തെളിവാണ്. ശാസ്ത്രം സാധാരണക്കാർക്ക് അപ്രാപ്യ മായി നിൽക്കുന്നു എന്നത് ഇതിനൊരു കാരണമാണ്. ശാസ്ത്രത്തിന്റെ വിവിധ വശങ്ങളെ നോവലുകളിൽ അവതരിപ്പിക്കുന്ന പി.എൻ. കൃഷ്ണൻകുട്ടിയെ പോലുള്ള എഴുത്തുകാർ ഇനിയും ഈ വിഭാഗത്തിൽ മുന്നോട്ടു വരേണ്ടതുണ്ട്.

## കുറിപ്പുകൾ

1. *ഹൈബർനേഷൻ-ഭക്ഷണം കുറവായിരിക്കുമ്പോൾ ഊർജ്ജ സംരക്ഷണത്തിനായി ചില ജീവികൾ ദീർഘമായ ഉറക്കത്തിലേക്ക് പ്രവേശിക്കുന്നു. ഈ അവസ്ഥയാണ് ഹൈബർനേഷൻ.*
2. *റോബോട്ടിക്സ്-മനുഷ്യർക്ക് പകരം ഉപയോഗിക്കാനും മനുഷ്യരുടെ പ്രവർത്തനങ്ങളെ പ്രതിപ്രവർത്തിക്കാനും കഴിയുന്ന യന്ത്രങ്ങൾ വികസിപ്പിച്ചെടുക്കുന്ന സാങ്കേതികവിദ്യ.*
3. *ജനറ്റിക്സ്-ജീവികളിലെ വംശപാരമ്പര്യത്തെയും വ്യതിയാനത്തെയും കുറിച്ചുള്ള പഠനം*
4. *പ്രോക്സിമ സെന്റോറി-സൂര്യനിൽ നിന്നും 4.2465 പ്രകാശവർഷം അകലെ സ്ഥിതി ചെയ്യുന്ന നക്ഷത്രം.*

## ഗ്രന്ഥസൂചി


1. *കാവുമ്പായി ബാലകൃഷ്ണൻ, മലയാള ശാസ്ത്രസാഹിത്യപ്രസ്ഥാനം, ഒരു പഠനം, കേരളശാസ്ത്ര സാഹിത്യപരിഷത്ത്, തൃശൂർ 2007.*
2. *ബർനൽ, ജെ,ഡി,, നമ്പൂതിരിപ്പാട്, എം.സി.(വിവ), ശാസ്ത്രത്തിന്റെ സാമൂഹിക ശാസ്ത്രം, കേരള ശാസ്ത്രസാഹിത്യ പരിഷത്ത്, തൃശൂർ, 2011 .*
3. *David Corcoran, Book of Science, Steriling, New York.*
4. *David Seed, A Companion to Science fiction, Blackwell Publishing, UK, 2008.*
5. *Gurdeep Chatwal, History of Science, Himalaya publishing House., Bombay,1994.*
6. *Sherryl Vint, Science fiction, A Guide for the perplexed, Blooms berry Academic, UK, 2014.*


ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

# കേരളീയ സംഘനൃത്തപാരമ്പര്യവും സുറിയാനി ക്രിസ്ത്യാനികളുടെ വട്ടക്കളിയും പാട്ടുകളും

**ഡോ. ആർ. ഗീതാദേവി**
അസി. പ്രൊഫസ്സർ & ക്യാമ്പസ് ഡയറക്ടർ, മലയാള വിഭാഗം, ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല, പന്മന ക്യാമ്പസ്.

**പ്രബന്ധസംഗ്രഹം**

പ്രാചീനകാലം മുതൽ സാമൂഹിക ജീവിതത്തിൽ മനുഷ്യരെ ഒരുമിപ്പിച്ചു നിർത്തുന്നതിൽ പാട്ടും കളികളും വഹിച്ചിരുന്ന പങ്ക് വളരെ വലുതാണ്. ജാതി മത വംശീയ ഭേദങ്ങൾക്കനുസരിച്ച് വ്യത്യസ്തമായ സംഘനൃത്തങ്ങളും പാട്ടുകളും പാരമ്പര്യമായി കൈമാറിപ്പോന്ന കേരളീയജനത ആധുനിക ജീവിതം നയിക്കാൻ തുടങ്ങിയതോടെ പാരമ്പര്യ വിജ്ഞാനത്തെയും കലകളെയും മിക്കവാറും കൈവെടിഞ്ഞു. കേരളത്തിലെ സംഘനൃത്തപാരമ്പര്യത്തെ മുൻനിർത്തി സുറിയാനി ക്രിസ്ത്യാനികളുടെ പുരാതനപ്പാട്ടുകളിൽ പരാമർശിക്കുന്ന വട്ടക്കളിപ്പാട്ടുകളെയും അതോടൊപ്പം അവതരിപ്പിച്ചിരുന്ന വട്ടക്കളി എന്ന സംഘനൃത്തത്തെയും കുറിച്ചുള്ള ഒരന്വേഷണമാണ് ഈ ലേഖനത്തിന്റെ വിഷയം.

***താക്കോൽവാക്കുകൾ:*** സംഘനൃത്ത പാരമ്പര്യം, ജാതി മത വംശീയ പാരമ്പര്യങ്ങൾ, സുറിയാനി ക്രിസ്ത്യാനികൾ, പുരാതനപ്പാട്ടുകൾ, വട്ടക്കളിപ്പാട്ടുകൾ, വട്ടക്കളി എന്ന നൃത്തരൂപം. കല്യാണപ്പാട്ടുകൾ, ആചാരാനുഷ്ഠാനങ്ങൾ, വിനോദകല, സാമുദായിക ഭാഷ, ആഗോളവൽക്കരണം, മതജീവിതം, സംസ്കാരത്തിന്റെ സാധൂകരണം.

സാമൂഹികജീവിതത്തിനുള്ളിൽ മനുഷ്യരെ പരസ്പരം ബന്ധപ്പെടുത്തി നിർത്തുന്ന അനേകം ഘടകങ്ങളുണ്ട്. അതിൽ ജാതി, മതം, വംശീയത, കല തുടങ്ങിയവയ്ക്കാ

യിരുന്നു പഴയകാലത്ത് പ്രധാന്യം കല്പിച്ചിരുന്നത്. സാമൂഹികസംസ്കാരത്തെ രൂപപ്പെടുത്തുന്നതിലും പാരമ്പര്യ കൂട്ടായ്മകളെ ദൃഢപ്പെടുത്തുന്നതിലും ഇവ മുഖ്യ പങ്കു വഹിച്ചിരുന്നു. ഒരു ജനതയുടെ കലാപരിജ്ഞാനവും വംശീയപാരമ്പര്യവും ദേശ സംസ്കാരത്തിന്റെ വേരുകളും ഒക്കെ ആഴത്തിൽ അടയാളപ്പെടുത്തിയിരുന്നത് നാടൻ കലകളിലൂടെയാണ്. പ്രാദേശിക കൂട്ടായ്മകളുടെയും കാർഷികസംസ്കാരത്തിന്റെയും അടിത്തറയിൽ വളർന്നു പന്തലിച്ച കേരളീയ നാടൻകലാരൂപങ്ങളുടെ കൂട്ടത്തിൽ സംഘനൃത്തങ്ങൾക്ക് വലിയ പ്രാധാന്യമുണ്ട്. കേരളീയ സംഘനൃത്തപാരമ്പര്യത്തിന് പഴയ തമിഴകത്തിന്റെ ദ്രാവിഡ കലാപാരമ്പര്യത്തോളം പഴക്കമുണ്ട്. ആദിവാസി ഗോത്രനൃത്തങ്ങളുടെ സ്വാധീനവും ഇവയിൽ കണ്ടെത്താൻ കഴിയും.

സംഘകാലം മുതൽ തമിഴകത്ത് നിലനിന്നിരുന്ന അനേകം നൃത്തരൂപങ്ങളെക്കുറിച്ച് ചിലപ്പതികാരത്തിൽ പ്രതിപാദിക്കുന്നുണ്ട്. കുരവൈക്കൂത്ത് അതിന്റെ വകഭേദങ്ങളായ ആച്ചിക്കൂത്ത്, കുന്റക്കുരവക്കൂത്ത്, വേട്ടുവരിക്കൂത്ത്, ഊർ ചുറ്റുവരിക്കൂത്ത്, കാനൽവരിക്കൂത്ത്, എന്നിവയും കുടക്കൂത്ത്, കടൈച്ചിക്കൂത്ത് (കർഷകസ്ത്രീകളുടെ നൃത്തം) തുടങ്ങിയ സംഘനൃത്തങ്ങളും പുറക്കൂത്തുകൾ (പൊതുവിയൽ) ആയിരുന്നു[1]. കേരളത്തിലെ ചില ഗോത്രസമൂഹങ്ങൾ ഇപ്പോഴും അവരുടെ സംഘനൃത്തപാരമ്പര്യം നിലനിർത്തിപ്പോരുന്നുണ്ട്. ജാതി മത വംശീയ പാരമ്പര്യങ്ങളോടു ചേർന്ന് ജീവിതത്തിന്റെ നാനാ മുഹൂർത്തങ്ങളിൽ സംഘം ചേർന്ന് അവതരിപ്പിച്ചിരുന്ന അനേകം നൃത്തരൂപങ്ങൾ ആധുനിക കാലംവരെ കേരളീയ സമൂഹവും പിൻതുടർന്നു പോന്നു. തിരുവാതിരകളി (കൈകൊട്ടിക്കളി ), കുടമൂത്തുകളി, മാർഗ്ഗം കളി, പൂരക്കളി, വട്ടക്കളി, കോൽക്കളി, ഒപ്പനകളി ഇവയൊക്കെ അതിനുദാഹരണങ്ങളാണ്. നമ്മുടെ സംഘനൃത്തങ്ങളിലധികവും 'കളികൾ' ആണ്. അനുഷ്ഠാനത്തോടൊപ്പം അവയ്ക്കുള്ള വിനോദപരമായ ധർമ്മംകൂടി ഇതു സൂചിപ്പിക്കുന്നുണ്ട്. ഓരോ കൂട്ടായ്മയുടെയും മതപരവും അനുഷ്ഠാനപരവും വിനോദപരവുമായ ധർമ്മങ്ങളാണ് ഈ അവതരണങ്ങളിലൂടെ നിറവേറ്റിയിരുന്നത്.

## വട്ടക്കളി

കേരളത്തിലെ നാനാജാതി വിഭാഗങ്ങൾക്കിടയിൽ നിലനിന്നിരുന്ന ഒരു കേവല നൃത്തരൂപമാണ് വട്ടക്കളി. അനുഷ്ഠാനപരമായും വിനോദവേളകളിലും അവതരിപ്പിച്ചിരുന്ന ഈ കലാരൂപം ചോടുകളി, ചുവടുകളി എന്നിങ്ങനെയും അറിയപ്പെട്ടിരുന്നു. സ്ത്രീകളോ പുരുഷന്മാരോ പ്രത്യേകമോ ഒരുമിച്ചോ സംഘമായിചേർന്ന് വട്ടത്തിൽ നിന്ന് അവതരിപ്പിക്കുന്ന വർത്തുളനൃത്തരൂപമായതിനാലാണ് ഇതിന് വട്ടക്കളി എന്ന പേരുണ്ടായത്. ജാതിവ്യത്യാസത്തിനനുസരിച്ച് വിഷയത്തിലും പാട്ടുരീതിയിലും അവതരണ സന്ദർഭത്തിലും വ്യത്യാസം പുലർത്തിയിരുന്ന ഈ കലാരൂപം വട്ടത്തിൽ നിന്ന് പാട്ടുപാടി താളത്തിനൊത്ത് കൈ മെയ് ചലനത്തോടെ കൈകൊട്ടിയും മുൻപോട്ടും പുറകോട്ടും ലളിതമായി ചുവടുവെച്ചും ഉള്ള പ്രദക്ഷിണ രീതിയിലാണ് അവതരിപ്പിച്ചിരുന്നത്. പറ, തുടി എന്നീ വാദ്യങ്ങളാണ് അവതരണത്തിന് ഉപയോഗിച്ചിരുന്നത്. വട്ടക്കളിയുടെ പ്രാചീന രൂപം ഇപ്പോഴും പണിയർ, മുള്ളുക്കുറുമർ, വയനാടൻ ചെട്ടികൾ, വേട്ടുവർ തുടങ്ങിയ ഗോത്രവിഭാഗങ്ങളുടെ നൃത്തങ്ങളിൽ കാണാം. കണ്യാർകളിയുടെ മുഖ്യ

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

ഭാഗമായും വട്ടക്കളി അവതരിപ്പിക്കപ്പെടുന്നുണ്ട്. പുലയസമുദായത്തിന്റെ ജീവിതാഘോഷങ്ങളിൽ അടുത്തകാലം വരെ വട്ടക്കളിക്ക് സ്ഥാനമുണ്ടായിരുന്നു. വട്ടക്കളിപ്പാട്ടുകൾ ആ രീതിയിൽ ശേഖരിക്കപ്പെടാതെ പോയതിനാൽ പില്ക്കാലത്ത് അവ കേവലം നാടൻ പാട്ടുകളുടെ കൂട്ടത്തിൽ ഗണിക്കപ്പെടുകയാണുണ്ടായത്. എന്നാൽ അധികമാരും ശ്രദ്ധിക്കപ്പെടാതെ സമാഹരിക്കപ്പെട്ടിട്ടുള്ള വട്ടക്കളിപ്പാട്ടുകളുടെ ഒരു ശേഖരം കേരളത്തിലെ ക്രിസ്തീയ സമുദായത്തിന്റേതായുണ്ട്. സുറിയാനി ക്രിസ്ത്യാനികളുടെ പുരാതനപ്പാട്ടുകളായിട്ടാണ് അവ അറിയപ്പെടുന്നത്. 1910 ൽ പി.യു. ലൂക്കാസ് സമാഹരിച്ച 'മലയാളത്തെ സുറിയാനി ക്രിസ്ത്യാനികളുടെ പുരാതനപ്പാട്ടുകൾ' എന്ന ഗ്രന്ഥത്തിലാണ് ഈ പാട്ടുകൾ ചേർത്തിട്ടുള്ളത്.

## വട്ടക്കളിയും പുരാതനപ്പാട്ടുകളും

സുറിയാനിഭാഷയിലുള്ള ആരാധനാക്രമം സ്വീകരിച്ചവരാണ് കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികൾ. ഇവരിൽ തോമാശ്ലീഹായുടെ അനുയായികളെ വടക്കുംഭാഗക്കാർ എന്നും ക്നായിത്തൊമ്മന്റെ അനുയായികളെ തെക്കുംഭാഗക്കാർ (ക്നാനായക്കാർ) എന്നുമാണ് അറിയപ്പെട്ടിരുന്നത്. എ.ഡി. 345 ൽ ക്നായിത്തൊമ്മനും സംഘവും കൊടുങ്ങല്ലൂരിൽ എത്തിച്ചേർന്നതുമുതലുള്ള സഭാചരിത്രം പുരാതനപ്പാട്ടുകളിൽ പ്രതിപാദിക്കുന്നുണ്ട്. പാട്ടുകളുടെ അവതരണ സന്ദർഭത്തെ മുൻനിർത്തി പെൺപാട്ടുകൾ, ആൺപാട്ടുകൾ, പള്ളിപ്പാട്ടുകൾ, വഞ്ചിപ്പാട്ടുകൾ എന്നിങ്ങനെ ഈ പാട്ടുകൾ തരംതിരിക്കപ്പെട്ടിട്ടുണ്ട്. പെൺപാട്ടുകളുടെ കൂട്ടത്തിലാണ് വട്ടക്കളിപ്പാട്ടുകൾ കൂടുതൽ കാണുന്നത്. അവയിലധികവും വിവാഹം, ആരാധന തുടങ്ങിയ അനുഷ്ഠാന ക്രിയകളോട് ബന്ധപ്പെട്ടവയാണ്. ഇവയിൽ ചിലപാട്ടുകൾ കേരളഭാഷാഗാനങ്ങൾ എന്ന കൃതിയിൽ കല്യാണപ്പാട്ടുകൾ എന്ന വിഭാഗത്തിൽ ചേർത്തിട്ടുണ്ട്. ഇവ ക്നാനായക്കാരുടെ കല്യാണങ്ങൾക്ക് പാടിക്കളിച്ചിരുന്നവയാണെന്ന ഗ്രന്ഥകാരന്റെ അഭിപ്രായവും ശ്രദ്ധേയമാണ്: 'കല്യാണത്തിന്റെ ഓരോ ചടങ്ങിനും പ്രത്യേകം പാട്ടുകളുണ്ട്. ഇവയിൽ ചിലത് അഭിനയത്തോടു കൂടി പാടുന്നു. മറ്റുള്ളവർ കൂട്ടംചേർന്ന് കൈകൊട്ടിപ്പാടുകയാണ് പതിവ്'.[2] വട്ടക്കളിപ്പാട്ടുകൾ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ഇടയിൽ കല്യാണത്തിന് പ്രചാരത്തിലിരുന്നവയാണ് എന്ന് ഡോ. എം.വി. വിഷ്ണുനമ്പൂതിരിയും[3] ഡോ. പോൾ മണലിലും അഭിപ്രായപ്പെടുന്നുണ്ട്[4]. മതമേലദ്ധ്യക്ഷനായ മാർത്തോമ്മാമെത്രാനെ വരവേൽക്കുന്നതിനായി പാടിയിരുന്ന റമ്പാൻ പാട്ടുകൾ പിന്നീട് ആചാരാനുഷ്ഠാനങ്ങളുടെ ഭാഗമായി പെരുനാൾ റാസക്കിടയിൽ വട്ടക്കളിയായി പാടിയിരുന്നു എന്നും പോൾ മണലിൽ വ്യക്തമാക്കുന്നു[5]. ക്രിസ്ത്യാനികളുടെ രംഗകലകളെക്കുറിച്ചു പരാമർശിക്കുമ്പോൾ മാർഗ്ഗംകളി, പരിചമുട്ടുകളി എന്നിവയുടെ കൂട്ടത്തിൽ വട്ടക്കളിയുടെ പേരും ഡോ. ജേക്കബ് വെള്ളിയാൻ ചേർക്കുന്നുണ്ട്.[6] ഈ അഭിപ്രായങ്ങളൊക്കെ സുറിയാനി ക്രിസ്ത്യാനികളുടെ ഇടയിൽ വട്ടക്കളി എന്ന കലാരൂപം നിലനിന്നിരുന്നതായി സൂചനനൽകുന്നു.

ആൺപാട്ടുകളിൽ മിക്കതും മാർഗ്ഗംകളിപ്പാട്ടുകളും ദൈവികചരിതങ്ങളും വഞ്ചിപ്പാട്ടുകളും പള്ളിപ്പാട്ടുകളുമാണ്. (പള്ളിപ്പാട്ടുകളിൽ ഏറെയും പില്ക്കാലത്ത് ചേർക്കപ്പെട്ടവയാണ്). വഞ്ചിപ്പാട്ടുകളിലും വട്ടക്കളിപ്പാട്ടുകൾ കാണുന്നുണ്ട്. ഇവ വിനോദാവസര

ഗവൺമെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

ങ്ങളിൽ പുരുഷന്മാർ പാടിക്കളിച്ചിരുന്നവയായിരുന്നിരിക്കണം. ചുവടും താളവും ഉള്ളതും പുരുഷന്മാർ കല്യാണാവസരങ്ങളിൽ പാടുന്നവയുമാണ് ആൺ പാട്ടുകൾ എന്ന് സിസ്റ്റർ. ഡോ. ദീപ. പുരാതനപ്പാട്ടുകളുടെ പരിണാമത്തെക്കുറിച്ചുള്ള പഠനത്തിൽ രേഖപ്പെടുത്തുന്നുണ്ട്.[7] അനുഷ്ഠാനസന്ദർഭങ്ങളിൽ സ്ത്രീകളുടെ പാട്ടുകളും വട്ടക്കളിയും പുരുഷന്മാരുടെ മാർഗ്ഗംകളിയും പരിചമുട്ടുകളിയും മറ്റും അവതരിപ്പിച്ചിരുന്നു എന്നാണ് പാട്ടുകളുടെ സ്വഭാവത്തിൽ നിന്നും ആവേദകരിൽ നിന്നു ലഭിച്ച വിവരങ്ങളിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞത്. പാട്ടുകളും അനുഷ്ഠാനങ്ങളും കുറെയൊക്കെ പിൻതുടർന്നു പോരുന്നുണ്ടെങ്കിലും വട്ടക്കളി എന്ന കലാരൂപത്തെക്കുറിച്ച് പുതിയ തലമുറയ്ക്ക് തീരെ പരിജ്ഞാനമില്ല. വിനോദനൃത്തങ്ങൾ പൊതുവെ സമൂഹത്തിൽ നിന്നു മാഞ്ഞു പോയതാകാം ഇതിന് പ്രധാന കാരണം. പില്ക്കാലത്ത് സുറിയാനി ക്രിസ്ത്യൻസഭയ്ക്കുള്ളിൽ സംഭവിച്ച വിഭജനങ്ങളും സാംസ്കാരത്തിന്റെ ശിഥിലീകരണത്തിന് കാരണമായിട്ടുണ്ടാകാം.

## പാട്ടുകളുടെ ഉള്ളടക്കം

മതപരമായ ആചാരാനുഷ്ഠാനങ്ങളും വിശ്വാസവും കലാവതരണവും കൂടുതൽ വ്യക്തമാകുന്നത് പെൺപാട്ടുകളിലൂടെയാണ്. മംഗല്യവട്ടക്കളി, വാഴൂവട്ടക്കളി, ആദത്തിന്റെ വട്ടക്കളി, എട്ടുത്തിര വട്ടക്കളി, പൂർവ്വയൗസേപ്പിന്റെ വട്ടക്കളി, മൂശയുടെ വട്ടക്കളി എന്നിങ്ങനെയുള്ള പേരുകൾ പാട്ടിന്റെ വിഷയവൈവിധ്യത്തെയും വൈപുല്യത്തെയും വട്ടക്കളി എന്ന കലാവതരണത്തെയും വ്യക്തമാക്കുന്നു. ഇരുപത്തെട്ടുകെട്ട്, ചോറൂണ്, കാതുകുത്ത്, വിവാഹത്തിന്റെ ഒത്തുകല്യാണം, പന്തലിടീൽ, സ്ത്രീധനസമ്പ്രദായം, മയിലാഞ്ചിയിടീൽ, അന്തം (ചന്തം) ചാർത്തൽ, പാലും പഴവും കൊടുക്കൽ, നെല്ലും നീരും വിളക്കുമായി അമ്മായി വന്ന് എതിരേൽക്കുക, കുരവയിടുക തുടങ്ങി പെൺപാട്ടുകളിൽ കാണുന്ന ആചാരവിശേഷങ്ങളിലൊക്കെ ഹൈന്ദവാചാരങ്ങളുടെ സ്വാധീനം കാണാം. മതംമാറിയ ക്രിസ്ത്യാനികൾക്കിടയിൽ പിൻതുടർന്നുപോന്ന ഇത്തരം ഹൈന്ദവ പാരമ്പര്യത്തെക്കുറിച്ച് പി. ജെ. തോമസ് കിസ്ത്യാനികളും മലയാള സാഹിത്യവും എന്ന കൃതിയിൽ വ്യക്തമാക്കുന്നുണ്ട്. എ.ഡി. 1599 ൽ നടന്ന ഉദയംപേരൂർ സൂനഹദോസോടു കൂടിയാണ് സുറിയാനി ക്രിസ്ത്യാനികളുടെ ഈ ആചാരങ്ങളൊക്കെ പരിഷ്കരിക്കപ്പെട്ടത്. വട്ടക്കളിപ്പാട്ടുകളിൽ പരാമർശിക്കുന്ന ഈ ആചാരങ്ങൾ പാട്ടിന്റെ പ്രാചീനതയെ സൂചിപ്പിക്കുന്നു. ഉദയംപേരൂർ സൂനഹദോസിനു മുൻപേ ഉണ്ടായവയാണ് ഈ പാട്ടുകൾ എന്നു കരുതുന്നതിനും ഇത് വഴിയൊരുക്കുന്നു.

സുറിയാനി ക്രിസ്ത്യൻ വിവാഹാഘോഷത്തിന്റെ വൈവിധ്യമാർന്ന ചടങ്ങുകൾ സ്ത്രീകളുടെ വട്ടക്കളിപ്പാട്ടുകളിൽ കാണുന്നുണ്ട്. ചടങ്ങുകളും പാട്ടുഭാഷയുടെ സ്വഭാവവും വ്യക്തമാക്കുന്നതിന് ചില ഉദാഹരണങ്ങൾ:

*'പെണ്ണും ചെറുക്കനുമായ് കണ്ണാടി മിന്നും പോലെ*
*കണ്ണുമെഴുതി കുറി അഞ്ജനം കൊണ്ടു തൊട്ടു*
*മെല്ലെയിരുവരേയും ആനപ്പുറത്തിരുത്തി*
*ഒത്തു നടനടകൾ ചൊല്ലി നടന്നുടനെ*

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

*ഏകാന്ത പ്പെൺകൊടിയാൾ വായ് ക്കുരവയുമിട്ടു*
*വാദ്യമേളവും നല്ല കൊട്ടും കുരവകളും*
*കുന്തമെറിഞ്ഞു നല്ല പന്താട്ടം കാണ്മിനിന്ന്*
*എന്തെന്തു കാണേണ്ടെന്നു ചിന്തിച്ചു കാണികളും*
*കോലാഹലത്തോടങ്ങു ചാല പുകിന്തശേഷം*
*ആലാഹനായൻതന്നെ പാടിസ്തുതിക്കുന്നേറ്റം.'* (മംഗല്യ വട്ടക്കളി)

അയനിപ്പാട്ട്, വാഴുപാട്ട്, അടച്ചുതുറപ്പാട്ട്, എണ്ണപ്പാട്ട്, കുളിപ്പാട്ട്, വിളക്കുതൊടീൽപ്പാട്ട് എന്നീ മംഗല്യാനുഷ്ഠാനപ്പാട്ടുകളും ഈ വട്ടക്കളിപ്പാട്ടുകൾക്കകത്ത് കാണുന്നുണ്ട്.

*'പൊന്നും തളികയിൽ പാലും പഴവുമായ്*
*വെള്ളി വിളങ്ങുന്ന കിണ്ടിയിൽ വെള്ളവും*
*കൊണ്ടു ചെന്നങ്ങു കൊടുത്ത മധുരങ്ങൾ*
*ഇച്ഛിച്ചുതന്ന മധുരങ്ങൾ ചൊല്ലുവാൻ*
*ഇച്ഛയിലൊന്നും ശരിപ്പറവാനില്ല' (വാഴൂ വട്ടക്കളി)*

*'ആദി പെരിയനായൻ തന്റെ ഏകലരുളാലെ*
*അൻപുറ്റ മണവാളനും പെൺകൊടിയുമായി*
*പാതിയൊരു ചേല കൊണ്ടൊരുമ്പാടായുടുത്ത്*
*നീതിയോടെ അവർ പോയി പന്തലിലിരുന്നു*
*ചിക്കനെ മുതിർന്നുവന്നമ്മാവിയെണ്ണതേച്ചു*
*ശില്പമോടെ നീരുമാടി ചേലയും പകർന്നു*
*ചുറ്റും നിന്നു പെൺകൊടിമാർ വായ്ക്കുരവയിട്ടു*
*അവൻ തന്റെയമ്മപെങ്ങൾ നെല്ലും നീരും വെച്ചു*
*ഒത്തു നിന്ന പെൺകൊടിമാർ കൈയ്ക്കുപിടിച്ചു കേറ്റി.' (എണ്ണപ്പാട്ട്)*

സ്ത്രീകളിലൂടെയാണ് ഈ പാട്ടുകളിലധികവും കൈമാറിപ്പോന്നത്. സമുദായ ജീവിതത്തിൽ സ്ത്രീജീവിതത്തിന് വലിയ സ്ഥാനവും ആദരവും ഉണ്ടായിരുന്നതായി പാട്ടുകളിൽ നിന്ന് വ്യക്തമാണ്. വിനോദകലയായി സമൂഹത്തിൽ നിലനിന്നിരുന്ന വട്ടക്കളിയുടെ ലളിതമായ ചുവടുകൾ ചേർത്ത് മതാചാരത്തിന്റെ ഭാഗമായി ഇവ പാടുകയും കളിക്കുകയും ചെയ്തിരുന്നത് സ്ത്രീകളാണ് എന്ന് വേണം കരുതാൻ. പിന്നീട് വട്ടക്കളി നാമാവശേഷമാവുകയും മതപാരമ്പര്യത്തിന്റെ ഭാഗമായി പാട്ടുകൾ സംരക്ഷിക്കപ്പെടുകയുമാണുണ്ടായത്. (പുരാതനപ്പാട്ടുകൾ അവ സംരക്ഷിച്ചുപോന്ന ക്നാനായ ക്രിസ്ത്യാനികളുടേതായിട്ടാണ് ഇന്ന് അറിയപ്പെടുന്നത്.) വട്ടക്കളിയെ പിൻതുടർന്ന് പരിചമുട്ടുകളിയിലും ആയോധന കലകളിലും പരിശീലനം നേടിയ പുരുഷന്മാർ രൂപപ്പെടുത്തിയ മതനിഷ്ഠ കലാരൂപമായിരിക്കാം മാർഗ്ഗംകളി. വട്ടക്കളിയേക്കാൾ കൂടുതൽ ഗൗരവം കലയ്ക്കും മതപരമായ ജ്ഞാനത്തിനും മാർഗ്ഗംകളിയിൽ കാണുന്നുണ്ട്. അതുപിന്നീട് പെൺകലയായി മാറിയതും മതപാരമ്പര്യസംരക്ഷണത്തിന്റെ ഭാഗമായിക്കൂടി മനസ്സിലാക്കാവുന്നതാണ്.[8]

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

ഒരു സമൂഹത്തിന്റ പൊതുവികാരം ആവിഷ്കരിക്കപ്പെടുന്ന ശക്തമായൊരു മാധ്യമമാണ് നാടൻ സംഗീതം[9] എന്ന് കേരളത്തിലെ നാടൻപാട്ടുകൾ പരിശോധിക്കുമ്പോൾ വ്യക്തമാകുന്നുണ്ട്. ജാതിതോറും സംഗീതശൈലി ഭിന്നമാണ്. പാടുന്നശൈലി അവരുടെ സാംസ്കാരികവും ഭാഷാപരവുമായ അനന്യതയെ സ്ഥിരീകരിക്കുന്നു.[10] അതുകൊണ്ട് ക്രിസ്ത്യാനികളുടെ പുരാതനപ്പാട്ടുകളും വട്ടക്കളിപ്പാട്ടുകളും ആ ജനസമൂഹത്തിന്റെ സവിശേഷ പാരമ്പര്യത്തെയും സംസ്കാരത്തെയും തിരിച്ചറിയാൻ തീർച്ചയായും സഹായിക്കുന്നതാണ്.

### പാട്ടുകളിലെ ഭാഷ

ഭാഷാപരമായും പ്രാധാന്യമർഹിക്കുന്നവയാണ് ഈ ഗാനശാഖ. വാമൊഴിയുടെ കാലാനുസൃതമായ പരിണാമങ്ങൾ ഈ പാട്ടുകൾക്കും സംഭവിച്ചിട്ടുണ്ടാകാം. മതവിശ്വാസത്തിന്റെയും ആരാധനയുടെയും അടയാളമായ സാമുദായികഭാഷയുടെ സ്വഭാവം ഈ പാട്ടുകളിൽ കാണുന്നുണ്ട്. ആലാഹ, ശ്ളീഹ, മിശിഹാ, ബാവാ, റൂഹാ തുടങ്ങി ധാരാളം സുറിയാനി പദങ്ങൾ, പെരിയോൻ, പുകിന്തു, മങ്ക, കാതൽ, തലുവം (കുരിശ്), മന്നൻ തുടങ്ങി തമിഴ് പദങ്ങളും മലയാളപദങ്ങളുമാണ് പാട്ടുഭാഷയിൽ കാണുന്നത്. സംസ്കൃതപദങ്ങൾ വിരളമായിട്ടേ ഉപയോഗിച്ചിട്ടുള്ളു എന്നതിനാൽ അക്കാലത്ത് സാധാരണ ജനഭാഷയിൽ സംസ്കൃതത്തിന് സ്വാധീനം കുറവായിരുന്നു എന്നകാര്യം വ്യക്തമാണ്. പരിണാമത്തിന്റെ വഴികളിലൂടെ പതിനെട്ടാം നൂറ്റാണ്ട് വരെയെങ്കിലും ഈ പാട്ടുകൾ പാരമ്പര്യമായി കൈമാറിപ്പോന്നിരുന്നതായി ഇതിലെ ഭാഷാരീതി വ്യക്തമാക്കുന്നുണ്ട്.

## കലയുടെ ലക്ഷ്യവും ധർമ്മവും

കേരളീയ നാടൻ നൃത്തപാരമ്പര്യത്തോട് മതപരമായ ധർമ്മങ്ങൾ കൂട്ടിച്ചേർത്ത് അവയ്ക്ക് നവീനമായ അർത്ഥവും ഭാവവും നൽകി അവതരിപ്പിച്ചിട്ടുള്ളവയാണ് ക്രിസ്ത്യാനികളുടെ വട്ടക്കളിയും പാട്ടുകളും. മതംമാറ്റം ചെയ്യപ്പെട്ട ഒരു ജനതയ്ക്ക് പ്രത്യക്ഷത്തിൽ അവരുടെ പാരമ്പര്യത്തെ പൂർണ്ണമായി പിൻതുടരാൻ കഴിയില്ല എങ്കിലും കലയിലൂടെയും പാട്ടുകളിലൂടെയും അവ വരും തലമുറയിലേക്ക് കൈമാറ്റം ചെയ്യുകയും ഗണജീവിതത്തിനുള്ളിൽ അവ സൂക്ഷിക്കപ്പെടുകയും ചെയ്യുന്നു. അതോടൊപ്പം പുതിയമതത്തിന്റെ വിശ്വാസങ്ങളെ സ്വാംശീകരിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യേണ്ടതായും വരുന്നു. ഈ സന്ദർഭത്തിലാണ് കലയും അനുഷ്ഠാനങ്ങളും സാധൂകരിക്കപ്പെടുന്നതും; പാട്ടും കളിയുമെല്ലാം അതിന്റെ ഭാഗമായി രൂപീകരിക്കപ്പെടുന്നതും. ജീവിതത്തിന്റെ സവിശേഷ മുഹൂർത്തങ്ങളെ പാട്ടും കളികളും കൊണ്ട് ആനന്ദഭരിതമാക്കിയിരുന്ന ഒരു ജീവിത സംസ്കാരത്തിന്റെ തെളിവായി ഈ പാട്ടുകളെ വിലയിരുത്താവുന്നതാണ്.

മനുഷ്യരുടെ സാമൂഹികാരോഗ്യത്തെയും സംസ്കാരിക ഉണർവിനെയും ലക്ഷ്യം വയ്ക്കുന്നവയായിരുന്നു ഇത്തരം അവതരണങ്ങൾ. പ്രാചീനകാലത്ത് കലയെ കേവലം കലയായിട്ടല്ല അതിന്റെ കൂട്ടായ്മ പരിഗണിച്ചിരുന്നത്; ജീവിത നിർവഹണത്തിന്റെ അനിവാര്യ ഘടകമായിട്ടായിരുന്നു. മതചരിത്രത്തിൽ ആരാധനാസമ്പ്രദായങ്ങൾക്കും

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

ആചാരാനുഷ്ഠാനങ്ങൾക്കും കാലാനുസൃതമായി സംഭവിക്കുന്ന പരിണാമവും ആധുനിക നാഗരികതയും ആഗോളവൽക്കരണവും മറ്റും ഇത്തരം ഗണനിഷ്ഠസംസ്കാരത്തെ പാടേ മായ്ചുകളഞ്ഞ് ചരിത്രവേരുകളില്ലാത്ത പുതിയൊരു മാനവികസമൂഹത്തെ വാർത്തെടുക്കുകയാണ്. ശാസ്ത്രസാങ്കേതികവിദ്യ കൈവന്ന പുതിയതലമുറ ആഗോള സംസ്കാരത്തിലേക്കും ലോകപൗരത്വത്തിലേക്കും കുതിക്കുന്ന വർത്തമാനകാലത്ത് കേരളത്തിലെ സംഘനൃത്തപാരമ്പര്യം മിക്കവാറും അസ്തമിച്ചു പോവുകയും അവയുടെ അവതരണരീതിക്കും അവതരണത്തിന്റെ സന്ദർഭത്തിനും ധർമ്മത്തിനും പരിണാമം സംഭവിക്കുകയും ചെയ്തു. പാരമ്പര്യ കൂട്ടായ്മകൾക്കു സംഭവിച്ച ഈ മാറ്റം വർത്തമാനകാലത്ത് ഫോക്‌ലോർ എന്ന സങ്കല്പത്തെത്തന്നെ ചോദ്യം ചെയ്യുകയും പാരമ്പര്യവിജ്ഞാനത്തെയും കലകളെയും പാടേ ഉപേക്ഷിക്കുന്നതിനോ കമ്പോളവൽക്കൃത സമൂഹത്തിൽ വിൽപനച്ചരക്കാക്കുന്നതിനോ വഴിയൊരുക്കുകയും ചെയ്തു. (ആഗോളവൽക്കരണത്തിന്റെ ഏകമുഖ സംസ്കാരത്തിനെതിരെയുള്ള ചെറുത്തുനിൽപ്പെന്ന നിലയിൽ സ്വത്വസംരക്ഷണത്തിന്റെ ചില വീണ്ടെടുക്കലുകൾ സമുദായത്തിനുള്ളിൽ നടക്കുന്നുണ്ടെങ്കിലും അതിന്റെ സന്ദർഭത്തിനും ധർമ്മത്തിനും പാടേ മാറ്റം സംഭവിച്ചിട്ടുണ്ട്.)

അച്ചടിയും പത്രമാസികകളും ഔപചാരികവിദ്യാഭ്യാസവും ഇല്ലാതിരുന്ന ഒരു കാലത്ത് മതവിദ്യാഭ്യാസം, പാരമ്പര്യജ്ഞാനം കലാബോധം ഇതൊക്കെ പകർന്നു നൽകിയിരുന്നത് വാമൊഴിയിലൂടെയായിരുന്നു. മതജീവിതത്തിന്റെ ചരിത്രവും ജീവിത സംസ്കാരവും പകർന്നുവെച്ചിട്ടുള്ള ഈ പാട്ടുകളെ ചരിത്രരേഖകളായി സ്വീകരിക്കാനാകുന്നില്ലെങ്കിലും വില്യം ആർ ബാസ്കം അഭിപ്രായപ്പെടുന്നതുപോലെ ഒരു ജനതയുടെ പാരമ്പര്യസംസ്കാരത്തിന്റെ സാധൂകരണമായി ഇവയെ കരുതാവുന്നതാണ്.[11] പുരാതനപ്പാട്ടുകളിലെ വട്ടക്കളിപ്പാട്ടുകളിലൂടെ സുറിയാനിക്രിസ്ത്യാനികളുടെ ജീവിതതാളവും അന്യംനിന്നുപോയ ഒരു കലയുടെയും സംസ്കാരത്തിന്റെയും പുരാതന ചരിത്രവുമാണ് നമുക്കുമുന്നിൽ തെളിയുന്നത്.

## കുറിപ്പുകൾ

1. *എസ്. രമേശൻ നായർ (വിവ:) ചിലപ്പതികാരം, പുറം. 7.*
2. *ആനന്ദക്കുട്ടൻ നായർ (പ്രൊഫ.) സമ്പാ:കേരള ഭാഷാഗാനങ്ങൾ വാല്യം രണ്ട്, പുറം. 252.*
3. *ഡോ.എം.വി .വിഷ്ണു നമ്പൂതിരി (ജനറൽ എഡി.), ഫോക്‌ലോർ നിഘണ്ടു. പുറം. 767.*
4. *ഡോ. പോൾ മണലിൽ, ക്രിസ്ത്യൻ ഫോക്‌ലോർ, പുറം. 47*
5. *ഡോ പോൾ മണലിൽ, ക്രിസ്ത്യൻ ഫോക്‌ലോർ, പുറം. 47*
6. *ഡോ. ജേക്കബ് വെള്ളിയാൻ, തനിമയുടെ മധുഗീതി, പുറം. 75.*
7. *സിസ്റ്റർ ഡോ. ദീപ, ക്രിസ്ത്യൻ ഫോക്‌ലോർ, പുറം. 51*
8. *1985 ൽ കോട്ടയത്ത് ഹാദുസാ സംഘടിപ്പിച്ച മാർഗ്ഗംകളി ആശാന്മാരുടെ ശില്പശാലയിൽ വച്ചാണ് മാർഗ്ഗംകളി പെൺകുട്ടികൾക്ക് വേണ്ടി ചിട്ടപ്പെടുത്തിയത്.*
9. *വിഷ്ണുനമ്പൂതിരി, എം. വി, കേരളത്തിലെ നാടൻ സംഗീതം, പുറം. 14*

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

10. വിഷ്ണുനമ്പൂതിരി, എം. വി, കേരളത്തിലെ നാടൻ സംഗീതം, പുറം. 15
11. വില്യം ആർ ബാസ് കം, ദ സ്റ്റഡി ഓഫ് ഫോക്‌ലോർ, പുറം. 276–298

## സഹായകഗ്രന്ഥങ്ങൾ

1. ആനന്ദക്കുട്ടൻ നായർ (പ്രൊഫ.) സമ്പാ:കേരള ഭാഷാഗാനങ്ങൾ വാല്യം രണ്ട്. കേരള സാഹിത്യ അക്കാദമി തൃശൂർ, 1980
2. ചുമ്മാർ ചൂണ്ടൽ, ജനജീവിതവും കലകളും, കേരള ഫോക്‌ലോർ അക്കാദമി, കണ്ണൂർ, 2003.
3. തോമസ്. പി.ജെ., മലയാള സാഹിത്യവും കേരളത്തിലെ കിസ്ത്യാനികളും. ഡി.സി.ബുക്സ്, കോട്ടയം, 1983.
4. ഭാർഗ്ഗവൻ പിള്ള ജി. നാട്ടരങ്ങ് വികാസവും പരിണാമവും, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2000.
5. രമേശൻ നായർ.എസ് (വിവ:) ചിലപ്പതികാരം, കറന്റ് ബുക്സ്, 1996.
6. ലൂക്കാസ് പി.യു. (സമ്പാദകൻ), മലയാളത്തെ സുറിയാനി ക്രിസ്ത്യാനികളുടെ പുരാതനപ്പാട്ടുകൾ, ജ്യോതി ബുക്ക് ഹൗസ്, കോട്ടയം, 2016.
7. വിഷ്ണുനമ്പൂതിരി, എം.വി. ഡോ, കേരളത്തിലെ നാടൻ സംഗീതം, അന്താരാഷ്ട്ര കേരള പഠനകേന്ദ്രം, കേരളസർവകലാശാല കാര്യവട്ടം, 2005.
8. വിഷ്ണു നമ്പൂതിരി.എം.വി. ഡോ. , ഫോക്‌ലോർ നിഘണ്ടു, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2010
9. വിഷ്ണു നമ്പൂതിരി എം.വി. ഡോ. (ജന. എഡി.), ക്രിസ്ത്യൻ ഫോക്‌ലോർ. വാല്യം 1, കേരള ഫോക് ലോർ അക്കാദമി, കണ്ണൂർ, 2004.
10. Dundes, Allen (Ed.), The Study of Folklore, Prentece Hall, 1965.

## ആവേദകർ

1. ലീന, കളമ്പുകാട് വീട്, കുന്നങ്കരി.
2. സിബിച്ചൻ, കളമ്പുകാട്, കുന്നങ്കരി.
3. ഫാ. ബൈജു മാത്യു, ബി.സി.എം. കോളേജ്, കോട്ടയം

# ആത്മസ്ഥലിയുടെ അറിവും പൊരുളും: പഞ്ചകോശസങ്കല്പത്തിൽ

**ഡോ. ആശാ നജീബ്**
അസി. പ്രൊഫസർ, മലയാളവിഭാഗം, എൻ. എസ്. എസ്. കോളെജ്, നിലമേൽ, കൊല്ലം.

**പ്രബന്ധസംഗ്രഹം**

ആർഷഭാരതസംസ്കാരത്തിന്റെ ദാർശനിക ചിന്താധാരകൾ ക്രോഡീകരിച്ചിരിക്കുന്നത് ഉപനിഷത്തുക്കളിലാണ്. ഉപനിഷത്തുക്കളിൽ മുഖ്യമായ തൈത്തിരിയോപനിഷത്തിലാണ് മനുഷ്യാസ്തിത്വത്തെ ദാർശനികമായി വിശകലനം ചെയ്യുന്ന പഞ്ചകോശസങ്കല്പം പരാമർശിക്കുന്നത്. താത്വികമായ മനുഷ്യാസ്തിത്വ വിശകലനത്തിലൂടെ പ്രപഞ്ചവും മനുഷ്യനും തമ്മിലുള്ള അദൃശ്യബന്ധത്തെ വിശകലനം ചെയ്യുന്നു. കാലഘട്ടത്തിന്റെ മാറ്റങ്ങൾക്ക് അനുസരിച്ച് സമൂഹത്തിലും പ്രപഞ്ചത്തിലും ഉണ്ടാകുന്ന ചൂഷണങ്ങൾക്കും അപമാനവീകരണങ്ങൾക്കും എതിരായി ഇവയെ ഉപയോഗിക്കുക എന്നതാണ് സാഹിത്യകൃതികളെ സംബന്ധിച്ച് പഞ്ചകോശസങ്കല്പത്തിന്റെ പ്രസക്തിയും പ്രാധാന്യവും.

***താക്കോൽവാക്കുകൾ:*** മാനവസംസ്കൃതി, ആർഷഭാരതസംസ്കാരം, യുക്ത്യധിഷ്ഠിതം, അന്തർബോധം, പ്രണവം, പ്രവചനാത്മകത.

ഭൂമിയിൽ മനുഷ്യവംശത്തിന്റെ ഉത്ഭവം ഭാരതത്തിൽ നിന്നും ആഫ്രിക്കൻ വൻകരയിൽ നിന്നുമാണെന്ന് ചരിത്ര ഗവേഷകരും ഭൗമശാസ്ത്രജ്ഞരും അഭിപ്രായപ്പെടുന്നു. വേദങ്ങളുടെ ഉൽപ്പത്തിയും ആ നിലയ്ക്ക് മാനവ സാംസ്കാരികതയുടെ ആരംഭമായി കണക്കാക്കാം. ഭൂതവും ഭാവിയും വർത്തമാനവുമുൾപ്പെടെ സമസ്തവും ചേരുന്നതാണ് പ്രപഞ്ചം. പ്രപഞ്ച ഘടനയുടെ സ്വരൂപമറിയാൻ ഭൂമിയുടെ കാന്തിക വലയങ്ങൾ താണ്ടി പ്രശാന്തതയുടെ സമുദ്രത്തിൽ മനുഷ്യൻ ഇറങ്ങുന്നു. പ്രപഞ്ച സത്യങ്ങൾ കണ്ടെത്താനുള്ള മനുഷ്യന്റെ അന്വേഷണത്വര പ്രാചീനകാലം മുതലുണ്ടായിരുന്നു. ദർശനങ്ങളുടെ

അടിത്തറയിൽ രൂപപ്പെട്ട ആർഷഭാരത സംസ്കാരം മനുഷ്യനും പ്രപഞ്ചവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചും ജനനം, മരണം, ആത്മാവ്, ജീവൻ, മനസ്, ബുദ്ധി തുടങ്ങിയ പ്രപഞ്ച സത്യങ്ങളെക്കുറിച്ചുമുള്ള കണ്ടെത്തലുകളിലേക്ക് നയിച്ചു. ബ്രാഹ്മണങ്ങൾ, ഉപനിഷത്തുക്കൾ, സംഹിതകൾ, ഉപവേദങ്ങൾ, പുരാണേതിഹാസങ്ങൾ എന്നിവയിൽ ജീവന്റെ അനന്തമായ രഹസ്യസ്വഭാവങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു. വേദാന്തവിജ്ഞാന ശാഖയുടെ ഉപാദാനങ്ങളായ ഉപനിഷത്തുക്കളിൽ മുഖ്യമായ തൈത്തിരീയോപനിഷത്തിലാണ് മനുഷ്യാസ്തിത്വത്തെ ദാർശനികമായി വിശകലനം ചെയ്യുന്ന പഞ്ചകോശ സങ്കല്പമുള്ളത്. ഈ ഉപനിഷത് നമുക്ക് കാണിച്ചു തരുന്ന ആദ്യത്തെ വിദ്യപോലും പ്രാർത്ഥനയുടേതാണ്. പ്രാർത്ഥനാപൂർവമുള്ള ജീവിതമാണ് നമുക്ക് എല്ലാം നൽകുന്നതെന്ന വിശ്വാസത്തിൽ മനുഷ്യസമൂഹത്തെ എത്തിക്കുന്നു.[1] തൈത്തരീയോപനിഷത്തിൽ ആനന്ദവല്ലി എന്ന ഭാഗം മനുഷ്യനെപ്പറ്റിയുള്ള ചിന്തയാണ്. മനുഷ്യൻ ആരാണ്? ശരീരമാണോ? മനസ്സാണോ? അല്ലെങ്കിൽ ഇവയുടെ സംയോജനമാണോ? സൃഷ്ടിയിൽ നമ്മുടെ സ്ഥാനം ഏതാണ്? എന്നിങ്ങനെ മനുഷ്യനെക്കുറിച്ചുള്ള ഒരു അന്വേഷണമായി ഇതുമാറുന്നു. സൃഷ്ടി എങ്ങനെയാണ് ഉണ്ടാവുന്നത്. ആകാശമായി, മണ്ണായി, ബാഹ്യമായി, ഒളിയായി, ഉയർവായി, ഉയിരായി, സത്യമായി, മധുരമായി സൃഷ്ടിയുടെ വകഭേദങ്ങൾ അനവധി. ഭൂമിയിൽ മനുഷ്യർ ആഹാരത്തിൽ നിന്നുണ്ടായി ആഹാരത്തിലൂടെ ജീവിക്കുന്നു. ആഹാരമായി അവസാനിക്കുന്നു. ആഹാരത്തിൽ ഉണ്ടായ പുറം ശരീരം കൂടാതെ ശരീരത്തിനുള്ളിലിരിക്കുന്ന മറ്റൊരു ശരീരമാണ് ബുദ്ധികൊണ്ടുണ്ടായ പ്രാണശരീരം. ഇവ കൂടാതെ, ആത്മാവിന്റെ സാമഗ്രികളായ അഞ്ച് ശരീരവും ഉണ്ട്.

1. അന്നമയ ആത്മാവ് (സ്ഥൂലശരീരം): ജീവന് ആധാരമായ പരമാത്മാവ്. അന്നമയത്തെ മൂലാധാരം കർമ്മമില്ലാതെ കാണപ്പെട്ടാലും അടിസ്ഥാനശക്തി എല്ലാം തന്നെ തന്റെയുള്ളിൽ അടക്കിക്കൊണ്ടിരിക്കുന്നു.
2. പ്രാണമയ ആത്മാവ് (പ്രാണശരീരം): പ്രാണമയത്തിന് ശരീരം ആകാശമാണ്. പൃഥ്വിയിൽ ആകാരം നിലച്ചു നിൽക്കുന്നു.
3. മനോമയ ശരീരം (മന:ശരീരം): മനസ് കർമ്മങ്ങളെപ്പറ്റി ചിന്തിക്കുന്നു. എല്ലാ കർമ്മങ്ങൾക്കും വേദം ആധാരമായി കരുതപ്പെടുന്നതിനാൽ മനോമയ ആത്മാവ് വേദം എന്ന് പറയപ്പെടുന്നു.
4. വിജ്ഞാനമയ ആത്മാവ് (ബുദ്ധിശരീരം): ഇതിനാധാരം മഹത് എന്ന തത്വമാണ് എല്ലാ തരത്തിലുമുള്ള ബുദ്ധി വിജ്ഞാനങ്ങൾക്ക് മഹത്ത് തത്വവും മൂലാധാരവുമാണ്.
5. ആനന്ദമയാത്മാവ് (ആനന്ദശരീരം): ഇതിന് ആധാരം ബ്രഹ്മമാണ്. ശരീരങ്ങൾ ഓരോന്നും വേവ്വേറെ ബോധനിലയിലിരിക്കുന്നു. ഈശ്വരാനുഭവം നേടിയ മഹാന്മാരിലാണ് ഇത് പൂർണ്ണമായും പ്രവർത്തിക്കുന്നത്.

അതത് നേരങ്ങളിൽ നമ്മുടെ ചിന്തകളുടെ പ്രവർത്തനങ്ങൾക്കനുസരിച്ച് ഓരോ ശരീരവും അതിന് തക്കവിധത്തിൽ പ്രവർത്തിക്കുന്നു. ഈ അഞ്ചും ചേർന്നതാണ് ആത്മാവ്.

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

തന്നാലെ, തന്നൊരുവം, വയന്ത്, താനായ്ത്ത്, തായം ഒളി ശേവർ മൂലോകം താനായ് വാഴ്ക.

ദൈവം താനായി തന്നെ മൂന്നു ലോകങ്ങളിലും തന്റെ ഗുണങ്ങൾ നിറച്ചു. വസ്തു നിഷ്ഠാശയത്തിലൂന്നിയുള്ള മനുഷ്യജീവിതലക്ഷ്യം ആധ്യാത്മിക സാക്ഷാത്ക്കാര മാണെന്ന് വേദാന്തം ഉദ്ഘോഷിക്കുന്നു. സത്യദർശനമാണ് വേദാന്തത്തിന്റെ അടിത്തറ. ആധ്യാത്മിക തലത്തിലൂടെയുള്ള സമഗ്രമായ പ്രപഞ്ച വീക്ഷണത്തെ സാമൂഹിക തത്വശാസ്ത്രമായി വിശകലനം ചെയ്യുമ്പോൾ വേദാന്തം സനാതന ധർമ്മമായി മാറുന്നു. അദ്വൈതവേദാന്തത്തിൽ മനുഷ്യാസ്തിത്വത്തെ വിശകലനം ചെയ്യുന്ന ഭാഗത്താണ് പഞ്ചകോശസങ്കല്പം അടങ്ങിയിരിക്കുന്നത്.

പഞ്ചചതേ കോഷശ്ചേതി പഞ്ചകോഷ: എന്നാണ്. അഞ്ചു കോശങ്ങൾ ഉള്ളത് പഞ്ചകോശം. മനുഷ്യജീവൻ ഉൾപ്പെടെ ആത്മാവിന്റെ അഞ്ചു തരം ആവരണങ്ങൾ പഞ്ചകോശാവരണത്തിനുള്ളിലാണ് സ്ഥിതിചെയ്യുന്നത്. എഴുത്തച്ഛൻ ചിന്താരത്നത്തിൽ,

*കോശങ്ങളഞ്ചുണ്ടെന്നമയവും*
*പ്രാണമയകോശവും മനോമയം*
*വിജ്ഞാനനമയം പിന്നെ*
*ആനന്ദമയകോശമിങ്ങനെയഞ്ചുണ്ടത്രേ*

എന്നു പറയുന്നു. അന്നത്തിൽ നിന്ന് രൂപം കൊള്ളുന്നതും അന്നത്താൽ നില നിൽക്കുന്നതും അന്നമില്ലെങ്കിൽ നശിച്ചു പോകുന്നതുമായ സ്ഥൂലശരീരമാണ് അന്നമയ കോശം. മനുഷ്യവ്യക്തിത്വത്തിന്റെ ആദ്യപാളി പ്രാണമയമനോമയവിജ്ഞാനമയആനന്ദമയ കോശങ്ങളെ പ്രതിഫലിപ്പിക്കുന്നത് അന്നമയ ശരീരമാണ്. അന്നമയ കോശത്തിന് ഊർജ്ജം നൽകുന്ന അദൃശ്യഭാഗമാണ് പ്രാണമയകോശം. അന്നമയ കോശത്തിന്റെ ആത്മാവ്. ദശ പ്രാണങ്ങൾ ചേർന്നാണ് അന്നമയകോശത്തെ ചലിപ്പിക്കുന്നത്. പരിണാമത്തിനു മുഖ്യഹേതു പ്രാണമയ കോശമാണ്. മനുഷ്യശരീരത്തിൽ പ്രാണന്റെ എഴുപത്തിരണ്ടായിരം സഞ്ചാരപാതകളുണ്ട്. ഓം എന്ന പ്രണവാക്ഷരം പ്രാണനുമായി ബന്ധപ്പെട്ടിരിക്കുന്നു. മനസുമായി വളരെയടുത്ത ബന്ധം പുലർത്തുന്ന പ്രാണൻ പല തരത്തിൽ അതിദ്രുതം ശരീരത്തിൽ ചലിച്ചു കൊണ്ടിരിക്കുന്നു. പ്രാണശക്തിയും പഞ്ചഭൂതങ്ങളും സംയോജിക്കുമ്പോൾ പ്രപഞ്ചം ഘടനാത്മകമായ സംവിധാനം ആർജ്ജിക്കുന്നു.

*പ്രാണസ്യേദംവശേ സർവം*
*ത്ര ദിവേയത് പ്രതിഷ്ഠിതം*

മൂന്നു ലോകത്തെയും സർവ്വതും പ്രാണാധിഷ്ഠിതമെന്ന് പ്രശ്നോപനിഷത്. പഞ്ചകോശത്തിലെ മൂന്നാമത്തെ പാളിയായ മനോമയകോശം ശരീരം, പ്രാണൻ, മനസ് എന്നിവയുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. മനോമയകോശം എന്നാൽ മനസ് തന്നെയാണ്. അഞ്ച് കർമ്മേന്ദ്രിയങ്ങളും മനസും ചേർന്നതാണ് മനോമയകോശപാളി. മനുഷ്യന്റെ ചിന്തകളുടെ തലമാണ് മനസ്സ്. മനുഷ്യന്റെ യഥാർത്ഥ സത്ത അവന്റെ മനസ്സാണ്.

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

*അഹന്താം മമതാം ദേഹേ ഗേഹാ ദൗ ച കരോതി യ:*
*കാമാദ്യവസ്ഥയാ ഭ്രാന്തോ നാസാ വാത്മാ മനോമയ:*

എന്ന് പഞ്ചദശിയിൽ. ശരീരം, ഇന്ദ്രിയങ്ങൾ, വീട്, കുടുംബം, സമ്പത്ത് എന്നിവയെ ച്ചൊല്ലി അഭിമാനിക്കുന്നതാണ് മനസ്. മനോമയകോശമാകട്ടെ നിർവചനങ്ങൾക്കും അതീത മായി നിലനിൽക്കുന്ന ഒന്നാണ്. മനുഷ്യന്റെ അറിവിന്റെ തലമാണ് വിജ്ഞാനമയകോശം. ജ്ഞാനേന്ദ്രിയങ്ങളും മേധാശക്തിയും സംയുക്തമായാണ് വിജ്ഞാനമയകോശം രൂപപ്പെടുന്നത്. മനുഷ്യന്റെ സ്വാർജ്ജിത വ്യക്തിത്വമായ സ്വത്വത്തെക്കുറിച്ചുള്ള തിരിച്ചറിവാണ് വിജ്ഞാനമനോമയകോശത്തിന് പൂർണ്ണത നൽകുന്നത്. വിജ്ഞാനത്തെ പലതരത്തിൽ വിശകലനം ചെയ്യാവുന്നതാണ്. സാംസ്കാരികവും മതപരവും ലാവണ്യാത്മകവും അന്തർജ്ഞാനപരവുമായ അറിവുകൾ ചേർന്ന താത്വികവിജ്ഞാനം, ഷഡ്ദർശനങ്ങളുടെ ആശയങ്ങളോടു ചേർന്നു നിൽക്കുന്ന ശാസ്ത്രീയ വിജ്ഞാന മേഖല, ബ്രഹ്മത്തെ അറിയുന്ന സർവ്വചരാചരങ്ങളിലും നിറഞ്ഞു നിൽക്കുന്ന ശക്തിയേതാണോ അതിനെ അറിയുന്ന, അതിലൂടെ പ്രാപഞ്ചിക സത്തയെ തിരിച്ചറിയുന്ന ആധ്യാത്മിക ജ്ഞാനമേഖല. ഭൗതിക സന്തോഷങ്ങളായ പണം, പ്രശസ്തി, അംഗീകാരം തുടങ്ങി സന്തോഷം ലഭിക്കുന്ന ഭൗതിക മേഖല. തത്ത്വമസി എന്ന തിരിച്ചറിവിലേക്ക് മനുഷ്യൻ എത്തിച്ചേരുന്ന ആധ്യാത്മിക സന്തോഷത്തിന്റെ മേഖല. പ്രകൃതിയുടെ അദൃശ്യ ഊർജ്ജത്തിന്റെ പ്രഭാവം മനുഷ്യനിൽ എങ്ങനെ പ്രകടമാകുന്നുവെന്ന പഞ്ചകോശ സങ്കല്പത്തിന്റെ മേഖല. യഥാർത്ഥത്തിൽ പ്രാപഞ്ചികമായ ദാർശനിക ചിന്തയാണിത്. ഋഷിമാർ ആർജിച്ചുവച്ച പൈതൃക വിജ്ഞാനമാണ് ദർശനങ്ങൾ. പ്രപഞ്ചത്തെ സ്ഥൂലമെന്നും സൂക്ഷ്മമെന്നും ഇത് തിരിക്കുന്നു. സ്ഥൂലപ്രപഞ്ചത്തെ വിശകലനം ചെയ്യുന്ന ശാസ്ത്രത്തെ വിജ്ഞാനമെന്നും സൂക്ഷ്മപ്രപഞ്ചത്തെ വിശകലനം ചെയ്യുന്ന തിനെ ദർശനം എന്നും പറയുന്നു. പ്രപഞ്ചസത്യത്തെ സമ്പൂർണ്ണമായി ഉൾക്കൊള്ളു മ്പോഴാണ് അത് ദർശനമാകുന്നത്.[2] ഭൗതികവും ആത്മീയവുമായ ജ്ഞാന സംയോഗ ത്തിൽ നിന്ന് രൂപമെടുത്ത ഭാരതീയ ദർശനങ്ങളെ ഷഡ്ദർശനങ്ങൾ എന്നു പറയുന്നു. അരബിന്ദോ തന്റെ Metrical Experience എന്ന കവിതയിൽ

In some faint dawn
In some dim Eve
Like a gesture of light
Like a dream of delight
Thou const nearer and nearer to me

എന്ന് ദർശനാനുഭൂതിയെ വിവരിക്കുന്നു. മനുഷ്യമനസിൽ ഉദിക്കുന്ന അതുവരെ അജ്ഞാതമായിരുന്ന പുതിയ വിജ്ഞാനവെളിച്ചമാണ് ദർശനം. ജീവിതത്തെയും പ്രപഞ്ച ത്തെയും കുറിച്ചുള്ള സമഗ്രമായ യാഥാർത്ഥ്യങ്ങളുടെ വെളിപ്പെടുത്തലാണ് ദർശനം. ധ്യാനത്തിലൂടെ ലഭിക്കുന്ന അനുഭവങ്ങളെ യുക്ത്യധിഷ്ഠിതമായി വ്യാഖ്യാനിക്കുമ്പോൾ മാത്രമേ വ്യക്തി ദാർശനികനാകൂ. പ്രാപഞ്ചിക ജീവിതാനുഭവങ്ങളായ ദർശനങ്ങളെ

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

സർഗ്ഗാത്മകമായി ആവിഷ്ക്കരിക്കുമ്പോൾ അത് കലയാകുന്നു. കവിയുടെ അന്തർ ബോധത്തിലുണരുന്ന നൈസർഗ്ഗികത കലർന്ന ഭാവത്തിന്റെ മേഖലയാണ് കാവ്യദർശനം. കാവ്യമേഖലയിലെ ദാർശനികനാണ് കവി. തന്റെ മനസിലെ ദാർശനിക ആശയങ്ങളെ എഴുത്തുകാരൻ കാവ്യത്തിലൂടെ ആവിഷ്ക്കരിക്കുന്നു. ദർശനം എന്നാൽ ജ്ഞാനം. കവിതയിലൂടെ ജ്ഞാനം പകരുന്ന കവി ദാർശനികനാവുന്നു. ദാർശനികനായ കവി ക്രാന്തദർശിയാണ്. കവിതയും ജ്ഞാനവും തമ്മിൽ ബന്ധപ്പെട്ടിരിക്കുന്നു. ജ്ഞാനത്തിന്റെ രൂപമായ വേദമന്ത്രങ്ങൾ എല്ലാം കാവ്യരൂപങ്ങളാണ്. അത് രചിച്ച ഋഷിവര്യന്മാർ കവിയാകുന്നു. വേദ മന്ത്രങ്ങൾ സാഹിത്യദർശനങ്ങളാകുന്നു

*പാദ ബദ്ധോ?ക്ഷര സമ*
*സ്തന്ത്രീ ലയ സമന്വിത :*
*ശോകാർത്തസ്യ പ്രവൃത്തോ മേ*
*ശ്ലോകോ ഭവതു നാന്യഥാ*

ശോകമാണിവിടെ ശ്ലോകമായത്. ദർശനങ്ങൾ കവിയുടെ ചിന്താഗതിയിൽ ചെലുത്തുന്ന സ്വാധീനം കാവ്യമായി മാറുന്നു. ദർശനങ്ങൾക്ക് സൗന്ദര്യാത്മകത വരുമ്പോൾ അത് ഉത്കൃഷ്ട സൃഷ്ടിയായി മാറുന്നു. മനുഷ്യജീവിതത്തിന്റെ സമസ്തമേഖലകളിലും പഞ്ചകോശസ്വാധീനം കാണാം. ഓരോ സമൂഹത്തിനും ഓരോ സംസ്കാരമുണ്ട്. ഒരു നിശ്ചിത കാലഘടനയുമായിത് ബലപ്പെട്ടിരിക്കുന്നു. കാലഘട്ടം മാറുമ്പോൾ സംസ്കാരവും മാറുന്നു. ഒരാൾ തനിക്കുണ്ടാകുന്ന ചിന്തകളെ സൗന്ദര്യാത്മക ഭാഷയിലൂടെ ആവിഷ്ക്കരിക്കുമ്പോൾ അത് സാഹിത്യമാകുന്നു. അത്തരം ചിന്തകളാണ് ദർശനങ്ങൾ. ദർശനം സാഹിത്യമാകുന്നത് ഭാഷയിലുണ്ടാകുന്ന മാറ്റങ്ങൾക്കനുസരിച്ചാണ്. ഭാഷ സൗന്ദര്യാത്മകമാവുമ്പോൾ അത് സാഹിത്യ ദർശനമാകുന്നു.

ഭാരതീയ തത്വചിന്തയുടെ അടിസ്ഥാനമായ വേദങ്ങൾ, ഉപനിഷത്തുക്കൾ, പുരാണങ്ങൾ എന്നിവ ഛന്ദോബദ്ധമായ ശ്ലോകരൂപങ്ങളാണ്. സാഹിത്യത്തിന്റെ ആദി രൂപങ്ങളായ ഈ ഗ്രന്ഥസ്വരൂപങ്ങൾ പ്രപഞ്ചത്തിന്റെയും ജീവിതത്തിന്റെയും പരമമായ അർത്ഥ തലങ്ങളെ കണ്ടെത്തുന്ന ദാർശനിക കൃതികളാണ്. പ്രാപഞ്ചിക ജീവിത സത്യങ്ങളുമായുള്ള മനുഷ്യന്റെ സംവേദന തലങ്ങൾ ഈ കൃതികളിൽ ആവിഷ്ക്കരിക്കപ്പെടുന്നു. പ്രപഞ്ചസത്യങ്ങളെ മനസിലാക്കുന്നതിന്റെ ഭാഗമായി ഓരോ അണുവിനെയും പഠന വിധേയമാക്കുന്നു. പ്രപഞ്ചത്തിൽ ചിന്താശേഷിയും ബുദ്ധി വൈഭവവും പ്രകടിപ്പിക്കുന്ന ഏക തിര്യക്കായ മനുഷ്യനെ നിർവചിക്കുന്ന ദാർശനിക ചിന്താപദ്ധതിയാണ് യഥാർത്ഥത്തിൽ പഞ്ചകോശസങ്കല്പം.

സാഹിത്യത്തിന്റെ സമസ്തമേഖലയിലും പഞ്ചകോശസങ്കല്പം സാന്നിദ്ധ്യമറിയിക്കുന്നുണ്ടെങ്കിലും പദ്യസാഹിത്യത്തിലാണ് അതിന്റെ പ്രഭാവം ശക്തമായി കാണാൻ സാധിക്കുക. ശ്രീ അരബിന്ദോയുടെ സാവിത്രി എന്ന കാവ്യത്തിന്റെ അന്തർധാരയിലെ ഉപനിഷത്ദർശന സാന്നിധ്യം ശ്രദ്ധേയമാണ്. വ്യക്തിബോധം, മൃത്യു ബോധം, അജ്ഞത, ദു:ഖം തുടങ്ങിയ ഭൗതികാവസ്ഥകൾക്കതീതമായ അഖണ്ഡാനുഭൂതിതലത്തിലൂടെ

ഗവൺമെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

പഞ്ചകോശസമന്വയം നടത്തുകയാണ് അരബിന്ദോ. സമർപ്പണത്തിനപ്പുറം പൂർണ്ണവും ചൈതന്യവത്തുമായ ജ്ഞാനാവസ്ഥയിലൂടെ ആനന്ദമയകോശത്തിന്റെ ഔന്നത്യം സാധ്യമാക്കുകയാണ് സാവിത്രി. തത്വചിന്തയുടെയും ദേശാഭിമാനത്തിന്റെയും സ്വതന്ത്ര്യവാഞ്ഛയുടെയും ഉന്നതതലം സുബ്രഹ്മണ്യഭാരതിയുടെ കൃതികളിൽ കാണാൻ കഴിയും. വേദാന്തദർശനങ്ങളെ ഉൾക്കൊണ്ടുകൊണ്ട് മനുഷ്യജീവിതത്തിന്റെയും പ്രപഞ്ചത്തിന്റെയും അർത്ഥതലങ്ങളെ അന്വേഷിക്കുന്നു. ജ്ഞാനവും ശക്തിയും കൂടിച്ചേരുമ്പോൾ അനുഭവവേദ്യമാക്കുന്ന ആനന്ദാവസ്ഥയുടെ പ്രതിഫലനമാണ് സുബ്രഹ്മണ്യഭാരതിയുടെ കൃതികൾ. ഭക്തിസങ്കല്പവും കാവ്യാനുഭൂതിയും സമന്വയിച്ചുള്ള രചനാരീതിയാണ് ചെറുശ്ശേരിയുടേത്. ഭക്തിയുടെ പാരമ്യത്തിൽ ദാർശനിക ചിന്താപദ്ധതികളുടെ ലളിതമായ ആവിഷ്ക്കാരം കൃഷ്ണഗാഥയിൽ നിർവഹിച്ചിരിക്കുന്നു. കൃഷ്ണനും ഗോപികമാരും തമ്മിലുള്ള പവിത്ര ബന്ധം ആനന്ദസ്വരൂപത്തിലുള്ളതാണ്. പരമാത്മചൈതന്യത്തിൽ സ്വയം സമർപ്പിതമാകുന്നതാണ് ആനന്ദമയകോശത്തിന്റെ ഉന്നതമായ അവസ്ഥ. പഞ്ചകോശസമന്വയത്തിന്റെ ആദ്ധ്യാത്മികമായ ദാർശനിക തലം കൃഷ്ണഗാഥയിൽ കാണാൻ സാധിക്കും. അന്നമയമായ മനുഷ്യൻ എന്ന സ്ഥൂലശരീരം സ്വീകരിച്ച ശ്രീകൃഷ്ണൻ ഭൂമിയിലെ മനുഷ്യർക്കും മറ്റ് ജീവജാലങ്ങൾക്കും തങ്ങളിൽ നിന്ന് വിട്ടുപിരിയാനാകാത്ത പ്രാണോർജ്ജമായി മനസ്സിലെ ദുഷ്ചിന്തകളെ അകറ്റി താത്വികമായ വിജ്ഞാനത്തിലൂടെ പരബ്രഹ്മാനന്ദമെന്ന ആനന്ദാവസ്ഥയെ പ്രദാനം ചെയ്യുന്നു. ഭക്തിജ്ഞാനആനന്ദാനുഭൂതികളെ ആഴത്തിൽ അപഗ്രഥിക്കുന്ന ദാർശനിക കാവ്യമായി ജ്ഞാനപ്പാന മാറുന്നു. താത്വികവിജ്ഞാനത്തിലൂടെ അറിവിന്റെ പരമമായ തലത്തിലേക്ക് മനുഷ്യനെ എത്തിച്ച് അതിലൂടെ ഭക്തിയോഗം സാധ്യമാക്കുന്നു. അന്നമയമായ ഭൗതികശരീരത്തെച്ചൊല്ലി മനുഷ്യൻ അഭിമാനം കൊള്ളുന്നു. നശ്വരമായ ഭൗതികശരീരം നീർപ്പോളപോലെ ഏതു നിമിഷവും പൊട്ടിത്തകർന്നു പോകാം. പ്രപഞ്ചം മുഴുവൻ പ്രാണോർജ്ജം നിറഞ്ഞതാണ്. പൂന്താനം ഒറ്റ ജ്യോതിസ്വരൂപമായി വിശേഷിപ്പിക്കുന്ന ആ ഊർജ്ജം തന്നെയാണ് ജീവസ്വരൂപമായ പ്രാണചൈതന്യം.

മനുഷ്യമനസ്സ് ചപലമാണ്. ചിന്തകൾ ഭൗതികനേട്ടങ്ങളുടെ സങ്കുചിതത്വത്തിനുള്ളിൽ കുരുങ്ങിക്കിടക്കുന്നു. മലിനമായ മനോമയകോശത്തിലേക്ക് പൂന്താനം താത്വിക വിജ്ഞാനത്തിന്റെ ചിന്താധാരകൾ കടത്തിവിടുന്നു. ഞാൻ എന്ന അഹം ബോധാത്മക ചിന്തയാൽ ഈശ്വരചിന്ത വെടിഞ്ഞ് മതി മറന്നു നടക്കുന്ന ജനതയ്ക്ക് മോക്ഷകാരകമായ തത്വജ്ഞാനം പകരുകയാണ് ജ്ഞാനപ്പാന. പുനർജന്മസങ്കല്പത്തെ ജ്ഞാനപ്പാന സാധൂകരിക്കുന്നു. ജീവാത്മാവ് ചെറുതും വലുതുമായ അനേകം ജന്മപരമ്പരകളിലൂടെ കടന്നുപോകുന്നു. അവിടെയെല്ലാം പുണ്യപാപങ്ങൾ മാത്രമാണ് ആത്മാവിന് കൂട്ടായി നിൽക്കുന്നത്. ജന്മാന്തരങ്ങളിലെല്ലാം കർമ്മബന്ധനങ്ങളിൽ മുഴുകാതെ പരമപദമായ മോക്ഷം നേടാനുള്ള ഏക മാർഗ്ഗം ഭഗവത് നാമോച്ചാരണം മാത്രമാണെന്ന താത്വിക ജ്ഞാനമാണ് ഈ കാവ്യത്തിലൂടെ കിട്ടുന്നത്. ജീവാത്മാ പരമാത്മാബന്ധത്തിന്റെ പാരസ്പര്യത്തിൽ നിന്നു മാത്രമേ പരമമായ ആനന്ദലബ്ധി ഉണ്ടാകുന്നുള്ളൂ. ആനന്ദമയ കോശത്തെക്കുറിച്ചുള്ള ഉദാത്തമായ ചിന്താപദ്ധതിയാണ് ഇവിടെ അവതരിപ്പിക്കുന്നത്. ആയുസ്സു കുറയുന്തോറും അതറിയാതെ മനുഷ്യൻ ലൗകിക സന്തോഷങ്ങൾക്കായി സമയം

കളയുന്നു. ഭൗതികാശകളാകുന്ന കയറിനാൽ മുറുകി സ്വന്തം ജന്മം പാഴാക്കുന്നു. നാമസങ്കീർത്തനത്താൽ അന്തർജ്ഞാനം നേടി ഈശ്വര സാക്ഷാത്ക്കാരത്തിലേക്കെത്തുമ്പോൾ യഥാർത്ഥ ആനന്ദാനുഭൂതി ലഭിക്കുന്നു. ദൃശ്യാത്മകമായ ഭൗതികപ്രപഞ്ചത്തിന്റെ അടിസ്ഥാനം അദൃശ്യവും ചൈതന്യവത്തുമായ ജ്യോതിസ്സാണ്. അതിനെ അനുഭവിച്ചറിയുകയും ആ സത്യത്തെ മുൻനിറുത്തി ജന്മം സാർത്ഥകമാക്കുകയും ചെയ്യുന്നതാണ് യഥാർത്ഥ ആനന്ദാവസ്ഥ. ഭക്തി എന്ന വികാരത്തിൽ നിന്നുകൊണ്ട് മാനവിക മൂല്യ സങ്കല്പങ്ങളെ ആനന്ദാത്മകമായ ജ്ഞാനാനുഭവങ്ങളാക്കി മാറ്റുക, അതിലൂടെ സദാചാര പരവും ധാർമ്മികവുമായ സാമൂഹിക വ്യവസ്ഥ സൃഷ്ടിക്കുക. ഇതാണ് ജ്ഞാനപ്പാന ലക്ഷ്യമാക്കുന്നത്.

ആധ്യാത്മികാനുഭൂതിയുടെ ആനന്ദപരമായ അന്വേഷണങ്ങളാണ് ശ്രീനാരായണ ഗുരുവിന്റെ കൃതികൾ. തത്വജ്ഞാനാത്മകമായ സത്യദർശനത്തെ കേന്ദ്രമാക്കിക്കൊണ്ടുള്ളതാണ് അദ്ദേഹത്തിന്റെ ഓരോ രചനകളും. അന്തർജ്ഞാനാത്മകമായ അനുഭവങ്ങളെ യുക്തിഭദ്രതയോടെ ആവിഷ്ക്കരിക്കുന്നതിലൂടെ ആത്മീയമായ ഒരു ദാർശനിക സത്തയിലേക്ക് മനുഷ്യമനസ്സിനെ എത്തിക്കുകയെന്ന താത്വിക ലക്ഷ്യമാണ് ഗുരുവിനുള്ളത്. ജ്ഞാനരൂപം പോലെ തന്നെ ഈശ്വരൻ ആനന്ദരൂപവുമാണ്. ആത്മാവിന് ശാന്തി ലഭിക്കുമ്പോഴാണ് മനുഷ്യജീവിതം സുഖപ്രദമാക്കുന്നത്. മനസ്സിനെ ഏകാഗ്രമാക്കുന്നതിലൂടെ ഈശ്വരനെ അറിയുക. അപ്പോൾ മാത്രമേ മനുഷ്യന് സ്വസ്ഥത ലഭിക്കുകയുള്ളൂ. ജ്ഞാനത്താൽ ലഭിക്കുന്ന ആനന്ദാനുഭൂതികളെപ്പറ്റി ജനങ്ങളെ ബോധവത്കരിക്കുകയാണ് ഗുരു. ആ ദിവ്യജ്ഞാനം നേടിക്കഴിഞ്ഞാൽ ജനിമൃതികൾ ഇല്ലാതായി ജീവമുക്തി നേടി അതിരറ്റ ആനന്ദം സിദ്ധിക്കുന്നു.

സാമൂഹികപ്രതിബദ്ധമായ രചനാശൈലിയുടെ പിൻബലമാണ് എൻ.വി.കൃഷ്ണ വാര്യരുടെ കവിതകളുടെ ആത്മാവ്. മനുഷ്യന്റെ വൈയക്തികാനുഭവങ്ങളെ ദാർശനികമായ ആശയങ്ങളിലൂടെ അദ്ദേഹം സംവദിക്കുന്നു. മനുഷ്യജീവിതത്തിന്റെ പച്ചയായ യാഥാർത്ഥ്യങ്ങളെ യഥാതഥമായി വരച്ചുകാട്ടുന്നു. പ്രാപഞ്ചിക വിജ്ഞാനം സീമാതീതമാണ്. അതിനെ പൂർണ്ണമായി വ്യാഖ്യാനിക്കുക എന്നത് അസംഭവ്യമാണ്. വിജ്ഞാനമയകോശം മനുഷ്യബുദ്ധിക്കും കഴിവിനും പൂർണ്ണമായി പിടിതരാത്ത അനന്തമായ മേഖലയാണ്. അനന്തബോധത്തിന്റെ സത്യാത്മകതയിൽ നിന്നാണ് ആനന്ദചിന്ത ജനിക്കുന്നത്. ഭേദചിന്തകൾ ഇല്ലാതെ അദ്വൈതാവസ്ഥയെ പ്രാപിക്കുമ്പോഴാണ് മനുഷ്യൻ തൃപ്തനാക്കുന്നത്. ഭൗതികാവസ്ഥയുടെ മായയിലൂടെ കടന്ന് അവയൊന്നും സത്യമല്ലായെന്ന തിരിച്ചറിവു നേടുന്ന മനുഷ്യൻ ജീവിതസായാഹ്നത്തിലാണ് ശരിയായ ആനന്ദം അന്വേഷിക്കുന്നത്. പിന്നീട് ഭൗതികമായതെല്ലാം ഉപേക്ഷിച്ച് ആത്മാവിന്റെ മറുകരയിലേക്ക് സഞ്ചരിക്കുന്നു. പ്രപഞ്ചത്തിന്റെ ഭൗതിക സുഖങ്ങൾ മിഥ്യയാണെന്നും ആത്മീയ ജ്ഞാനത്തിന്റെ തണുപ്പേറിയ സന്തോഷമാണ് നിത്യ സത്യമെന്നുമുള്ള തിരിച്ചറിവിൽ എത്തിച്ചേരുന്നു. മനുഷ്യമനസ്സ് അഹങ്കാരത്താലും അത്യാർത്തിയാലും രോഗാതുരമാണെന്നും അതിന്റെ പ്രതീതികളെ തകർത്ത് അവിടെ മുക്തിയുടെ പരമദർശനത്താൽ ജ്ഞാനത്തിന്റെ ആനന്ദം നിറയ്ക്കണമെന്നും കവി ആഗ്രഹിക്കുന്നു. ദാർശനിക

ഉൾക്കാഴ്ചയുടെ പ്രവചനാത്മകതയാണ് പ്രതിഫലിക്കുന്നത്. മനുഷ്യന്റെ മഹത്വവും പാരിസ്ഥിതിക പരികല്പനകളും ചേർന്ന് ദാർശനികമായ ഒരവബോധം സൃഷ്ടിക്കുകയും അത് ഇന്ദ്രിയബിംബങ്ങൾക്ക് വൈകാരികമായ ശില്പഘടന നൽകുകയും ചെയ്യുന്നു. ആന്തരിക പ്രത്യക്ഷമായ അനുഭൂതികളുടെ ആവിഷ്ക്കാരം ഭാവുകത്വത്തിന്റെ നവമായ തലങ്ങൾ തുറന്നു നൽകുന്നു. ഏതൊരു പ്രത്യയശാസ്ത്രവും മനുഷ്യ മഹത്വത്തിന് വേണ്ടിയാണെന്നുള്ള ബോധത്തിലൂടെ സ്വന്തം സ്വത്വം വീണ്ടെടുക്കുന്നതിന്റെ അനിവാര്യതയെ ഓർമ്മപ്പെടുത്തുകയാണ്.[3] ആത്യന്തികമായി മനുഷ്യനിലേക്കാണിവ വിരൽ ചൂണ്ടുന്നത്. മനുഷ്യകർമ്മം ശുദ്ധീകരിക്കപ്പെടുമ്പോൾ ആസുരതയകന്ന് മനുഷ്യൻ സ്നേഹത്തിലൂടെ ആനന്ദഭാവം കൈക്കൊള്ളുന്നുവെന്ന തിരിച്ചറിവിൽ എത്തുന്നു. യഥാർത്ഥ ജ്ഞാനം എന്നതാണ് വിജ്ഞാനമയകോശം. പ്രപഞ്ചത്തിന്റെ സൗന്ദര്യാത്മകതയെ അന്വേഷിക്കുന്ന കവികൾ അതിന്റെ കണ്ടെത്തലുകളിൽ ആനന്ദം അനുഭവിക്കുന്നു. പ്രപഞ്ചത്തിലെ പ്രധാന സൃഷ്ടി മനുഷ്യനാണെന്ന് വിശ്വസിക്കുന്ന അവർ അവന്റെ ദൈന്യങ്ങളെ തന്റേതെന്നു കരുതുന്നു. യഥാർത്ഥത്തിൽ ദാർശനികമായ തത്ത്വമസി ചിന്തയിലൂടെ ആനന്ദാവസ്ഥയെ പ്രാപിക്കുകയാണ്. മൂല്യാധിഷ്ഠിതമായ ആർഷഭാരത സംസ്കാരം സനാതനമായ മാനവികതയ്ക്കാണ് പ്രാധാന്യം നൽകുന്നത്. വേദേതിഹാസ പുരാണാദികളുൾപ്പെടുന്ന വലിയൊരു സാഹിതി സമ്പത്താണ് ഭാരതത്തിനുള്ളത്. താത്വികാവബോധത്തിന്റെയും ആദർശചിന്തയുടെയും സാംസ്കാരിക മൂല്യങ്ങൾക്ക് പ്രസക്തി നൽകുന്നവയാണ് അക്കിത്തത്തിന്റെ രചനകൾ. ആത്മീയ ഭൗതിക സമന്വയത്തെ സ്വാംശീകരിക്കുന്ന ധാരാളം കൃതികൾ അക്കിത്തം രചിച്ചിട്ടുണ്ട്. ഈശ്വരന്റെ ബാഹ്യ സ്വരൂപത്തോടല്ല ആത്മീയ തലത്തിൽ ആ സ്വരൂപവുമായി താദാത്മ്യം പ്രാപിക്കുമ്പോഴാണ് യഥാർത്ഥ ആത്മജ്ഞാനം ഉദിക്കുന്നത്. ആത്മജ്ഞാനത്തിന്റെ വെളിച്ചം മനസ്സിലെ അജ്ഞാനാന്ധകാരത്തെ തട്ടിയകറ്റുന്നു. തീവ്രമായ മാനവികാവബോധത്തിന്റെ ധാർമ്മികമായ നേർക്കാഴ്ചകളാണ് കടമ്മനിട്ടക്കവിതകളെ ശക്തമാക്കുന്നത്. ആദിമ മനുഷ്യന്റെ തട്ടകങ്ങളിൽ നിന്നുകൊണ്ട് മനുഷ്യന്റെ ദൈന്യതയും വീര്യവും തമ്മിലുള്ള സംഘർഷങ്ങളെ സമകാലിക ബിംബങ്ങളിലൂടെ അവതരിപ്പിക്കുകയാണ് കടമ്മനിട്ടയുടെ ശൈലി. മാനുഷിക മൂല്യങ്ങളും ആത്മീയതയും അടിച്ചമർത്തപ്പെട്ട മാനുഷിക വികാരങ്ങളുടെ വിഹ്വലതയും പരമസത്യത്തിന്റെ തിരിച്ചറിവുകളും ചേർന്ന് അർത്ഥവിന്യാസത്തിന്റെ കരുത്താർജ്ജിക്കുകയാണ് കടമ്മനിട്ടക്കവിതകൾ. ഭൗതികജീവിതാവസ്ഥകളുടെ പടുകുഴിയിൽ ആത്മസംഘർഷത്തിന്റെ വേദനയുമായി മനുഷ്യൻ താഴേക്കു മാത്രം നോക്കി സ്വയം കുഴി കുത്തിക്കുത്തി പാതാളത്തിലേക്ക് ഇറങ്ങി ജീവിതം ഇരുളിലാക്കുന്നു. ആത്മീയ വിശുദ്ധിയുടെ പ്രതീകങ്ങളായ പുതിയ ആകാശവും പുതിയ പകലുകളും പുതിയ അമ്പിളിയും കാണാതെ മലിന ചിന്തകളുടെ ലോകത്ത് അഭിരമിച്ച് പരുക്കമായ ഭൗതികയാഥാർത്ഥ്യത്തിന് അടിപ്പെടുന്നു. അജ്ഞാനമാർന്ന മനസ്സും ഭൗതികാർത്തികളും മനുഷ്യനെ അടിമയാക്കി കഠിന വേലകൾ ചെയ്യിക്കുന്നു. അതിനായി സ്വന്തം സ്വത്വത്തെ അടിയറവയ്ക്കാൻ മനുഷ്യൻ നിർബന്ധിതനാകുന്നു. പഞ്ചകോശങ്ങൾ ചേർന്ന നൈസർഗ്ഗിക ഉപാസനയാണ് കടമ്മനിട്ടക്കവിതകൾ. ശരീരവും ജീവനും മനസ്സും ബുദ്ധിയും ആത്മാവും ചേർന്ന് പ്രപഞ്ചത്തിന്റെ സത്യസൗന്ദര്യാത്മകതയെ ജ്ഞാനാത്മകമായി നിർവചിക്കുന്നു.

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

അഖണ്ഡമായ ഏകത്വത്തിൽ അധിഷ്ഠിതമായ രചനാരീതി മനുഷ്യനെയും പ്രപഞ്ചത്തെയും സംബന്ധിക്കുന്ന ആത്യന്തികസത്യം വെളിപ്പെടുത്തുന്നു. പാരമ്പര്യത്തിന്റെയും ആധുനികതയുടേയും ഘടകങ്ങളെ അതിന്റെ തനിമയിൽ അവതരിപ്പിക്കാൻ വിഷ്ണുനാരായണൻ നമ്പൂതിരിയുടെ കവി ഭാവുകത്വത്തിനു കഴിയുന്നു. പാരമ്പര്യ ദർശനാധിഷ്ഠിതമായ ആശയങ്ങളാണ് വിഷ്ണു നാരായണൻ നമ്പൂതിരിയുടെ കവിതകളെ വിശാലമായ ആസ്വാദനതലത്തിൽ എത്തിക്കുന്നത്. പരമമായ സത്യത്തെ തേടിയുള്ള അനന്തമായ യാത്രകളാണ് വിഷ്ണു നാരായണൻ നമ്പൂതിരിയുടെ കവിതകൾ. പഞ്ചഭൂത ദർശനത്തിന്റെ സമഗ്രതയെ അനുഭവവേദ്യമാക്കുന്ന കവിതയാണ് പരിണാമസങ്കീർത്തനം. പ്രപഞ്ചം പഞ്ചഭൂതങ്ങളാൽ നിർമ്മിതമാണ്. അതിന്റെ അനുഭവങ്ങളെ ഗന്ധരസരൂപ സ്പർശനാദി ഗുണങ്ങളിലൂടെ അവതരിപ്പിക്കുന്നു. ഗന്ധത്താൽ ഭൂമിയെയും രുചിയാൽ ജലത്തെയും രൂപത്താൽ അഗ്നിയെയും സ്പർശത്താൽ പ്രാണനെയും നാദത്താൽ ആകാശത്തെയും തിരിച്ചറിയുന്ന യഥാർത്ഥ ദാർശനിക സമീപനം. ജീവിതത്തിന്റെ വിശാലമായ അർത്ഥതലങ്ങളെ പരിചിതമായ ദൃശ്യബിംബങ്ങളിലൂടെ കവി ആവിഷ്ക്കരിക്കുന്നു.

അനുഭവങ്ങളിൽ നിന്ന് കവിതയുടെ അർത്ഥം തിരയുന്ന കവിയാണ് ബാലചന്ദ്രൻ ചുള്ളിക്കാട്. പൊള്ളുന്ന ജീവിതയാഥാർത്ഥ്യങ്ങളുടെ സത്യത്തെ കവിതയിൽ സന്നിവേശിപ്പിച്ച് അർത്ഥാന്തരങ്ങളുടെ പുതിയ മാനം സൃഷ്ടിക്കാൻ ചുള്ളിക്കാടിന് കഴിയുന്നു. തീവ്രമായ ദൃശ്യവത്ക്കരണം നടത്തുന്ന കവിതകൾ. പ്രക്ഷുബ്ധ വികാരങ്ങളും ശ്ലഥചിന്തകളും ചേർന്ന് സംഘർഷാത്മകമായ കാവ്യതലം സൃഷ്ടിക്കുന്നു. സ്ഥൂലശരീരത്തോടുള്ള ആധുനിക സമീപനവും മാനസികവും ബൗദ്ധികവുമായ അസ്വസ്ഥകളും ഒടുവിൽ ജീവിതത്തിന്റെ അർത്ഥാന്തരന്യാസങ്ങളുടെ ആത്യന്തികമായ തിരിച്ചറിവുമായി ചുള്ളിക്കാടിന്റെ കവിതകൾ രൂപപ്പെടുന്നു. പ്രാപഞ്ചികമായ ദാർശനികതയുടെ ആധുനികമായ ആവിഷ്കാരം ചുള്ളിക്കാടിന്റെ കവിതകൾക്ക് വേറിട്ട മുഖം നൽകുന്നു. ദാർശനികമായ ഉൾക്കാഴ്ചയുടെ പാരമ്യത്തിൽ നിന്നുകൊണ്ടാണ് ഇടശ്ശേരിയുടെ കവിതകൾ സംവേദനം ചെയ്യപ്പെടുന്നത്. പാരമ്പര്യത്തിന്റെ നന്മകളെ നിരാകരിക്കുന്ന മനുഷ്യന്റെ പൊതുബോധത്തെക്കുറിച്ചുള്ള ആകുലതകളും മനുഷ്യ മഹത്വത്തെക്കുറിച്ചുള്ള ഉൾക്കാഴ്ചകളും ഇടശ്ശേരി കവിതകളുടെ അന്തർധാരയാകുന്നു. കാവ്യഭാഷയുടെ ദാർശനികതലത്തെ അന്വേഷിക്കുമ്പോൾ വിലപ്പെട്ട ആശയസംഹിതകളിതിൽ അന്തർലീനമാണെന്ന് കാണാം.

വേദങ്ങളിലെ പഞ്ചകോശസിദ്ധാന്തങ്ങൾ കാവ്യങ്ങളിൽ പരികല്പനം ചെയ്യപ്പെടുമ്പോൾ അവയുടെ സാംസ്കാരികവും ആത്മീയവുമായ ഭാവുകത്വം അനുവാചകരുടെ മനസ്സിൽ ദാർശനികമായ അവബോധം സൃഷ്ടിക്കുന്നു. ഉദാത്തമായ ആത്മീയമൂല്യങ്ങളിൽ അടിയുറച്ചതാണ് ഭാരതീയ തത്വദർശനം. മതാത്മകബോധം എന്നതിലുപരി സമൂഹത്തിന്റെ ആഭ്യന്തരവും ബാഹ്യവുമായ ശുദ്ധീകരണമാണിത് ലക്ഷ്യമാക്കുന്നത്. ഭൗതികവും ധാർമ്മികവുമായ മൂല്യങ്ങളുടെ സംരക്ഷണം സാമൂഹികമായ ഒരു അനിവാര്യതയായിരുന്ന കാലത്താണ് എഴുത്തച്ഛൻ ആധ്യാത്മികമായ സാഹിതീയദർശനങ്ങൾ ജനങ്ങൾക്കു മുന്നിലെത്തിച്ചത്. ധാർമ്മികമായ ഔന്നത്യത്തിലൂടെ ജീവിതവിജയം സാധ്യമാക്കാമെന്ന മഹത്തായ ദർശനത്തിലൂടെ കേരളീയരെ പ്രബുദ്ധരാക്കാൻ എഴുത്തച്ഛന് കഴിഞ്ഞു ആന്തരി

---

ഗവൺമെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

കമായ പരിശുദ്ധിയുടെ പൂർണ്ണതയിലേക്കുള്ള അയനമാണ് എഴുത്തച്ഛന്റെ അധ്യാത്മ രാമായണം. ദർശനം എന്നത് ആത്മസമർപ്പണത്തിൽ നിന്നും ഉളവാകുന്നതാണ്. ഭക്തിയുടെ ഉന്നതമായ തലത്തിൽ നിന്ന് ധാർമ്മികതയുടെ പ്രാധാന്യം കവി സമൂഹത്തെ ബോധ്യപ്പെടുത്തുന്നു. മനുഷ്യന്റെ ഭൗതികവും ആത്മീയവുമായ ശുദ്ധീകരണമാണ് അധ്യാത്മരാമായണം കിളിപ്പാട്ട്. രാമായണം എന്ന പേരിൽ തന്നെ പഞ്ചകോശസൂചന കാണാൻ സാധിക്കും. ഭൗതികവും ആത്മീയവുമായ ജീവിതയാത്രയിൽ ഉടനീളം പഞ്ച കോശ സാന്നിധ്യം പ്രകടമാകുന്നു. പ്രപഞ്ചവും മനുഷ്യനും തമ്മിലുള്ള അഭേദ്യബന്ധ ത്തിന്റെ തിരിച്ചറിവിൽ നിന്നുമാത്രമേ പഞ്ചകോശസങ്കൽപ്പത്തെ വിലയിരുത്താനാകൂ. ശരീരം, മനസ്സ്, ബുദ്ധി എന്നിവയ്ക്കുപരിയായിനിൽക്കുന്ന ആത്മാവ് എന്ന ചൈതന്യ ത്തിലുള്ള വിശ്വാസം ഭൗതികതയിലേക്കുള്ള മനസ്സിന്റെ ആകർഷണം കുറയ്ക്കുകയും നിത്യമായ ആനന്ദപ്രാപ്തിയിലെത്താനുള്ള ആത്മവിശ്വാസം കൂട്ടുകയും ചെയ്യുന്നു. താത്വികമായ ആശയസംഹിതകളിലൂടെ മാനവികത, സത്യം, സ്നേഹം, വിവേകം തുടങ്ങിയവയുടെ മഹത്വത്തെ ധ്വന്യാത്മകമായി അവതരിപ്പിക്കുന്നു. പഞ്ചകോശസങ്കല്പ ത്തിന്റെ ആദ്ധ്യാത്മികമായ തലത്തെ ഭക്തിഭാവത്തിൽ എഴുത്തച്ഛൻ അവതരിപ്പിക്കുന്നു. ഭക്തിയുടെ നിരന്തരമായ പ്രതിപാദനത്തിലൂടെ മനുഷ്യരെ സാമൂഹികമായ അധ:പതന ത്തിൽ നിന്നു കരകയറ്റാൻ എഴുത്തച്ഛൻ തീവ്രമായി ശ്രമിക്കുന്നു. രാമായണത്തിലെ ഓരോ കഥാപാത്രവും സംഭവവും സ്ഥൂലസൂക്ഷ്മതലങ്ങളിൽ പഞ്ചകോശസമന്വിതമാണ്. ആനന്ദമയകോശത്തിലെത്താനുള്ള മാർഗ്ഗത്തിലേക്കാണ് ഈ കൃതിയിലെ ഓരോ സന്ദർഭ വും വിരൽ ചൂണ്ടുന്നത്. വൈകാരിക സാമൂഹിക ബോധത്തിലൂടെയുള്ള പഞ്ചകോശ സങ്കൽപ്പമാണിവിടെ ആവിഷ്കൃതമാകുന്നത്.[4]

കാല്പനികതയുടെ ഉദയത്തോടെയാണ് മലയാളസാഹിത്യത്തിൽ ഭാവതീവ്രവും ആദർശാത്മകവുമായ കാവ്യരീതിക്ക് തുടക്കം കുറിച്ചത്. കാലദേശാവസ്ഥകളുടെ അതിരുകൾക്കുള്ളിൽ നിന്നുകൊണ്ടുള്ള അനുഭവമണ്ഡലത്തെയാണ് കാൽപ്പനികത സാക്ഷാത്കരിക്കുന്നത്. പ്രപഞ്ചത്തിന്റെ വൈരുദ്ധ്യാത്മകതയ്ക്കപ്പുറത്തുള്ള ഒരു അദ്വൈതാവസ്ഥയെ അത് മനസ്സുകൊണ്ട് അനുഭവവേദ്യമാക്കുന്നു. പഞ്ചകോശങ്ങളുടെ സംഘർഷാത്മകമായ വിന്യാസം ആശാൻകവിതയുടെ ഭാവത്തിന് ആഴവും ഗരിമയും നൽകുന്നു. വ്യാക്ഷേപകശബ്ദങ്ങളുടെ സംയോഗത്തിൽ ആവിഷ്കൃതമായ വീണപൂവ് മുതലായ കൃതികൾ പരിശോധിച്ചാൽ പഞ്ചകോശങ്ങളുടെ അനുഭൂതി തലങ്ങൾ ഭാവോദ്ദീപകമായി ആവിഷ്ക്കരിച്ചിരിക്കുന്നതായി കാണാം. ഭൗതികതയും ആത്മീയതയും തമ്മിലുള്ള വൈരുദ്ധ്യാത്മക സംഘർഷങ്ങൾ സ്ത്രീ കഥാപാത്രങ്ങളുടെ മാനസിക സങ്കീർണ്ണതകളിലൂടെ അടയാളപ്പെടുത്തുന്നു. മനോമയകോശത്തിന്റെ ദാർശനികതലത്തെ ഈ കഥാപാത്രങ്ങളിലൂടെ തീവ്രമായി ആവിഷ്ക്കരിക്കുന്നു. താത്വികമായ ചിന്താധാര കളിൽ ഊന്നിക്കൊണ്ടുള്ള ദാർശനികമായ വിശകലനം ആശാൻ നടത്തുന്നു. പഞ്ചകോശ സമന്വിതമായ രചനാരീതി ആശാൻ കവിതകളുടെ അന്തർധാരയായി കാണാൻ കഴിയും. സാംസ്കാരിക വൈരുദ്ധ്യം പ്രകടമാകുന്ന ഏതൊരു കാലഘട്ടവും മാനുഷികമായ വിവിധ പ്രകൃതികളിൽ അടിസ്ഥാനപരമായി ഏകത്വം പുലർത്തുന്നു. നിഗൂഢവും സങ്കീർണ്ണവുമായ വ്യക്തിത്വങ്ങൾ പലരീതിയിൽ സാമൂഹികവത്ക്കരിക്കപ്പെടുമ്പോഴും അടിസ്ഥാനപരമായി

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

എല്ലാ ചിന്തകളും മനുഷ്യനിൽ തന്നെയാണ് ഊന്നുന്നത്. മനുഷ്യജീവിതത്തിന്റെ വൈചിത്ര്യാത്മക വികാരങ്ങളുടെ മനോമയാത്മകമായ ആവിഷ്ക്കാരം കാലദേശാതീത മായ അസ്തിത്വചിന്തകൾക്ക് വഴിയൊരുക്കുന്നു.

മൂർത്തമായ പശ്ചാത്തലത്തിൽ നിന്നുകൊണ്ട് മനുഷ്യസത്തയുടെ വൈകാരികമായ പ്രതിനിധാനം സാധ്യമാക്കുകയും ആത്യന്തികമായി സമഗ്രതാസങ്കല്പത്തിലേക്ക് ചിന്ത കളെ ഏകീകരിക്കയും ചെയ്യുന്ന ഒന്നായി വൈലോപ്പിള്ളിക്കവിത മാറുന്നു. പഞ്ചകോശ സങ്കല്പത്തിൽ സാമൂഹിക പ്രാതിനിധ്യം പുലർത്തുന്ന മനസ്സെന്ന മനോമയകോശത്തിന്റെ സ്വതന്ത്രമായ വൈകാരിക ലോകമാണ് വൈലോപ്പിള്ളിക്കവിതകളുടെ സമഗ്രതയായി മാറുന്നത്. മനുഷ്യസഹജമായ ആർക്കലും പറക്കലും ഉന്മാദിക്കലുമെല്ലാം ക്ഷണിക സുഖങ്ങളാണ് ഉന്മാദങ്ങളിൽ അഭിരമിച്ചു കൊണ്ട് സാമൂഹികമൂല്യങ്ങളെ അവഗണിക്കുന്നതിലൂടെ സ്വാർത്ഥമായ ലൗകികതയുടെ വ്യവസ്ഥിതികളെ സൃഷ്ടിക്കുന്ന സാമൂഹിക വിപത്തിലേക്കാണ് മനുഷ്യൻ ചെന്നെത്തുന്നത്. മനുഷ്യനിൽ അന്തർലീന മായിരിക്കുന്ന പഞ്ചകോശാവസ്ഥകളുടെ അനുഭവങ്ങളെ വർത്തമാനകാല യാഥാർത്ഥ്യ ങ്ങളോട് ചേർത്തുവച്ച് അവതരിപ്പിക്കുന്നതിലുടെ മനുഷ്യന്റെ എല്ലാത്തരം വ്യവഹാരങ്ങ ളെയും പഞ്ചകോശാവസ്ഥയുടെ തലത്തിൽ എത്തിക്കുന്നു.

പഞ്ചകോശസങ്കൽപമെന്ന ചിന്ത രൂപംകൊള്ളുന്നത് പ്രപഞ്ചവും മനുഷ്യനും തമ്മി ലുള്ള പാരസ്പര്യത്തിൽ നിന്നാണ്. പഞ്ചകോശാസ്തിത്വങ്ങളുടെ സമന്വയമായ മനുഷ്യൻ അതിന്റെ സമഗ്രതയിൽനിന്നുകൊണ്ട് പ്രാപഞ്ചികസത്യങ്ങളെയും സാംസ്കാരിക യാഥാർത്ഥ്യങ്ങളെയും എങ്ങനെയാണ് ഉൾക്കൊള്ളുന്നത് എന്നതിന്റെ നേർക്കാഴ്ചകളാണ് സാഹിത്യകൃതികളിൽ പ്രതിഫലിക്കുന്നത്. പഞ്ചകോശാസ്തിത്വത്തിന്റെ ദാർശനിക വശങ്ങളെ ആത്മീയ മൂല്യങ്ങളുടെ അടിസ്ഥാനത്തിൽ അവതരിപ്പിക്കുകയാണ് എഴുത്തച്ഛൻ. ക്ഷണിക ഭോഗങ്ങളുടെ നിരർത്ഥകതയെയും ഭൗതികജീവിത വേദനകളെയും പഞ്ചകോശാസ്തിത്വത്തെ മുൻനിറുത്തി വിശകലനം ചെയ്യുന്നു.[5] മനോമയ വിജ്ഞാന കോശങ്ങളുടെ താത്വികമായ നൈരന്തര്യം ആനന്ദമയകോശത്തിലേക്ക് മനുഷ്യനെ എത്തിക്കുന്നു. മനോമയകോശത്തിന്റെ ഭാവാത്മകതയ്ക്കാണ് എഴുത്തച്ഛൻ പ്രാധാന്യം നൽകിയത്. സ്ത്രീകഥാപാത്രങ്ങളുടെ വൈകാരിക സംഘർഷങ്ങളിലൂടെ പഞ്ചകോശാ വസ്ഥയുടെ വിവിധതലങ്ങൾ ആശാൻ അവതരിപ്പിക്കുന്നു. തീക്ഷ്ണയാഥാർത്ഥ്യങ്ങളുടെ വൈകാരികാവസ്ഥയ്ക്കാണ് വൈലോപ്പിള്ളി പ്രാധാന്യം നൽകിയത്. ദാർശനികമൂല്യ ത്തിന്റെ ഏകതാനതയാണ് മിക്കവാറും എല്ലാ കവികളിലും കവിതകളിലും കാണുന്നത്. പഞ്ചകോശാധിഷ്ഠിത ദർശനങ്ങളെ സാമൂഹിക വിപത്തുകളെ ചെറുക്കാനും ചൂഷണങ്ങൾ തടയാനും വേണ്ടിയാണെന്ന കാഴ്ചപ്പാടോടെയാണ് സാഹിത്യ കൃതികളിൽ ആവിഷ്ക്ക രിക്കുന്നത്.

## കുറിപ്പുകൾ

1. *ഡോ. ധർമ്മരാജ് അടാട്ട്, ഋഗ്വേദത്തിന്റെ ദർശനിക ഭൂമിക, പേജ്: 75*
2. *ജി.കെ. നമ്പ്യാർ, ആർഷസംസ്കാരപൈതൃകവും അദ്ധ്യാത്മിക നായകന്മാരും. പേജ് : 150*

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

3. *നിത്യചൈതന്യ യതി, ഊർജ്ജ താണ്ഡവം ,പേജ്:37.*
4. *വേദബന്ധു, ഋഗ്വേദപ്രവേശിക,പേജ്: 80*
5. *സുകുമാർ അഴിക്കോട്, ദർശനം സമൂഹം വ്യക്തി, പേജ്:122*

**സഹായക ഗ്രന്ഥങ്ങൾ**

1. *ധർമ്മരാജ് അടാട്ട്, ഡോ., ഭാരതീയ തനിമയും പൊലിമയും, മൈത്രി ബുക്സ് തിരുവനന്തപുരം, 2005.*
2. *നമ്പ്യാർ ജി.കെ, ആർഷസംസ്ക്കാരപൈതൃകവും ആധ്യാത്മികനായകന്മാരും, ഇന്റഗ്രൽ ബുക്ക്സ്, കാഞ്ഞങ്ങാട്, 2012.*
3. *മുനിനാരായണപ്രസാദ് (വ്യാഖ്യാ.), കഠോപനിഷത്ത്, പൂർണ്ണപബ്ലിക്കേഷൻസ്, കോഴിക്കോട്, 2008.*
4. *വേദബന്ധു, ഋഗ്വേദപ്രവേശിക, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 2005.*
5. *നിത്യചൈതന്യയതി, ഊർജ്ജ താണ്ഡവം, നിത്യ ബുക്സ്. തമിഴ്നാട്, 1994.*

# സ്വത്വപ്രതിനിധാനം രമേശൻ ബ്ലാത്തൂരിന്റെ 'പെരും ആളി'ൽ

**വിഷ്ണു പി. എസ്.**
ഗവേഷകൻ, കേന്ദ്ര സർവ്വകലാശാല, കാസർഗോഡ്

**പ്രബന്ധസംഗ്രഹം**

മനുഷ്യചരിത്രത്തിൽ നിരന്തരം ആവർത്തിക്കപ്പെടുന്ന വംശീയ സംഘർഷങ്ങളെ രാവണന്റെ സ്വത്വവൈവിധ്യത്തിന്റെ പശ്ചാത്തലത്തിൽ അവതരിപ്പിക്കുന്ന നോവലാണ് രമേശൻ ബ്ലാത്തൂരിന്റെ 'പെരും ആൾ'. ഇതിഹാസ കാവ്യമായ രാമായണത്തിന് നൂറ്റാണ്ടുകളിലൂടെ സംഭവിച്ച അപനിർമ്മാണത്തിന്റെയും അപമിത്തീകരണത്തിന്റെതുമായ ഉത്തരാധുനിക ചിന്താപരിസരത്താണ് എഴുത്തുകാരൻ നോവൽ രചനയെ പ്രതിഷ്ഠിച്ചിരിക്കുന്നത്. വിവിധ സ്വത്വപ്രതിനിധാനങ്ങളിലൂടെയുള്ള പാത്രാവിഷ്കാരമാണ് രാവണനിൽ നോവലിസ്റ്റ് സമ്മേളിപ്പിക്കുന്നത്. പുത്രൻ, സഹോദരൻ, കാമുകൻ, ഭർത്താവ്, പിതാവ്, ഗോത്രത്തലവൻ, നവോത്ഥാന നായകൻ, പ്രതിനായകൻ തുടങ്ങിയ വിവിധങ്ങളായ തലങ്ങളിലൂടെ രാവണൻ നേടിയെടുക്കുന്ന സ്വത്വസങ്കൽപ്പത്തിലെ നവമാനങ്ങൾ, ബഹുമാനങ്ങൾ തുടങ്ങിയവ സാഹിത്യത്തിന്റെ സൈദ്ധാന്തികവശങ്ങൾ കൂടി വ്യക്തമാക്കുന്നു.

***താക്കോൽവാക്കുകൾ:*** സ്വത്വം, ഉത്തരാധുനികത, പോസ്റ്റ് കൊളോണിയലിസം

പ്രണയസ്വത്വം, ഗോത്രസ്വത്വം, കാമചാരിത തുടങ്ങിയ സ്വത്വതലങ്ങളുടെ വൈവിധ്യത്തെ അതിന്റെ സമഗ്രതയിൽ അവതരിപ്പിക്കുന്ന നോവലാണ് 'പെരും ആൾ'. എല്ലാത്തിനേയും തിരസ്ക്കരിക്കുകയും നന്മയോടും തിന്മയോടും ശക്തമായി മത്സരിക്കുകയും ചെയ്യുന്ന രാവണന്റെ ബഹുസ്വത്വമാനങ്ങളെ 'പെരും ആളി'ൽ കാണുവാൻ സാധിക്കും.

ആര്യദ്രാവിഡ സംഘട്ടനത്തിന്റെ പശ്ചാത്തലത്തിൽ ഒരു ഗ്രീക്ക് ദുരന്തനായകന്റെ അവസ്ഥകളിലൂടെ കടന്നുപോകുന്ന കഥാപാത്രമാണ് 'പെരും ആളി'ലെ രാവണൻ. രാവണൻ എന്ന വീരനായകനെ, സഹോദരനെ, പിതാവിനെ, ഭർത്താവിനെ, ഗോത്ര ത്തലവനെ, കാമചാരിയെ നോക്കിക്കാണാനുള്ള ശ്രമമാണ് എഴുത്തുകാരൻ രമേശൻ ബ്ലാത്തൂര് നടത്തിയിരിക്കുന്നത്. ബാല്യകൗമാരസഖിയായ ചമേലിയെ മണ്ഡോദരിയിൽ തിരഞ്ഞ് സീതയിൽ കണ്ടെത്തുന്ന രാവണനെയാണ് എഴുത്തുകാരൻ അവതരിപ്പിക്കുന്നത്. രാവണന്റെ മരണത്തിന് കാരണമായിത്തീരുന്നത് വിധിയും സഹോദരൻ വിഭീഷണനോ ടുള്ള സ്നേഹവാത്സല്യങ്ങളുമാണ്.

സഹോദരിയെ സ്നേഹിക്കുന്ന ഒരു സാധാരണ സഹോദരന്റെ കഥ എന്ന് 'പെരും ആളി'ലെ ഇതിവൃത്തത്തെ ചുരുക്കിപ്പറയാം. കുലത്തിന്റെ പേരിൽ അപമാനിക്കപ്പെട്ടപ്പോൾ താൻ സ്വയമാർജ്ജിച്ച വിദ്യകൊണ്ടുതന്നെ അപമാനിച്ചവരോട് അതേ നാണയത്താൽ പകരംവീട്ടുന്ന ഗോത്രനേതാവാണ് രാവണൻ. രാവണന്റെ ഓരോ പ്രവർത്തിക്കും അയാളു ടേതായ ന്യായങ്ങളുണ്ട്. ബാല്യകാലത്തിൽ മനസ്സിൽ കടന്നുകൂടിയ പ്രണയഭാവത്തെ രാവണനിലൂടെ അതിസൂക്ഷമമായി, വൈകാരികമായി എഴുത്തുകാരൻ അവതരിപ്പിക്കുന്നു. ചെമ്പകപ്പൂക്കൾ നിറഞ്ഞ മുടിയിൽ ചൂടിയ അഗ്നിയായ ചമേലിയിൽ പടർന്നുകയറാനും കനലായി ജ്വലിക്കാനും മോഹിച്ച് രാവണൻ എല്ലാ സ്ത്രീകളിലും തന്റെ ബാല്യകാല സഖിയെ തിരയുകയായിരുന്നു.

ഇന്ദ്രജിത്തും രാവണനും തമ്മിലുള്ള പിതൃപുത്രബന്ധം സമന്മാരുടെ പരസ്പര ബഹുമാനത്തിന്റേതു കൂടിയാണ്. രാവണനും ബാലിയുമായുള്ള ഏറ്റുമുട്ടൽ ഒടുവിൽ സൗഹൃദത്തിലേക്കുള്ള വഴിതുറക്കുകയും രാവണന്റെ ജീവിതത്തിൽ നിർണ്ണായകമായി ത്തീരുകയും ചെയ്യുന്നു. രാമന്റെ സാമീപ്യം നോവലിൽ വളരെക്കുറവാണ്. എങ്കിലും രാമനെന്ന ബുദ്ധിമാനായ ശത്രു രാവണനെ പരാജയപ്പെടുത്താൻ നടത്തുന്ന ശ്രമങ്ങൾ വായനക്കാരിലെത്തുന്നുണ്ട്. രാവണസഹോദരനായ വിഭീഷണനെ അധികാരം കാട്ടി പ്രലോഭിപ്പിക്കുന്നതിലൂടെ, രാവണസുഹൃത്തായ ബാലിനിഗ്രഹത്തിലൂടെ, അയാൾക്ക് കിട്ടാനായെത്തുന്ന സഹായം ഇല്ലാതാക്കുന്ന ഹനുമാന്റെ ഇടപെടലിലൂടെ, മണ്ഡോദരി യിലുണ്ടാകുന്ന ദുരന്തത്തിലൂടെ രാവണനെ മാനസികമായി തളർത്തി ഇങ്ങനെ എന്തും ചെയ്യുന്ന ഒരു മനുഷ്യനായി രാമനെ എഴുത്തുകാരൻ പരോക്ഷമായി പരിചയപ്പെടുത്തുന്നു. രാവണന്റെ ഓർമ്മകളിൽ തുടങ്ങി അയാൾ കണ്ട കാഴ്ചകളിലൂടെ അയാളുടെ അനുഭവ ങ്ങളിലൂടെ മുന്നോട്ടുപോകുന്ന കഥാഘടനാരീതിയാണ് നോവലിന്റേത്.

നാന്ദി, മുഹൂർത്തം, അയനം, ഗ്രഹണം, വിരാമം എന്നിങ്ങനെയാണ് നോവലിസ്റ്റ് പ്രധാനമായും രൂപഘടനയെ തിരിച്ചിരിക്കുന്നത്. ഓരോ അധ്യായവും വിഭീഷണൻ, ബാലി, മാരീചൻ, സീത എന്നിങ്ങനെയുള്ള ചെറുകഥകളായി തിരിക്കാവുന്നതാണ്. രാവണന്റെ ഭൂതകാലം വിവരിക്കുന്ന ഭാഗമാണ് 'അയനം'. പൗരാണിക കഥാപശ്ചാത്തലവും പാത്രാ വിഷ്കാരവും ആണെങ്കിൽക്കൂടി സമകാലികമായ ജീവിതപരിസരം വായനക്കാരന് നൽകാൻ സാധിച്ചുവെന്നതാണ് നോവലിസ്റ്റ് എന്ന നിലയിൽ രമേശൻ ബ്ലാത്തൂരിന്റെ വിജയം. 'ആര്യചിഹ്നങ്ങളും യാഗാദികളും പൂർവ്വാധികം ശക്തിപ്പെടുകയും രാമന്റെ പേരിൽ

ഗവൺമെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

ഇന്ത്യ കത്തുകയും കീഴാളരും ദളിതരും വീണ്ടും ചവിട്ടിമെതിക്കപ്പെട്ടു തുടങ്ങുകയും ചെയ്യുന്ന ഈ തീപിടിച്ച കാലത്തിലല്ലാതെ രാമായണത്തിന്റെ ഒരു പുനർവായന എപ്പോഴാണ് ഇത്രമാത്രം പ്രസക്തമായിട്ടുള്ളതെന്ന് 'പെരുമാളിന്റെ നിലം' എന്ന ആമുഖ ക്കുറിപ്പിൽ (പുറം.13, പെരും ആൾ) നോവലിസ്റ്റ് ചോദിക്കുന്നു.

## രാവണാവിഷ്കാരം നവമാനങ്ങൾ

ഭാരതത്തിലെ ആര്യാധിനിവേശത്തിന്റെയും തുടർന്നുണ്ടായ ആര്യദ്രാവിഡ സംഘട്ടന ത്തിന്റെയും ചരിത്രപശ്ചാത്തലത്തിലാണ് രാമായണവും രാമായണ കഥാപാത്രങ്ങളും ഉത്തരാധുനികഘട്ടത്തിൽ വായിക്കപ്പെടുന്നത്. ബ്രാഹ്മണമേധാവിത്വം തങ്ങൾക്കനുകൂലി കളായവരെ നായകസ്ഥാനത്തേക്ക് അവരോധിക്കുകയും പ്രതിരോധം തീർത്തവരെ അസുരനും രാക്ഷസനും മനുഷ്യത്തീനിയുമായി അവതരിപ്പിക്കുകയും ചെയ്തു. മഹാബലിയെപ്പോലും അസുരനാക്കിത്തീർത്തത് ഇവിടുത്തെ ശക്തമായ കാവ്യപാരമ്പര്യം തന്നെയാണ്. ഇതിനെതിരെയുള്ള പ്രതിഷേധസ്വരമാണ് പെരും ആളിൽ പ്രത്യക്ഷപ്പെടുന്ന രാവണൻ.

രാവണസ്വത്വാവിഷ്കാരത്തിൽ പോസ്റ്റ് കൊളോണിയൽ സാഹിത്യത്തിന്റെ സ്വഭാവം കാണാവുന്നതാണ്. പ്രാചീനമായ അസ്തിത്വത്തിന്റെ അവതരണം, കൊളോണിയൽ സ്വത്വത്തെ നശിപ്പിക്കുവാനുള്ള എഴുത്ത് തുടങ്ങിയവയാണ് പോസ്റ്റുകൊളോണിയൽ സാഹിത്യത്തിന്റെ മുഖ്യസ്വഭാവം. കൊളോണിയൽ സംസ്കാരത്തോടും സാഹിത്യത്തോ ടുമുള്ള എതിർപ്പാണ് കോളനിയനന്തരസാഹിത്യത്തിന്റെ വളർച്ചയ്ക്ക് ഹേതുവായത്. അങ്ങനെ വരുമ്പോൾ ബ്രാഹ്മണവൽക്കരണത്തോടുള്ള എതിർപ്പാണ് രാവണന്റെ ഈ പുതിയ സ്വത്വാവിഷ്ക്കാരത്തിന് പിന്നിൽ. വരേണ്യസമൂഹത്തിന്റെ സ്വാധീനവലയ ത്തിൽപ്പെട്ടിരുന്നപ്പോഴും വാത്മീകിയിലെ എഴുത്തുകാരന് മനസാക്ഷിക്കുത്ത് നേരിടേണ്ടി വന്നിരുന്നു. ഇത്തരത്തിൽ നുണപ്രചാരകനായിത്തീർന്നതിന്റെ കുറ്റബോധം വാത്മീകി തീർക്കുന്നത് രാവണന്റെ ഗുണഗണങ്ങൾ രാമൻ തന്നെ വിവരിക്കുന്നതിലൂടെയാണ്. 'ഈ പുരുഷശ്രേഷ്ഠൻ ഇന്നുവരേയും ഒരു യുദ്ധത്തിലും പരാജയം പ്രാപിച്ചിട്ടില്ല. അർപ്പികളെ സംതൃപ്തരാക്കും വിധം യഥേഷ്ടം ദാനങ്ങൾ ചെയ്തു, സുഖങ്ങളെയെല്ലാം അനുഭവിച്ചു, ആശ്രിതരെ സ്തുത്യർഹമായി ഭരിച്ചു, സുഹൃത്തുക്കളിൽ ധാരാളം ധനങ്ങൾ ചൊരിഞ്ഞു, മാറ്റാരിൽ ഇതുവരേക്കും പകവീട്ടിപ്പോന്നു. മഹാതപസ്സ് അനേകകാലം ചെയ്തവൻ, വേദങ്ങളെല്ലാം തികച്ചും അറിയുന്നവൻ, ഉത്തമങ്ങളായ കർമ്മങ്ങൾ നിർവ്വഹിക്കുന്നതിൽ മഹാശൂരൻ ഇഹലോകവാസം വെടിഞ്ഞു'(പെരും ആൾപുറം.11). പക്ഷെ പിന്നീട് സാഹിത്യത്തിലുണ്ടായ രാമഭക്തികാവ്യങ്ങൾ രാവണന്റെ സ്വത്വാവിഷ്കാരത്തെ എത്രത്തോളം ആഴത്തിൽ പഠിച്ചുവെന്നത് ഒരു ചോദ്യമാണ്. സാമൂഹികസമ്മർദ്ദങ്ങളാൽ വാത്മീകിക്ക് പടച്ചുവെക്കേണ്ടിവന്നത് അതേപടി പകർത്തിവെയ്ക്കലായിരുന്നു രാമ ഭക്തികാവ്യങ്ങളിൽ രാവണാവിഷ്കാരത്തിന്റെ മുഖ്യസ്വഭാവമെന്നു പറയുന്നത്.

വാത്മീകിരാമായണത്തിനു മുകളിൽ കമ്പരും എഴുത്തച്ഛനും തുളസീദാസും പിന്നീട് വന്ന ആട്ടക്കഥാകാരന്മാരും സ്വീകരിച്ച സ്വാതന്ത്ര്യം പെരും ആളിൽ നോവലിസ്റ്റും

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

സ്വീകരിക്കുന്നുണ്ട്. രാമഭക്തിയിൽ മുങ്ങിപ്പോയ രാമായണപാഠങ്ങളിൽ നിന്ന് രാവണനെ പുനർജ്ജീവിപ്പിക്കണമെങ്കിൽ ഇത്തരത്തിലുള്ള ഒരു സ്വാതന്ത്ര്യം നോവലിസ്റ്റിന് സ്വീകരിച്ചേ മതിയാകൂ.

നാന്ദിയിൽ ഗലവനുമായി രാവണൻ സംവദിക്കുന്നത് മുതൽ മരണശയ്യയിൽ കാണുന്ന ആദിത്യസ്വപ്നം വരെ നീളുന്നതാണ് ഈ പുനരാവിഷ്കാരം. ശൂർപ്പണഖയുടെ ഭർത്താവ് വിദ്യുദ്ജിഹ്വൻ ഒരു യുദ്ധത്തിനിടയിൽ രാവണനാൽ അബദ്ധത്തിൽ വധിക്കപ്പെട്ടു എന്ന പ്രസ്താവം മാത്രമേ രാമായണത്തിൽ വാത്മീകി പറയുന്നുള്ളൂ. അതിൽ നിന്നുമാണ് അനന്തരസംഭവങ്ങളെ നോവലിസ്റ്റ് വാർത്തെടുത്തത്. അതുപോലെ ചിത്രരഥന്റെ പത്നിയിൽ രാവണന് ജനിച്ചതാണ് അതികായൻ എന്നൊരു സൂചന മാത്രമേ വാത്മീകിരാമായണത്തിലുള്ളൂ. രാവണന്റെ വൈദ്യപഠനവും ചിത്രാംഗിയുമായുള്ള പ്രണയവുമൊക്കെ ആ സൂചനയിൽ നിന്ന് നെയ്തെടുത്ത നിരുപദ്രവകരമായ ഭാവന മാത്രമാണെന്ന് നോവലിസ്റ്റ് സമ്മതിക്കുന്നുമുണ്ട്. 'വാനരർ' എന്നത് കാട്ടിൽ കഴിയുന്ന ഒരു ഗോത്രവർഗ്ഗമാണെന്നും മായപ്പൊന്മാൻ മാരീചന്റെ വളർത്തുമൃഗമാണെന്നുള്ളതും മൂലകഥയിലെ വ്യത്യാസമാണ്. മേഘനാദൻ രാവണന്റെ മകനല്ല എന്നു പറയുന്ന മണ്ഡോദരി അവതരിപ്പിച്ച സാഹചര്യം കമ്പരാമായണത്തിൽ മേഘനാദൻ കാനീനൻ (കന്യകയിലുണ്ടായത്) എന്ന പ്രസ്താവത്തിൽ നിന്നും ഉണ്ടായതാണ്. രാവണന്റെ ബാല്യകൗമാരസഖിയായ ചമേലി, കാക്കി, ചിത്രാംഗി, തേരാളിയായ കാർപ്പൻ തുടങ്ങിയവർ രാവണസ്വത്വത്തിന് തേജസ്സേകുന്ന ഉദ്ദീപനപാത്രാവിഷ്കാരങ്ങളാണ്. സഹതാപത്തിൽ നിന്ന് ജനിക്കുന്ന കരുണരസത്തിലൂടെ തുടങ്ങി മൂർത്തഭാവത്തിലെത്തുന്ന വീരരസത്തിന്റെ പരിസമാപ്തിയാണ് രാവണന്റെ ജീവിതം. സ്വന്തം കോട്ടയിൽ തടവുകാരനാവേണ്ടി വന്ന രാവണന്റെ ക്ഷീണഭാവത്തിൽ നിന്നാണ് 'പെരും ആൾ' ആരംഭിക്കുന്നത്. സഹോദരനാൽ വഞ്ചിതനായ രാവണൻ വഴിതെറ്റിയ ദാനമാണ് വിഭീഷണന്റെ ജീവൻ എന്നു തിരിച്ചറിയുന്നു. ഇന്ദ്രജിത്തും രാവണനോട് സൂചിപ്പിച്ചതാണ്, പാൽ കൊടുത്തു വളർത്തുന്ന സർപ്പമാണ് ഇളയച്ഛനെന്ന്. ധർമ്മപക്ഷം തേടിപ്പോകുന്ന വിഭീഷണനേയല്ല ഇവിടെ എഴുത്തുകാരൻ അവതരിപ്പിക്കുന്നത്. മറിച്ച് തന്റെ രാജ്യത്തിനും സഹോദരനും ഒരു സന്നിഗ്ധഘട്ടമുണ്ടായപ്പോൾ രാജകിരീടം മോഹിച്ച് ധർമ്മപക്ഷം എന്ന വ്യാജേന രാമപക്ഷത്ത് കടന്നുകൂടിയ വിഭീഷണനെയാണ്.

വീരോജ്ജ്വലനെങ്കിലും ബന്ധുവിന്റെ അസാന്നിധ്യത്തിൽ രാവണൻ ക്ഷീണിതനാണ്. രാമായണത്തെ അടിമുടി മാനുഷീകരിക്കുന്നതിന്റെ ആദ്യഘട്ടം ആരംഭിക്കുന്നത് ഇവിടെ നിന്നാണ്. യുദ്ധമുണ്ടാക്കാൻ ഉപദേശിച്ച വിഭീഷണൻ, ശത്രു സമീപസ്ഥമായപ്പോൾ ചേരിതിരിഞ്ഞ് സ്വന്തം വർഗ്ഗത്തിന് തന്നെ ദ്രോഹം ചെയ്യുന്നു. ബാലിസുഗ്രീവ സാഹോദര്യബന്ധം തകർന്നതിന് സമാനമായ അവസ്ഥയാണ് ഇവിടെ കാണുവാൻ കഴിയുക. പക്ഷേ ബാലിക്ക് തുല്യമായ സമീപനമല്ല രാവണൻ ഇവിടെ സ്വീകരിക്കുന്നത്.

ജ്യേഷ്ഠപുത്രവധുവിനെ പ്രാപിച്ച രാവണന്റെ കഥയെ 'സത്യത്തിന്റെ കുത്തുകൊള്ളിയിൽ വച്ചുകെട്ടിയ നുണകളുടെ വൈക്കോൽകഥകൾ' എന്നാണ് എഴുത്തുകാരൻ വിശേഷിപ്പിക്കുന്നത്. മറ്റ് പല എഴുത്തുകാരും അവതരിപ്പിച്ചത് പോലെ ഒരു കലാകാരൻ

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

എന്ന നിലയിലും സംഗീതജ്ഞൻ എന്ന നിലയിലുമാണ് 'പെരു ആളി'ലും നോവലിസ്റ്റ് രാവണനെ അവതരിപ്പിക്കുന്നത്. 'കിന്നരുടെയും ഗന്ധർവന്മാരുടെയും രാഗാലാപം ഈയുള്ളവൾ കേട്ടിട്ടുണ്ട്. ദേവസംഗീതവും സർവ്വരാഗങ്ങളും ഹൃദിസ്ഥമാണീ മനസ്സിന്. പക്ഷേ ഇത്ര അത്ഭുതകരമായ രാഗാലാപം ഒരു കണ്ഠനാളത്തിൽ നിന്നും' (പുറം.23) എന്ന് അത്ഭുതപ്പെടുന്ന രാവണൻ അനുരക്തനാവുകയും ഇത് കണ്ട നളകൂബരൻ ഹൃദയം പൊട്ടി ശപിക്കുകയും ചെയ്യുന്നു. സ്ത്രീ വിഷയമാകുമ്പോൾ കഥയിൽ രാവണൻ പ്രതിനായകനാകുന്നു. എന്നാൽ എഴുത്തുകാരൻ ദേവദാസിയായി അവതരിപ്പിക്കുന്നതിലൂടെ രാവണപക്ഷം ന്യായീകരിക്കാവുന്നതായി മാറുന്നു. ഒരു കലാകാരന്റെ ജീവിതം താളപ്പിഴകൾ നിറഞ്ഞതാണെന്ന സാമാന്യബോധം എഴുത്തുകാരൻ ഇവിടെ ആവർത്തിക്കുന്നു.

വാക്കുകൾകൊണ്ട് അമ്മാനമാടുവാൻ കഴിവുള്ളവനായിരുന്നു വിഭീഷണൻ. തെറ്റും ശരിയെന്നു തോന്നിപ്പിക്കുന്ന ഇന്ദ്രജാലമായിരുന്നു വിഭീഷണന്റെ സംഭാഷണങ്ങൾ. ഹനുമാനെ വധിക്കാതെ വിട്ടതിനുള്ള പ്രധാനകാരണവും ഈ ഇന്ദ്രജാലം തന്നെ. യുദ്ധകാര്യങ്ങളിൽ അതിനിപുണനായ രാവണൻ തന്നെക്കാൾ അറിവുള്ളവനാണ് അനുജൻ എന്നും, അവൻ പറയുന്നതാണ് ശരിയെന്നും കരുതുന്നു. അനുജന് ഗുരുവിന്റെ സ്ഥാനം നൽകിയപ്പോഴും ഓർക്കേണ്ടത് ലങ്കപിടിച്ചടക്കിയ രാവണന്റെ ഒറ്റയാൾ പോരാട്ടമായിരുന്നു. സഭയിൽ വച്ച് രാവണനെ അത്രമേൽ പരിഹാസ്യനാക്കിയ വിഭീഷണനെ വധിക്കാതെ പുറത്തേക്ക് ഗമിക്കാൻ അനുവദിക്കുമ്പോൾ എഴുത്തുകാരൻ പറയുന്നു, 'ബന്ധുജനത്തെ ഹനിക്കാനല്ല ഐശ്വര്യത്താൻ ദീപ്തമാക്കനേ രാവണനറിയൂ' (പുറം.22). 'കുലദൂഷകനെങ്കിലും നീയെന്റെ അനുജനായിപ്പോയല്ലോ' (പുറം.25) എന്ന് മറ്റൊരു രാവണഭാഷണത്തിൽ സി.എൻ. ശ്രീകണ്ഠൻ നായരുടെ രാവണൻ 'പെരും ആളി'ൽ പ്രവേശിക്കുന്നത് കാണാം. ലങ്കാവിജയത്തിനും ദൈത്യവധത്തിനും സഹായിക്കാമെന്ന് വിഭീഷണൻ പറഞ്ഞപ്പോൾ രാമനും കൂട്ടരും വിഭീഷണനെ ലങ്കാധിപനായി അഭിഷേകം ചെയ്തു. അതും അവകാശിയായ രാവണൻ ജീവിച്ചിരിക്കെത്തന്നെ. ഒരു രാജ്യത്ത് ഒരേ സമയം രണ്ട് രാജാക്കന്മാർ എന്നത് ഏത് രാജ്യനീതി ഗ്രന്ഥത്തിലാണുള്ളത് എന്ന ചോദ്യവും ശ്രദ്ധേയമാണ്. അതും ധർമ്മിഷ്ഠനെന്ന് ലോകം പാടി നടക്കുന്ന രാമന്റെ ഭാഗത്തു നിന്നും സംഭവിച്ച പിഴവ്, അയോധ്യയിൽ കിരീടാവകാശിയായ താനിരിക്കെ ത്തന്നെ ഭരതനെ ഭരണം ഏൽപ്പിച്ച മാതാവ് കൈകേയിയുടെ സമീപനത്തിന് തുല്യമാണ് രാമൻ സ്വീകരിച്ച രീതിയും. ഉത്തമനെന്ന് ആവർത്തിക്കപ്പെടുന്ന രാമന്റെ സ്വത്വത്തിലേക്ക് നോവലിസ്റ്റ് ഇത്തരത്തിൽ വിരൽ ചൂണ്ടുന്നുണ്ട്.

സരമയ്ക്ക് ആഭരണം പണിയാൻ രത്നങ്ങൾ വാരിയെടുത്തുകൊണ്ടുപോകുന്ന വിഭീഷണനെ രാവണൻ ഓർക്കുന്നു. അതിൽ പുരണ്ട രക്തക്കറയുടെ സംശുദ്ധി അവൻ അന്വേഷിച്ചിരുന്നില്ല, കാട്ടിൽ ഇരതേടി അലയേണ്ടവൻ കൊട്ടാരത്തിൽ സുഖസൗഭാഗ്യത്തിൽ രമിച്ച് ജീവിച്ചപ്പോഴും ധർമ്മത്തെക്കുറിച്ച് മിണ്ടിയില്ല. എങ്കിലും മറ്റൊരാളുമായി യുദ്ധത്തിൽ മുഴുകിയവന്റെ നെഞ്ചിൽ ഒളിഞ്ഞിരുന്ന് അസ്ത്രമയച്ച് കൊന്ന രാമന്റെ കൈകളിലേക്കെത്തിയ വിഭീഷണൻ ധർമ്മപക്ഷത്തിലേക്കാണോ ചെന്നുപെട്ടത് എന്ന സംശയം രാവണനെ വ്യാകുലനാക്കുന്നു. ദേവരാജനായ ഇന്ദ്രനെപ്പോലും ഭയപ്പെടുത്തിയ

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

രാവണൻ സഹോദരന്റെ കാര്യത്തിൽ തരളചിത്തനായി ചിന്തിക്കുന്നത് രാവണസ്വത്വത്തെ കൂടുതൽ പ്രകാശിതമാക്കുന്നു. ബാലിയെ ഒളിയമ്പെയ്ത രാമനെ ഉറങ്ങിക്കിടക്കുന്നവനെ ദംശനം ഏൽപ്പിച്ച പാമ്പിനോടാണ് എഴുത്തുകാരൻ ഉപമിക്കുന്നത്. പുല്ലുമൂടിയ കിണറാണ് രാമൻ. ബാലിരാവണ മല്ലയുദ്ധം ഇരുകഥാപാത്രങ്ങൾക്കും ഒരുപോലെ പ്രാധാന്യം നൽകി കൊണ്ടാണ് നോവലിസ്റ്റ് രചിച്ചത്. ബാലിയുടെ അടുത്തേക്ക് പോകുന്ന രാവണൻ, ബാലിയെ പേരെടുത്ത് വിളിക്കുന്നു, തിരിഞ്ഞു നോക്കാത്തപക്ഷം ആയുധങ്ങൾ പ്രഹസ്തനെ ഏൽപ്പിച്ച് മുഷ്ടി യുദ്ധത്തിനായി പോവുന്നു. ബാലിക്ക് നേരെയുള്ള രാമന്റെ പ്രവൃത്തിയെ പരോക്ഷമായി വിമർശിക്കുകയും യുദ്ധനിയമങ്ങൾ പാലിച്ച് രാവണനെ പ്രത്യക്ഷമായി പ്രശംസിക്കുകയും ചെയ്യുകയാണ് എഴുത്തുകാരൻ. ബാലിയുടെ പിടിവിട്ട് താഴേക്ക് ചാടിയ രാവണൻ മുഖംകുനിച്ചു നിൽക്കുകയല്ല ചെയ്തത്; മറിച്ച് ശക്തിസ്വരൂപനായ ഒരാളെ കണ്ടെത്തിയതിലുള്ള ആഹ്ലാദത്തിമിർപ്പിലായിരുന്നു ആ മനസ്സ്. താൻ അപമാനിതനായെങ്കിലും തനിക്ക് ചേർന്ന എതിരാളിയെ കിട്ടിയതിലുള്ള രാവണന്റെ ആഹ്ലാദം സ്വത്വത്തെ കൂടുതൽ ഉദ്ദീപ്തമാക്കുന്നു.

'വനവാസികളെ നഗരവാസികളാക്കി പുനർജനിനൽകുന്ന മഹത്കർമ്മത്തിലേർപ്പെട്ടിരിക്കുന്ന രാവണനെ ധാരാളം കേട്ടിട്ടുണ്ട്' എന്ന ബാലിയുടെ സാക്ഷ്യപ്പെടുത്തൽ രാവണൻ പ്രതിനിധീകരിക്കുന്ന സമൂഹത്തെ വെളിവാക്കുന്നു. കാലങ്ങളോളം പാതാളത്തിൽ കഴിഞ്ഞ ഒരു ജനതയുടെ നവോത്ഥാന നായകനായാണ് എഴുത്തച്ഛൻ രാവണനെ അവതരിപ്പിക്കുന്നത്. മൂലകഥയെ മാനുഷീകരിക്കുന്നതിന്റെ ഫലമായി രാക്ഷസവംശം വനവാസികളായ ഗോത്രവർഗമായി മാറുന്നു. നഗരവാസികളായ രാമപക്ഷത്തോളം തന്റെ വർഗ്ഗത്തെ സാമൂഹികമായും സാംസ്കാരികമായും ഉയർത്തുകയാണ് രാവണലക്ഷ്യം എന്ന് ബാലിയുടെ വാക്കുകളിൽ നിന്ന് വ്യക്തമാകുന്നു.

മുഷ്ടിയുദ്ധത്തിൽ വിഷമുള്ളുകൾ തറച്ച രാവണന് പച്ചമരുന്ന് പുരട്ടികൊടുക്കുന്ന, ശങ്കവേണ്ട തനിക്ക് വളഞ്ഞവഴികളില്ല എന്ന് പറയുന്ന ബാലിയിലൂടെ രാമനെ ഒളിയമ്പെയ്യുന്നുണ്ട് നോവലിസ്റ്റ്. കൈലാസത്തിൽ വച്ച് ശിവനുമായുള്ള രാവണന്റെ യുദ്ധവും പരാജയവും ശുശ്രൂഷയും ബാലി ശിവൻ കഥാപാത്രങ്ങളുടെ സ്വഭാവസ്വത്വത്തെ തന്മയീഭവിപ്പിക്കുന്നതാണ്.

രാമരാവണയുദ്ധത്തിന്റെ അടിസ്ഥാനകാരണം ഒരു സ്ത്രീയായിരുന്നു. അത് രാവണൻ അപഹരിച്ചുകൊണ്ടുവന്ന സീതയായിരുന്നില്ല, മറിച്ച് രാമലക്ഷ്മണന്മാർ അംഗവിച്ഛേദം നടത്തിയ ശൂർപ്പണഖ ആയിരുന്നു. ഭർത്താവായ വിദ്യുദ്ജിഹ്വന്റെ മരണശേഷം ശൂർപ്പണഖയിലുണ്ടായ സ്വഭാവവൈചിത്ര്യം സഹോദരൻ, രക്ഷകർത്താവ് എന്ന നിലയിൽ രാവണനെ തളർത്തുന്നു. 'ശൂർപ്പണഖ, ആ ജന്തുവിൽ നിന്നും രക്ഷനേടാനാണ് ഞാൻ ലങ്കയോട് വിടപറഞ്ഞത്. ജേഷ്ഠനോട് പറയാലോ, അവൾ സ്ത്രീയല്ല, പിശാചാണ് പിശാച്'(പുറം.44-45) എന്ന് പറഞ്ഞതിനാണ് രാവണൻ വിദ്യുദ്ജിഹ്വനെ വധിച്ചത്. തന്റെ സഹോദരിയെക്കുറിച്ച് അസഭ്യവർഷം നടത്തിയ അവളുടെ ഭർത്താവിനെത്തന്നെ നിഷ്കരുണം തലയറുത്തുകൊന്ന രാവണന്, ശൂർപ്പണഖയെ അങ്കവിച്ഛേദം നടത്തിയ രാമലക്ഷ്മണന്മാരോടുള്ള പക പറയാതെ പറയുന്നുണ്ട് എഴുത്തുകാരൻ.

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

സഹോദരിയുടെ അപഥസഞ്ചാരമറിഞ്ഞ് അവളെ ഉപദേശിക്കാനായി അമ്മയെ പറഞ്ഞുവിടുന്ന രാവണനിൽ നിഴലിക്കുന്നത് ഒരു പിതാവിന്റെ പുത്രിവാത്സല്യം തന്നെയാണ്. 'ജ്യേഷ്ഠപത്നിയും സപത്നിയുമുണ്ടല്ലോ, പിന്നെയെന്തിന് എണ്ണമില്ലാത്ത വെപ്പാട്ടികളെ അരമനയിൽ പോറ്റുന്നു? ഞങ്ങൾ രണ്ടുപേരുടെയും ഞരമ്പുകളിൽ രക്തമൊന്നുതന്നെയാണ്. അമ്മ ആദ്യം മകനെ ഉപദേശിക്കൂ സ്വയം നിയന്ത്രിക്കാൻ' (പുറം.47) എന്ന ശൂർപ്പണഖയുടെ മറുപടിയിൽ രാവണൻ കാമവെറിയനെന്ന 'ദുസ്സൂചന' മുൾവടികൊണ്ട് മുഖത്തടിയേറ്റതുപോലെ രാവണനെ തളർത്തുന്നു. കാമത്തിനപ്പുറമുള്ള ഭോഗത്തിന്റെ അർത്ഥവും ആഴവും മനസ്സിലാക്കാൻ ശൂർപ്പണഖയ്ക്കാവില്ല എന്ന് തിരിച്ചറിയുന്ന രാവണന് തന്നെ കുറ്റപ്പെടുത്തിയ സഹോദരിയോടുള്ള സ്നേഹം ഒരുതരി പോലും കുറയുന്നില്ല. വിഭീഷണതുല്യമായി ശൂർപ്പണഖയ്ക്കും തന്റെ കർമ്മോദ്ദേശ്യങ്ങളെ തിരിച്ചറിയാൻ കഴിയാതെപോയതിൽ രാവണൻ ദുഃഖിതനാണ്. ആഗ്രഹിച്ചത് നേടി യില്ലെങ്കിൽ അവൾ സ്വയംഹത്യ ചെയ്തുകളയും. സഹോദരിയുടെ ജീവൻ രക്ഷിക്കാനുള്ള ഒരു മാർഗ്ഗം കൂടിയായിരുന്നു രാവണനെ സംബന്ധിച്ച് സീതാപഹരണം.

'വൈഷ്ണവരുടെ ശക്തി പ്രഖ്യാപനത്തിന്റെ കൊടിയടയാളമാണ് രാമൻ; ശൂദ്രന്റെ അന്തകനും'(പുറം.55) എന്ന മാരീചന്റെ സംഭാഷണങ്ങളിൽ നിന്ന് വർഗ്ഗസംഘർഷങ്ങളുടെ യഥാർത്ഥ മുഖം വ്യക്തമാക്കുന്നുണ്ട്. ആര്യാധിനിവേശത്തിന്റെ വളർച്ചയും മറ്റ് ഗോത്ര ങ്ങളുടെ തളർച്ചയും മാരിചന്റെ വാക്കുകളിലൂടെ പുറത്തുവരുന്നു. ആര്യവംശത്തിന്റെ മൊത്തം പ്രതിനിധാനമാണ് രാമൻ, ശൂദ്രഗോത്രപാരമ്പര്യത്തിന്റെ പ്രതിനിധാനമാണ് രാവണൻ. കീഴാളനുമേലുള്ള മേലാളന്റെ കുതിച്ചുചാട്ടം ഒരിക്കലും ധർമ്മപക്ഷത്തിലൂടെ മാത്രം സാധ്യമാവുകയില്ല. അതുകൊണ്ടാണ് താടകയ്ക്ക് സ്ത്രീയെന്ന പരിഗണന പോലും ലഭിക്കാതിരുന്നത്. മാരീചൻ പുത്രിയെപ്പോലെ സ്നേഹിച്ച കൃഷ്ണമൃഗത്തിന്റെ മരണ കാരണവും മറ്റൊന്നല്ല. ശൂർപ്പണഖയ്ക്ക് സംഭവിച്ച അംഗവിച്ഛേദങ്ങൾക്ക് ന്യായീകരി ക്കാവുന്ന ഒരു കാരണം രാമലക്ഷ്മണന്മാർക്ക് ഉണ്ടെങ്കിൽ കൂടിയും സ്ത്രീയെന്ന പരിഗണന നൽകാത്തത് ആര്യഗോത്രസംഘർഷങ്ങൾ നിമിത്തമാണ്.

രാമനോടൊപ്പം ലക്ഷ്മണനെയും കാട്ടിലേക്ക് ആകർഷിക്കുവാനുള്ള മാരീചന്റെ തന്ത്രത്തിൽ, സീതലക്ഷ്മണ സംഭാഷണത്തിൽ ലക്ഷ്മണസ്വത്വത്തെ ചോദ്യം ചെയ്യുവാൻ എഴുത്തുകാരൻ ശ്രമിക്കുന്നുണ്ട്. 'എന്നെ കൊതിക്കുന്നതുകൊണ്ടാണ് നീ' (പുറം.60) എന്ന സീതയുടെ സംഭാഷണശകലത്തിൽ നിന്ന് അത് വ്യക്തമാകുന്നു. 'ഊരുകാവലിലെ' ബാലി സുഗ്രീവതാര ബന്ധത്തെക്കൂടി ഈ രംഗം ഓർമ്മിപ്പിക്കുന്നു. ധർമ്മം അധർമ്മം എന്നീ പക്ഷങ്ങളിൽ മാറ്റിനിർത്തപ്പെട്ട പാത്രാവിഷ്കാരങ്ങളെ കീറിമുറിച്ച് പരിശോധിക്കുവാനുള്ള ഇടമായി നോവലിസ്റ്റ് തന്റെ സാഹിത്യമണ്ഡലത്തെ രൂപപ്പെടുത്തിയിരിക്കുന്നു.

സാഹിത്യത്തിൽ നായകനെ സംബന്ധിച്ച, നായകത്വത്തെ അടിസ്ഥാനമാക്കിയുള്ള പ്രധാന വസ്തുക്കളിലൊന്ന് അവന്റെ പ്രണയമാണ്. നായകന്റെ സ്ത്രീയാണ് നായിക. ആദ്യകാല സാഹിത്യകൃതികളിൽ നായികയ്ക്ക് സ്വതന്ത്രമായൊരു അസ്തിത്വം കണ്ടെത്തുക പ്രയാസകരമായിരിക്കും. പലപ്പോഴും നായികനായക പ്രണയബന്ധത്തിലെ തടസ്സങ്ങളായിരിക്കും പ്രതിനായക സങ്കല്പം. പ്രതിനായകന് നായികയെ കൽപ്പിച്ചു

കൊണ്ടുള്ള സാഹിത്യസമീപനം ആധുനികഉത്തരാധുനിക സാഹിത്യരചനകളിലാണ് ശക്തമായി കണ്ടുവരുന്നത്. എന്നാൽ രാവണനെ സംബന്ധിച്ച് മണ്ഡോദരിയുമായുള്ള ഭാര്യാഭർതൃബന്ധം പ്രണയത്തിലധിഷ്ഠിതമാണ്. വാല്മീകിയോ എഴുത്തച്ഛനോ ഒന്നും അധികം വർണ്ണിക്കാതെ പോയ ആ മേഖല പെരും ആളിന്റെ എഴുത്തുകാരൻ പൊടി തട്ടിയെടുക്കുന്നു. മന്ദോദരിയുടെ പാതിവ്രത്യത്തെ മാത്രം കുറിക്കുന്ന രാവണമന്ദോദരി പ്രണയബന്ധത്തെ എഴുത്തുകാരൻ ചമേലി എന്ന സാങ്കൽപ്പികകഥാപാത്രത്തിന്റെ സാന്നിധ്യത്തിൽ കൂടുതൽ മിഴിവുറ്റതാക്കുന്നു. ചമേലിയിൽ നിന്നാണ് രാവണൻ പ്രണയിക്കാൻ പഠിക്കുന്നത്. സീതയെ ആദ്യമായി കാണുന്ന രാവണൻ മനസ്സിൽ മന്ത്രിക്കുന്നത് 'ഇവളെന്റെ ചമേലി' എന്നാണ്. സീതയെ അപഹരിച്ച് കൊണ്ടുവന്നപ്പോൾ രാവണന് ആത്മനിന്ദ തോന്നിപ്പോയി. 'എണ്ണമില്ലാത്ത സ്ത്രീകളെ ലങ്കയിൽ കൊണ്ടുവന്നിട്ടുണ്ട്. ആ സ്ത്രീകളിൽ ഒരുത്തിയെപ്പോലും സ്വന്തം ബലത്താൽ രാവണന് കീഴടക്കേണ്ടി വന്നിട്ടില്ല. അന്യനെ സ്നേഹിക്കുന്ന ഒരുവൾ അതിലില്ല. ഈ പെണ്ണൊഴികെ മറ്റൊരുവളെ അപഹരിച്ചു കൊണ്ടുവരേണ്ട സന്ദർഭം രാവണന് ഉണ്ടായിട്ടില്ല' (പുറം.65), എന്ന പ്രസ്താവനകളിൽ നിന്ന് കൊട്ടാരത്തിലെ അനേകം സ്ത്രീകൾക്ക് രാവണൻ ആരായിരുന്നുവെന്ന് എഴുത്തുകാരൻ വ്യക്തമാക്കുന്നു. രാമനെ കീഴടക്കി തലയുയർത്തിപ്പിടിച്ച് സീതയെ പുഷ്പകത്തിലേറ്റണം എന്ന ചിന്ത രാവണനിൽ ഉടലെടുക്കുമ്പോൾ തന്നെ ശൂർപ്പണഖയുടെ ചോരയൊലിക്കുന്ന മുഖം രാവണനിലെ സഹോദരഭാവം ഉണർത്തി.' ശൂദ്രസ്ത്രീകൾക്ക് മാനാഭിമാനങ്ങളുണ്ടോ, അവൾ വെറും വസ്തുവല്ലേ, തട്ടിക്കളിക്കാനുള്ള വെറും കളിപ്പന്ത്' (പുറം.65) എന്ന രാവണചിന്തയിൽ സഹോദരന് പുറമേ ഒരു ഗോത്ര തലവന്റെ മാനസിക സംഘർഷങ്ങളും കടന്ന് വരുന്നുണ്ട്.

രാജ്യങ്ങൾ പിടിച്ചടക്കി സിംഹാസനങ്ങൾ കാൽക്കീഴിൽ കൊണ്ടുവരാൻ മാത്രമല്ല, ഇഷ്ടപ്പെട്ടുപോയവരുടെ ശരീരവും മനവും കവരുന്നതിലും രാവണൻ ഉത്തമനായിരുന്നുവെന്ന് രാവണന്റെ ആത്മഭാഷണങ്ങൾ തെളിയിക്കുന്നു. 'പെരും ആളി'ലെ 'മുഹൂർത്ത'ത്തിൽ ആറാം അധ്യായത്തിൽ രാവണൻ പ്രഹസ്തനു നൽകുന്ന മറുപടി 'രാജ്യങ്ങൾ കീഴ്പ്പെടുത്താൻ കൈയ്യൂക്ക് കാണിച്ചിട്ടുണ്ട്, പെണ്ണിന്റെ മനസ്സിനെ വരുതിയിലാക്കാൻ അതു വേണ്ടി വന്നിട്ടില്ല' (പുറം.69) എന്നാണ്. സ്ത്രീകൾ വിഷയമാകുമ്പോൾ രാവണൻ പ്രതിനായകനാകുന്നുവെന്ന ആദ്യധാരണകളെ രാവണൻ തന്റെ അനുഭവങ്ങളുടെ വെളിച്ചത്തിൽ തിരുത്തിക്കുറിക്കുന്നു. സ്ത്രീകൾ വിഷയമാകുമ്പോൾ എല്ലായിടത്തും രാവണൻ നായകനായി തീരുകയാണ് ചെയ്തത്. ഉത്തമനായ കാമുകനായിരുന്നു സ്ത്രീജനങ്ങൾക്ക് രാവണൻ.

സീതയിലേക്കും രാവണന്റെ കാമുകഹൃദയം കടന്നുചെല്ലുന്നുണ്ട്. 'നിന്നെയെനിക്ക് പൂർണ്ണതയിൽ അനുഭവിക്കണം, അതിനുവേണ്ടി നിന്റെ മനസ്സ് രാഗാധികൃത്തിന് സജ്ജമാകുംവരെ ഞാൻ കാത്തിരിക്കാം. ദിനരാത്രങ്ങൾ, വർഷങ്ങൾ, വേണമെങ്കിൽ യുഗങ്ങളോളം' എന്ന രാവണന്റെ സംഭാഷണത്തിൽ തെളിയുന്നത് കാമത്തിന്റെ മൂർത്തഭാവമല്ല, മറിച്ച് പ്രണയത്തിന്റേതാണ്. ഊരുകാവലിൽ സീതയുടെ യൗവനം നശിച്ചു പോകുന്നതിൽ വ്യാകുലനാകുന്ന രാമനെ സ്മരിച്ചാൽ രാവണനിൽ പ്രകടമാകുന്ന പ്രണയഭാവം എത്ര മൂർത്തമാണെന്ന് വ്യക്തമാകുന്നതാണ്.

ഗവൺമെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

മറ്റൊരുപുരുഷന്റെ സ്ത്രീയോട് രാവണന് തോന്നിയ പ്രണയത്തിന്റെ ന്യായീകരണമാണ് ചമേലി എന്ന രാവണന്റെ ബാല്യകാലസഖി. ചമേലിയെക്കുറിച്ചുള്ള ആവർത്തിച്ചാവർത്തിച്ചുള്ള ഓർമ്മകൾ രാവണന്റെ കാമുകഹൃദയത്തെ കൂടുതൽ പ്രകാശമാനമാക്കുന്നു. മണ്ഡോദരിയെ രാവണൻ ഭാര്യയായി സ്വീകരിക്കാനുള്ള പ്രധാന കാരണം ചമേലിയുടെ കണ്ണുകളായിരുന്നു അവൾക്ക് എന്നതായിരുന്നു. ചമേലിയുടെ രൂപം തന്നെയായിരുന്നു സീതയ്ക്കും. ചമേലിയുടെ ഗന്ധവും ശബ്ദവും സീതയ്ക്ക് എങ്ങനെ കിട്ടിയെന്ന് രാവണൻ അത്ഭുതപ്പെടുന്നു. ചമേലിയുടെ പുനർജന്മമാണോ സീതയെന്ന് രാവണൻ ചിന്തിക്കുന്നു എന്നതിൽ നിന്ന് സീതയ്ക്ക് ചമേലിയോടുള്ള സമാനതകൾ സ്പഷ്ടമാണ്. തനിക്ക് നഷ്ടപ്പെട്ടുപോയ പ്രണയത്തിന്റെ സാക്ഷാത്കാരമാണ് രാവണൻ സീതയിലൂടെ നേടുവാൻ ആഗ്രഹിക്കുന്നത്.

ആചാര്യൻ പുലഷ്യന്റെയടുത്ത് ആയുധശാസ്ത്ര അഭ്യാസത്തിനായി പോകുന്ന രാവണന്റെ ബാല്യം 'അയന'ത്തിലാണ് അവതരിപ്പിക്കുന്നത്.

'കുട്ടീ, നിന്റെ കുലമേതാണ്?'

'പുലസ്ത്യന്റെ വംശം. വിശ്രവസാണ് പിതാവ്.'

'അമ്മയുടെ ഗോത്രം പറയൂ കറുമ്പാ'

'കൈകസിയാണമ്മ, രാക്ഷസഗോത്രത്തിൽ'

'രാക്ഷസക്കുട്ടി, നീയ് ബ്രഹ്മജ്ഞാനമല്ല നേടേണ്ടത്; ശാസ്ത്രങ്ങളല്ല പഠിക്കേണ്ടത്; മാനിനെ കല്ലെറിഞ്ഞു പിടിക്കാനാണ്? പൊയ്ക്കോളൂ',

'വിശ്രവസ്സിന്റെ പുത്രനാണത്രേ. ശൂദ്രസ്ത്രീയുടെ ഗർഭകാരണമായ പുരുഷലിംഗം ഏതെന്ന് നിശ്ചയിക്കാൻ ഇവനാര്?', എന്ന് നീളുന്ന രാവണപുലഷ്യ സംഭാഷണങ്ങളിൽ നിന്ന് രാവണന്റെ ദയനീയാവസ്ഥയ്ക്കപ്പുറം ശൂദ്രഗോത്രം ആര്യഗോത്രവംശത്തിൽ നിന്ന് നേരിട്ട അവഗണനയുടെയും അവജ്ഞയുടെയും ചരിത്രം വെളിവാക്കുന്നു.

ദൂത് പറയാനായി വരുന്ന അംഗദനെ മകരാക്ഷനും സൈനികരും വളഞ്ഞപ്പോൾ രാവണൻ മുമ്പ് ദൂതിനായി വന്ന വാനരരൂപികൾ ലങ്കയിൽ വരുത്തിയ നാശനഷ്ടങ്ങൾ ഓർത്തിട്ട് കൂടി അവനെ വെറുതെ വിടുന്നു. കാരണം ആത്മമിത്രമായിരുന്ന ബാലിയുടെ കൂടി രാജ്യം ആയിരുന്നു ലങ്ക. യുദ്ധാരംഭത്തിനുശേഷം കുംഭകർണ്ണനെ പ്രലോഭനങ്ങളിൽ വീഴ്ത്താൻ ശ്രമിക്കുന്ന വിഭീഷണൻ വീണ്ടും പ്രത്യക്ഷപ്പെടുന്നു. രാമപക്ഷത്ത് ചേർന്നാൽ രാവണന് പകരം രാക്ഷസത്തലവനായി അങ്ങയെ രാമൻ വാഴിക്കുമെന്ന് പറയുന്ന വിഭീഷണൻ തന്നെയാണ് പിന്നീട് ക്ഷീണിതനായ കുംഭകർണ്ണനെ നേരിടാൻ മടിച്ചുനിന്ന രാമനെ സംഘമായി ആക്രമിച്ചു കൊല്ലാനുള്ള ഉപദേശവും നൽകുന്നത്. അമ്പത് വർഷത്തോളം വിഭീഷണനെ തീറ്റിപ്പോറ്റി വളർത്തിയ രാവണനെ ചതിച്ചതിൽ ആത്മരോഷം കലർന്ന് സംസാരിക്കുന്നുണ്ട് കുംഭകർണ്ണൻ. ദേഹത്ത് തറച്ച അസ്ത്രങ്ങൾ വലിച്ചെടുക്കാൻ മുട്ടുകൾക്കിടയിൽ ഗദവെച്ച് ഒരുമാത്ര യുദ്ധം നടത്തുന്ന കുംഭകർണ്ണന്റെ മരണം മഹാഭാരതത്തിലെ കർണന്റെ മരണത്തെ ഓർമ്മപ്പെടുത്തുന്നതാണ്. എല്ലാ യുദ്ധനീതിയും അവർ കാറ്റിൽ പറത്തി.

ഗവൺമെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

'പെരും ആളി'ൽ രാവണസത്വം ഒരു ഗ്രീക്ക് ദുരന്തനായകന്റെ അവസ്ഥകൾക്ക് തുല്യമാകുന്നത് മൂർദ്ധന്യാവസ്ഥയിലെത്തുമ്പോഴാണ്. മായായുദ്ധത്തിന്റെ സാമഗ്രികൾ വിഭീഷണന്റെ ചാരൻ മോഷ്ടിച്ചു കൊണ്ടുപോകുന്നതുമുതൽ അത് പ്രകടമാകുന്നു. മണ്ഡോദരിയുടെ കുറ്റസമ്മതമാണ് മറ്റൊന്ന്.' എന്നോട് ക്ഷമിക്കുമോ എന്നറിയില്ല. എങ്കിലും ഇന്നെങ്കിലും എനിക്കിത് പറയാതിരിക്കാൻ വയ്യ. ഇനിയും ആ ഭാരം ഹൃദയത്തിന് താങ്ങാനുള്ള ശേഷിയില്ല', 'മേഘനാദൻ അങ്ങയുടെ പുത്രനല്ല. നശിച്ച ഒരു നിമിഷത്തിൽ ആരുമറിയാതെ ഞാൻ ചെയ്ത പാപം.' (പുറം.139). മണ്ഡോദരിയുടെ ഈ വാക്കുകൾ കേട്ട് കോപാകുലനാകുന്ന രാവണനെയല്ല ഇവിടെ കാണാൻ സാധിക്കുക, മറിച്ച് 'എനിക്കെല്ലാമറിയാമായിരുന്നു. നിന്നെ ഞാൻ കണ്ടെത്തിയ നാൾക്കുമുമ്പ്, ഹിമാലയത്തിൽ വച്ച് മുത്തച്ഛന്റെകൂടെ താമസിച്ചകാലത്തുണ്ടായവൻ. മണ്ഡോദരി, നീയെന്തുതന്നെ പറഞ്ഞാലും മേഘനാദൻ എന്റെ മകനാണ്, എന്റെ മാത്രം പുത്രൻ' (പുറം.140) എന്ന് ഭാര്യയെ സമാശ്വസിപ്പിക്കുന്ന കാമുകനും ഭർത്താവുമായ രാവണനെയാണ്. പുത്രവാത്സല്യത്തിന്റെ, ഭാര്യയോടുള്ള ആത്മാർത്ഥസ്നേഹത്തിന്റെ ശക്തഭാവമാണ് രാവണസ്വത്വം പ്രകടമാക്കുന്നത്. വേദവദിയടക്കമുള്ള മറ്റ് സ്ത്രീകളോട് രാവണൻ അറിഞ്ഞും അറിയാതെയും ചെയ്ത പാപങ്ങളെ ഒറ്റനിമിഷം കൊണ്ട് എഴുത്തുകാരൻ ന്യായീകരിക്കുന്നു. ഏതു പാപകർമ്മത്തെയും പുണ്യമാക്കിത്തീർക്കുന്ന നന്മയുടെ ഒരു രക്ഷാകവചം എഴുത്തുകാരൻ രാവണന് അണിയിക്കുന്നു.

നികുംഭിലയിലെ രഹസ്യ അറയിൽ പൂജയിൽ ഏർപ്പെട്ടിരിക്കുന്ന രാവണന്റെ പ്രാർത്ഥനയെ തടസ്സപ്പെടുത്താനായി, മാതൃതുല്യയായ ജേഷ്ഠത്തിയെ നശിപ്പിക്കുവാനായി, വാനരനെ അയയ്ക്കുന്ന വിഭീഷണനെയും യുദ്ധരംഗത്ത് ഇക്കാര്യങ്ങൾ ചൂണ്ടിക്കാട്ടി രാവണനെ മാനസികമായി തളർത്തുന്ന രാമപക്ഷത്തെയും എഴുത്തുകാരൻ എടുത്തുകാട്ടുന്നതിലൂടെ നീതീകരിക്കാവുന്ന ധാരാളം കാരണങ്ങൾ രാവണപക്ഷത്തുള്ളതായി സഹൃദയന് തോന്നുന്നു. ഈ മാനസികമായ പരാജയത്തിൽ നിന്നാണ് മന:പൂർവ്വം മരണത്തിന് കീഴടങ്ങുന്ന രാവണനെ എഴുത്തുകാരൻ അവതരിപ്പിക്കുന്നത്. രാവണനെ ശാരീരികമായി തളർത്തുവാൻ രാമന് കെല്പില്ലാതാവുന്നതോടുകൂടിയാണ് മാനസിക സമ്മർദ്ദങ്ങളിലൂടെ പരാജിതരാക്കുന്നത്. രാവണന്റെ അസാമാന്യ വ്യക്തിപ്രഭയിൽ രാമൻ അത്ഭുതപ്പെട്ടിരുന്നു എന്നതിന് തെളിവാണ് മരണശയ്യയിൽ കിടക്കുന്ന രാവണനെ പ്രശംസിച്ചുകൊണ്ട് വിഭീഷണനോട് നടത്തുന്ന സംഭാഷണം. 'വിഭീഷണാ, മഹാത്മാവാണ് നിന്റെ ജ്യേഷ്ഠൻ. അഭ്യർത്ഥിക്കുന്നവരെ തൃപ്തരാക്കും വിധം ദാനം ചെയ്തു, ആശിച്ച സുഖങ്ങളെല്ലാം അനുഭവിച്ചു, നല്ല രാജാവെന്ന പേരുനേടുംവിധം ആശ്രിതരെ ഭരിച്ചു, സുഹൃത്തുക്കളെ ഏറ്റവും നന്നായി പരിചരിച്ചു, ശത്രുവിനോട് പോരാടി, മഹാതപസ്സ് അനേകകാലം ചെയ്തവൻ, വേദങ്ങളെല്ലാം തികച്ചുമറിയുന്നവൻ, ഉത്തമങ്ങളായ കർമ്മങ്ങൾ നിർവഹിക്കുന്നതിൽ മഹാശൂരൻ ജീവനെ വെടിഞ്ഞു. യോജിച്ച രീതിയിൽ സംസ്കാരം നടത്തൂ' (പുറം.151). പലപ്പോഴും മനപ്പൂർവ്വമല്ലാത്ത കാരണങ്ങളാൽ, തന്റേതല്ലാത്ത പ്രവൃത്തികളാൽ ശാപം നേരിടേണ്ടിവന്ന ജീവിതമായിരുന്നു രാവണന്റേത്. എങ്കിലും തന്റെ ഏത് പ്രവൃത്തിക്കും രാവണന് തന്റേതായ ന്യായവാദങ്ങൾ നിരത്താനു

ണ്ടായിരുന്നു. വ്യക്തിത്വത്തിലുള്ള അമിത ആത്മവിശ്വാസം ഒരേസമയം രാവണന്റെ ഉയർച്ചയ്ക്കും തകർച്ചയ്ക്കും കാരണമായി.

ചിതറിപ്പോകുന്ന സ്വത്വ വൈവിധ്യങ്ങളുടെ ഉത്തരാധുനിക പരിസരത്തിൽ നിർത്തി രാവണസ്വത്വത്തിന്റെ മാനങ്ങൾ തിരയുകയാണ് 'പെരും ആൾ' എന്ന നോവലിൽ. ലോകം വലുതാവുകയും ഭാഷ, ദേശം, വംശസ്വത്വങ്ങൾ ആഗോളീകരണത്തിന്റെ പെരും ആൾ വിഴുങ്ങുകയും ചെയ്യുന്ന കാലത്ത്, രാവണന്റെ സ്വത്വപുനർവായന മാനവികതയെക്കുറിച്ചും മനുഷ്യനെനിർണയിക്കുന്ന സ്വത്വഘടകങ്ങളെക്കുറിച്ചുമുള്ള നൂതനാവബോധത്തിലേക്ക് നമ്മെ നയിക്കുന്നു.

## സഹായകഗ്രന്ഥങ്ങൾ

1. *ഫാദർ കാമിൽ ബുൽക്കെ, രാമകഥ, തൃശ്ശൂർ: കേരളസാഹിത്യ അക്കാദമി, 1999*
2. *രമേശൻ ബ്ലാത്തൂര്, പെരും ആൾ, കോട്ടയം: ഡി.സി.ബുക്സ്, 2014*
3. *ശ്രീകണ്ഠൻ നായർ സി.എൻ., നാടകത്രയം., കോട്ടയം: ഡി.സി. ബുക്സ്,2003*
4. *ശ്രീധരൻ ഡോ.എ.എം, വിവർത്തനവും സംസ്കാരപഠനവും., പയ്യന്നൂർ: സംസ്കൃത സർവകലാശാല, 2012*
5. *സാറാജോസഫ്, ഊരുകാവൽ, തൃശ്ശൂർ: കറന്റ് ബുക്സ്, 2013*
6. *സാറാജോസഫ്, പുതുരാമായണം, തൃശ്ശൂർ: കറന്റ് ബുക്സ്, 2017*

ഗവൺമെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

# അരികുജീവിതത്തിന്റെ അടയാളങ്ങൾ: സമകാലികകഥകളിലെ നവോത്ഥാന നേതാക്കന്മാരെ മുൻനിർത്തിയുള്ള പഠനം

**ഡോ. രഞ്ജു രവി**
അസിസ്റ്റൻറ് പ്രൊഫസർ, മലയാളവിഭാഗം, പി. എം. ഗവ. കോളെജ്, ചാലക്കുടി

**പ്രബന്ധസംഗ്രഹം**

സാഹിത്യത്തിൽ ഇന്ന് കീഴാളജീവിതം അഭിസംബോധന ചെയ്യുന്ന കൃതികൾ ധാരാളമാണ്. അത്തരത്തിലുള്ള കൃതികൾ നിലവിലുള്ള സവർണ്ണമേൽക്കോയ്മയെയും രാഷ്ട്രീയ അധികാരവ്യവസ്ഥയെയും ശക്തമായി ആവിഷ്കരിക്കുന്നു. ഈ പ്രബന്ധത്തിൽ നവോത്ഥാനനായകന്മാരെ സൂചനയാക്കികൊണ്ട് കീഴാളജീവിതത്തെ അടയാളപ്പെടുത്തുന്ന നാല് കഥകളാണ് പഠനവിധേയമാക്കുന്നത്. ഉണ്ണി. ആറിന്റെ 'മണ്ണിര', 'ഒറ്റപ്പെട്ടവൻ', എസ്. ഹരീഷിന്റെ 'രസവിദ്യയുടെ ചരിത്രം', 'മോദസ്ഥിതനായങ്ങു വസിപ്പൂ മലപോലെ' തുടങ്ങിയവയാണ് അവ.

***താക്കോൽവാക്കുകൾ:*** കീഴാളത, നവോത്ഥാനം, ജാതീയത, മതം, അധികാരം.

## ആമുഖം

സാഹിത്യം നിരന്തരമായ പരിണാമങ്ങൾക്ക് വിധേയമാണ്. വിശാലമായ ക്യാൻവാസിൽ അവതരിപ്പിക്കേണ്ട പ്രമേയങ്ങൾപോലും ചെറുകഥകളിൽ അവതരിപ്പിക്കപ്പെടുന്നുണ്ട്. കീഴാളജീവിതം, പരിസ്ഥിതി, സ്ത്രീസ്വത്വപ്രതിനിധാനം, എൽ. ജി. ബി. റ്റി ക്യൂർ സമൂഹം എന്നിങ്ങനെ വിവിധവിഷയങ്ങൾ ചെറുകഥകളിൽ ചർച്ച ചെയ്യപ്പെടുന്നുണ്ട്.

മലയാളചെറുകഥാസാഹിത്യത്തിൽ ആഖ്യാനത്തിലും പ്രമേയസ്വീകരണത്തിലും നവീനഭാവുകത്വത്തെ അടയാളപ്പെടുത്തിയ ചെറുകഥാകൃത്തുക്കളാണ് ഉണ്ണി. ആറും എസ്. ഹരീഷും. ഇവരുടെ ചില കഥകൾ നവോത്ഥാന നായകന്മാരെ മുൻനിർത്തിയുള്ള തായിരുന്നു. ഇപ്രകാരം ആഖ്യാനം നിർവ്വഹിക്കുമ്പോഴും നവോത്ഥാനചരിത്രസംഭവ ങ്ങളൊന്നും കഥകളിൽ ആവിഷ്കരിക്കപ്പെടുന്നില്ല. അത്തരത്തിലുള്ള നാല് കഥകളാണ് ഈ പ്രബന്ധത്തിൽ പഠനവിധേയമാക്കുന്നത്. ഉണ്ണി ആറിന്റെ 'മണ്ണിര', 'ഒറ്റപ്പെട്ടവൻ', എസ്. ഹരീഷിന്റെ 'രസവിദ്യയുടെ ചരിത്രം', 'മോദസ്ഥിതനായങ്ങു വസിപ്പൂ മലപോലെ' തുടങ്ങിയ കഥകളാണ് ഇവിടെ പഠനത്തിനായി സ്വീകരിച്ചിരിക്കുന്നത്. നവോത്ഥാന നായകന്മാരെ കുറിച്ചുള്ള ഓർമ്മപ്പെടുത്തലുകളായി ഈ കഥകൾ മാറുന്നു. ഓരോ കഥകളും നിലവിലുള്ള രാഷ്ട്രീയ അധികാരവ്യവസ്ഥകളെ സസൂക്ഷ്മം അവതരിപ്പിക്കുന്നു.

ഉണ്ണി ആറിന്റെ 'മണ്ണിര'യിൽ അയ്യങ്കാളിയും 'ഒറ്റപ്പെട്ടവനി'ൽ പൊയ്കയിൽ അപ്പച്ചനും സൂചിതമാകുന്നു. ഹരീഷിന്റെ 'രസവിദ്യയുടെ ചരിത്ര'ത്തിൽ ചട്ടമ്പിസ്വാമിയും തൈയ്ക്കാട് അയ്യാഗുരുവും ശ്രീ നാരായണഗുരുവും 'മോദസ്ഥിതനായങ്ങു വസിപ്പൂ മലപോലെ' എന്ന കഥയിൽ ശ്രീ നാരായണഗുരുവും പ്രതിപാദ്യമാകുന്നു.

## മണ്ണിന്റെ ഇരകൾ

അയ്യങ്കാളിയെ സൂചിതമാക്കിക്കൊണ്ട് ദളിതരുടെ ജീവിതത്തെ ആവിഷ്കരിക്കുന്ന കഥയാണ് ഉണ്ണി. ആറിന്റെ 'മണ്ണിര'. മനുഷ്യരുടെ ദൈനംദിന ജീവിതത്തിൽ നിന്ന് ഒഴിച്ചുകൂടാനാവാത്ത കക്കൂസാണ് ഇവിടെ പ്രശ്നവൽക്കരിക്കുന്നത്. അയ്യങ്കാളിയുടെ എല്ലാ ചരമദിനത്തിലും പാപ്പൂട്ടിയും താളിയും ഉറക്കെ കരയും. അവരുടെ കരച്ചിലിൽ നിന്നാണ് അയ്യങ്കാളിയുടെ ചരമദിനത്തെക്കുറിച്ച് നാട്ടുകാർ ഓർക്കുന്നത്.

പുറംപോക്കിലെ താമസക്കാരാണ് പാപ്പൂട്ടിയും താളിയും. അവർക്ക് സ്വന്തമായി കക്കൂസ് ഇല്ല. ഇവർ പുലർച്ചെ ചെറുവെട്ടങ്ങളെയും തെളിയിച്ചുകൊണ്ട് റബ്ബർചോട്ടിലേക്ക് നടക്കും. ചുവടെത്തിയാൽ പലയിടത്തായി അവർ കുന്തിച്ചിരിക്കും. പാപ്പൂട്ടി താളിയുടെ അടുത്ത് മാത്രമേ ഇരിക്കാറുള്ളൂ. പാപ്പൂട്ടിയും താളിയും വാർദ്ധക്യത്തിലും സ്നേഹാർദ്രമായാണ് ജീവിക്കുന്നത്. കൂടെയുള്ളവർ തമാശയ്ക്ക് പാപ്പൂട്ടിയോട് ഒരു ചോദ്യം ചോദിക്കുന്നുണ്ട്: 'ഇത്രേം സ്നേഹാണേല് ചേച്ചിക്കൊരു കക്കൂസ് കുത്തിക്കൊടുക്കാൻമേലെ?' മരിക്കു ന്നതിനുമുമ്പ് സ്വന്തമായൊരു കക്കൂസിലിരിക്കണമെന്ന ഒരൊറ്റ ആഗ്രഹമായിരുന്നു താളിക്ക് ഉണ്ടായിരുന്നത്. പുറംപോക്കിൽ കൂരകെട്ടിയ സമയത്ത് തന്നെ പഞ്ചായത്തു കാരും നാട്ടുകാരും അവിടെ തീട്ടക്കുഴി കുത്തി നാറ്റിക്കരുതെന്ന് വിലക്കിയിരുന്നു. അങ്ങനെ ഇടുങ്ങിയ സ്ഥലത്ത് അവരുടെ ദൈനംദിന ജീവിതവും ഇടുങ്ങി. തുടർന്ന് സർക്കാർ എല്ലാവർക്കും ഭൂമി പതിപ്പിച്ചു നൽകുന്നതായി പാപ്പൂട്ടി അറിയുമ്പോൾ 'മാറേണ്ടിവരും' എന്ന് താളിയോട് പറയുന്നു. കൂട്ടായ ജീവിതത്തിൽ നിന്നും അവർക്ക് ഒറ്റപ്പെട്ട പ്രദേശങ്ങളി ലേക്ക് മാറേണ്ടിവരുന്നു. താളിക്കും പാപ്പൂട്ടിക്കും കിട്ടുന്നത് ആൾതാമസമില്ലാത്ത കുന്നിൻ പുറമാണ്.

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

ഉണ്ണി. ആറിന്റെ കഥകളിൽ യാഥാർത്ഥ്യവും ഭ്രമാത്മകതയും കൂടിക്കലരാറുണ്ട്. കുന്നിൻമുകളിൽ കക്കൂസ്കുഴി വെട്ടുമ്പോൾ പാപ്പൂട്ടിക്ക് അവിടെ നിന്നും വലിയ ഒരു കല്ല് കിട്ടുന്നു. രാത്രിയിൽ വരുന്ന ശിവനും പാർവ്വതിയും പത്താം നൂറ്റാണ്ടിലെ ഭാസ്കര രവിവർമ്മയുടെ കാലത്ത് തീർത്ത ഉമാമഹേശ്വരന്മാരാണതെന്ന് പറഞ്ഞുകൊടുക്കുന്നു. ശിവനും പാർവതിയും അവിടെയിരുന്ന പൂന്താനത്തിന്റെ ഭാഗവതപാരായണം കേൾക്കുന്നു; ഭക്തിവിഷയത്തിൽ പൂന്താനം തന്നെയാണ് മേലെയെന്നും പ്രതിപാദിക്കുന്നു. അവർ ശിവപാർവതിയുടെ നിർദ്ദേശപ്രകാരം കല്ലിനെ രണ്ടായി വിടർത്തി കക്കൂസാക്കാൻ തീരുമാനിക്കുന്നു. പാപ്പൂട്ടി പോകുമ്പോൾ ശിവൻ പാർവതിയോട് പറയുന്നുണ്ട്: 'നിന്ദിക്കുന്നവരാരോ അവർ അജ്ഞരല്ല, കുറ്റവാളികളാണ്.' അങ്ങനെ പാപ്പൂട്ടിയും താളിയും കുറ്റവാളികളായി മാറുന്നു. പോലീസ് പാപ്പൂട്ടിയെ പിടിക്കുന്നു. പാപ്പൂട്ടിക്ക് എത്ര വയസ്സായി എന്ന് പോലീസുകാരൻ ചോദിക്കുമ്പോൾ 'മഹാത്മാ അയ്യങ്കാളി മരിക്കുമ്പോൾ പത്തോ പന്ത്രണ്ടോ വയസ്സായിരുന്നു' എന്ന് പാപ്പൂട്ടി മറുപടി പറയുന്നു. അയ്യങ്കാളിയെ 'മഹാത്മാ' എന്ന് സംബോധന ചെയ്യുമ്പോൾ നാട്ടുകാരും പോലീസുകാരും അദ്ദേഹത്തെ കളിയാക്കുന്നു. പാപ്പൂട്ടിയെ സംബന്ധിച്ചിടത്തോളം അയ്യങ്കാളി മഹാത്മാവാണ്. ദളിതനായതുകൊണ്ട് 'മഹാത്മാവ്' എന്ന് പേര് ചേർത്ത് പറയുമ്പോൾ ആ വിളി മറ്റുള്ളവരിൽ അസ്വസ്ഥത ഉണ്ടാക്കുന്നു. പോലീസ് പാപ്പൂട്ടിയോട് ചോദിക്കുന്നു. 'ഈ രണ്ടായി പൊട്ടിച്ചിരിക്കുന്നത് എന്താണെന്ന് നിനക്കറിയാമോ?' പാപ്പൂട്ടിയുടെ മറുപടി 'ചെയ്തോളാൻ പറഞ്ഞിട്ടാ സാറേ ഞാൻ ചെയ്തത്?' പോലീസുകാർ പാപ്പൂട്ടിയെ കൊണ്ടുപോകുന്നു. പാപ്പൂട്ടിയെ ജയിലിൽ കൊണ്ടുപോയതിന്റെ മൂന്നാംനാൾ താളി മരിച്ചു. ശിവനും പാർവതിയും വരുമ്പോൾ താളിയെ പൊതുശ്മശാനത്തിൽ അടക്കിക്കഴിഞ്ഞിരുന്നു. താളിയുടെ മരണത്തിൽ പങ്കുചേരാനായി പോത്തേരി കുഞ്ഞമ്പുവിന്റെ 'സരസ്വതീ വിജയ'ത്തിലെ നായകനായ യേശുദാസും, തിരുവിതാംകൂർ മിഷണറിയായിരുന്ന ജോൺ ഹാസ്വർത്തിനോട് പുലയരുടെ അടിമത്തത്തെക്കുറിച്ച് പറഞ്ഞ തേവത്താനും പങ്കെടുക്കുന്നു. ഒപ്പം പൂന്താനത്തിന്റെ ഭക്തിസാന്ദ്രമായ മഹാഭാരതപാരായണവും കേൾക്കാം.

'മണ്ണിര' എന്ന കഥയിൽ മണ്ണിന്റെ ഇരകളായി തീരുന്ന ദളിതരുടെ ജീവിതത്തെയാണ് ആവിഷ്കരിച്ചിരിക്കുന്നത്. അയ്യങ്കാളിയെ സൂചനയാക്കിക്കൊണ്ടാണ് കഥാകൃത്ത് ഒരു കാലഘട്ടത്തിലെ ഭൂസമരവും ജന്മിത്വവ്യവസ്ഥയും പ്രതിപാദിച്ചിരിക്കുന്നത്. ജനാധിപത്യമായവ്യവസ്ഥയിൽ അവർക്ക് ഒരിടത്തും തുല്യപ്രാതിനിധ്യം ലഭിക്കുന്നില്ല. പഴയ സ്ഥലത്ത് നിന്നും പുതിയ സ്ഥലത്തേക്ക് ചേക്കേറുമ്പോൾ അവർ കുറ്റവാളികളായിത്തീരുന്നു. വിശ്വാസവും ഭക്തിയും വിശുദ്ധിയും നിയമങ്ങളും അവരെ കുറ്റവാളികളാക്കുന്നു.

## ഒറ്റപ്പെട്ടവന്റെ സുവിശേഷം

പൊയ്കയിൽ അപ്പച്ചൻ കടന്നുവരുന്ന ഉണ്ണി. ആറിന്റെ കഥയാണ് 'ഒറ്റപ്പെട്ടവൻ'. ഈ കഥയിലും യാഥാർത്ഥ്യവും അയാഥാർത്ഥ്യവും കൂടിക്കലരുന്ന ആഖ്യാനരീതിയാണ് ഉണ്ണി, ആർ ഉപയോഗിച്ചിട്ടുള്ളത്. യേശു കൊലപാതകിയായി മുദ്രകുത്തിയ അക്കിരിയെ

തേടിപ്പോകുന്നതാണ് കഥ. മദ്യപാനികളായ രണ്ട് കഥാപാത്രങ്ങളാണ് ചന്ദ്രനും ഗോവിന്ദ നും. അവർ മദ്യം വാങ്ങിക്കാൻ കാശില്ലാതെ വരുമ്പോൾ പള്ളിമേടയിലെ അച്ചന്റെ അലമാരയിൽ ഇരിക്കുന്ന കുപ്പി എടുക്കാൻ തീരുമാനിക്കുന്നു. 'ദാഹിച്ചു വലഞ്ഞവൻ ജലമെടുക്കുന്നതും വിശക്കുന്നവൻ ഭക്ഷണമെടുക്കുന്നതും തെറ്റല്ലെങ്കിൽ, മദ്യപാനികളായ രണ്ടുപേർ ഉപയോഗമില്ലാതിരിക്കുന്ന ഒരു കുപ്പി മദ്യം എടുക്കുന്നത് മോഷണമല്ലെന്നും അത് മദ്യത്തിനെ അതിന്റെ യഥാർഥ കർമ്മത്തിലേക്ക് മോചിപ്പിക്കുകയാണെന്നും ഗോവിന്ദൻ പറഞ്ഞതുകേട്ട് ചന്ദ്രൻ അന്തംവിട്ടു.'[1] അവർ മദ്യപിക്കാനായി സെമിത്തേരിയിൽ പോകുന്നു. അവിടെ നിന്നാണ് കഥയുടെ ചുരുൾ അഴിയുന്നത്. അവർ ഇരിക്കുന്ന കല്ലറ തുണ്ടിലെ മത്തായിച്ചന്റേതായിരുന്നു. മത്തായിയുടേത് ദുർമരണമാണെന്നും തലേം മുഖവും കാണാൻപോലും പറ്റാതെ കൊടുവാളിട്ട് വെട്ടിയതാണെന്നും ചന്ദ്രൻ പറയുന്നു. കൊന്നത് പെലയനായ അക്കിരിയാണെന്നും. പരോളിനിറങ്ങിയ അക്കിരിയെ രണ്ട് വർഷമായിട്ട് പോലീസിന് പിടിക്കാൻ കഴിഞ്ഞിട്ടില്ല. 'എങ്ങനെ കിട്ടും' ചന്ദ്രൻ ഒച്ചതാഴ്ത്തി: 'പൊലയനല്ലേ, ഒടിവിദ്യ കാണും. അല്ലേല് വീട്ടിക്കിടന്നുറങ്ങിയ മത്തായിച്ചനു പാതിരായ്ക്ക് പള്ളിമുറ്റത്ത് വന്ന് വെട്ടുകിട്ടി കെടക്കേണ്ടിവരുവോ?'[2] അവർ മദ്യപിച്ച് പള്ളിമേടയിൽ നിന്ന് പോകുന്ന സമയത്ത് താടിയും മുടിയും വളർത്തിയ ഒരാൾ പള്ളിയിൽ നിന്ന് ഇറങ്ങിപ്പോകുന്നത് അവർ കാണുന്നു. 'അയ്യോ, അത് നമ്മുടെ യേശുവല്ലേ?' എന്ന് ചന്ദ്രൻ പറയുന്നു. യേശു അക്കിരി ഒളിച്ച് താമസിക്കുന്ന കുന്നിൻപുറത്ത് എത്തുന്നു. അക്കിരി യേശുവിനോട് സാധാരണ വ്യക്തിയോടെന്നപോലെ പെരുമാറുന്നു. അക്കിരി യേശുവിനോട് ചോദിക്കുന്നുണ്ട്: 'എന്നാത്തിനാ ഇതുവഴി വന്നേ?' യേശുവിന്റെ മറുപടി: 'അവിടെപ്പോഴും സഭക്കാരുടെ വഴക്കാണ്.' അക്കിരി തന്റെ കഥകൾ എല്ലാം യേശുവിനോട് പറയുന്നു. തന്റെ പിതാവ് മരിച്ചപ്പോൾ പള്ളിയിൽ അടക്കാൻ മത്തായി സമ്മതിച്ചില്ലാ യിരുന്നു. 'നമ്മടപ്പനമ്മമാർ കെടക്കുന്നേടത്തു പെലയനെ കെടത്താൻ പറ്റില്ലാന്ന്!' മത്തായി പറഞ്ഞു. അക്കിരി തന്റെ പിതാവിനെ വരമ്പേല് കുഴികുത്തി വെള്ളം കെട്ടിയ മണ്ണിലാണ് കുഴിച്ചിട്ടത്. അക്കിരി യേശുവിനോട് ചോദിക്കുന്നുണ്ട്: 'സഭയിലെ വഴക്കിന്റെ പേരിൽ മത്തായിച്ചനെ കൈപ്പുഴേന്ന് വന്നവർ കൺമുന്നിലിട്ടല്ലേ വെട്ടിക്കൊന്നത്. അന്ന് എല്ലാം കണ്ടുനിന്ന ആളല്ലേ? എന്നിട്ടെന്നാ എന്നെ രക്ഷിക്കാഞ്ഞേ? ഞങ്ങള് മാർക്കംകൂടി വന്ന പുതുക്രിസ്ത്യാനികളായതുകൊണ്ടാണോ?'[3] ഇവിടെയാണ് പൊയ്കയിൽ അപ്പച്ചന്റെ പേര് പ്രസക്തമാകുന്നത്. യേശു ദൂരേക്ക് നോക്കി നിന്നുകൊണ്ട് പൊയ്കയിൽ അപ്പച്ചന്റെ പാട്ട് ശ്രദ്ധിക്കുന്നു. യേശു ആണ് പൊയ്കയിൽ അപ്പച്ചനെക്കുറിച്ച് അക്കിരിക്ക് പറഞ്ഞു കൊടുക്കുന്നത്. അക്കിരി തനിക്ക് അറിയാവുന്ന കാര്യങ്ങൾ യേശുവിനും പഠിപ്പിച്ചു കൊടുക്കുന്നു. 'അക്കിരി യേശുവിനെ നീന്തൽ പഠിപ്പിച്ചു. യേശു അക്കിരിയെ അപ്പച്ചന്റെ കുട്ടിക്കാലം കാണിച്ചു.'[4] അക്കിരി യേശുവിനെ മീൻകറി വയ്ക്കാൻ പഠിപ്പിച്ചു. യേശു അക്കിരിയെ പള്ളത്ത് മൂത്ത പറയനെ കാണിച്ചു. അക്കിരി യേശുവിനെ ചൂണ്ടയിടാൻ പഠിപ്പിച്ചു. യേശു അക്കിരിയെ അപ്പച്ചൻ ചങ്ങനാശ്ശേരിയിൽ നിന്ന് പാടുന്നത് കാണിച്ചു. മതത്തിനും ജാതിക്കും അതീതമായി അവിടെയൊരു സൗഹൃദത്തിന്റെ അന്തരീക്ഷം സൃഷ്ടിക്കപ്പെടുന്നു.

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

കഥയുടെ മറ്റൊരു സന്ദർഭത്തിൽ ചാരായവാറ്റുകാരനായ ഔസേപ്പും അക്കിരിയും തമ്മിലുള്ള സംഭാഷണത്തിനിടയിൽ അക്കിരീടെ കൂരേലാരാ പുതിയ പൊറുതി?' എന്നും 'ഒറ്റുന്ന പാർട്ടിയാണോ?' എന്നും ഔസേപ്പ് ചോദിക്കുന്നു. അക്കിരിയുടെ മറുപടി : 'തന്റെ നാട്ടുകാരനാണെന്നും', 'ഒറ്റപ്പെട്ടവനാ'ണെന്നും പറയുന്നു. യൂദാസ് മുപ്പത് വെള്ളിക്കാശിന് വേണ്ടിയാണ് യേശുവിനെ ഒറ്റി കൊടുക്കുന്നത്. അതുപോലെ അക്കിരിയെ ചെയ്യാത്ത കുറ്റത്തിനാണ് സഭക്കാർ അദ്ദേഹത്തെ പോലീസിൽ ഏൽപ്പിക്കുന്നത്.

യേശുവും അക്കിരിയും വാറ്റുചാരായവും കപ്പയും ഉണ്ടാക്കി ദുഃഖവെള്ളി ആഘോഷിക്കാൻ തീരുമാനിക്കുന്നു. എന്നാൽ കുന്നിൻപുറത്ത് ആ സമയത്ത് പോലീസ് വരികയും താടീം മുടീം വളർത്തിയ യേശുവിനെ അക്കിരിയാണെന്ന് വിചാരിച്ച് പിടിച്ചുകൊണ്ട് പോവുകയും ചെയ്യുന്നു. അക്കിരി യേശുവിനെ രക്ഷപ്പെടുത്താൻ നോക്കുമ്പോൾ യേശു അരുതെന്ന് പറഞ്ഞ് അക്കിരിയെ രക്ഷപ്പെടുത്തുന്നു. കുന്നിൻപുറത്ത് നിന്ന് നാട്ടിലേക്ക് വരുമ്പോഴും അക്കിരിക്ക് ഒടിയനായി മാത്രമേ ജീവിക്കാൻ സാധിക്കുന്നുള്ളൂ. യഥാർത്ഥ സ്വത്വം വെളിപ്പെടുത്താൻ സാധിക്കുന്നില്ല.

'മണ്ണിര' എന്ന കഥയിൽ താളിയും പാപ്പൂട്ടിയും തങ്ങളുടേതായ ചെറിയ ലോകത്തിൽ നിന്നാണ് കുന്നിൻപുറത്ത് എത്തപ്പെടുന്നത്. അവർക്ക് നഷ്ടപ്പെട്ടത് കൂട്ടായ്മയുടെ ഒരു ലോകവും കൂടി ആയിരുന്നു. തങ്ങളുടെയൊപ്പം ഉണ്ടായിരുന്നവർക്കും ഒറ്റപ്പെട്ട സ്ഥലങ്ങളാണ് കിട്ടിയത്. അതുകൊണ്ടുതന്നെ 'മാറേണ്ടിവരും' എന്ന തീരുമാനം അവരെ പ്രതിസന്ധിയിൽ എത്തിക്കുന്നു. പാപ്പുട്ടിയും താളിയും തങ്ങളുടെ ഇടങ്ങളിൽനിന്ന് കുന്നിൻപുറത്ത് എത്തുമ്പോഴാണ് കുറ്റവാളികളായിത്തീരുന്നത്. 'ഒറ്റപ്പെട്ടവൻ' എന്ന കഥയിൽ കുറ്റവാളിയായി മുദ്രകുത്തപ്പെടുമ്പോഴാണ് അക്കിരി കുന്നിൻപുറത്ത് എത്തപ്പെടുന്നത്. രണ്ട് കഥകളിൽ യാഥാർത്ഥ്യവും ഫാൻറസിയും കൂടി കലരുന്നത് കാണാവുന്നതാണ്. 'ഒറ്റപ്പെട്ടവനി'ൽ യേശുവും 'മണ്ണിര'യിൽ പാർവ്വതിയും ശിവനുമാണ് പ്രത്യക്ഷപ്പെടുന്നത്. അവിടെ ഭക്തിയാണ് മുന്നിട്ട് നിൽക്കുന്നത്. അതേസമയം ഒറ്റപ്പെട്ടവനിൽ ഭക്തിക്കുപകരം സൗഹൃദാന്തരീക്ഷമാണ് ഉണ്ടാകുന്നത്.

## മനുഷ്യരെ സ്വർണമാക്കുന്ന വിദ്യ

നവോത്ഥാനനേതാക്കാളായ അയ്യാസ്വാമിയും നാണുവും ചട്ടമ്പിയും കടന്നുവരുന്ന കഥയാണ് എസ്. ഹരീഷിന്റെ 'രസവിദ്യയുടെ ചരിത്രം'. ദക്ഷിണാഫ്രിക്കയിലെ ഹേഴ്സ്റ്റിങ്സ് കമ്പനിയുടെ ചാരന്മാർ അയ്യാസ്വാമിയുടെ രസവിദ്യ കണ്ടുപിടിക്കാനായി മലബാർ പ്രദേശത്ത് എത്തുന്നു. 'അയ്യാസ്വാമി എന്നയാൾ വിലകുറഞ്ഞ ലോഹങ്ങളെ സ്വർണമാക്കുന്ന രസവിദ്യ (ആൽക്കെമി) കണ്ടെത്തുന്നതിന്റെ തൊട്ടടുത്തുവരെ എത്തിയതാണ്. എന്നാൽ അജ്ഞാതമായ കാരണങ്ങളാൽ അയാളത് ഉപേക്ഷിച്ചു.'[5] എന്നാൽ ഹേഴ്സിറ്റിങ് കമ്പനിക്കാർ വീണ്ടും രസവിദ്യ അയ്യാസ്വാമി കണ്ടുപിടിക്കുമോ എന്ന് ഭയക്കുന്നു. രസവിദ്യ കണ്ടുപിടിക്കുന്നതിന് മുമ്പായി തന്നെ അവർ അയ്യാസ്വാമിയെ കൊല്ലാൻ തീരുമാനിക്കുന്നു. ഹേഴ്സിറ്റിങ് കമ്പനിക്കാർക്ക് മലയാണ്മ അറിയില്ലായിരുന്നു. അതു മാത്രമല്ല കടലാസ് ഇല്ലാത്തതിനാൽ തിരുവിതാംകോടുകാർ എഴുതിയിരുന്നത് പനയോലയിൽ ഇരുമ്പ് പെൻസിൽകൊണ്ടാണ്. സിലോണിൽ നിന്ന് കൊണ്ടുവന്ന കറുപ്പ്

പ്രതിഫലമായി കൊടുത്ത് അവർ ദ്വിഭാഷിയെ കണ്ടെത്തുന്നു. അദ്ദേഹം മുഖാന്തരം അയ്യാസ്വാമി ആരാണെന്ന് അവർ അറിയുന്നു. 'ഈ നാട്ടിൽ അധികമാരും അറിയാത്ത ചെങ്കൽപേട്ടക്കാരനായ സുബ്ബരായനാണ് ഹേഴ്സിറ്റിങ്സ് കമ്പനി പറയുന്ന അയ്യാസ്വാമി യെന്ന് കുറച്ചുദിവസം കൊണ്ട് എനിക്ക് മനസ്സിലായി. ഈ പേര് എങ്ങനെ കിട്ടിയെ ന്നറിയില്ല. അയാൾ ഒരു ഹഠയോഗിയാണെന്ന് ദ്വിഭാഷി കണ്ടുപിടിച്ചു'[6] അധികം താമസി ക്കാതെ തന്നെ ചാരൻ അയ്യാസ്വാമിയുടെ ശിഷ്യന്മാരായിരുന്ന നാണുവിനെയും ചട്ടമ്പിയെയും കുറിച്ച് അറിയുന്നു. നാണു ഈഴവനും അപരൻ നായരുമാണ് (തെങ്ങിൽ നിന്ന് കള്ള് എന്ന പാനീയം ചെത്തിയെടുക്കുന്ന ജാതിയാണ് ഈഴവർ). ഇവർ ചാരന്മാരാ യിരിക്കുമെന്ന് കമ്പനിക്കാർ തെറ്റിദ്ധരിക്കുന്നു. കാരണം ഈ ജാതിക്കാർ ഒരുമിച്ചു താമസി ക്കുന്നത് തിരുവിതാംകോട് പതിവില്ലാത്ത കാര്യമായിരുന്നു. 'ചട്ടമ്പി ഇരട്ടചാരനായി രുന്നുവെന്നും അവർ വിശ്വസിക്കുന്നു. ഇംഗ്ലീഷുകാർക്ക്വേണ്ടിയും തിരുവിതാംകോട് രാജാവിന്വേണ്ടിയും ഒരേസമയം അയാൾ ആൽക്കെമി രഹസ്യങ്ങൾ ചോർത്തി ക്കൊടുത്തിരുന്നു. ചോളഭാഷയിലും ഗ്രന്ഥങ്ങളിലും അതീവ താൽപ്പര്യം കാണിച്ചിരുന്ന നാണു ചട്ടമ്പിയുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കാനെത്തിയ മറ്റൊരു ഇംഗ്ലീഷ് ചാരനായിരിക്കണം. മലയാണ്മയിലല്ലാതെ മറ്റൊരു ഭാഷയിലും ഇവർ ആശയവിനിമയം നടത്തുന്നുണ്ട്. പ്രതീക്ഷിച്ചതിലും കഠിനമായ ജോലിയാണ് ഇവർക്കിടയിൽ നിന്ന് ചെയ്തു തീർക്കേണ്ടത്'[7] എന്ന് കമ്പനിക്കാർ തിരിച്ചറിയുന്നു. പാശ്ചാത്യ ഗവേഷകർ ഭൗതിക വാദത്തിൽ ഊന്നിനിന്നുകൊണ്ടാണ് ആത്മീയതയെ നോക്കിക്കാണുന്നത്. 'മരിക്കുന്നതി നുള്ള തയ്യാറെടുപ്പ് മാത്രമാണ് മലബാറുകാർക്ക് ജീവിതം' എന്നും പരകായപ്രവേശന ത്തിലും ഇവർ വിശ്വസിച്ചിരുന്നുവെന്നും കഥയിൽ പറയുന്നുണ്ട്. ചൈനയിൽ മരിക്കാതിരി ക്കാനുള്ള മരുന്ന് അന്വേഷിക്കുകയായിരുന്നു അവിടത്തെ ആൽക്കെമിസ്റ്റുകൾ.

ഇരുമ്പിനെപ്പോലും സ്വർണമാക്കുന്ന രസവിദ്യ ആരംഭിച്ചതറിഞ്ഞ് രാജ്യത്തിന്റെ പല ഭാഗങ്ങളിൽ നിന്നും ജനങ്ങൾ അവിടെ എത്തിച്ചേർന്നിരുന്നു. വന്നവർ ധാരാളം ഇരുമ്പ് സാധനങ്ങളും ഉപയോഗശൂന്യമായതും നല്ലതും മാരകായുധങ്ങളുൾപ്പെടെ കരുതിയി രുന്നു. രാജാവിന്റെ പ്രതിനിധികളും അവിടെ എത്തിയിരുന്നു. താഴ്ന്ന ലോഹങ്ങളെ സ്വർണ്ണമാക്കുന്ന പ്രക്രിയ പൂർണ്ണമാകണമെങ്കിൽ ഒരു അമൂല്യവസ്തു അതിൽ ലയിക്കണ മെന്ന സൂചന ആശ്രമത്തിൽ ഉണ്ടായി. അയ്യാസ്വാമി നാണുവിനോടും ചട്ടമ്പിയോടും പറഞ്ഞു: 'ഇനി നിങ്ങളാണിതിൽ ലയിക്കേണ്ടത്'. മനുഷ്യരെ സ്വർണ്ണമാക്കുന്ന വിദ്യയാണ് അയ്യാസ്വാമി കണ്ടെത്തിയത്. ഇവിടെ അമൂല്യവസ്തുക്കളായി മാറുന്നത് നാണുവും ചട്ടമ്പിയുമാണ്. മൂല്യച്യുതിയാൽ നശിച്ച സമൂഹത്തിന് നവോത്ഥാനമൂല്യങ്ങൾ കർമ്മത്തി ലൂടെയും ആശയത്തിലൂടെയും സമൂഹത്തിന് പകരാൻ ഇവർക്ക് സാധിച്ചു.

## ജാതിയുടെ സൂക്ഷ്മരാഷ്ട്രീയം

ശ്രീനാരായണഗുരുവിനെ പ്രമേയമാക്കിയ കഥയാണ് എസ്. ഹരീഷിന്റെ 'മോദസ്ഥിത നായങ്ങു വസിപ്പൂ മലപോലെ' എന്ന കഥ. കുമാരനാശാന്റെ 'ഗുരു' എന്ന കവിതയിലാണ് നാരായണഗുരുവിനെ ഇങ്ങനെ പറഞ്ഞിരിക്കുന്നത്. കഥയുടെ ഉൾഭാഗത്ത് ശ്രീനാരായണ ഗുരുവിന്റെ പേര് ഒരിടത്തും വരുന്നില്ലെങ്കിലും ഈ കഥയുടെ പേര് ശ്രീനാരായണ

ഗുരുവിനെ പ്രതിപാദിക്കുന്നു. ജാതിരാഷ്ട്രീയമാണ് കഥയിൽ ചർച്ചചെയ്യുന്നത്. രണ്ട് ജാതിയിൽപ്പെട്ടവരുടെ കല്യാണനിശ്ചയമാണ് കഥയിൽ പ്രമേയമായി വരുന്നത്. പെൺകുട്ടി ഈഴവയും ആൺകുട്ടി നായർ ജാതിയുമാണ്. പെൺകുട്ടിയുടെ കുടുംബക്കാർ ഭക്ഷണ ക്രമത്തിലും വസ്ത്രധാരണത്തിലും ഭാഷാപ്രയോഗത്തിലും നായർക്കൊപ്പം എത്താൻ ശ്രമിക്കുന്നു. ഭക്ഷണക്രമത്തിൽ ഈഴവജാതിയിൽപ്പെട്ട പവിത്രയുടെ കുടുംബം വലിയ മാറ്റങ്ങൾ വരുത്തി. അവർ പരിപ്പുകറിയുടെ കൂടെ കഴിക്കാൻ പശുവിന്റെ നെയ്യ് തന്നെ വരുത്തി. പതിവിനും വിപരീതമായി അവിയലിലും പുളിശ്ശേരിയിലും വെളുത്തുള്ളി ചേർക്കുന്നില്ല. അതുപോലെ ഭാഷാപ്രയോഗത്തിന്റെ കാര്യത്തിലും പവിത്രയുടെ കുടുംബം വലിയ മാറ്റങ്ങൾ വരുത്താൻ ശ്രമിക്കുന്നു. 'ചോറ് തിന്നാനെത്ര പേര് കാണും?' എന്ന് വല്യമ്മ ചോദിക്കുമ്പോൾ 'ചോറ് തിന്നുകാന്നൊന്നും' പറയണ്ടാന്നും 'ചോറുണ്ണാം' എന്ന് പറയണമെന്നും തിരുത്തുന്നു. മറ്റൊരു സന്ദർഭത്തിൽ 'പപ്പടം വറുത്തില്ല' എന്ന് പവിത്ര യുടെ അമ്മ പറയുമെങ്കിലും അത് പെട്ടെന്ന് മാറ്റി 'പപ്പടം കാച്ചാൻ' എന്നാക്കി മാറ്റുന്നു. ചന്ദ്രമോഹനന്റെ വീട്ടുകാരെല്ലാം ഉയർന്ന ജോലിക്കാരും ബിസിനസ്സുകാരുമാണെങ്കിലും അദ്ദേഹത്തിന്റെ അനിയന് തേങ്ങാക്കച്ചവടമാണ്. അതുകൊണ്ടുതന്നെ അവർ അദ്ദേഹത്തെ മാറ്റിനിർത്തുന്നുണ്ട്. എന്നാൽ കല്യാണനിശ്ചയദിവസം അദ്ദേഹത്തിന് വെള്ളക്കരയുള്ള മുണ്ടും വെളുത്ത ഷർട്ടും മേടിച്ച് നായർസമുദായത്തിന്റെ മുന്നിൽ ഉയർത്തിനിർത്താനും ശ്രമിക്കുന്നു. വെള്ളക്കരയുള്ള മുണ്ട് ഇവിടെ നായർജാതിയുടെ പ്രതീകമായി മാറുന്നു. മറ്റൊരു സന്ദർഭത്തിൽ പവിത്ര കല്യാണത്തിന് എടുക്കുന്ന ഇളം മഞ്ഞ നിറത്തിലുള്ള ടോപ്പ് നേരത്തേതന്നെ അവർ കാണാതെ മാറ്റിവയ്ക്കുന്നു. ഈഴവജാതിയാണ് മഞ്ഞനിറം കൂടുതലായും ഉപയോഗിക്കുന്നത്. കല്യാണത്തിന് ഓം എന്നെഴുതിയ വലിയ താലി വേണ്ടെന്നും ചെറിയ പ്ലെയിൻ താലി മതിയെന്നും അനൂപിന്റെ അമ്മ പറയുന്നുണ്ട്. 'ഞങ്ങടെ കാര്യം പറഞ്ഞാ കല്യാണത്തിന് പണ്ട് പുടവ കൊടുക്കുകാന്നാ പറയുന്നെ. വേറെ ചടങ്ങൊന്നുമില്ല. ഇപ്പൊഴാണേ ഒരു താലികെട്ടും മാലയിടീലും കൂടിയായത്.' ഇവിടെയെല്ലാം നായർജാതിയുടെ അധീശത്വം കാണാവുന്നതാണ്.

ചന്ദ്രമോഹനന്റെ പിതാവായ കരുണാകരൻ കൊച്ചായിരുന്നപ്പോൾ നാരായണ ഗുരുവിനെ കാണാൻ പോയിരുന്നു. ഒരു വീട്ടിൽ കയറി എല്ലാവരും ഭക്ഷണം കഴിക്കുമ്പോൾ കരുണാകരൻ മീനില്ലാതെ ഭക്ഷണം കഴിക്കാൻ മടിക്കുന്നു. ഉടൻതന്നെ 'പിള്ളേർക്ക് നോമ്പൊന്നുമില്ല മോനേ' എന്ന് പറഞ്ഞ് മീൻകറി കൊടുക്കുന്നു. മീൻകറി കൂട്ടി കൊതിതീരാത്ത കരുണാകരൻ മീൻചട്ടിയിൽ ചോറിട്ട് തൂത്തുവാരിയുണ്ടു. പിറ്റേദിവസം ഗുരു കരുണാകരനോട് ചോദിക്കുന്നു: 'മീൻ കൂട്ടിയാപ്പോരേ ചട്ടീം വടിച്ച് നക്കണോ!' എന്ന്. ഈഴവജാതിക്കാരുടെ മീനിനോടുള്ള പ്രിയത്വത്തെയാണ് ഇത് കാണിക്കുന്നത്. ഉണ്ണിമാമൻ മുറിയിലെ അക്വേറിയത്തിൽ കിടക്കുന്ന സ്വർണ്ണമീനുകളെ നോക്കിയിട്ട് അതിൽ ഒന്ന് രണ്ട് ചെമ്പല്ലിമീനുകളെ കൂടി ഇടാൻ വയ്യായിരുന്നോ എന്ന് ചന്ദ്രമോഹനനോട് ചോദിക്കുന്നു. ഇത് ഈഴവജാതിക്കാരുടെ മീനിനോടുള്ള താല്പര്യത്തെയാണ് പരിഹസി ക്കുന്നത്.

ഈ കഥയിൽ പ്രധാനമായി പ്രശ്നവൽക്കരിക്കപ്പെടുന്നത് പവിത്രയുടെ വീട്ടിൽ തൂക്കിയിട്ടിരിക്കുന്ന ശ്രീനാരായണഗുരുവിന്റെ ഫോട്ടോ ആണ്. അത് കല്യാണദിവസം

---

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

അവിടെനിന്നു മാറ്റാൻ ഉണ്ണിമാമൻ ആവശ്യപ്പെടുന്നു. തന്റെ പിതാവായ കരുണാകരനാണ് ആ ഫോട്ടോ അവിടെ തൂക്കിയിരിക്കുന്നത്. കള്ള്ഷാപ്പ് നടത്തുകയായിരുന്നു കരുണാകരൻ. ഷാപ്പിൽ വന്ന ഒരു കവി, ആ ഫോട്ടോ അവിടെ ഇരിക്കുന്നത് കള്ളിനും ഫോട്ടോക്കും അപമാനമാണെന്ന് പറയുമ്പോഴാണ് ആ ഫോട്ടോ കരണാകരൻ വീട്ടിൽ വയ്ക്കുന്നത്. ആൺവീട്ടുകാർ പറഞ്ഞതുകൊണ്ട് പവിത്രയുടെ കുടുംബം ആ ഫോട്ടോ മാറ്റുകയും ആ സ്ഥാനത്ത് ചതുർബാഹുവായ ഭഗവാന്റെ പടം അവിടെ തൂക്കുന്നു. നായർ സമുദായത്തിന്റെ അധീശത്വം ഇവിടെയും പ്രകടമാണ്. കല്യാണം കഴിഞ്ഞതിനുശേഷം രണ്ട് കുടുംബക്കാരനും ഗുരുവായൂരിൽ പോകുന്നു. രാവിലെ ചന്ദ്രമോഹൻ പല്ലുതേച്ചു കഴുകിയ ബ്രഷ് അരയിൽ മുണ്ടോടു ചേർത്ത് കത്തിപോലെ കുത്തിനിർത്തിയത് അനൂപിന്റെ അച്ഛൻ കാണുന്നു. പനകയറ്റുകാരൻ കുഞ്ഞപ്പനെ ഓർമ്മവന്നെങ്കിലും അയാളത് തിരുത്തുന്നു. ഈഴവരുടെ കുലത്തൊഴിലായിരുന്നു കള്ള് ചെത്തൽ.

അനൂപിന്റെയും പവിത്രയുടെയും വിവാഹം മിശ്രവിവാഹം ആണെങ്കിലും ജാതി വ്യവസ്ഥ അവരിൽ നിന്നും പൂർണ്ണമായി മാറുന്നില്ല. 'ദേ ആനേന കണ്ടോ' എന്ന് പവിത്ര പറയുമ്പോൾ 'ആനേന അല്ല ആനയെ എന്ന് പറയെടീ' എന്ന് പറഞ്ഞ് അനൂപ് തിരുത്തുന്നു. നവോത്ഥാന മൂല്യങ്ങൾ ഒന്നും സംരക്ഷിക്കപ്പെടാതെ മനുഷ്യർ മതത്തിന് പ്രാധാന്യം കൊടുക്കുന്ന അവസ്ഥയാണ് സംജാതമാകുന്നത്. ഗുരുവായൂർ യാത്രയ്ക്കിടയിൽ വർക്കലയിൽ എത്തുമ്പോൾ വണ്ടി പാളുന്നതും ഗുരുചിത്രത്തിന്റെ സ്ഥാനമാറ്റവും മദ്യം വർജ്ജിക്കണമെന്ന് പറയുമ്പോഴും മദ്യം വിൽക്കുന്നതിലൂടെ ധനികനായി തീരുന്നതും നവോത്ഥാനമൂല്യങ്ങളിൽ നിന്നുള്ള പിന്മാറ്റത്തെയാണ് സൂചിപ്പിക്കുന്നത്.

ഹരീഷ് 2003ൽ 'രസവിദ്യയുടെ ചരിത്ര'വും 2013ൽ' 'മോദസ്ഥിതനായങ്ങു വസിപ്പൂ മലപോലെ' എന്ന കഥയും പ്രസിദ്ധീകരിച്ചു. ലോകസഞ്ചാരിയായിരുന്ന ഡച്ചുകാരൻ ഹുസ്റ്റാർട്ടിന്റെ യാത്രക്കുറിപ്പുകളിലൂടെയാണ് 'രസവിദ്യയുടെ ചരിത്രം' കടന്നുപോകുന്നത്. കഥയുടെ ഒരു ഭാഗത്ത് ഈഴവരും നായരും ഒരുമിച്ച് താമസിക്കുന്ന പതിവ് തിരുവിതാംകോടിൽ ഇല്ലെന്ന് പറയുന്നുണ്ട്. 'മോദസ്ഥിതനായങ്ങു വസിപ്പൂ മലപോലെ' എന്ന കഥയിൽ നായർജാതിയെയും ഈഴവജാതിയെയും ഒരുമിപ്പിക്കാനുള്ള ശ്രമമാണ് കഥാകൃത്ത് നടത്തുന്നത്. അതിനായി അവരുടെ ഭാഷയിലും ഭക്ഷണത്തിലും വസ്ത്രത്തിലും നായർ അധീശത്വം കൊണ്ടുവരുന്നതായി കാണാം. മാത്രമല്ല അതിന്റെ ഭാഗമായാണ് ശ്രീനാരായണഗുരുവിന്റെ ചിത്രം പൂമുഖത്ത് നിന്നും മാറ്റണമെന്ന് ആവശ്യപ്പെടുന്നതും. കഥയുടെ അവസാനഭാഗത്ത് പഴയ വീട് പൊളിക്കാൻ പവിത്രയുടെ അമ്മ ജയമോഹനോട് പറയുന്നുണ്ട്. ഇത് പൂർണ്ണമായും നായർ സമുദായത്തിലേക്കുള്ള മാറ്റത്തെയാണ് സൂചിപ്പിക്കുന്നത്. മൂന്നുവശവും ചിതൽ പടർന്ന ആ ഫോട്ടോ നനഞ്ഞ് ദ്രവിച്ചു തുടങ്ങിയെങ്കിലും മുഖവും താഴെ എഴുതിയിരിക്കുന്ന കവിതാശകലവും വ്യക്തമാണെന്നും കഥയിൽ പറയുന്നു. നവോത്ഥാനമൂല്യങ്ങൾ നിലനിൽക്കുമ്പോഴും അതൊന്നും സ്വീകരിക്കപ്പെടാത്ത സമൂഹത്തെയാണ് കഥാകൃത്ത് സൂചിപ്പിക്കുന്നത്. നാരായണഗുരുവിന്റെ ഫോട്ടോ സ്ഥാപിച്ചിരുന്ന സ്ഥലത്ത് ചതുർബാഹുവായ ഭഗവാന്റെ ചിത്രം സ്ഥാപിക്കുന്നതിലൂടെ മതത്തിനും പ്രാധാന്യം വരുന്നതായി കാണാം. ഈ രണ്ട് കഥകളിലും ജാതീയമായ സൂക്ഷ്മരാഷ്ട്രീയമാണ് പ്രകടമാകുന്നത്.

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

## ഉപസംഹാരം

സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്ന് അരികുവല്കരിക്കപ്പെട്ടവരുടെ ജീവിതം പ്രമേയമാകുന്ന സാഹിത്യകൃതികൾ ഇന്ന് ധാരാളമാണ്. ഇവിടെ പഠന വിധേയമാക്കിയ ഉണ്ണി, ആറിന്റെയും എസ്. ഹരീഷിന്റെയും കഥകളിൽ ജാതി എന്ന അധികാരവ്യവസ്ഥ യാണ് കടന്നു വരുന്നത്. സവർണ്ണജാതിയോടുള്ള പ്രതിരോധം എന്ന നിലയിൽ അവർണ്ണർ മതപരിവർത്തനം ചെയ്യപ്പെട്ടിട്ടും അവർക്ക് സ്വന്തമായി ഒരിടം കണ്ടെത്താൻ സാധിക്കു ന്നില്ല. നവോത്ഥാനകാല നേതാക്കളുടെ ആശയങ്ങളും ആദർശങ്ങളും ഇന്ന് ക്ഷയിച്ചു കൊണ്ടിരിക്കുന്നു. പകരം ജാതി മത വർഗ്ഗീയത വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ജാതിവിരുദ്ധ വും മതനിരപേക്ഷവുമായ ഒരു സമൂഹത്തെ സൃഷ്ടിക്കേണ്ടതിലേക്ക് ഇന്നത്തെ രാഷ്ട്രീയ അധികാര വ്യവസ്ഥകൾ മാറേണ്ടതുണ്ടെന്നാണ് ഈ കഥകൾ അടയാളപ്പെടുത്തുന്നത്.

## കുറിപ്പുകൾ

1. *ഉണ്ണി ആർ., ഒരു ഭയങ്കര കാമുകൻ, പുറം 38*
2. *അതേ പുസ്തകം, പുറം 39*
3. *അതേ പുസ്തകം, പുറം 42*
4. *അതേ പുസ്തകം, പുറം 44*
5. *ഉണ്ണി ആർ., രസവിദ്യയുടെ ചരിത്രം, പുറം 17*
6. *അതേ പുസ്തകം, പുറം 19*
7. *അതേ പുസ്തകം, പുറം 20*

## സഹായകഗ്രന്ഥങ്ങൾ

1. *ഉണ്ണി ആർ., ഒരു ഭയങ്കരകാമുകൻ, ഡി. സി. ബുക്സ്, കോട്ടയം, 2015*
2. *ഉണ്ണി ആർ., വാങ്ക്, ഡി. സി. ബുക്സ്, കോട്ടയം, 2018*
3. *കൊച്ച് കെ. കെ., കേരളചരിത്രവും സമൂഹരൂപീകരണവും, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2015*
4. *ജോബിൻ ചാമക്കാല ഡോ., (എഡി.) പുതുകഥ സൗന്ദര്യവും രാഷ്ട്രീയവും, യെസ്പ്രസ് ബുക്സ്, പെരുമ്പാവൂർ 1209.*
5. *രേഖ കെ., അങ്കമാലിയിലെ മാങ്ങാക്കറിയും വില്ലുവണ്ടിയും മറ്റു കഥകളും, മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2021*
6. *വസന്തൻ എസ്. കെ. ഡോ., നമ്മൾ നടന്ന വഴികൾ, മലയാളപഠന ഗവേഷണകേന്ദ്രം, തൃശ്ശൂർ, 2006.*
7. *ഹരീഷ് എസ്., രസവിദ്യയുടെ ചരിത്രം, കറന്റ് ബുക്സ്, തൃശ്ശൂർ, 2000*
8. *ഹരീഷ് എസ്., അപ്പൻ, ഡി. സി. ബുക്സ്, കോട്ടയം, 2018.*

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

# ഫോക്‌ലോറിന്റെ നവനിർമ്മിതി: പാചക വ്‌ളോഗുകളെ അടിസ്ഥാനമാക്കിയുള്ള പഠനം

**ഹരിത സി. എച്ച്.**
ഗവേഷക, മലയാള വിഭാഗം, വിമല കോളെജ്, തൃശൂർ

**പ്രബന്ധസംഗ്രഹം**

സമൂഹജീവിതത്തിന്റെ എല്ലാ തലങ്ങളുമായി ബന്ധപ്പെട്ടു കിടക്കുന്ന ഒന്നാണ് ഭക്ഷണം. ഒരു മനുഷ്യന്റെ ബൗദ്ധികവും സാംസ്കാരികവുമായ അതിജീവനത്തെ സഹായിക്കുന്നതിൽ ഭക്ഷണത്തിന് വളരെ പ്രാധാന്യമുണ്ട്. ഭക്ഷണത്തിന് വേണ്ടിയുള്ള അവന്റെ അന്വേഷണത്തിൽ ഉണ്ടായ മാറ്റമാണ് മനുഷ്യസംസ്കാരത്തിന്റെ പരിണാമത്തിനും ആധാരം. ഭൗതികമായ ആവശ്യമെന്നതുപോലെതന്നെ സാംസ്കാരികമായ സൂചകം കൂടിയായി ഭക്ഷണം മാറുന്നു. മാറുന്ന കാലത്തിനനുസരിച്ച് പാചകകലയെ വ്യത്യസ്തമായ രീതിയിൽ വിഭാവനം ചെയ്യുന്ന ഒന്നാണ് പാചക വ്‌ലോഗുകൾ. പാചക വ്‌ലോഗുകളിലൂടെ മനുഷ്യന്റെ ഭക്ഷണവുമായുള്ള ബന്ധത്തെ ഫോക്‌ലോർ രീതിശാസ്ത്രമനുസരിച്ച് അന്വേഷിക്കുകയാണ് ഈ പ്രബന്ധത്തിലൂടെ ചെയ്യുന്നത്.

***താക്കോൽവാക്കുകൾ:*** വ്‌ലോഗുകൾ, ഫോക്സ്പീച്

ജനകേന്ദ്രിതവും ജീവിതഗന്ധിയുമായ ഒരു പഠനമേഖലയാണ് ഫോക്‌ലോർ. സാമൂഹികജീവിതവുമായി വളരെ അടുത്ത് നിൽക്കുന്നതിനാൽ തദ്ദേശീയമായ സംസ്കൃതിയെ തിരിച്ചറിയാനും അടയാളപ്പെടുത്തുവാനും ഫോക്‌ലോറിന് സാധിക്കുന്നു. നമുക്ക് നഷ്ടപ്പെട്ടതും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നതുമായ സാംസ്കാരികവിഭവങ്ങളെ വരും തലമുറയ്ക്കുവേണ്ടി രേഖപ്പെടുത്തിവയ്ക്കാൻ പ്രത്യക്ഷപ്പെട്ട ഒന്നാണ് ഫോക്‌ലോർ. ജനകേന്ദ്രിതമായ ജ്ഞാനവിഷയം എന്നനിലയിൽ ഏറെ പ്രസക്തി കൈവന്ന ഒരുമേഖല കൂടിയാണിത്. തനതുസംസ്കാരങ്ങളെയും അനുഭവങ്ങളെയും അപകർഷതയോടെ നോക്കിക്കാണാനാണ് ആദ്യകാല കൊളോണിയൽ പരിസരം നമ്മെ പഠിപ്പിച്ചത്.

അതിനാൽ തന്നെ പാരമ്പര്യപഠനം എന്നത് ഒരു അനാവശ്യമോ അസംബന്ധമോ ആയി അനുഭവപ്പെട്ടു. എന്നാൽ പിന്നീടങ്ങോട്ട് തദ്ദേശജനതയെ സ്വാധീനിക്കാനുള്ള മികച്ച ഉപാധി അവരുടെ മനസ്സിന്റെ ആഴങ്ങളോളം വേരുകളുള്ള ഫോക്‌ലോറാണെന്ന് അവർ മനസ്സിലാക്കി. ഈ പശ്ചാത്തലത്തിലാണ് പാരമ്പര്യവും സംസ്കൃതിയും പഠിക്കേണ്ടതാണെന്നും അതൊരു സജീവ വിഷയമാണെന്നുമുള്ള ബോധ്യം ഇന്ത്യയിൽ ബോധപൂർവ്വം വേരൂന്നിയത്. ഇവിടെയാണ് ഒരു സാംസ്കാരികപഠനം എന്ന നിലയിൽ ഫോക്‌ലോറിന്റെ പ്രസക്തിയേറുന്നത്.

## കാലവും ഫോക്‌ലോറും

തദ്ദേശീയമായ സംസ്കൃതിയെ തിരിച്ചറിയാനും അടയാളപ്പെടുത്താനും ജീവിതത്തിന്റെ ബഹുസ്വരതയെ പരിഗണിക്കാനും ഫോക് ലോർ പഠനത്തിന് സാധിക്കുന്നുണ്ട്. പാരമ്പര്യത്തെ അംഗീകരിക്കാനും, സ്വത്വബോധമുള്ള ഒരു ജനതയെ മുന്നിൽ കാണാനും ഇതിലൂടെ സാധിക്കുന്നു. ഫോക്‌ലോർ പഠനം എന്നത് ഭൂതകാലത്തെക്കുറിച്ചുള്ള പയ്യാരം പറച്ചിലല്ല. വർത്തമാനകാലത്തോളമെത്തുന്ന പാരമ്പര്യത്തെ വിശകലനം ചെയ്യുകയും ഭാവിയെ ലക്ഷ്യമിടുകയും ചെയ്യുന്ന ഒന്നാണ്. ഏതൊരു പാരമ്പര്യാനുഭവത്തെയും വർത്തമാന ബന്ധിതമാക്കിയാണ് അത് വിശകലനം നടത്തുന്നത്

മനുഷ്യൻ നിത്യപരിണാമിയാണ്. അതിനാൽ തന്നെ സമൂഹജീവിതത്തിന്റെ ഭാഗമായ ഫോക്‌ലോറും നിത്യപരിണാമിയാണ്. ഓരോകാലത്തെ സമൂഹമനസ്സിനെക്കുറിച്ചറിയണമെങ്കിൽ പുതിയ ഫോക് ലോറുകൾ പഠിക്കേണ്ടതുണ്ട്. മനുഷ്യൻ സമൂഹമായി ഏതുകാലത്ത് ജീവിച്ചാലും അവിടെ സംസ്കൃതിയുടെ അടയാളമായി പ്രത്യയശാസ്ത്രങ്ങൾക്കനുസരിച്ച് ഫോക്‌ലോറുകൾ സൂക്ഷിക്കപ്പെടുന്നു.

## പാചകകലയും ഫോക്‌ലോറും

ജീവിതത്തിന്റെ സമസ്തതലങ്ങളും ഉൾക്കൊള്ളുന്ന ബൃഹദ് സാംസ്കാരിക ലോകമാണ് ഫോക്‌ലോറിന്റേത്. ദേശവും ഭാഷയും പോലെ തന്നെ സാംസ്കാരിക രൂപീകരണ പ്രക്രിയയുടെ ഭാഗമാണ് ഭക്ഷണവും. മനുഷ്യന്റെ ജൈവികമായ ആവശ്യം എന്നതിലുപരി ഒരു സാമൂഹികചിഹ്നം കൂടിയാണ് ഭക്ഷണം. മാനവസംസ്കാരത്തിന്റെ ചരിത്രത്തിൽ മനുഷ്യനോളം തന്നെ പ്രാധാന്യം ഭക്ഷണത്തിനുണ്ട്. അവന്റെ ഉണ്മയുമായി ഏറ്റവും അടുത്തു കിടക്കുന്നതും ഭക്ഷണമാണ്.

അനുദിനം മാറിക്കൊണ്ടിരിക്കുന്ന സമൂഹമനസ്സിന്റെ വലിയ ആധികളിലൊന്ന്, നഷ്ടപ്പെട്ടുപോയ ഇടങ്ങളെക്കുറിച്ചും അറ്റുപോയ വേരിനെ കുറിച്ചുമുള്ള ബോധമാണ്. ഗ്രാമീണ ജീവിതത്തിൽ നിന്നുള്ള വലിയ വിച്ഛേദം സൃഷ്ടിച്ച ഈ അങ്കലാപ്പ് കൂട്ടായ്മയെ സംബന്ധിച്ച് ധർമ്മസങ്കടങ്ങൾ ആയിത്തീരുന്നു. പ്രാക്തനതയിൽ നിന്നും വിടുതൽ നേടുമ്പോഴും നാഗരികതയിൽ കൂടിച്ചേരുമ്പോഴുമുള്ള സംസ്കാരികമായ ഉലച്ചിൽ ഓരോരുത്തരിലും വ്യക്തമാകുന്നു. അതിശീഘ്രമുള്ള ഈ പരിവർത്തനത്തിൽ ജനങ്ങളിൽ നിന്നും കൈവിട്ടുപോയ പാചകകലയെ ഭാഷകൊണ്ടും പ്രമേയം കൊണ്ടും പുത്തൻ ഉണർവിലേക്ക് എത്തിക്കാനുള്ള ഒരുപാധിയാണ് പാചകവ്ളോഗുകൾ. ഓർമ്മകളുടെ

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

പലവിധ അടരുകൾകൊണ്ട് സമൂഹമനസ്സിനെ ആന്തരികസമൃദ്ധിയിലേക്കും ഉള്ളുണർവ്വിലേക്കും നയിക്കുന്ന ഒന്നായി വ്ളോഗുകൾ മാറുന്നു. കേരളത്തിന്റെ പാചകകലയുടെ ഭൂതകാല സംസ്കാരത്തെ നിർണ്ണയിക്കാൻ സാധിക്കുന്ന പാഠങ്ങളാണ് ഈ വ്ലോഗുകൾ.

## വ്ളോഗുകളുടെ ഇടങ്ങൾ

സാമൂഹിക ഇടപെടലുകൾക്ക് ആധിപത്യമുള്ള ഒരു സ്ഥലമാണ് സൈബറിടങ്ങൾ. അതൊരു അയഥാർത്ഥ പരിസരമാണ്. ഒരു സാമൂഹിക അനുഭവമെന്ന നിലയിൽ വ്യക്തികൾക്ക് സംവദിക്കാനും ആശയങ്ങൾ കൈമാറാനും വിവരങ്ങൾ പങ്കിടാനുമുള്ള ഒരിടമാണത്. ആളുകളെ പരസ്പരം കണക്ട് ചെയ്യുന്ന ഒന്നായി അത് നിലനിൽക്കുന്നു. ഈ അയഥാർത്ഥ ഇടമാണ് വ്ളോഗുകളുടേയും. യഥാർത്ഥം / അയഥാർത്ഥം എന്നീ ദ്വന്ദ്വങ്ങളെയാണ് വ്ളോഗുകൾ അഭിസംബോധന ചെയ്യുന്നത്. ഓരോരുത്തരും അവരവരുടെ സവിശേഷസ്വത്വത്തെ പരിചയപ്പെടുത്തിക്കൊണ്ടാണ് പാചകവ്ളോഗുകളിലൂടെ പ്രത്യക്ഷപ്പെടുന്നത്. ഈ ഓരോ പ്രത്യക്ഷീകരണവും ചരിത്രത്തിന്റെയും അനുഭവങ്ങളുടെയും അടയാളപ്പെടുത്തലുകളായി മാറുന്നു. ഒറ്റ ക്ലിക്കിലൂടെ ലോകത്തിന്റെ പലയിടങ്ങളിലുമുള്ള ഭക്ഷണ റെസിപ്പികൾ നമുക്കരികിലേക്ക് എത്തിച്ചേരുന്നു. ആർക്ക് എപ്പോൾ വേണമെങ്കിലും ലഭ്യമാകുന്ന തരത്തിൽ അതിന്റെ വ്യാപ്തി വർദ്ധിക്കുന്നു. ഈ സൈബറിടം അയഥാർത്ഥമാണെങ്കിലും അതിനുള്ളിലെ ഇടങ്ങൾ ജീവസുറ്റതാണ്. അവരവരുടെ സ്വത്വത്തെ മുറുകെ പിടിച്ചുകൊണ്ടാണ് ഈ ലോകത്തേക്ക് ഓരോരുത്തരും കയറിപ്പോരുന്നത്. നൂറ്റിയാറാം വയസ്സിലും നാടൻ വിഭവങ്ങളുടെ പേരിൽ നമ്മുക്കിടയിലേക്കെത്തിയ മസ്താനമ്മയുടെ 'കൺട്രി ഫുഡ് ചാനൽ' ഇതിനൊരു ഉത്തമോദാഹരണമാണ്.

ലോകത്തെ എല്ലാ ഇടങ്ങളും നമ്മുടേതായി പരിണമിക്കുന്നു. അതതു ദേശങ്ങളിലെ പ്രാദേശികതയെ ഉൾക്കൊള്ളാൻ തയ്യാറായാണ് നാം ഓരോ വ്ളോഗുകളും കാണുന്നത്. ഓരോ ദേശങ്ങളും യഥാർത്ഥമാണ്. ആ ദേശത്തിന്റെ തനിമയെയാണ് ഭക്ഷണത്തിലൂടെ ചിത്രീകരിക്കുന്നത്. ഉദാഹരണത്തിന്, പ്രാദേശിക അഭിരുചികളുടെയും ചേരുവകളുടെയും വലിയൊരു കലവറ തന്നെ കേരളത്തിലുണ്ട്. ഇവയോരോന്നും പ്രാദേശികമായ രുചിക്കൂട്ടുകളുടെ സഞ്ചയമാണ്. ജൈവഭക്ഷണങ്ങൾക്കും ഹെർബൽ ഫുഡിനും പ്രാധാന്യമേറിവരുന്ന ഈ കാലത്ത്, കൂട്ടായ്മകൾ പാരമ്പര്യമായി കാത്തുവച്ച രുചിക്കൂട്ടുകൾക്ക് പ്രാധാന്യമേറുന്നു. അതിന് വിപണിയിൽ കാഴ്ചക്കാരുണ്ടാകുന്നു. അമ്പലപ്പുഴ പാൽപ്പായസം, കോഴിക്കോടൻ ഹൽവ, വടകര ചക്കര, രാമശ്ശേരി ഇഡ്ഢലി എന്നിങ്ങനെ കേട്ടുകേൾവിയുള്ള വിഭവങ്ങളുടെ രുചിക്കൂട്ടുകൾ എല്ലാവരിലും എത്തുന്നതിന് വ്ലോഗുകൾ സഹായകമായി. ദേശാതിർത്തികൾ വിട്ടുകൊണ്ട് രുചികളെ ഏകലോകസമ്പ്രദായത്തിലെത്തിക്കാൻ വ്ളോഗുകൾക്ക് സാധിച്ചു.

കേരളീയ വിഭവങ്ങളിൽ നിന്നും മാറിക്കൊണ്ട് നോർത്ത് ഇന്ത്യൻ, ഇറ്റാലിയൻ, അറേബ്യൻ, ചൈനീസ്, എന്നിവയുടെയെല്ലാം ചേരുവകൾ മുതൽ വിളമ്പേണ്ടരീതി വരെ നമ്മുടെ മുന്നിലുണ്ട്. ലോകം തന്നെ ഒരിടമായി മാറി. അതതു ദേശങ്ങളുടെ സ്വത്വങ്ങളെ ഉൾക്കൊള്ളാൻ തയ്യാറായിക്കൊണ്ടാണ് നമ്മുടെ രുചിബോധം ഇന്ന് പ്രവർത്തിക്കുന്നത്.

ഗവൺമെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

ആധുനികസമൂഹത്തിൽ രുചിക്ക് പ്രധാനസ്ഥാനമാണ് നൽകിയിരിക്കുന്നത്. ഭക്ഷണം എന്നത് വിശപ്പടക്കാനുള്ള ഉപാധി എന്നതിൽ നിന്നും 'രുചികരമായത്' എന്ന അവസ്ഥയിലേക്ക് എത്തിച്ചേർന്നിരിക്കുന്നു. വയറിന്റെ വിശപ്പടക്കാനുള്ളത് എന്നതിലുപരിയായി കണ്ണിന്റെയും നാവിന്റെയും വിശപ്പടക്കലിലേക്കാണ് നാം എത്തിച്ചേർന്നിരിക്കുന്നത്. രുചിയെ തന്നെ കമ്പോളമായി ചിത്രീകരിക്കുകയാണ് ഓരോ വ്ളോഗുകളും.

## സ്വത്വനിർമ്മിതിയും വ്ളോഗുകളും

സ്വത്വാന്വേഷണമെന്ന സാംസ്കാരിക മുന്നേറ്റത്തിന്റെ മിടിപ്പ് കേൾപ്പിക്കുന്ന ഒന്നാണ് പാചക വ്ളോഗുകൾ. സ്വത്വപ്രതിസന്ധിയുണ്ടാകുമ്പോൾ ഏത് സമൂഹവും പാരമ്പര്യ നിർമ്മിതമായ ആശയധാരകളോടും അതിന്റെ പ്രതിഫലന ചിഹ്നങ്ങളോടും മമത കാട്ടുക സ്വാഭാവികമാണ്. അധിനിവേശിത ആശയലോകത്തിന്റെ ഋണാത്മകമായ ഇടപെടൽ വഴി സ്വന്തം സത്തയും സ്വത്വവും ചിതറിപ്പോകുന്നു എന്ന തിരിച്ചറിവുണ്ടായ കാലത്തിന്റെ സാക്ഷ്യമാണ് ഈ വ്ളോഗുകൾ. പഴമയെ വിട്ടുകളയാൻ ഉള്ളതല്ല; കൂടെ ചേർക്കാനുള്ളതാണ് എന്ന ഉത്തമ ബോധ്യമാണ് നമ്മെ ഇതിനായി പ്രേരിപ്പിക്കുന്നത്. പാരമ്പര്യത്തിന്റെ വീര്യം വിനിമയ സാധ്യതകളിലേക്കും പുതിയ അർത്ഥതലങ്ങളിലേക്കും നമ്മെ നയിക്കുന്നു. നാട്ടുഭക്ഷണങ്ങളെ ഇത്തരത്തിൽ ആവിഷ്കരിക്കുമ്പോൾ അരികുവത്കൃത ജീവിതത്തിന്റെ അനുഭവങ്ങളെ ഒപ്പിയെടുക്കാനുള്ള സാംസ്കാരിക ഇടപെടലുകളായി അത് മാറുന്നു. പാചകവ്ളോഗുകളുടെ പേരുകൾ തന്നെ ഇതിനുദാഹരണമാണ്. 'അമ്മച്ചിയുടെ അടുക്കള', 'വില്ലേജ് ഫുഡ് ചാനൽ', 'വില്ലേജ് കുക്കിംഗ് കേരള', 'മലപ്പുറം താത്ത ബ്ലോഗ്', 'കണ്ണൂർ താത്താ ബ്ലോഗ്' എന്നിങ്ങനെ.

ഭക്ഷണത്തിന്റെ ആധുനികമായ വ്യവഹാരമണ്ഡലത്തിന് പ്രതിരോധത്തിന്റെ മാനമാണുള്ളത്. ഒരു സമൂഹത്തിന്റെ അബോധതലത്തിൽ സക്രിയമായി നിലനിൽക്കുന്ന ജൈവപാരമ്പര്യത്തെ കുടഞ്ഞെറിയുകയല്ല; ജനാധിപത്യപരിസരത്തിനനുകൂലമായി സർഗാത്മകമായി സമുദ്ധരിക്കുകയാണ് വേണ്ടതെന്ന് വ്ളോഗുകൾ തെളിവ് നൽകുന്നു.

## ഭാഷാസവിശേഷതകൾ

ഭാഷാഭേദമായി നിലനിൽക്കുന്ന നാട്ടുഭാഷയ്ക്കുള്ളിൽ തന്നെ സവിശേഷമായ ഭാഷാവ്യവഹാരമുണ്ട്. ഫോക്സ്പീച്ച് എന്ന് പേരിട്ടു വിളിക്കുന്ന അതിന്റെ സജീവമായ മാതൃക വ്ളോഗുകളിൽ കാണാനാകും. അവതരിപ്പിക്കുന്ന ആളുടെ സാമൂഹ്യപരിസരം വ്യക്തമാക്കാൻ അത്തരം ഭാഷാപ്രയോഗങ്ങൾ പ്രയോജനപ്പെടുന്നു.വടക്ക്, തെക്ക്, മധ്യ കേരളത്തിലെ ഭാഷകളുടെ വൈവിധ്യം തിരിച്ചറിയാൻ ഇത്തരം വ്ളോഗുകൾ സഹായകമാകുന്നു.

ഉദാഹരണമായി 'ചെറുതായി അരിയുക' എന്നതിന് 'ചെറുക്കനെ അരിയുക', 'കുനുകുനാ നുറുക്കുക ', 'ചെറുതായി കണ്ടിക്കുക', 'നേരിയതായി അരിയുക' എന്നിങ്ങനെ പോകുന്നു തരംതിരിവുകൾ. ഓരോ വ്ളോഗുകൾ ആരംഭിക്കുമ്പോഴും ഒരു ആമുഖം ഉണ്ടാകും. അത് അവരുടെ പ്രാദേശികഭാഷയിൽ തന്നെയായിരിക്കും .

* M4 ടെക്കിൽ, മച്ചാൻമാരേ നമ്മുടെ ഇന്നത്തെ വീഡിയോ....:

ഗവൺമെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

* മലപ്പുറം താത്തയിൽ, കണ്ടോക്കിം ഇന്റെ ഉണ്ട്യോളെ
* വില്ലേജ് ഫുഡ് ചാനലിൽ, അപ്പോ നമ്മടെ ഇന്നത്തെ പരിപാടി ....

ഇത്തരത്തിൽ സാമാന്യസ്വഭാവത്തിൽ നിന്നും വ്യതിരിക്തമായ ചില പ്രത്യേകതകൾ ഓരോരുത്തരുടെ ശൈലിയിലും പ്രകടമാകുന്നു.

പ്രദേശത്തിന്റെ വേർതിരിവുകൾ ഇല്ലാതെ എല്ലാവരും ഒരു രുചിബോധത്തിലേക്ക് എത്തുവാൻ വ്ളോഗുകൾ സഹായിക്കുന്നു. ഭാഷയും ശൈലിയും ഒന്നും അതിന് തടസ്സമാകുന്നില്ല. 'മീനുണ്ട, മസാലുണ്ട, കലത്തപ്പം, പപ്പട അട, വാഴത്തട്ടക്കറി, നെയ്യപ്പം' എന്നിങ്ങനെ എല്ലാ വിഭവങ്ങളും എല്ലാവരുടെയും കൂടിയാകുന്നു. ജാതിയോ മതമോ ദേശമോ വ്യത്യാസമില്ലാതെ ഭക്ഷണം എല്ലാവരെയും ഒന്നിപ്പിക്കുന്നു എന്ന് ഇതിലൂടെ വ്യക്തമാകുന്നു.

## ഉപസംഹാരം

വർത്തമാനകാലത്തിൽ നിന്ന് ഭാവിയിലേക്ക് കുതിക്കാനുള്ള ഊർജ്ജപ്രവാഹം പരമ്പര്യബോധത്തിൽ നിന്നാണ് മുളപൊട്ടുക. ഓരോ റെസിപ്പി പരിചയപ്പെടുത്തുമ്പോഴും ഓരോ ചരിത്രവും ഒപ്പമുണ്ടാകും. അമ്മയുടെയും അമ്മൂമ്മയുടെയും പാചക കൂട്ടുകളാണ് എന്ന് ടൈറ്റിലിലൂടെയാണ് അവ നമുക്ക് പരിചയപ്പെടുത്തിത്തരുന്നത്. ഈ ഓർമ്മകളിലൂടെ ഫോക്കിനെ വീണ്ടെടുക്കാനാണ് നാം ശ്രമിക്കുന്നത്. കേരളീയമനസ്സിൽ ജൈവപാരമ്പര്യമായി നിലനിൽക്കുന്ന സാംസ്കാരിക അടയാളങ്ങളെ കുടഞ്ഞെറിയുകയല്ല; പ്രതിരോധത്തിന്റെയും ആത്മബോധത്തിന്റെയും സൂചനകളായി മാറ്റുകയാണ് വേണ്ടത്. ഈ പ്രവൃത്തിയാണ് പാചകവ്ളോഗുകളിലൂടെ പ്രാവർത്തികമാകുന്നത്. സമകാലിക ജീവിതസന്ദർഭങ്ങളിലേക്കും ആശയലോകങ്ങളിലേക്കും ഭൂതകാലത്തിന്റെ ഈടുവയ്പ്പുകളെ കൊണ്ടുവരിക എന്ന സാമൂഹ്യപ്രവർത്തനമാണ് വ്ളോഗുകളിലൂടെ സാധ്യമാകുന്നതെന്ന് ഇതിലൂടെ വ്യക്തമാകുന്നു.

## സഹായകഗ്രന്ഥങ്ങൾ

1. *അജു കെ. നാരായണൻ, ഫോക്‌ലോർപഠനങ്ങൾ, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം.*
2. *സോമൻ കടലൂർ, ഫോക്‌ലോറിന്റെ സൗന്ദര്യശാസ്ത്രം, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം, 2011.*
3. *സോമൻ കടലൂർ, ഫോക്‌ലോറും സാഹിത്യവും, അൽഫ വൺ പബ്ലിഷേഴ്സ്, കണ്ണൂർ 2012.*
4. *വിഷ്ണു നമ്പൂതിരി എം.വി., നാട്ടറിവു പഠനങ്ങൾ, വാല്യം 1, പൂർണ പബ്ലിക്കേഷൻ, 2019.*

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

# ചാവൊലി: ദലിത് ഭാഷാസ്വത്വവും പ്രതിരോധവും

**നീതു എസ്.**
ഗവേഷക, എസ്. ഡി. കോളെജ്, ആലപ്പുഴ

**പ്രബന്ധസംഗ്രഹം**

മലയാളസാഹിത്യലോകത്ത് ദലിതർ കഥാപാത്രങ്ങളായി കടന്നുവരാൻ തുടങ്ങിയിട്ട് കാലമേറെയായെങ്കിലും അവർ തങ്ങളുടെ ലോകം സ്വയം ആവിഷ്കരിക്കാൻ തുടങ്ങിയത് ഉത്തരാധുനികതയിലാണ്. ഇതോടു കൂടി ദലിത് സ്വത്വരാഷ്ട്രീയം മലയാളസാഹിത്യത്തിലുൾപ്പെടെ ഉത്തരാധുനിക നോവൽ എഴുത്തുകളിലും ശക്തമായി. വ്യത്യസ്ത സ്വത്വാവിഷ്കാര ത്തിലൂടെയാണ് സമകാലിക എഴുത്തുകാർ നിലനിന്നസമൂഹത്തിനോട് പ്രതിരോധം ഏർപ്പെടുത്തിയിരുന്നത്. അതിൽ ഒന്നാണ് ഭാഷാസ്വത്വം കൊണ്ടുള്ള പ്രതിരോധം. ഇത്തരത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട ദലിതരുൾ പ്പെട്ട സമൂഹത്തിന്റെ ഭാഷയുടെ വീണ്ടെടുപ്പും പ്രതിരോധവുമാണ് പി.എ. ഉത്തമന്റെ 'ചാവൊലി' എന്ന നോവൽ.

***താക്കോൽവാക്കുകൾ:*** സ്വത്വം, സ്വത്വരാഷ്ട്രീയം, ഭാഷാസ്വത്വപ്രതിരോധം, അധികാരഘടന, ദലിത് ഭാഷാസ്വത്വം, ദലിത് ഭാഷാഭേദങ്ങൾ

കൊളോണിയൽ ആധുനികതയുടെ അടിസ്ഥാന ആശയങ്ങളിലൊന്നാണ് കീഴാളത. സാമ്രാജ്യത്വമേൽപ്പിച്ച അടിച്ചമർത്തലുകൾ ചരിത്രപരമായി തുടരുകയാണെന്ന കാഴ്ച പ്പാടിൽ നിന്നാണ് സ്ത്രീകളും കുട്ടികളും ദലിതരുമടങ്ങുന്ന കീഴാളസ്വത്വങ്ങളുടെ പ്രാതിനിധ്യപ്രശ്നങ്ങൾ ചർച്ചാവിധേയമാകുന്നത്. ദലിതരെ സംബന്ധിച്ച് അവരുൾപ്പെട്ട വിഭാഗത്തിന്റെ ആചാരവും വിശ്വാസവും പ്രമാണവും സംസ്കാരവുമെല്ലാം തന്നെ അവരുടെ സ്വത്വവുമായി ബന്ധപ്പെട്ടുകിടക്കുന്നു. സ്വത്വം എന്നത് മനുഷ്യന്റെ വ്യവഹാര മണ്ഡലങ്ങളിലുൾപ്പെടെ ഭാഷ, സാഹിത്യം തുടങ്ങിയ വൈജ്ഞാനികമേഖലകളുമായി സങ്കീർണ്ണമായ ബന്ധം പുലർത്തുന്ന ഒന്നാണ്.

മലയാളസാഹിത്യത്തിൽ ചരിത്രസാമൂഹിക ഘടകങ്ങളുടെ സ്വാധീനം മൂലം പരിണാമ വിധേയമായ സ്വത്വം കേവലം ഒറ്റ അർത്ഥത്തെ മാത്രം ഉൾക്കൊള്ളുന്ന പദമല്ല. 'സ്വ' എന്ന സംസ്കൃതധാതുവിൽ നിന്ന് നിഷ്പന്നമായ പ്രസ്തുത പദത്തിന് ശബ്ദതാരാ വലിയിൽ നൽകിയിരിക്കുന്ന അർത്ഥങ്ങൾ 'തനതു സത്ത', 'മമത', 'തന്റേതെന്ന ഭാവം', 'ഉടമസ്ഥാവകാശം', 'വ്യക്തിത്വം' എന്നിങ്ങനെയാണ് (1939:420). കേവലമായ അർത്ഥത്തിനു ള്ളിലേക്ക് ഒതുക്കാവുന്ന ഒരു പദമല്ല സ്വത്വം. ഇത്തരത്തിൽ വിവിധങ്ങളായ അർത്ഥതല ങ്ങളെല്ലാം ചേർന്ന് സൃഷ്ടിക്കുന്ന സ്വത്വപ്രതിസന്ധികളാണ് സ്വത്വാന്വേഷണത്തിലേക്ക് നയിക്കുന്നത്. സ്വത്വപ്രതിസന്ധിയിൽ ഏറ്റവും പ്രധാനം അന്യവൽക്കരണമാണ്. ജീവിതത്തിന്റെയും സമൂഹത്തിന്റെയും പൊതുധാരയിൽ നിന്ന് തനിക്ക് ബന്ധവിച്ഛേദം സംഭവിച്ചിരിക്കുന്നുവെന്ന ബോധം വ്യക്തിയിൽ അങ്കുരിപ്പിക്കുന്ന അവസ്ഥയാണത്. ഇവിടെയാണ് സ്ത്രീ, ദലിതൻ, കുട്ടികൾ ഉൾപ്പെടെയുള്ള പാർശ്വവൽകൃതരുടെ സ്വത്വത്തെക്കുറിച്ചുള്ള അന്വേഷണമുണ്ടാകുന്നത്.

ഉത്തരാധുനികതയിൽ ഉടലെടുത്ത സ്വത്വാന്വേഷണം മുൻകാല സ്വത്വനിരീക്ഷണ ങ്ങളിൽ നിന്ന് വ്യത്യസ്തമാണ്. ആദ്യകാല സ്വത്വവീക്ഷണം ദലിതരുടെ പ്രശ്നങ്ങളിൽ ഊന്നിയാണ് ചർച്ചയ്ക്ക് വിധേയമായിരുന്നത്. ഈ പ്രശ്നങ്ങളാകട്ടെ സംസ്കാരരാഷ്ട്രീയ വുമായി ബന്ധപ്പെട്ടുകിടക്കുന്നു. കാലക്രമേണ ഈ സംസ്കാര രാഷ്ട്രീയമാണ് സ്വത്വരാഷ്ട്രീ യമായി പരിണമിച്ചത്. 'എന്തിന്റെ പേരിലാണോ ഒരു വിഭാഗം അവഗണിക്കപ്പെടുകയോ മാറ്റിനിർത്തപ്പെടുകയോ നിന്ദിക്കപ്പെടുകയോ അപകൃഷ്ടരായി മുദ്രകുത്തപ്പെടുകയോ ചെയ്യുന്നത് അതിന്റെ അടിസ്ഥാനത്തിൽ തന്നെ അംഗീകാരത്തിന് വേണ്ടി വാദിച്ചു കൊണ്ടാണ് സംസ്കാരരാഷ്ട്രീയം സ്വത്വരാഷ്ട്രീയമായി പരിണമിച്ചത് എന്ന് പി.കെ. പോക്കർ നിരീക്ഷിക്കുന്നു (2007:11).

സ്വത്വരാഷ്ട്രീയം ലോകമാകെ വ്യാപിച്ചുകിടക്കുന്ന ഒന്നാണ്. സാമ്രാജ്യത്വ ആഗോളവൽ ക്കരണവും സോഷ്യലിസത്തിനുണ്ടായ തിരിച്ചടിയുമാണ് സ്വത്വരാഷ്ട്രീയത്തിന്റെ വളർച്ചയ്ക്ക് നിദാനം. 'ഗോത്രം, വർഗം, ലിംഗം, ജാതി, മതം, വംശം എന്നിവയെ അടിസ്ഥാനപ്പെടുത്തിയുള്ള പ്രത്യേക സ്വത്വത്തിൽപ്പെടുന്ന ജനങ്ങൾ രാഷ്ട്രീയമായി അണിചേരുകയും പ്രവർത്തിക്കുകയും വേണമെന്ന കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തി ലുള്ളതാണ് സ്വത്വരാഷ്ട്രീയം എന്നാണ് പ്രകാശ് കാരാട്ടിന്റെ അഭിപ്രായം'(2010:17). മുഖ്യധാരയിൽ നിന്ന് മാറ്റിനിർത്തപ്പെട്ട ഒരുകൂട്ടം ജനത അനുഭവിച്ച പ്രശ്നങ്ങളും അടിച്ചമർത്തലുകളുമാണ് അവരുടെ സ്വത്വബോധത്തിന് കാരണം. ഈ കൂട്ടായ സ്വത്വബോധമാണ് തങ്ങൾക്കൊരു ചരിത്രമുണ്ടെന്നും പാരമ്പര്യമുണ്ടെന്നും അവ സംരക്ഷിക്കേണ്ടത് അനിവാര്യമാണെന്നുമുള്ള അവബോധത്തിലേക്ക് നയിച്ചത്. അതിന്റെ ഫലമായി ദലിതർ സാഹിത്യത്തെയും മറ്റും സ്വത്വന്വേഷണത്തിനുള്ള ഉപാധിയാക്കി മാറ്റി. ഇത്തരം ഉപാധികളിലൂടെ സ്വത്വത്തെ വീണ്ടെടുക്കുവാനുള്ള ശ്രമങ്ങൾ തുടങ്ങി. അതിൽതന്നെ പ്രധാനം ഭാഷയുടെ വീണ്ടെടുപ്പാണ്.

ഒരു ജനവിഭാഗത്തിന്റെ അല്ലെങ്കിൽ ദലിത് ജനതയുടെ വൈയക്തികവും സാംസ്കാരി കവുമായ സ്വത്വബോധം നിലകൊള്ളുന്നത് സമൂഹസ്വത്വത്തിന്റെ അടിത്തറയിലാണ്.

ഗവൺമെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

ദലിതരുടെ സമൂഹസ്വത്വനിർമ്മിതിയിലെ പ്രധാനഘടകം ഭാഷാസ്വത്വരൂപീകരണമാണ്. ഭാഷ സാമൂഹികകൂട്ടായ്മയുടെ ഉൽപ്പന്നവും സംസ്കാരത്തെ വാർത്തെടുക്കുന്ന ഘടകവുമാണ്. ഏതെങ്കിലും സമൂഹത്തിന്റെ ഭാഷ നഷ്ടപ്പെട്ടാൽ ആ സമൂഹത്തിന്റെ സംസ്കാരം നഷ്ടപ്പെടുന്നുവെന്നു പറയാം. ഈ ഒരു നഷ്ടബോധമാണ് സമൂഹജനതയിൽ ഭാഷാസ്വത്വത്തെക്കുറിച്ചുള്ള അവബോധം വളർത്തിയെടുക്കുന്നത്. ഭാഷാസ്വത്വത്തെ കുമാരൻ വയലേരി നിരീക്ഷിക്കുന്നത്; 'ആ ഭാഷയിലെ പദങ്ങളും ശൈലികളും ഈണവും പ്രാദേശികസംസ്കൃതിയുടെ അടയാളങ്ങളും മറ്റും ചേർന്ന ആ ഭാഷയുടേത് മാത്രമായ സവിശേഷതകളാണ് ഭാഷയെ തിരിച്ചറിയുന്ന ഘടകങ്ങൾ ഉൾപ്പെടെ അവയ്ക്കുള്ളിൽ വരുന്ന എല്ലാ തനതു പ്രത്യേകതകളും ഭാഷയുടെ സ്വത്വത്തെ കുറിക്കുന്നവയാണ്. പ്രാദേശികമായി മാത്രം പ്രചരിക്കുന്ന പദങ്ങൾ, ഉച്ചാരണലാഘവം വരുത്താൻ രൂപമാറ്റം വരുത്തപ്പെട്ട പദങ്ങൾ, സ്വകീയസർവ്വനാമങ്ങൾ, ബന്ധസൂചകപങ്ങൾ ഇവയൊക്കെയാണ് ഓരോ ഭാഷയുടെയും സ്വത്വത്തെ നിർണയിക്കുന്ന അടിസ്ഥാനഘടകങ്ങൾ'(2010:29).

ഭാഷാസ്വത്വത്തെ വിഭിന്നമായ കാഴ്ച്ചപ്പാടുകളിലൂടെയാണ് പഠിക്കപ്പെടുന്നത്. അതിലൊരു ഘടകമാണ് അധികാരഘടന. ഫ്യൂഡൽ കാലഘട്ടത്തിലും കോളനിവൽകൃത കാലത്തിലും അധ:സ്ഥിതരെ അടിച്ചമർത്തലിനു വിധേയമാക്കിയതിൽ പ്രധാനഘടകം ഭാഷയായിരുന്നു. ഭാഷയെ മേലാളനും കീഴാളനും സാക്ഷരനും നിരക്ഷരനും ഉപയോഗിച്ചിരുന്നത് ഒരുപോലെയല്ല. മേലാളന്റെയും സാക്ഷരന്റെയും ഭാഷ അധികാരത്തിന്റേതായിരുന്നു. എന്നാൽ കീഴാളന്റെയും നിരക്ഷരരുടെയും ഭാഷ അധീശത്വത്തിനു വിധേയമായ ഭാഷയായിരുന്നു. ഇവിടെയാണ് ദലിതൻ, സ്ത്രീകൾ, കുട്ടികൾ അടങ്ങുന്ന പാർശ്വവൽകൃതർ സ്വന്തം ഭാഷയിൽപ്പോലും അടിമത്തം അനുഭവിക്കുന്നത്. ബാർത്ത് പറഞ്ഞതുപോലെ; 'ആശയവിനിമയത്തിന്റെയും ആത്മാവിഷ്കാരത്തിന്റെയും മാർഗം എന്നതിലുപരി ഭാഷ അടിച്ചമർത്തലിന്റെയും അന്യവൽക്കരണത്തിന്റെയും സാമൂഹിക മാർഗം തന്നെയാണ്'(2018:23).

കോളനീകരണകാലത്ത് ഭാഷയുടെമേലുണ്ടായ അടിമത്തം കോളനിയനന്തര കാലഘട്ടത്തിൽ ഭാഷാസ്വത്വപഠനങ്ങളിലേക്ക് വഴിതെളിച്ചു. കോളനീകരണത്തിന് മുൻപ് പൊതുഭാഷയോടൊപ്പം ഭാഷ നഷ്ടപ്പെട്ടവരാണ് സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്ന് മാറ്റിനിർത്തപ്പെട്ടവർ. കോളനിയനന്തരതയിൽ പൊതുഭാഷ ഇംഗ്ലീഷിൽ നിന്ന് വിമുക്തമായി വരുമ്പോഴും ദലിതരുൾപ്പെടെയുള്ള പാർശ്വവൽകരിക്കപ്പെട്ടവർക്ക് സ്വഭാഷ നഷ്ടമായി. ഈ സാഹചര്യത്തിൽ ദലിതരുൾപ്പെട്ട പാർശ്വവത്കൃതസമൂഹം സ്വഭാഷയുടെ സ്വത്വത്തെ ഉറപ്പിക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചു. അതിന്റെ ഫലമായി ഭാഷയെയും സംസ്കാരത്തെയും യോജിപ്പിച്ചുകൊണ്ട് പ്രാദേശിക പദാവലികളും വഴക്കങ്ങളും ബോധപൂർവ്വം സ്വീകരിച്ച് ദലിതർ തന്റെ ഭാഷയിൽ തന്നെ ആവിഷ്ക്കാരങ്ങൾ നിർവ്വഹിക്കാൻ തുടങ്ങി.

ദലിത് ഭാഷാസ്വത്വമെന്നത് അധീശത്വവർഗ്ഗത്തിനോടുള്ള പ്രതിരോധമാണെങ്കിലും ഇത് പൊതുഭാഷാ സ്വത്വബോധത്തിൽ നിന്ന് വളരെ വ്യത്യസ്തമാണ്. പൊതുഭാഷാസ്വത്വം എന്നത് നിലനിന്നുവന്ന ഭാഷാസ്വത്വസങ്കൽപ്പമാണ്. അതാകട്ടെ ദേശഭാഷയുടെ

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

അസ്തിത്വം ഉറപ്പിച്ചെടുക്കുകയെന്നതാണ്. എന്നാൽ ദലിത് ഭാഷാസ്വത്വം ദലിത് സമൂഹം നിർമ്മിച്ചെടുക്കുന്ന ഭാഷയുടെ സ്വത്വമാണ്. ഇത്തരത്തിലുള്ള സ്വത്വബോധം ദലിതരിൽ നാമ്പിടുന്നതുതന്നെ ആധുനികാനന്തരതയിൽ ആയതിനാൽ ഇക്കാലത്തുണ്ടായ ആവിഷ്കാരങ്ങളിൽനിന്ന് ദലിത് ഭാഷാസ്വത്വവബോധം പ്രമേയമായിട്ടുള്ള രചനകൾ കണ്ടെത്താൻ കഴിയും.

സമകാല മലയാളനോവലിനെ സംബന്ധിച്ച് മിക്കനോവലും ദലിത് ഭാഷാസ്വത്വവ ബോധം എന്ന കാഴ്ച്ചപ്പാടിൽ എഴുതപ്പെട്ടവയാണ്. അതിൽ തന്നെ ഏറെ ശ്രദ്ധേയമായ നോവലാണ് പി.എ. ഉത്തമന്റെ 'ചാവൊലി'. ദലിത് സമൂഹത്തിന്റെ സവിശേഷ വാമൊഴി ഭാഷയുടെ ശക്തിയും സൗന്ദര്യവും നിറഞ്ഞതാണ് ഈ നോവൽ. സാധാരണജനതയുടെ മാനകഭാഷയിലൂടെയാണോ ദലിതർ അവരുടെ സ്വത്വം പങ്കുവയ്ക്കേണ്ടത് എന്ന ചോദ്യത്തിനുള്ള ഒരുത്തരം കൂടിയാണ് ചാവൊലി എന്ന നോവൽ. ദലിതർക്ക് അവരുടെ സ്വത്വം ആവിഷ്കരിക്കാൻ പ്രാപ്തമായ ഭാഷ ദലിത് ഭാഷയായതിനാൽ അതിനെ സാമൂഹികഭാഷാഭേദമായി കണക്കാക്കാം.

പി.എ.ഉത്തമന്റെ ചാവൊലി എന്ന നോവൽ, തിരുവനന്തപുരം ജില്ലയിലെ നെടുമ ങ്ങാട്ടെ കുറവസമുദായത്തിലെ ഒരു വിഭാഗത്തിന്റെ സ്വാതന്ത്ര്യത്തിന് മുമ്പും ശേഷവു മുള്ള ജീവിതത്തിന്റെ ആവിഷ്കാരമാണ്. മണ്ണിന്റെ ചൂരിൽ കഠിനമായി അധ്വാനിച്ചിട്ടും സ്വന്തം ഇടം നഷ്ടമാകുന്ന ഒരുകൂട്ടം ജനതയുടെ ജീവിതത്തെ സംസ്കാരത്തെ നെടുമങ്ങാ ട്ടെ നാട്ടുഭാഷയിലൂടെ പറയുന്നു. നോവലിന്റെ അവതാരികയിൽ പി.കെ.രാജശേഖരൻ നോവലിലെ ഭാഷയെക്കുറിച്ച് പറഞ്ഞിരിക്കുന്നത് ഇങ്ങനെയാണ്; 'താൻ അവതരിപ്പിക്കുന്ന കുറവസമുദായത്തിന്റെ പൂർവ്വകാലം മുതൽ വർത്തമാനകാലം വരെ നെടുമങ്ങാട്ടു നിലവിലിരുന്ന നാട്ടുഭാഷയെന്ന് ഉത്തമൻ പറയുന്ന ഈ നാട്ടുപേച്ച് തിരുവനന്തപുരത്തിന്റെ സ്വന്തം മൊഴിയാണ്. നെടുമങ്ങാട്, നെയ്യാറ്റിൻകര, ചിറയിൻകീഴ് താലൂക്കുകളിലായി വ്യാപിച്ചുകിടക്കുന്ന ഒരുഭാഷയുടെ ഉൾപ്പിരിവാണത്. തിരുവനന്തപുരത്തുകാരിൽ അത് ഇന്നും സൗന്ദര്യക്കുഴമ്പുകൾ പൂശിയ തൊലിക്കുള്ളിലെ പച്ചമാംസം പോലെ നില കൊള്ളുന്നു. വള്ളുവനാടനും ഏറനാടനും കോലത്തുനാടനുമായി നാട്ടുമൊഴികൾ അഭിജാതമായി ഉച്ചരിക്കപ്പെട്ട മലയാളനോവലിൽ തിരുവനന്തപുരം പേച്ചിന് എന്നും ദളിതത്വമായിരുന്നു. എല്ലാവരും അപഹസിച്ചുതള്ളിയ ഈ നാട്ടുമൊഴിയെ വീണ്ടെടുക്കുകയാണ് പി.എ.ഉത്തമൻ 'ചാവൊലിയിലൂടെ' (2018:1718). ഈ വീണ്ടെടുപ്പ് ശ്രമം നോവലിൽ അവതരിപ്പിക്കപ്പെടുന്നത് പൊതുഭാഷാസ്വത്വത്തിൽ നിന്നുകൊണ്ടാണ്.

ഇംഗ്ലീഷിന്റെ കടന്നുകയറ്റം മൂലം ഭാഷയുടെ സ്വത്വം നഷ്ടപ്പെട്ടു എന്നുപറയുന്ന പൊതു ഭാഷാസ്വത്വബോധത്തിൽ നിന്ന് വ്യത്യസ്തമായി പൊതുഭാഷയുടെ മേൽക്കോയ്മയിൽ നിന്നും ദലിത് ഭാഷയ്ക്ക് മുക്തിവേണമെന്ന അവബോധമാണ് ദലിതരെ സ്വഭാഷാ സ്വത്വത്തെക്കുറിച്ചുള്ള ചിന്തയിലേക്ക് നയിച്ചത്. ഭാഷകളിൽപ്പോലും വേർതിരിവുകൾ നിലനിൽക്കുന്ന ഇക്കാലത്ത് ദലിത് ഭാഷയാണ് പൊതുഭാഷയുടെ ഉല്പത്തിയിൽ അടിസ്ഥാനം എന്ന് തിരിച്ചറിയപ്പെടേണ്ടത് അനിവാര്യമാണ്. കവിയൂർ മുരളിയുടെ അഭിപ്രായത്തിൽ: 'പ്രാകൃതത്തിൽ നിന്നും ഉരുത്തിരിഞ്ഞ ആദ്യഭാഷ ദലിത് ഭാഷ

ഗവൺമെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

ആയിരുന്നെന്നും അതിൽനിന്നുമാണ് തമിഴ് മുതലായ ഭാഷകളുണ്ടായതെന്നും ആ സ്ഥിതിക്ക് തമിഴിന്റെയും അമ്മയാണ് ദലിത് ഭാഷ'(1997:18). ഈ അഭിപ്രായത്തിലൂടെ ദലിത്ഭാഷ അന്യവൽകരിക്കപ്പെടേണ്ട ഒന്നല്ല എന്ന വസ്തുത വെളിപ്പെടുന്നുണ്ട്. അതുകൊണ്ടുതന്നെ വൈവിധ്യമാർന്നതും തനിമയാർന്നതുമായ ദലിത്ഭാഷ സംരക്ഷിക്കപ്പെടേണ്ടത് ആവശ്യമാണ് എന്ന ബോധം അനുവാചകരിലെത്തിക്കാൻ നോവലിലൂടെ എഴുത്തുകാരൻ ശ്രമിക്കുന്നു.

ചാവൊലി എന്ന നോവൽ രചിച്ചിരിക്കുന്നത് രണ്ടു ഭാഗങ്ങളായിട്ടാണ്. ഒന്ന്. മണ്ണിലാണ്ട മരങ്ങളായ്, രണ്ട്. അമരവാഴ്വുകളിങ്ങനെ. ഒന്നാം ഭാഗത്ത് അനാവരണം ചെയ്തിരിക്കുന്ന ജനതയിൽ നിന്ന് ഭാഷകൊണ്ടും മറ്റും വ്യത്യസ്തമായ ഒരു തലമുറയാണ് അമരവാഴ്വുകളിങ്ങനെ എന്ന രണ്ടാംഭാഗത്ത് അവതരിപ്പിച്ചിരിക്കുന്നത്.

മണ്ണിലാണ്ടമരങ്ങളായ് എന്ന ഒന്നാംഭാഗം ആരംഭിക്കുന്നത് ഇങ്ങനെയാണ്; 'ആത്തറ കല്ല് വെളക്കിനും നെറംകെട്ട പട്ടുചീന്തിനും മുന്നീതാണുവീണു. മണ്ണിച്ചേന്നു മനം പ്നാറ്റി. കണ്ണീര് നനച്ചു. ചങ്കരൻ ചെലുക്കനെ ചാടിയെണീച്ചു.' (2018:14). നെടുമങ്ങാടൻ ഭാഷാശൈലിയാണ് ഈ വാക്യങ്ങളിൽ കടന്നുവരുന്നത്. ആൽത്തറ കല്ലുവിളക്കിനും നിറം മങ്ങിയ പട്ടുകഷ്ണത്തിനും മുന്നിൽ താഴ്ന്നുവീണു മനംനൊന്ത് മാപ്പുപറഞ്ഞു. കണ്ണുനീര് നനച്ച് ചങ്കരൻ പെട്ടെന്ന് ചാടിയെണീറ്റു എന്നാണ് പ്രസ്തുതസന്ദർഭത്തിന്റെ അർത്ഥം.

നോവലിലെ ഒന്നാംഭാഗം അതിജീവനത്തിന്റെ അതിരൂക്ഷമായ ഇടങ്ങളെയാണ് അവതരിപ്പിക്കുന്നത്. പിതൃക്കളെ കുടിയിരുത്തിയ ആൽത്തറയ്ക്കുമുന്നിൽ താണുവീണു തൊഴുതുനിൽക്കുന്ന ചങ്കരനിൽ നിന്നാണ് ചാവൊലി മുഴങ്ങിത്തുടങ്ങുന്നത്. പൈതൃകത്തെ തേടുന്ന വ്യക്തിയെ വെളുത്തമുത്തി തിരിച്ചറിയുന്നതോടെ ചാവൊലി എന്ന നോവൽ അതിന്റെ സമ്പൂർണ്ണതയിൽ എത്തുന്നു. മണ്ണിനെയും പ്രകൃതിയെയും സ്നേഹിച്ച് കുന്നുകളിൽ നിന്ന് കുന്നുകളിലേക്ക് സഞ്ചരിക്കുന്ന നീലമ്പി, ജന്മി കുഞ്ഞ്യങ്കരൻ നായരേക്കാൾ ക്രൂരനായിരുന്ന കാര്യസ്ഥൻ കോയിന്നാര്, അയാൾ കൊന്ന് ചാണകക്കുണ്ടിൽ താഴ്ത്തിയ കൊച്ചേമ്പിയും ചക്കിയും ജന്മിയുടെ മകൻ പട്ടാളം വേലായ്വന്നായരുടെ വിയർപ്പുചൂരിൽ മത്തയാകുന്ന വെളുത്ത, സ്വന്തം മണ്ണിനെയും നെല്ലിനെയും അങ്ങേയറ്റം സ്നേഹിക്കുന്ന തേയി, നാട്ടുവൈദ്യത്തിന്റെയും മാന്ത്രികവിദ്യയുടെയും കരുത്തിൽ ഊരുചുറ്റുന്ന ആതിച്ചൻ, കാക്കാരിശ്ശി ആശാനായ ചിന്നൻ ഇങ്ങനെ കുടികിടപ്പിന്റെ യാതനകൾ അനുഭവിക്കുന്നവരും അതിനിടയിലും ആത്മബലവും തന്റേടവും കൊണ്ട് സ്വന്തം വഴി കണ്ടെത്തുന്നവരുമായ നിരവധി കഥാപാത്രങ്ങൾ നോവലിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. ഇവരുടെയെല്ലാം പ്രധാനപ്രതിരോധമാർഗ്ഗം ഭാഷ തന്നെയാണ്.

അമരവാഴ്വുകളിങ്ങനെ എന്ന രണ്ടാംഭാഗം വർത്തമാനകാലത്തെ തൊട്ടാണ് നിൽക്കുന്നത്. ഒന്നാംഭാഗത്തെ സംഭാഷണഭാഷയിൽ നിന്ന് വ്യത്യസ്തമായ ഭാഷാരീതിയാണ് രണ്ടാംഭാഗത്തുള്ളത്. അതുപോലെതന്നെ മുൻതലമുറയിൽ നിന്ന് വ്യത്യസ്തമായ തലമുറയെയും ഈ ഭാഗത്തു കാണാം. ജന്മിയുടെ ഭരണത്തിലിരുന്ന

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

ഒരു ഗ്രാമം കോളനിയായി മാറിയതോടുകൂടി അവിടുത്തെ ജനത പ്രാന്തവൽക്കരിക്കപ്പെടുന്നു. കോളനിയെ നിരീക്ഷിക്കാനെത്തുന്ന രഘൂത്തമനിലൂടെയാണ് ഭാഷാപരമായ മാറ്റത്തിന് തുടക്കം കുറിക്കുന്നത്. ചരിത്രത്തിൽ നിന്ന് കടന്നുവരുന്ന ബഹു വ്യക്തിത്വത്തിനുടമയായ കുഞ്ഞിരാമന്റെ കഥാകഥനം നാട്ടുപേച്ചിലും രഘൂത്തമന്റെ നേർക്കാഴ്ചകൾ അച്ചടിവടിവിലും ആഖ്യാനംചെയ്യുന്ന നോവലിസ്റ്റ് തലമുറകളുടെ വൈരുദ്ധ്യം പ്രകടിപ്പിക്കാൻ ഭാഷാവിനിയോഗത്തെ ബോധപൂർവ്വം ഒരുപകരണമാക്കുന്നു. അതുകൊണ്ട് ഭാഷ എന്നത് തികച്ചും ഒരു പ്രതിരോധമാർഗം തന്നെയാണ്.

ചാവൊലിയിലെ ഭാഷ കേരളത്തിലെ വ്യത്യസ്ത ഭാഷാഭേദങ്ങളിൽ നിന്നും വൈവിദ്ധ്യം പുലർത്തുന്നതായി കാണാം. ഓരോ പ്രദേശത്തിലെ ഭാഷയ്ക്കും അവയുടേതായ തനതുശൈലിയുണ്ട്. അതുപോലെതന്നെയാണ് ദലിത് ഭാഷയുടെ സ്ഥിതിയും ദലിത് ഭാഷ ഇന്ന് മറ്റ് ഭാഷകളെപ്പോലെ ശ്രദ്ധിക്കപ്പെടുന്നുണ്ടെങ്കിലും അതിന് പൊതുഭാഷയ്ക്ക് ലഭിക്കുന്ന സ്ഥാനം ലഭിക്കുന്നില്ല. നോവലിൽ ഉപയോഗിച്ചിരിക്കുന്ന നെടുമങ്ങാടൻ ഭാഷാവ്യവഹാരങ്ങളിലെ ദലിതരുടെ സംസാരഭാഷയ്ക്കും സാഹിത്യഭാഷയ്ക്കും മറ്റുള്ള ഭാഷകളിൽ നിന്ന് വ്യതിരിക്തമായ ശൈലിയുണ്ട്. കേരളത്തിലെ മറ്റേത് പ്രാദേശിക ഭാഷാവ്യവഹാരങ്ങൾക്കുമില്ലാത്ത സവിശേഷതകൾ നോവലിലെ ഭാഷയ്ക്കുള്ളതായി കാണാം. അന്യഭാഷാഭേദത്തിൽപ്പെട്ടവർക്ക് അർത്ഥം മനസ്സിലാക്കാൻ കഴിയാത്ത പ്രാദേശികപദങ്ങൾ ഓരോ ഭാഷാകൂട്ടായ്മയിലും കണ്ടെത്താമെങ്കിലും നെടുമങ്ങാടൻ ദലിത് ഭാഷയിലുള്ളത്ര തനത് പ്രാദേശികപദങ്ങൾ മറ്റ് ഭാഷാഭേദങ്ങളിൽ ഉണ്ടെന്ന് തോന്നുന്നില്ല. അതിനുദാഹരണമാണ് 'പാട്ടപ്പണം തന്ന് അപ്പണം തമ്പ്രാന് കൊട്ത്ത് പാറമോളില് പാട്ടം മേങ്ങി' 'പ്പയും യെമ്മീന്റെ ആള്ളേങ്ങള ഊർത്തിരിക്കണൊനുരി ഒരുക്കുമ്പം' (2018:19). ഈ വാക്യങ്ങളിൽ മേങ്ങി, ഊത്തിരിക്കണ, നുരി തുടങ്ങിയ പദങ്ങൾ മറ്റ് പ്രാദേശിക ഭാഷാഭേദങ്ങളിൽ കാണാൻ കഴിയില്ല. ഇവ ദലിതർക്ക് സ്വന്തമായ ഭാഷാപദങ്ങളാണ്. ഇത്തരത്തിൽ ധാരാളം വാക്യങ്ങൾ നോവലിൽ നിന്ന് ഉദാഹരിക്കാൻ കഴിയും.

ഭാഷയുടെ ഓരോ വ്യവഹാരഭേദവും ഓരോ പ്രത്യേക സംസ്കൃതിയുടെ അടയാളങ്ങളാണ്. അതുകൊണ്ടുതന്നെ വ്യവഹാരഭാഷാപഠനങ്ങൾക്ക് പ്രാദേശിക സംസ്കൃതിയുടെയും സാമൂഹിക സംസ്കൃതിയുടെയും സ്വത്വങ്ങളെ കണ്ടെത്താൻ കഴിയും. ഈ ഒരു കാഴ്ചപ്പാടിൽ നിന്നുകൊണ്ട് 'ചാവൊലി' എന്ന നോവൽ വ്യത്യസ്തമായ രീതിയിൽ വ്യാഖ്യാനിക്കപ്പെടുന്നുണ്ട്. അതിന്റെ ഫലമാണ് പ്രസ്തുതനോവലിൽ എഴുത്തുകാരൻ ഉപയോഗിച്ചിരിക്കുന്ന ദലിത് ഭാഷാപദങ്ങൾ. ഇത്തരം പദങ്ങൾ പ്രാദേശികഭാഷാപദങ്ങൾ കൂടിയാണ്. ഈ എഴുത്തുഭാഷ പഴമയുള്ള നെടുമങ്ങാടൻ നാട്ടുമൊഴി വഴക്കമാണ്. ഇവയിൽ ചില പദങ്ങൾ നെടുമങ്ങാടൻ ഗ്രാമീണജനതയുടെ നാവുകളിൽ ഇന്നും ഉപയോഗത്തിലുണ്ട്. എന്നാൽ പല ഭാഷാപദങ്ങളും പൊതുഭാഷയോടൊപ്പം ലയിച്ച് ഇല്ലാതായിട്ടുണ്ട്. അവയൊക്കെ തിരിച്ചുപിടിക്കണം എന്ന സൂചനയാണ് ചാവൊലിയിൽ ഉപയോഗിച്ചിട്ടുള്ള ദലിത് ഭാഷാപദങ്ങൾ നൽകുന്നത്. അവയിൽ ചുരുക്കം ചിലതിന് ഉദാഹരണം.

---

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

ഉദാ: 1) അന്നംപന്നക്കം പുലമ്പൽ

2) അക്കിത്ത് റാണം അത്യാഗ്രഹം

3) അരിഞ്ഞി അല്പമാത്രം

4) ഇനിപ്പ് മധുരം

5) ഇലങ്കം കോവിൽ

6) ഉമ്പിടി കുഞ്ഞ്

7) ഉള്ളപ്പേലാതസങ്കോചം കൂടാതെ

8) ഒടവല വയൽ

9) ഓട്ടത്തറ ഉത്സവപ്പറമ്പ്

10) കൂങ്ങാപ്പാക്ക് ഇളംപാക്ക്

ദലിത് സമൂഹത്തിലെ വ്യവഹാരഭാഷയുടെ നട്ടെല്ല് എന്നുപറയുന്നത് ദലിതരുടെ സംസ്കാരം തന്നെയാണ്. ദലിത് ഭാഷാസ്വത്വത്തെക്കുറിച്ച് പഠിക്കണമെങ്കിൽ അവരുടെ സംസ്കാരത്തിലേക്ക് കടന്നുചെല്ലേണ്ടത് ആവശ്യമാണ്. ചാവൊലി എന്ന നോവലിൽ നെടുമങ്ങാടൻ പ്രദേശത്തിലെ ദലിത് സമൂഹത്തിൽ പ്രചരിച്ചിട്ടുള്ള പാട്ടുകൾ അവതരിപ്പിച്ചിട്ടുണ്ട്. അവയാകട്ടെ നെടുമങ്ങാടൻ ഭാഷയുടെ തനതുരൂപത്തിൽ നിർമ്മിക്കപ്പെട്ടിട്ടുള്ളതാണ്.

*'ഒരിണയീരിണ മാടുവെളുത്തേ*
*വേലയ്ക്ക് ഞാറ്റടിയാക്കേണം തെയ്യാ'* (2018:152).

തുടങ്ങിയ വരികളിലെല്ലാം തന്നെ ധാരാളം ദലിത്ഭാഷാപദങ്ങൾ കണ്ടെത്താൻ കഴിയും. ഒരിണ, ഈരിണ തുടങ്ങിയവ അവയിൽ ചില ഭാഷാപദങ്ങൾ മാത്രമാണ്.

നോവലിലെ മറ്റൊരുദാഹരണം നോക്കാം:

*'എന്തിന് പോണ് അരത്തം കാണാൻ*
*എന്തരത്തം കോയിരരത്തം'* (2018:46).

ഇത്തരം പാട്ടുകൾ പൊതുഭാഷയോട് പ്രതിരോധം രേഖപ്പെടുത്തുന്നതും നെടുമങ്ങാടിലുള്ള ദലിത് ജനതയ്ക്ക് ഭാഷാസ്വത്വത്തെക്കുറിച്ചുള്ള അവബോധം നൽകുന്നതുമാണ്.

നോവലിന്റെ തുടക്കം മുതൽ ഒടുക്കം വരെ ഭാഷാപരമായ പ്രതിരോധാത്മക സമീപനരീതിയാണ് സ്വീകരിച്ചിട്ടുള്ളത്. നോവലിൽ അവതരിപ്പിച്ചിരിക്കുന്ന ഭാഷാപദങ്ങൾ ഇന്ന് മലയാളത്തിലുണ്ടായിട്ടുള്ള നിഘണ്ടുക്കളിൽ നിന്നുപോലും കണ്ടെടുക്കാൻ കഴിയില്ല. അതിനർത്ഥം മലയാളഭാഷയുമായി ബന്ധപ്പെട്ട പൊതുനിഘണ്ടുക്കളിൽ പോലും അരികുവത്കരണത്തിന് ഇത്തരം ഭാഷാപദങ്ങൾ വിധേയമായിട്ടുണ്ട്. പി.കെ. രാജശേഖരൻ

ചാവൊലി എന്ന നോവലിലെ എഴുത്തുകാരന്റെ ഭാഷാസ്വീകരണത്തെക്കുറിച്ച് പറയുന്നത്: 'ആ നാട്ടുമൊഴി എഴുതിക്കൊണ്ട് ഉത്തമൻ തന്റെ പൊൻനാണയം വീണ്ടെടുത്തു. ഒരു നിഘണ്ടുവും ഉൾക്കൊള്ളാത്ത വാക്കുകളുടെ താരാവലിയിൽ പരവയിൽ തിരകളായി വന്തുതിങ്കിനിറയുകയാണ്. ചാവൊലിയിൽ അടിക്കുറിപ്പുകളിലെ മാനകഭാഷയുടെ സഹായമില്ലെങ്കിൽ മറ്റു പ്രദേശങ്ങളിലെ വായനക്കാർക്ക് വിനിമയം അസാധ്യമാകുന്ന ഈ ഭാഷണഭേദം നോവലിന്റെ വായനയിൽ തടസ്സങ്ങൾ സൃഷ്ടിച്ചേക്കാം. എന്നാൽ മറുനോവൽ എഴുതുന്ന നോവലിസ്റ്റിന് മറുഭാഷയും എഴുതാതിരിക്കാൻ ആവില്ല. ആ വാക്കുകളിൽ മാത്രമേ മണ്ണിലാണ്ടമരങ്ങളുടെ ലോകം ഉയിർത്തു വരൂ'[1] (2018:18). നോവലിലെ ഭാഷയ്ക്ക് മറുഭാഷ സൃഷ്ടിക്കാൻ ശ്രമിക്കുന്ന എഴുത്തുകാരൻ യഥാർത്ഥത്തിൽ പൊതുസമൂഹത്തിന് ദലിത് ഭാഷയുടെ മേലുള്ള അജ്ഞതയാണ് സൂചിപ്പിക്കുന്നത്. ഇത്തരത്തിൽ പൊതുഭാഷയിലൂടെ ദലിത് ഭാഷയെ മനസ്സിലാക്കാനും അവ പൊതു ഭാഷാസമൂഹത്തിൽ ഉൾപ്പെടുത്തേണ്ടതാണെന്നുള്ള അവബോധം സൃഷ്ടിക്കാനുമാണ് നോവലിൽ സ്വീകരിച്ചിരിക്കുന്ന മാനകഭാഷയിലൂടെ എഴുത്തുകാരൻ ശ്രമിക്കുന്നത്.

കേരളത്തിന്റെ മാനകഭാഷയെന്നത് പല ഭാഷകളുടെയും കലർപ്പാണ്. സ്വന്തമായൊരു അസ്തിത്വം രേഖപ്പെടുത്താൻ കഴിയാത്ത അവസ്ഥയിലാണ് സാധാരണഭാഷയുടെ നിലനിൽപ്പ്. അതിൽനിന്നും അന്യഭാഷ കലർപ്പില്ലാതെ സ്വന്തമായി രൂപപ്പെടുത്തിയ ഭാഷാപദങ്ങളിലൂടെയാണ് ദലിത് ഭാഷയും നിലനിൽക്കുന്നത്. സാഹിത്യത്തിൽപ്പോലും വ്യക്തമായസ്ഥാനം ഉറപ്പിച്ചെടുക്കാൻ ദലിത് ഭാഷയ്ക്ക് കഴിഞ്ഞതുതന്നെ ഈ കലർപ്പില്ലായ്മയാണ്. എന്നിരുന്നാലും ദലിത് ഭാഷയുടെ പ്രസക്തി തിരിച്ചറിയപ്പെടാതെ പോകുന്നതുതന്നെ വളരെ ദുസ്സഹമായ അവസ്ഥയാണ്. അതിനാൽ അന്യഭാഷയുടെ കലർപ്പിൽ നിലനിൽക്കുന്ന മാനകഭാഷയ്ക്ക് ദലിത് ഭാഷാപദങ്ങൾ സ്വീകരിക്കുന്നത് നല്ലതല്ലേ എന്ന ചോദ്യത്തിനുള്ള പ്രതിരോധാത്മകമായ ഉത്തരമാണ് ചാവൊലി എന്ന നോവലിൽ ഉത്തമൻ സ്വീകരിച്ചിട്ടുള്ള ഭാഷാപദങ്ങൾ.

## കുറിപ്പുകൾ

1. *പത്മനാഭപ്പിള്ള ശ്രീകണ്ഠേശ്വരം, ശബ്ദതാരാവലി, 1931, പുറം.420.*
2. *പോക്കർ, പി.കെ., സ്വത്വരാഷ്ട്രീയം,2007, പുറം.11.*
3. *പ്രകാശ് കാരാട്ട്, സ്വത്വവാദം ആർക്കുവേണ്ടി, 2010, പുറം.17.*
4. *കുമാരൻ വയലേരി, ഭാഷയും സമൂഹവും, 2010, പുറം.29.*
5. *സന്തോഷ് വള്ളിക്കാട്,സമകാലിക നോവൽ ആഖ്യാനത്തിലെ നവ പരിപ്രേക്ഷ്യങ്ങൾ, 2018, പുറം.23.*
6. *രാജശേഖരൻ, പി.കെ., ചാവൊലി, 2018, പുറം.17-18.*
7. *മുരളി കവിയൂർ, ദലിത് ഭാഷ,1997, പുറം.18.*
8. *രാജശേഖരൻ, പി.കെ., ചാവൊലി, 2018, പുറം.14.*
9. *ഉത്തമൻ, പി.എ., ചാവൊലി, 2018, പുറം.19.*
10. *അതേപുസ്തകം, പുറം.152.*

ഗവൺമെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

11. അതേപുസ്തകം, പുറം.46.
12. അതേപുസ്തകം, പുറം.131.
13. രാജശേഖരൻ പി.കെ., ചാവൊലി, 2018, പുറം.18.

## ഗ്രന്ഥസൂചി


1. ഉത്തമൻ, പി.എ.,ചാവൊലി,ചിന്താപബ്ലിഷേഴ്സ്,തിരുവനന്തപുരം, 2016.
2. കുമാരൻ വയലേരി, ഭാഷയും സമൂഹവും, പുസ്തകഭവൻ, കണ്ണൂർ,2010
3. പത്മനാഭപ്പിള്ള ശ്രീകണ്ഠേശ്വരം, ശബ്ദതാരാവലി, സാഹിത്യപ്രവർത്തക സഹകരണ സംഘം, കോട്ടയം, 1931
4. പോക്കർ പി.കെ., സ്വത്വരാഷ്ട്രീയം, പ്രോഗ്രസ് പബ്ലിക്കേഷൻ, കോഴിക്കോട്, 2007
5. പ്രകാശ് കാരാട്ട്, സ്വത്വരാഷ്ട്രീയത്തിന്റെ വെല്ലുവിളി നേരിടുക, സ്വത്വവാദം ആർക്കുവേണ്ടി (എ ഡി.), എം.നാരായണൻ, ഗ്രീൻബുക്സ്, തൃശ്ശൂർ, 2010
6. പ്രദീപൻ പാമ്പിരികുന്ന്, ദലിത്പഠനം: സ്വത്വം, സംസ്കാരം, സാഹിത്യം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്,തിരുവനന്തപുരം, 2017
7. പ്രസാദ്, സി.ആർ., ഭാഷയും ഭാവനയും പ്രതിരോധത്തിന്റെ അടയാളങ്ങൾ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2010
8. ബലറാം, എം.പി., സ്വത്വം, സംസ്കാരം, സങ്കല്പനം വിമർശനപാഠങ്ങൾ, കോറസ്, കണ്ണൂർ, 2016
9. മനോജ്, എം.ബി., ചാവൊലി,മലയാളനോവൽ നഗരഭാവനയുടെ ഒരു നൂറ്റാണ്ട്.
10. മുരളി, കവിയൂർ, ദലിത് ഭാഷ, കറൻറ് ബുക്സ്, കോട്ടയം, 1997
11. രാജശേഖരൻ, പി.കെ., അവതാരിക, ചാവൊലി, പി.എ.ഉത്തമൻ, ഡി.സി.ബുക്സ്, കോട്ടയം, 2016
12. ശിവദാസ്, കെ.കെ., ചാവൊലി ജാതിഹിംസയെ അതിജീവിച്ചതിന്റെ സ്മാരകം, ആധുനികാനന്തര മലയാളനോവൽ, (എഡി.), കുമാർ ജെ., ഷിജു കെ., മാളുബൻ പബ്ലിക്കേഷൻസ്, തിരുവനന്തപുരം, 2018


## ആനുകാലികങ്ങൾ


1. ഉർസൂല, എൻ., അരികുജീവിതവും അധികൃതരാഷ്ട്രീയവും ചാവൊലിയിൽ, മലയാളപ്പച്ച, വാല്യം 1, ലക്കം 2, 2016
2. മേരി, എം., ദളിത് സ്വത്വ നിർമ്മിതി ചില ഉത്തരാധുനിക പാഠങ്ങൾ, ഗ്രന്ഥാലോകം, ഏപ്രിൽ, 2010
3. ശ്രുതി, കെ., ചാവൊലി അതിജീവനത്തിന്റെ വേരുകൾ, മലയാളപ്പച്ച, വാല്യം1, ലക്കം2, 2016


ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

# മലയാളസാഹിത്യചരിത്രങ്ങൾ ചരിത്രവും വർത്തമാനവും

**ഡോ. പ്രിൻസ് മോൻ ജോസ്**
അസി. പ്രൊഫസർ, മലയാളവിഭാഗം, സെന്റ് തോമസ് കോളെജ്, പാലാ

**പ്രബന്ധസംഗ്രഹം**

വർത്തമാനകാലത്തുനിന്നുകൊണ്ട് ഭൂതകാലത്തിന്റെ ചരിത്രത്തെ അവലോകനം ചെയ്യുകയും, ഗവേഷണത്തിലൂടെ കണ്ടെത്തുന്ന വസ്തുതകളെയും നിരീക്ഷണങ്ങളെയും സംഗ്രഹിക്കുകയും, വിവരിക്കുകയും ചെയ്യുന്നവയാണ് ചരിത്രഗ്രന്ഥങ്ങൾ. രചനയിൽ പരാമർശിക്കുന്ന വിഷയം സാഹിത്യമാകുമ്പോൾ അവ സാഹിത്യചരിത്രങ്ങളെന്ന് വിളിക്കപ്പെടുന്നു. ഇപ്രകാരം മലയാളസാഹിത്യത്തിന്റെ ഭൂതകാലചരിത്രം കാലാകാലങ്ങളിൽ പല സാഹിത്യചരിത്രങ്ങളിലൂടെയും, അനാവരണം ചെയ്യപ്പെട്ടിട്ടുണ്ട്. വിവിധ സാഹിത്യപ്രസ്ഥാനങ്ങൾ, സാഹിത്യകാരൻമാർ, അവരുടെ കൃതികൾ, സാഹിത്യസംഭവങ്ങൾ, എന്നിവയെല്ലാം പരാമർശിക്കുന്ന ചരിത്രസംഹിതകളാണ് സാഹിത്യചരിത്രങ്ങൾ. മലയാളസാഹിത്യചരിത്രവിഭാഗത്തിൽപ്പെട്ട ആദ്യ കൃതിയായി വിശേഷിപ്പിക്കപ്പെടുന്ന രചനയാണ് പി. ഗോവിന്ദപ്പിള്ളയുടെ മലയാളഭാഷാചരിത്രം. 1881 ലാണ് ഈ ഗ്രന്ഥം പുറത്തിറങ്ങിയത്. തുടർന്ന് അനേകം സാഹിത്യചരിത്രങ്ങൾ മലയാളത്തിലുണ്ടായി. ഈ മലയാളസാഹിത്യചരിത്രങ്ങൾ പിന്തുടരുന്ന രചനാരീതി, അവയുടെ സവിശേഷതകൾ, അപഗ്രഥനരീതി, ഇവയെ അടിസ്ഥാനമാക്കി സാഹിത്യചരിത്രങ്ങളുടെ വർഗീകരണങ്ങൾക്ക് അവലംബമായ വസ്തുതകളെയും ഒരോ വിഭാഗത്തിലുമുള്ള സാഹിത്യചരിത്രങ്ങളെയും പരിചയപ്പെടുത്തുകയും വിശകലനം ചെയ്യുകയുമാണ് ഇവിടെ പ്രബന്ധലക്ഷ്യം.

***താക്കോൽവാക്കുകൾ:*** സാഹിത്യചരിത്രങ്ങൾ, പ്രസ്ഥാനാധിഷ്ഠിതം, സമഗ്രസ്വഭാവാധിഷ്ഠിതം, തമസ്ക്കരണം

## ആമുഖം

സാഹിത്യചരിത്രങ്ങൾ കേവലം സാഹിത്യത്തിന്റെ ചരിത്രം മാത്രമല്ല സംസ്കാരത്തിന്റെ ചരിത്രം കൂടിയാണ്. സംസ്കാരത്തിന്റെ നിലപാടുകളും പ്രത്യയശാസ്ത്രങ്ങളും/ മൂല്യങ്ങളും/ ശരികളും ആചരണങ്ങളുമെല്ലാം പ്രതിഫലിപ്പിക്കുന്ന സാഹിത്യകൃതികളുടെ രൂപപ്പെടലിന്റെ ചരിത്രവും വിവിധ ചരിത്രഘട്ടങ്ങളിലെ പരിണാമങ്ങളും വ്യതിയാനങ്ങളും അടയാളപ്പെടുത്തുന്ന കൃതികളുമാണവ. സാഹിത്യകൃതികൾ സമൂഹത്തെ പ്രതിഫലിപ്പിക്കുന്ന ദർപ്പണങ്ങളാണ്. ചില ഘട്ടങ്ങളിൽ അവ വ്യക്തിഗതമായ അനുഭവങ്ങളിലേക്കും, താത്ത്വികമായ വിശകലനങ്ങളിലേക്കും സഞ്ചരിക്കുന്നു. പരീക്ഷണങ്ങളിലൂടെയും വിപ്ലവാത്മകമായ പ്രതിപാദനങ്ങളിലൂടെയും നവഭാവുകത്വത്തിന്റെ പരിണതികളെ വെളിപ്പെടുത്തുന്നു. ഈ വൈവിധ്യങ്ങളെ ചരിത്രപരമായി വർഗീകരിക്കുകയും അടയാളപ്പെടുത്തുകയും ചെയ്യുന്ന സാഹിത്യത്തിന്റെ ചരിത്രഗ്രന്ഥങ്ങളാണ് സാഹിത്യചരിത്രങ്ങൾ. ഈ ഗ്രന്ഥങ്ങളെ പ്രതിപാദകസ്വഭാവമനുസരിച്ച്, സമഗ്രസാഹിത്യചരിത്രങ്ങൾ, പ്രസ്ഥാനാധിഷ്ഠിത സാഹിത്യചരിത്രങ്ങൾ, കുട്ടികൾക്കുള്ള സാഹിത്യചരിത്രങ്ങൾ, അന്യഭാഷാ സാഹിത്യചരിത്രങ്ങൾ, ഇംഗ്ലീഷിലെഴുതിയ മലയാളസാഹിത്യചരിത്രങ്ങൾ, മലയാളത്തിലെഴുതിയ സംസ്കൃതസാഹിത്യചരിത്രങ്ങൾ എന്നിങ്ങനെ തരംതിരിക്കാവുന്നതാണ്.

വിശാലമായ സാഹിത്യത്തിന്റെ ബഹുവിധതലങ്ങൾ, വിവിധ പ്രസ്ഥാനങ്ങൾ, സാഹിത്യനായകന്മാർ, കൃതികൾ, സാഹിത്യസംഭവങ്ങൾ, ഭാവുകത്വവ്യതിയാനങ്ങൾ എന്നിവയെ ചരിത്രപരമായി കാലഘട്ടാനുസൃതം ക്രോഡീകരിക്കുകയും വിവരിക്കുകയുമാണ് സമഗ്രസാഹിത്യചരിത്രങ്ങളുടെ രചനാരീതി. സമഗ്രത പ്രാപ്യമല്ലെങ്കിലും സാഹിത്യചരിത്രങ്ങൾ എഴുതപ്പെട്ട കാലഘട്ടങ്ങൾ വരെയുള്ള ചരിത്രവസ്തുകളോട് നീതിപുലർത്തുന്ന പ്രതിപാദനമാണ് ഈ ഗവേഷണകൃതികൾ പിന്തുടരുന്നത്. മലയാളഭാഷാചരിത്രം പി. ഗോവിന്ദപ്പിള്ള, മലയാളസാഹിത്യചരിത്രസംഗ്രഹം പി. ശങ്കരൻനമ്പ്യാർ(1922), മലയാളഭാഷയും സാഹിത്യവും ആറ്റൂർ കൃഷ്ണപ്പിഷാരടി(1927) കേരളഭാഷാസാഹിത്യചരിത്രം ആർ.നാരായണപ്പണിക്കർ, കേരളസാഹിത്യചരിത്രം (5 വാള്യങ്ങൾ) ഉള്ളൂർ എസ്. പരമേശ്വരയ്യർ, കൈരളിയുടെ കഥ എൻ.കൃഷ്ണപിള്ള, കുഞ്ചൻവരെ, കുഞ്ചന്റെ ശേഷം മാടശ്ശേരി മാധവവാര്യർ, മലയാളസാഹിത്യചരിത്രങ്ങൾ പി.കെ. പരമേശ്വരൻ നായർ, മലയാള സാഹിത്യചരിത്രം ഡോ. കല്പറ്റ ബാലകൃഷ്ണൻ, ഭാഷാസാഹിത്യചരിത്രം സി.ജെ മണ്ണുംമൂട്, മലയാളസാഹിത്യചരിത്രം പ്രശ്നോത്തരി വെട്ടം മാണി, സ്വാതന്ത്ര്യസമരവും മലയാളസാഹിത്യവും ഡോ. എം. അച്യുതൻ, ഭാരതീയ സാഹിത്യചരിത്രം ഡോ. കെ. എം. ജോർജ്ജ്(എഡി.), മലയാളസാഹിത്യം എ.ഡി. ഹരിശർമ, മലയാളസാഹിത്യം കാലഘട്ടങ്ങളിലൂടെ എരുമേലി പരമേശ്വരൻപിള്ള, കേരള സാഹിത്യചരിത്രം ആർ. ലീലാദേവി, സമ്പൂർണ്ണമലയാളസാഹിത്യചരിത്രം പന്മന രാമചന്ദ്രൻ നായർ(എഡിറ്റർ) എന്നീ കൃതികളെ ഈ വിഭാഗത്തിലുൾപ്പെടുത്താവുന്നതാണ്. മലയാളസാഹിത്യത്തെക്കുറിച്ച് സാമാന്യജ്ഞാനം നേടാൻ പര്യാപ്തവും ഗവേഷകർക്ക് ഗൗരവപഠനത്തിന് ഉപകാരപ്രദവുമായ സാഹിത്യചരിത്രങ്ങൾ ഈ വിഭാഗത്തിലുണ്ട്.

ഗവൺമെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

ഒരു സാഹിത്യപ്രസ്ഥാനത്തിന്റെ ആരംഭം മുതലുള്ള ചരിത്രത്തെ അനാവരണം ചെയ്യുന്ന സാഹിത്യചരിത്രങ്ങളാണ് പ്രസ്ഥാനാധിഷ്ഠിത സാഹിത്യചരിത്രങ്ങൾ. സാഹിത്യ പ്രസ്ഥാനങ്ങളുടെ ഉത്ഭവം, സവിശേഷതകൾ, പ്രധാനകൃതികൾ, സാഹിത്യനായകൻമാർ എന്നിവയെ ചരിത്രപരമായി ആഖ്യാനം ചെയ്യുന്നവയാണ് ഇത്തരം സാഹിത്യചരിത്രങ്ങൾ. ഈ പ്രസ്ഥാനങ്ങളിൽ കാലാകാലങ്ങളിലുണ്ടായ പരീക്ഷണങ്ങളും ഭാവുകത്വവ്യതിയാനങ്ങളും നിരീക്ഷിക്കുന്നവയും ആലേഖനം ചെയ്യുന്നവയുമാണ് ഇത്തരം സാഹിത്യ ചരിത്രങ്ങൾ. ചില സാഹിത്യചരിത്രങ്ങൾ നിരൂപകസ്വഭാവം പ്രകടിപ്പിക്കുന്നവയുമാണ്. നോവൽ സാഹിത്യം, ചെറുകഥാപ്രസ്ഥാനം എം. പി. പോൾ, പദ്യസാഹിത്യചരിത്രം, ഭാഷാഗദ്യസാഹിത്യചരിത്രം ടി. എം. ചുമ്മാർ, ജീവചരിത്രസാഹിത്യം ഡോ. കെ. എം. ജോർജ്ജ്, ആത്മകഥാസാഹിത്യം മലയാളത്തിൽ ഡോ. നടുവട്ടം ഗോപാലകൃഷ്ണൻ, മലയാളകവിതാസാഹിത്യചരിത്രം ഡോ. എം. ലീലാവതി, ആട്ടക്കഥാസാഹിത്യം അയ്മനം കൃഷ്ണക്കൈമൾ, ഗാഥ, കിളിപ്പാട്ട് ഡോ. എൻ. മുകുന്ദൻ, മലയാളസാഹിത്യവിമർശനം ഡോ. സുകുമാർ അഴീക്കോട്, മലയാളനാടകസാഹിത്യചരിത്രം ജി.ശങ്കരപ്പിള്ള, മലയാള നോവൽസാഹിത്യചരിത്രം കെ. എം തരകൻ, മലയാള ചെറുകഥാസാഹിത്യചരിത്രം 1, 2 ഭാഗങ്ങൾ ഡോ. എം. എം. ബഷീർ, മലയാളനാടകസാഹിത്യചരിത്രം വയലാ വാസുദേവൻ പിള്ള, ചെറുകഥ ഇന്നലെ ഇന്ന് ഡോ. എം. അച്യുതൻ, മഹാകാവ്യപ്രസ്ഥാനം ടി. പി. ബാലകൃഷ്ണൻ നായർ, മലയാളനാടകവേദിയുടെ കഥ മടവൂർഭാസി, വെൺമണി പ്രസ്ഥാനം ഡോ.അകവൂർ നാരായണൻ, സഞ്ചാരസാഹിത്യം മലയാളത്തിൽ പ്രൊഫ. വി. രമേഷ്ചന്ദ്രൻ, അന്ധനായദൈവം ഡോ. പി. കെ രാജശേഖരൻ, തുള്ളൽസാഹിത്യ ചരിത്രം ഡോ. വി.എസ്. ശർമ്മ, കിളിപ്പാട്ടുപ്രസ്ഥാനം കെ. ശങ്കരൻ നമ്പൂതിരി, കീർത്തന സാഹിത്യം, ഉപന്യാസസാഹിത്യം ഡോ. എം. വി. വിഷ്ണുനമ്പൂതിരി, കഥയുടെ ആറാം കാലം കുഞ്ഞിക്കണ്ണൻ വാണിമേൽ, മലയാളസാഹിത്യവിമർശനം ഡോ. തോന്നയ്ക്കൽ വാസുദേവൻ, കഥയുടെ കഥ കെ.എസ്. രവികുമാർ എന്നിവയെല്ലാം ഈ ധാരയിൽ ഉൾപ്പെട്ട കൃതികളാണ്. എന്നാൽ ഡോ. കെ. എം. ജോർജ്ജ് എഡിറ്റുചെയ്ത സാഹിത്യ ചരിത്രം പ്രസ്ഥാനങ്ങളിലൂടെ, ആധുനികമലയാളസാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ എന്നീ കൃതികൾ സമഗ്രസ്വഭാവവും പ്രസ്ഥാനാധിഷ്ഠിതസ്വഭാവവും ഒരുപോലെ പ്രകടിപ്പിക്കുന്നു.

സാഹിത്യചരിത്രങ്ങളിലെ മറ്റൊരു വിഭാഗമാണ് കുട്ടികൾക്ക് വേണ്ടി രചിക്കപ്പെട്ട സാഹിത്യചരിത്രങ്ങൾ. മലയാളസാഹിത്യചരിത്രാവബോധം സാമാന്യമായി കുട്ടികൾക്ക് ലഭിക്കാൻ വേണ്ടിയാണ് ഈ സാഹിത്യചരിത്രം വിഭാവനം ചെയ്തിരിക്കുന്നത്. അതുകൊണ്ടുതന്നെ വിദ്യാർത്ഥികൾക്ക് ഉപയുക്തമായരീതിയിലുള്ള ലളിതപ്രതിപാദനമാണ് ഇത്തരം സാഹിത്യചരിത്രങ്ങളുടെ സ്വഭാവം. ഒപ്പം സമഗ്രമായ ഉള്ളടക്കവും വർഷാനുക്രമമായ ചരിത്രവിവരണവും, കഥപറയുന്നരീതിയിലുള്ള സരസമായ ആഖ്യാനവും ഇത്തരം സാഹിത്യചരിത്രങ്ങൾ പിന്തുടരുന്നു. സാഹിത്യചരിത്രം കുട്ടികൾക്ക് ഡോ. അജിതൻ മേനോത്ത്, മലയാളസാഹിത്യചരിത്രം മുതിർന്നകുട്ടികൾക്ക് എഴുമറ്റൂർ രാജരാജവർമ്മ, മലയാളസാഹിത്യചരിത്രം വിദ്യാർത്ഥികൾക്ക് ഡോ. പ്രിൻസ് മോൻ ജോസ്, എന്നീ ഗ്രന്ഥങ്ങൾ കുട്ടികൾക്കുവേണ്ടി എഴുതപ്പെട്ടവയാണ്. അതുപോലെ തന്നെ

സാഹിത്യപ്രസ്ഥാനങ്ങളിൽ പ്രധാനപ്പെട്ടവയാണ് ബാലസാഹിത്യം. അനവധി കൃതികൾ ഈ ധാരയിലുണ്ടായിട്ടുണ്ട്. ഇവയുടെ ചരിത്രം അനാവരണം ചെയ്യുന്ന സാഹിത്യ ചരിത്രമാണ് ഡോ. പ്രഭാകരൻ പഴശ്ശിയുടെ ബാലസാഹിത്യം മലയാളത്തിൽ ഒരാമുഖം എന്ന കൃതി. ഡോ. കെ. ശ്രീകുമാറിന്റെ മലയാള ബാലസാഹിത്യചരിത്രം ഈ വിഭാഗത്തിൽ പെട്ട മറ്റൊരു സാഹിത്യചരിത്രമാണ്.

സാർവ്വത്രികസ്വഭാവമുള്ള പൊതുസംജ്ഞയാണ് സാഹിത്യം. ലോകത്ത് എത്രഭാഷ കളുണ്ടോ അത്രയും വൈവിധ്യമേറിയ സാഹിത്യമേഖലകൾ അവിടെ സംഗതമാണ്. ഓരോ ഭാഷയും അവയ്ക്കനുയോജ്യമായ ഭാഷാസംസ്കാരങ്ങളെയും വ്യവഹാരങ്ങളെയും രൂപപ്പെടുത്തുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്നുണ്ട്. ഇപ്രകാരമുള്ള അന്യഭാഷാ സാഹിത്യചക്രവാളത്തെ മലയാളികൾക്കു പരിചയപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ രചിക്കപ്പെട്ടവയാണ് അന്യഭാഷാസാഹിത്യചരിത്രങ്ങൾ. അറബിമലയാളസാഹിത്യചരിത്രം അബു. ഒ, ഹിന്ദിഭാഷാസാഹിത്യചരിത്രസംഗ്രഹം ഫാ. ദേവാനന്ദ് ചക്കുങ്ങൽ, തമിഴ് സാഹിത്യം ഡോ. കെ. എം. ജോർജ്ജ്, ഫ്രഞ്ച്സാഹിത്യചരിത്രം ഗോവിന്ദൻ മംഗലാട്ട്, ഹിന്ദിസാഹിത്യചരിത്രം തിരുവാർപ്പ്. എൻ. ആർ. പിള്ള, ഇംഗ്ലീഷ്സാഹിത്യചരിത്രം ഡോ. കെ. രാധ, ഹിന്ദിസാഹിത്യചരിത്രം ഡോ. സുധാംശു ചതുർവേദി, തമിഴ്സാഹിത്യ ചരിത്രം മു.വരദരാജൻ എന്നിവയെല്ലാം ഇത്തരം സാഹിത്യചരിത്രങ്ങൾക്ക് മാതൃക കളാണ്. അന്യഭാഷാസാഹിത്യചരിത്രങ്ങളുടെ രചനാരംഗത്തെ അതികായനാണ് കൃഷ്ണ ചൈതന്യ. ഈജിപ്ഷ്യൻ സാഹിത്യചരിത്രം, മെസൊപ്പൊട്ടോമിയൻ സാഹിത്യചരിത്രം, പില്ക്കാല ലത്തീൻസാഹിത്യചരിത്രം, റോമൻസാഹിത്യചരിത്രം, യഹൂദസാഹിത്യ ചരിത്രം, യവനസാഹിത്യചരിത്രം എന്നിങ്ങനെ ആറോളം സാഹിത്യചരിത്രങ്ങൾ അദ്ദേഹത്തിന്റെ സംഭാവനയാണ്.

സാഹിത്യത്തിന്റെ സ്വകീയമായ അനുഭവതലങ്ങൾക്കും, വ്യവഹാരമണ്ഡലങ്ങൾക്കും ഭാഷാതീതമായ മാനങ്ങളുണ്ട്. അവ ആഗോളവ്യാപകസ്വഭാവം പ്രകടിപ്പിക്കുന്നു. ഓരോ ഭാഷയിലും നിലനിൽക്കുന്ന സാഹിത്യപ്രവണതകളെ അടുത്തറിയാനും സാഹിത്യ കാരൻമാരെ അടുത്തറിയാനും പഠിതാക്കൾക്ക് ജിജ്ഞാസയുണ്ട്. ഈ താത്പര്യത്തെ തൃപ്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയും മലയാളസാഹിത്യചരിത്രത്തെ യൂറോപ്യർ ക്ക് പരിചയപ്പെടുത്തുന്നതിനുവേണ്ടിയും രചിക്കപ്പെട്ടവയാണ് ഇംഗ്ലീഷിലെഴുതിയ മലയാള സാഹിത്യചരിത്രങ്ങൾ. എ സർവ്വേ ഓഫ് മലയാളം ലിറ്ററേച്ചർ ഡോ. കെ. എം ജോർജ്ജ്, എ ഹിസ്റ്ററി ഓഫ് മലയാളം ലിറ്ററേച്ചർ കൃഷ്ണചൈതന്യ, എ ഷോർട്ട് ഹിസ്റ്ററി ഓഫ് മലയാളം ലിറ്ററേച്ചർ ഡോ. കെ. അയ്യപ്പപ്പണിക്കർ, എന്നീ കൃതികൾ ഇതിൽ പ്രധാന ങ്ങളാണ്.

സമ്പന്നവും വൈവിധ്യപൂർണവും, ഏറെ പൗരാണികവുമാണ് സംസ്കൃതസാഹിത്യം. ആര്യസംസ്കാരത്തിന്റെ പ്രൗഢിയും, മഹത്വവും അവ ഉൾക്കൊള്ളുന്നു. മലയാളത്തിലെ പല സാഹിത്യപ്രസ്ഥാനങ്ങളും സംസ്കൃതസ്വാധീനഫലമായി രൂപം കൊണ്ടിട്ടുള്ള വയാണ്. നിരവധി സംസ്കൃതപദങ്ങൾ തത്സമങ്ങളായും തത്ഭവങ്ങളായും മലയാളത്തി ലേക്ക് സ്വീകരിച്ചിട്ടുമുണ്ടുതാനും. ഇങ്ങനെ മലയാളവുമായി ഏറെ ബാന്ധവം പുലർത്തുന്ന

സംസ്കൃതസാഹിത്യത്തിന്റെ ചരിത്രം മലയാളത്തിൽ എഴുതപ്പെട്ടിട്ടുണ്ട്. സംസ്കൃതസാഹിത്യചരിത്രം കെ. സി. പിള്ള, സംസ്കൃതസാഹിത്യചരിത്രം കൃഷ്ണചൈതന്യ, കേരളീയസംസ്കൃതസാഹിത്യചരിത്രം വടക്കുംകൂർ രാജരാജവർമ്മ, സംസ്കൃതസാഹിത്യചരിത്രം ഡോ. കെ. കുഞ്ചുണ്ണിരാജാ, ഡോ. എം. എസ് മേനോൻ(എഡിറ്റർമാർ) എന്നിവ പ്രധാന സംസ്കൃതസാഹിത്യചരിത്രങ്ങളാണ്.

ആദ്യകാല സാഹിത്യചരിത്രങ്ങൾക്കെതിരെയുള്ള ഏറ്റവും വലിയ ആരോപണം അവർ ദളിത്, സ്ത്രീ എഴുത്തുകളെ തമസ്ക്കരിച്ചു എന്നുള്ളതാണ്. എന്നാൽ ഇന്ന് മുഖ്യധാരയിൽ നിന്ന് അകറ്റി നിർത്തപ്പെട്ട ഈ സാഹിത്യവിഭാഗങ്ങൾ പൊതുധാരയിലേക്കു കടന്നു വരുകയും, അവരുടെ ചരിത്രം വീണ്ടെടുക്കുകയും ചെയ്യുന്നു. ഇത് സാഹിത്യചരിത്ര രചനകളിലെ പുതുപ്രവണതകളായി അടയാളപ്പെടുത്താവുന്നതാണ്. ദളിത്സാഹിത്യം കവിയൂർ മുരളി, ദളിത് സാഹിത്യപ്രസ്ഥാനം കെ. സി. പുരുഷോത്തമൻ, മലയാളനാടക സ്ത്രീചരിത്രം സജിത മഠത്തിൽ എന്നിവയെല്ലാം പുതുവഴികളിലൂടെ ചരിച്ച സാഹിത്യചരിത്രങ്ങളാണ്. ഒപ്പം അമേരിക്കയിലെ മലയാളികളുടെ സാഹിത്യസപര്യകളും ചരിത്രമായി സംഗ്രഹിക്കപ്പെട്ടിട്ടുണ്ട്, ജോർജ് മണ്ണിക്കരോട്ടിന്റെ അമേരിക്കയിലെ മലയാളസാഹിത്യചരിത്രം ഇതിന് ഉദാഹരണമാണ്. കെ. കെ. ശിവദാസിന്റെ പ്രവാസം പ്രതിനിധാനവും സർഗ്ഗാത്മകതയും പ്രവാസപശ്ചാത്തലത്തിൽ രചിക്കപ്പെട്ട സാഹിത്യകൃതികളുടെ ചരിത്രം അവലോകനം ചെയ്യുന്നു. ഇങ്ങനെ വിവിധ വിഭാഗങ്ങളിലായി അനേകം സാഹിത്യചരിത്രങ്ങൾകൊണ്ട് സമ്പന്നമാണ് മലയാളസാഹിത്യം.

## ഉപസംഹാരം

ആദ്യകാലങ്ങളിൽ ചരിത്രവസ്തുതകളെ ആലേഖനം ചെയ്തുവയ്ക്കുന്ന പാരമ്പര്യം കേരളീയർക്ക് ഉണ്ടായിരുന്നില്ല. പാരമ്പര്യമായി ഓർമ്മകളിലൂടെ കൈമാറുന്ന വാമൊഴി പാരമ്പര്യത്തിലൂടെ സംരക്ഷിക്കപ്പെടുന്ന ചരിത്രമായിരുന്നു നമുക്കുണ്ടായിരുന്നത്. പുരാവൃത്തങ്ങളിലൂടെയും, ഐതിഹ്യങ്ങളിലൂടെയും ചരിത്രത്തിന്റെ ബഹുസ്വരസാധ്യതകളെ അവർ അടയാളപ്പെടുത്തി. പാശ്ചാത്യ ആധുനികതയുടെ രംഗപ്രവേശവും നവീനമായ വിദ്യാഭ്യാസക്രമവും പ്രാബല്യത്തിലായതോടെ ഭാവനാത്മകമായി വാമൊഴിയിലൂടെയുള്ള ചരിത്രാഖ്യാനരീതി പരിവർത്തനപ്പെട്ടു. പാശ്ചാത്യ ചരിത്രമെഴുത്തുരീതിയിൽ വസ്തുനിഷ്ഠമായ പുതിയ ചരിത്രരചനാരീതി ഇവിടെ ആരംഭിച്ചു. കടലാസും അച്ചടിയും കണ്ടുപിടിക്കപ്പെട്ടതോടെ ചരിത്രം ആലേഖനം ചെയ്ത് വയ്ക്കാനുള്ള സാധ്യതകൾ അനായാസമായി. ഓർമകളുടെ താളുകളുടെ പ്രസക്തി നഷ്ടപ്പെട്ടു. ഈ സാമൂഹിക വ്യതിയാനഘട്ടത്തിൽ ചരിത്രകൃതികൾ ധാരാളം ഇവിടെ രചിക്കപ്പെട്ടു. രാജ്യചരിത്രത്തോടൊപ്പം സാഹിത്യസംസ്കാരചരിത്രങ്ങൾക്കും പ്രസക്തിയുണ്ടെന്ന് ആളുകൾ ചിന്തിച്ചുതുടങ്ങിയ കാലഘട്ടം. അങ്ങനെ 1881 ൽ മലയാളത്തിലെ ആദ്യസാഹിത്യചരിത്രമായ മലയാളഭാഷാചരിത്രം രചിക്കപ്പെട്ടു. സമഗ്രസാഹിത്യചരിത്രങ്ങളുടെ സ്വഭാവമായിരുന്നു ഈ സാഹിത്യചരിത്രത്തിന് ഉണ്ടായിരുന്നത്. പിന്നീട് ധാരാളം സാഹിത്യചരിത്രങ്ങൾ ഇവിടെയുണ്ടായി.

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

സമഗ്രസാഹിത്യചരിത്രങ്ങൾക്ക് അതിവിസ്തൃതമായതും ഗഹനവുമായ വസ്തുവിവരണം അസാധ്യമായതിനാൽ ഒരു പ്രസ്ഥാനത്തെപ്പറ്റി അഗാധമായി വിശകലനം ചെയ്യാൻ പ്രാപ്തമായ വിധത്തിൽ പ്രസ്ഥാനാധിഷ്ഠിത സാഹിത്യചരിത്രങ്ങൾ ഇവിടെയുണ്ടായി. സവർണാധിപത്യം സാഹിത്യചരിത്രങ്ങളിൽ നിന്ന് ഒഴിവാക്കിയ സർഗാത്മകതയുടെ വസന്തങ്ങളെ പുതിയ സാഹിത്യചരിത്രങ്ങൾ മുഖ്യധാരയിലേക്ക് എത്തിച്ചതിന്റെ ഭാഗമായി ദളിത് സാഹിത്യചരിത്രങ്ങളും, സ്ത്രീസാഹിത്യചരിത്രങ്ങളും എഴുതപ്പെട്ടു. കുട്ടികൾക്ക് സാഹിത്യചരിത്രാവബോധം നല്കുകയെന്ന ലക്ഷ്യത്തോടെ കുട്ടികളുടെ സാഹിത്യചരിത്രങ്ങളും ഇവിടെ കടന്നു വന്നു. വായനയുടെ കൗതുകം ഭാഷാതീതമായി വളർന്നപ്പോൾ അന്യഭാഷകളുടെ സാഹിത്യവിഹായസിലേക്കും ചരിത്രകാരന്റെ കൗതുകം വളർന്നു. അങ്ങനെയാണ് അന്യഭാഷാസാഹിത്യചരിത്രങ്ങൾ ഇവിടെ ധാരാളം രചിക്കപ്പെട്ടത്. ചുരുക്കത്തിൽ സമ്പന്നമായ സാഹിത്യചരിത്രങ്ങളുടെ പാരമ്പര്യവും വർത്തമാനവും നമുക്കുണ്ടായത് ഇത്തരം പരിണാമങ്ങളിലൂടെയാണെന്ന് അനുമാനിക്കാവുന്നതാണ്.

## സഹായകഗ്രന്ഥങ്ങൾ

1. *ജോർജ്, കെ. എം. (ഡോ.) (എഡിറ്റർ), ആധുനിക മലയാളസാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, ഡി.സി. ബുക്സ്, കോട്ടയം, 1998.*
2. *ജോർജ്, കെ. എം. (ഡോ.) (എഡിറ്റർ), സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, സാഹിത്യപ്രവർത്തക സഹകരണ സംഘം, കോട്ടയം.*
3. *പരമേശ്വരൻ പിള്ള, എരുമേലി (പ്രൊഫ), മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ, കറന്റ് ബുക്സ്, കോട്ടയം, 1998.*
4. *രാമചന്ദ്രൻ നായർ, പന്മന (പ്രൊഫ., എഡിറ്റർ), സമ്പൂർണ്ണ മലയാളസാഹിത്യചരിത്രം, കറന്റ് ബുക്സ്, 2010.*
5. *തോമസ് സ്കറിയ. ഡോ, സാഹിത്യചരിത്രം, സിദ്ധാന്തം, സൗന്ദര്യം, രാഷ്ട്രീയം, മാക്സ് ബുക്സ്, കോട്ടയം, 2023*
6. *രാധാകൃഷ്ണൻ, പി. എസ്, സാഹിത്യചരിത്രവിജ്ഞാനീയം, സങ്കല്പം, സമീപനം സമകാലികത, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2023*
7. *തോമസ് സ്കറിയ.ഡോ,സാഹിത്യചരിത്രവിജ്ഞാനീയം അസെൻഡ് ബുക്സ്, കോട്ടയം, 2014*
8. *ശിവദാസ്, കെ. കെ., പ്രവാസം പ്രതിനിധാനവും സർഗ്ഗാത്മകതയും, ഇൻസൈറ്റ് പബ്ലിക്കേഷൻ, 2019*

# ക്രിസ്ത്യാനികളുടെ കലാപാരമ്പര്യങ്ങൾ വഴക്കവും പൊരുളും

**ഹർഷ സിറിയക്ക്**
ഗവേഷക വിദ്യാർത്ഥി, എം.ജി. കോളെജ്, തിരുവനന്തപുരം

**പ്രബന്ധസംഗ്രഹം**

കേരളത്തിലെ ക്രിസ്ത്യാനികളുടെ ഇടയിൽ പ്രചരിച്ചിരിക്കുന്ന നാടൻഗാനങ്ങളെക്കുറിച്ച് പഠിക്കുന്നത് ആ ജനവിഭാഗത്തിന്റെ സാംസ്കാരിക പഠനത്തിന് സഹായകമാണ്. കല്യാണപ്പാട്ടുകൾ, മാതൃഗീതങ്ങൾ, മാർഗ്ഗംകളിപ്പാട്ടുകൾ, റമ്പാൻപാട്ടുകൾ എന്നിങ്ങനെയുള്ള ക്രൈസ്തവഗീതങ്ങളിലെ ഘടകസമൃദ്ധികൾ എടുത്ത് ഫോക്‌ലോറിന്റെ മാനദണ്ഡങ്ങൾ അനുസരിച്ചുള്ള പഠനം നർവ്വഹിച്ചിരിക്കുന്നു.

***താക്കോൽവാക്കുകൾ:*** ക്രൈസ്തവഗീതങ്ങൾ, ആഘോഷപ്പാട്ടുകൾ, പള്ളിപ്പാട്ടുകൾ, കഥാഗാനങ്ങൾ, ബൈബിൾ കഥാഗാനങ്ങൾ, ജീവചരിത്ര ഗാനങ്ങൾ, പാണൻ പാട്ടുകൾ.

നാടോടിവിജ്ഞാനീയം അഥവാ ഫോക്‌ലോർ ഇന്ന് ഗൗരവമർഹിക്കുന്ന പഠനവിഷയമാണ്. കഴിഞ്ഞ നൂറ്റാണ്ടുവരെ ഫോക്‌ലോർ എന്നതുകൊണ്ട്, തലമുറകൾ കൈമാറിവരുന്ന വാമൊഴി എന്നുമാത്രമാണ് ഉദ്ദേശിക്കപ്പെട്ടിരുന്നത്. എന്നാലിന്ന് ജനകീയ കൂട്ടായ്മയുമായി ബന്ധപ്പെട്ട ഏത് നാട്ടറിവും ഫോക്‌ലോറിന്റെ പരിധിയിൽ വരുന്നു. നാടൻ സാഹിത്യത്തിന്റെ കൗതുകം എന്നതിലപ്പുറം വർത്തമാനകാലത്തെ ബാധിക്കുന്ന ബഹുതല സ്പർശിയായ 'വിജ്ഞാനീയ'മായി ഫോക്‌ലോർ വളർന്നിരിക്കുന്നു. ജനനം മുതൽ മരണം വരെയുള്ള മലയാളിയുടെ ജീവിതത്തിന്റെ പ്രധാന ഘടകങ്ങളെല്ലാം ചടങ്ങുകളോടും ആചാരങ്ങളോടും കെട്ടുപിണഞ്ഞാണ് കിടക്കുന്നത്. ഗ്രാമീണരിൽ മുതൽ നാഗരികരിൽ വരെ പാരമ്പര്യബോധമുണർത്തുന്ന ആചാരങ്ങളും വിശ്വാസങ്ങളും നിലനിൽക്കുന്നു.

കേരളത്തിലെ ക്രിസ്ത്യാനികളുടെ ഇടയിൽ പ്രചരിച്ചിരിക്കുന്ന നാടൻഗാനങ്ങളെക്കുറിച്ചും ആചാരവിശേഷങ്ങളെക്കുറിച്ചും പഠിക്കുന്നത് ആ ജനവിഭാഗത്തിന്റെ സാംസ്

കാരിക പഠനത്തിന് സഹായകമാണ്. കേരളത്തിലെ ക്രിസ്ത്യാനികളുടെ ഇടയിൽ പ്രചരിച്ചിട്ടുള്ള നാടോടിസാഹിത്യത്തിന് വേണ്ടത്ര ശ്രദ്ധ കിട്ടിയിട്ടില്ല. റമ്പാൻപാട്ട്, മാർഗ്ഗംകളിപ്പാട്ട്, കല്യാണപ്പാട്ടുകൾ, മറ്റ് നാട്ടറിവുകൾ എന്നിവയെക്കുറിച്ച് നാടോടി വിജ്ഞാനീയത്തിന്റെ അപഗ്രഥന സങ്കേതങ്ങൾ ഉപയോഗിച്ച് ഇവയുടെ കലാപരവും ചരിത്രപരവുമായ മൂല്യം നിർണ്ണയിക്കുവാൻ അധികംപേർ മുന്നോട്ട് വന്നിട്ടുമില്ല. 'മലയാള സാഹിത്യവും ക്രിസ്ത്യാനികളും' എന്ന കൃതിയിൽ ഡോ. പി.ജെ. തോമസ് ക്രൈസ്തവ ഗാനങ്ങളെക്കുറിച്ച് എഴുതിച്ചേർത്ത അദ്ധ്യായങ്ങൾ ക്രൈസ്തവ നാടോടിഗാനങ്ങളെ ക്കുറിച്ചുള്ള ആദ്യപഠനമാണെന്ന് പറയാം. 'ക്രിസ്ത്യൻ ഫോക്‌ലോർ', 'ക്രിസ്ത്യൻ ഫോക് സോംഗ്സ്', 'മാർഗ്ഗംകളി' എന്നീ കൃതികൾ രചിച്ച ചുമ്മാർ ചുണ്ടൽ ക്രിസ്ത്യാനികളുടെ പാട്ടുകളെക്കുറിച്ചും രംഗകലകളെക്കുറിച്ചും വിശദീകരിക്കുകയും വിലയിരുത്തുകയും അവയെ വർഗ്ഗീകരിക്കുകയും ചെയ്യുന്നുണ്ട്.

ക്രിസ്ത്യാനികളുടെ ഇടയിൽ പ്രചാരത്തിലുള്ള നാടൻപാട്ടുകൾ സമാഹരിച്ചത് കോട്ടയം സ്വദേശി പുത്തൻപുരയ്ക്കൽ ഉതുപ്പുലൂക്കോസാണ്. 1910ൽ കോട്ടയത്ത് നിന്ന് പ്രസിദ്ധീകരിച്ച 'മലയാളത്തിലെ സുറിയാനി ക്രിസ്ത്യാനികളുടെ പുരാതനപ്പാട്ടുകൾ' എന്ന കൃതിയാണ് ഈ രംഗത്തെ ആദ്യസംഭാവന. ഫാ. ബർണാദ് തോമ്മാ സി.എം.ഐ. യുടെ 'മാർതോമ്മാ ക്രിസ്ത്യാനികൾ' എന്ന കൃതിയിൽ 'റമ്പാൻപാട്ടുകൾ' ചേർത്തിട്ടുണ്ട്. ഈ കൃതി 1914ലാണ് വെളിച്ചം കാണുന്നത്.

വൈവിധ്യം കേരള ക്രിസ്തീയ സമൂഹത്തിന്റെ പ്രത്യേകതയാണ്. കുടിയേറിപ്പാർപ്പു കാരും വ്യാപാരികളും കൃഷിക്കാരും തദ്ദേശീയരുമടങ്ങുന്ന കേരളക്രിസ്ത്യാനികൾക്ക് ഏകോപിതവും സുദൃഢവുമായ ഒരു വീക്ഷണം വച്ചുപുലർത്താൻ കഴിഞ്ഞില്ല. എങ്കിലും കേരളീയ ആചാരങ്ങളും വിശ്വാസങ്ങളും അവരെ പൊതുവേ സ്വാധീനിക്കുന്നുണ്ട്. സാമ്പത്തികരംഗത്തും വൈജ്ഞാനികരംഗത്തും ബഹുദൂരം മുന്നേറാൻ ക്രൈസ്തവ സമൂഹത്തിന് സാധിച്ചു. എന്നാൽ ഈ നിലവാരം കലയിലും സാഹിത്യത്തിലും ക്രിസ്ത്യാനികൾ കാര്യമായി നേടിയില്ല. രണ്ടു കാരണത്താലാവാം ഇതു സംഭവിച്ചത്. ഒന്ന്: കേരളത്തനിമയേക്കാൾ വൈദേശിക മേൽക്കോയ്മയിലൂടെ ഊട്ടിയുറപ്പിച്ച വീക്ഷണ ത്തോടുണ്ടായ ആഭിമുഖ്യം ക്രൈസ്തവരുടെ കലാസാംസ്കാരിക പാരമ്പര്യത്തെ വേർ തിരിച്ച് നിർത്തി. രണ്ട്: ഉദയംപേരൂർ സുനഹദോസോടുകൂടി ഹൈന്ദവസമൂഹത്തിന്റെ കലാപാരമ്പര്യങ്ങൾ ക്രിസ്ത്യാനികൾക്ക് നിഷേധിക്കപ്പെട്ടു.

ഹിന്ദുത്വ ആശയസമ്പുഷ്ടങ്ങളായ അനുഷ്ഠാനപരവും അനുഷ്ഠാനേതരവുമായ കലകൾ ക്രൈസ്തവ സമൂഹത്തിന് അപ്രാപ്യമായിരുന്നു. കഥകളി, നൃത്തനാടക രൂപങ്ങൾ എന്നിവ കാണുന്നതുപോലും പാപഭീതിയോടെയായിരുന്നു. അതുകൊണ്ട് കേരളീയ സാമൂഹിക ജീവിതത്തിന്റെ എല്ലാ പ്രയോഗികതലങ്ങളുമായി ആദിമ ക്രൈസ്തവർ ഇണങ്ങി നിന്നപ്പോഴും കലകളിൽ അവർ ഹൈന്ദവ സ്വാധീനത്തോട് പിണങ്ങിനിന്നു. മോക്ഷപ്രാപ്തിക്ക് വിശുദ്ധഗ്രന്ഥവും വിശ്വാസ പ്രമാണങ്ങളും ഒറ്റമൂലികളാണെന്നുള്ള മതപഠന സ്വഭാവം മറ്റൊരു കാരണമായി.

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

ക്രിസ്ത്യാനികൾ പങ്കെടുക്കുന്നതും ക്രിസ്തുമാർഗ്ഗസംബന്ധിയായ പ്രതിപാദ്യങ്ങള ടങ്ങുന്നതും പരമ്പരാഗതവുമായ, കലകളെയും ഗാനങ്ങളെയുമാണ് ക്രൈസ്തവ കലകളായി വിവക്ഷിക്കുന്നത്. മാർഗ്ഗംകളി, പരിചമുട്ടുകളി, വട്ടക്കളി, ചവിട്ടുനാടകം എന്നിവയാണ് ക്രൈസ്തവരുടെ പുരാതനമായ കലകൾ. ചരിത്രപരമായിക്കൂടി പ്രാധാന്യമുള്ള പുരാതനപ്പാട്ടുകൾ അവരുടെ സാംസ്കാരിക പൈതൃകത്തെ വിശകലനം ചെയ്യാൻ വളരെ സഹായകരമാണ്. നാടൻഗീതങ്ങളും കഥാഗാനങ്ങളും ഉൾച്ചേർന്നിരിക്കുന്ന നാടൻപാട്ടുകളെ ആറായി വർഗ്ഗീകരിക്കാം.

1. ആഘോഷപ്പാട്ടുകൾ
2. കഥാഗാനങ്ങൾ
3. ബൈബിൾ കഥാഗാനങ്ങൾ
4. പള്ളിപ്പാട്ടുകൾ
5. ജീവചരിത്രഗാനങ്ങൾ
6. പാണൻപാട്ടുകൾ

**1. ആഘോഷപ്പാട്ടുകൾ**

ക്രിസ്ത്യാനികൾ അവരുടെ വിവാഹത്തോടനുബന്ധിച്ചുള്ള ചടങ്ങുകൾക്കും മറ്റ് ആഘോഷങ്ങൾക്കും വേണ്ടി പാടാറുള്ള പാട്ടുകളാണിവ. പെൺപാട്ടുകൾ, ആൺപാട്ടുകൾ, വട്ടക്കളിപ്പാട്ടുകൾ എന്ന് പാട്ടുകളെ തരംതിരിക്കാം. ക്നാനായ ക്രിസ്ത്യാനികളുടെ ഇടയിൽ പ്രചരിച്ചിട്ടുള്ള പാട്ടുകളധികവും ഇത്തരം ആഘോഷപ്പാട്ടുകളാണ്. കേരളത്തിലെ ക്രിസ്ത്യാനികളുടെ സാമൂഹികവും സാംസ്കാരികവുമായ ജീവിതത്തെ പ്രതിപാദിക്കുന്നവയാണ് ഈ ഗാനങ്ങൾ.

**2. കഥാഗാനങ്ങൾ**

ക്രൈസ്തവജനതയുടെയും സഭയുടെയും ചരിത്രത്തിലേക്ക് വെളിച്ചം വീശുന്ന പാട്ടുകളാണിവ. മാർഗ്ഗംകളിപ്പാട്ട്, റമ്പാൻപാട്ട്, അണ്ണാവിപ്പാട്ടുകൾ എന്നിവ ഈ വിഭാഗത്തിൽപ്പെടുന്നു.

***മാർഗ്ഗം കളിപ്പാട്ട്***

ക്രൈസ്തവഗാനങ്ങളിൽ ഏറ്റവും പ്രസക്തമെന്ന് ഭാഷാചരിത്രകാരന്മാർ അംഗീകരിക്കുന്ന ഗാനമാണ് മാർഗ്ഗംകളിപ്പാട്ട്. ക്രിസ്ത്യാനികൾ വിവാഹാവസരങ്ങളിലും തിരുനാളുകളിലും നടത്തുന്ന പ്രധാന കലാപരിപാടികളായിരുന്നു മാർഗ്ഗംകളിയും പരിചമുട്ടുകളിയും. ഇതിൽ മാർഗ്ഗംകളിക്കുവേണ്ടിയുള്ള പാട്ടുകളെയാണ് മാർഗ്ഗംകളിപ്പാട്ട് എന്ന് വിളിക്കുന്നത്. കൊളുത്തിയ നിലവിളക്കിനു ചുറ്റും, തലയിൽ മയിൽപ്പീലി തിരുകിയ പന്ത്രണ്ടു പേർ പാട്ടിനനുസരിച്ച് താളാത്മകമായി കൈകാലുകൾ ചലിപ്പിച്ച് കളിക്കുന്നതാണ് മാർഗ്ഗംകളി. ഉള്ളൂർ എഴുതുന്നു; "സംഘക്കളിയുടെ ഒരനുകരണമാണ് മാർഗ്ഗംകളി എന്നതിനു

ഗവൺമെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

സംശയമില്ല. സുറിയാനിക്രിസ്ത്യാനികളുടെ കായികശക്തിക്കും മാനസികവിനോദത്തിനും പ്രസ്തുതഗാനം പ്രയോജകീഭവിച്ചിരിക്കുന്നു എന്നുള്ളതിന് പക്ഷാന്തരമുണ്ടാവാനും മാർഗ്ഗമില്ല."[1] മാർഗ്ഗംകളിയുടെ ആവിർഭാവത്തെപ്പറ്റി മറ്റൊരഭിപ്രായമുണ്ട്. ആദിമക്രിസ്ത്യാനികൾ കളരിയിൽ ആയുധപരിശീലനം നേടിയിരുന്നവരാണ്. ഡോ. ജേക്കബ് വെള്ളിയാൻ എഴുതുന്നു; "അങ്ങനെ കളരികളിൽ നിന്നും അഭ്യസനം നേടിയ ക്രൈസ്തവർ കൂത്തും കൂടിയാട്ടവും പോലെയുള്ള ഒരു കലാകേളി തങ്ങൾക്കും വേണമെന്ന് ആഗ്രഹിക്കുക സ്വാഭാവികമാണല്ലോ. പുരാണകഥകൾക്ക് പകരം അവർക്ക് മറ്റൊരു ക്രൈസ്തവ കഥ വേണ്ടിയിരുന്നു. മെസോപൊട്ടേമിയയിൽ നിന്നുവന്ന ക്നാനായ ക്രിസ്ത്യാനികൾ തങ്ങൾക്ക് യോജിച്ച ഒരു കഥ കണ്ടെത്തി."[2]

കേരളീയമായ സാഹചര്യത്തിനനുസരിച്ച് ക്രിസ്ത്യാനികൾ ആടാനും പാടാനും ഒരുക്കിയെടുത്ത കലാരൂപമാണ് മാർഗ്ഗംകളി. മാർത്തോമ്മായുടെ നടപടി (Acta Sanetic Thomae) എന്ന സുറിയാനിഗ്രന്ഥത്തിലെ പ്രതിപാദ്യമാണ് മാർഗ്ഗംകളിപ്പാട്ടിലെ ഇതിവൃത്തമെന്ന് പൊതുവെ കരുതപ്പെടുന്നു. പാരമ്പര്യത്തെ ആധാരമാക്കിയുള്ള ഈ കൃതി ഒരു പ്രാമാണികഗ്രന്ഥമല്ല. ഡോ. വെള്ളിയാന്റെ അഭിപ്രായത്തിൽ, "രണ്ടു കൃതികളുടെ സമ്മോഹനസമ്മേളനമാണ് മാർഗ്ഗംകളിപ്പാട്ടിൽ കാണപ്പെടുന്നത്. ഒന്ന്, മൂന്നാം നൂറ്റാണ്ടിൽ സുറിയാനിയിൽ വിരചിതമായ മാർത്തോമ്മായുടെ നടപടികൾ. മറ്റൊന്ന് സെറൂഹിലെ മാർ ജേക്കബിന്റെ തോമ്മാശ്ലീഹായെപ്പറ്റിയുള്ള മൂന്ന് പ്രഭാഷണങ്ങൾ."[3]

സെന്റ് തോമസിന്റെ കേരളത്തിലേക്കുള്ള വരവും ക്രിസ്തുമാർഗ്ഗ പ്രചാരണവുമാണ് ഈ പാട്ടിലെ ഇതിവൃത്തം. മൈലാപ്പൂരിലെ ചിന്നമലയിലെ കാളീക്ഷേത്രത്തിൽ വച്ച് തോമാശ്ലീഹാ വധിക്കപ്പെടുന്നതോടുകൂടി കഥ അവസാനിക്കുന്നു. വ്യത്യസ്ത വൃത്തങ്ങളിലായി പതിനാല് പാദങ്ങളാണ് ഈ പാട്ടിലുള്ളത്. 366 വരികളുള്ള ഈ പാട്ട് ആദ്യന്തം താളാത്മകമാണ്. ഈ താളാത്മകത നൃത്തത്തിന്റെ ചുവടുവയ്പ്പുകൾക്ക് ഇണങ്ങുന്നതുമാണ്. മാർഗ്ഗംകളിപ്പാട്ട് തമിഴ്മയമായിട്ടാണ് ആരംഭിക്കുന്നതെങ്കിലും ക്രമേണ തമിഴ് സ്വാധീനം കുറയുന്നതായി കാണാം.

*"<u>മെയ്ക്കണിന്ത</u> പീലിയും മയിൽമേൽ <u>തോന്റും</u> മേനിയും*
*<u>പിടിത്ത</u> ദണ്ഡും കയ്യും മെയ്യും എന്നന്നേയ്ക്കും വാഴ്കവെ*
*വാഴ്ക വാഴ്ക നമ്മുടെ പരിഷയെല്ലാം ഭൂമിമേൽ*
*വഴിക്കൂറായ് നടക്കവേണ്ടി <u>വന്തവരോ</u> നാമെല്ലാം."[4]*

അടിവരയിട്ട പ്രയോഗങ്ങൾ തമിഴ് പ്രയോഗങ്ങളാണെന്നുള്ളത് വ്യക്തമാണല്ലോ. ദ്രാവിഡ വൃത്തങ്ങളിലാണ് പാട്ട് രചിക്കപ്പെട്ടിട്ടുള്ളത്. വൃത്തനിയമങ്ങൾ പാലിക്കപ്പെടാത്തിടത്ത് പ്രത്യേകതാളം കടന്നുവരുന്നു. ചടുലമായ താളംകൊണ്ട് ചിലഭാഗങ്ങൾ ആവേശഭരിതമാകുന്നുണ്ട്.

*"മാണിക്കക്കല്ലായ മാർഗ്ഗം*
*നാളിൽ നാളിൽ തെളിയുന്നു.*
*മാറ്ററ്റുള നിവ്യാളന്മാർ*
*മെല്ലെമെല്ലെ ചവളുന്നു"[5]*

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

തോമാശ്ലീഹായുടെ അന്ത്യരംഗം ചിത്രീകരിക്കുന്ന ഭാഗം അത്യന്തം ഹൃദയസ്പർശിയായി ചിത്രീകരിക്കുന്നു.

> "*മനഗുണമുടയവനരുളാൽ വാനവർ*
> *മഹിമയൊടെത്തിയണഞ്ഞുടനെ*
> *മറുതല ഞൊറികെടുമതിനൊരു തേരതിൽ*
> *മംഗലമായവർ പൂകിച്ചേ*
> *കൈകൊണ്ടവരൊരു ഞൊടിയളവാൽ*
> *ചെന്നറിയിച്ചവർ ചിന്നമലയ്ക്കെ*
> *കരുണയൊടതുവഴി ചൊൽവതിനഴകാൽ*
> *അങ്ങുമിങ്ങുമനസ്സിതു പരിചേ*"[6]

ശ്ലീഹാ, മാമ്മോദീസാ, മഹോസ, മാറാൻ, മാലാഖ, റൂഹാ, മിശിഹാ എന്നീ സുറിയാനി പദങ്ങളും കുരിശ് തുടങ്ങിയ പോർച്ചുഗീസ് പദങ്ങളും ഈ പാട്ടിൽ കാണാം. സുറിയാനി ക്രിസ്ത്യാനികളുടെ ഇടയിൽ, പ്രത്യേകിച്ച് ക്നാനായ ക്രിസ്ത്യനികളുടെ ഇടയിൽ പ്രചുരപ്രചാരം നേടിയ മാർഗ്ഗംകളിപ്പാട്ട് ലത്തീൻകത്തോലിക്കർ ഉൾപ്പടെയുള്ള മറ്റ് ക്രിസ്ത്യൻ വിഭാഗങ്ങളെ സ്വാധീനിച്ചിട്ടില്ല എന്നത് ശ്രദ്ധേയമാണ്.

***റമ്പാൻ പാട്ട്***

സുറിയാനി ക്രിസ്ത്യാനികളുടെ ഇടയിൽ തലമുറകളായി പാടിവരുന്ന മറ്റൊരു പാട്ടാണ് റമ്പാൻപാട്ട്. തോമാശ്ലീഹായുടെ കേരളപ്രവേശനവും മതപ്രചാരണവും തന്നെയാണ് ഈ പാട്ടിന്റെയും പ്രതിപാദ്യം. ഫാ. ബർണാദ് തോമ്മാ എഴുതുന്നു; "തോമശ്ലീഹാ ദക്ഷിണ ഇന്ത്യയിൽ വന്നതും പള്ളികൾ സ്ഥാപിച്ചതും ബ്രാഹ്മണാദ്യുൽകൃഷ്ട വർണ്ണങ്ങളിൽ നിന്ന് അനവധി ആളുകളെ ക്രിസ്തുമതത്തിൽ ചേർത്തതും വിശിഷ്യാ കൊടുങ്ങല്ലൂരും മൈലാപ്പൂരും ഉണ്ടായിരുന്ന രാജാക്കന്മാരെ മാനസാന്തരപ്പെടുത്തിയും ഒടുവിൽ മൈലാപ്പൂരിൽ വച്ച് രക്തസാക്ഷിയായി മരിച്ചതും എതാവതാ അനേക സംഗതികളെ പ്രാചീനന്മാരായ സുറിയാനിക്കാർ അവിടവിടെ ഗ്രന്ഥവരിയായി എഴുതിസൂക്ഷിച്ചിട്ടുണ്ടായിരുന്നു. അവയെയാണ് അതുവരെയുള്ള കാലങ്ങളിൽ തദനുയായികൾ പാട്ടുകളാക്കി പാടിക്കൊണ്ട് വന്നിരുന്നത്."[7]

കേരളത്തിലെ ക്രൈസ്തവ മതത്തിന്റെ ചരിത്രം പ്രതിപാദിക്കുന്ന ഈ പാട്ട് തലമുറകളായി ചൊല്ലിപ്പോന്നതാണ്. അതിന്റെ ഇപ്പോഴത്തെ രൂപത്തിനുതന്നെ നാലു നൂറ്റാണ്ടിന്റെ പഴക്കമുണ്ട്. മാർത്തോമ്മാ ശ്ലീഹായിൽ നിന്നും ജ്ഞാനസ്നാനം സ്വീകരിച്ച മാളിയേക്കൽ തോമാറമ്പാൻ രചിക്കുകയും അദ്ദേഹത്തിന്റെ താവഴിയിൽപ്പെട്ട നാല്പത്തിയെട്ടാമത്തെ അനന്തരവനായ മറ്റൊരു തോമാറമ്പാൻ 1601ൽ പരിഷ്കരിക്കുകയും ചെയ്തതെന്ന് പാട്ടിൽതന്നെ സൂചനയുണ്ട്.

> "*വമ്പൊടു തോമ്മാ ഹെന്ദൊമതൊക്കെയിൽ*
> *മാർഗ്ഗം നൾകിയ വൃത്താന്തം*
> *അമ്പാൽ മാളിയേക്കൽ രണ്ടാം തോമ്മാ,*

*റമ്പാൻ ചെയ്തൊരു ചരിതമതിൽ*
*വിരിവുകൾ മാറ്റീട്ടെളുതായീവിധ*
*മെളിയവരറിവാൻ പാടിയൊരു*
*വിരുതുകൾ കുറയും നാല്പത്തെട്ടാം*
*അയാളുടെ പിതൃവാം തോമ്മാമേൽ*
*ശക്തിനിറഞ്ഞോൻ തോമ്മാശ്ലീഹാ*
*നന്മകൾ ചെയ്താനീ ചരിതം"*[8]

എന്നാൽ ഇപ്പോൾ ലഭിച്ചിരുന്ന റമ്പാൻ പാട്ടിന്റെ പാഠത്തിലെ ഭാഷയ്ക്ക് രണ്ടു നൂറ്റാണ്ടിലേറെ പഴക്കമില്ല. ഭാഷയെ അടിസ്ഥാനപ്പെടുത്തിയുള്ള കാലനിർണ്ണയം നാടോടിപ്പാട്ടുകൾക്ക് യോജിക്കുന്നതല്ല. പരമ്പരയായി ചൊല്ലിപ്പോന്ന പാട്ടിലെ പ്രചാരം കുറഞ്ഞ പദങ്ങൾ മാറ്റി കൂടുതൽ പ്രചാരമുള്ള പദങ്ങൾ ചേർക്കുന്ന രീതി അവലംബിച്ചതാവണം കാരണം. ആശയപരമായ മാറ്റങ്ങളും റമ്പാൻ പാട്ടിൽ വന്നിട്ടുണ്ടെന്നുവേണം കരുതാൻ. എ.ഡി. ആദ്യനൂറ്റാണ്ടിൽ ഉൾക്കൊള്ളാൻ കഴിയാതിരുന്ന പല ആശയങ്ങളും അതിലുണ്ടെന്ന് വ്യക്തമാണ്. പോർച്ചുഗീസുകാരുടെ വരവിനുശേഷം അവരിൽ നിന്നും ക്രൈസ്തവരുടെ ഇടയിൽ പ്രചാരത്തിലായ പല ആശയങ്ങളും റമ്പാൻ പാട്ടിൽ സ്ഥലം പിടിച്ചിട്ടുണ്ട്.

*"അറിവിൽ കുറവാം രാജ്യങ്ങൾക്കായ്*
*വാങ്ങും വരെയും താൻ ചെയ്ത*
*അരുമകളേറും പുതുമകളെത്ര*
*പെരുമയിലുള്ളവയാകുന്നു"*[9]

നാടൻ പാട്ടുകളുടെ കൂട്ടിച്ചേർക്കലും പരിണാമവും ഈ പാട്ടിൽ വളരെയേറെ കാണുന്നുണ്ട്. അതുകൊണ്ട് റമ്പാൻപാട്ട് ചരിത്രരേഖ എന്നതിനെക്കാൾ ജനതയുടെ വൈകാരികാംശം മുറ്റിനിൽക്കുന്ന ഗാനമായിട്ടാണ് പരിഗണനയർഹിക്കുന്നത്. അതിശയോക്തികളും സ്വാഭിപ്രായങ്ങളും നിറഞ്ഞുനിൽക്കുന്ന ഈ പാട്ട് കേരളജനതയുടെ ഹൃദയത്തിൽ നല്ല വേരോട്ടം ലഭിച്ച പരമ്പരാഗത വിശ്വാസങ്ങളുടെ പ്രചോദനമായി പാടിവന്നവയാണ്.

### ***അണ്ണാവിപ്പാട്ടുകൾ***

കൊച്ചിയുടെ തീരപ്രദേശങ്ങളിലുള്ള ക്രിസ്ത്യാനികളുടെ ഇടയിൽ പ്രചാരത്തിലിരുന്ന പാട്ടുകളാണ് അണ്ണാവിപ്പാട്ടുകൾ. പരിചമുട്ടുകളിക്ക് ഈ പാട്ടുകൾ പാടുന്നു. ടി.എം. ചുമ്മാർ 'വീരപത്നി' എന്ന പാട്ടിലെ ഒരു ഭാഗം ഉദ്ധരിക്കുന്നത് ഇവിടെ ചേർക്കുന്നു.

*"കർത്തനെ! കാരുണ്യരൂപനെ, നീ കനി*
*ഞ്ഞീടേണമെങ്കിലിന്നായവണ്ണം*
*നാടിനെ, വീടിനെ, പെൺകൊടിയെ വിട്ടു*
*നാട്ടരശർക്കു ഞാൻ സേവചെയ്‌വാൻകർത്തനെ*
*ജീവനെ നിങ്കൽ ഞാൻ കാഴ്ചവച്ചു*
*വാളും വട്ടവുമിന്നിതാ കയ്യിലേന്തി*

*പോർക്കളം നോക്കി നടന്നിടുമ്പോൾ*
*തിരിച്ചൊറ്റ നോട്ടത്തിനിടയുമില്ലെ കർത്തനെ*
*ജീവന്റെ ജീവനെൻ പെൺവയറ്റിൽ*
*അതു ജീവികൾക്കംബികേ കാത്തുകൊൾക"*[10]

വീരം, കരുണം തുടങ്ങിയ രസങ്ങൾ പ്രതിഫലിപ്പിക്കുന്നതും പരമ്പരയാ പാടി വരുന്നതുമായ പാട്ടുകൾ എന്ന നിലയിൽ അണ്ണാവിപ്പാട്ടുകൾ ശ്രദ്ധേയമാണ്. അണ്ണാവിമാർ എന്നു പറഞ്ഞുവരുന്ന നാട്ടാശാന്മാരാണ് ഈ പാട്ടിന്റെ പ്രചാരകന്മാർ.

**3. ബൈബിൾ കഥാഗാനങ്ങൾ**

ബൈബിൾ കഥകൾ പാട്ടുകളായി പാടിവരുന്നത് ക്രിസ്ത്യാനികളുടെ പതിവായിരുന്നു. ആദത്തിന്റെ വട്ടക്കളി, പൂർവ്വയൗസേപ്പിന്റെ വട്ടക്കളി, മൂശയുടെ വട്ടക്കളി, ചെറിയ തോബിയാസിന്റെ വട്ടക്കളി, യൗനാൻ നിവ്യായുടെ പാട്ട്, മാർ യോഹന്നാൻ മാംദാനയുടെ പാട്ട്, കന്നിഉമ്മായുടെ പാട്ട് എന്നീ പാട്ടുകളൊക്കെ ബൈബിൾ കഥകൾ ആസ്പദമാക്കിയുള്ളവയാണ്. ഇവയൊക്കെ വട്ടക്കളിക്ക് ഉപയോഗിച്ചിരുന്നു. താളാത്മകമായി ചുവടുവച്ച്, വട്ടത്തിൽ നിന്നുള്ളകളിയാണ് വട്ടക്കളി. ഋജുവായി കഥപറഞ്ഞുപോകുന്ന രീതി. താളത്തിന്റെ മുറുക്കം പാടാൻ ഇമ്പമുള്ളതാക്കുന്നു. പാദങ്ങൾ മാറുന്നതനുസരിച്ച് താളവും മാറുന്നു. അത് അന്തരീക്ഷ സൃഷ്ടിക്കും സഹായകമാകുന്നു.

ചെറിയ തോബിയാസിന്റെ പാട്ട് തോബിത്തിന്റെ പുത്രൻ തോബിയാസും റഹുവേലിന്റെ പുത്രി സാറായും തമ്മിലുള്ള വിവാഹമാണ് പ്രതിപാദിക്കുന്നത്. ബൈബിൾകഥയുടെ സ്വതന്ത്ര പുനരാഖ്യാനമാണ് ഈ പാട്ട്. കേരളീയമായ അന്തരീക്ഷത്തിൽ നടക്കുന്നതു പോലെയാണ് വിവാഹാഘോഷങ്ങൾ വർണ്ണിക്കപ്പെടുന്നത്.

*"കാദാളമോദാള കുക്കുടവൃന്ദവും*
*ശർക്കര തേങ്ങാകളെത്ര മേൽ ചൊല്ലിടാ*
*കോരിക കൊട്ടകളെത്ര നൂറായിരം*
*താലത്തിൽ പാതിയും ശുദ്ധവെള്ളികളാൽ*
*എണ്ണ വെളിച്ചെണ്ണ ചുണ്ണാമ്പുകുറ്റിയും*
*നല്ല കിടാരവും ചെമ്പുകൾ, വാർപ്പുകൾ*
*ആട്ടുൻ കല്ലരകല്ലും തിരികല്ലും*
*അറ്റമില്ലാതെയുരലുമുലക്കയും*
*ചന്തമേറുന്ന കുറിക്കാൽ കുരണ്ടിയും"*[11]

ബൈബിൾ അനുഭവങ്ങൾ വർണ്ണിക്കപ്പെടുന്നതിൽ കേരളീയമായ വർണ്ണ്യവസ്തുക്കൾ ഉപയോഗിക്കുന്ന ഈ പാട്ടുകളിൽ കവിത്വത്തിന്റെ ശക്തി കാണാവുന്നതാണ്. വിശ്വാസത്തിന്റെ യോജിപ്പും, ആഘോഷങ്ങളുടെ ഐക്യവും വൈകാരികമായ ബന്ധങ്ങളും നിലനിർത്താൻ ഉപയുക്തമായ ഈ പാട്ടുകൾ. ആ കാലഘട്ടത്തിലെ ജനതയുടെ സാംസ്കാരികമായ ഐക്യത്തിന് നിദാനമായി. ഔപചാരിക വിദ്യാഭ്യാസമില്ലാതിരുന്ന കാലത്ത് ഉൽപത്തി മുതൽ വെളിപാടുവരെയുള്ള ബൈബിൾ വിജ്ഞാനം പകർന്നുകൊടുക്കാൻ ഈ പാട്ടുകൾ വഹിച്ച പങ്ക് നിസ്സാരമല്ല.

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

**4. പള്ളിപ്പാട്ടുകൾ**

കേരളത്തിൽ സ്ഥാപിക്കപ്പെട്ട പഴയ പള്ളികളെക്കുറിച്ചുള്ള പാട്ടുകൾ നിലവിലുണ്ട്. കടുത്തുരുത്തി വലിയപള്ളിയുടെ പാട്ട്, കടുത്തുരുത്തി വലിയപള്ളിയുടെ കുരിശിന്റെ പാട്ട് എന്നിങ്ങനെ ഇരുപത്തേഴ് പള്ളികളെക്കുറിച്ചുള്ള പാട്ടുകൾ 'മലയാളത്തിലെ സുറിയാനി ക്രിസ്ത്യാനികളുടെ പുരാതനപ്പാട്ടുകൾ' എന്ന ഗ്രന്ഥത്തിൽ സമാഹരിച്ചിട്ടുണ്ട്. പോർച്ചുഗീസ് കാലഘട്ടത്തിൽ പുതുക്കി പണിതതും പിന്നീട് പുതുതായി നിർമ്മിച്ചതുമായ പള്ളികളുടെ ചരിത്രം മാത്രമേ ഇന്ന് ലഭ്യമായിട്ടുള്ളൂ. പഴയ പള്ളികളുടെ ചരിത്രം മുഴുവനും പള്ളിപ്പാട്ടുകളിലാണ് പ്രതിപാദിച്ചിട്ടുള്ളത്. പള്ളിപ്പാട്ടുകളിൽ അതിശയോക്തി കലർന്നിട്ടുണ്ടെങ്കിലും ധാരാളം ചരിത്രസൂചനകളുണ്ട്. പുരാതന ക്രൈസ്തവ കുടുംബങ്ങളെക്കുറിച്ചുള്ള പരാമർശങ്ങൾ അനവധിയാണ്. ദേവാലയ നിർമ്മിതിക്ക് സ്ഥലം കൊടുത്തിട്ടുള്ള കുടുംബക്കാരെയും ദേവസ്വം അധികാരികളെയും കുറിച്ചുള്ള വർണ്ണനകൾ കാണാം. ഈ പാട്ടുകൾക്ക് കാവുകളിലെ പാട്ടുകൾ പ്രേരകമായിരുന്നിരിക്കണം. ഡോ. ചുമ്മാർ ചൂണ്ടൽ എഴുതുന്നു; "ഇത്തരം പാട്ടുകൾ രചിക്കാനുള്ള പ്രചോദനം ക്രിസ്ത്യാനികൾക്കുണ്ടായത് കാവുകളിലെ പാട്ടുകളിൽ നിന്നായിരിക്കണം. കേരളത്തിലെ ഒട്ടുമുക്കാലും ഭഗവതിക്കാവുകളോട് ബന്ധപ്പെട്ട് അനേകം കലകളും പാട്ടുകളും പ്രചാരത്തിലുണ്ടായിരുന്നല്ലോ. കാവിലെ ഉത്സവത്തിനും വേലയ്ക്കും പൂരത്തിനും കലാപ്രകടനങ്ങളും മറ്റും അവതരിപ്പിക്കുമ്പോൾ പാട്ടുകൾ കെട്ടിച്ചമച്ച് പാടുക പതിവായിരുന്നു. 'ഐവർകളി'യിൽ ആ പാരമ്പര്യം കാണുന്നുണ്ട്. കളി തുടങ്ങുമ്പോഴും അവസാനിക്കുമ്പോഴും ആ കാവിലെ പരദേവതയെ സ്തുതിച്ചു പാടാറുണ്ട്."[12]

മാർഗ്ഗംകളിയുടെ ഇടയിലും, വിവാഹാഘോഷാവസരങ്ങളിലും പള്ളിപ്പാട്ടുകളിലെ ചില ഭാഗങ്ങൾ പാടി നൃത്തം ചവിട്ടുന്നത് സാധാരണമായിരുന്നു. പുന്നത്തുറ പ്രദേശക്കാർ വിവാഹാവസരങ്ങളിൽ പുന്നത്തുറ പള്ളിയുടെ പഴയപാട്ട് ആവർത്തിച്ച് പാടുന്നത് ഇപ്പോഴും ഒരനുഷ്ഠാനം പോലെ സ്വീകരിക്കുന്നത് കാണാം.

*"അമ്പിനോടെ ബാവാ തന്റെ മനോഗണമതിനാലേ*
*ഇമ്പമോടെ വസിച്ചീടും പുന്നത്തറയിൽമെയ്യെ*
*ഇമ്പമോടെ വസിച്ചീടും മുമ്പനായ മാർത്തോമ്മാനെ*
*അമ്പിനോടെ ഞങ്ങളിതാ കുമ്പിട്ടീടുന്നു മെയ്യെ"*[13]

ഇങ്ങനെ സംഘമായി പാടുകയും താളം ചവിട്ടുകയും ചെയ്യുന്നിടത്താണ് പള്ളിപ്പാട്ടുകൾ ഫോക്‌ലോറായി പരിഗണിക്കുന്നത്. ഒരു പ്രദേശത്തുള്ളവരുടെ, ഒരു നാട്ടുകാരുടെ മനസ്സ് ഏകീകരിക്കപ്പെടാനുള്ള പൊതു ഘടകമായി ഇത്തരം പാട്ടുകൾ പ്രവർത്തിക്കുന്നു.

**5. ജീവചരിത്രഗാനങ്ങൾ**

വിശുദ്ധൻമാർ, മെത്രാൻമാർ, മാല്പാൻമാർ, അല്മായ നേതാക്കന്മാർ എന്നിവരുടെ ജീവിതത്തെയും പ്രവർത്തനങ്ങളെയും കുറിച്ച് പ്രദിപാദിക്കുന്ന ഗാനങ്ങളുണ്ട്. മാർ ഗീവറുഗീസ് സഹദായുടെ ചിന്ത്, തച്ചിൽ മാത്തുത്തരകനെക്കുറിച്ചുള്ള പാട്ട്, മാർ അബ്രഹാം മെത്രാന്റെ പാട്ട് എന്നിവയൊക്കെ ഈ ഗണത്തിൽപ്പെടുന്നവയാണ്. മലങ്കര

നസ്രാണികളുടെ മെത്രാപ്പൊലീത്തയായി അങ്കമാലിയിൽ പ്രവർത്തിച്ചിരുന്ന, 1597ൽ അന്തരിച്ച, മാർ അബ്രാഹം എന്ന സുറിയാനി മെത്രാന്റെ ജീവചരിത്രമാണ് മാർ അബ്രഹാം മെത്രാന്റെ പാട്ട്. പതിന്നാല് പാദങ്ങളിലായി അബ്രഹാം മെത്രാന്റെ ചരിത്രം സവിസ്തരം ഈ പാട്ടിൽ പ്രതിപാദിക്കുന്നു. പറങ്കികളുടെ ഉപദ്രവത്തിൽ നിന്നും മാർ അബ്രാഹാമിനെ ഒരു കയ്മൾ രക്ഷിക്കുന്ന ഭാഗം.

*"പൊന്നിൻ നിറവവുടയോൻ മന്നൻ രാജഗുരു*
*മന്നനായ്നമെ വാഴും വീരൻ വന്നു കാണൻ*
*പൊല്ലാപ്പറുങ്കി ചെയ്തൊരെല്ലാക്കരുമയെല്ലാം*
*ചൊല്ലിക്കേട്ടു മന്നൻ തൻ കുലയെ നിലനിറുത്തി*
*പൊല്ലാപ്പറുങ്കികളോ വല്ലാവിനതൊടുക്കിൽ*
*കൊല്ലാക്കുല ചെയ്യാതെ കുറുപ്പം കയ്മൾ ശരണമെന്നും"*[14]

വർത്തകപ്രമാണിയായിരുന്ന തയ്യിൽ മാത്തുത്തരകന്റെ കഥയും പാട്ടായി പ്രചാരത്തിലുണ്ട്. വീരരസപ്രധാനമായ ഇത്തരം കഥകൾ പാടി ആസ്വദിക്കുക അടുത്തകാലം വരെ ക്രിസ്ത്യാനികളുടെ ഇടയിൽ പതിവായിരുന്നു.

**6. പാണൻപാട്ട്**

"പാണന്മാർ ക്രിസ്ത്യാനികളുടെ ചരിത്രം പാടിനടക്കുന്ന പതിവുണ്ടായിരുന്നു. മാർതോമ്മാക്രിസ്ത്യാനികളുടെ പദവികളെക്കുറിച്ചുള്ള "വീരടിയാൻ പാട്ട്' പരമ്പരാഗതമായി ആലപിച്ചുവന്നിരുന്നു."[15] ചങ്ങനാശ്ശേരിയിലെ വാഴപ്പള്ളി വീരടിയാന്മാർ വീടുകൾ തോറും കയറിയിറങ്ങി ഈ ഗാനം ആലപിച്ചിരുന്നതായി ഡോ. സ്കറിയ സക്കറിയ ചൂണ്ടിക്കാട്ടുന്നു.

ക്രിസ്ത്യാനികളുടെ, പ്രത്യേകിച്ച് ക്നാനായ ക്രിസ്ത്യാനികളുടെ വിവാഹാവസരങ്ങളിൽ പാണന്മാർ വന്ന് പാട്ടുകൾ പാടാറുണ്ട്. ഡോ. പി.ജെ. തോമസ് രേഖപ്പെടുത്തുന്നു; "ചില ദിക്കുകളിലെ നസ്രാണികളുടെ എടയിൽ കല്യാണദിവസം 'പാണൻ വരവ് ' എന്നൊരു ചടങ്ങുകൂടിയുണ്ട്. കല്യാണം കെട്ടിക്കയറി അതിഥികൾ വിരുന്നിനിരിക്കുമ്പോൾ വീരടിയാൻ എന്നും പാണൻ എന്നും പേരുള്ള ജാതിയിലെ ഒരുത്തൻ പെട്ടെന്ന് പ്രത്യക്ഷനായി ശക്തിയേറിയ ഒരു സ്വരമുണ്ടാക്കി നസ്രാണികളുടെ പദവികളെ കീർത്തിച്ച് ഒരു പാട്ടുപാടാറുണ്ട്. കോട്ടയത്തിന് വടക്കോട്ടുള്ള ദിക്കുകളിൽ ഇന്നും ഈ ആചാരം നിലച്ചിട്ടില്ല"[16]

*"ചേരാം പെരുമാൾ തമ്പുരാനുമേ*
*ക്നായ് നല്ല തൊമ്മച്ചനുമേ*
*അവർ തമ്മിളിൽ വാണിരുന്ന*
*കാലമിപ്പോൾ പാടുന്നല്ലോ"*[17]

എന്നിങ്ങനെ ആരംഭിക്കുന്ന പാട്ട് ആശാരി, മൂശാരി, കൊല്ലൻ, തട്ടാൻ എന്നീ നായ്ക്കുടി പരിഷകൾ ഈഴത്തു നാട്ടിലേക്ക് ഓടിപ്പോയ കഥയിലേയ്ക്ക് കടക്കുന്നു. ക്നാനായ

ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

ക്കാരുടെ ഇടയിലുള്ള പരമ്പരാഗതമായ വിശ്വാസത്തിന് ഉപോൽബലകമായിട്ടുള്ളതാണ് പാണൻപാട്ടിലെ പ്രതിപാദ്യം. വിവാഹാവസരത്തിലും കർക്കിടകമാസത്തിലും പാടി നടക്കുന്ന പാണൻ ഇതൊരവകാശമായി കരുതുന്നു.

ചരിത്രാഖ്യാനവും ബൈബിൾ പ്രബോധനവും മുഖ്യലക്ഷ്യമാക്കി തലമുറകൾ കൈമാറിവന്നിട്ടുള്ള ഈ ഗീതങ്ങൾ ക്രൈസ്തവ ജനതയുടെ സാംസ്കാരിക ഉറവകളാണ്. സമൂഹത്തിൽ അവരുടെ സജീവസാന്നിദ്ധ്യം വ്യക്തമാക്കാൻ പര്യാപ്തമാണ് ഈ പാട്ടുകൾ. സംഘാത ജീവിതത്തിന്റെ ഐക്യം ഉറപ്പിക്കാൻ ക്രൈസ്തവർ കണ്ടെത്തിയ ഏറ്റവും വലിയ ഉപാധികൾ വിശ്വാസവും ആരാധനയുമാണ്. അതിന് അടിത്തറയായി നിന്നതാവട്ടെ അവരുടെ പാട്ടുകളും.

## കുറിപ്പുകൾ


1. *പരമേശ്വര അയ്യർ, എസ്. ഉള്ളൂർ; കേരള സാഹിത്യ ചരിത്രം, കേരള സർവ്വകലാശാല, തിരുവനന്തപുരം, 1974, പുറം: 695,*
2. *ജേക്കബ് വെള്ളിയാൻ, ഡോ., കുര്യൻ വേമ്പേനി എസ്., തനിമയുടെ മധുഗീതി മാർഗ്ഗംകളിപ്പാട്ട്, കറന്റ് ബുക്സ്, കോട്ടയം, 1995, പുറം: 75.*
3. *അതേപുസ്തകം, പുറം: 45.*
4. *ജേക്കബ് വെള്ളിയാൻ, ഡോ. (എഡി.), മാർഗ്ഗംകളി, അഖിലഭാരത ക്രൈസ്തവ രംഗകലാകേന്ദ്രം, കോട്ടയം, പുറം: 4*
5. *അതേപുസ്തകം, പുറം: 13.*
6. *അതേപുസ്തകം, പുറം: 14.*
7. *ബർണാദ് തോമ്മാ, ഫാ., മാർത്തോമ്മാ ക്രിസ്ത്യാനികൾ, പെല്ലിശ്ശേരി പബ്ലിക്കേഷൻസ്, കോട്ടയം, 1992, പുറം: 98.*
8. *ബാബു തോമസ്, ക്നാനായക്കാരുടെ കല്യാണപ്പാട്ടുകൾ വഴക്കവും പൊരുളും, ജ്യോതി ബുക്ക് ഹൗസ് കോട്ടയം, 2001, പുറം: 38.*
9. *അതേപുസ്തകം, പുറം: 38.*
10. *ചുമ്മാർ, ടി.എം., പദ്യസാഹിത്യചരിത്രം, നാഷ്ണൽ ബുക്സ്റ്റാൾ, കോട്ടയം, 1984, പുറം: 101.*
11. *ലൂക്കോസ്, പി.യൂ. (സമ്പാ.), മലയാളത്തിലെ സുറിയാനി ക്രിസ്ത്യാനികളുടെ പുരാതനപ്പാട്ടുകൾ, ജ്യോതി ബുക് ഹൗസ്, കോട്ടയം, 1978, പുറം: 93*
12. *ജേക്കബ് വെള്ളിയാൻ, ഡോ., കുര്യൻ വേമ്പേനി എസ്., തനിമയുടെ മധുഗീതി മാർഗ്ഗംകളിപ്പാട്ട്, കറന്റ് ബുക്സ്, കോട്ടയം, 1995, പുറം: 81.*
13. *ലൂക്കോസ്, പി.യൂ. (സമ്പാ.), മലയാളത്തിലെ സുറിയാനി ക്രിസ്ത്യാനികളുടെ പുരാതനപ്പാട്ടുകൾ, ജ്യോതി ബുക് ഹൗസ്, കോട്ടയം, 1978, പുറം: 80*
14. *അതേപുസ്തകം, പുറം: 175.*
15. *സ്കറിയ സക്കറിയ (എഡി.), ഉദയംപേരൂർ സൂനഹദോസിന്റെ കാനോനകൾ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്രിസ്ത്യൻ സ്റ്റഡീസ്, ഇടമറ്റം, 1994, പുറം: 197.*


ഗവണ്മെന്റ്കോളേജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

16. *തോമസ് പി.ജെ., മലായള സാഹിത്യവും ക്രിസ്ത്യാനികളും, നാഷണൽ ബുക്സ്റ്റാൾ, കോട്ടയം, 1989, പുറം: 62.*
17. *ലൂക്കോസ്, പി.യു. (സമ്പാ.), മലയാളത്തിലെ സുറിയാനി ക്രിസ്ത്യാനികളുടെ പുരാതനപ്പാട്ടുകൾ, ജ്യോതി ബുക്ക് ഹൗസ്, കോട്ടയം, 1978, പുറം: 197.*

## ആധാരസൂചി

1. *ചുമ്മാർ, ടി. എം., പദ്യസാഹിത്യചരിത്രം, നാഷണൽ ബുക്സ്റ്റാൾ, കോട്ടയം, 1984.*
2. *ജേക്കബ് വെള്ളിയാൻ, ഡോ., കുര്യൻ വേമ്പേനി എസ്., തനിമയുടെ മധുഗീതി മാർഗ്ഗംകളിപ്പാട്ട്, കറന്റ് ബുക്സ്, കോട്ടയം, 1995.*
3. *ജേക്കബ് വെള്ളിയാൻ, ഡോ. (എഡി.), മാർഗ്ഗംകളി, അഖിലഗാരത ക്രൈസ്തവരംഗ കലാകേന്ദ്രം, കോട്ടയം.*
4. *തോമസ്, പി. ജെ., മലയാളസാഹിത്യവും ക്രിസ്ത്യാനികളും, നാഷണൽ ബുക്സ്റ്റാൾ, കോട്ടയം, 1989.*
5. *പരമേശ്വരഅയ്യർ, എസ്. ഉള്ളൂർ, കേരളസാഹിത്യചരിത്രം, കേരളസർവ്വകലാശാല, തിരുവനന്തപുരം, 1914.*
6. *ബാബു തോമസ്, ക്നാനായക്കാരുടെ കല്യാണപ്പാട്ടുകൾ വഴക്കവും പൊരുളും, ജ്യോതി ബുക്സ്, കോട്ടയം, 2001.*
7. *ബർണാദ് തോമ്മാ, ഫാ., മാർത്തോമ്മാ ക്രിസ്ത്യാനികൾ, പെല്ലിശ്ശേരി പബ്ലിക്കേഷൻസ്, കോട്ടയം, 1992.*
8. *ലൂക്കോസ്, പി. യു. (സമ്പാ.), മലയാളത്തിലെ സുറിയാനി ക്രിസ്ത്യാനികളുടെ പുരാതനപ്പാട്ടുകൾ, ജ്യോതി ബുക്സ്, കോട്ടയം, 1978.*
9. *സ്കറിയ സക്കറിയ (എഡി.), ഉദയംപേരൂർ സൂനഹദോസിന്റെ കാനോനകൾ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്രിസ്ത്യൻ സ്റ്റഡീസ്, ഇടമറ്റം, 1994*